# സാഹിത്യകേദാരം

മലയാളം അർദ്ധവാർഷിക റിസർച്ച് ജേണൽ
ആഗസ്റ്റ് 2024 – ജനുവരി 2025
വാല്യം 1 ലക്കം 5

മലയാളവിഭാഗം
ഗവണ്മെന്റ് കോളജ് നെടുമങ്ങാട്
തിരുവനന്തപുരം
കേരളം 695 541

ISSN: 2584-1181

Registered with The Registrar of
Newspapers for India
**No. KERMAL/2022/85177**

CC BY
creative commons

*Printed, published and edited by*
**Dr. Alex L**, on behalf of
THE HEAD OF THE POST GRADUATE DEPARTMENT OF MALAYALAM, GOVERNMENT COLLEGE NEDUMANGAD, THIRUVANANTHAPURAM, KERALA and printed at ab Communication & Color Systems Pvt. Ltd., T.C.25/3230 (2), Vanchiyoor, Thiruvananthapuram- 695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram-695541, Kerala.

**Editor : Dr. Alex L**
Ph. 9447961070, email: gcnmalayalam@gmail.com



ISSN: 2584-1181

GOVERNMENT COLLEGE NEDUMANGADU
ESTD in 1981

# സാഹിത്യകേദാരം

## SAHITHYA KEDARAM

MALAYALAM HALF YEARLY
A Peer Reviewed Research Journal
Vol. No. 01 Issue No. 05, August 2024 to January 2025

മലയാളം റിസർച്ച് ജേണൽ
മലയാളവിഭാഗം
ഗവൺമെന്റ് കോളജ് നെടുമങ്ങാട്
ആഗസ്റ്റ് 2024 ജനുവരി 2025 വാല്യം 1 ലക്കം 5

# സാഹിത്യകേദാരം

മലയാളം റിസർച്ച് ജേണൽ

ആഗസ്റ്റ് 2024 - ജനുവരി 2025

വാല്യം 1  ലക്കം 5

മലയാളവിഭാഗം
ഗവണ്മെന്റ് കോളെജ് നെടുമങ്ങാട്
തിരുവനന്തപുരം, കേരളം - 695541

**Sahithya Kedaram**
A peer reviewed research journal of language, literature and culture
Malayalam Half Yearly

*Published in India by*
The Head of the Post Graduate Department of Malayalam,
Government College Nedumangad
Nedumangad P.O.
Thiruvananthapuram District
Kerala, India. PIN 695541
Email: gcnmalayalam@gmail.com
https://gcn.ac.in/sahithya-kedaram/

*Volume No.1, Issue No.5*
August, 2024 to January, 2025

Registered with The Registrar of Newspapers for India
No.KERMAL/2022/85177

ISSN: 2584-1181

*Type setting, Cover Design and printing at:*
ab Communication & Color Systems Private Ltd,
Vanchiyoor, Thiruvananthapuram
Ph: 0471 -2471174

*Typeset using* ISM fonts

Annual Subscription ₹ 500/-

Printed and published by Dr.Alex L, on behalf of The Head of the Post Graduate Department of Malayalam, Government College, Nedumangad, Thiruvananthapuram, and printed at ab Communications & Color Systems Pvt. Ltd.,T.C.25/3230 (2), Vanchiyoor, Thiruvananthapuram-695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram, Kerala-695541.
Editor Dr. Alex L

*Chief Editor:*

Dr. Alex L
Professor & Head
Post Graduate Department of Malayalam, Govt. College Nedumangad
Email:alexl@gcn.ac.in

*Issue Editor:*

Dr. Beena K
Assistant Professor
PG & Research Department of Malayalam
Government College Nedumangad
Email: beenak@gcn.ac.in

*Editorial Board:*

Dr. Beenakrishnan S K
Professor
PG & Research Department of Malayalam
Government College Nedumangad
Email: beenakrishnan@gcn.ac.in

Dr. Sreeja J S
Assistant Professor
PG & Research Department of Malayalam
Government College Nedumangad
Email: sreejajs@gcn.ac.in

Smt. Saleena S
Asst. Professor
PG & Research Dept. of Malayalam
Government College Nedumangad
Email: saleenas@gcn.ac.in

Dr.M. Ramachandran Pillai
Asst. Professor, PG
Research Dept. of Malayalam
Government College Nedumangad
Email: ramchandranpillai@gcn.ac.in

*Advisory Board:*

Dr. P K Rajasekharan
Literary Critic and Cultural Historian

Dr. C R Prasad
Professor
Dept. of Malayalam
University of Kerala

Sri. V J James
Writer

Dr. K M Venugopal
Asst. Editor
Bhashaposhini
Malayala Manorama

Sri. S R Lal
Editorial Assistant
Grandhalokam

Dr. R B Sreekala
Professor & Head
Oriental Research Institute & Manuscript Library
University of Kerala

*Reviewed by:*

Dr. Dominic J Kattoor
Professor (Rtd)
Kattoor Veedu, Pidaram
Perukavu P.O
Thiruvananthapuram.

Dr. Dharmarajan S S
Associate Professor (Rtd.)
Nilavu, Paluvally P.O, Pacha
Thiruvananthapuram.

Dr. Ajayakumar G
Associate Professor, Department of Malayalam
University College
Thiruvananthapuram.

Dr. Pramodkumar D N
Associate Professor, Department of Malayalam
Govt. Arts & Science College, Pathirippala

You are free to:

Share — copy and redistribute the material in any medium or format

Adapt — remix, transform, and build upon the ma-terial for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, pro-vide a link to the license, and indicate if changes were made. You may do so in any reasonable manner, butnot in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrictothers from doing anything the license permits.

Notices:

You do not have to comply with the license for ele-ments of the material in the public domain or where your use is permitted by an applicable exception orlimitation.

No warranties are given. The license may not give you all of the permissions necessary for your intended use.For example, other rights such as publicity, privacy, ormoral rights may limit how you use the material.

## സാഹിത്യകേദാരം

### മലയാളം റിസർച്ച് ജേണൽ

നെടുമങ്ങാട് ഗവണ്മെന്റ് കോളെജ്
മലയാള ബിരുദാനന്തര ബിരുദ ഗവേഷണ വിഭാഗം
2022 ആഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേണലാണ് സാഹിത്യകേദാരം.

ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ നൂതനാശയങ്ങൾ പരിചയപ്പെടുത്തുന്നതും വിശകലനം ചെയ്യുന്നതുമായ മൗലികരചനകളും അക്കാദമികമായി മികവു പുലർത്തുന്ന പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ രൂപകല്പന ചെയ്തിട്ടുള്ളതും ആഗസ്റ്റ്–ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേണലിന്റെ പകർപ്പവകാശം സ്വതന്ത്രമാണ്. ഗവേഷകർക്കും കോളെജ് അദ്ധ്യാപകർക്കും ഗവേഷണാത്മകമായ ലേഖനങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധപ്പെടുത്തുവാൻ സാഹിത്യകേദാരം അവസരമൊരുക്കുന്നു.

സാഹിത്യകേദാരത്തിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്നവർ പ്രബന്ധങ്ങൾ Word formatൽ പത്തുപുറത്തിൽ കവിയാതെ തയ്യാറാക്കി, സോഫ്റ്റ്കോപ്പി അയക്കുക. പ്രബന്ധങ്ങൾ MLA, APA തുടങ്ങിയ അംഗീകൃത രീതിശാസ്ത്ര പദ്ധതികൾ പ്രകാരം തയ്യാറാക്കേണ്ടതാണ്.

**അയക്കേണ്ട വിലാസം:**

gcnmalayalam@gmail.com
thadathilalex@gmail.com

**എഡിറ്റർ**
സാഹിത്യകേദാരം
മലയാളബിരുദാനന്തരബിരുദ ഗവേഷണവിഭാഗം
ഗവണ്മെന്റ് കോളെജ് നെടുമങ്ങാട്
തിരുവനന്തപുരം 695 541
ഫോൺ – 9447961070

# ആമുഖം

സമകാലികസാഹിത്യം വൈവിധ്യം, നവീകരണം, പുതിയ രൂപപ്രമേയങ്ങളുടെ അന്വേഷണം എന്നിവയാൽ വ്യത്യസ്തഭാവുകത്വത്തിന്റെ അടരുകൾ അടയാളപ്പെടുത്തുകയാണ്. പല സമകാലിക കൃതികളും വ്യവസ്ഥാപരമായ വംശീയത, കൊളോണിയലിസം, ലിംഗ അസമത്വങ്ങൾ, പാരിസ്ഥിതിക പ്രതിസന്ധികൾ തുടങ്ങിയവ പ്രമേയമാക്കുന്നു. സ്വത്വം, കാലാവസ്ഥാവ്യതിയാനം, സാമൂഹികനീതി, സാങ്കേതികവിദ്യയുടെ സ്വാധീനം തുടങ്ങിയ സമകാലിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന സാമൂഹിക രാഷ്ട്രീയ കാലാവസ്ഥ പ്രതിരോധസാഹിത്യത്തിന്റെ ഒരു തരംഗം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഡിജിറ്റൽ യുഗം സാഹിത്യത്തിന്റെ അതിരുകൾ വികസിപ്പിച്ചിരിക്കുന്നു. സാങ്കേതികവിദ്യ (സംവേദനാത്മക ഫിക്ഷൻ മുതൽ അൽഗോരിതങ്ങളിലൂടെ രൂപപ്പെടുത്തിയ കവിത വരെ) കഥകൾ പറയുന്ന രീതിയെ മാറ്റുന്നു. പാശ്ചാത്യേതരസാഹിത്യം പാശ്ചാത്യ ആധിപത്യമുള്ള ആഖ്യാനങ്ങളെ വെല്ലുവിളിച്ച് ആഗോളസാഹിത്യഭൂപ്രകൃതിയെ സ്വാധീനിക്കുന്നു. എഴുത്തുകാർ അവരുടെ വ്യക്തിപരമായ അനുഭവങ്ങളും കഥപറച്ചിലുകളും തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാക്കിക്കൊണ്ട്, ആത്മപരിശോധനാവിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ലോകത്തിന്റെ സമകാലിക ഉത്കണ്ഠകളെയും പ്രതീക്ഷകളെയും പ്രതിഫലിപ്പിക്കുന്നു.

ജീവിതത്തെ സ്പർശിക്കുന്നതെന്തോ, അതാണ് കല. ജീവിതത്തെ സ്പർശിക്കുക എന്നാൽ ജീവിതയാഥാർത്ഥ്യങ്ങളുടെ മറ നീക്കുക എന്നു കൂടിയാണ്. ഈ ലോകത്തോട് അനിവാര്യമായി എന്തോ പറയുവാനുണ്ട് എന്ന തീർച്ചപ്പെടലിലാണ് ഒരു സർഗാത്മക വ്യാപാരം സാധ്യമാവുക. പറയേണ്ട പ്രമേയത്തെ കലാപരമായി നിർമ്മിച്ച് ലോകത്തിനു നൽകുക എന്നതാണ് അവിടെ നടക്കുക. ജീവിതത്തിന്റെ യാഥാർഥ്യത്തെ എത്രത്തോളം സത്യസന്ധമായി ആവിഷ്കരിച്ചിരിക്കുന്നു എന്നതിനനുസരിച്ചാണ് കൃതി ചരിത്രപരവും സാമൂഹ്യവുമായ പ്രസക്തി കൈവരിക്കുന്നത്.

ബൃഹദാഖ്യാനത്തിന്റെയും ഹ്രസ്വാഖ്യാനത്തിന്റെയും ചട്ടക്കൂടുകളെ ഒരേസമയം സ്വീകരിക്കുകയും നിരസിക്കുകയും ചെയ്യുന്ന വോളട്ടയിൽ ആഖ്യാനത്തിന്റെ (Volatile Narratives) സവിശേഷതയെ ഉൾക്കൊണ്ടുള്ള ഒരു ശരീരഘടന പുതിയ എഴുത്ത് ലോകം മുന്നോട്ടുവയ്ക്കുന്നുണ്ട്. ചരിത്രം/ യാഥാർത്ഥ്യം, ഭാവന / യാഥാർത്ഥ്യം, മിത്ത് /ചരിത്രം, അപസർപ്പകാഖ്യാനം / പ്രാദേശിക ചരിത്രം, വംശം / നാടോടിക്കഥ, ലിംഗ വ്യവസ്ഥ അതിന്റെ പ്രതിരോധങ്ങൾ, സ്വത്വസ്ഥാപനീയതകൾ എന്നിങ്ങനെ ആഖ്യാനത്തിന്

സവിശേഷ അർത്ഥസ്വീകരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സമകാലികതയിൽ എഴുത്തു മാത്രമല്ല വായനയും ഇന്ന് ഗൗരവമായ നിർമ്മാണസങ്കേതമാണ്. ഏകരൂപമായ ഒരു കഥാപാത്രത്തിന്റെ സമസ്തസുഖങ്ങളോ ജീവിത പ്രതിസന്ധികളോ ആഖ്യാനം ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്ന ഒരു ലോകമല്ല സാഹിത്യവും ചലച്ചിത്രവും ചിത്രകലയുമൊക്കെ മുന്നോട്ടുവയ്ക്കുന്നത്. മറിച്ച് ചരിത്രത്തിന്റെ, വംശത്തിന്റെ, പ്രദേശത്തിന്റെ പാരമ്പര്യ പ്രതിസന്ധികളുടെ, അവകാശങ്ങളുടെ, സമ്പത്തിന്റെ, രോഗങ്ങളുടെ, ദുരന്തങ്ങളുടെ ഒരു തുടർ ആഖ്യാനം മുന്നോട്ടുവെച്ചുകൊണ്ടാണ് ഇന്നത്തെ കല അതിന്റെ ക്ലൈമാക്സിലേക്ക് വന്നു നിൽക്കുന്നത്. മുൻസൂചിപ്പിച്ചതുപോലെ പറഞ്ഞുതീർക്കുകയല്ല, ഒരു അർദ്ധവിരാമം ഇട്ടുകൊണ്ട് പറഞ്ഞതിന്റെ ബാക്കി പ്രേക്ഷകന്/വായനക്കാരന് മാത്രമായി നൽകുന്ന, അവനെ കാത്തിരിപ്പിക്കുന്ന എഴുത്തുരീതിയാണ് ഇന്ന് പാഠത്തിലൂടെ പലപ്പോഴും നിർവഹിക്കപ്പെടുന്നത്.

ചലച്ചിത്രങ്ങളുടെ ആഖ്യാനങ്ങളും പുതു നോവലുകളും ഇത്തരത്തിലുള്ള ഒരു ആഖ്യാന ദിശാസൂചിക ആകുന്നുണ്ട്. കാസർഗോഡിന്റെ ട്രൈബൽ കാവ്യരൂപങ്ങളും ഇടുക്കിയുടെയും ഇരിട്ടിയുടെയും മലയോര ജീവിതഭാഷയും ഒരു തുടർ വ്യവഹാര രൂപമായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. 'എവിടെയായിരുന്നു ഇത്രയും നാൾ' എന്ന് ചോദിക്കും വിധം ജീവിതസ്പർശത്തിന്റെ കാഴ്ചകൾ കൊണ്ട് നമ്മെ ഇത്തരം ആഖ്യാന ങ്ങൾ അത്ഭുതപ്പെടുത്തുന്നു. മറന്നുപോയതും വീണ്ടെടുക്കപ്പെടുന്നതും മറച്ചുവെച്ചതും മറനീക്കി വരുന്നതുമായ ജീവിതലോകങ്ങൾ ഇന്ന് ഭാഷാസാഹിത്യം ഏറ്റെടുക്കുന്നുണ്ട്. അത് ഒരർത്ഥത്തിൽ നമ്മുടെ സംസ്കാരത്തിന്റെ ബലിഷ്ഠമായ പുനർവായനകൂടിയാണ്. ആ രീതിയിൽ തീർച്ചയായും നിശ്ചയിക്കപ്പെട്ടിട്ടുള്ള ജ്ഞാനസ്രോതസ്സുകളെ മുൻനിർത്തി മാത്രമല്ല ചരിത്രം, അനുഭവയാഥാർത്ഥ്യം എന്നിവ സംഘർഷപ്പെട്ടുകൊണ്ട് ജീവിതം തന്നെ ഒരു പ്രത്യയശാസ്ത്രമായും ഒരു പുന:പരിശോധനാസാംഗത്യത്തിന്റെ ജ്ഞാന മണ്ഡലത്തിൽ വെച്ചുകൊണ്ടുമാണ് സംസ്കാരപഠനം എന്ന നിലയിൽ പല കൃതികളെയും സാഹിത്യകേദാരം സമീപിച്ചിട്ടുള്ളത്. വിജ്ഞാനത്തിന്റെ പൂർവ്വ നിശ്ചിത കണ്ണികളിൽ പെട്ടുപോകാതെ അതിനെ പൊട്ടിച്ചുകൊണ്ട് പുതിയ മനുഷ്യവ്യവഹാരരൂപങ്ങളെ നിർണയിച്ച് നിർമ്മിക്കുക എന്ന ക്രിയാത്മക വിശകലനം ജേർണൽ ഏറ്റെടുത്തിട്ടുണ്ട്. ഒരു പുതുരീതി അവലംബിച്ചു എന്ന ക്രിയ ഒരു തുടർദൗത്യമായി വായനക്കാരന് നൽകുവാനുള്ള ബോധശ്രമം ഇതിന്റെ പിന്നിലുണ്ട്. ഭാഷ, സാഹിത്യം, സംസ്കാരം എന്നീ ആശയസംവാദകള്ളികളിൽ നിന്നുകൊണ്ടുതന്നെ വാസ്തവത്തിൽ ചരിത്രപരവും സമകാലികവുമായ മനുഷ്യജീവിതത്തെ റദ്ദ് ചെയ്യാതെ സമഗ്രമായി അതിനെ വായിച്ചെടുക്കുക എന്ന ദൗത്യമാണ് ഈ ലക്കത്തിലൂടെ സാധ്യമാക്കിയിരിക്കുന്നത്.

സാഹിത്യകേദാരത്തിന്റെ ഈ ലക്കത്തിനു പിന്നിൽ നിരവധി പേരുടെ സഹകരണ മുണ്ട്. ഈ ലക്കം പിയർ റിവ്യൂ നടത്തിയ ഡോ. ഡൊമനിക് ജെ കാട്ടൂർ, ഡോ. ധർമ്മരാജൻ എസ്. എസ്, ഡോ. അജയകുമാർ ജി, ഡോ. പ്രമോദ്കുമാർ ഡി. എൻ എന്നിവർ, പ്രബന്ധങ്ങൾ നൽകിയവർ, എല്ലാവർക്കും നന്ദി... സംവാദാത്മകമായ ഇടപെടലിനും വായനാനുഭവ അടയാളപ്പെടുത്തലുകൾക്കുമായി ഗവേഷണലോകത്തിനു മുന്നിൽ ഈ ലക്കം സമർപ്പിക്കുന്നു.

**ഡോ. അലക്സ്. എൽ.**
**എഡിറ്റർ**

## ഉള്ളടക്കം


1. **സുഗതകുമാരി: പരിസ്ഥിതി ആക്ടിവിസത്തിന്റെ കാവ്യവഴികൾ** **11**
ഡോ. ആർ. ചന്ദ്രബോസ്

2. **സാഹിതീയ ചികിത്സാശാസ്ത്രവും തെറാപ്യൂട്ടിക്ക് ഭാവനയും: കാവ്യഭാവുകത്വത്തെ മുൻനിർത്തി ഒരു പഠനം** **29**
അന്ന മരിയ ജോസഫ്

3. **അവതാരികകൾ: സാഹിത്യചരിത്രത്തിലെ ദിശാസൂചികകൾ** **40**
ഡോ. എം. രാമചന്ദ്രൻപിള്ള

4. **വിജ്ഞാനസമൂഹവും മലയാളത്തിലെ സമാന്തര പുസ്തകപ്രകാശനവും** **53**
ഡോ. കെ.പി. രവിചന്ദ്രൻ

5. **ആണെഴുത്തിലെ സ്ത്രീപക്ഷം- തെരഞ്ഞെടുത്ത കഥകളെ ആസ്പദമാക്കിയുള്ള പഠനം** **65**
ഡോ. കെ. റഹിം, ഡോ. സജീവ്കുമാർ എസ്.

6. **കരിമീനിന്റെ ഹൃദയം തുന്നിപ്പിടിപ്പിച്ച മനുഷ്യർ: സ്വത്വസംഘർഷവും അതിജീവനവും റാം C/o ആനന്ദിയിൽ** **72**
ഡോ. സൂസന്ന പി ദാസ്

7. **ശാസ്ത്രവിജ്ഞാനപ്രചരണവും ആദ്യകാല പത്രമാസികകളും** **84**
ഡോ. സരിത കെ.ആർ

8. **മാപ്പിളകലകളുടെ പ്രത്യയശാസ്ത്രപരിസരം** **93**
ഡോ. മൻസൂറലി ടി

9. **പ്രകൃത്യനുഭവത്തിന്റെ അറിവടയാളങ്ങൾ: ബഷീർ കൃതികൾ മുൻനിർത്തിയുള്ള പഠനം** **99**
ഡോ. ദീപ എസ്.എസ്

10. **ശില്പദൃഢതയുള്ള അരപ്പട്ട** **107**
ഡോ. സേതുലക്ഷ്മി എം.എസ്

11. **ചരിത്രവും സാമൂഹിക വിമർശനവും: വി. ഷിനിലാലിന്റെ സമ്പർക്കക്രാന്തി മുൻനിർത്തിയുള്ള പഠനം** **113**
ഡോ. രഞ്ജു രവി

12. **വിവർത്തനചരിത്രത്തിലെ പെണ്ണടയാളങ്ങൾ** **120**
ഡോ. മേരി റീമ

13. **കേസരി എ ബാലകൃഷ്ണപിള്ള- ചരിത്രത്തിന്റെ ഇന്ധനവും ജീവിതാർത്ഥങ്ങളും** **128**
ഡോ. ലക്ഷ്മി. എസ്.

14. **മലബാറിലെ മാപ്പിള സംസ്കാരരൂപീകരണം: കോഴിക്കോടിന്റെ ചരിത്രപശ്ചാത്തലത്തിൽ** **136**
ആരിഫ എഫ്.കെ, ഡോ. ഹസ്ക്കറലി ഇ.സി

15. **ദുരന്തനായകത്വം: സി.ജെ.യുടെ ദാവീദിലും സി എന്നിന്റെ രാവണനിലും** **148**
ബിന്ദു. എ.എം

16. **സൗന്ദര്യാത്മകവിവർത്തനം- പ്രസക്തിയും പ്രയോഗവും** **160**
ഡോ. ഷൈനി തോമസ്

17. **ടി.വി. കൊച്ചുബാവ കഥകളിലെ കമ്പോളരാഷ്ട്രീയവും ദർശനവും** **170**
ഹരിഷ്മ ഹരി

18. **കഥാപാത്ര വിശകലനം പത്മരാജൻ സിനിമകളിൽ** **177**
രേഖ എസ്

**19. ഗുരുവിന്റെ മന:ശാസ്ത്രവീക്ഷണം അനുകമ്പാദശകത്തിൽ** **186**
ഡോ. സിനി വി.

**20. മലയാള ചെറുകഥയിലെ പോസ്റ്റ് ഹ്യൂമനിസ്റ്റ് പ്രവണതകൾ** **193**
നൂറ വി.

21. **ധ്വനിസിദ്ധാന്തം പുതുകവിതകളിൽ** **200**
ഡോ. ധന്യ എസ്. പണിക്കർ

22. **അഞ്ചുതമ്പുരാൻപാട്ട്: വേണാടിന്റെ വേറിട്ട ചരിത്രകാഴ്ചകൾ** **210**
ഡോ. ബി.എസ്. ബിനു

23. **നാടോടിബിംബങ്ങളുടെ സ്വാധീനം ഇടശ്ശേരിക്കവിതയിൽ** **216**
ഡോ. കെ.മിനി

24. **പൊതുബോധം: സങ്കല്പനവും നിർവചനവും** **225**
ഹരി കൃഷ്ണൻ

25. **മഞ്ഞ്: കാഴ്ചയുടെ അപനിർമ്മിത പാഠങ്ങൾ** **232**
ജിൽഷ പി

*സാഹിത്യകേദാരത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ്ണ ഉത്തരവാദിത്തം അതതു ലേഖകരിൽ മാത്രം നിക്ഷിപ്തമാണ്*

# സുഗതകുമാരി: പരിസ്ഥിതി ആക്ടിവിസത്തിന്റെ കാവ്യവഴികൾ

**ഡോ. ആർ. ചന്ദ്രബോസ്**
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, കേരളകേന്ദ്രസർവ്വകലാശാല പെരിയ, കാസർകോട്

**പ്രബന്ധസംഗ്രഹം**

പാരിസ്ഥിതിക നൈതികത ഊട്ടിയുറപ്പിക്കുന്നതിനുള്ള കാവ്യവഴികളായിരുന്നു സുഗതകുമാരിയുടെ രചനകളിലെ ഗണനീയമായ ഒരു വിഭാഗം. 1970കൾ മുതൽ കേരളത്തിലെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളുടെ ജനകീയ മുഖമായിരുന്നു സുഗതകുമാരി (1934-2020). ജനസാന്ദ്രതയേറിയ കേരളത്തിൽ തീരം, കാടുകൾ, തണ്ണീർത്തടങ്ങൾ, നെൽവയലുകൾ, വൃക്ഷങ്ങൾ ഇവയുടെ സംരക്ഷണത്തിന്റെ ആവശ്യകതയെ ശക്തമായി വാദിച്ചുകൊണ്ട് കവിതയിലൂടെയും കർമ്മപദ്ധതികളിലൂടെയും കേരളീയരിൽ പാരിസ്ഥിതികാവബോധം വളർത്തി. പാരിസ്ഥിതിക നൈതികതയുടെ തീവ്ര ആവിഷ്കാരങ്ങളായ അവരുടെ രചനകളെക്കുറിച്ച് ഇരുപതാം നൂറ്റാണ്ടിൽ ലോകമെങ്ങും ഉയർന്നുവന്ന പരിസ്ഥിതിസംരക്ഷണ ആശയങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് ഈ പ്രബന്ധത്തിൽ.

***താക്കോൽവാക്കുകൾ:*** എൺവയൺമെന്റൽ ആക്ടിവിസം, സാമൂഹിക പരിസ്ഥിതി ശാസ്ത്രം, പരിസ്ഥിതിസാഹിത്യം, സൈലന്റ് വാലി, പശ്ചിമഘട്ടം.

## സുഗതകുമാരി എന്ന പരിസ്ഥിതി ആക്ടിവിസ്റ്റ്

പ്രകൃതിക്കും ആലംബമറ്റ മനുഷ്യർക്കും വേണ്ടി ആയുസ്സും വപുസ്സും ബലിചെയ്ത കർമ്മയോഗിനിയായിരുന്നു സുഗതകുമാരി (1934–2020). കവിത, പരിസ്ഥിതി സംരക്ഷണ പോരാട്ടങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ, സാമൂഹികസാംസ്കാരിക സംരംഭങ്ങൾ എന്നിങ്ങനെ ഒരു നിമിഷം പോലും പാഴാക്കാതെ ബഹുവിധ കർമ്മരംഗങ്ങളിൽ നിറഞ്ഞുനിന്ന അവർ ആധുനികകാലത്ത് ഇന്ത്യകണ്ട ഏറ്റവും വലിയ പരിസ്ഥിതി

സംരക്ഷണ പോരാളിയായിരുന്നു. കവിതയെഴുത്തും പാരിസ്ഥിതിക ആക്ടിവിസവും വേർതിരിക്കാനാവാത്ത വിധം ഇഴുകിച്ചേർന്നതായിരുന്നു അവരുടെ ജീവിതം. പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രതിരോധത്തിന്റെയും നൈതികതയുടെയും സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി തന്റെ കവി പ്രതിഭയെ അവർ ഏറ്റവും തീവ്രവും സർഗ്ഗാത്മക വുമായി വിനിയോഗിച്ചു. പാരിസ്ഥിതികയോഗാത്മകതയുടെയും പരിസ്ഥിതി സാമൂഹികവിജ്ഞാനത്തിന്റെയും ഭാരതീയ പ്രകൃതിദർശനത്തിന്റെയും തത്ത്വചിന്തകൾ അവരുടെ രചനകളിൽ ഇടകലർന്നൊഴുകുന്നതു കാണാം. പരിസ്ഥിതി പ്രക്ഷോഭകയും അവഗണിക്കപ്പെടുന്ന ഗോത്രജനതയുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുകയും ചെയ്ത ആസ്ട്രേലിയൻ എഴുത്തുകാരി ജൂഡിത് റൈറ്റിന്റെ ഇന്ത്യൻ മുഖമായിരുന്നു സുഗതകുമാരി എന്ന സച്ചിദാനന്ദന്റെ നിരീക്ഷണം അർത്ഥവത്താണ്. സർവ്വചരാചര ങ്ങൾക്കും മേൽ നിർല്ലോഭമായി സ്നേഹം ചൊരിഞ്ഞ സുഗതകുമാരി, പരിസ്ഥിതി സംരക്ഷണവിഷയങ്ങളിൽ എടുക്കുന്ന നിലപാടുകളെ അവഗണിക്കാനോ നിഷേധി ക്കാനോ ആർക്കും കഴിഞ്ഞിരുന്നില്ല എന്നതാണ് സത്യം. 1970-കൾ മുതൽ കേരളത്തിലെ പരിസ്ഥിതി പ്രവർത്തനത്തിന്റെ മുഖമായിരുന്നു സുഗതകുമാരി. ഉയർന്ന ജന സാന്ദ്രതയുള്ള കേരളത്തിൽ കാട്, തീരം, പുഴ, വനം, തണ്ണീർത്തടങ്ങൾ, വൃക്ഷങ്ങൾ വയലേലകൾ ഇവയുടെ നിലനിൽപ്പിന്റെയും സംരക്ഷണത്തിന്റെയും ആവശ്യം ശക്തമായി വാദിച്ചുകൊണ്ടും കവിതകളിലൂടെ പ്രകൃതിസ്നേഹം വിളംബരം ചെയ്തുകൊണ്ടും കേരളീയരിൽ പാരിസ്ഥിതികാവബോധം വളർത്തി. പലപ്പോഴും അവർ വികസനലോബികളുടെ ആക്രമണത്തിനിരയായി, പരിസ്ഥിതി തീവ്രവാദിയായി മുദ്രകുത്തി. എല്ലാ വിമർശനങ്ങളെയും അതിജീവിച്ച് അവർ ജനമനസ്സുകളിൽ പ്രകൃതിയുടെ മാലാഖയായി. അവരുടെ പാരിസ്ഥിതികദർശനങ്ങളും പോരാട്ടങ്ങളും രചനകളും ലോകമെങ്ങുമുള്ള പരിസ്ഥിതി പ്രവർത്തകർക്കും പ്രകൃതിസ്നേഹികൾക്കും മാതൃകയാണ് എന്നു പറയാം.

കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യദശകങ്ങളോടെ ആഗോളതലത്തിലുണ്ടായ പരിസ്ഥിതി ജ്ഞാന പദ്ധതികളുടെയും സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിൽ സുഗതകുമാരിയുടെ ആശയാദർശങ്ങളെയും കർമ്മപദ്ധതികളെയും വിലയിരുത്തുമ്പോൾ അവരുടെ പ്രസക്തി കൂടുതൽ തിളക്കമാർജ്ജിക്കുന്നതു കാണാം. പ്രകൃതിവിഭവങ്ങൾ അമിതമായി ചൂഷണം ചെയ്തതിന്റെ ദുരന്തഫലങ്ങൾ ദൃശ്യമായിത്തുടങ്ങിയപ്പോഴാണ് പാശ്ചാത്യനാടുകളിൽ പരിസ്ഥിതിവാദചിന്തകൾ രൂപപ്പെട്ടത്. വ്യവസായവൽക്കരണം കൊടുമ്പിരിക്കൊണ്ട് പത്തൊൻപതാം നൂറ്റാണ്ടിൽ തന്നെ തലനീട്ടിയ പാരിസ്ഥിതിക ആഘാതങ്ങൾക്ക് രണ്ടാംലോകമഹായുദ്ധത്തോടെ ഗതിവേഗം വർദ്ധിക്കുകയായിരുന്നു. റെയ്ച്ചൽ കഴ്സൺ (1962) ഗാരറ്റ് ഹാൻഡിൻ (1968) ഡെന്നീസ് മെഡോവ് (1972) തുടങ്ങിയ പരിസ്ഥിതി ചിന്തകരും ശാസ്ത്രജ്ഞരും നൽകിയ മുന്നറിയിപ്പുകൾ പരിസ്ഥിതി സംരക്ഷണയജ്ഞത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ചു. നഗരവൽക്കരണം, ഭ്രാന്തൻ വികസന നയങ്ങൾ രാസകീടനാശിനികളുടെ അനിയന്ത്രിത മായ ഉപയോഗം ഇതൊക്കെയാണ് പരിസ്ഥിതിയ്ക്ക് മാരകമായി പരിക്കേല്പിച്ചത്. പ്രകൃതിവിഭവങ്ങളുടെ വ്യാപകമായ ദുരുപയോഗം, മഴക്കാടുകളുടെ നാശം, ഫോസിൽ

ഇന്ധനങ്ങളുടെ ലഭ്യതക്കുറവ്, ഋതുസംക്രമണങ്ങളുടെ തകിടം മറിച്ചിൽ, ആവർത്തിക്കുന്ന പരിസ്ഥിതി ദുരന്തങ്ങൾ ഇവയെല്ലാം തന്നെ എങ്ങനെ അഭിമുഖീകരിക്കുമെന്നറിയാതെ ലോകരാഷ്ട്രങ്ങൾ പകച്ചുനിൽക്കുന്ന അവസ്ഥയാണിന്ന്. ഏറ്റവും അടിയന്തിര പ്രാധാന്യമുള്ള സാമൂഹികരാഷ്ട്രീയ പ്രശ്നമായി പരിസ്ഥിതിത്തകർച്ച മാറിക്കഴിഞ്ഞു. ആപദ്ഗ്രസ്ത ആവാസവ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ പ്രതിജ്ഞാബദ്ധമായ നിരവധി ചിന്താപദ്ധതികൾ, പ്രയോഗങ്ങൾ ഒക്കെ യുദ്ധകാലാടിസ്ഥാനത്തിൽ കർമ്മനിരതമാണിന്ന്. മനുഷ്യകേന്ദ്രിതപ്രകൃതിവാദസമീപനത്തിനെതിരായ ആശയങ്ങൾ രൂപീകരിക്കുന്നതിൽ പരിസ്ഥിതിസാഹിത്യവും പരിസ്ഥിതിവിമർശനവും നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്.

ശാസ്ത്രം, സാമൂഹികശാസ്ത്രം, സംസ്കാരപഠനം തുടങ്ങി എല്ലാ ജ്ഞാനമേഖല കളെയും ഉൾച്ചേർത്ത് അതിവിപുലമായ പഠനമേഖലയായി പരിസ്ഥിതിപഠനം മാറിയിട്ടുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമൊരുക്കുന്നതിൽ ശ്രദ്ധവയ്ക്കുന്ന മേഖലയാണ് പരിസ്ഥിതി സാമൂഹികവിജ്ഞാനീയം. പരിസ്ഥിതി പ്രശ്നങ്ങൾ വിവരിക്കുന്നതിലും വിശദീകരിക്കുന്നതിലും പരിഹാരത്തിനായുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിലും പരിസ്ഥിതി സാമൂഹികശാസ്ത്രം പ്രതിജ്ഞാബദ്ധ മാണ്. പരിസ്ഥിതി പ്രശ്നങ്ങളുടെ ആവിർഭാവങ്ങളുമായി ബന്ധപ്പെട്ട സിദ്ധാന്ത രൂപീകരണം, പരിസ്ഥിതിയോടുള്ള സാമാന്യജനങ്ങളുടെ മനോഭാവവും പ്രകൃതവും വിലയിരുത്തൽ, ബഹുരാഷ്ട്രകുത്തകകൾ, പരിസ്ഥിതി സംഘടനകൾ, പ്രസ്ഥാനങ്ങൾ ഇവരുടെ പരിസ്ഥിതി കാഴ്ചപ്പാടുകൾ കണ്ടെത്തുക, പ്രകൃതിസൗഹൃദപരമായ സാങ്കേതികവിദ്യകൾ വ്യാപിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ, പാരിസ്ഥിതിക നൈതികതയെക്കുറിച്ചുള്ള അവബോധം വളർത്തുക, തുടങ്ങിയവയെല്ലാം പരിസ്ഥിതി ശാസ്ത്രത്തിന്റെയും അതുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളുടെയും മുഖ്യ അജണ്ടയായി ത്തീർന്നിട്ടുണ്ട്. ലോകമെങ്ങും ഇപ്രകാരം സുസജ്ജമായ പരിസ്ഥിതിപഠനശാസ്ത്രങ്ങൾ രൂപമെടുക്കുന്നതിനു മുമ്പുതന്നെ പ്രകൃതി സ്നേഹാർദ്രമായ പരിസ്ഥിതി പുനരുജ്ജീവനമാർഗ്ഗങ്ങൾ സ്വയം ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു സുഗതകുമാരി. അട്ടപ്പാടി, സൈലന്റ്‌വാലി, പൂയംകുട്ടി, ജീരകപ്പാറ, ഒലിപ്പാറ, അച്ചൻകോവിൽ, മാവൂർ, മൂന്നാർ, പൊന്മുടിക്കാടുകൾ, പെരിങ്ങോം, വിളപ്പിൽശാല, കൂടങ്കുളം, ആറന്മുള, കാസർകോട് എന്നിവിടങ്ങളിൽ വനനശീകരണം, വികസനപദ്ധതികൾ, കീടനാശിനി പ്രയോഗം തുടങ്ങിയവയുടെ ദുരന്തങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് സമരമുഖങ്ങളിൽ ആവേശമായി അവരുണ്ടായിരുന്നു. അവരുടെ പ്രകൃതിസ്നേഹാധിഷ്ഠിതമായ കവിതകളും നിലപാടുകളും ഒന്നുകൊണ്ടുതന്നെ പല സമരങ്ങളും വിജയം കണ്ടു. മാത്രമല്ല പ്രകൃതിവിരുദ്ധ വികസനപദ്ധതികളിൽ നിന്ന് സർക്കാരിനെയും മൂലധനശക്തികളെയും, പിന്തിപ്പിക്കാനും അവർക്കു കഴിഞ്ഞു. പരിസ്ഥിതി സമരങ്ങളിൽ വിജയഗാഥകൾ എഴുതിച്ചേർത്ത സുഗതകുമാരിയുടെ പ്രധാന രചനകളെക്കുറിച്ചുള്ള വിശകലനമാണ് ഈ പഠനത്തിൽ നിർവ്വഹിക്കുന്നത്. പാരിസ്ഥിതിക ആക്ടിവിസത്തിന്റെയും ചരാചരസ്നേഹ ത്തിന്റെയും തീവ്രവാങ്മയങ്ങളായി അവരുടെ കവിതകൾ മാറിയതെങ്ങനെ എന്ന് കണ്ടെത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

## മരത്തിനു സ്തുതിയും അട്ടപ്പാടി വനവൽക്കരണവും

പരിസ്ഥിതി ആക്ടിവിസത്തിന്റെ കാവ്യധാരയ്ക്കു തുടക്കം കുറിച്ച കവിതകളിലൊന്നാണ് 'മരത്തിന് സ്തുതി' (1980). 1970-80 കളിൽ കേരളത്തിൽ വനം കയ്യേറ്റം വ്യാപകമായിരുന്നു. ഭരണകൂടവും മൂലധനശക്തികളും കൈകോർത്തു നടത്തിയ വനനശീകരണം കാലാവസ്ഥാവ്യതിയാനത്തിനും നദികളുടെ ജലശോഷണത്തിനും ആദിമനിവാസികളുടെ ആവാസവ്യവസ്ഥയുടെ തിരോധാനത്തിനും കാരണമായിത്തീർന്നു. അതിവ്യാപകമായ വനനശീകരണത്തിനെതിരെ എഴുത്തുകാരുടെയും പരിസ്ഥിതിസ്നേഹികളുടെയും നേതൃത്വത്തിൽ പ്രതിരോധസമരത്തിന് തുടക്കം കുറിച്ചത് 1980 കളുടെ തുടക്കത്തിൽ അട്ടപ്പാടിയിലായിരുന്നു. സുഗതകുമാരിയും മറ്റും നേതൃത്വം നൽകിയ പ്രകൃതിസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വനസംരക്ഷണം ആക്ടിവിസത്തിന്റെ രൂപവും ഭാവവുമാർജ്ജിക്കുന്നത് ഇവിടെയാണ്. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ കവികളുടെ സംഘം അട്ടപ്പാടി സന്ദർശിച്ചു. വനനശീകരണത്തിന്റെ ദുരന്തദൃശ്യങ്ങൾ നേരിട്ടു കണ്ടു. വനം മാഫിയകൾ അട്ടപ്പാടി വനംമേഖലയിലെ തേക്കുമരങ്ങളും വിലപിടിപ്പുള്ള അപൂർവ്വം മരങ്ങളും മുറിച്ചു കടത്തി അവിടം ഏകദേശം തരിശുഭൂമിയാക്കിയിരുന്നു. സുഗത കുമാരിയും എൻ.വി.കൃഷ്ണവാര്യരും മറ്റും ഉൾപ്പെടുന്ന കവിസംഘം അവിടത്തെ ആദിവാസികളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു. ആദിവാസികളുടെ ആവാസവ്യവസ്ഥ യുടെ കടയ്ക്കൽ തന്നെയാണ് കോടാലി വീണിരിക്കുന്നത് എന്നു മനസ്സിലാക്കി. അവിടെ വെട്ടിത്തെളിക്കപ്പെട്ട മരങ്ങൾക്കു പകരം പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി തന്നെ നടപ്പാക്കാൻ പ്രകൃതിസംരക്ഷണസമിതി തീരുമാനിച്ചു. ആദിവാസികളുടെയും വനംവകുപ്പിന്റെയും സഹകരണത്തോടെ കാപാർട്ടിന്റെ (CAPART (Council for Advancement of People Action for Rural Technology) ധനസഹായത്തോടെ വെട്ടിവെളിപ്പിക്കപ്പെട്ട് തരിശായിക്കിടന്ന നൂറേക്കർ വനഭൂമിയിൽ മരംവെച്ചുപിടിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. കേരളീയരിൽ ആകെ പാരിസ്ഥിതികവിവേകം വളർത്തിയ ബൃഹത്തായ ആക്ടിവിസങ്ങളിലൊന്നായിരുന്നു അത്. അത്ഭുതകരമായിരുന്നു ആ സന്നദ്ധ പ്രവർത്തനം ഉണ്ടാക്കിയ ഫലം. ആദിവാസികളുടെ സഹായത്തോടെ വെച്ചുപിടിപ്പിച്ച ഭൂമിപ്പടിയിലെ വനത്തിന് പിന്നീട് എൻ.വി.കൃഷ്ണവാര്യരുടെ സ്മരണയ്ക്കായി കൃഷ്ണ വനം എന്നു പേരിട്ടു. വിവിധയിനം ജീവികളുടെ ആവാസഭൂമിയും വൈവിധ്യമാർന്ന മരങ്ങളുടെ സാന്നിധ്യവും കൊണ്ട് അതിമനോഹരമായ വനമായി. പരിസ്ഥിതി ആക്ടിവിസത്തിന്റെ ഹരിതപതാകയുമേന്തി കൃഷ്ണവനം ഇന്നും നിലകൊള്ളുന്നു. മനുഷ്യന്റെ അത്യാർത്തിയാൽ തിരോഭവിച്ച കാടിനെ പുനർജ്ജനിപ്പിച്ച സന്നദ്ധ പ്രവർത്തനത്തിന്റെ നാളുകളിൽ, സാമൂഹികവനവൽക്കരണത്തിന്റെ സന്ദേശങ്ങൾ മന്ത്രം പോലെ മുഴക്കുവാൻ ഉദ്ദേശിച്ച് എഴുതപ്പെട്ട കവിതയാണ് മരത്തിനു സ്തുതി. സൈലന്റ് വാലി പ്രക്ഷോഭസമരങ്ങളിൽ പ്രാരംഭഗീതമായി ഈ കവിത ഉപയോഗിക്കുകയും അങ്ങനെ അത് കേരളമെങ്ങും മാറ്റൊലി കൊള്ളുകയും ചെയ്തു.

പേരു സൂചിപ്പിക്കുന്നതുപോലെ മരത്തിനു സ്തുതിയായി എഴുതിയ കവിത പ്രകൃത്യാരാധനാമട്ടിലുള്ളതാണ്. മരത്തിന് പരിസ്ഥിതിയിലും മനുഷ്യന്റെ നിലനില്പിലും

ആവാസവ്യവസ്ഥാപരിപാലനത്തിലുമുള്ള പ്രാധാന്യത്തെക്കുറിച്ചുള്ള ഉദ്ബോധനവും, സുഗതകുമാരിയുടെ എല്ലാ പരിസ്ഥിതികവിതകളിലും ഉള്ളതുപോലെ മനുഷ്യന്റെ പാപങ്ങൾക്കു പ്രകൃതിയോടുള്ള ക്ഷമാപണവുമാണ്.

‘തണുത്തപൂന്തണൽവീശി
പ്പടർന്നു ചൂഴ്ന്നുനിൽക്കുന്ന
മരത്തിന്റെ തിരുമുടി
ക്കിതതൊഴുന്നേൻ’

എന്ന തുടക്കം നോക്കൂ, പ്രകൃത്യാരാധനാനിർഭരമായ ഒരു പുതിയ കാവ്യഭാവുകത്വത്തിന്റെ സാന്നിധ്യം കാണാം. പ്രകൃതിയെ ഈശ്വരനായി കണ്ട, ആദിമസംസ്കൃതി കവിതയുടെ ആത്മാവിലേക്കു പ്രത്യാനയിക്കുകയാണ്. നീലകണ്ഠസ്വാമിയെപ്പോൽ വിഷം താനേ ഭുജിച്ചിട്ടു പ്രാണവായു തരുന്നോനെ, എന്നും കനിഞ്ഞു പൂക്കളും തേനും കനിയും നീട്ടിനിൽക്കും നിൻ നിറഞ്ഞ തൃക്കരങ്ങൾക്കായ് ഇതാ തൊഴുന്നേൻ എന്നുമുള്ള പ്രാർത്ഥനാഭരിതമായ വരികൾ, വേറിട്ട ഈശ്വരസങ്കല്പത്തിന്റെയും അതിലൂടെ പ്രകൃതി സങ്കല്പത്തിന്റെയും പ്രഖ്യാപനമായിത്തീരുന്നു. പാരിസ്ഥിതികയോഗാത്മകതയുടെ ഭാവങ്ങൾ ഈ കവിത അതീവധന്യമായി വിനിമയം ചെയ്യുന്നു.

‘അടിവേരുതൊട്ടുമുടി
യിലവരെ, നന്ദികെട്ടോ
രടിയങ്ങൾക്കവിടുന്നു
തന്നുപോറ്റുമ്പോൾ
പകരം നൽകുവതെന്തേ
മഴുവും തീയുമല്ലാതെ
അവിടുന്നു സമസ്തവും
പൊറുക്കുമല്ലേ’

എന്ന കുറ്റബോധത്തിലും പ്രായശ്ചിത്തത്തിലും അവസാനിക്കുന്ന കവിത, നാഗരികർ പ്രകൃതിയോടു കാട്ടിയ ക്രൂരതയുടെയും ആവാസവ്യവസ്ഥയിൽ മരത്തിന്റെ പ്രാധാന്യത്തെയും ഭാവസാന്ദ്രമായി സംഗ്രഹിക്കുന്ന പ്രകൃതിഗീതമാണ്.

## സൈലന്റ്‌വാലി സംരക്ഷണയജ്ഞം

ഇന്ത്യയിൽ ആധുനികകാലത്തുണ്ടായ ഏറ്റവും വലിയ ജനപങ്കാളിത്തമുണ്ടായ പരിസ്ഥിതി പ്രക്ഷോഭങ്ങളിലൊന്നായ സൈലന്റ്‌വാലി സംരക്ഷണസമരത്തിൽ സുഗതകുമാരിയുടെ സാന്നിധ്യം വികാരസാന്ദ്രവും ഭാവോജ്ജ്വലവുമായ ഏതാനും പരിസ്ഥിതി കവിതകളുടെ പിറവിക്കു നിമിത്തമായി. 1978-ൽ തുടക്കമിട്ട് 1983-ൽ അവസാനിച്ച സമരം വിജയം കണ്ട, ഇന്ത്യയിലെ അപൂർവ്വം പരിസ്ഥിതി സംരക്ഷണസമരങ്ങളിലൊന്നായിരുന്നു. അന്നേക്ക് കേരളത്തിൽ പരിസ്ഥിതിസംരക്ഷണ ആശയങ്ങൾ വേണ്ടത്ര പ്രചാരം നേടിയിരുന്നില്ല. പരിസ്ഥിതി സ്നേഹിയും പയ്യന്നൂർ കോളേജിലെ ജന്തുശാസ്ത്ര പ്രൊഫസറുമായിരുന്നു ജോൺസിയുടെ നേതൃത്വത്തിലാരംഭിച്ച ‘സീക്ക്’ (1979) (Socitey

for Enviornmental Education in Kerala) ആയിരുന്നു കേരളത്തിലെ ആദ്യത്തെ പരിസ്ഥിതി വിദ്യാഭ്യാസസമിതി. അതിന്റെ നേതൃത്വത്തിൽ നടത്തിയ പ്രകൃതി പഠനക്ലാസ്സുകളും പരിസ്ഥിതിസഹവാസക്യാമ്പുകളും, സൂചിമുഖി എന്ന പേരിലുള്ള പരിസ്ഥിതി മാസികയുമെല്ലാം, കേരളീയർക്കിടയിൽ പരിസ്ഥിതിചിന്ത പ്രചരിപ്പിക്കുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ചു. സീക്കിലെ അംഗങ്ങൾ നടത്തിയ സൈലന്റ്‌വാലി സന്ദർശനമാണ് പിന്നീട് കേരളത്തിൽ പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയുള്ള സമരങ്ങൾക്ക് മുന്നോടിയായത്. സൈലന്റ്‌വാലിയിൽ ജലവൈദ്യുതപദ്ധതിക്കായുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടക്കുന്ന സമയമായിരുന്നു അന്ന്. സീക്കിലെ അംഗങ്ങൾ സൈലന്റ്‌വാലി സന്ദർശിക്കുകയും ആ വനമേഖലയുടെ നാശം അതിഭീകരമായ പരിസ്ഥിതിത്തകർച്ചയ്ക്കു കാരണമായിത്തീരും എന്ന് മനസ്സിലാക്കുകയും ചെയ്തു. പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫ. എം.കെ.പ്രസാദ്, സൈലന്റ്‌വാലി വനമേഖലയുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് മാതൃഭൂമിയിലെഴുതിയ ലേഖനം വായിക്കാനിടയായ സുഗതകുമാരി, സൈലന്റ്‌വാലി പദ്ധതിക്കെതിരായ സമരങ്ങളിൽ മറ്റ് എഴുത്തുകാർക്കും പരിസ്ഥിതിപ്രവർത്തകർക്കും ബഹുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമൊപ്പം അണി ചേർന്നു. അഞ്ചുവർഷം നീണ്ടുനിന്ന സമരത്തിനൊടുവിൽ നിർദ്ദിഷ്ടജലവൈദ്യുതപദ്ധതി ഉപേക്ഷിക്കാൻ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി നിർദ്ദേശം നൽകുകയായിരുന്നു.

ലോകശ്രദ്ധനേടിയ സൈലന്റ്‌വാലി പ്രക്ഷോഭത്തിലൂടെ സംരക്ഷിക്കപ്പെട്ടത് 89.52 ചതുരശ്രകിലോമീറ്റർ വനഭൂമിയായിരുന്നു. സൈലന്റ്‌വാലി അതിന്റെ തനതവസ്ഥയിൽ നിലനിർത്താനുള്ള സമരവിജയത്തിനുശേഷം ഏതാനും വർഷം കഴിഞ്ഞ് അവിടം സന്ദർശിക്കുമ്പോൾ കവിക്കുണ്ടായ അഭിമാനവും സന്തോഷവും പ്രകൃതിസ്നേഹവും ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠയും അകമഴിഞ്ഞ് പ്രത്യക്ഷപ്പെടുന്നതായി അനുഭവപ്പെടുന്ന കവിതയത്രേ സൈലന്റ്‌വാലി. കാടിനു നാവു നൽകിയ പരിസ്ഥിതി ആക്റ്റിവിസത്തിന്റെ നാളുകൾ ഓർക്കുകയും വനഭൂമിക്കുമുന്നിൽ ഭക്തി, പ്രണയം, വാത്സല്യം എന്നീ സമ്മിശ്രവികാരങ്ങളോടെ നിൽക്കുകയും ചെയ്യുന്ന കവിയെ നാം ഈ കവിതയിൽ കാണുന്നു. ആത്മാർത്ഥതയും സത്യസന്ധതയും ആർജ്ജവവും നിറഞ്ഞ പരിസ്ഥിതി സ്നേഹത്തിന്റെ സാന്ദ്രഭംഗികൾ തത്തിക്കളിക്കുന്നു ഈ കവിതയിൽ.

'ശ്യാമയാം നിശ്ശബ്ദകാനനമേ, നിന്നെ
ആനന്ദബാഷ്പം നിറഞ്ഞ മിഴികളാൽ
ഞാനൊന്നുഴിഞ്ഞുകൊള്ളട്ടെ കരംകൂപ്പി
ഞാനൊന്നു കണ്ടു നിന്നോട്ടെ മതിവരെ'

എന്ന ആനന്ദനിർവൃതിയിലാണ് കവിതയുടെ തുടക്കം. കാടുമായുള്ള ആത്മബന്ധത്തിന്റെ അനുഭൂതികൾ തുടർന്നുള്ള വരികളിൽ പെയ്തുനിറയുന്നതു കാണാം. വനഭൂമിയെ വീണ്ടെടുക്കാനായി നടത്തിയ സഹനസമരങ്ങളുടെയും അനുഭവിച്ച കൊടുംയാതനകളുടെയും ഓർമ്മകൾ മിന്നിമറയുന്നു. പ്രകൃതിസ്നേഹത്തിന്റെ ശമ്പളഭംഗി നിറയുന്ന ബിംബകല്പനകളാണ് കവിതയുടെ പ്രത്യേകതകളിലൊന്ന്. കാടിനും മരത്തിനും

ജീവജാലങ്ങളുടെ സംരക്ഷണത്തിനും വേണ്ടിയുള്ള സമരപോരാട്ടങ്ങളുടെ നാൾവഴികൾ ഓർമ്മിച്ച്, സമരം വിജയിച്ചുവെങ്കിലും പാരിസ്ഥിതിക ജാഗ്രത കൈവിടാതിരിക്കണമെന്ന സന്ദേശം വിനിമയം ചെയ്യുന്നു കവിത. ആക്ടിവിസത്തിന്റെ വീറും ആദർശവും കലർന്നിരിക്കുന്നുവെന്നു പറയാം. കവിതയിലെ സന്ദേശപ്രധാനമായ ഭാഗത്ത്, പ്രകൃതി കാല്പനികതയിൽ നിന്ന് പ്രകൃതിസംരക്ഷണത്തിന്റെ യാഥാർത്ഥ്യത്തിലേക്കുണരുന്ന കവിയെ കാണാം. സഹനസമരത്തിന്റെയും വിജയധന്യതയുടെയും നാളുകളെ ഓർത്തു കൊണ്ട് കവി ഇങ്ങനെ പറയുന്നു.

'ഒപ്പം നടന്ന സുഹൃത്തേ, നമുക്കൊന്നു
നിൽക്കുക, ധന്യമുഹൂർത്തമിതോർക്കുക
നാം മറക്കാതെയിരിക്കുക, തപ്തമാ
യാമങ്ങൾ തീവ്രയത്നത്തിന്റെ ധന്യത
അശ്രുവിൽ മുക്കിനാം കാക്കുക, ദീർഘമാ
വർഷങ്ങൾ, കാടിന്നു കാവലായ് നിന്നവ
കാടിനു നാവു കൊടുത്തവർ നാം ഒത്തു
പാടുക നാടിൻ തുയിലുണർത്തീടുക'

വനപ്രകൃതി, കവിയെ വരവേൽക്കുന്നതിന്റെ സമ്മോഹനദൃശ്യങ്ങളിൽ അഗാധ പരിസ്ഥിതി ദർശനത്തിന്റെ അനുഭൂതികൾ നിറയുന്നതറിയാം. മാത്രമല്ല സൗന്ദര്യം, സ്നേഹം, കരുതൽ, വാത്സല്യം എന്നീ ഭാവങ്ങളുടെ നൈസർഗ്ഗികത മൂർത്തവും ഭാവ സാന്ദ്രവുമായി ഒഴുകിപ്പരക്കുന്നതു കാണാം. കാട് ഇവിടെ ഇന്ദ്രിയാനുഭൂതിയായി മാറുന്ന തിന്റെ ഭാവാത്മകത ചേതോഹരം തന്നെ. കാടിന്റെ തോളിൽ കരം ചേർത്തിറങ്ങി വരുന്ന ഉഷസ്സിന് ഏഴഴകാണെന്നും കുസൃതിയിൽ ചൂളമടിച്ചൊരു കുട്ടിപോൽ കാട്ടുകിളി തന്നെ എതിരേൽക്കുകയാണെന്നും തിരിച്ചറിയുന്ന കവി വനപ്രകൃതിയുടെ അപാരസൗന്ദര്യ ത്തിൽ മുങ്ങിക്കുളിക്കുകയാണ്.

'ഓളങ്ങളായിരം നീട്ടിപ്പുണരുന്നൊ
രോമലാം കുന്തിപ്പുഴയിൽ മുഴുകി ഞാൻ
ആലോലമോലും ജലത്തോടെ കണ്ണുനീ
രേലും മിഴിയോടെ നീർന്നുകൈകൂപ്പുവേ
മേലിൽ പ്രസന്നനാം സൂര്യനെ, ചുറ്റിലും
നീലവാർകൂന്തളം മിന്നുന്ന നിന്നെ, നിൻ
നിശ്ശബ്ദഹാസത്തെ, യാർദ്രമാം കൂരിരുൾ
പ്പച്ചയെ നോക്കി നിറഞ്ഞ മനസ്സുമായ്
നിന്നെയുറക്കെ വിളിച്ചുപോകുന്നു ഞാൻ'

അമ്മേ എന്നുറക്കെ വിളിക്കുമ്പോൾ 'പൈതലേ' എന്ന മറുവിളിയാൽ വനപ്രകൃതി സ്നേഹത്താൽ ആശ്ലേഷം ചെയ്യുന്നതറിയുന്നു. ഇങ്ങനെ വികാരോഷ്മളമായ പ്രകൃതിസ്നേഹത്തിന്റെ അനുഭൂതികൾ വിനിമയം ചെയ്തുകൊണ്ടാണ്, സ്ഥലകവിത

യെന്നോ പ്രകൃത്യാരാധനാകവിതയെന്നോ യോഗാത്മകത നിറയുന്ന പ്രകൃതികവിത യെന്നോ പറയാവുന്ന സൈലന്റ് വാലി അവസാനിക്കുന്നത്. പ്രകൃതിയുടെ സ്പന്ദനങ്ങളെ ആഴത്തിൽ തിരിച്ചറിയുന്ന കവിയെ, ആക്ടിവിസ്റ്റിനെ നാം ഈ കവിതയിൽ കണ്ടുമുട്ടുന്നു. പ്രകൃതിയെ തന്റെ സ്വത്വത്തിലേക്കും തന്റെ സ്വത്വത്തെ പ്രകൃതിയിലേക്കും സംക്രമി പ്പിക്കുന്ന തനതുരീതിയാണ് ഇതിനെ ഉദാത്തമായൊരു പ്രകൃതികവിതയാക്കുന്നത്.

മൂലധനശക്തികളുടെയും വികസനലോബികളുടെയും കൈയേറ്റവും അകാരുണ്യവും കൊണ്ട് പൊറുതിമുട്ടി അരക്ഷിതാവസ്ഥയിലായ ജീവസഹസ്രങ്ങളിലേക്കും ഭൂപ്രകൃതി യിലേക്കും കാരുണ്യവും സമാശ്വാസവും പുനരുജ്ജീവനഔഷധവുമായി ഓടിയെത്തുന്ന കവിയെ ഓരോ കവിതയിലും കാണാം. പൊട്ടിത്തെറിക്കുന്ന രോഷാമർഷങ്ങളാണ് ആ കവിതകളെ തീവ്രാനുഭവമാക്കുന്നത്. ചരാചരപ്രകൃതിയാൽ സമൃദ്ധമാണ് സുഗത കുമാരിയുടെ കവിതകൾ പ്രകൃതിയുടെ ആത്മീയതയെ അവ നിരന്തരം തൊട്ടുഴിയുന്നു. പ്രകൃതിസംരക്ഷണം ഒരു മതവിശ്വാസം പോലെയാക്കിത്തീർക്കുവാൻ അതിലൂടെ അവർക്കു കഴിഞ്ഞു. പ്രകൃതിയുടെ ഭാവസംക്രമണങ്ങളിൽ സ്വയം ചിതറുന്ന, സമാശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും അപാരതകളിൽ സ്വയം നഷ്ടപ്പെടുന്ന കവിയെ ഓരോ പ്രകൃതികവിതകളിലും കാണാം. ഇതിലൂടെ പ്രകൃതിയുടെ ദിവ്യതയെയും അനന്തതയെയും കുറിച്ചുള്ള വൈകാരികപ്രബോധനമാണ് സുഗതകുമാരിയുടെ കവിതകൾ ലക്ഷ്യമാക്കിയിരുന്നത് എന്നു പറയാവുന്നതാണ്.

'മലമുകളിലിരിക്കെക്കൂട്ടിനു
കുളിർകാറ്റും കിളികളുമല്ലോ
തെളിമഞ്ഞു പുതച്ചുമിനുങ്ങുമൊ
രിളവെയ്‌ലിൻ കളിചിരിയല്ലോ
അരുമയൊടെൻ കാല്ക്കലൊതുങ്ങും
കരിയെഴുതിയ പൂക്കളുമല്ലോ
അരികത്തെപ്പൊന്തയിൽ വീടു
ള്ളൊരു കിളിതൻ പേടിയുമല്ലോ'

(മലമുകളിലിരിക്കെ)

എന്നിങ്ങനെയുള്ള സുച്ഛസുഭഗമായ അനുഭൂതികളായും, ഇക്കോഫെമിനിസത്തിന്റെയും അഗാധപരിസ്ഥിതിജ്ഞാനത്തിന്റെയും ഭാവനകളായും സുഗതകുമാരിയുടെ പ്രകൃതി കവികൾ വൈവിധ്യമാർന്ന ഭാവങ്ങൾ പകരുന്നു.

## ഇക്കോഫെമിനിസ്റ്റ് കവിത

ഇക്കോഫെമിനിസ്റ്റ് കവിതയാണ് അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും (2001). പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയുള്ള സമരം നടന്ന ഗോത്രഭൂമി കവി മനസ്സിൽ പേടിപ്പെടുത്തുന്ന സ്വപ്നമായി കടന്നുവരുന്നു. വരൾച്ചയുടെയും വറുതിയുടെയും ദൃശ്യങ്ങൾ. അട്ടപ്പാടി നിരാലംബയായ ഒരു ഗോത്രപെൺകുട്ടിയായി സ്വപ്നത്തിൽ

മൂർത്തരൂപം കൊള്ളുന്നു. ചുട്ടുപൊള്ളിക്കും സൂര്യദേവന്റെ തൃക്കൺചോട്ടിൽ തൊലിമങ്ങി എല്ലുപൊന്തിയ കാലിക്കൂട്ടങ്ങൾ ചിതറിനടക്കുന്ന പാഴ്മലഞ്ചെരിവിലെ ഒടുക്കത്തെ കാട്ടുപുന്നയുടെ ചുവട്ടിൽ വിടർന്ന മിഴിയുമായ് മുഷിഞ്ഞ ചേലത്തുമ്പാൽ ഇടംതോൾ ഞാത്തി കല്ലുമാലയും കെട്ടി തന്റെ മുന്നിൽ മൂകമായ് വന്നു നിൽക്കുന്നു അട്ടപ്പാടിയെന്ന ഗോത്രപെൺകൊടി. അവളെ കവി തിരിച്ചറിയുന്നതിങ്ങനെ,

‘കറുത്തകവിൾത്തട്ടിൽ പച്ചകുത്തിയോൾ
കരിഞ്ഞവൾ മിണ്ടാത്തവൾ
ഇവളെൻ ഹൃദയത്തിന്നോമന ഗിരികന്യ
ഇവളെ സ്നേഹിക്കയാലസ്വസ്ഥം മമ ജന്മം’

ഒഴിഞ്ഞ കരിക്കലവുമായി വെള്ളം തിരഞ്ഞുപോകുന്ന അവൾ, തന്നെ മറന്നുവോ എന്നും പണ്ട് ആതിഥ്യം നൽകിയത് മറന്നുവോ എന്നും ചോദിച്ചു. അവളൊന്നിച്ച് നൂറുപൂങ്കിനാക്കൾ വനഭൂമിയിൽ വിതച്ചതും കണ്ണീരുതളിച്ചതുമായ കാലങ്ങൾ കവിയുടെ ഓർമ്മയിലേക്കു വരുന്നു. സമരകാലത്ത് വേർപിരിഞ്ഞ പരിസ്ഥിതി പോരാളി വി.എം. ഏബ്രഹാം എന്ന അവറാച്ചനെയും, കൃഷ്ണവനം എന്ന പേരിട്ട് ആദരിച്ച എൻ.വി.കൃഷ്ണ വാര്യരുടെയും ഓർമ്മകൾ തെളിമയോടെ പ്രത്യക്ഷപ്പെടുന്നു. ഗോത്രപെൺകുട്ടിയാകട്ടെ സമരകാലത്തെ കൂട്ടായ്മയും സന്തോഷവും ഓർക്കുകയാണ്. ത്യാഗത്തിന്റെയും സ്നേഹ ത്തിന്റെയും ഒരുമയുടെയും ഐക്യനിരതീർത്ത് ദീനതയിൽ നിന്ന് പുനർജ്ജനിയിലേക്ക് കാടിനെ വളർത്തിയ കഥ ഓർക്കുന്നു. പരിസ്ഥിതി ആക്ടിവിസമെന്നാൽ സമരം നയിച്ച ശേഷം ആ ഇടത്തെ പിന്നിലുപേക്ഷിക്കുകയല്ലെന്നും നിരന്തരജാഗ്രതയാണെന്നും അതൊരു പ്രകൃതിക്ഷേത്രമായി നിലനിർത്തി പരിപാലിക്കലാണെന്നുമുള്ള ആശയമത്രേ ഈ കവിതയുടെ അന്തർഭാവം. സ്വപ്നം ഇവിടെ കുറ്റബോധത്തിന്റെയും കടമയുടെയും പരിസ്ഥിതി ജാഗ്രതയുടെയും പ്രതീകമാണെന്നു പറയാം. സമരനാളുകളിൽ കാട്ടിൽ ജീവിച്ച അനുഭവങ്ങളുടെ ആഖ്യാനം ഏറ്റവും തീവ്രവും സാന്ദ്രവുമായിത്തീരുന്നുണ്ട്.

‘നാലുഭാഗത്തും പെരുംകോട്ടപോൽ
ചുഴലുന്ന
മാമലച്ചാർത്തിൻ നടുക്കിരുണ്ട
താഴ്വാരത്തിൽ
പാറകൾ ചിതറിയ വറ്റിയ
തോട്ടിൽ തെല്ലു
നീരൊഴുക്കിലായന്തി നക്ഷത്രം
തിളങ്ങവേ
മുകളിൽ വെൺതാരകളിരട്ടി
വലിപ്പത്തിൽ
വിരിയുന്നതും കൊള്ളിമീനുക
ളെരിവതും
അകലെ മല്ലീശ്വരമുടിയിൽ

പൊൻചെമ്പക
ക്കല പൂവിതൾപോലെ
പാറിനില്പതുകണ്ടും’

ഇങ്ങനെയെല്ലാം വനപ്രകൃതി അറിവും നിറവുമായിത്തീർന്ന കാലങ്ങളുടെ ഓർമ്മയിലേക്ക് അട്ടപ്പാടി കവിയെ ക്ഷണിക്കുകയാണ്. അതിൽ കാനനരാത്രികളുടെ ശബ്ദപഥങ്ങൾ കവി മനസ്സിൽ ഓടിയെത്തുന്നു. രാത്തവളകളും ചീവീടും രാപ്പക്ഷിയും കാറ്റും ചേർന്ന് രാത്രിയിൽ ഒരുക്കിയ സ്വരോത്സവം. അതിന്റെ ലഹരിയിൽ ഉറങ്ങാതിരുന്നതും, ഉച്ചനേരത്ത് പാറപ്പുറത്തിരുന്ന് ഇരട്ടമഴവില്ലു കണ്ട് വിസ്മയിച്ചതും നാടൻപാട്ടുകൾ പാടി കാനനസമരത്തെ ആഘോഷമാക്കിയതുമെല്ലാം ഓർമ്മയുണ്ടോ എന്ന് അട്ടപ്പാടി പെൺകൊടിയുടെ ചോദ്യം കവിയെ വല്ലാതെ വീർപ്പുമുട്ടിക്കുന്നു. അവളോടു പറയാൻ മറുമൊഴിയില്ലാതെ വഴിതെറ്റിയുഴലുന്നതു പോലെ നിസ്സഹായതപോലെ തിരികെ നടക്കുമ്പോൾ രോഗവും വാർദ്ധക്യവും ഏല്പിച്ച ക്ഷീണത്താൽ തന്റെ കാൽച്ചുവടുകൾക്ക് കനം വയ്ക്കുന്നതറിയുന്നുണ്ട് കവി. ഇവിടെ പരിസ്ഥിതി സംരക്ഷണപോരാട്ടങ്ങൾക്ക് സംഭവിച്ച വ്യതിയാനവും, പരിസ്ഥിതിസ്നേഹികൾക്ക് പിന്തുടർച്ചകളില്ലാതായിപ്പോകുന്നതിന്റെ വ്യഥയും നിറയുന്നതു കാണാം. ഏകാകിയായ പരിസ്ഥിതിപ്പോരാളിയായിരുന്നു സുഗതകുമാരി. അവസാനനാളുകളിൽ പ്രകൃതിസ്നേഹിയായ ഈ അമ്മ അനുഭവിച്ച ഏകാന്തവ്യഥകൾ ഈ കവിതകളിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ? വനപ്രകൃതിയിൽ സ്ത്രൈണഭാവം ആരോപിക്കുകയും അതിലൂടെ പെണ്ണും വനപ്രകൃതിയും നിരന്തരം അന്യവൽക്കരിക്കപ്പെടുന്നതിന്റെയും വേട്ടയാടപ്പെടുന്നതിന്റെയും ആകുലതകൾ പങ്കുവയ്ക്കുകയും ചെയ്യുന്ന ഈ കവിതയിലെ അവസാനഭാഗം അത്യന്തം വികാരനിർഭരമാണ്. പാരിസ്ഥിതിനൈതികതയ്ക്കുവേണ്ടിയുള്ള ഉള്ളിൽ തട്ടുന്ന ആഹ്വാനം തന്നെയാണ്.

‘അട്ടപ്പാടിതൻഅഴൽക്കുന്നുക
ളിന്നും ബാക്കി
വെട്ടിയ മരക്കുറ്റിക്കുരിശ്ശിൻ
നിരബാക്കി
കൊന്നൊരായിരും കാടിൻ പ്രേത
ബാധകൾ ബാക്കി
കണ്ണുപൊട്ടിയ നൂറു ചോലതൻ
ശാപം ബാക്കി
പശിയാൽ കലങ്ങിയ
പെൺവയറുകൾ ബാക്കി
പഴയജന്മത്തിലെക്കടമെന്നെന്നും
ബാക്കി’

## പരിസ്ഥിതി സംരക്ഷണസന്ദേശം

പ്രകൃതിപ്രണയത്തിന്റെ ലോലാദ്രഭാവങ്ങളും അതുപോലെ പരിസ്ഥിതി സംരക്ഷണം ഒരു തുടർപ്രക്രിയയായിത്തീരേണ്ടതുണ്ടെന്ന ദൃഢബോധ്യവും അനുഭവപ്പെടുത്തുന്ന

കവിതയാണ് സൈലന്റ്‌വാലിയിൽ വീണ്ടും (2011). കാടിന്റെ പച്ചയാൽ ഇരുണ്ട ഒരു സന്ധ്യയിൽ കവി അട്ടപ്പാടിയിലെത്തുകയാണ്. മഴവന്നുതൊട്ടുമാറുന്നു, പുകമഞ്ഞ് മലയിറങ്ങുന്നു, നാരായണക്കിളി പാടിമറയുന്നു ഈ സ്വാഗതദൃശ്യങ്ങളിൽ പുളകം കൊണ്ട കവി നിറചിരിയോടെ ഒഴുകുന്ന ഭവാനിപ്പുഴയെ കാണുന്നു. 'വരൂ വരൂ മഴവെള്ളമാണ് മലവെള്ളമാണിതിലൊന്നു വന്നു മുഴുകാവൂ' എന്നവൾ കരളിൽ പതുക്കെമൊഴിയുന്നതു പോലെ തോന്നി. കുന്തിപ്പുഴയുടെ സോദരിയാണവൾ, മലപിളർന്നിളകിച്ചിരിച്ചു വന്നെത്തുന്ന വനകന്യ; കുസൃതി മീൻകണ്ണിയായവൾ അവളെ ഒരുനോക്കു കാണുവാൻ വന്ന പഥികൻ പഴയൊരു അനുരാഗിയാണത്രേ. ഇങ്ങനെ പ്രകൃതി പ്രണയത്തിന്റെ ദിവ്യാനുഭൂതി നുകരുന്നു.

'കാണാത്തൊരീ കാട്ടുപെണ്ണിനെ സ്നേഹിച്ചു
കണ്ണീരുകൊണ്ടു പൂജിച്ചോൻ
ഇരവുപകലും കാവൽ നിന്നു തപിച്ചവൻ
ഇവനെയറിയും നീ ഭവാനി'

കരുതലിന്റെയും സംരക്ഷണത്തിന്റെയും ഗതകാലങ്ങൾ ഓർമ്മയിലെത്തുന്നു. കടന്നു കയറുന്ന മനുഷ്യരെ ഇപ്പോഴും താഴ്‌വാരങ്ങൾ ആയിരം മിഴികളാൽ വെമ്പിനോക്കുന്നതായി പറയുന്നു. കാട്ടുതീയോ കിരാതനോ, മഴുവേന്തിടും കടും കൈകളോ, മലയിടിച്ചും മരം പിഴുതടച്ചും നീങ്ങിവരുന്നയന്ത്രമോ? ഏതുരൂപത്തിലാണ് സംഹാരത്തിന്റെ മനുഷ്യാധിനിവേശം എന്നവർ ഭയപ്പെടുന്നു. എന്നാൽ കവി അഭയത്തിന്റെ, സാന്ത്വനത്തിന്റെ കാവ്യമന്ത്രം ജപിക്കവവേ അതുമാത്രം പോരെന്ന് കാട് ദൃഢസ്വരത്തിൽ പറയുന്നതായി അനുഭവപ്പെട്ടു. കവിതകൊണ്ടു മാത്രം കാടിന് സുരക്ഷയൊരുക്കാനാവില്ല. ജാഗ്രതയാണ്, പ്രകൃതി സംരക്ഷണം ജീവിതവ്രതമാക്കിയ രക്ഷകരെയാണ് വേണ്ടതെന്ന സത്യം കവി തിരിച്ചറിയുന്നു. അതിനാൽ,

'അടിക്കറുപ്പാർന്നകന്യയിക്കാടിനെ
ആരും തൊടില്ലെന്നു കാക്കാൻ
അരുതുപേടിക്കേണ്ട, ഞാനിവിടെയുണ്ടെന്നു
ചുഴലവും കൺകൾ പായിച്ചും
കവരങ്ങൾ പിരിയുന്ന കൊമ്പുകളുയർത്തിയും
തലപൊക്കി ഗന്ധം പിടിച്ചും
കലമാനിനെപ്പോലെ കാവൽനിൽക്കുന്നിതാ
മലനാടിതിൻ മനസ്സാക്ഷി'

ഇങ്ങനെ, വനസംരക്ഷണവും, പോരാട്ടങ്ങളിലൂടെ പുനർജ്ജീവനം നൽകിയ വനപ്രകൃതിയുടെ പരിചരണവും കാവലും ഓരോ കേരളീയന്റെയും കടമയാണെന്നുള്ള, പരിസ്ഥിതി സംരക്ഷണം ജീവിതത്തിന്റെ ഭാഗമാണെന്നുള്ള സന്ദേശമാണ് ഈ കവിത ഉയർത്തിപ്പിടിക്കുന്നത്.

## പശ്ചിമഘട്ടമെന്ന മഹാസിംഫണി

പ്രകൃതിയും മനുഷ്യനുമായുള്ള പാരസ്പര്യം തകരുന്നത് വിങ്ങുന്ന മനസ്സോടെ നോക്കിക്കണ്ടതിന്റെ പ്രതിഫലനമാണ് സുഗതകുമാരിയുടെ പരിസ്ഥിതകവിതകൾ. വികസനത്തിന്റെ പേരിൽ ആവശ്യമുള്ളതിലേറെ എടുത്തെടുത്ത് കാലത്തിന്റെ ജൈവഘടികാരം നമ്മൾ തെറ്റിച്ചുവെന്ന് അവർ കൂടെക്കൂടെ ഓർമ്മിപ്പിക്കുമായിരുന്നു. മഞ്ഞതത്തയും തുമ്പിയും പക്കിയും തവളയും ഒക്കെ കാണാമറയത്താകുന്നതിനെക്കുറിച്ച് അവർ നിരന്തരം ഉൽക്കണ്ഠപ്പെട്ടു. ഓരോ തിരോഭാവങ്ങളും വേദനയോടെ അറിഞ്ഞ അവർ, പരിസ്ഥിതി സംരക്ഷണ ആശയങ്ങൾ നിറഞ്ഞ, കാല്പനികവും അതേസമയം ദാർശനികവുമായ പരിസ്ഥിതികവിതകൾ നിരന്തരം എഴുതി. ഇത്തരത്തിൽ അവർ എഴുതിയ ഏറ്റവും ബൃഹത്തായ പരിസ്ഥിതി കവിതയാണ് പശ്ചിമഘട്ടം (2014). കേരളത്തിന്റെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്ന ഹരിതക്കുടയാണ് പശ്ചിമഘട്ടം. വികസനവും നാനാതരം അധിനിവേശങ്ങളും പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നതിൽ ഉൽക്കണ്ഠ രേഖപ്പെടുത്തുന്ന ഗാഡ്ഗിൽ റിപ്പോർട്ടും വികസനപക്ഷത്തുനിന്നുള്ള കസ്തൂരിരംഗൻ റിപ്പോർട്ടും വിവാദങ്ങൾ സൃഷ്ടിച്ച പശ്ചാത്തലത്തിലാണ് ഈ കവിതയുടെ ഇടപെടലുണ്ടായത്. പശ്ചിമഘട്ടത്തിന്റെ പ്രാധാന്യത്തെ വൈകാരികമായി ഉൾക്കൊണ്ടെഴുതിയ പരിസ്ഥിതി സംരക്ഷണയജ്ഞത്തിന്റെ മാനിഫെസ്റ്റോ എന്നു വിളിക്കാവുന്ന കവിതയാണിത്.

ലോകത്തെ ജൈവപൈതൃകപട്ടികയിലിടം നേടിയ സ്ഥലമാണ് പശ്ചിമഘട്ടം. 2012 ലാണ് യുനസ്കോ ഈ പദവി പശ്ചിമഘട്ടത്തിനു നൽകിയത്. ഹിമാലയത്തേക്കാൾ പഴക്കമുണ്ട് പശ്ചിമഘട്ടമലനിരകൾക്കെന്ന് ശാസ്ത്രലോകം അനുമാനിക്കുന്നു. 1600 കിലോമീറ്റർ നീണ്ടുകിടക്കുന്ന പർവ്വതശൃംഖല ഇന്ത്യയുടെ തെക്കുപടിഞ്ഞാറേ മൂലയിൽ അറബിക്കടലിന് സമാന്തരമായി ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, ഗോവ, കേരളം, തമിഴ്നാട് എന്നീ ആറു സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. പാലക്കാട് ഭാഗത്ത് 3545 കിലോമീറ്റർ വീതിയുള്ള വിടവുണ്ട്. വടക്ക് ഗോവ ഭാഗത്തും തെക്ക് ചെങ്കോട്ടയിലും ഇത്തരത്തിലുള്ള രണ്ട് ചെറിയ വിടവുകളുണ്ട്. പശ്ചിമഘട്ടത്തിന്റെ ശരാശരി ഉയരം 1200 മീറ്ററാണ്. ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടിക്ക് 2695 മീറ്ററാണ് ഉയരം. രണ്ടാമത്തെ വലിയ കൊടുമുടി ഊട്ടിക്കടുത്തുള്ള ദൊഡ്ഡബെട്ടയുടെ ഉയരം 2639 മീറ്ററാണ്. കോഴിക്കോട്വയനാട് അതിർത്തിയിലെ വാവൽമലയുടെ ഉയരം 2339 മീറ്ററാണ്.

ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജൈവവൈവിധ്യ ഇടങ്ങളിലൊന്നായി കൺസർവേഷൻ ഇന്റർനാഷണൽ പശ്ചിമഘട്ടത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇന്ത്യയുടെ ആകെ വിസ്തൃതിയുടെ 6 ശതമാനം മാത്രമുള്ള പശ്ചിമഘട്ടം, ഇന്ത്യയിലെ 30 ശതമാനം വരുന്ന ജൈവവൈവിധ്യത്തിന്റെ ഉറവിടം കൂടിയാണ്. ഇവിടുത്തെ ജന്തുസസ്യവൈവിധ്യത്തെക്കുറിച്ച് കൊളോണിയൽ കാലം മുതൽ ശാസ്ത്രകാരന്മാർ നിരവധി സർവ്വേകൾ നടത്തുകയും അപൂർവ്വം ജീവസസ്യജാതികളെ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. ഒച്ചുകൾ, കക്കകൾ, മണ്ണിരകൾ, പഴുതാര, തേൾ, ചിലന്തി, ഷഡ്പദങ്ങൾ, തുമ്പികൾ, ചിത്രശലഭങ്ങൾ, മത്സ്യങ്ങൾ, ഉരഗങ്ങൾ, ഉഭയജീവികൾ, പക്ഷികൾ, സസ്തനികൾ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

തുടങ്ങി 300 ലേറെ ജീവജാതികളുടെ അധിവാസഭൂമി. മാത്രമല്ല 3000 ലേറെ മില്ലിമീറ്റർ മഴകിട്ടുന്നതിനാൽ തെക്കേ ഇന്ത്യയിലെ ഒട്ടുമിക്ക നദികളുടെയും ജലസ്രോതസ്സും പശ്ചിമഘട്ടം തന്നെ. 20 ദശലക്ഷം ജനങ്ങൾക്കും കോടാനുകോടി ജീവസമൂഹത്തിനും ജീവനമാണ് ഈ പർവ്വതനിര. എന്നാലോ ഇങ്ങനെയെല്ലാമുള്ള പാരിസ്ഥിതിപ്രാധാന്യം മനസ്സിലാക്കാതെ, നാനാതരം അധിനിവേശങ്ങളുടെ പിടിയിലമർന്ന് ആവാസവ്യവസ്ഥ യാകെ താളം തെറ്റിയിരിക്കുകയാണ്. പശ്ചിമഘട്ടത്തിന്റെ ഈ പാരിസ്ഥിതിക പ്രാധാന്യ ത്തെയും അതിനേൽക്കുന്ന ഭീഷണിയെയും കാവ്യാത്മകമായി അഭിസംബോധന ചെയ്യുകയാണ് സുഗതകുമാരി ഈ കവിതയിൽ.

പശ്ചിമഘട്ടത്തിന്റെ വിസ്തൃതിയെയും ഗാംഭീര്യത്തെയും പ്രത്യക്ഷത്തിൽ അനുഭവ പ്പെടുത്തുന്ന ഉച്ചസ്ഥായിയുള്ള സംബോധനയോടെയാണ് കാവ്യാരംഭം.

‘ഹേ തുംഗസഹ്യശൃംഗങ്ങളേ മേഘ
ദുന്ദുഭികളേ വിയദ്ഗംഗയെ
വിളിച്ചു മാറോടണച്ചായിരം
പുഞ്ചിരിച്ചോലകളായൊഴുക്കീടുന്ന
മംഗല ശ്യാമ മഹാ വിപിനങ്ങളേ’

തുടർന്നുള്ള ഭാഗങ്ങൾ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യങ്ങളെ തൊട്ടറിഞ്ഞുള്ള തീർത്ഥാടനമായിത്തീരുന്നുണ്ട്. ദൂരെയാപ്പാറപ്പുറത്തു തലപൊക്കി ഏകനായ് നിൽക്കും സഹ്യനെ സ്നേഹധീരതയുടെ പ്രതീകമായി കാണുന്നുണ്ട് കവി. പൂത്തുലഞ്ഞാടുന്ന വല്ലികൾ, ചിലച്ചാർത്തുപൊങ്ങും കിളിക്കൂട്ടങ്ങൾ, കാട്ടുപൂക്കൾ, ഒന്നുതൊടുമ്പോളൊരു നൂറുപൂക്കളായ് പൊങ്ങിപ്പറക്കും വനശലഭങ്ങൾ ഒക്കെ നിറഞ്ഞ അതിന്റെ കാല്പനിക ചാരുത നുകരുന്ന കവി, ആ പ്രകൃതിയെ വാഴ്ത്തിപ്പാടുവതെങ്ങനെ എന്ന് ശങ്കിക്കുന്നു. എങ്കിലും പ്രാർത്ഥനാ നിർഭരമായി വാക്കുകൾ പ്രവഹിക്കുകയാണ് ആ വാക്പ്രവാഹ ത്തിൽ പശ്ചിമഘട്ടവനപ്രകൃതി ഇന്ദ്രിയാനുഭൂതിയായി നിറയുന്നതും വായനക്കാർ അറിയുന്നു.

അതിതുംഗവർത്തുള മഹാഗോപുരങ്ങൾ പോൽ അണിനിരന്നുയരത്തിലേക്കുയർന്ന്, അതിദീർഘശാഖകൾ വിടർത്തി പരസ്പരം തഴുകി ഇലപ്പരപ്പുകൾ ചമയിച്ചു നിൽക്കുന്ന മഹാമരങ്ങളുടെ ദൃശ്യത്തിൽ സ്നേഹപാരസ്പര്യങ്ങളുടെ ജൈവപാഠം കവി വായിക്കുന്നു. പ്രകൃതിയെ മഹത്തായ കവിതയായറിയുന്നു. അകന്നും പോരടിച്ചും കഴിയുന്ന മനുഷ്യരോട് പ്രകൃതിയെ നോക്കി ജീവിക്കാൻ ഉപദേശിക്കുന്ന തരത്തിലുള്ള ബിംബ കൗശലം വർണ്ണനകളിൽ കാണാം. മരങ്ങളെ പുണരുന്ന കാട്ടുവള്ളികൾ, അവയെ പൊതിയുന്ന പായലിൻ വില്ലീസ്, പന്നലിൻ ഞൊറിവുകൾ, വെളുത്ത കൂൺകൂട്ടങ്ങൾ എന്നിങ്ങനെ പശ്ചിമഘട്ട ജൈവസമൃദ്ധിയെ ഒന്നൊഴിയാതെ ചിത്രണം ചെയ്യുന്നുണ്ട്. ഫോട്ടോ ഗ്രാഫിക് റിയലിസം ഈ കവിതയ്ക്ക് അപൂർവചാരുത പകരുന്നതായി കാണാം. ആയിരമായിരം സസ്യജാലങ്ങളെ എങ്ങനെ വർണ്ണിച്ചിടേണ്ടൂ എന്നറിയാതെ കുഴങ്ങുന്നുണ്ട് കവി. ഭാഷ അപര്യാപ്തമാവുന്നു. അത്ഭുതാദങ്ങൾ മാത്രം ബാക്കിയാവുന്നു.

'ഹേ നീലഗിരിശൃംഗങ്ങളേ ഹരിത
ഹസ്തങ്ങളായിരമുയർത്തിപ്പരത്തിജല
മേഘങ്ങളെക്കുതറിയോടാതെ വാരി
ത്തടഞ്ഞു നിർത്തിപ്പുല്കി
യലിയിച്ചിടുന്ന മഹാസുകൃതങ്ങളേ
ഇളകിച്ചിരിച്ചുകുതിച്ചുചാടും നൂറു
ചെറുചോലയെല്ലാം തെളിച്ചിറക്കിത്താഴെ
യലയുവാൻ വിട്ടു പിന്നാലെ മിഴിനീട്ടി
യവരെത്തലോടുമനന്തവാത്സല്യമേ'

എന്ന പ്രാർത്ഥനാഭരിതമായ വരികളിൽ വാഴ്വിന്റെ ഉറവിടമായി പശ്ചിമഘട്ടത്തെ തിരിച്ചറിയുന്ന കവിയെ കാണാം. കാളിദാസകവിതയിലെ അപാരമായ പ്രകൃതിയഴക് ഇവിടെ ഓർത്തു പോവുന്നു. 'അഹോ ഉദഗ്രരമണീയാ പൃഥ്വി:' (അഭിജ്ഞാനശാകുന്തളം) എന്നും

'കല്ലുപൊന്തിയ വിന്ധപാദങ്ങളിൽ
തല്ലിവീണുചിതറുന്ന രേഖയെ
ആനതൻ മെയ്യിൽ വെണ്ണീർ വരകളാ
ലാരചമിച്ചോരലങ്കാരമെന്നപോൽ' (തിരുനല്ലൂരിന്റെ വിവർത്തനം) എന്നും മറ്റുമുള്ള ആകാശത്തു നിന്നുമുള്ള അപാരമായ ഭൗമദൃശ്യങ്ങൾ കാളിദാസകാവ്യങ്ങളിൽ സുലഭ മാണ്. എന്നാൽ ജീവന്റെ നിലനില്പിന്റെ ആസ്പദമായി പ്രകൃതിയെ അഭിവീക്ഷി ക്കുന്നതിന്റെ ഉത്സാഹമാണ് സുഗതകുമാരിയുടെ പ്രകൃതിവർണ്ണനകളിൽ തെളിയുന്നത്. ആ അർത്ഥത്തിൽ കാളിദാസകല്പനകളെ അതിവർത്തിച്ചു പോകുന്നു സുഗതകുമാരി യുടെ പ്രകൃതിചിത്രങ്ങൾ എന്നു കാണാം. പശ്ചിമഘട്ടപ്രകൃതിയുടെ നിബിഡസൗന്ദര്യം വർണ്ണനകളിൽ നിറയ്ക്കുവാൻ വാക്കുകളെ നിർല്ലോഭമായി ഉപയോഗിക്കുന്നുണ്ട്.

ഒരു കോടിയഴകും പുല്ലും പൂക്കളും മിന്നുന്ന ചിറകും തേനുണ്ടുമൂളുന്ന ലഹരികളും ആർദ്രമാമിളവെയ്ലിലിളകിത്തിളങ്ങിപ്പറക്കലുകളുമെല്ലാം നിറഞ്ഞ ജീവന്റെ ഉന്മത്ത നൃത്തം ചലനബിംബപരമ്പരകളിലൂടെ കവി ഇന്ദ്രിയാനുഭവമാക്കി മാറ്റുന്നു. പശ്ചിമഘട്ട പ്രകൃതിക്കുള്ളിലെ സർഗ്ഗചലനങ്ങൾ പരിസ്ഥിതി ജ്ഞാനപരമായിത്തന്നെയാണ് കവിത പ്രതിഫലിപ്പിക്കുന്നത് നിത്യതയുടെ ഇടമാണ് പശ്ചിമഘട്ടം. അവിടെ നിത്യവസന്തമത്രേ. ജീവസഹസ്രങ്ങൾ നിത്യമഴയിൽ കുളിരുന്ന അവിടം ഒരുതരത്തിൽ നിഗൂഢസ്വർഗ്ഗമാണ്. ആ സ്വർഗ്ഗഭൂമി അവിടത്തെ ജീവജാലങ്ങൾക്കുമാത്രം അവകാശപ്പെട്ടതാണ് എന്ന് കവി, ആ പ്രകൃതിക്കുമേൽ വാളോങ്ങുന്നവരോട് ദൃഢസ്വരത്തിൽ പറയുന്നു. അങ്ങനെ പരിസ്ഥിതിയുടെ മാനിഫെസ്റ്റോയായിത്തീരുന്നുണ്ട് ഈ കവിത. പശ്ചിമഘട്ടത്തിന്റെ സൂക്ഷ്മപ്രകൃതിയെ പിന്തുടരുന്ന കവി, അപൂർവതകളുടെ ജൈവമണ്ഡലം യഥാർത്ഥ മായും അതേസമയം കാല്പനികചാരുതയോടെയും ചിത്രീകരിക്കുന്നു. തൊട്ടാൽ തൊഴുന്ന കുരുന്നുകൾ, പൂങ്കലത്തൊത്തുകൾ, പുതുപൊന്നുചാലിച്ച നറുവെണ്ണയുടെ സൗമ്യസ്നിഗ്ധ

നിറമാർന്ന, സ്വർണ്ണമുഖി എന്നു പേരുള്ള ലോകത്തിൽ മറ്റെങ്ങുമില്ലാത്ത ഓർക്കിഡ്, രോഗപ്രതിരോധശേഷിയുള്ള കാട്ടുനെല്ല്, പറക്കുന്ന അണ്ണാൻ, സിംഹവാലൻ കുരങ്ങ് എന്നിങ്ങനെ പശ്ചിമഘട്ടത്തിലെ അപൂർവ്വതകളെ ഒന്നൊന്നായി തൊട്ടുഴിയുന്നു.

'തളിർമേനിയിൽ പുള്ളികുത്തിയോർ ശാന്തമാം
മിഴികളും കാലിൽ ചിറകുമുള്ളോർ
നിർത്താതെ നിർത്താതെ കൂവിതിമിർപ്പവർ
നൃത്തം ചവിട്ടുവോർ പാടിടുന്നോർ
മക്കളെ മാറത്തുചാർത്തി മരങ്ങൾത
ന്നുച്ചിയിൽ ചാടിക്കളിച്ചിടുന്നോർ'

ഇപ്രകാരം കൗതുകമുണർത്തുന്ന കാഴ്ചകളുടെ സിംഫണി തന്നെ പശ്ചിമഘട്ടത്തെ അനുവർത്തിച്ചു ചിട്ടപ്പെടുത്തിയിരിക്കുന്നു. നാഗരികർക്ക് അതിൽ അവകാശമില്ല എന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു. പശ്ചിമഘട്ടജൈവമണ്ഡലത്തിന്റെ ദൃശ്യതയെ മാത്രമല്ല അതിന്റെ ശബ്ദപഥത്തെയും ചലച്ചിത്രകലയിലെന്നപോലെ ആലേഖനം ചെയ്തിരിക്കുന്നു. മലമുഴക്കി വേഴാമ്പലിന്റെ ഘോഷം പശ്ചാത്തലസംഗീതമായിത്തീരുന്നു. ഒഴുകിനീങ്ങുന്ന നാഗങ്ങൾ മഴപോലെ ഒഴുകുകയും പൊലിയുകയും ചെയ്യുന്ന കോടികോടി മിന്നാമിനുങ്ങുകൾ, എല്ലാ മരങ്ങളും ചെടികളും മിന്നിത്തിളങ്ങുന്ന രാത്രികൾ, പച്ചയും മഞ്ഞയും സ്വർണ്ണവർണ്ണവും മിന്നിയും കെട്ടും തണുത്ത പ്രകാശവർഷങ്ങൾ. ഇങ്ങനെ കാല്പനിക ചാരുതകൾ ഏറെയാണ്. അവിടത്തെ ദിനരാത്രങ്ങൾ ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞവയാകാം. എല്ലാ അർത്ഥത്തിലും അഭൗമമായ സിംഫണിയായാണ് പശ്ചിമഘട്ടത്തെ വാക്കുകൊണ്ടും മനസ്സുകൊണ്ടും ഇന്ദ്രിയങ്ങൾ കൊണ്ടും അറിയുമ്പോൾ അനുഭവപ്പെടുക.

'ഒരു കോടി ശലഭങ്ങൾ ചിറകിളക്കിപ്പറ
ന്നണയുന്ന വിശുദ്ധദിനങ്ങളുണ്ട്
അവ വന്നു മൂടുന്ന മരമാകെനിലമാകെ
അവ നൃത്തമാടിയുയർന്നിടുന്നു
ചുഴലുന്നു തൊട്ടുതൊട്ടുയരുന്ന പൂവിതൾ
മഴപോലെയൊഴുകിയകന്നിടുന്നു' എന്നിങ്ങനെ പശ്ചിമഘട്ടം കവിമനസ്സിൽ അനുഭൂതിസാന്ദ്രമായിത്തീരുന്നു.

കവിതയിൽ പുകൾകൊണ്ട സഹ്യന്റെ മകനെ, പശ്ചിമഘട്ടപ്രകൃതിപശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ഗംഭീരദൃശ്യവും ഈ കവിതയിൽ കാണാം. വനംകുലുക്കി തരുശാഖകൾ പൊട്ടിച്ചുയർത്തി വീശി അന്തസ്സിൽ രാജാധിരാജനെപ്പോൽ മസ്തകവുമുയർത്തി അവൻ വരുമ്പോൾ കാട് നിശ്ശബ്ദമാവുന്നു. ഈ വനഗേഹം അവർക്കുമാത്രം അവകാശപ്പെട്ടതാണെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു. പ്രകൃതിപൂജ ഈശ്വരപൂജ തന്നെയെന്നറിയുന്ന കവി മനസ്സിൽ കാടനുഭവം ആത്മീയാനുഭവമായിത്തീരുകയാണ്. വനദേവതയുടെ നിഗൂഢമായ വാസഗേഹമത്രേ പശ്ചിമഘട്ടം. അവിടം വിശുദ്ധമാണ്. മനുഷ്യപ്രവേശം അതിന്റെ വിശുദ്ധി നശിപ്പിക്കുമെന്ന് കവി ഉറച്ചുവിശ്വസിക്കുന്നു. ജീവന്റെ കളിത്തൊ

ട്ടിലാണ് അവിടം 'ജനിമൃതികൾ കുമിളപോൽ നുരകൾപോൽ തെരുതെരെ പൊലിയുന്ന വിരിയുന്ന ജൈവലോകമാണത്. ജീവൻ എന്ന അത്ഭുതപ്രതിഭാസത്തിന്റെ നൈരന്തര്യ മത്രേ അവിടെ കാണുന്നത്. അഭൗമമായ വന്യത. സ്വപ്നാത്മകമായ ആ അന്തരീക്ഷത്തെ അതികാല്പനികഭാഷയിലല്ലാതെ രേഖപ്പെടുത്താനാവില്ല. ആർത്തിരമ്പിവരുന്ന മഴയും കൊടുങ്കാറ്റിന്റെ പൊട്ടിച്ചിരിയും ഇടിമുഴക്കവും മിന്നലും പശ്ചിമഘട്ടത്തിന്റെ വന്യതയിൽ പൊഴിയുമ്പോൾ അതൊരു മഹാസിംഫണിയായി അനുഭവപ്പെടുന്നു. ഇങ്ങനെ പാരിസ്ഥിതികയോഗാത്മകതയുടെ നിഗൂഢഭംഗികളാൽ പശ്ചിമഘട്ടത്തെ അനുഭവമാക്കി മാറ്റുന്നു. ആ അനുഭൂതികളിൽ നിന്ന് യാഥാർത്ഥ്യത്തിലേക്കു വരുമ്പോൾ കവിയുടെ ചേതന ഏറെ ചകിതമാകുന്നു. കാരണം ദൈവികവും വന്യവുമായ ആ ആവാസവ്യവസ്ഥയ്ക്കു മേൽ മനുഷ്യരുടെ സംഹാരതാണ്ഡവം തുടരുകയാണ്. അതിന്റെ പ്രത്യാഘാതമെന്നോണം ഉറവകൾ വറ്റുന്നു. ജീവികളുടെ നിലവിളികൾ ഉയർന്നു താഴുന്നത് കവി കേൾക്കുന്നു. സഹ്യപാദങ്ങൾ കരിമരുന്നിന്റെ ഉഗ്രസ്ഫോടനത്തിൽ തകരുന്നു. തീ പടരുന്നതും മലയിടിക്കുന്നതും കാണുന്നു. വിരിമാറിൽ നീറുന്ന മുറിവുമായ് നിൽക്കുകയാണ് സഹ്യൻ. മലയിടിക്കുന്ന, തീയെറിയുന്ന കൈകളോട് കവി, പരിസ്ഥിതിയെ നശിപ്പിച്ചാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

'അറിയുവിൻ മുറിവേറ്റ ശൈലങ്ങൾ നമ്മൾക്കു
വറുതിയും മൃതിയും നിറയ്ക്കുമല്ലോ
ചൂടുപൊറാഞ്ഞുപൊരിയുമല്ലോയിറ്റു
ദാഹജലത്തിനായ് കേഴുമല്ലോ
അല്ലായ്കിൽ ഭാവം പകർന്നീഗിരിനിര
കല്ലും മരവും പ്രളയവുമായ്
അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തുപായുന്നിതെങ്ങോട്ടുനമ്മൾ'

2014 ൽ എഴുതിയ കവിതയിലെ ഈ വരികൾ അറംപറ്റിയതുപോലായി 2019 ലും 2020 ലും ഉണ്ടായ പ്രളയവും മലയിടിച്ചിലും. പശ്ചിമഘട്ടത്തിന്റെ ലോലപ്രകൃതിക്കുമേൽ ഏല്പിച്ച ആഘാതങ്ങളുടെ പ്രത്യാഘാതമായിരുന്നു അതെന്ന് നമ്മൾ തിരിച്ചറിഞ്ഞുവോ? ഇങ്ങനെ പരിസ്ഥിതി ചൂഷണം സൃഷ്ടിക്കുന്ന ആഘാതങ്ങൾക്കു നേരെ വിരൽചൂണ്ടുന്നു ഈ കവിത.

പ്രകൃതിക്കുമേലുള്ള മനുഷ്യരുടെ അതിഹംസയ്ക്കു പ്രായശ്ചിത്തവും പ്രാർത്ഥനയു മായിട്ടാണ് കവിത അവസാനിക്കുന്നത്. വിയദ്ഗംഗയെ വിളിച്ചിറക്കുന്ന സഹ്യന്റെ തൃക്കാൽക്കൽ, നാടിന്റെ പള്ളിവാളുപോൽ മിന്നുന്ന പശ്ചിമഘട്ടത്തിന്റെ തൃക്കാലടികളിൽ നമിച്ചുകൊണ്ട് സങ്കടം അർച്ചിക്കുകയാണ് കവി. പാരിസ്ഥിതികനൈതികത ഊട്ടി വളർത്താൻ കവിതയിൽ പ്രാർത്ഥനയുടെ പല്ലവികൾ കോർത്തിണക്കിയ സുഗതകുമാരി യുടെ ഉജ്ജ്വലമായ പരിസ്ഥിതികവിതകളിലൊന്നാണ് പശ്ചിമഘട്ടം. മലയാളത്തിലെ ബൃഹത്തായ പരിസ്ഥിതികവിതയും ഇതത്രേ. 140 ൽ പരം വരികൾ 550 ലേറെ വാക്കുകൾ, അതിസാന്ദ്രമായ പ്രകൃതിബിംബങ്ങൾ, ജീവജാലങ്ങളുടെ പേരുകൾ, പ്രാർത്ഥനകൾ,

സന്ദേശങ്ങൾ, സന്ദേഹങ്ങൾ, ഉദ്ബോധനങ്ങൾ, യാഥാർത്ഥ്യം, സ്വപ്നം, ഭ്രമാത്മകത തുടങ്ങി പശ്ചിമഘട്ട ജൈവവൈവിധ്യം പോലെ വൈവിധ്യമാർന്ന രൂപഭാവങ്ങൾ നിറഞ്ഞ പരിസ്ഥിതികവിതയത്രേ പശ്ചിമഘട്ടം. പ്രകൃതിസംരക്ഷണം ഒരു യജ്ഞമാക്കിത്തീർത്ത കാടിനെ, പ്രകൃതിയെ ആഴത്തിൽ അറിഞ്ഞ ഒരു കവിക്കുമാത്രം എഴുതാനാവുന്ന രചന. ഈ കവിതയിൽ നിന്നാകണം പുതുതലമുറ പാരിസ്ഥിതികനൈതികതയുടെ പാഠങ്ങൾ പഠിക്കേണ്ടത്.

## ജീവകാരുണ്യത്തിന്റെ കവിതകൾ

കേരളത്തിലെ കാട്, നദികൾ, തീരപ്രദേശങ്ങൾ, വന്യജീവികൾ, വിലയേറിയ പ്രകൃതി സമ്പത്തുകൾ എന്നിവയുടെയെല്ലാം സംരക്ഷണത്തിനു വേണ്ടി മുറവിളി കൂട്ടിയ സുഗതകുമാരിയുടെ പ്രധാന ആയുധം കവിത തന്നെയായിരുന്നു. മനുഷ്യാവകാശ പ്രവർത്തനങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും എല്ലാം തന്നെ അവരിലെ യഥാർത്ഥ ആക്ടിവിസ്റ്റിനെ കാണിച്ചുതരുന്നു. അശരണരായ സ്ത്രീകളുടെയും കുട്ടികളുടെയും തണലും അഭയവുമായിരുന്നു അവർ. അശരണർക്കുവേണ്ടി 1985 ൽ രൂപം കൊടുത്ത അഭയ എന്ന സേവന പ്രസ്ഥാനത്തിന്റെ പിറവിക്കു കാരണമായത് തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ടുയർന്ന ക്രൂരമായ മനുഷ്യാവകാശലംഘന ങ്ങളാണ്. മനോരോഗികളായ സ്ത്രീകൾ പീഡിപ്പിക്കപ്പെട്ട സംഭവങ്ങൾ അവരെടുത്ത നിലപാടുകളിൽ ഭരണകൂടം പോലും അടിയറവു പറഞ്ഞു. അവസാനകാലത്ത്, എൻഡോസൾഫാൻ ദുരിതം വിതച്ച കാസർകോട്ട് ദുരിതബാധിതർക്കൊപ്പം നിരവധി സമരമുഖങ്ങളിൽ സുഗതകുമാരി പങ്കെടുത്തിരുന്നു. കാഞ്ഞങ്ങാട് നെഹ്റു കോളേജിലെ സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ എഴുത്തുകാരൻ അംബികാസുതൻ മാങ്ങാട് നേതൃത്വം നൽകിയ എൻഡോസൾഫാൻ പീഡിതമുന്നണിയുടെ പരിപാടികളിൽ സുഗതകുമാരി പങ്കെടുക്കുകയുണ്ടായി. ദുരിതബാധിതരുടെ കണ്ണീരൊപ്പാൻ നിരവധി പ്രവർത്തനങ്ങളാണ് എൻഡോസൾഫാൻ പീഡിതമുന്നണി നടത്തിയിട്ടുള്ളത്. ദുരിതബാധിതർക്കുവേണ്ടി രാഷ്ട്രീയ നേതാക്കളുമായും സർക്കാരുമായും ചർച്ചകൾ നടത്താനും സുഗതകുമാരി മുന്നിട്ടിറങ്ങി. എൻഡോസൾഫാൻ എന്ന മാരകകീടനാശിനി ദുരിതത്തിലാക്കിയ കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും ദയനീയത നേരിട്ടറിഞ്ഞതിൽ നിന്ന് അതിന്റെ പ്രതികരണമെന്നോണം ശീർഷകമില്ലാതെ എഴുതിയ ആറുവരിക്കവിത, പീഡിതരോടുള്ള കവിയുടെ കാരുണ്യത്തിന്റെ തെളിവായി കാണാം.

> 'ഇരുട്ടിനും ചൂടാണിവിടെ
> കാറ്റിനും മഴയ്ക്കും ചൂടാണ്
> നിനക്കായി തങ്കമേചുരന്നൊലിക്കുമെൻ
> മുലപ്പാലും നഞ്ഞുചുവക്കും ചൂടാണ്
> കരയാൻ വയ്യാത്ത മിഴിഞ്ഞ കണ്ണുള്ളോ
> രരുമപ്പൈതലേനുണച്ചിറക്കുക ഉറങ്ങുക'

മനുഷ്യാവകാശധ്വംസനങ്ങൾക്കും നിരാലംബരായ ജനതയെ കൊടിയ യാതനകളിൽ അകപ്പെടുത്തുന്ന അധികാരവർഗ്ഗത്തിന്റെ നടപടികൾക്കെതിരെയുള്ള സ്വാഭാവികവും

വികാരസാന്ദ്രവുമായ പ്രതികരണങ്ങളായിരുന്നു സുഗതകുമാരിയുടെ കവിതകൾ എന്നു കാണാം. ഏറ്റവുമൊടുവിൽ 2019 ഫെബ്രുവരി 5ന് തിരുവനന്തപുരത്തു നടന്ന എൻഡോസൾഫാൻ ദുരിതബാധിതരായ കുഞ്ഞുങ്ങളുടെ അമ്മമാർ നടത്തിയ സമരത്തിൽ ശാരീരിക അവശതകൾ മറന്ന് സുഗതകുമാരി സമരപ്പന്തലിൽ വന്നിരുന്നു.

ഇങ്ങനെ പ്രകൃതിനശീകരണത്തിനെതിരെ മനുഷ്യാവകാശനിഷേധങ്ങൾക്കെതിരെ, നിരാലംബരെ വേട്ടയാടുന്നതിനെതിരെ അവസാനശ്വാസം വരെയും പോരാടിയ സുഗതകുമാരിയുടെ ജീവിതം ലോകമെങ്ങുമുള്ള മനുഷ്യാവകാശപ്രവർത്തകർക്കും പരിസ്ഥിതി പ്രവർത്തകർക്കും ഒരു മാതൃകയാണ്. നിർല്ലോഭമായ പ്രകൃതിസ്നേഹത്തിന്റെ പ്രഖ്യാപനങ്ങളാണ് അവരെഴുതിയ പരിസ്ഥിതികവിതകൾ. ശ്രീനാരായണഗുരു പറഞ്ഞതുപോലെ അരുൾ, അൻപ്, അനുകമ്പ ഇവ മൂന്നിനും പൊരുൾ ഒന്നുതന്നെയാണെന്നും ആ പൊരുൾ ജീവിതമാകുന്ന യാനത്തെ ദുഃഖക്കടൽ തരണം ചെയ്ത് മറുകരയെത്തിക്കാൻ കഴിവുള്ള ധ്രുവനക്ഷത്രമാണെന്നും സാമൂഹികസന്നദ്ധപ്രവർത്തനം കൊണ്ടും കവിത കൊണ്ടും സാക്ഷാൽക്കരിച്ച ജീവിതമായിരുന്നു സുഗതകുമാരിയുടേത്. സ്നേഹവും കാരുണ്യവും ഉള്ളടക്കം ചെയ്ത വികാരസാന്ദ്രമായ ആക്ടിവിസത്തിന്റെ വേറിട്ട മാതൃകകളാണ് സുഗതകുമാരിയുടെ പരിസ്ഥിതികവിതകൾ.

## അവലംബം

1. *George Rtizer and Chris Rojek, (Ed.) The Wiley Blackwell Encyclopedia of Sociology, Chris Rojek John Wiley & Sons Ltd, 2002*
2. *സുഗതകുമാരി, സമ്പൂർണ്ണകവിതകൾ, ഡി.സി.ബുക്സ്, കോട്ടയം, 2007.*
*സുഗതകുമാരി, പശ്ചിമഘട്ടം, മാതൃഭൂമി ആഴ്ചപ്പതിപ്പ് ജനുവരി 39,2021*

# സാഹിതീയചികിത്സാശാസ്ത്രവും തെറാപ്യൂട്ടിക് ഭാവനയും: കാവ്യഭാവുകത്വത്തെ മുൻനിർത്തി ഒരു പഠനം

**അന്ന മരിയ ജോസഫ്**
ബി.എഡ്.മലയാളം, മാർ തിയോഫിലസ് ട്രയിനിംഗ് കോളേജ് തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

സാഹിതീയചികിത്സാശാസ്ത്രം വിശാലമായ അന്തർവൈജ്ഞാനിക (Inter Disciplinary) പഠനമേഖലയാണ്. ഈ മേഖലയുടെ വിവിധങ്ങളായ ആശയ തലത്തിലേക്ക് നയിക്കുന്ന അന്വേഷണമാണ് കാവ്യഭാവുകത്വത്തിലെ തെറാപ്യൂട്ടിക്ക് വായന. സാഹിത്യം ഇവിടെ ചർച്ച ചെയ്യപ്പെടുന്നത് ഒരു അന്തർ വൈജ്ഞാനിക ശാഖ എന്ന നിലയിലാണ്. കവിത എന്ന സാഹിത്യരൂപം ഉൾക്കൊണ്ടിരിക്കുന്ന ഇന്ദ്രിയാനുഭൂതിയുടെയും വൈകാരിക അനുഭൂതിയുടെയും തലങ്ങളെ ഭാവനയിലൂടെ സമന്വയിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഇതിനായി കവിത എന്ന സാർഗ്ഗാത്മക മാധ്യമത്തിൽ ഉൾക്കൊണ്ടിരിക്കുന്ന തെറാപ്യൂട്ടിക്ക് ഘടകങ്ങളെയാണ് പഠന വിധേയമാക്കുന്നത്. മലയാളസാഹിത്യ ധാരയുടെ പുതിയൊരു വായനയുടെ സാധ്യതയാണ് ഈ തെറാപ്യൂട്ടിക്ക് വായന സാധ്യമാക്കുന്നത്. സാഹിത്യം എന്ന പഠനമേഖല വിവിധ ജ്ഞാന മേഖലകളിലൂന്നി സമാന്തരമായൊരു വൈജ്ഞാനിക മേഖലയായി രൂപപ്പെടുന്നതിന് ഇത്തരം ഒരു അന്വേക്ഷണം സഹായകരമാകുന്നു.

***താക്കോൽവാക്കുകൾ:*** തെറാപ്പി (Therapy), ബിബ്ലിയോ തെറാപ്പി (Biblio Therapy), പോയട്രി തെറാപ്പി (Potery Therapy), വൈദ്യശാസ്ത്രമാനവികത (Medical Humanities), നരേറ്റീവ് മെഡിസിൻ (Narrative medicine)

സാഹിതീയചികിത്സാശാസ്ത്രം (Literary Therapy) ഒരു അന്തർവൈജ്ഞാനിക (Interdisciplinery) പഠനമേഖലയാണ്. പ്രായോഗിക സാഹിത്യവിദ്യയുടെ ഏറ്റവും

നൂതനഘട്ടമായി ഇതിനെ കാണാം (Applied literary science). സാഹിത്യം യഥാർത്ഥമായി മനുഷ്യജീവിതത്തെ ആവിഷ്കരിക്കുന്നു. അതിലൂടെ മനുഷ്യരുടെ വൈകാരിക ചോദനകളെയും അതിനെ നിയന്ത്രിക്കുന്ന മാനസികഘടകങ്ങളെയും കൂടുതൽ അടുത്തറിയാൻ കഴിയുന്നു. ചികിത്സാവേളയിൽ രോഗിയെ കൂടുതൽ ആർദ്രമായി (Humane doctoring) പരിചരിക്കുന്നതിനുള്ള പാഠങ്ങൾ സാഹിത്യത്തിൽ ഉണ്ട്.

## തെറാപ്പി: വൈദ്യശാസ്ത്രതലം

'തെറാപ്പി (Therapy) എന്ന വാക്കിന്റെ ഉത്ഭവം 'തെറാപ്പിയ' (Therapia) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്. 'The Treatment of a Physical Problem or an Illness'(oxford dictionary) എന്നതാണ് ഓക്സ്ഫോർഡ് ഡിക്ഷണറി തെറാപ്പിക്ക് നൽകുന്ന നിർവചനം 3500 വർഷം മുൻപ്, ഇത്തരം ഒരു ചികിത്സാരീതിയുടെ പ്രചാരത്തിന് വളരെ മുൻപ് ഗ്രീക്ക്, ഈജിപ്ഷ്യൻ രേഖകളിൽ 'Healing Through Words' എന്ന് ഉപയോഗിച്ചിരുന്നതായി കണ്ടെത്താൻ കഴിയും. ഒരു കഥ പറച്ചിൽ രൂപമായാണ് ഇതിനെ കണ്ടിരുന്നത്. തങ്ങളുടെ ജീവിത പരിസരങ്ങളെ ബന്ധിപ്പിക്കുന്ന കഥകളിലൂടെ മനുഷ്യൻ ആർജിക്കുന്ന സാന്ത്വനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

പ്രകടനാത്മകകലാചികിത്സ (Expressive Art Therapy) തെറാപ്പിയുടെ സർഗാത്മക രൂപമാണ്. ഇത് മനുഷ്യനിലെ സർഗാത്മകതയെ ഉദ്ദീപിപ്പിക്കുകയും ആന്തരികമായ ഒരു ചികിത്സാരൂപമായി കലയെ ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിലൂടെ മനുഷ്യനിലെ ഭാവന, വികാരം എന്നിവയെ പ്രായോഗികമായി വിലയിരുത്താനും അവയെ ചികിത്സിക്കാനും കഴിയുന്നു. ആത്യന്തികമായി ഇവ ചികിത്സാപ്രക്രിയയെ ത്വരിതപ്പെടുത്തുന്നുണ്ട്. അമേരിക്കൻ സൈക്കോളജിസ്റ്റായ മാർഗരറ്റ് നംബർഗ് (Margaret Naumburg) ആണ് സർഗാത്മകതയെ ഒരു സൈക്കോഡൈനമിക് (Psycho dynamic) ഉപകരണമായി പരീക്ഷിക്കുന്നത്. ഇത് രോഗിയുടെ ഉപബോധമനസ്സിലെ ആശയങ്ങളോടും വികാരങ്ങളോടുമാണ് ഇടപഴകുന്നത്. 1966ൽ മാർഗരറ്റ് നംബർഗ് 'Dynamically Oriented Art Therapy: Its Principles and Practices: Illutsrated with Three Case Studies' എന്ന പുസ്തകത്തിൽ ഇത്തരം ഒരു രീതിയെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഫ്രോയിഡിയൻ സിദ്ധാന്തങ്ങളിലൂന്നി കലയെ എങ്ങനെ ഉപബോധമനസ്സിനെ ചികിത്സിക്കാൻ ഉപയോഗിക്കാം എന്ന് നംബർഗ് നിരീക്ഷിച്ചു. ഫ്രാൻസ് മെസ്മർ (Franz Mesmer) 1800ലാണ് 'സൈക്കോതെറാപ്പി' (Psychotherapy) എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത്. ഇതിനു ശേഷമാണ് മനശാസ്ത്രതത്ത്വങ്ങളിലൂന്നിയ സൈക്കോഅനാലിസിസ് (Psychoanalysis) ഫ്രോയിഡ് ആവിഷ്കരിക്കുന്നത്. ആന്തരികമായ മനോഘടനയാണ് സൈക്കോഅനാലിറ്റിക്ക് തെറാപ്പിയുടെ പഠനമേഖല. മനുഷ്യന്റെ വൈകാരിക ഘടകങ്ങളെ സൂക്ഷ്മമായി സൈക്കോതെറാപ്പി പഠിക്കുന്നു.

പ്രകടനാത്മകകലാചികിത്സ (Expressive art therapy)യുടെ ഭാഗമാണ് ബിബ്ലിയോതെറാപ്പി. ലിഖിതരൂപത്തിലുള്ള ഒരു പാഠത്തെ ഉപയോഗിച്ചാണ് ഇവിടെ ഒരു വ്യക്തിയുടെ വൈകാരികതലത്തെ ചികിത്സിക്കുന്നത്. ലൈബ്രറി സയൻസിലെ വളരെ പഴയ

ആശയമാണ് ബിബ്ലിയോ തെറാപ്പി. ഗ്രീക്ക് ചരിത്രകാരനായ ഡയോടോറസ് (Diodorus Siculus) തന്റെ പുസ്തകമായ Bibliotheca Historica യിൽ ഈജിപ്തിലെ രാജാവായിരുന്ന റാമിസിസ് രണ്ടാമന്റെ (King Ramses II) പുസ്തകശേഖരത്തെക്കുറിച്ച് വിവരിക്കുന്നതായി കാണാം. അദ്ദേഹം തന്റെ ലൈബ്രറിക്ക് മേലുള്ള പലകയിൽ കുറിച്ചിരുന്നത് ഇപ്രകാരമാണ്. 'The House of Healing for The soul' 'ആത്മാവിന് രോഗശാന്തി നൽകുന്ന വീട്'. ഇത്തരത്തിൽ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്നതായ തെറാപ്യൂട്ടിക്ക് അംശങ്ങളെ കുറിച്ച് അനേകം സൂചനകൾ ചരിത്രത്തിൽ കാണാം. പത്തൊമ്പതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ ബെഞ്ചമിൻ റഷ് (Benjamin Rush) രോഗികളുടെ വിനോദത്തിനും മാനസിക ആരോഗ്യത്തിനും സാഹിത്യം ഉപയോഗിക്കുന്നതിനെ അനുകൂലിച്ചു. യൂറോപ്യൻ മാനസികാരോഗ്യസ്ഥാപനങ്ങളുടെ ഒരു പ്രധാനഭാഗമായി 1900ങ്ങളിൽ ലൈബ്രറികൾ മാറി.

## ബിബ്ലിയോ തെറാപ്പി

ബിബ്ലിയോ തെറാപ്പി (Biblio Theraphy) എന്ന പദം 1916 August മാസം The Atlantic എന്ന അമേരിക്കൻ മാസികയിൽ സാമുവൽ മക്കോർഡ് ക്രോതേഴ്സ് (Samuel McChord Crothers) ഉപയോഗിച്ചതിനുശേഷമാണ് മെഡിക്കൽ നിഘണ്ടുക്കളിൽ ഈ വാക്ക് പ്രയോഗത്തിൽ വരുന്നത്. 1919ൽ പുറത്തുവന്ന ക്രിസ്റ്റഫർ മോർലിയുടെ The Haunted book Shop എന്ന കൃതിയിലും ഈ പ്രയോഗം കാണാം. 198090 കളിൽ ബിബ്ലിയോതെറാപ്പി (Bibliotherapy) വ്യാപകമായി ഉപയോഗിച്ചിരുന്നു.

## പോയട്രി തെറാപ്പി

കവിതയും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെ അപഗ്രഥിക്കാനുള്ള ശ്രമങ്ങൾക്കുള്ള ആരംഭം 1950ൽ എലിഗ്രെയ്ഫർ (Eli Greifer) എന്ന കവിയിലൂടെയാണ്. ഇദ്ദേഹം 1959 ൽ ന്യൂയോർക്കിലെ ക്രീഡ്മോർ സ്റ്റേറ്റ് ഹോസ്പിറ്റലിൽ (Creedmore State Hospital in New York Ctiy) ഡോ. ജാക്ക് ജെ. ലീഡി, ഡോ. സാം സ്പെക്ടർ (Dr. Jack J. Leedy and Dr. Sam Spector) എന്നിവരുടെ നേതൃത്വത്തിൽ 'പോയട്രി തെറാപ്പി' ആരംഭിച്ചു. തുടർന്ന് 1970ൽ ആർതർ ലെർണർ (Arthur Lerner) 'Potery Therapy Institute' ലോസ്ഏഞ്ചൽസിൽ സ്ഥാപിച്ചു. ഇദ്ദേഹം രചിച്ച പുസ്തകമാണ് Potery in the Therapeutic Experience. 1980ൽ National Association for Potery Therapy രൂപം കൊണ്ടു.

## തെറാപ്പി: മാനസിക തലം

'കവിത' എന്ന മാധ്യമം സാഹിത്യത്തിൽ നിലകൊള്ളുന്നത് 'ഭാവന' (Imagination) എന്ന രേഖയിലൂടെയാണ്. ഭാവന എപ്രകാരമാണ് സാഹിത്യത്തിൽ തെറാപ്യൂട്ടിക് അംശങ്ങളിൽ നിലകൊള്ളുന്നത് എന്ന് വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. 'A kind of Bridge Between Sensation And Thought' എന്നാണ് അരിസ്റ്റോട്ടിൽ ഭാവനയെ നിർവചിക്കുന്നത്. ചിന്തയെയും അനുഭൂതിയെയും ഭാവന ആഗിരണം ചെയ്യുന്നു. 1798ൽ Biographia Literaria എന്ന പുസ്തകത്തിൽ സാമുവൽ ടെയ്‌ലർ കോളറിഡ്ജ് (Samuel Taylor Coleridge) ഭാവനയെ രണ്ടായി തിരിക്കുന്നു. പ്രാഥമികം (Primary), ദ്വിതീയം

(secondary). മനുഷ്യസഹജമായ സാധാരണ ഭാവനയെ പ്രാഥമികം എന്നും കവികളുടെ ഭാവനയെ ദ്വിതീയം എന്നും തിരിച്ചു. കാവ്യഭാവനയുടെ സാധ്യത അനന്തമാണ്. അവ അനുഭവത്തിന്റെയും ഭാവനയുടെയും ഘടകങ്ങളെ എഴുത്തിലൂടെ സമന്വയിപ്പിക്കുന്നു. അർത്ഥരഹിതമായ രീതിയിൽ അനുഭവവേദ്യമാകുന്ന പ്രത്യേകതരം ഒരു അവസ്ഥയെ ചില കവികൾ അഭിമുഖീകരിക്കുന്നതായി ന്യൂറോസയൻസ് അഭിപ്രായപ്പെടുന്നു. 'സിനസ്തേഷ്യ'[1] എന്ന അവസ്ഥയാണിത്. ആകൃതിക്കും ഘടനക്കും രുചി തോന്നുക, ശബ്ദത്തിൽ നിറം കാണുക എന്നിങ്ങനെയുള്ള അവസ്ഥകൾ ഇതിലുൾപ്പെടും. ഇത്തരത്തിൽ നോക്കുകയാണെങ്കിൽ വൈയക്തികമായ ആന്തരഘടനയുടെ പ്രതിഫലനങ്ങൾ എഴുത്തിൽ കാണപ്പെടുന്നുണ്ട് എന്ന് മനസിലാക്കാം.

ഫ്രൻഡ്റിച്ച് എസ്. പേൾസ് (Frederich. S. Perls) എന്ന ജർമ്മൻ മനഃശാസ്ത്രജ്ഞൻ വികസിപ്പിച്ചതാണ് ഗെസ്റ്റാൾട്ട് തെറപ്പി (Gestalt Therapy). നാം എന്തായിത്തീരാൻ ആഗ്രഹിക്കുന്നുവോ അതായിത്തീരാൻ സഹായിക്കുകയാണ് ഗെസ്റ്റാൾട്ട് തെറാപ്പിയുടെ തിയറി. സർഗ്ഗാത്മകത (Creativtiy), ഭാവന (Imagination) എന്നിവയുമായി ഈ തെറാപ്പിക്ക് ബന്ധം കാണാൻ ആകും.  ചിന്ത ഭാവനയായി രൂപം പ്രാപിക്കുമ്പോൾ അവ ആവിഷ്കരിക്കപ്പെടുന്ന എഴുത്തിലൂടെ ആർജിക്കുന്ന തെറാപ്യൂട്ടിക്ക് ഘടകത്തെയും വായനയിലൂടെ സന്ധിക്കുന്നതായ അനുഭൂതിയുടെ ഈ തലത്തെയുമാണ് തെറാപ്യൂട്ടിക്ക് ഇമാജിനേഷൻ പഠന വിധേയമാക്കുന്നത്. തെറാപ്യൂട്ടിക്കായ ഭാവനയെ ബന്ധിപ്പിക്കുന്നത് വികാരമാണ് (Emotion).

## തെറാപ്പി: സാംസ്കാരികതലം

'തെറാപ്പിയെ' (Therapy) ഒരു സാംസ്കാരിക രൂപമായി വിലയിരുത്തുമ്പോൾ അത് 'വൈദ്യശാസ്ത്രമാനവികത' (Medical Humanities) എന്ന വിശാലമായ പഠനമേഖലയുടെ ഭാഗമാകുന്നു. സാമൂഹികശാസ്ത്രം, കല, മാനവികത എന്നീ വിഷയങ്ങളെ സമാന്തരമായി വൈദ്യശാസ്ത്രപഠനമേഖലയിൽ ഉപയോഗിക്കുന്നതിന്റെ പ്രായോഗികതലങ്ങളാണ് വൈദ്യശാസ്ത്രമാനവികത പഠിക്കുന്നത്. വൈദ്യശാസ്ത്ര പഠനത്തിലെ ധാർമികബോധത്തിന്റെ നിർമ്മിതിയാണ് വൈദ്യശാസ്ത്ര മാനവികത (Medical humanities) ലക്ഷ്യമാക്കുന്നത്. മനുഷ്യന്റെ വിഭിന്നമായ ചിന്താമണ്ഡലങ്ങളെ കലയും സാഹിത്യവും പ്രതിഫലിപ്പിക്കുന്നു. ഹ്യൂമനിസ്റ്റ് തിയറിയുടെ വക്താവായ കാൾ റോജർ 'On Becoming A Person: A Therapist's View of Psychotherapy' എന്ന പുസ്തകത്തിൽ ഇപ്രകാരം അഭിപ്രായപ്പെടുന്നു. 'വ്യക്തി' സ്ഥിരമായ ഖരാവസ്ഥയല്ല, മാറ്റത്തിന്റെ നദിയാണ്. തുടർച്ചയായി മാറിക്കൊണ്ടിരിക്കുന്ന സാധ്യതയുടെ സഞ്ചയം' ഈ വ്യക്തിസത്തയെ അടുത്തറിയുന്ന ഒരു മെഡിക്കൽ പഠിതാവിന് മാത്രമേ ആർദ്രമായ പരിചരണം നൽകാൻ കഴിയൂ. ഹ്യൂമനിസ്റ്റ് തിയറിയുടെ സത്തയും ഇതുതന്നെയാണ്.' മെൽബണിലെ തന്റെ അധ്യാപനകാലത്ത് ആന്റണി ആർ മൂർ (Antony R Moor) മെഡിക്കൽ വിദ്യാർഥികൾക്ക് സാഹിത്യം പഠിപ്പിക്കുന്നതിനായി നിർദ്ദേശിച്ചു. പിന്നീട് അദ്ദേഹം എഴുതിയ പുസ്തകമാണ് 'The missing medical text'[2]. ഇത്തരത്തിൽ വൈദ്യശാസ്ത്രത്തിന്റെ സമാന്തര വൈജ്ഞാനികശാഖയായി സാഹിത്യത്തെ ഉപയോഗിക്കാം. സാമൂഹിക

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ചികിത്സ (social Therapy) സമൂഹത്തിന് ബാധിച്ച പ്രത്യയശാസ്ത്രരോഗത്തെ ചികിത്സിക്കുന്നു. സാഹിത്യകൃതികൾ ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. പ്രബലമായ പ്രത്യയശാസ്ത്രങ്ങളോടുള്ള കീഴ്പ്പടലിനെതിരെ ശക്തമായ ഇഗോ (strong ego) രൂപപ്പെടുത്തുന്നതിൽ എഴുത്ത് വഹിക്കുന്ന പങ്ക് പഠന വിധേയമാക്കപ്പെടേണ്ടതാണ്.

## സാമൂഹിക ചികിത്സ: മലയാള കവിതകളിൽ

എഴുത്ത് യഥാർത്ഥത്തിൽ ഒരു തെറാപ്യൂട്ടക്ക് പ്രക്രിയയാണ്. ഇത് രണ്ടു വിധത്തിൽ വിശകലനം ചെയ്യപ്പെടേണ്ടതായുണ്ട്. എഴുത്ത് എന്ന പ്രക്രിയയിൽ ഉൾക്കൊള്ളുന്ന മാനസികവിരേചനത്തിന്റെ ഘടകമാണ് ഇതിൽ ഒന്നാമത്തേത്. രണ്ടാമതായി അത് ഉൾക്കൊള്ളുന്ന വ്യക്തിയുടെ മാനസികഘടന കേന്ദ്രീകരിച്ച് ആകുന്നു.

കവിത നമ്മുടെ ആന്തരഘടനയിൽ ഏത് തലങ്ങളിൽ മാറ്റം സൃഷ്ടിക്കുന്നു എന്നും അവ എങ്ങനെ സ്വാധീനിക്കുന്നു എന്നും ഗവേഷണം ചെയ്യപ്പെടേണ്ടതായുണ്ട്. ഫ്രോയിഡിന്റെ എഴുപതാം പിറന്നാളിൽ ശിഷ്യരിൽ ഒരുവൻ അദ്ദേഹത്തെ 'അബോധത്തെ കണ്ടെത്തിയവൻ' (Founder of unconscious) എന്ന് പരാമർശിച്ചപ്പോൾ ഫ്രോയിഡ് പറയുന്നത് ഇപ്രകാരമാണ്, 'ഞാനല്ല കവിയാണ് അബോധത്തെ കണ്ടെത്തിയത്, അത് ശാസ്ത്രീയമായി അപഗ്രഥിക്കുക മാത്രമാണ് ഞാൻ ചെയ്തത്[4]. അബോധമനസ്സിൽ അന്തർഭവിച്ചിരിക്കുന്ന ധാരണകളിലേക്ക് കവിത എപ്രകാരമാണ് പ്രവേശിക്കുന്നതെന്നും അവ സാഹിതീയചികിത്സയായി രൂപപ്പെടുന്നത് എപ്രകാര മാണെന്നും വിശകലനം ചെയ്യാം.

കവിത പ്രതിനിധാനം ചെയ്യുന്ന ആശയപ്രപഞ്ചത്തെ ഉൾക്കൊള്ളുന്ന മനുഷ്യ മസ്തിഷ്കം പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. നാഡീശാസ്ത്രവിജ്ഞാനീയ ത്തിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്ക് സാധുത കൽപ്പിക്കാൻ ആകും. 'നാം ഒരു പ്രവൃത്തി ചെയ്യുമ്പോൾ സക്രിയമാക്കപ്പെടുന്ന ചില മസ്തിഷ്കകോശങ്ങൾ അതേ പ്രവൃത്തി മറ്റൊരാൾ ചെയ്യുന്നത് കണ്ടാലും സമാനമായി സക്രിയമാക്കപ്പെടുന്നുണ്ട്. ഇവയാണ് ദർപ്പണനാഡീകോശങ്ങൾ (Mirror neurones). മറ്റൊരാളുടെ ദുഃഖവും സന്തോഷവും ആവേശവും കണ്ടുനിൽക്കുന്ന നമുക്ക് സമാനമായ വികാരം ഉണ്ടാകുന്നതിന്റെ രഹസ്യം ഈ നാഡീകോശങ്ങളാണ്. നമ്മിൽ തന്മയീഭാവവും (empathy) സഹതാപവുമൊക്കെ ജനിപ്പിക്കുന്ന ഇത്തരം കോശങ്ങൾ സാമൂഹികബന്ധങ്ങളിൽ നിർണ്ണായകമാണ്[3]. ഇത്തരത്തിൽ നോക്കുകയാണെങ്കിൽ സാഹിത്യത്തിൽ ആവിഷ്കരിക്കപ്പെടുന്ന ആശയപ്രപഞ്ചത്തെ മനുഷ്യമസ്തിഷ്കം ആകിരണം ചെയ്യുന്നതായി കാണാം. ഗ്രീക്ക് പുരാണത്തിൽ ഓഷ്യാനസ് പ്രോമിത്യൂസിനോട് ഇപ്രകാരം പറയുന്നുണ്ട്' 'words are the physician of the mind deceased' വാക്ക് രോഗബാധിതമായ മനസ്സിന്റെ വൈദ്യനാണ്.

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ 'ലക്ഷ്മണോപദേശം' എന്ന ഭാഗം വിശകലനം ചെയ്യാം. ശ്രീരാമന്റെ പട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ ലക്ഷ്മണന്റെ കോപം ശമിപ്പിക്കുന്ന ശ്രീരാമന്റെ വാക്കുകളിൽ ക്രോധം എന്ന രോഗത്തെ ശമിപ്പിക്കുന്ന തെറാപ്യൂട്ടിക്ക് അംശങ്ങൾ കാണാം.

'ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം നൃണാം സംസാരബന്ധനം
ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം'[4]

ക്രോധം മൂലം മനോദുഃഖമുണ്ടാകുന്നു. ധർമക്ഷയത്തിന് കാരണമാകുന്നതും ക്രോധമാണ്. അതിനാൽ അറിവുള്ളവർ ക്രോധം ഉപേക്ഷിക്കണമെന്ന കാവ്യത്തിലെ ഉദ്ബോധനത്തിൽ ചില മനഃശാസ്ത്ര വസ്തുതകൾ കാണാം. ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചും എഴുത്തച്ഛൻ പ്രസ്താവിക്കുന്നുണ്ട്. ക്രോധം മനുഷ്യനിലെ ഊർജ്ജത്തെ ഇല്ലാതാക്കുന്നു അത് മനുഷ്യനിൽ ഉൾക്കൊള്ളുന്നതായ ആത്യന്തിക ചൈതന്യത്തെയും ഇല്ലാതാക്കുന്നു. അഗ്നിയാൽ ചുട്ടുപഴുത്ത ലോഹത്തിൽ ജലകണിക വീഴുമ്പോൾ എന്ത് സംഭവിക്കുമോ അതുപോലെ ക്ഷണനേരം കൊണ്ട് നശിക്കുന്നതാണ് മർത്ത്യജന്മം. ഡയാന ഹെഡ്ജിന്റെ 'Potery Therapy And Emotional Life' എന്ന പുസ്തകത്തിൽ ക്രോധത്തിന്റെ ദോഷകരമായ ഘടനയെ കുറിച്ച് പറയുമ്പോൾ വില്യം ബ്ലേക്കിന്റെ 'A poison Tree' എന്ന കവിതയെ ഉദ്ധരിക്കുന്നുണ്ട്.

'I was angry with my friend:
I told my wrath, my wrath did end.
I was angry with my foe:
I told it not, my wrath did grow.'[5]

ഉള്ളിലടക്കുന്ന ക്രോധം മറ്റൊരു രീതിയിൽ മനുഷ്യൻ പുറപ്പെടുവിക്കും. 'കോപമാകുന്നത് വിത്തെന്നറിയണം' എന്ന് എഴുത്തച്ഛൻ പറഞ്ഞതിന്റെ ആന്തരാർത്ഥം ഇതുതന്നെയാണ്. സൈക്കോളജിസ്റ്റായ ബ്രണ്ടൻ മൂണി (Brendan Mooney) ക്രോധത്തിന്റെ സൈദ്ധാന്തിക പരിസരങ്ങളെ വിശദമാക്കുന്നുണ്ട്. ക്രോധത്തിന്റെ ഉൽപ്പത്തി ദ്വിതീയ (Secondary)തലത്തിലാണ് സംഭവിക്കുന്നതെന്ന് ഇദ്ദേഹം നിരീക്ഷിക്കുന്നു. പ്രാഥമികമായി മുറിവേൽക്കപ്പെട്ട വികാരത്തിൽ നിന്നാണ് (Hurt Emotion) ഇതു ഉണ്ടാക്കുന്നത്. ഇത് സമ്മർദ്ദം ഉണ്ടാക്കുന്ന ഹോർമോണുകളുടെ (Stress Hormones) പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നു. ഉയർന്ന രക്തസമ്മർദ്ദം മുതൽ പ്രതിരോധശേഷിക്ക് തകരാറ് സംഭവിക്കുന്നതിനുവരെ ഇത് കാരണമാകുന്നു. ക്രോധത്തെ ചികിത്സിക്കേണ്ടുന്നതിന്റെ ആദ്യപടി എന്നത് അബോധത്തിൽ മുറിവേൽക്കപ്പെട്ട വികാരത്തെ ചികിത്സിക്കുക എന്നതാണ്. രാമൻ ലക്ഷ്മണന്റെ അബോധത്തിൽ നടത്തുന്ന ചികിത്സയാണ് യഥാർത്ഥത്തിൽ ലക്ഷ്മണസാന്ത്വനം.

സാഹിത്യചികിത്സയുടെ (Literary Therapy) സാംസ്കാരിക പരിസരങ്ങൾ പരിശോധിച്ചാൽ ആദ്യഘട്ടത്തിൽ സാഹിത്യം ഉൾക്കൊണ്ടിരിക്കുന്ന ലക്ഷ്യം സാമൂഹിക ചികിത്സയുടേതായിരുന്നു (SocialTherapy). അത് അനുവാചകനെ ഉദ്ബോധിപ്പിക്കുന്നു. സാമൂഹികമായി വ്യാപിച്ചുകിടക്കുന്ന പ്രബലപ്രത്യയശാസ്ത്രങ്ങളുടെയും അയിത്തത്തിന്റെയും ചിന്താമണ്ഡലങ്ങളെയാണ് സാഹിത്യം ചികിത്സിച്ചിരുന്നത്. വ്യക്തിഗതമായി

പരിവർത്തനോന്മുഖമായ മാറ്റത്തിന്റെ പ്രത്യയശാസ്ത്രത്തെ സാഹിത്യം നൽകിക്കൊണ്ടേയിരുന്നു. നവോത്ഥാന കാലഘട്ടത്തിനു മുൻപുള്ള ഭക്തിപ്രസ്ഥാനത്തെ ഈ പശ്ചാത്തലത്തിലാണ് വിലയിരുത്തേണ്ടത്. ആധുനികതയിൽ സാഹിത്യം വ്യക്തികേന്ദ്രീകൃതമാകുന്നു. വ്യക്തയിൽ അധിഷ്ഠിതമായി വേണം സാഹിതീയ ചികിത്സയെ ഈ ഘട്ടത്തിൽ വിലയിരുത്തേണ്ടത്. മനോഘടനയ്ക്കും ആന്തരിക ചോദനകൾക്കും ഈ ഘട്ടത്തിൽ പ്രാധാന്യമേറുന്നു. ഒന്നാംലോക മഹായുദ്ധം (1914–18) മനുഷ്യനിൽ സൃഷ്ടിച്ച ശൂന്യത, നിരാശ എന്നിവയാണ് ആധുനികതയെ രൂപപ്പെടുത്തിയത്. ആധുനികതയുടെ പ്രധാന ചലനമായി മാറിയ തത്വചിന്തകളാണ് ഫ്രോയിഡിയൻ മനശാസ്ത്രവും മാർക്സിന്റെ സോഷ്യലിസ്റ്റ് ആശയങ്ങളും. തെറാപ്യൂട്ടിക് ഘടകങ്ങളുടെ അംശത്തെ ഈ ഘട്ടത്തിൽ അടയാളപ്പെടുത്തുന്നതിനായി നരേറ്റീവ് മെഡിസിന്റെ സാധ്യതകളിലൂന്നി ചില കവിതകളെ വിശകലനം ചെയ്യാം.

## നരേറ്റീവ് മെഡിസിൻ: രോഗിയുടെ മനോഘടന

രോഗിയും ഭിഷഗ്വരനും ഒന്നുചേരുന്ന ചികിത്സ എന്ന പ്രക്രിയയിലെ മരുന്ന് എന്നത് പ്രാഥമികമായി ഇവർക്കിടയിലെ ആഖ്യാനമാണ് (Narration). രോഗവിവരം രോഗി പറയുന്നതും ഡോക്ടർ അത് ശ്രദ്ധാപൂർവ്വം കേൾക്കുന്നതും ചികിത്സയുടെ ഭാഗമാണ്. ഇവിടെ മരുന്ന് എന്നത് ഡോക്ടർ ഭാഷണത്തിലൂടെ സൃഷ്ടിക്കുന്ന അന്തരീക്ഷം കൂടിയാണ്. അത് രോഗിയെ സ്വാധീനിക്കുന്നു. ഈ ഭാഷണഘടകം തന്നെയാണ് സാഹിത്യത്തിലും കാണുന്നത്. ആർതർ ക്ലയിൻമാൻ ആണ് നറേറ്റീവ് മെഡിസിന്റെ ഉപജ്ഞാതാവ്. അദ്ദേഹം The Illness Narrative എന്ന പുസ്തകത്തിൽ 'രോഗിയുടെ കഥകൾ കേൾക്കുന്നത് ഒരു നേരമ്പോക്കല്ല അതുതന്നെയാണ് ഔഷധ വിദ്യയുടെ കേന്ദ്രം'[6] എന്ന് പറയുന്നുണ്ട്. രോഗിയിൽ ഡോക്ടർക്കുണ്ടാകുന്ന സഹാനുഭൂതിയും അനുകമ്പയും ചികത്സ എന്ന പ്രക്രിയയെ ത്വരിതപ്പെടുത്തുന്നു.

ആഖ്യാനം സാഹിത്യത്തിന്റെ രീതിശാസ്ത്രമാണ്. ഭാഷയിലൂടെ മനസ്സ് തന്നെയാണ് പ്രതിഫലിക്കുന്നത്. വ്യാഖ്യാനസവിശേഷതകളെ രോഗീപരിചരണവുമായി ബന്ധിപ്പിക്കുന്ന പ്രക്രിയയാണ് 'നരേറ്റീവ് മെഡിസിൻ' എന്ന പഠന ശാഖ. പി. കെ രാജശേഖരൻ നായരുടെ വൈദ്യം സാഹിത്യമാകുമ്പോൾ എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നുണ്ട്. 'ഒരു പൂർണ്ണ ശുശ്രൂഷകനാകാൻ ശാസ്ത്രജ്ഞാനം മാത്രം പോരാ രോഗികളെ മനസ്സിലാക്കാനുള്ള സഹാനുഭൂതിയും സന്മനസ്സും ഉണ്ടാവണം. യഥാർത്ഥത്തിൽ സാഹിത്യം യഥാതഥമായി മനുഷ്യജീവിതങ്ങളെ ആവിഷ്കരിക്കുന്നു. ഉപബോധമനസ്സിലെ അന്തസംഘർഷങ്ങൾ സാഹിത്യഭാവനയിൽ കാണാം. ഇത് മാനുഷികമായ ചികിത്സാ പ്രക്രിയ ത്വരിതപ്പെടുത്തുന്നുണ്ട്"[7]

ഒളപ്പമണ്ണയുടെ (ഒളപ്പമണ്ണ സുബ്രമണ്യൻ നമ്പൂതിരിപ്പാട് 1923–2000) 'സുഖമാകുക ദുഃഖം' എന്ന കവിത പരിശോധിക്കാം. ആശുപത്രിവാസം സൃഷ്ടിക്കുന്ന ശൂന്യതയാണ് കവി ആവിഷ്കരിക്കുന്നത്

രണ്ടു രാത്രികളിന്നു മോർക്കുന്നേൻ,
സുഖനിദ്ര കൊണ്ട രാത്രികൾ!
വീണ്ടും 'പെത്തിഡിൻ ചോദിക്കുമ്പോൾ,
പരിചാരിക മൂന്നാം രാത്രിയിൽ പറയുന്നു
പതിവായ്ത്തീർന്നാലിതും ദുഃഖമാകുന്നു പിന്നെ!
ദുഃഖമാവുക! മറ്റൊരർത്ഥത്തിൽ
കേട്ടേൻ, ഞാനിതുൾക്കൊണ്ടേൻ:
പരിശുദ്ധ ദുഃഖമാവുക ധർമ്മം![8]

ആശുപത്രിവാസം സൃഷ്ടിച്ച ശൂന്യത ഇതിലെ വരികളിൽ പ്രകടമാണ്. നിഷ്ക്രിയത്വം രോഗിയുടെ വേദന തീവ്രമാക്കുന്നു. ഈ ജീവിതദുഃഖത്തിന്റെ തീക്ഷ്ണതയിലാണ് വാക്കിനും വരിക്കും ഇടയിലെ ശൂന്യതയുടെ ഗർത്തത്തെ തിരിച്ചറിയാൻ കഴിയുന്നത്. ഇവിടെ രോഗം കേവലം ശാരീരികമല്ല, മാനസികം കൂടിയാണ്. മരണം മാത്രമാണ് ശാശ്വതമായ സമാധാനമെന്നും പെത്തിഡിന്റെ പ്രവർത്തനം ക്ഷണികമാണെന്നുമുള്ള രോഗിയുടെ മനസ്സിലാക്കലുകൾ ഇവിടെ കാണാം. രോഗവേദനയേക്കാൾ രോഗി കടന്നുപോകുന്ന അവസ്ഥയാണ് ഡോക്ടർ മനസ്സിലാക്കേണ്ടത്. രോഗിക്കും ഡോക്ടർക്കും ഇടയിലെ പരിസരം (Environment) പ്രധാനപ്പെട്ടതാണ്. ഈ പരിസരത്തെ മനസ്സിലാക്കുന്നതിന് സാഹിത്യരംഗത്തെ ഉപയോഗപ്പെടുത്താം. തെളിവുകൾ അടിസ്ഥാനമാക്കിയുള്ള രോഗനിർണയത്തിൽ (evidence-based diagnosis) രോഗിയുടെ സ്ഥിതിവിവരങ്ങളെ കേൾക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി 1950കളിൽ ഹംഗേറിയൻ ഡോക്ടറായിരുന്ന മിഷേൽ ബാലിന്റ് വിശദമാക്കിയിട്ടുണ്ട്. (The Doctor, His patient and the Illness എന്ന പുസ്തകത്തിലൂടെ), ബാലിന്റ് ഗ്രൂപ്പ് എന്നൊരു പ്രസിദ്ധ കൂട്ടായ്മ തന്നെ അക്കാലത്തുണ്ടാവുകയും, അനേകം ജനറൽ ഭിഷഗ്വരർ ആഴ്ചയിലൊരിക്കൽ ഒത്തുകൂടി അവരുടെ അനുഭവങ്ങൾ ചർച്ചചെയ്യുകയും ചെയ്യുന്നതാണ് ഈ കൃതിയുടെ ഉള്ളടക്കം. 'ഔഷധമെന്നത്, കേവലം ഭൗതികവസ്തുമാത്രമല്ല അത് നൽകുന്ന അന്തരീക്ഷം കൂടിയാണ്. ആ അന്തരീക്ഷത്തെ രോഗശമനത്തിനുവേണ്ടി സജ്ജമാക്കുന്ന തിനുള്ള വൈദഗ്ദ്ധ്യമാണ് ഡോകടർ സ്വായത്തമാക്കേണ്ടത്. അത്തരക്കാരെ റിത ഷാരോൺ വിളിച്ചത് Narrative Practitioners എന്നാണ്.

മറ്റൊരു കവിത പരിശോധിക്കാം. 'രാത്രിമഴ' എന്ന സുഗതകുമാരിയുടെ (1934 – 2020) കവിതയിൽ മനോഘ്നനയുടെ ആവിഷ്ക്കരണ സാധ്യത കാണാൻ കഴിയും. രാത്രി മഴയായി പെയ്തിറങ്ങുന്ന കവയിത്രിയുടെ രോഗാതുരമായ മനസ്സിന്റെ സംഘർഷത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ആരോ പറഞ്ഞു
മുറിച്ചു മാറ്റാം കേടു
ബാധിച്ചോരവയവം;
പക്ഷെ,കൊടും കേടു
ബാധിച്ച പാവം മനസ്സോ?[9]

രോഗാവസ്ഥ തീവ്രമാക്കുന്ന അന്ത:സംഘർഷം ഈ കവിതയിൽ കാണാം. കേടു ബാധിച്ച അവയവത്തേക്കാൾ പരിചരണം ആവശ്യമായത് കേടു ബാധിച്ച മനസിനാണ്. ഈ ചികിത്സ ആന്തരികമായ പ്രക്രിയ ആകുന്നു. ആന്തരികമായി പ്രാഥമികമമതയാണ് (Primary Attachment) ഇവിടെ രോഗി ആഗ്രഹിക്കുന്നത്. മനസ്സിന്റെ പരിചരണമാണ് ഇവിടെ ആവശ്യം. ഈ ആശ്രയത്വം തെറാപ്പ്യൂട്ടിക്കാണ്. കേടുബാധിച്ച അവയവത്തെ മുറിച്ചുമാറ്റാൻ ആകും എന്നാൽ രോഗാതുരമായ മനസ്സിന്റെ മരുന്ന് ആർദ്രമായ പരിചരണം മാത്രമാണ്. കവിയുടെ മാനസികതലം രാത്രി മഴ പോലെ ആർത്തുലയുന്നതു കാണാം. പൂർവകാലത്തിലേക്കുള്ള ഓർമ്മയുടെ ഇരമ്പൽ 'രാത്രിമഴ' എന്ന പ്രതീകത്തെ എങ്ങനെ ബോധമനസ്സ് പ്രതിനിധാനം ചെയ്യുന്നുവെന്ന് മനസ്സിലാക്കാൻ ഉപകരിക്കുന്നു.

'രാത്രിമഴ, ഇന്നെന്റെ
രോഗോഷ്ണശയ്യയിൽ,
വിനിദ്രയാമങ്ങളി
ലിരുട്ടില് തനിച്ചു കര
യാനും മറന്നു ഞാ
നുഴലവേ,ശിലപോലെ
യുറയവേ ദുഃഖസാക്ഷി.'[10]

'രാത്രിമഴ' എന്ന ബിംബം രണ്ടു തരത്തിൽ കവിതയിൽ കടന്നു വരുന്നുണ്ട്. ഉപബോധ മനസ്സിൽ അന്തർലീനമായി കിടക്കുന്ന ആനന്ദത്തിന്റെ ഘടകങ്ങളും (pleasure elements) അവ നഷ്ടപ്പെടുമ്പോഴുള്ള ആന്തരസംഘർഷങ്ങളും 'രാത്രിമഴ' എന്ന പ്രതീകത്തിൽ കാണുന്നുണ്ട്. യഥാർത്ഥത്തിൽ ഇത്തരം രോഗാവസ്ഥയിൽ രോഗിക്ക് ആവശ്യമായതെന്ത് എന്ന് മനസ്സിലാക്കുന്നതിന് ചികിത്സകൻ രോഗിയുടെ അബോധതലത്തെ സൂക്ഷ്മമായി വീക്ഷിക്കേണ്ടതുണ്ട്. ഇവിടെ ചികിത്സിക്കേണ്ടത് അബോധത്തെയാണ്. വർത്തമാനത്തെ ബാധിക്കുന്ന ഭൂതത്തിന്റെ മുറിവുകളെ പരിചരിക്കുകയും രോഗിയുടെ മനസ്സിൽ ശക്തമായ ഈഗോ (tSrong ego) രൂപപ്പെടുത്തുകയും ആണ് ഒരു തെറാപ്പിസ്റ്റ് ചെയ്യേണ്ടത്

വൈലോപ്പിള്ളി ശ്രീധരമേനോൻ (1911-1985) എഴുതിയ 'കത്തിയും മുരളിയും' എന്ന കവിത ഉദാഹരിക്കാം. വൈയക്തികമായി ആഗ്രഹിക്കുന്ന മമതയുടെ സൗമ്യതയാണ് 'കത്തിയും മുരളിയും' എന്ന വൈലോപ്പിള്ളിയുടെ കവിത ആവിഷ്കരിക്കുന്നത്. ആശുപത്രിവരാന്തയിലെ പരിചാരികമാരുടെ കാൽപ്പെരുമാറ്റം മാത്രം കേൾക്കുന്ന അന്തരീക്ഷത്തിൽ ശസ്ത്രക്രിയ ചെയ്ത തന്റെ ഉദരത്തിന്റെ വേദനയാൽ മുഖരിതമായ അന്തരീക്ഷത്തിൽ ഡോക്ടർ നൽകുന്ന ആശ്രയത്വം തെറാപ്യൂട്ടിക്കാണ്.

'കത്തിയാൽ, മരുന്നിനാൽ
മാറാത്ത നോവും മാറ്റാ
നൊത്തിടാമൊരുത്കൃഷ്ട
ഭാവഹർഷത്താൽ മാത്രം.'[11]

വേദനസംഹാരിയായി ഡോക്ടർ നൽകുന്ന പരിചരണം മുരളിയുടെ സംഗീതമാണ്. രോഗിയുടെ വേദന ശമിപ്പിക്കുക എന്നത് കേവലമായ ബാഹ്യപരിചരണം മാത്രമല്ല എന്നും മരുന്നിനാൽ മാറാത്ത വേദന ഉൽകൃഷ്ടമായ ഭാവകർഷത്താൽ മാറ്റാൻ കഴിയും എന്ന പ്രാഥമിക മമതയുടെ (Primary Attachment) തത്ത്വമാണ് കവി ഇവിടെ ആലേഖനം ചെയ്യുന്നത്. രോഗചികിത്സയിൽ ഡോക്ടറിൽ നിന്ന് രോഗിക്കു കിട്ടേണ്ട ഒന്നാമത്തെ ഘടകമാണിത്. രോഗചികിത്സയുടെ ആദ്യ സമാഗമത്തിൽത്തന്നെ ഡോക്ടറെന്ന 'അപരിചിതൻ നൽകുന്ന ദയ' (kindness of stranger) രോഗിയെ സാന്ത്വനിപ്പിക്കുന്നു. തന്റെ വേദനയെ ശമിപ്പിക്കുന്നതിനുള്ള പാതയുടെ തുടക്കമായി അത് രോഗിയിൽ അനുഭവപ്പെടുന്നു. ഇതുണ്ടാവണമെങ്കിൽ, തെറാപ്പിസ്റ്റിന് രോഗിയുടെ ആന്തരമനസ്സിലേക്കു പ്രവേശിക്കാനാവണം. മ്യൂസിക് തെറാപ്പിയുടെ (Music therapy) ചില സാധ്യതകളും ഈ കവിതയിൽ അന്തർഭവിച്ചിരിക്കുന്നുവെന്ന് സൂക്ഷ്മമായ വിശകലനത്തിൽ മനസ്സിലാക്കാം. അമേരിക്കൻ മനഃശാസ്ത്രജ്ഞനായ ഡോ.ജെയിംസ് ബി വാൻസ് ആവിഷ്കരിച്ച സംഗീതചികിത്സ രോഗിയുടെ മനോനില മെച്ചപ്പെടുത്തുന്നതിന് ഏറെ സഹായകമാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കർണ്ണാടകസംഗീതത്തിലെ ചില രാഗങ്ങളും പാശ്ചാത്യസംഗീതത്തിലെ ചില തന്ത്രങ്ങളും മനഃശാസ്ത്ര നിർദ്ദേശങ്ങളും അനുസരിച്ച് രൂപകല്പനചെയ്ത സംഗീതം ഇതിനു പ്രചാരം നേടിയിട്ടുണ്ട്.

സാഹിതീയചികിത്സാശാസ്ത്രത്തെ കാവ്യഭാവുകത്വത്തെ അടിസ്ഥാനപ്പെടുത്തി പഠനവിധേയമാക്കുമ്പോൾ ഇന്ദ്രീയാനുഭൂതിയുടെ വിവിധ ഘടകങ്ങളെ സമന്വയിപ്പിക്കുന്ന തെറാപ്പിയുടെ വിവിധ വൈജ്ഞാനിക മേഖലകളെ ഉപയോഗപ്പെടുത്താം. ഇതിന് കവിത ഒരു മാധ്യമമായി ഉപയോഗിക്കാം. രോഗബാധിതമായ കോശം ഇല്ലാതാക്കുന്ന വൈദ്യ ശാസ്ത്രപ്രക്രിയപോലെ സാഹിത്യം മനുഷ്യന്റെ മാനസികതലങ്ങളെ ചികിത്സിക്കുന്നു. ഇങ്ങനെ സാഹിത്യത്തെ ഒരു അന്തർവൈജ്ഞാനിക മേഖലയായി വീക്ഷിച്ചാൽ കേവലമായ ആസ്വാദ്യതയല്ല മനുഷ്യന്റെ അബോധത്തെ പോലും സ്വാധീനിക്കുന്ന ഒരു വൈദ്യശാസ്ത്രരൂപമായി സാഹിത്യം പ്രവർത്തിക്കുന്നു എന്ന് മനസിലാക്കാം. ശബ്ദം ഒരു ഊർജ്ജരൂപമാണ്. ശബ്ദാർത്ഥങ്ങളിൽ നിന്ന് രൂപപ്പെടുന്ന സാഹിത്യം മറ്റൊരു ഊർജ്ജമായി പരിവർത്തനം ചെയ്യപ്പെടുന്നു. കാവ്യാത്മകമായ ഭാഷ രൂപപ്പെടുത്തുന്ന സർഗ്ഗാത്മകഭാവനയിലെ തെറാപ്യൂട്ടിക്ക് അംശങ്ങളെ വിലയിരുത്തിയാൽ അവ വൈദ്യശാസ്ത്രമാനവികതയുടെ ആശയങ്ങളെ ഉൾക്കൊള്ളുന്നു എന്ന് മനസിലാക്കാം.

## കുറിപ്പുകൾ:


1. *രാമചന്ദ്രൻ, വി എസ്., മസ്തിഷ്കം കഥ പറയുന്നു. വിവ., രവിചന്ദ്രൻ സി., കോട്ടയം: ഡിസി ബുക്സ്, 2016 പുറം: 471*
2. *എം.എ. സിദ്ധിക്ക്, ലിറ്ററി തെറാപ്പി, 2023 പുറം :10*
3. *രാമചന്ദ്രൻ, വി എസ്., മസ്തിഷ്കം കഥ പറയുന്നു. വിവ., രവിചന്ദ്രൻ സി., കോട്ടയം: ഡിസി ബുക്സ്, 2016 പുറം:12*
4. *ശ്രീമദ്ഭഗവദ്ഗീത(മലയാളം) (അർത്ഥസഹിതം)http://hinduebooks.blogspot.com പുറം: 163*


ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

5. *https://silo.tips/download/potery-as-therapy-by-perie-j-longo-phd-lmft-tpr-registered-potery-therapist*
6. *എം.എ. സിദ്ധിക്ക്, ലിറ്ററി തെറാപ്പി, 2023 പുറം: 70*
7. *എം.എ. സിദ്ധിക്ക്, ലിറ്ററി തെറാപ്പി, 2023 പുറം:16*
8. *ഒളപ്പമണ്ണ, ഒളപ്പമണ്ണയുടെ സമ്പൂർണ്ണ കവിതകൾ, കോഴിക്കോട്: മാതൃഭൂമി ബുക്ക്സ്, 2014, പുറം:708*
9. *സുഗതകുമാരി, സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, കോട്ടയം:ഡി.സി ബുക്ക്സ്, 2006, പുറം:320*
10. *സുഗതകുമാരി, സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, കോട്ടയം:ഡി.സി ബുക്ക്സ്, 2006, പുറം:320*
11. *മേലത്ത് ചന്ദ്രശേഖരൻ, വൈലോപ്പിള്ളി കവിത, കോട്ടയം:സാഹിത്യപ്രവർത്തക സഹകരണ സംഘം,1977. പുറം: 143*

## ഗ്രന്ഥസൂചി


1. *അപ്പൻ, കെ. പി, രോഗവും സാഹിത്യഭാവനയും, കോട്ടയം: ഡി.സി ബുക്സ്, 2004.*
2. *ഗിരീഷ്, പി. എം, സാഹിത്യവായനയുടെ ജീവശാസ്ത്രം, തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, 2023*
3. *രാമചന്ദ്രൻ, വി എസ്, മസ്തിഷ്കം കഥ പറയുന്നു, വിവ. രവിചന്ദ്രൻ സി, കോട്ടയം: ഡിസി ബുക്സ്, 2016*
4. *ലീലാവതി, എം, കവിതയും ശാസ്ത്രവും, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2005*
5. *സിദ്ധിക്ക്, എം.എ, ലിറ്ററി തെറാപ്പി, ലോഗോസ് ബുക്ക്സ്, 2024*
6. *Holmes, Jeremy. The Therapeutic imagination: Using Literature to Deepen Psychodynamic Understanding and Enhance Empathy, Routledge, 2014.*
7. *Hedges, Diana. Potery, Therapy and Emotional Life, New York: Radcliffe Publishing, 2013*
8. *Rubin, Theodore. Isaac. The angry book. canada: The Macmillan Company Collier-Macmillan Canada Ltd. Toronto, Ontario. 1969*
9. *ജോസഫ് സ്കറിയ (ഡോ.), ഇന്ദ്രിയാനുഭവങ്ങളും ഭാഷയും, ഭാഷാപോഷിണി, 47,4 (ഏപ്രിൽ 2023), 30–35*

# അവതാരികകൾ: സാഹിത്യ ചരിത്രത്തിലെ ദിശാസൂചികകൾ

## (തെരഞ്ഞെടുത്ത അവതാരികകളെ ആധാരമാക്കി ഒരു പഠനം)

**ഡോ. എം. രാമചന്ദ്രൻ പിള്ള**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം,
ഗവ. കോളേജ് നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

പുസ്തകങ്ങൾക്ക് അവതാരികകൾ അത്യാവശ്യമല്ല. ആദ്യകാലത്ത് വായനക്കാരന് ഗ്രന്ഥപാരായണത്തിന് ഒരു സഹായി എന്നതായിരുന്നു അവതാരികാധർമ്മം. ഈ സ്വഭാവം പലപ്പോഴും, പ്രത്യേകിച്ച് ആധുനിക ഘട്ടത്തിൽ, അവതാരികകൾ കൈവെടിഞ്ഞു. കൃതി ചരിത്രത്തോട് നീതിപുലർത്തുന്നുണ്ടോ എന്ന് ചരിത്രത്തിൽ വേരൂന്നിനിന്നുകൊണ്ടുള്ള അന്വേഷണം അവതാരികകളിൽ പലപ്പോഴും കടന്നുവരുന്നുണ്ട്. ഈ അന്വേഷണങ്ങളിലെ ജൈവികതയും സത്യസന്ധതയും മൂലം ചില ഘട്ടങ്ങളിൽ കൃതിയെക്കാൾ പ്രാധാന്യം അവതാരികകൾക്ക് കൈവരികപോലും ഉണ്ടായി. സാഹിത്യചരിത്രത്തിലെ ചില സവിശേഷ സന്ദർഭങ്ങളിൽ ഉറച്ച നിലപാടുകളുമായി നിന്ന എഴുത്തുകാരെ അവരുടെ സാഹിത്യജീവിതത്തിന്റെ ഏതാണ്ട് തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞ അവതാരികകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ആ വിധത്തിലുണ്ടായ അവതാരികകൾ എന്ന നിലയിൽ കുമാരനാശാന്റെ 'നളിനി', വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കന്നിക്കൊയ്ത്ത്' സാറാജോസഫിന്റെ 'പാപത്തറ' എന്നീ കൃതികളുടെ അവതാരികകളെ പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

***താക്കോൽവാക്കുകൾ:*** ഭാവുകത്വപരിണാമം, പ്രതീകവല്കരണം, പരിവർത്തനഘട്ടം, സാഹിത്യമൂല്യം, സാഹിത്യചരിത്രമൂല്യം, ബഹുസ്വരത, കാവ്യമർമ്മം, ചരിത്രഭാരം.

സാഹിത്യത്തിൽ ശ്രദ്ധേയമായ ഒരു രചനാരൂപത്തിന്റെ അസ്തിത്വം കൈവരിച്ചവയാണ് അവതാരികകൾ. സാഹിത്യത്തെ പൊതുവെയും സാഹിത്യരൂപങ്ങളെ പ്രത്യേകമായും പഠനവിധേയമാക്കുന്നതിന് അവതാരികകൾ നല്കുന്ന സഹായം ചെറുതല്ല. ഭാഷാ ആഖ്യാന സവിശേഷതകളെയും, സാഹിത്യസാമൂഹ്യ പ്രവണതകളെയും സാഹിത്യ ചരിത്ര രചനയുടെ ഭാഗമായി അന്വേഷിക്കുമ്പോഴും അവതാരികകൾ പ്രാമാണ്യ രേഖ കളായി പരിഗണിക്കപ്പെട്ടിട്ടുണ്ട്. ആ നിലയ്ക്കെല്ലാം സാഹിത്യമൂല്യവും സാഹിത്യചരിത്ര മൂല്യവുമുള്ളവയാണ് അവതാരികകൾ.

## നിർവ്വചനവും അർത്ഥവ്യാപ്തിയും

'ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുകയും അവയുടെ ഉള്ളടക്കത്തിലേക്ക് വായനക്കാരെ നയിക്കുകയും ചെയ്യുന്നതിനായി ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിന് മുന്നോടിയായി നല്കുന്ന ചെറുതും വലുതുമായ കുറിപ്പുകളാണ് അവതാരിക' എന്ന് അവതാരികകൾ സാമാന്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്[1]. ഇത് തയ്യാറാക്കുന്നത് പ്രസ്തുത വിഷയത്തെ വായനക്കാരുടെ മുന്നിൽ അവതരിപ്പിക്കാൻ ശേഷിയുള്ള മറ്റൊരു എഴുത്തുകാരനായിരിക്കും. കൃതിയുടെ രചനാപരമായ സവിശേഷതകളെയും ഉള്ളടക്കത്തിന്റെ ഗുണഗണങ്ങളെയും പുസ്തകം മുന്നോട്ടു വയ്ക്കുന്ന ആശയങ്ങളെയും സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരു പഠനക്കുറിപ്പു കൂടിയാണിത്. എന്നിങ്ങനെ നിർവ്വചനത്തിന്റെ അനുബന്ധ വിശദീകരണങ്ങൾ നീളുന്നു. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ഗ്രന്ഥകാരനു തന്നെ അവതാരികയും എഴുതാം എന്ന് സൂചിപ്പിക്കുന്നുണ്ട്. ഈ സമ്പ്രദായം പാശ്ചാത്യരിൽ നിന്ന് നാം സ്വീകരിച്ചതാണ് എന്നും അദ്ദേഹം നിരീക്ഷിക്കുന്നു[2]. എന്നാൽ ഗ്രന്ഥകാരൻ എഴുതുന്ന കുറിപ്പിനെ സൂചിപ്പിക്കാൻ മലയാളത്തിൽ മുഖവുര എന്ന പദമാണ് ഉപയോഗിച്ചു വരുന്നത്. Introduction, Prelude, Preamble, Prologue, Proem എന്നീ പദങ്ങൾ ഇംഗ്ലീഷിൽ ആമുഖം, മുഖവുര എന്നീ രണ്ടർത്ഥത്തിലും പ്രയോഗിക്കുന്നവയാണ്. അവതാരിക എന്ന അർത്ഥത്തിൽ മലയാളികൾക്ക് കൂടുതൽ പരിചിതമായ ഇംഗ്ലീഷ് പദം Introduction ആണ്. മുഖവുര എന്ന അർത്ഥത്തിൽ Foreword, Preface എന്നീ പദങ്ങളും.

'അവ' എന്ന സംസ്കൃത ഉപസർഗ്ഗത്തിന്റെ പല അർത്ഥങ്ങളിൽ ഒന്ന് 'മുമ്പ്' എന്നാണ്. അതിനോടൊപ്പം തോണി, ചങ്ങാടം എന്നെല്ലാം അർത്ഥമുള്ള 'താരിക' (തരണം ചെയ്യാൻ സഹായിക്കുന്നതിനാൽ) എന്ന പദം ചേർത്തുണ്ടാക്കിയതാണ് അവതാരിക എന്ന പദം. സാഹിത്യകൃതിയെ തരണം ചെയ്യാൻ സാധാരണ വായനക്കാരനെ സഹായിക്കുന്നത് എന്നാണ് വിവക്ഷ. അവതാരികകളുടെ വ്യാഖ്യാന സ്വഭാവം ധ്വനിപ്പിക്കുന്നതാണ് ഈ അർത്ഥകല്പന. പലപ്പോഴും അവതാരികകൾ ആ ധർമ്മം നിറവേറ്റാറില്ലെങ്കിലും.

നിയമം പാലിക്കലല്ല, നിയമം ലംഘിക്കലാണ് മിക്ക സാഹിത്യകലാരൂപങ്ങളെയും എന്നതു പോലെ അവതാരികകളെയും സർഗാത്മക സൃഷ്ടികളായി ഉയർത്തുന്നത്. കേവലവ്യാഖ്യാനം എന്ന സ്വധർമ്മം മറന്നിട്ടോ ഉപേക്ഷിച്ചിട്ടോ അവതാരികകൾ സർഗാത്മകതയുടെ അംശങ്ങൾ സ്വീകരിക്കാറുണ്ട്, പ്രത്യേകിച്ചും ആധുനികകാലത്ത്. സുകുമാർ അഴീക്കോട്, എം.എൻ. വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങി പല

എഴുത്തുകാരുടെയും സാഹിത്യകലാവീക്ഷണങ്ങൾക്കും സർഗാത്മകതക്കും ഇതരരചനകൾക്കൊപ്പം പ്രാധാന്യത്തോടെ അവരുടെ അവതാരികകളും വേദിയായി.

## ചരിത്രപ്രാധാന്യം

ലബ്ധപ്രതിഷ്ഠരായ എഴുത്തുകാരുടെ അവതാരികകൾ തങ്ങളുടെ കൃതികൾക്ക് ഏറ്റവും വിലപ്പെട്ട അലങ്കാരവും ബഹുമതിയുമായി മലയാളത്തിലെ എഴുത്തുകാർ കരുതിയിരുന്നു. വിശേഷിച്ചും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം ആറ്റാണ്ടിന്റെ ആരംഭത്തിലും. ജാതിയും മതവും സാമൂഹിക സാമ്പത്തികാവസ്ഥകളും സാഹിത്യ രംഗത്തെ ഭരിച്ചിരുന്ന അക്കാലത്ത് അവതാരികകൾ ലഭിക്കുക അത്ര എളുപ്പമായിരുന്നില്ല. കേരളവർമ്മ വലിയകോയിതമ്പുരാൻ, എ.ആർ. രാജരാജവർമ്മ, കൊടുങ്ങല്ലൂർ കവികൾ മുതലായ സാഹിത്യ പ്രമാണിമാരുടെ അവതാരികകൾ കൃതികളുടെ വിശേഷാഭരണമായി ചാർത്തപ്പെട്ടിരുന്നു. സാഹിത്യനായകന്മാരുടെ അവതാരികകളും മംഗളപത്രങ്ങളും ഇല്ലാത്ത കൃതികൾക്ക് പ്രസാധകരെ കിട്ടുക ഏതാണ്ട് അസാധ്യം തന്നെയായിരുന്നു. അക്കാലത്തെ ഭൂരിപക്ഷം അവതാരികകളുടെയും സാഹിത്യമൂല്യം അവ രചിക്കപ്പെട്ടത് സാഹിത്യബാഹ്യമായ പരിഗണനകളാലാണ് എന്നതിനാൽ തുച്ഛമാണ്.

പിന്നീട് പല കാലഘട്ടങ്ങളിലും പല പ്രമുഖ എഴുത്തുകാരുടെയും അവതാരികകൾ പുറത്ത് വരികയും അവയുടെ രചനയിൽ ഗ്രന്ഥകാരന്റെ ജാതി, മത, സാമൂഹ്യ പരിഗണനകളുടെ പിടി അയഞ്ഞു വരികയും ചെയ്ത നവോത്ഥാന ഘട്ടത്തോടെ അവതാരികകൾ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ട ഒരു രചനാരൂപമായി മാറി. കവിതയിൽ കാല്പനികതയുടെ തുടർച്ചയും ഗദ്യസാഹിത്യത്തിൽ റിയലിസത്തിന്റെ വളർച്ചയും അടയാളപ്പെടുത്തിയ ഘട്ടത്തിൽ അവതാരികകളും പ്രാധാന്യത്തോടെ രചിക്കപ്പെടുകയും വായിക്കപ്പെടുകയും ചെയ്തു. അച്ചടിയും പ്രസാധനവും വ്യാപകമായ ഘട്ടം കൂടിയായിരുന്നു അത്. കൃതി വിസ്മൃതിയിലാവുകയും അതിന്റെ അവതാരിക കാലങ്ങളോളം പഠനാസ്വാദനങ്ങൾക്ക് വിഷയമായിരിക്കുകയും ചെയ്യുന്ന അവസ്ഥകൾ അപൂർവമായെങ്കിലും ഉണ്ടായിട്ടുണ്ട്. കെടാമംഗലം പപ്പുക്കുട്ടി എന്ന കവിയും ആ കവിയുടെ 'കടത്തുവഞ്ചി' എന്ന കവിതാ സമാഹാരവും ഇന്ന് സാഹിത്യ വിദ്യാർത്ഥികളും ഗവേഷകരും ഓർക്കുന്നത് കേസരി ബാലകൃഷ്ണപിള്ള ആ കൃതിക്ക് എഴുതിയ അതി ദീർഘമായ അവതാരിക മൂലമാണ്. സഹൃദയലോകത്തിന്റെ സജീവ പരിഗണനയി ലില്ലാത്ത കെടാമംഗലത്തിന് കേസരി മഹാകവിപ്പട്ടം ചാർത്തിക്കൊടുത്തു. സാഹിത്യ പ്രമേയത്തെക്കുറിച്ചുള്ള തന്റെ വീക്ഷണങ്ങൾക്ക് ഒത്തുപോകുന്ന കവിത എന്നതായിരുന്നു, അതുമാത്രമായിരുന്നു കേസരിയുടെ മാനദണ്ഡം. പുരോഗമന സാഹിത്യ പ്രസ്ഥാനത്തെ അതിന്റെ എല്ലാ ന്യൂനതകളും അവഗണിച്ചുകൊണ്ട് പിന്തുണച്ച കേസരിയുടെ സാഹിത്യ വീക്ഷണങ്ങളുടെ പ്രമാണ രേഖകളിലൊന്നായി 'കടത്തുവഞ്ചി'യുടെ അവതാരിക പരിഗണിക്കപ്പെട്ടുപോരുന്നു.

## ഭാവുകത്വ വ്യതിയാനങ്ങൾ

സാഹിത്യത്തിലെ ഭാവുകത്വവ്യതിയാനങ്ങൾ വികസ്വരമായ ഏത് സമൂഹത്തിലും സംഭവിക്കുന്ന ഒന്നാണ്. രചയിതാവും ആസ്വാദകനും ഒരേസമയം പുതിയ സാഹിത്യ

പ്രവണതകളിലേക്ക് സഞ്ചരിക്കുകയും ആ വ്യതിയാനങ്ങൾ ആ ഭാഷാസമൂഹം ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് ഭാവുകത്വപരിണാമം പൂർണമാകുന്നത്. രചയിതാവ് മാത്രമോ ആസ്വാദകൻ മാത്രമോ പുതിയ പ്രവണതകളിലേക്ക് സഞ്ചരിക്കുമ്പോൾ ഭാവുകത്വവ്യതിയാനമായി അത് പരിഗണിക്കപ്പെടില്ല. ഈ പരിണാമത്തിന്റെ വേരുകൾ ആഴ്ന്നിരിക്കുന്നത് സാമൂഹ്യപരിണാമങ്ങളിലാണ്. മനുഷ്യജീവിത പരിണാമത്തിന്റെ നേർസൂചകങ്ങളാണ് സാഹിത്യത്തിലെ സമഗ്രമായ ഈ പരിണാമങ്ങൾ. ക്ലാസ്സിസം, നിയോക്ലാസിസിസം, റൊമാന്റിസിസം, റിയലിസം, മോഡേണിസം പോസ്റ്റ് മോഡേണിസം എന്നിങ്ങനെ സാഹിത്യത്തിൽ അടയാളപ്പെടുത്തപ്പെട്ട പ്രവണതകൾക്കെല്ലാം ആധാരമായ ജീവിതാവസ്ഥകളിലൂടെയും മനുഷ്യജീവിതം കടന്നു പോന്നിട്ടുണ്ട്.

ലോകം മുഴുവൻ മനുഷ്യനും മനുഷ്യജീവിതവും ഒന്നാണെന്ന് പറയാറുണ്ടെങ്കിലും അനുഭവങ്ങളുടെ അളവിൽ ഭൂപ്രദേശങ്ങൾ തമ്മിൽ സാരമായ വ്യത്യസ്തതകളുണ്ട്. കാലാവസ്ഥ, രാഷ്ട്രീയം, മതം, സാമ്പത്തിക സ്ഥിതി, ഭീകരവാദം ഇങ്ങനെ പല ഘടകങ്ങൾ മനുഷ്യന്റെ ജീവിതാവസ്ഥകളിൽ വൈവിധ്യങ്ങൾക്ക് കാരണമാകാറുണ്ട്. ആഴമുള്ള ജീവിതാനുഭവങ്ങൾ ഇല്ലാത്ത ഒരു സമൂഹത്തിന് ആഴമുള്ള സാഹിത്യാനുഭവങ്ങളും ഉണ്ടായിരിക്കില്ല. യുദ്ധം ഒരു നിത്യജീവിതാനുഭവമായ ജനതയുടെയും അതൊരു കേട്ടുകേൾവി മാത്രമായ ജനതയുടെയും സാഹിത്യത്തിൽ യുദ്ധത്തിന്റെ ചേരുവ വ്യത്യസ്തമായിരിക്കും. പുതുപ്രവണതകൾക്ക് ജീവിതത്തിൽ വേണ്ടത്ര വേരോട്ടം കിട്ടാത്ത ഒരു സമൂഹത്തിന്റെ സാഹിത്യത്തിലും പുതുപ്രവണതകൾ ദുർബ്ബലമായിരിക്കും. മലയാളകവിതയിലെ കാല്പനികത യഥാർത്ഥമല്ലെന്നും അത് പാശ്ചാത്യ കാൽപനികതയുടെ ഛായയോ അനുകരണമോ മാത്രമാണെന്നും ഉള്ള വാദങ്ങൾക്ക് അടിസ്ഥാനം ഇതാണ്[3]. പാശ്ചാത്യസമൂഹം ഉത്തരാധുനികമായി കഴിഞ്ഞപ്പോഴും കേരളീയ സമൂഹം ആധുനിക പ്രവണതകളിലേക്ക് കടക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ പാശ്ചാത്യസാഹിത്യം ഉത്തരാധുനികപ്രവണതകൾ പ്രദർശിപ്പിച്ചു തുടങ്ങുമ്പോൾ മലയാളസാഹിത്യത്തിൽ ആധുനികത പ്രവണതകൾ കടന്നുവരുന്നേയുണ്ടായിരുന്നുള്ളൂ.

ഈ വൈരുദ്ധ്യങ്ങൾക്കിടയിലും സാഹിത്യത്തിലെ പ്രധാനപ്പെട്ട എല്ലാ ഭാവുകത്വപരിണാമങ്ങളെയും മലയാളസാഹിത്യം ഏറിയോ കുറഞ്ഞോ പ്രതിഫലിപ്പിച്ചു. സാംസ്കാരികവിനിമയം വലിയ അളവിൽ നടന്നിട്ടുള്ള ഒരു ജനത എന്ന നിലയിൽ എല്ലാ മാറ്റങ്ങളെയും നമ്മുടെ സാഹിത്യം ഉൾക്കൊണ്ടു.അനുഭവ പരിചയങ്ങളിലെ കുറവ് സിദ്ധാന്തപരിചയം കൊണ്ട് മറികടക്കപ്പെട്ടു. സാഹിത്യത്തിൽ സംഭവിക്കുന്ന പരിണാമങ്ങളെ നേരത്തെ തിരിച്ചറിയുന്ന ചില നിശിതദൃഷ്ടികൾ അവതാരികകളിൽ കടന്നുവരുന്നുണ്ട്. അങ്ങനെ ആ അവതാരികകൾക്ക് പിൽക്കാലത്ത് ചരിത്രമൂല്യം ലഭിക്കുന്നു.മലയാളത്തിലെ പ്രസിദ്ധമായ മൂന്ന് അവതാരികകളെ ഈ വിഭാഗത്തിൽപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ. കുമാരനാശാന്റെ 'നളിനി'ക്ക് എ.ആർ. രാജരാജവർമ്മ എഴുതിയ അവതാരിക, വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കന്നിക്കൊയ്ത്ത്' എന്ന കവിതാസമാഹാരത്തിന് കുട്ടികൃഷ്ണമാരാർ എഴുതിയ അവതാരിക, സാറാ ജോസഫിന്റെ 'പാപത്തറ' എന്ന കഥാസമാഹാരത്തിന് സച്ചിദാനന്ദൻ എഴുതിയ അവതാരിക എന്നിവയാണ് ഇവിടെ പഠനവിധേയമാകുന്നത്.

## നളിനി - എ.ആർ. രാജരാജവർമ്മ

വീണപൂവ് (1907), ഒരു സിംഹപ്രസവം(1909)എന്നീ ലഘു കാവ്യങ്ങൾക്ക് ശേഷം 1911 ലാണ് കുമാരനാശാന്റെ നളിനി പുറത്തുവന്നത്. മനുഷ്യജീവിതത്തെ വലിയ അളവിൽ പ്രതീകവൽക്കരിക്കുന്ന ലഘുകാവ്യങ്ങൾ ആയിരുന്നു വീണപൂവും സിംഹപ്രസവവും. പ്രതീകവൽക്കരണത്തിന്റെ രീതിവിട്ട് യഥാർത്ഥ മനുഷ്യർ കഥാപാത്രങ്ങളായി വന്ന ആദ്യത്തെ പ്രധാനപ്പെട്ട ആശാൻ കൃതിയായിരുന്നു നളിനി. നളിനിയുടെയും ദിവാകരന്റെയും പ്രണയകഥയാണ് നളിനിയിലെ പ്രമേയം. ഏകദേശം മൂന്നു കൊല്ലമെടുത്താണ് കവി ഇത് പൂർത്തീകരിച്ചത്. വീണപൂവ് 'ഭാഷാപോഷിണി'യിൽ പ്രസിദ്ധപ്പെടുത്തിയ കാലത്തുതന്നെ താൻ ഈ കൃതി എഴുതാൻ തുടങ്ങിയിരുന്നു എന്ന് ഗ്രന്ഥത്തിന്റെ മുഖവുരയിൽ ആശാൻ എഴുതുന്നു[4].

പ്രണയം, സ്നേഹം എന്നീ വിഷയങ്ങൾ നമ്മുടെ സാഹിത്യത്തിന് പരിചയമില്ലാതിരുന്ന ഒരു കാലത്താണ് ഒരു യമിയെ പ്രണയിക്കുന്ന നായികയെ 'ഒരു സ്നേഹം' എന്നുകൂടി പേരുള്ള കൃതിയിൽ ആശാൻ അവതരിപ്പിക്കുന്നത്. അന്നത്തെ നിലയ്ക്ക് അത്യന്തം കാല്പനികമായ ഈ വിഷയസ്വീകരണം നിയോക്ലാസിക് പ്രവണതകളിൽ നിന്നും വിട്ടുപോരാൻ മടിച്ചുനിന്ന മലയാള കവിതയിൽ ഒരു വലിയ വിപ്ലവമായിരുന്നു. കുമാരനാശാൻ എന്ന കവിയുടെ മാസ്റ്റർപീസ് രചനയായി നളിനിയെ കരുതുന്നവരാണ് ആസ്വാദകരിലും വിമർശകരിലും നല്ലൊരു വിഭാഗം. നളിനി തനിക്ക് പ്രിയപ്പെട്ട കൃതിയാണെന്ന് ആശാൻ തന്നെ അതിന്റെ മുഖവുരയിൽ സൂചിപ്പിച്ചിട്ടുണ്ട്[5]. കൃതി പ്രസിദ്ധീകരിക്കുന്ന കാലത്ത് ആശാൻ കവിപ്രശസ്തിയുടെ പടവുകൾ കയറാൻ തുടങ്ങുന്നതേയുള്ളൂ. മലയാള കവിതയ്ക്കാകട്ടെ നിയോക്ലാസിസത്തിന്റെ ആലസ്യങ്ങളും മഹാകാവ്യ രൂപഭ്രമങ്ങളും അവസാനിച്ചിരുന്നുമില്ല. ഈ പരിവർത്തന ഘട്ടത്തിലാണ് എ.ആർ.രാജരാജവർമ്മ നളിനിയെ അവതരിപ്പിച്ചത്. പാരമ്പര്യത്തെ അടച്ചാക്ഷേപിക്കാതെ തന്നെ പുതുമയെ ആഹ്ലാദാവേശങ്ങളോടെ വരവേൽക്കുന്ന ഒരു തുറന്ന മനസ്സിന്റേതാണ് ഈ അവതാരിക. മലയാളകവിതയിൽ കാല്പനികതയുടെ പൊടിപ്പുകൾ പ്രദർശിപ്പിക്കുന്ന ആദ്യകൃതികളിൽ ഒന്ന് എന്ന് സാഹിത്യചരിത്രം വിലയിരുത്തിയ 'മലയവിലാസ'ത്തിന്റെ രചയിതാവാണ് അവതാരികാകാരൻ. ഈ കാല്പനിക മനസ്സാണ് അദ്ദേഹത്തിന്റെ മറ്റ് അവതാരികകളേക്കാൾ നളിനിയുടെ അവതാരികയ്ക്ക് ചരിത്രമൂല്യം നല്കുന്നത്. (മയൂരസന്ദേശം(1895) നളചരിതം(1905) രാമചന്ദ്രവിലാസം(1907) ദൈവയോഗം(1909) കേരളീയഭാഷാശാകുന്തളം(1911) ഭാസ്കരമേനോൻ(1902) സൗദാമിനി(1913) എന്നിവയാണ് എ.ആർ ന്റെ മറ്റ് പ്രധാന അവതാരികകൾ) അടിസ്ഥാനപരമായി സൗന്ദര്യാരാധകനായ രാജരാജവർമ്മയെ അക്കാലത്ത് മലയാളത്തിൽ അലയടിച്ചെത്തിയ കാല്പനിക പ്രവണതകൾ അതിശക്തമായി പ്രലോഭിപ്പിച്ചിരുന്നു. സാഹിത്യശാസ്ത്രഗ്രന്ഥങ്ങളുടെ നിർമ്മാണത്തിലേക്ക് തിരിഞ്ഞില്ലായിരുന്നുവെങ്കിൽ മലയാള കാല്പനികതയുടെ ആദ്യപതാകവാഹകനായി എ. ആർ. മാറുമായിരുന്നു എന്ന് പിൽക്കാല പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്[6]. അതുതന്നെയാണ് 'ഗതാനുഗതികത്വത്തേക്കാൾ നവനവോല്ലേഖകല്പനയിലാണ് കവികൾ അധികം ദൃഷ്ടിവെക്കേണ്ടതെന്ന് ഈ ഖണ്ഡകാവ്യം വായിക്കുന്നവർക്ക്

നല്ലവണ്ണം ബോധ്യപ്പെടും"[7]എന്ന വാചകത്തിൽ ആരംഭിക്കുന്ന നളിനിയുടെ ഹ്രസ്വമായ അവതാരികയുടെ ചരിത്രമൂല്യം. ആദ്യവാചകം തന്നെ അവതാരികാകാരന്റെ 'മാനി ഫെസ്റ്റോ'യാണ്. ഒരു പുതിയ പ്രസ്ഥാനമായി ഈ അർത്ഥപക്ഷകവിതാരീതി ബലപ്പെട്ടു വരുന്നത് എ.ആർ. തിരിച്ചറിയുന്നു.

പാരമ്പര്യങ്ങൾ മറികടക്കാനുള്ളതല്ലെന്ന് ദൃഢമായി വിശ്വസിച്ചിരുന്ന പണ്ഡിതന്മാർക്ക് തീരെ മനസ്സിലാകാത്ത ആശാൻ കവിതയിലെ നവ്യഭാവങ്ങൾ എ.ആർ. ന്റെ സൂക്ഷ്മ ദൃഷ്ടികൾ തിരിച്ചറിയുന്നുണ്ട്. അദ്ദേഹം എഴുതുന്നു: 'വാസനയുണ്ടെങ്കിൽ 'ആമ്പലും അമ്പിളിയും വണ്ടും തണ്ടാരും' എല്ലാംകൂടി ഒന്നിച്ചും വെവ്വേറെയും അങ്ങുമിങ്ങും വച്ചുകെട്ടാതെതന്നെ നല്ല അലങ്കാരങ്ങൾ ഉണ്ടാക്കാമെന്നും ആ പുതിയ മോടി കൊണ്ട് കവിതയ്ക്ക് ഭംഗി കൂടുതലല്ലാതെ കുറവ് വരികയില്ലെന്നും ഈ ചെറിയ കാവ്യം ധാരാളം കാണിച്ചിട്ടുണ്ട്'[8]. പുതിയ കവിതയ്ക്ക് എ.ആർ. നിരത്തുന്ന ഓരോ സ്വാഗതവാചകങ്ങളിലും പഴമ വിടാതെ പിടിച്ചിരുന്ന, കാലാവധി കഴിഞ്ഞ ജീർണിച്ച കാവ്യശീലങ്ങൾക്ക് മേലുള്ള കൊട്ടുകളായി. ഉദാഹരണം: "ഏതെങ്കിലും ഒരു പഴയ ഇതിവൃത്തം എടുത്ത് വല്ല പൊടിയും വച്ച് കുറച്ചൊന്നു മിനുക്കി അവസാനം ഓരോ മംഗളവും ചേർത്ത് ചൊല്ലുന്നതല്ല കവിതയുടെ മനോധർമ്മമെന്ന് ഈ കാവ്യത്തിന്റെ പുറമേയുള്ള ആകൃതി കൊണ്ട് തന്നെ അറിയാവുന്നതാണ്?" അക്കാലത്ത് മലയാളകവിതയിൽ അർത്ഥപക്ഷവും ശബ്ദപക്ഷവും തമ്മിൽ നടന്ന ആശയയുദ്ധങ്ങളുടെ അന്തരീക്ഷത്തിൽ, ഹ്രസ്വമായ ഈ അവതാരിക യിലെ നിരീക്ഷണങ്ങൾ അസാധാരണമായ ആഴവും മുഴക്കവും കൈവരിക്കുന്നു. ശബ്ദപരമായ നിർബന്ധങ്ങൾ കവിതയ്ക്ക് ഒരു കൈവിലങ്ങാണ് എന്നത് സ്വതേ കാല്പനി കനായ എ.ആർന് സഹജാവബോധം തന്നെയാണ്. കാല്പനികതയുടെ അനന്തസാധ്യത കളെ ചൂഷണം ചെയ്യാനാവുന്ന ഒരു ഇതിവൃത്തം കൈകാര്യം ചെയ്ത നളിനി പോലുള്ള ഒരു കൃതിയിൽ ശബ്ദപരമായ നിർബന്ധങ്ങൾ എത്ര തുച്ഛമാണെങ്കിൽ പോലും ഉപേക്ഷിക്കേണ്ടതാണ് എന്ന് എ.ആർ. കരുതിയിരുന്നു. അദ്ദേഹം എഴുതി: 'അർഥകല്പന യിൽ ഇത്രത്തോളം നിഷ്കർഷ ചെയ്തിട്ടുള്ളത് പോലെ ശബ്ദബന്ധത്തെ സംബന്ധിച്ച നിർബന്ധങ്ങളിൽ ചിലത് ഒഴിവാക്കുകയും കൂടി ചെയ്തിരുന്നുവെങ്കിൽ ഈ കാവ്യത്തിന് ഭംഗി ഒരു മാറ്റ് കൂടുകയില്ലായിരുന്നോ എന്നൊരു ചോദ്യത്തിന് വക കാണുന്നുണ്ട്'.[10] പുരോഗമനപരമായ കാവ്യവീക്ഷണത്തിൽ എ.ആർ. കുമാരനാശാനെക്കാൾ മുന്നിലെ ത്തുകയാണ്.

എ.ആറിന്റെ നിരീക്ഷണങ്ങളിലെ കൃത്യത കുമാരനാശാൻ തിരിച്ചറിഞ്ഞിരുന്നു. കൃതിയുടെ മുഖവുരയിൽ അദ്ദേഹം എഴുതി: 'അവതാരിക സംക്ഷിപ്തമാണെങ്കിലും ഇതിൽ കവി മര്യാദ അനുസരിച്ച് മൂടിവച്ചിരുന്ന മുഖ്യസ്ഥാനങ്ങളിൽ എല്ലാം മർമ്മജ്ഞനായ അവിടുത്തെ വിരലുകൾ നൈപുണ്യത്തോടെ പ്രവേശിച്ചിരിക്കുന്നതായി കാണുന്നതിൽ എനിക്ക് വലിയ ചാരിതാർത്ഥ്യം തോന്നുന്നു'[11]. അനുമോദനങ്ങളെ മാത്രമല്ല വിമർശനങ്ങളെയും കവി ഉൾക്കൊണ്ടു. ലീലയുടെ മുഖവുരയിൽ അദ്ദേഹം എഴുതി: ഭാഷാരീതിയെ സംബന്ധിച്ച് നളിനിയുടെ അവതാരികയിൽ മഹാമഹിമശ്രീ എ.ആർ. രാജരാജവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ട് കുറയ്ക്കേണ്ടതായി സൂചിപ്പിച്ചിരുന്ന

നിർബന്ധങ്ങൾ പാടുള്ളത്ര കുറയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്. ആ ശ്രമം തൃപ്തികരമാം വണ്ണം സാധിച്ചിട്ടില്ലെന്ന് കാണുന്നതിൽ വ്യസനിക്കുന്നു[12].

ഇങ്ങനെ എല്ലാ അർത്ഥത്തിലും മലയാളകവിതയിലെ പരമപ്രധാനമായ ഒരു പരിവർത്തനഘട്ടത്തെയും അതിപ്രധാനമായ ഒരു കൃതിയെയും കൃത്യമായി തിരിച്ചറിഞ്ഞ് രചിക്കപ്പെട്ടതാണ് നളിനിയുടെ അവതാരിക. വികസ്വരമായ ഒരു സഹൃദയത്വമാണ് അതിനു പിന്നിലുള്ളത്.

## കന്നിക്കൊയ്ത്ത്-കുട്ടികൃഷ്ണമാരാർ

1924 ജനുവരി പതിനാറാം തീയതി കുമാരനാശാൻ മരിക്കുമ്പോൾ വൈലോപ്പിള്ളിക്ക് 12 വയസ്സ് പൂർത്തിയായിരുന്നു. 1911 ലാണ് വൈലോപ്പിള്ളി ജനിക്കുന്നത്. മെയ് പതിനൊന്നാം തീയതി എറണാകുളം ജില്ലയിലെ കലൂരിൽ. ആ വർഷത്തിന് നമ്മുടെ കവിതാസാഹിത്യചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. അതേ വർഷമാണ് ഒക്ടോബർ 11ന് കലൂരിനടുത്തുള്ള ഗ്രാമമായ ഇടപ്പള്ളിയിൽ ചങ്ങമ്പുഴ ജനിച്ചത്. 1948 ജൂൺ 17ന് ലോകത്താകമാനമുള്ള കേരളീയർക്കിടയിൽ പ്രശസ്തനായി ചങ്ങമ്പുഴ മരിക്കുമ്പോൾ വൈലോപ്പിള്ളിയുടെ ഒരു കവിതാസമാഹാരം മാത്രമേ പുറത്തുവന്നിരുന്നുള്ളൂ കന്നിക്കൊയ്ത്ത്(1947). 1933 മുതൽ 14 കൊല്ലം കൊണ്ട് അദ്ദേഹം എഴുതിയ 17 കവിതകളുടെ സമാഹാരമായിരുന്നു അത്. ഈ സ്ഥിതിവിവരക്കണക്കുകൾ നമ്മുടെ കവിതാ ചരിത്രത്തിൽ പ്രാധാന്യമുള്ളവയാണ്.

ഇടപ്പള്ളിക്കവികളുടെ ശൈലി മലയാളകവിതയെ ഒന്നാകെ കടലെടുക്കുന്ന കാലമായിരുന്നു അത്. ഭാഷയിലും ഭാവത്തിലും കവിത ബഹുസ്വരത കൈവെടിയുകയും ഏകമുഖമായി ചുരുങ്ങുകയും ചെയ്ത കാലം. കവിതകളെല്ലാം ഇടപ്പള്ളിക്കവികളുടെ കവിതകളുടെ പകർപ്പുകളോ പര്യായങ്ങളോ മാത്രമാകുന്ന കാലം. ആ കൂട്ടത്തിൽ ചേരാതെ നിൽക്കുക അന്ന് കവികൾക്ക് എളുപ്പമായിരുന്നില്ല. സ്വന്തം കവിത്വത്തിൽ ഉറച്ച വിശ്വാസ മുള്ള ഒരാൾക്ക് മാത്രം കഴിയുന്ന ആ സ്ഥൈര്യം കാണിച്ച കവികളിൽ ഒരാളാണ് വൈലോപ്പിള്ളി. മറ്റു രണ്ടുപേർ ഇടശ്ശേരിയും എൻ.വി.യുമാണ്. ചങ്ങമ്പുഴയുടെ വളർച്ചാ വേഗം സമപ്രായക്കാരനും അയൽഗ്രാമക്കാരനുമായ വൈലോപ്പിള്ളിയെ ഭ്രമിപ്പിച്ചില്ല. കവിയുടെ ചരിത്രബോധവും ശാസ്ത്രബോധവും രചനാവേഗങ്ങൾക്ക് കടിഞ്ഞാണിട്ടു. 'പതുക്കെ എഴുതുകയും അമർത്തി എഴുതുകയും തെളിച്ചെഴുതുകയും ചെയ്യുന്നതുകൊണ്ട് എപ്പോഴും പിറകിലാകുന്നവൻ' എന്ന് എം. എൻ. വിജയൻ ഈ വേഗം കുറഞ്ഞ വൈലോപ്പിള്ളിയെ വിശേഷിപ്പിച്ചു[13]. കാച്ചിക്കുറുക്കിയതെന്നും എല്ലുറപ്പുള്ളതെന്നും ആ കവിത വിശേഷിപ്പിക്കപ്പെട്ടു. 'ചങ്ങമ്പുഴക്കവിത പോലെ നാടൊട്ടുക്ക് പരന്നുപാഞ്ഞ് യുവലോകത്തിന്റെ നാവിൽ തത്തിക്കളിച്ചില്ലെങ്കിലും, ആധുനിക കവിതയുടെ ചരിത്ര ത്തിൽ ശ്രദ്ധേയവും ആരോഗ്യകരവുമായ ഒരു വ്യതിയാനം കുറിക്കാൻ അവയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഏത് ചരിത്രകാരനും രേഖപ്പെടുത്തും' എന്ന് സാഹിത്യചരിത്രം ആ കവിതയുടെ ചരിത്രമൂല്യം രേഖപ്പെടുത്തി[14]. ആ വ്യതിയാനത്തിന്റെ സൂചനകൾ ആ കവി പ്രതിഭയുടെ സ്വരൂപത്തെ പശ്ചാത്തലമാക്കി കവിയുടെ ആദ്യമായി പ്രസിദ്ധീകരണ ത്തിനെത്തിയ 17 കവിതകളെ ആധാരമാക്കി വിലയിരുത്തിയതിലെ ക്രാന്തദർശിത്വമാണ് കുട്ടികൃഷ്ണമാരാരുടെ അവതാരികയ്ക്ക് പിന്നിലുള്ളത്.

വളരെ കുറച്ചു മാത്രം അവതാരികകൾ എഴുതിയിട്ടുള്ള, എഴുതിയവ തന്നെ ഒരു കുറിപ്പിൽ ഒതുക്കിയിട്ടുള്ളയാളാണ് കുട്ടികൃഷ്ണമാരാർ[15]. 'സത്യവും സൗന്ദര്യവും തമ്മിലുള്ള പരിണയമാണ് കവിത' എന്ന കാവ്യവീക്ഷണം പുലർത്തുന്ന വൈലോപ്പിള്ളി യുടെ കൃതിക്കെഴുതിയ അവതാരിക കാവ്യമർമ്മങ്ങളിൽ സ്പർശിച്ചത് മാരാരുടെ കാവ്യ വീക്ഷണവും ഭിന്നമല്ലാത്തതുകൊണ്ടാണ്. കവിതയെ ഒന്നാകെ അടക്കിഭരിക്കുന്ന ചുരുക്കം ചില ശീലങ്ങളെ സഹജമായ പ്രതിഭ കൊണ്ടേ മറികടക്കാനാവൂ എന്ന് മാരാർക്ക് നന്നായറിയാമായിരുന്നു. (ഈ കാലത്തെ വേറിട്ട ശബ്ദക്കാരിൽ മറ്റൊരു കവിയുടെ ആദ്യ സമാഹാരത്തെയും അവതരിപ്പിച്ചത് മാരാരാണ് എന്നതും ഓർക്കേണ്ടതാണ്. 'അളകാവലി' -ഇടശ്ശേരി) വിമർശകൻ കാവ്യവഴികളിലൂടെയുള്ള കവിതയുടെ സ്വതന്ത്രസഞ്ചാരങ്ങളെ തടയുന്ന ന്യായാധിപൻ ആകുന്നത് മണ്ടത്തരമാണെന്ന് സഞ്ജയന്റെ ചങ്ങമ്പുഴ വിമർശനങ്ങളെ ഉദാഹരിച്ചുകൊണ്ട് പറഞ്ഞ മാരാർ, കവികൾ ഒഴുക്കിനൊപ്പം നീന്തേണ്ട വരല്ലെന്നും അത്തരമൊരു എളുപ്പപ്പണിയല്ല കാവ്യരചനയെന്നും തന്റെ രചനാജീവിത ത്തിലുടനീളം ഓർമ്മിപ്പിച്ചു.

മാരാരുടെ പല രചനകളെയും പോലെ സംവാദങ്ങൾക്കും വിവാദങ്ങൾക്കും വഴിവച്ചവ യാണ് കന്നിക്കൊയ്ത്തിന്റെ അവതാരികയിലെ പരാമർശങ്ങളും. പുരോഗമനസാഹിത്യ സംഘത്തിന്റെ പല നിലപാടുകളോടും മാരാർക്കുള്ള വിയോജിപ്പുകളാണ് വിവാദങ്ങൾ ക്കുള്ള പ്രധാന കാരണം. സമാഹാരത്തിലെ ഏറ്റവും ജനപ്രിയ കവിതയായ 'മാമ്പഴ' ത്തിന്റെ പ്രമേയ വിശകലനം കഴിഞ്ഞ്, അതിലെ രചനാരീതിയുടെ സവിശേഷതകളും വിവരിച്ച്, കേരളീയ നവോത്ഥാനത്തെ തനിക്ക് ബോധ്യപ്പെടുത്തിയ ആ കവിതയുടെ ആർജ്ജവവും വേഗവും ഗാംഭീര്യവും മിതത്വവും ശക്തിയും എസ്.ആർ.രംഗനാഥൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതും വിവരിച്ചതിനു ശേഷം മാരാർ ഇത്രയും കൂടി എഴുതുന്നു: 'ഈ അമ്മ ഒരു തൊഴിലാളി സ്ത്രീയോ അതോ മുതലാളി സ്ത്രീയോ എന്ന് അന്വേഷിച്ചറിഞ്ഞിട്ടുവേണം ഈ കൃതിയിൽ പുരോഗതിയുണ്ടോ കേരളത്തിന്റെ നവോത്ഥാനമുണ്ടോ എന്ന് നിശ്ചയിപ്പാൻ എന്ന് കരുതുന്ന ഒരു സാഹിത്യകക്ഷിയുണ്ട്. അവരോട് എന്ത് സമാധാനം പറയാനാണ്?'[16] ഈ പരാമർശം അനുചിതമായിപ്പോയി എന്ന് എം. എൻ. വിജയനും എസ്.രാജശേഖരനും ഉൾപ്പെടെയുള്ളവർ പിൽക്കാലത്ത് ചൂണ്ടിക്കാട്ടി. 'പടയാളികൾ' എന്ന കവിതയെ കുറിച്ചുള്ള നിരീക്ഷണങ്ങൾ അവസാനി പ്പിച്ചുകൊണ്ട് മാരാർ എഴുതി: 'പ്രഭുവർഗ്ഗത്തിനും തൊഴിലാളിവർഗ്ഗത്തിനും തമ്മിൽ തീരാപ്പക വളർത്തുകയാണ് സാഹിത്യകാരന്റെ ധർമ്മമെന്നു മുമ്പ് പറഞ്ഞ സാഹിത്യകക്ഷി തൊണ്ട പൊളിച്ച് വാദിക്കുന്നു. അവരുമായി രാജിയാകുവാൻ ഒരു വഴിയുമില്ല!'[17]

ആ കാലത്ത് നമ്മുടെ സാഹിത്യാന്തരീക്ഷത്തെ മുഖരിതമാക്കിയ പുരോഗമന പ്രസ്ഥാനത്തിന്റെ സജീവസാന്നിധ്യം പരിഗണിച്ചുകൊണ്ടേ മാരാരുടെ അഭിപ്രായങ്ങളെ വിലയിരുത്താനാവുകയുള്ളു. സാഹിത്യരചനയുടെ വിവിധ തലങ്ങളിൽ എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്ന തരത്തിൽ ഒരു പ്രസ്ഥാനം ഇടപെടുന്നതിനെ മാരാർ ഉൾപ്പെടെ ചിലർ അതിന്റെ തുടക്കം മുതൽ തന്നെ എതിർത്തു പോന്നു. മാരാരുടെ നിശിതമായ ശൈലി പ്രസ്ഥാനത്തോട് ആഭിമുഖ്യമുള്ളവരെ വേണ്ടതിലധികം

പ്രകോപിപ്പിക്കാൻ പോന്നതായിരുന്നു. ആ നിലയ്ക്കുള്ള പരാമർശങ്ങളാണ് ഈ അവതാരികയിലും കടന്നുവന്നത്. എ.ആറിന്റെ കാലത്തെ ദ്വിതീയാക്ഷരപ്രാസവാദം പോലെ തന്നെ, ഒരുപക്ഷേ അതിനേക്കാൾ കൂടുതൽ, ചരിത്ര പ്രാധാന്യമുള്ളതാണ് കാവ്യ പ്രമേയത്തെയും ആഖ്യാനത്തെയും ബാധിക്കുന്ന ഈ വാദവും. അതുതന്നെയാണ് പിൽക്കാലത്ത് പുരോഗമനകലാസാഹിത്യസംഘത്തിന്റെ ആദ്യ പ്രസിഡന്റായിത്തീർന്ന കവിയുടെ സമാഹാരത്തിന്റെ അവതാരികാപരാമർശങ്ങളുടെ ചരിത്രപ്രാധാന്യവും.

വൈലോപ്പള്ളിക്കവിതയുടെ മൂല്യവും വൈവിധ്യവും ആദ്യകാല കവിതകളിൽ തന്നെ മാരാരുടെ ദീർഘദൃഷ്ടി തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു എന്നതും അവതാരികയുടെ പ്രാധാന്യത്തിന് കാരണമായി. 'ആസാംപണിക്കാർ' വിശകലനം ചെയ്തുകൊണ്ടെഴുതുന്നത് ഉപജീവനത്തിനുവേണ്ടി വിദേശത്തു പോയി തിരിച്ചുവന്നിട്ടുള്ള ആരുടെയും ഹൃദയവുമായി സംവദിക്കത്തക്ക ഒരന്തസ്സ് ആ കവിതയ്ക്കുണ്ട് എന്നാണ്. കുട്ടികൃഷ്ണ മാരാരെക്കുറിച്ച് പിൽക്കാലത്ത് പലരും ഉന്നയിച്ച പ്രധാന പരാതി അദ്ദേഹം തന്റെ സമകാലീന സാഹിത്യത്തെക്കുറിച്ച് ഒന്നും എഴുതിയിട്ടില്ല എന്നും എഴുതിയപ്പോഴൊക്കെ അതിനെ നിശിതമായി വിമർശിച്ചു എന്നുമാണ്. പക്ഷേ മാരാരെ സമഗ്രമായി വായിക്കുമ്പോൾ ഇതിന് അടിസ്ഥാനമില്ല എന്ന് മനസ്സിലാകും. സമകാലീന സാഹിത്യമല്ല അദ്ദേഹത്തെ കൂടുതൽ എഴുതാൻ പ്രേരിപ്പിച്ചത് എന്നത് വാസ്തവമാണ്. പക്ഷേ അദ്ദേഹം സമകാലീന സാഹിത്യത്തെക്കുറിച്ച് എഴുതിയപ്പോഴൊക്കെ ആവശ്യമുള്ളിടത്തെല്ലാം അഭിനന്ദനവും വിമർശനവും കടന്നുവന്നു. ഈ അവതാരികയും അതിനുദാഹരണമാണ്. മലയാള കവിതയുടെ ചരിത്രത്തിൽ വൈലോപ്പിള്ളി എന്ന കവിയെ അടയാളപ്പെടുത്തി ഇന്ന് ചിന്തിക്കുമ്പോൾ പ്രവാചകമൂല്യമുള്ള ചില പരാമർശങ്ങൾ കന്നിക്കൊയ്ത്തിന്റെ അവതാരികയിൽ ഉണ്ടെന്ന് കാണാം. തന്നെ ഏറ്റവും ആകർഷിച്ച 'സഹ്യന്റെ മകൻ' എന്ന കവിതയിലെ സൂക്ഷ്മതലങ്ങളെ സ്പർശിച്ചു കൊണ്ടുള്ള വിശകലനം അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം എഴുതി: 'അതിനാൽ ഈയൊരു കൃതിയിൽ, സംസ്കൃതത്തിലെ അദ്വിതീയകാവ്യമായ 'മേഘസന്ദേശ'ത്തിലെ അത്ഭുതകലാസൗഭാഗ്യത്തിന്റെ ഒരംശം ഉപസ്കരിച്ചിട്ടുണ്ട് എന്ന് പറയാൻ ഞാൻ ധൈര്യപ്പെടുന്നു; മേഘസന്ദേശത്തെ തുടർന്നുണ്ടായ അനേകം സന്ദേശകാരന്മാർക്ക് കണികാണാൻ കിട്ടാത്ത കലാസൗഭാഗ്യമാണത് എന്ന്, മറിച്ച് തോന്നാതിരിപ്പാൻ വേണ്ടി, തുറന്നു പറയട്ടെ'[18]. ഹൃദ്യങ്ങളായി തോന്നിയ രണ്ടുമൂന്നു കൃതികളെപ്പറ്റി ഇത്രയും എഴുതിയിട്ടുതന്നെ തനിക്ക് മതി വന്നില്ല എന്നും മാരാർ എഴുതുന്നു. അവതാരിക അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു: 'കുമാരനാശാൻ മുതൽ പേരിൽ നിന്നുണ്ടായ വ്യക്തമായ പുരോഗതിക്കു ശേഷം, ഇന്ന് നമ്മുടെ പദ്യസാഹിത്യം ഒന്ന് തളർന്നിരിക്കുകയാണ്. ആ തളർച്ചയ്ക്കുള്ള ചില ബാലിശ വിനോദങ്ങൾ മാത്രമാണ്, ഇന്ന് കൊട്ടിഘോഷിക്കപ്പെടുന്ന പുരോഗതി പ്രസ്ഥാനങ്ങൾ, എന്നാൽ സ്വാഭാവികമായും അതിന് വീണ്ടും പുരോഗതിയുണ്ട്. അതിൽ സഹായിക്കാൻ ഒരുങ്ങി വരുന്ന ബലിഷ്ഠഹസ്തങ്ങളിലൊന്ന് ഒരുപക്ഷേ, മുഖ്യമായ ഒന്ന് ശ്രീ വൈലോപ്പിള്ളിയുടെതാണെന്ന് ഞാൻ വിചാരിക്കുന്നു'[19]. കവിതയുടെ സ്വാഭാവിക പുരോഗതിയിലെ മുഖ്യപങ്കുകാരനായി വൈലോപ്പിള്ളിയെ പ്രതിഷ്ഠിക്കു

കയാണ് മാരാരുടെ സൂക്ഷ്മദൃഷ്ടി. ഭാഷയിലെ ഏറ്റവും വലിയ എഴുത്തുകാരിൽ ഒരാളെ അയാളുടെ യൗവ്വനത്തിൽ തന്നെ തിരിച്ചറിയുന്നതായിരുന്നു മാരാരുടെ അവതാരിക.

## പാപത്തറ-സച്ചിദാനന്ദൻ

സർഗാത്മകസൃഷ്ടിയുടെ വേളയിൽ സ്രഷ്ടാവിന് ചരിത്രത്തിന്റെ ഭാരം അനുഭവപ്പെടുമെന്ന് സാറാജോസഫ് നിരീക്ഷിച്ചിട്ടുണ്ട്.[20] നൂറ്റാണ്ടുകളായി തോട്ടികൾ അനുഭവിച്ചുവന്ന ജീവിതഭാരമാണ് 'തോട്ടിയുടെമകൻ' എഴുതുമ്പോൾ തകഴി അനുഭവിച്ച ചരിത്രഭാരം എന്ന് ഈ പ്രസ്താവനയെ ഉദാഹരിക്കാം. മനുഷ്യചരിത്രത്തിന്റെ ആദിമകാലം മുതൽ, ഇരതേടലിൽ പുരുഷൻ കായികബലം കൊണ്ട് സ്ത്രീയെക്കാൾ മികവ് പുലർത്തിയ കാലം മുതൽ, സ്ത്രീ പുരുഷനിൽ നിന്ന് നേരിട്ട അവഗണനയുടെയും അവജ്ഞയുടെയും ദുരനുഭവമാണ് സ്ത്രീപക്ഷരചനകൾ വഹിക്കുന്ന ചരിത്രഭാരം. മലയാളത്തിൽ സ്ത്രീപക്ഷരചനകളുടെ ഒരു ധാര നവോത്ഥാനഘട്ടത്തിൽ തന്നെ ശക്തിയാർജിക്കുന്നുണ്ട്. ലളിതാംബിക അന്തർജനത്തിന്റെയും (1909–1987) സരസ്വതിയമ്മയുടെയും(1919–1975) കൃതികൾ ലക്ഷണയുക്തമായ സ്ത്രീപക്ഷരചനകളായിരുന്നു. രാജലക്ഷ്മിയിലും (1930 –1965)മാധവിക്കുട്ടിയിലും(1932–2005) എത്തുമ്പോൾ ഈ രചനാസമ്പ്രദായം വൈവിധ്യമുള്ള മേഖലകളെ സ്പർശിക്കുന്നു. അതിനുശേഷം വന്ന പ്രധാനപ്പെട്ട സ്ത്രീപക്ഷ എഴുത്തുകാരിൽ ഏറ്റവും പ്രധാനപ്പെട്ടയാൾ സാറാജോസഫാണ്. സ്ത്രീപക്ഷവും അധ:സ്ഥിത പക്ഷവും പ്രകൃതിപക്ഷവും ആണ് സാറാജോസഫിന്റെ രചനാലോകം.

നവോത്ഥാനഘട്ടത്തിൽ തന്നെ പ്രബലമായിരുന്ന സ്ത്രീപക്ഷരചനയുടെ സവിശേഷതകളോ ചരിത്രപശ്ചാത്തലമോ സൈദ്ധാന്തികാടിത്തറയോ മലയാളത്തിൽ ദീർഘകാലത്തോളം ചർച്ചാവിഷയമായിരുന്നില്ല. ലോകസാഹിത്യത്തിലെ സ്ത്രീപക്ഷ രചനകളുടെ ചരിത്രവും വർത്തമാനവും പശ്ചാത്തലമാക്കി മലയാളത്തിലെ സ്ത്രീപക്ഷ രചനകളുടെ വിശകലനവും വിലയിരുത്തലും നടത്തുന്ന പ്രമാണരേഖയാണ് സാറാജോസഫിന്റെ 'പാപത്തറ' എന്ന കഥാസമാഹാരത്തിന് സച്ചിദാനന്ദൻ എഴുതിയ അവതാരിക. കവിത, കഥ, നോവൽ തുടങ്ങി എല്ലാ സാഹിത്യരൂപങ്ങളിലും സ്ത്രീപക്ഷ രചനകൾക്ക് പ്രാധാന്യവും ശ്രദ്ധയും കിട്ടിയ സമകാലിക മലയാളസാഹിത്യത്തിൽ സ്ത്രീപക്ഷ നിരൂപണങ്ങളും വായനകളും ധാരാളമായി ഉണ്ടാകുന്നുണ്ട്. 1990ൽ പുറത്തുവന്ന 'പാപത്തറ'യുടെ ദീർഘമായ അവതാരിക ഈ വളർച്ചയുടെ സൂചകമായി മാറി.

'പെണ്ണെഴുത്ത്' എന്ന പദം ആദ്യമായി മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നത് ഈ അവതാരികയിലാണ്. ഇത് പിൽക്കാലത്ത് മലയാളത്തിൽ സാർവത്രികമായ ഒരു വാക്കായി മാറി. " 'പെണ്ണെഴുത്ത്' എന്ന പദത്തെ ഞാൻ ആദരവോടെ കാണുന്നു. അതിൽ പെണ്ണുണ്ട്. നമ്മുടെ തനതായ ദ്രാവിഡവാക്ക്. അനന്തമായ പ്രക്രിയയാണ് 'പെണ്ണെഴുത്ത്'" എന്ന് സാറാജോസഫ് തന്നെ പിന്നീട് പറഞ്ഞു[21]. വെർജീനിയ വുൾഫിന്റെ പാരമ്പര്യം പോലെ സാറാജോസഫിന്റെ പാരമ്പര്യവും ആധുനികതയുടേതല്ല സ്ത്രീചിന്തകളുടേതാണ് എന്ന് സച്ചിദാനന്ദൻ അവതാരികയിൽ എഴുതുന്നുണ്ട്. ഹെലൻ സിക്സസ്, നാൻസി മില്ലർ, സ്പാക്സ്, ആഡ്രിയൻ റിച്ച്, കരോളിൻ ജി. ബർക്ക്, സാന്ദ്രാ ഗിൽബെർട്ട്, സൂസൻഗുബാർ, ഏലെയ്ൻ ഷോവാൾട്ടർ, അലീഷ്യാ ഓസ്ട്രീക്കർ, മോണിക് വിറ്റിംഗ്, കരോളിൻ ബർക്ക്,

ഷന്താൾ ഷവാഫ്, സേവിയറെ ഗോത്തിയോ, ഷോഷാന ഫെൽമാൻ, റോബർട്ട് ഗ്രേവ്സ്, ഗെർദ്ദ ലേണർ, ജൂലിയ ക്രിസ്റ്റേവ തുടങ്ങി അക്കാലം വരെയുള്ള സ്ത്രീപക്ഷ ചിന്തകരുടെ വീക്ഷണങ്ങളെ അവതാരികയിൽ പലയിടങ്ങളിലായി ഉദ്ധരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.

മലയാളത്തിലെ സ്ത്രീപക്ഷ എഴുത്തിന്റെ ചരിത്രവും അതിൽ സാറാജോസഫിന്റെ ഇടവും കൃത്യതയോടെ അവതാരിക വരച്ചിടുന്നുണ്ട്. 'ലോകത്തെ മാറ്റുന്ന തങ്ങളുടേതായ ഭാഷ കണ്ടെത്താനാണ്, സ്ത്രൈണതയ്ക്ക് നാവു നൽകാനാണ് സ്ത്രീ വിമോചന വാദികൾ ശ്രമിക്കുന്നത്. മലയാളത്തിൽ അത്തരത്തിലുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ആരംഭം സരസ്വതിയമ്മയ്ക്കും മാധവിക്കുട്ടിക്കും ശേഷം സാറാജോസഫിൽ കാണാം' എന്ന് ഒരിടത്ത് കുറിച്ചിടുന്നു[22]. 'എഴുത്തിന് അച്ഛന്മാർ എന്നപോലെ അമ്മമാരും ഉണ്ട്. സ്ത്രീകളുടെ രചനകളിൽ അധീശത്വത്തിന്റെ ഒരു പ്രത്യക്ഷപാഠത്തോടൊപ്പം നിശബ്ദമാക്കപ്പെട്ട ഒരു മറു പാഠവുമുണ്ട്. ശ്രദ്ധിച്ചു വായിച്ചാൽ സ്ത്രീ രചനകളിലെ മൗനം അർത്ഥം കൊണ്ട് നിറയുന്നതും ഈ മറുപാഠം ഉയർന്നു വരുന്നതും കാണാൻ കഴിയും'. എന്നിങ്ങനെ ശ്രദ്ധേയമായ നിരീക്ഷണങ്ങൾ അവതാരികയിലുണ്ട്[23]. പിൽക്കാലത്ത് സ്ത്രീപക്ഷ രചനകളെക്കുറിച്ച് മലയാളത്തിലുണ്ടായ എഴുത്തുകളിലെല്ലാം പാപത്തറയുടെ അവതാരികയിലെ നിരീക്ഷണങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ സ്വാധീനമായി മാറി. ആ നിലയ്ക്ക് മലയാളത്തിലെ സ്ത്രീപക്ഷ എഴുത്തിന്റെ സൈദ്ധാന്തിക അടിത്തറ എന്ന മൂല്യവും പരിഗണനയും അതിനു ലഭിച്ചു.

അവതാരികകളുടെ കേവലാർത്ഥത്തിൽ നിന്നും കേവലപ്രയോജനത്തിൽ നിന്നും വ്യതിചലിച്ച് ഈ അവതാരികകൾ സാഹിത്യ വിമർശനത്തിലെ ഉയർന്ന മാനങ്ങൾ കൈവരിക്കുന്നു. കൃതിയുടെ വ്യാഖ്യാനം എന്ന പ്രാഥമികമായ അവതാരികാസ്വഭാവം ഇവയിൽ വളരെ പരിമിതമാണ്. നളിനിയുടെ അവതാരികയിൽ തീരെയില്ല. സാഹിത്യ ചരിത്രത്തിലെ ചില സവിശേഷ സന്ദർഭങ്ങളിൽ ആശാന്റെയും വൈലോപ്പിള്ളിയുടെയും സാറാജോസഫിന്റെയും സാഹിത്യവീക്ഷണത്തിന്റെ (ജീവിതവീക്ഷണത്തിന്റെയും) സവിശേഷതകൾ നമ്മുടെ സാഹിത്യത്തിന്റെ പിന്നീടുള്ള സഞ്ചാരങ്ങളെ എപ്രകാരം സ്വാധീനിച്ചു എന്ന് വ്യക്തമാണ്. നിയോക്ലാസ്സിസത്തിന്റെ അലസവ്യായാമങ്ങളെ ആശാനും, അതികാല്പനികതയുടെ ജീവിതനിഷേധങ്ങളെ വൈലോപ്പിള്ളിയും, സ്ത്രീക്ക് മനുഷ്യപരിഗണന നിക്ഷേധിക്കുന്ന ജീവിതവ്യവസ്ഥയെ സാറാജോസഫും സാഹിത്യത്തിൽ തുറന്നെതിർത്തു. അതത് കാലത്ത് ഒരു ഭാവുകത്വപരിണാമത്തിന്റെ മൂല്യം ഉണ്ടായിരുന്നു ഈ പരിശ്രമങ്ങൾക്ക്. അത് സാഹിത്യചരിത്രത്തിലെ ചില അസന്ദിഗ്ദ്ധ ഘട്ടങ്ങളിൽ സാഹിത്യത്തിലും സാഹിത്യത്തെക്കുറിച്ചും ആ എഴുത്തുകാരുടെ നിലപാടുകളായിരുന്നു. ഈ വഴികളാണ് തുടർന്ന് സാഹിത്യത്തെ നിയന്ത്രിക്കാൻ പോകുന്നതെന്ന വീക്ഷണമാണ് നളിനിയുടെയും കന്നിക്കൊയ്ത്തിന്റെയും പാപത്തറയുടെയും അവതാരികകളുടെ അന്തസത്ത. ആ വീക്ഷണം അവയ്ക്ക് സാഹിത്യമൂല്യത്തിനൊപ്പം സാഹിത്യചരിത്രമൂല്യവും നല്കുന്നു.

## കുറിപ്പുകൾ

1. https://ml.wikipedia.org >wiki
2. 'ഗ്രന്ഥം അവതരിപ്പിച്ചുകൊണ്ട് ഗ്രന്ഥകാരനോ മറ്റൊരാളോ എഴുതുന്ന പ്രബന്ധം. ഗ്രന്ഥത്തിന് മുമ്പിലായി ചേർക്കുന്നു.' ശബ്ദതാരാവലി, പുറം 190 ഡി.സി.ബുക്സ്, കോട്ടയം, 2010.
3. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഡോ. ഡി.ബഞ്ചമിന്റെ 'കാല്പനികത മലയാള കവിതയിൽ' എന്ന ഗ്രന്ഥത്തിലെ(2013) നിരീക്ഷണങ്ങൾ.
4. കുമാരനാശാൻ, മുഖവുര(നളിനി), ആശാന്റെ പദ്യകൃതികൾ പുറം 52, ഡി.സി.ബുക്സ്, കോട്ടയം,1998.
5. 'ഈ കൃതിയിൽ പ്രത്യേകമുള്ള എന്റെ 'ഒരു സ്നേഹം'കൊണ്ടും ബി.വി. ബുക്കു ഡിപ്പോക്കാരുടെ ഉത്സാഹം കൊണ്ടുമാണ് കഴിഞ്ഞ ഇംഗ്ലീഷുവർഷാവസാനത്തോടു കൂടിയെങ്കിലും 'നളിനി'ക്ക് 'ദിവാകര' സ്പർശമുണ്ടാവാൻ ഇടയായത്. ടി.പുസ്തകം, പുറം 52.
6. ഡോ. പി.വി. വേലായുധൻപിള്ളയുടെ 'എ.ആർ. രാജരാജവർമ്മ' എന്ന കൃതിയിലെ നിരീക്ഷണങ്ങൾ, കേരള സർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം, 1993.
7. എ.ആർ. രാജരാജവർമ്മ, അവതാരിക നളിനി,ആശാന്റെ പദ്യകൃതികൾ, ഡി.സി.ബുക്സ്, 1998, പുറം 50.
8. ടി.പുസ്തകം, പുറം 50
9. ടി. പുസ്തകം, പുറം 50
10. ടി. പുസ്തകം, പുറം 51
11. ടി. പുസ്തകം, പുറം 52
12. ടി. പുസ്തകം, പുറം 92
13. എം.എൻ.വിജയൻ, അവതാരിക, വൈലോപ്പിള്ളി സമ്പൂർണകൃതികൾ വാല്യം 1, കറന്റ് ബുക്സ്, തൃശൂർ, 2013, പുറം 11.
14. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1975, പുറം 432.
15. കളിക്കൊട്ട (ബാലാമണിയമ്മ), കുന്തി (സിദ്ധിനാഥാനന്ദ സ്വാമി), സ്വപ്നവാസവദത്തം വിവർത്തനം (കെ.കൃഷ്ണവാര്യർ), നാലപ്പാടന്റെ 'ലോകം' (നാലപ്പാട്ടു നാരായണ മേനോൻ), മധുമഞ്ജരി (വള്ളത്തോൾ ഗോപാലമേനോൻ), അളകാവലി (ഇടശ്ശേരി), കാവ്യരശ്മി (കിട്ടുണ്ണി മാസ്റ്റർ), പ്രരോചനം(വേദബന്ധു), മഗ്ദലന മറിയവും വള്ളത്തോൾക്കവിതയും (ജോർജ്), ചില ചില്ലറ നാണ്യങ്ങൾ (പ്രൊഫ. എം.പി. ശിവദാസമേനോൻ) എന്നിവയാണ് മാരാരുടെ മറ്റ് അവതാരികകൾ.
16. കുട്ടികൃഷ്ണമാരാർ, അവതാരിക കന്നിക്കൊയ്ത്ത്, വൈലോപ്പിള്ളി സമ്പൂർണ കൃതികൾ, പുറം 552.
17. ടി. പുസ്തകം, പുറം 552.
18. ടി.പുസ്തകം, പുറം 555, 556.
19. ടി. പുസ്തകം, പുറം 556.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

20. എറണാകുളം മഹാരാജാസ് കോളേജിൽ 2023 നവംബർ 9ന് നടത്തിയ പ്രഭാഷണം.
21. ടി. പ്രഭാഷണം.
22. സാറാജോസഫിന്റെ സമ്പൂർണ കഥകൾ, കറന്റ് ബുക്സ്, തൃശൂർ, 2015, പുറം 593.
23. ടി.പുസ്തകം, പുറം 595

## ഗ്രന്ഥസൂചി


1. കുമാരനാശാൻ. എൻ, ആശാന്റെ പദ്യകൃതികൾ, ഡി.സി.ബുക്സ്, കോട്ടയം, 1998
2. കൃഷ്ണപിള്ള. എൻ. പ്രൊഫ, കൈരളിയുടെ കഥ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1975
3. ബഞ്ചമിൻ. ഡി. ഡോ, കാല്പനികത മലയാള കവിതയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
4. രാമചന്ദ്രൻ നായർ പന്മന (എഡി.), കുട്ടികൃഷ്ണമാരാർ പഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം, 2017.
5. ലീലാവതി. എം. ഡോ, മലയാള കവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ,1985.
6. വേലായുധൻ പിള്ള. പി.വി. ഡോ, എ.ആർ.രാജരാജവർമ്മ, കേരളസർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം, 1993.
7. ശ്രീധരമേനോൻ വൈലോപ്പിള്ളി, വൈലോപ്പിള്ളി സമ്പൂർണകൃതികൾ വാല്യം 1, 2, കറന്റ് ബുക്സ്, തൃശൂർ, 2013.
8. സാറാ ജോസഫ്, സാറാ ജോസഫിന്റെ സമ്പൂർണ്ണ കഥകൾ, കറന്റ് ബുക്സ്, തൃശൂർ, 2015.

# വിജ്ഞാനസമൂഹവും മലയാളത്തിലെ സമാന്തര പുസ്തകപ്രകാശനവും

**ഡോ. കെ.പി.രവിചന്ദ്രൻ**
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്

**പ്രബന്ധസംഗ്രഹം**

അറിവു നിർമ്മിക്കുന്ന സ്വതന്ത്രവ്യക്തികളിലൂടെയാണ് വൈജ്ഞാനിക സമൂഹം സൃഷ്ടിക്കപ്പെടുന്നത്. വ്യക്തികൾ സാമൂഹികനിർവാഹകത്വമുള്ള പൗരരായി മാറേണ്ടതുണ്ട്. വിജ്ഞാനത്തിന്റെ ഉല്പാദനത്തിലും വിതരണ ത്തിലും തുല്യത ഉറപ്പു വരുത്തുന്നതിലൂടെയാണ് വൈജ്ഞാനിക സമൂഹം നീതിബോധമുള്ള പൗരസമൂഹമായിത്തീരുന്നത്. പാർശ്വവല്കൃതസമൂഹ ങ്ങൾക്ക് ജ്ഞാനോല്പാദനത്തിലും വിനിമയത്തിലും ഇടപെടാനുള്ള അവസരം വിവരവിനിമയസാങ്കേതികവിദ്യകളുടെ വ്യാപനത്തോടെയാണ് ലഭ്യമായത്. സ്ത്രീകൾ, ദളിതർ, ട്രാൻസ് ജൻഡർ എന്നീവിഭാഗങ്ങൾ എഴുത്തി ന്റെയും വായനയുടെയും രംഗത്തു സജീവമായത് അതോടെയാണ്. നവമാധ്യമ ങ്ങളിലൂടെയും അച്ചടിമാധ്യമങ്ങളിലൂടെയും സാമൂഹികജനാധിപത്യം, സമത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായി ഭാഷയിൽ രൂപപ്പെടുത്തിയ ജ്ഞാനരൂപങ്ങൾ കേരളീയസമൂഹത്തെ വൈജ്ഞാനികമായി പുതുക്കുകയു ണ്ടായി. നവമാധ്യമങ്ങളുടേയും സാങ്കേതികവിദ്യകളുടേയും ഇടപെടൽ അറിവിന്റെ കുത്തകവല്ക്കരണത്തിന് എതിരായിരുന്നു. കേരളത്തിന് സമാന്തര പ്രസിദ്ധീകരണങ്ങളുടെ സാംസ്കാരികവും രാഷ്ട്രീയവുമായ പാരമ്പര്യമുണ്ട്. സമാന്തര പ്രസിദ്ധീകരണങ്ങളുടെ പാരമ്പര്യത്തിൽ നിന്നാണ് സമാന്തര പുസ്തകപ്രസാധനവും യാഥാർത്ഥ്യമാവുന്നത്. വൈജ്ഞാനിക സമൂഹനിർമ്മി തിയിൽ സമാന്തരപുസ്തകപ്രസാധനരംഗം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ദേശീയവാദപരവും വർഗ്ഗവാദപരവുമായ കാഴ്ചപ്പാടുകളുടെ മുഖ്യധാര നവീകരണത്തിനു വിധേയമാകുകയുണ്ടായി. അംബേദ്കർ

ചിന്തകളും കീഴാള/ദലിത് ജ്ഞാനപദ്ധതികളുമാണ് സാമൂഹ്യജനാധിപത്യ ചർച്ചകളിലേക്കു സമൂഹത്തെ തിരിച്ചു വിട്ടത് തത്വചിന്ത, മതം, ചരിത്രം, രാഷ്ട്രീയം, സാഹിത്യം എന്നീ മേഖലകളിലെ പുതിയ ജ്ഞാനോദയങ്ങൾ സമാന്തരപ്രസാധകർ മുന്നോട്ടുവയ്ക്കുന്നുണ്ട്. അവ മിക്കവാറും മുഖ്യധാരയ്ക്ക് രുചിക്കാത്തതാണ്. സ്വതന്ത്ര ചിന്തയേയും അന്വേഷണങ്ങളേയും പുറത്തെത്തിക്കാനും ചർച്ചാവിഷയമാക്കാനും ഇവർ ജാഗ്രത കാണിക്കുന്നു. ദളിത്, സ്ത്രീ, പരിസ്ഥിതി, ആദിവാസി, ട്രാൻസ് ജൻഡർ വിഷയങ്ങളും ട്രാൻസിഷൻ സ്റ്റഡീസ് പോലുള്ള പഠനമേഖലകളും പൊതുസമൂഹത്തിനു ലഭ്യമാക്കുന്നതിൽ സമാന്തര പ്രസാധനരംഗം മുന്നിൽ നില്ക്കുന്നതായി കാണാം. കേരളത്തിലെ സാമൂഹ്യ നവോത്ഥാനത്തിന്റെ അവർണ / കീഴാള/ ദളിത ധാരകളെയും നേതൃത്വങ്ങളേയും വീണ്ടെടുക്കുന്ന ചരിത്രപാഠങ്ങളും ജീവചരിത്ര ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു. ആത്മീയത, അന്ധവിശ്വാസം, ദേശീയത, ഫാസിസം, സിനിമ, സ്ത്രീയവസ്ഥ എന്നീ വിഷയങ്ങളും കൈകാര്യം ചെയ്യപ്പെട്ടു. കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി പരിവർത്തിപ്പിക്കുന്നതിൽ വിവരസാങ്കേതികതയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സമാന്തരപുസ്തകപ്രസാധകർ വഹിക്കുന്ന പങ്ക് വിശകലനം ചെയ്യുന്നതാണ് ഈ ലേഖനം.

***താക്കോൽവാക്കുകൾ:*** സമാന്തരപുസ്തകപ്രസാധനം, വിജ്ഞാനസമൂഹം, വിജ്ഞാന നിർമ്മിതി, വിവരസാങ്കേതികവിദ്യ, സമാന്തരപ്രസിദ്ധീകരണം.

## ആമുഖം

അറിവു നിർമ്മിക്കുന്ന സ്വതന്ത്രവ്യക്തികൾസാമൂഹിക നിർവാഹകത്വമുള്ള പൗരരായി പരിണമിക്കുന്നതിലൂടെയാണ് വൈജ്ഞാനികസമൂഹം എന്ന സങ്കല്പം സാക്ഷാത്കരിക്കപ്പെടുന്നത്. വൈജ്ഞാനികസമൂഹം നീതിബോധമുള്ള പൗരസമൂഹമായിരിക്കും. അത് വിവേചനങ്ങൾക്കെതിരാണ്. വിജ്ഞാനത്തിന്റെ ഉല്പാദനത്തിലും വിതരണത്തിലും തുല്യത ഉറപ്പുവരുത്തുന്നതിലൂടെയാണ് വൈജ്ഞാനികസമൂഹം നീതിബോധമുള്ള പൗരസമൂഹമായിത്തീരുന്നത്. പാർശ്വവല്കൃതസമൂഹങ്ങൾക്ക് ജ്ഞാനോല്പാദനത്തിലും വിനിമയത്തിലും ഇടപെടാനുള്ള അവസരം വിവരവിനിമയ സാങ്കേതികവിദ്യകളുടെ വ്യാപനത്തോടെയാണ് ലഭ്യമായത്. നവമാധ്യമങ്ങളിലൂടെയും അച്ചടിമാധ്യമങ്ങളിലൂടെയും സാമൂഹികജനാധിപത്യം സമത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായി ഭാഷയിൽ രൂപപ്പെടുത്തിയ ജ്ഞാനരൂപങ്ങൾ കേരളീയ സമൂഹത്തെ വൈജ്ഞാനികമായി പുതുക്കാൻ പോന്നതായിരുന്നു.

ജ്ഞാനം സംഭരിക്കുകയും സംരക്ഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്ന പ്രധാന ഉപാധി എന്ന സ്ഥാനം പുസ്തകങ്ങൾക്ക് ഇന്നും ഉണ്ട്. ഇ-എഴുത്തിന്റേയും വായനയുടേയും സംസ്കാരം ശക്തിപ്പെടുമ്പോൾ തന്നെ അച്ചടിമാധ്യമങ്ങളുടെ പ്രസക്തി കുറയുന്നില്ല. നവമാധ്യമങ്ങൾ അച്ചടി മാധ്യമങ്ങളുടെയും പുസ്തകങ്ങളുടേയും ഉള്ളടക്കത്തിലും രൂപത്തിലും സ്വാധീനശക്തിയായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. നവമാധ്യമങ്ങളിലൂടെ ശ്രദ്ധിക്കപ്പെട്ട രചനകൾ അച്ചടിമാധ്യമത്തിലേക്ക് മാറുകയും വില്ക്കപ്പെടുകയും ചെയ്യുന്ന പ്രവണതയുണ്ട്.

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## ജ്ഞാനാന്വേഷണം മാതൃഭാഷയിലൂടെ

മാതൃഭാഷയിലൂന്നിയ ജ്ഞാനാന്വേഷണങ്ങളാണ് നവോത്ഥാനഘട്ടത്തിൽ ഇവിടെ നടന്നത്. കേരളത്തെ ആധുനീകരിച്ചത് ഇത്തരം ജ്ഞാനാന്വേഷണങ്ങളാണ്. മാതൃഭാഷയെ നവോത്ഥാന ആശയമായാണ് നാം മനസ്സിലാക്കുന്നത്. മാതൃഭാഷയിലൂടെയുള്ള ജ്ഞാനനിർമ്മിതിക്കും വിനിമയങ്ങൾക്കും വലിയ സാധ്യത തുറന്നു കിട്ടിയത് വിവര യുഗത്തിനു തുടക്കം കുറിച്ച ഡിജിറ്റൽ വിപ്ലവത്തോടെയാണ്.

സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിൽ മലയാളം വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയത് രണ്ടായിരത്തിനു ശേഷമാണ്. ഡിജിറ്റൽ ആശയവിനിമയത്തിന് മലയാള ഭാഷകൂടി സജ്ജമായത് അപ്പോൾ മാത്രമാണെന്നു പറയാം. വെബ്സൈറ്റുകൾ, ബ്ളോഗുകൾ, സാമൂഹ്യസൈറ്റുകൾ എന്നിങ്ങനെ സൈബറിടങ്ങൾ വിപുലപ്പെടുകയായിരുന്നു. അന്യഭാഷയിൽ സംസാരിച്ചു കടന്നുവന്ന സൈബർ ലോകം ഭാഷാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കപ്പെട്ട സ്വതന്ത്രദേശങ്ങളായി മാറി. സൈബർ സ്പേസിലാണ് വിവര സമൂഹത്തിന്റെ നിലനില്പ്.

## അറിവിന്റെ കുത്തകവല്ക്കരണത്തിനെതിരെ

നവമാധ്യമങ്ങളുടേയും സാങ്കേതികവിദ്യകളുടേയും വരവ് ഇടപെടൽ അറിവിന്റെ കുത്തകവല്ക്കരണത്തിനെതിരായിരുന്നു. അതു ജനാധിപത്യപരമായ പുതിയ തുറസ്സുകളെ വികസിപ്പിച്ചു. മുഖ്യധാരയ്ക്കു പുറത്തായിരുന്ന വിഭാഗങ്ങൾക്ക് ഇടപെടാൻ അവസരം ലഭിച്ചു. അത്തരം സാമൂഹികവിഭാഗങ്ങൾക്ക് സ്വയം പ്രകാശനശേഷിയും അവസരവും ലഭിച്ചു. സ്ത്രീകൾ, ദളിതർ, ട്രാൻസ് ജൻഡർ എന്നീവിഭാഗങ്ങൾ എഴുത്തിന്റേയും വായനയുടേയും രംഗത്തു സജീവമായി. അതു പുതിയ ഭാവുകത്വമായി പരിണമിച്ചു. സാമൂഹികസാംസ്കാരിക മണ്ഡലങ്ങളിൽ ജനാധിപത്യപരമായ ബഹുസ്വരത സാധ്യമാക്കിയ പ്രധാന വിപ്ളവങ്ങളിലൊന്നാണ് നവമാധ്യമങ്ങളുടേയും സാങ്കേതിക വിദ്യകളുടേയും കടന്നുവരവ്. പുസ്തകപ്രസാധനരംഗത്ത് വലിയ മാറ്റങ്ങൾ സംഭവിച്ചു. വൻകിടക്കാർക്കുമാത്രം സാധ്യമായിരുന്ന പ്രസാധനരംഗത്ത് ചെറുകിട പ്രസാധകർ ധാരാളമെത്തി. മുൻപില്ലാത്തവിധം പുസ്തകപ്രസാധനരംഗം സജീവമായി. പുതിയ എഴുത്തുകാരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ചെറുകിട പ്രസാധകർക്കു കഴിഞ്ഞു. വൈവിധ്യങ്ങളുടെ രംഗമായി എഴുത്തിന്റേയും വായനയുടേയും മണ്ഡലം മാറി. വൈജ്ഞാനിക സമൂഹനിർമ്മിതിയിൽ പുസ്തകപ്രസാധനരംഗം വഹിക്കുന്ന പങ്ക് വളരെ വലുതാണെന്നു തെളിഞ്ഞു.

## അടിത്തട്ടിൽ നിന്നുള്ള ജ്ഞാനനിർമ്മിതികൾ

അടിത്തട്ടിൽനിന്നുള്ള ജ്ഞാനനിർമ്മിതികളും ഭാവനാനിർമ്മിതികളും ശക്തിപ്പെട്ടത് രണ്ടായിരത്തിനുശേഷമാണ്. മലയാളി ജ്ഞാനപരമായി പുതുക്കപ്പെടുന്ന കാലം കൂടിയാണത്. അധികാരത്തിന്റെ സൂക്ഷ്മവും സ്ഥൂലവുമായ പ്രകാശനരീതികളെ തിരിച്ചറിയാൻ കഴിയുന്നതരത്തിലായിരുന്നു അത് സംഭവിച്ചത്. അറിവുകൾ പ്രകാശി

പ്പിക്കാനും വിനിമയം ചെയ്യാനുമുള്ള നവമാധ്യമസാധ്യതകളിലേക്കു മലയാളി പ്രവേശി ക്കുന്നതിനൊപ്പമായിരുന്നു ഇതുണ്ടായത്. ലോകത്തിൽ സംഭവിക്കുന്ന മാറ്റങ്ങളിലേക്കും പുതിയ അറിവുകളിലേക്കും അപ്പപ്പോൾ ഉണരാനും പ്രതികരിക്കാനുമുള്ള സാധ്യതയാണ് തുറന്നു കിട്ടിയത്. നവമാധ്യമങ്ങളുടേയും അച്ചടിമാധ്യമങ്ങളുടേയും സാധ്യതകൾ പ്രയോജനപ്പെടുത്താൻ പാർശ്വവല്കൃതവിഭാഗങ്ങൾ തയ്യാറായതിന്റെ ചരിത്രം കൂടിയാണത്.

## സാമൂഹികജനാധിപത്യത്തിലേക്ക്

ദേശീയവാദപരവും വർഗ്ഗവാദപരവുമായ കാഴ്ചപ്പാടുകളുടെ മുഖ്യധാര നവീകരണ ത്തിനു വിധേയമായി. അവയോടുള്ള വിയോജിപ്പും വിമർശനവുമായാണ് പുതിയ ജ്ഞാനവഴികൾ വികസിച്ചത്. ദളിത് ആദിവാസിസ്ത്രീപരിസ്ഥിതിന്യൂനപക്ഷപാഠ ങ്ങളെന്നും പഠനങ്ങളെന്നും അത് വിളിക്കപ്പെട്ടു. ഗാന്ധിയും അംബേദ്കറും മാർക്സും പുതിയ പഠനങ്ങൾക്കും പാരായണങ്ങൾക്കും വിധേയമായി. സാമൂഹിക ജനാധിപത്യത്തെ മുൻനിർത്തിയുള്ള ചർച്ചകളിലേക്കു കേരളീയസമൂഹം നിർബന്ധിക്കപ്പെടുന്നത് അങ്ങനെയാണ്. മലയാളിയുടെ അറിവന്വേഷണങ്ങളിൽ നിന്ന് ഏറെക്കാലം ഒഴിച്ചു നിർത്തപ്പെട്ട ആശയമായിരുന്നു സാമൂഹികജനാധിപത്യം എന്നത്. രാഷ്ട്രീയസാംസ്കാരിക തലങ്ങളിൽ സാമൂഹികജനാധിപത്യം എന്ന ദർശനം പുറന്തള്ളപ്പെട്ടുകഴിഞ്ഞിരുന്നു.

അംബേദ്കർചിന്തകളും കീഴാള/ദലിത് ജ്ഞാനപദ്ധതികളുമാണ് സാമൂഹ്യജനാധിപത്യ ചർച്ചകളിലേക്കു സമൂഹത്തെ തിരിച്ചുവിട്ടത്. സാമ്രാജ്യത്വവും മുതലാളിത്തവും സൃഷ്ടിക്കുന്ന കെടുതികൾ മാത്രമല്ല ഇന്ത്യൻ സമൂഹം അനുഭവിക്കുന്നത്. വർണ ജാതി വ്യവസ്ഥക്കടിസ്ഥാനമായ ബ്രാഹ്മണിസം ഏൽപ്പിക്കുന്ന കെടുതികൾ കൂടിയാണ്. ഈ തിരിച്ചറിവിലേക്ക് കേരളീയ പൊതുബോധത്തെ എത്തിക്കാനുള്ള ഇടപെടലുകൾ ശക്തമായി.

## വൈജ്ഞാനികമണ്ഡലത്തിലെ ബഹുസ്വരത

ബഹുസ്വരമായ ഒരു ദളിത് വൈജ്ഞാനികമണ്ഡലം കേരളത്തിൽ നിലനില്ക്കുന്നുണ്ട്. അംബേദ്കർ ചിന്തകളാണതിന്റെ സൈദ്ധാന്തിക അടിത്തറ. കഥ, കവിത, നോവൽ, ജീവചരിത്രം, ആത്മകഥ തുടങ്ങിയ നിരവധി സാഹിത്യരൂപങ്ങളിലൂടെയും പ്രസംഗം, പാട്ട്, നൃത്തം, സംഗീതം, സിനിമ എന്നീ മാധ്യമങ്ങളിലൂടെയുമാണത് സജീവധാരയായി നില്ക്കുന്നതെന്ന് ജോണി എം.എൽ നിരീക്ഷിക്കുന്നു(2022:12).

ലൈംഗികമായ ജനാധിപത്യബോധത്തിന് പ്രകാശനം ലഭിക്കുന്നതരത്തിൽ ലിംഗപദവീപഠനങ്ങൾ ഏറെ സജീവമായി. ആൺപെൺ ദ്വന്ദ്വത്തിനപ്പുറത്ത് വിവിധങ്ങളായ ലിംഗനിലകൾക്ക് തുല്യതയും സ്വാതന്ത്ര്യവും ലഭ്യമാകേണ്ടതുണ്ടെന്ന ബോധ്യത്തിലേ ക്കാണതു വളരുന്നത്. സ്ത്രീകളുടെ, വിശേഷിച്ച് ദളിത് സ്ത്രീകളുടെ ജീവചരിത്രം, ആത്മകഥ, അനുഭവക്കുറിപ്പുകൾ, എന്നിവ മാറിയ ജ്ഞാനസാഹചര്യത്തിന്റെ തെളിവു കളാണ്. സ്ത്രീകർതൃത്വരൂപീകരണത്തിലും സ്ത്രീകളുടെ പൊതുമണ്ഡല പ്രവേശന ത്തിനും അനുഗുണമായ അന്തരീക്ഷം സംജാതമായതാണ് കാരണം.

1990കൾക്കു ശേഷം ഇന്ത്യൻ ഭാവുകത്വം രൂപപ്പെട്ട വഴികളെക്കുറിച്ച് ഡോ.എം.ബി. മനോജ് ഇങ്ങനെ എഴുതുന്നു. 'ബിർസ, അംബേദ്കർപെരിയോർ തുടങ്ങിയ അടിസ്ഥാന ധാരകളും ബുദ്ധൻ, കബീർ, ഫൂലെ തുടങ്ങിയ ജനാധിപത്യധാരകളും പുതിയ പാരായ ണത്തിന്റെ കേന്ദ്രങ്ങളായി. ഗല്ക്കരിഭായി, സാവിത്രിഫൂലെ, രമാഭായി തുടങ്ങിയ സ്ത്രീകൾ ചർച്ചചെയ്യപ്പെട്ടു. മദർതെരേസ, മേധാപട്കർ, സികെജാനു, മയിലമ്മ, ലീലാകുമാരിയമ്മ തുടങ്ങി നിരവധി സ്ത്രീകർതൃത്വങ്ങൾ വികാസം നേടി'(2016:84).

കീഴാളപഠനങ്ങൾ, സ്ത്രീപഠനങ്ങൾ, ദളിത് പഠനങ്ങൾ, ട്രാൻസ്ജൻഡർ പഠനങ്ങൾ എന്നിങ്ങനെ വൈവിധ്യപൂർണമായ വിജ്ഞാനത്തിന്റെ മേഖലകൾ വികസിച്ചുവന്നത് രണ്ടായിരത്തിനു ശേഷമാണ്. സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ അധീശത്വാധികാരങ്ങളെ ചോദ്യം ചെയ്യുന്നവയാണ് ഇത്തരം പഠനങ്ങൾ. യാഥാസ്ഥിതിക മായിത്തുടർന്ന മുഖ്യധാരാജ്ഞാനമാതൃകകളെ വിമർശനവിധേയമാക്കിയ പുതുവിജ്ഞാന മാതൃകകൾ കൂടുതൽ ജനാധിപത്യപരമായി സമൂഹത്തെ പുതുക്കിപ്പണിയു ന്നവയായിരുന്നു. മലയാളിയെ ജ്ഞാനപരമായും ഭാവുകത്വപരമായും നവീകരിച്ച പുസ്തകങ്ങളേറെയും പുറത്തുവന്നത് ചെറുകിട പ്രസാധകരിലൂടെയാണെന്നു കാണാം.

## പുസ്തകപ്രസാധനരംഗം

പുസ്തകപ്രസാധനരംഗം നിരവധി വൈരുദ്ധ്യങ്ങളുടേയും താല്പര്യങ്ങളുടേയും അഭിരുചികളുടേയും സംഘർഷകേന്ദ്രമാണ്. സാമ്പത്തിക താല്പര്യങ്ങൾ, രാഷ്ട്രീയ താല്പര്യങ്ങൾ, മതജാതി താല്പര്യങ്ങൾ, വിപണി താല്പര്യങ്ങൾ എന്നിവയെല്ലാം അതിൽപെടും. പൊതുമേഖലയിലും സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലു മായി പ്രവർത്തിക്കുന്ന ധാരാളം പ്രസാധനശാലകൾ കേരളത്തിലുണ്ട്. സർക്കാർ നിയന്ത്രിക്കുന്ന പ്രസാധനശാലകൾ സ്വാഭാവികമായും ഭരണകൂടതാല്പര്യങ്ങളും മുൻ ഗണനാക്രമങ്ങളും സംരക്ഷിക്കുന്നവയാണ്. കേരളസാഹിത്യഅക്കാദമി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവവിജ്ഞാന ഇൻസ്റ്റിറ്റ്യൂട്ട്, സർവകലാശാലാ പ്രസിദ്ധീകരണവിഭാഗങ്ങൾ എന്നിവ കേരള ഗവൺമെന്റിനു നിയന്ത്രണമുള്ള പ്രസാധന സ്ഥാപനങ്ങളാണ്. സ്വകാര്യ മേഖലയിലാണ് പ്രസാധനരംഗം പന്തലിച്ചു നിൽക്കുന്നത്. വ്യക്തികളുടെ മുൻകയ്യിലെന്ന പോലെ മതസംഘടനകളും രാഷ്ട്രീയ പാർട്ടികളും നേതൃത്വം നല്കുന്ന പ്രസാധന ശാലകളും ഇതിലുൾപ്പെടുന്നു. വിവിധ ശാസ്ത്ര സംഘടനകൾക്കും സാംസ്കാരിക സംഘടനകൾക്കും പ്രസിദ്ധീകരണ വിഭാഗങ്ങളുണ്ട്.

രണ്ടായിരാമാണ്ടോടെ സംഘടിത മതങ്ങളുടെ ഉടമസ്ഥതയിലുള്ള പുസ്തകപ്രസാധന ശാലകളുടെ എണ്ണം വർധിച്ചു. ജാതിമതകേന്ദ്രിതമായ പുസ്തകപ്രസാധനരീതിയാണ് ഇപ്പോഴും ശക്തിപ്പെട്ടു നിൽക്കുന്നത്. മുഖ്യധാരാപ്രസാധകർ പോലും മതസാഹിത്യം അച്ചടിക്കുന്നതിൽ മത്സരരംഗത്താണ്. ചെറുകിടപ്രസാധകരും മതസാഹിത്യത്തിന്റെ വിപണി മൂല്യത്തിലാകൃഷ്ടരായി കളംനിറയുകയാണ്. മതകേന്ദ്രിതമായ പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും വിപണനവും കേരളത്തിൽ ആദ്യകാലം മുതലേ ശക്തിപ്പെട്ടു നിന്നിരുന്നു. ആഗോളവൽക്കരണകാലത്തോടെ മതകേന്ദ്രിതമായ പുസ്തകങ്ങളുടെ പ്രസാധനം ശക്തമാകുന്നുണ്ടെന്ന് ശ്രീകുമാർ എ.ജി. നിരീക്ഷിക്കുന്നുണ്ട്' (2016:372).

## അച്ചടി ഭീമന്മാർ

മലയാളത്തിന്റെ ഭാവുകത്വത്തെയും ചിന്താമണ്ഡലത്തേയും നിയന്ത്രിച്ചു പോന്നത് വൻകിടസ്വകാര്യപ്രസാധകരാണ്. വൈജ്ഞാനികമണ്ഡലമാകെത്തന്നെ ഏകപക്ഷീയമായ കേന്ദ്രീകരണത്തിലൂന്നിയതായിരുന്നു. 'മലയാളത്തിലെ അച്ചടിസാഹിത്യത്തെ ഇപ്പോഴും നിർണയിക്കുന്നത് ഡി.സി ബുക്സ്, മാതൃഭൂമി, മലയാളമനോരമ തുടങ്ങിയ ഭീമന്മാരാണ്. ഇതാണ് സാഹിത്യം ഇതാണു വായിക്കേണ്ടത് ഇതാണ് മാറ്റം എന്നൊക്കെ പറയുന്നത് മലയാളത്തിലെ അച്ചടി ഭീമന്മാരാണ്' (വിജു. വി.വി,2023:272). സമൂഹത്തിന്റെ ജനാധിപത്യ വല്ക്കരണത്തിനുതകുന്ന പുതിയ അറിവുകളുടെ നിർമ്മാണം പലപ്പോഴും അസാധ്യമായി തുടർന്നുവന്നു. പ്രസിദ്ധീകരണവും വിപണനവുമടക്കമുള്ള മേഖലകളിൽ സമൂഹത്തിലെ ഉപരിമധ്യവർഗ്ഗങ്ങൾക്കായിരുന്നു പ്രാബല്യം. സാമ്പത്തികശക്തികളും മതരാഷ്ട്രീയ ശക്തികളും അവരുടെ നിക്ഷിപ്തതാല്പര്യങ്ങൾക്കനുസരിച്ചു പ്രവർത്തിച്ചു. പിന്നോക്ക പാർശ്വവല്കൃതവിഭാഗങ്ങളുടെ ജ്ഞാനം അവമതിക്കപ്പെട്ടു. അറിവുല്പാദനത്തിന്റെയും വിതരണത്തിന്റെയും രംഗം കുത്തകവല്ക്കരണത്തിലധിഷ്ഠിതമായിരുന്നു.

## പുതിയ വഴിത്തിരിവ്

പുസ്തകപ്രസാധനവും വായനാസംസ്കാരവും സാഹിത്യകേന്ദ്രിതമായാണ് നില നിന്നു പോന്നത്. സംസ്കാരത്തെ സാഹിത്യത്തിലേക്കു ചുരുക്കുന്ന ഈ പ്രവണത കേരളീയാധുനികതയുടെ സവിശേഷതയായിരുന്നു. ആധുനികാനന്തര ഭാവുകത്വമാണ് ഈ പ്രവണതയ്ക്കുമാറ്റം വരുത്തിയത്. ശാസ്ത്രത്തിനും മറ്റു വിജ്ഞാനമേഖലകൾക്കും ഊന്നൽ കൊടുക്കുന്നതാണ് പുസ്തകപ്രസാധനത്തിലെ പുതിയ വഴിത്തിരിവ്. ആഗോളവൽകൃത കാലത്തെ തൊഴിൽമേഖലയ്ക്കാവശ്യമായ ജ്ഞാനവിഷയങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളാണ് ഇന്ന് വിപണി കയ്യടക്കുന്നത്. പോപ്പുലർ സയൻസ്, കരിയർ ഗൈഡൻസ്, ഇന്റീരിയർ ഡിസൈനിംഗ്, ഓഹരിവിപണി എന്നിവ അതിൽ പ്രധാനമാകുന്നു. ലോകവ്യാപകമായി വിജ്ഞാനശാസ്ത്ര മേഖലകളിൽ സംഭവിച്ച വികാസത്തിന്റെ ഭാഗമാണിത്.

## വിവരസാങ്കേതികവിദ്യയും പുസ്തകപ്രസാധനവും

വിവരസാങ്കേതികത പുസ്തകപ്രസാധനരംഗത്തേയും അടിമുടി മാറ്റിമറിച്ചു. അച്ച ടിക്കാതെതന്നെ പുസ്തകം ഇബുക്കായി വായനക്കാരിലെത്തിക്കാനുള്ള സംവിധാനം വിപുലപ്പെട്ടുവന്നു. ആവശ്യത്തിനുള്ള ചുരുങ്ങിയ കോപ്പിമാത്രം അച്ചടിക്കാനുള്ള പ്രിന്റ് ഓൺ ഡിമാന്റ് സംവിധാനവും പ്രചരിച്ചു. എഴുത്തുകാർക്കുതന്നെ പ്രസാധകരായി മാറാവുന്ന സ്വയം പ്രസാധനത്തിനുള്ള സാധ്യതകൾ ഏറി. ഇതെല്ലാം വൻകിട പ്രസാധകരെ ആശ്രയിക്കാതെതന്നെ പുസ്തകം പ്രസിദ്ധീകരിക്കാവുന്ന അവസ്ഥ സംജാതമാക്കി. സ്വയം പ്രസാധനസംരംഭം മലയാളത്തിൽ ബലപ്പെട്ടിട്ടില്ലെങ്കിലും ചെറുകിടപ്രസാധകരിലൂടെ മികച്ചരീതിയിൽ പുസ്തകം അച്ചടിക്കാനും വിതരണം ചെയ്യാനുമുള്ള സാധ്യത എഴുത്തുകാർ പ്രയോജനപ്പെടുത്തി. മികച്ചരീതിയിൽ ടൈപ്പ് സെറ്റ് ചെയ്ത് പുസ്തകം അച്ചടിക്കാനുള്ള സാങ്കേതികത ഇന്നു മലയാളത്തിൽ ഉണ്ട്.

'യൂണികോഡ് ഭാഷാസാങ്കേതികതയും മലയാളത്തിന്റെ തനതുലിപിയിലുള്ള മികച്ചഫോണ്ടുകളും സ്വതന്ത്രമലയാളം കമ്പ്യൂട്ടിംഗ് പോലെയുള്ള സന്നദ്ധസംഘടനകളുടെ ശ്രമഫലമായി മലയാളികൾക്കിന്ന് സൗജന്യമായി ലഭിക്കുന്നു'(ഹുസൈൻ കെ.എച്ച്). പ്രസാധനമേഖലയിൽ സംഭവിച്ച ഈ വിപ്ളവമാണ് ചെറുകിട പ്രസാധകരേയും എഴുത്തുകാരേയും ഈ രംഗത്തേക്കാകർഷിച്ചത്.

## ചെറുകിട പ്രസാധനം

ഭക്തി, ആത്മീയത, ലൈംഗികത എന്നിങ്ങനെ ജനപ്രിയവും വിപണിപ്രിയവു മായവിഷയങ്ങളെ വിറ്റു കാശാക്കുന്ന തരം പ്രസാധനസംരംഭങ്ങളുണ്ട്. അത്തരക്കാർ വൻകിടപ്രസാധകരിലും ചെറുകിടപ്രസാധകരിലും ഏറെയുണ്ട്. 'വീടുനിർമ്മാണം, വാസ്തുദോഷങ്ങൾ, ധനനിക്ഷേപം, വാഹനംവാങ്ങൽ, പാചകം എന്നിവയൊക്കെ വിശദമായി ചർച്ചചെയ്യുന്ന പുസ്തകങ്ങളും ആരോഗ്യവനിതാമാസികകളും അതിസാങ്കേതികതയുടെ നവമാധ്യമസംസ്കാരത്തെ അതിജീവിക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് ജയ്സൺജോസ് (ജോസ്.കെ.മാനുവൽ, 2014:101) അഭിപ്രായപ്പെടുന്നു. എന്നാൽ മികച്ച സാംസ്കാരിക പ്രവർത്തനവും രാഷ്ട്രീയപ്രയോഗവുമായി ഈ രംഗത്തെ മാറ്റിയ പ്രസാധകരുമുണ്ട്. സമാന്തരപുസ്തകപ്രസാധകർ എന്ന് അവരെ വിശേഷിപ്പി ക്കാം. അവരിലൂടെയാണ് പുതുബോധങ്ങളും ബോധ്യങ്ങളും സമൂഹത്തിലേക്കു പ്രസരിക്കുന്നത്. ചെറുകിട പ്രസാധകർക്ക് വിപുലമായ വിതരണ ശൃംഖലകളില്ല. സ്വന്തമായി സ്റ്റാളുകൾ പോലുമില്ലാത്തവരാണധികവും. വിതരണത്തിന് മറ്റു പ്രസാധകരെ ആശ്രയിക്കുകവഴി വൻതോതിൽ സാമ്പത്തിക നഷ്ടമുണ്ടാകുന്നു. ലൈബ്രറി കൗൺസിൽ പുസ്തകമേളകൾ പോലും ചെറുകിട പ്രസാധകർക്ക് അനുകൂലമല്ലെന്ന് അവർ പറയുന്നു.

## സമാന്തരപ്രസിദ്ധീകരണം കേരളത്തിൽ

കേരളത്തിന് സമാന്തരപ്രസിദ്ധീകരണങ്ങളുടെ സാംസ്കാരികവും രാഷ്ട്രീയവുമായ പാരമ്പര്യമുണ്ട്. സമാന്തരപ്രസിദ്ധീകരണങ്ങളുടെ ലിറ്റിൽ മാഗസിൻ എന്ന് വിളിക്കപ്പെടുന്ന പാരമ്പര്യത്തിൽ നിന്നാണ് സമാന്തരപുസ്തകപ്രസാധനവും യാഥാർത്ഥ്യമാവുന്നത്. എഴുത്തിലും പ്രസിദ്ധീകരണത്തിലും നിലനിന്ന / നിൽക്കുന്ന കുത്തകവൽക്കരണ ത്തെയാണ് ഇവർ പ്രതിരോധിക്കുന്നത്. പൊതുബോധത്തിന്റെയും വിപണിയുടേയും അധീശത്വത്തിൽ മുങ്ങിപ്പോകുന്ന മനുഷ്യപക്ഷത്തെ വീണ്ടെടുക്കുന്ന പ്രവർത്തനമാണത്. പൈങ്കിളി ഭാവുകത്വത്തേയും ബോധങ്ങളേയും ജീവിത യാഥാർത്ഥ്യങ്ങളിലേക്കും മൗലിക ചിന്തകളിലേക്കും നയിക്കുന്നതിൽ സമാന്തരപ്രസിദ്ധീകരണങ്ങൾക്കും പ്രസാധന സംരംഭങ്ങൾക്കും വലിയ പങ്കുണ്ട്.

അച്ചടി പ്രചരിച്ച കൊളോണിയൽ ആധുനികതയുടെ സന്ദർഭത്തിലാണ് കേരളത്തിലും പത്രമാസികകളുണ്ടാകുന്നത്. ഇക്കൂട്ടത്തിൽ സ്ത്രീദളിത് കീഴാള സമൂഹങ്ങളുടെ ഇടപെടലുകളുമുണ്ടായിരുന്നു. ദളിത്സ്ത്രീ ഉടമസ്ഥതയിലുള്ള അപൂർവം പ്രസിദ്ധീക രണങ്ങളുമുണ്ടായി. വർഗലിംഗജാതി മേധാവിത്തം ശക്തിപ്പെട്ടുനിന്ന ആദ്യകാലങ്ങളിൽ സ്ത്രീദലിത്കീഴാള വിഭാഗങ്ങൾക്ക് അച്ചടിപ്രസിദ്ധീകരണ മേഖലയിലേക്ക് എളുപ്പം കടന്നു വരാൻ കഴിയുമായിരുന്നില്ല. എങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന

കാലങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്ക കാലങ്ങളിലുമായി അതിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. അധീശ വ്യവസ്ഥയെ വെല്ലുവിളിയോടെ നേരിട്ടു കൊണ്ട് സ്ത്രീകളുടേയും ദളിത് കീഴാള വിഭാഗങ്ങളുടേയും നേതൃത്വത്തിൽ പുറത്തിറങ്ങിയ പ്രസിദ്ധീകരണങ്ങളെ സമാന്തര പ്രസിദ്ധീകരണങ്ങളായി തന്നെ വേണം പരിഗണിക്കാൻ.

1914ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ ആരംഭിച്ച മാസികയാണ് സാധുജന പരിപാലിനി. 1923ൽ മറ്റൊരു മാസിക സാധുജന ദൂതൻ എന്ന പേരിലിറങ്ങുകയും പിൽക്കാലത്ത് ചേരമർ ദൂതൻ എന്ന പേരിൽ തുടരുകയും ചെയ്തു. 1936ൽ അധ:കൃതൻ എന്ന പേരിൽ കെ.പി.വള്ളോൻ ഒരു പ്രസിദ്ധീകരണം ആരംഭിച്ചിരുന്നു. നവോത്ഥാന ഗുരുവായ പൊയ്കയിൽ അപ്പച്ചന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി 1963ൽ ആദിയർ ദീപം മാസിക പുറത്തു വന്നു. 1975ൽ തുടങ്ങിയ സീഡിയൻ മാസിക മാർക്സിസത്തോടൊപ്പം അംബേദ്കറിസവും മലയാളത്തിൽ ചർച്ചയാക്കുന്നുണ്ട്. സംവരണവും ഭരണഘടനാമൂല്യങ്ങളും അതിൽ വിഷയങ്ങളായി. അധ:സ്ഥിത നവോത്ഥാന മുന്നണി ബുള്ളറ്റിൻ ആയിരുന്നു പ്രധാനപ്പെട്ട മറ്റൊരു മാസിക. 2001ൽ ആരംഭിച്ച സൂചകം മാസിക ദളിത് സ്ത്രീ പരിസ്ഥിതി വിഷയങ്ങൾക്ക് പ്രാധാന്യം നല്കുന്നതായിരുന്നു. ഒന്നിപ്പ്, ഓറ എന്നി മാസികകളും ദളിത് സംവാദങ്ങൾ മുന്നോട്ടുവച്ചു. ഇന്ത്യൻ ഡെമോക്രാറ്റ് (1974), ദി ട്രൈബ് വോയ്സ് (2009) ദലിത് (2006) സൈന്ധവമൊഴി (1998) ഗോത്രഭൂമി (2004) എന്നിവയെല്ലാം ദലിത് ആദിവാസി വിഷയങ്ങൾ ഗൗരവമായി കൈകാര്യം ചെയ്ത പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ പെടുന്നു.

സ്ത്രീകൾക്കു വേണ്ടി പുരുഷന്മാരുടെ ആഭിമുഖ്യത്തിലാണ് ആദ്യകാല സ്ത്രീ പ്രസിദ്ധീകരണങ്ങളുണ്ടാകുന്നത്. 1885 ൽ ആരംഭിച്ച കേരളീയ സുഗുണ ബോധിനിയും 1904ലെ ശാരദയും 1915ലെ ഭാഷാശാരദയും ഇത്തരത്തിലുള്ളവയായിരുന്നു സ്ത്രീകളുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയതായിരുന്നു മഹിളാരത്നം (1916), മഹിളാമന്ദിരം (1920), മലയാളമാസിക (1930) തുടങ്ങിയ മാസികകൾ. 1933ൽ പാർവതി അയ്യപ്പന്റെ ഉടമസ്ഥതയിൽ സ്ത്രീ എന്ന മാസിക ആരംഭിച്ചതായി കാണാം. മുസ്ലീം വനിത, ഭാരത ചന്ദ്രിക, ആധുനിക വനിത എന്നീ പ്രസിദ്ധീകരണങ്ങൾ നടത്തിയ ഹലീമ ബീവിയായിരിക്കണം കേരളത്തിൽ പ്രസാധന രംഗത്തേക്കു കടന്നു വന്ന ആദ്യസ്ത്രീ. ഗാർഗി, പെണ്ണ്, കബനി, നിസ എന്നീ പേരുകളിൽ സ്ത്രീകളുടെ പത്രാധിപത്യത്തിൽ രണ്ടായിരാമാണ്ടിലും അതിനുശേഷവും സ്ത്രീമാസികകൾ ഉണ്ടായിട്ടുണ്ട്. ഇതിലേറ്റവും പ്രധാനം സാറാജോസഫിന്റെ പത്രാധിപത്യത്തിലാരംഭിച്ച സംഘടിത (2000)മാസികയാണ്.

ജാതിയേയും വർണവ്യവസ്ഥയേയും ലിംഗമേധാവിത്തത്തേയും തുറന്നു കാട്ടാനും വിമർശിക്കാനും സമാന്തര പ്രസിദ്ധീകരണങ്ങളാണ് ജാഗ്രത കാട്ടിയത്. ബദൽ ചിന്തകൾ തുറന്നിട്ടുകൊണ്ടാണത് സംവാദങ്ങൾ സാധ്യമാക്കിയത്. ന്യൂനപക്ഷത്തിന്റെ വ്യവഹാരങ്ങളായാണ് പുതിയദർശനങ്ങളും സൗന്ദര്യബോധവും രൂപപ്പെട്ടതെങ്കിലും പിൽക്കാലത്ത് മുഖ്യധാരയെ സ്വാധീനിക്കാനും പരിവർത്തിപ്പിക്കാനും കഴിഞ്ഞ ഊർജ്ജ പ്രവാഹമായിരുന്നു അത്. ബഹുസ്വരതയായിരുന്നു അതിന്റെ കാതൽ. 1970കളിൽ ദളിത് ചിന്തകളും സ്ത്രീവിമോചനാശയങ്ങളും പരിസ്ഥിതിചിന്തകളും സമാന്തര പ്രസിദ്ധീകരണ

ങ്ങളുടെ മുഖ്യവിഷയമാകുന്നുണ്ട്. ലോകഭാഷകളിലെ സാഹിത്യവും വിജ്ഞാനവും മലയാളത്തിലെത്തിച്ചത് സമാന്തര പ്രസിദ്ധീകരണങ്ങളാണ്. ദളിത് സാഹിത്യം, ഫെമിനിസ്റ്റ് സാഹിത്യം, പരിസ്ഥിതി സാഹിത്യം, ബ്ലാക്ക് ലിറ്ററേച്ചർ എന്നിങ്ങനെയുള്ള നവഭാവുകത്വങ്ങൾ വിവർത്തനരൂപത്തിൽ മലയാളിക്ക് പരിചിതമായി. ബഹുസ്വരതയെ ജനാധിപത്യത്തിന്റെ ശക്തിയും സൗന്ദര്യവുമാക്കുന്ന നീതിയിലും ധാർമ്മികതയിലുമൂന്നുന്ന രാഷ്ട്രീയ സംസ്കാരം അവയിൽ ദൃഢപ്പെട്ടിരുന്നു. പുസ്തകപ്രസാധനം വൻവ്യവസായമായിത്തീർന്നതോടെ അതു വെല്ലുവിളികൾ നിറഞ്ഞതായി. എഴുത്തിനെ കമ്പോളച്ചരക്കാക്കുന്നതിലൂടെയാണ് വൻകിട ഉൽപ്പാദനം നടത്തുന്ന വൻ വ്യവസായമായി പുസ്തകപ്രസാധനരംഗം മാറുന്നത്.

## സമാന്തരപ്രസാധനവും ചലനങ്ങളും

ഇതര ഇന്ത്യൻ ഭാഷകളിലുള്ളതിനേക്കാൾ സജീവവും സമ്പന്നവുമാണ് മലയാളത്തിലെ പുസ്തകപ്രസാധനരംഗം. കേരളത്തിലെ ഉയർന്ന സാക്ഷരതാനിരക്കും ഗ്രന്ഥശാലകളുടെ വൈപുല്യവും അതിനു കാരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. സർഗ്ഗാത്മകവും വൈജ്ഞാനികവുമായ മേഖലകളിൽ വ്യാപരിക്കുന്ന സമൂഹമായി മലയാളികൾ മാറിയതിനു പിന്നിൽ ചരിത്രപരമായ നിരവധി ഘടകങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിൽ ചെറുകിട പ്രസാധകർ നിരവധിയുണ്ട്. രണ്ടായിരത്തിനുശേഷമാണ് ഇങ്ങനെയൊരു വർധനവുണ്ടായത് .അവയിൽ തന്നെ സമാന്തര പ്രസാധകർ പൊതുവെ കുറയും. തുടരാൻ കഴിയാത്ത അവസ്ഥയിലാണ് പല പ്രസാധകരും. എങ്കിലും വൈജ്ഞാനികവും സർഗ്ഗാത്മകവുമായ പുതുമകളും പരിവർത്തനങ്ങളും കൊണ്ടുവന്ന കൂട്ടത്തിൽ ഇവരുണ്ട്. മൾബറി ബുക്സ്, മൈത്രി ബുക്സ്, ക്വി വൈവ് ടെക്സ്റ്റ്, ആത്മ ബുക്സ്, അസെന്റ് പബ്ലിക്കേഷൻസ്, ഒലീവ്, റെയ് വാൻ, വിദ്യാർത്ഥി, സൈൻ ബുക്സ്, ഗ്രീൻ ബുക്സ്, ഐ ബുക്സ്, മുദ്ര ബുക്സ്, ഭീം മിഷൻ പബ്ലിക്കേഷൻസ്, ഇടനേരം ബുക്സ്, ദലിത് ബന്ധു പഠനകേന്ദ്രം, പാപ്പാത്തി ബുക്സ്, ബോധി ബുക്സ്, പാപ്പിറസ് ബുക്സ്, ഇൻസൈറ്റ് പബ്ലിക്ക, അദർ ബുക്സ്, ടുഡേ ബുക്സ്, യൂണിറ്റി ബുക്സ്, കേരളീയം പുസ്തകശാല എന്നിങ്ങനെ അവയുടെ പേരുകൾ നീളുന്നു. അടുത്ത കാലത്തു തുടങ്ങിയതും പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ളവയും ഇക്കൂട്ടത്തിലുണ്ട്.

പുസ്തകപ്രസാധനരംഗത്ത് കാലാനുസൃതമായ മാറ്റവും ആധുനികതയും കൊണ്ടുവന്നത് സമാന്തര പ്രസാധകരാണെന്ന് മാധ്യമപ്രവർത്തകനായ ഓ.കെ.ജോണി നിരീക്ഷിക്കുന്നുണ്ട്. പുസ്തകപ്രസാധനത്തിന്റെ ഭാവരൂപങ്ങളിൽ സമൂലമാറ്റം വരുത്തിയതിൽ മൾബറി ബുക്സിന് വലിയ പങ്കുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. കവിയും കഥാകാരനും ചിത്രകാരനും സംഗീതജ്ഞനുമായിരുന്ന ഷെൽവി 1985ലാണ് കോഴിക്കോട് കേന്ദ്രമാക്കി മൾബറി ബുക്സ് ആരംഭിക്കുന്നത്. മലയാളത്തിൽ നവഭാവുകത്വവും ചിന്തകളും കൊണ്ടുവന്ന പ്രധാനപ്പെട്ട പല കൃതികളും മൾബറി ബുക്സാണ് പുറത്തിറക്കിയത്. മലയാളത്തിൽ പിൽക്കാലത്തു പ്രസിദ്ധരായിത്തീർന്ന എഴുത്തുകാരെ മാത്രമല്ല വിദേശഭാഷകളിലെ പ്രധാന എഴുത്തുകാരെയും ചിന്തകരേയും മൾബറി ബുക്സ് കേരളത്തിനു പ്രിയങ്കരരാക്കി. കസാൻ ദ്സാക്കീസ്, ഖലീൽ ജിബ്രാൻ,

ലോർക്ക, എറിക് ഫ്രോം, പാബ്ലോ നെരൂദ, നീഷെ, കോളിൻ വിൽസൻ തുടങ്ങിയവരെ പരിഭാഷയിലൂടെ മൾബറി മലയാളത്തിലെത്തിച്ചു. 2003ൽ ഷെൽവിയുടെ മരണത്തോടെ പ്രസാധനം നിലച്ചു.

ചരിത്രം, സംസ്കാരം, ദർശനം എന്നീ വൈജ്ഞാനിക മേഖലകൾക്ക് മുതൽക്കൂട്ടാവുന്ന നിരവധി ഗ്രന്ഥങ്ങൾ മൈത്രി ബുക്സ് പുറത്തിറക്കി. ഔദ്യോഗികമാമൂൽ ചരിത്രങ്ങൾക്കപ്പുറത്ത് കീഴാളബദൽ ചരിത്രങ്ങൾ കണ്ടെടുക്കപ്പെട്ടു. അംബേദ്കർ, പെരിയോർ ഫൂലേ തുടങ്ങി സാമൂഹ്യനീതിയെ ഉയർത്തിപ്പിടിച്ച ദേശീയ വ്യക്തിത്വങ്ങളുടെ ദർശനങ്ങളും അവരുടെ ഗ്രന്ഥങ്ങളും മലയാളത്തിൽ പ്രചരിച്ചു. മനുവിന്റെ ഭ്രാന്ത് അഥവാ സങ്കര ജാതിയുടെ ഉൽപ്പത്തി, ബുദ്ധനോ കാറൽ മാർക്സോ, രാമനും കൃഷ്ണനും പ്രതിക്കൂട്ടിൽ, കലിയുഗത്തിന്റെ പ്രഹേളിക, ബുദ്ധനും വർണ്ണാശ്രമധർമ്മവും, അധ:സ്ഥിതർ ഹിന്ദുക്കളല്ല, വേദങ്ങൾക്ക് ധാർമ്മിക മൂല്യങ്ങളുണ്ടോ?, ഹിന്ദുസ്ത്രീകളുടെ ഉയർച്ചയും അധ:പതനവും എന്നിവ അംബേദ്ക്കർ രചിച്ച കൃതികളാണ്.

അംബേദ്കർ ജീവിതവും രചനകളും (രാം പുനിയാനി), ഭാരതരത്നം അംബേദ്കർ (ടി.എച്ച്.പി.ചെന്താരശേരി), ഡോ.ബി.ആർ അംബേദ്കർ: ചരിത്രം തിരുത്തിക്കുറിച്ച ജനാധിപത്യ പോരാട്ടങ്ങൾ (കെ.കെ.എസ്. ദാസ്), മുസ്ലീങ്ങളും അംബേദ്കറും: മിത്തും യാഥാർത്ഥ്യവും എന്നിവ അംബേദ്കറെക്കുറിച്ചുള്ള കൃതികളാണ്. കാവാരികുളം കണ്ടൻ കുമാരൻ, ഡോ.പൽപു, ശ്രീനാരായണഗുരു, വൈകുണ്ഠസ്വാമികൾ, കുറുമ്പൻ ദൈവത്താൻ, സഹോദരൻ അയ്യപ്പൻ എന്നിവരുടെ ജീവചരിത്രങ്ങളും മൈത്രീബുക്സ് പ്രസിദ്ധീകരിച്ചു. ഇതോടൊപ്പം സമുദായ ചരിത്രങ്ങൾ, ദലിത് ക്രൈസ്തവരുടെ ചരിത്രം, സാമൂഹ്യ നീതിയേയും സംവരണത്തേയും സംബന്ധിച്ച പഠനങ്ങൾ, വൈക്കം സത്യാഗ്രഹത്തെയും പ്രത്യക്ഷ രക്ഷാദൈവസഭയേയും കുറിച്ചുള്ള പഠനങ്ങൾ എന്നിവയുമുണ്ട്.

പ്രസാധനരംഗം പൊതുവെ പുരുഷകേന്ദ്രിതമായി തുടരുന്നു. അഖിലേന്ത്യാതലത്തിൽ തന്നെ സുബാൻ, വിമൻ അൺലിമിറ്റഡ്, കാളി എന്നിങ്ങനെ മൂന്നു വനിതാപ്രസാധക സംഘങ്ങളേയുള്ളൂ എന്നാണറിവ്. 2010ൽ രജിസ്റ്റർ ചെയ്ത് സംഗീത ജസ്റ്റിൻ ആരംഭിച്ച സൈകതം ബുക്സ് ആണ് കേരളത്തിൽ ഒരപവാദം. ഓൺലൈൻ മാഗസിനായി തുടങ്ങുകയും പിന്നീട് പ്രസാധന സ്ഥാപനമായി വികസിപ്പിക്കുകയും ചെയ്തതാണ് സൈകതം ബുക്സ്. 1987ൽ സമത എന്ന പേരിൽ രൂപപ്പെട്ട സ്ത്രീപക്ഷ സാംസ്കാരിക സംഘടന പുസ്തകപ്രസാധനം ഏറ്റെടുക്കുകയുണ്ടായി. പിന്നീട് എ കളക്ടീവ് ഫോർജന്റർ ജസ്റ്റീസ് എന്ന പേരിൽ സമത തുടർന്നപ്പോൾ നിരവധി പുസ്തകങ്ങൾ പ്രസാധനം ചെയ്യപ്പെട്ടു. വിമൻസ് ഇംപ്രിന്റ് എന്ന വനിതാ കൂട്ടായ്മ നാലു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചതോടെ നിലച്ചു പോയി.

കേവലം കമ്പോള ചരക്ക് എന്ന നിലയിൽ നിന്ന് എഴുത്തിനേയും എഴുത്തുകാരനേയും രക്ഷിച്ചെടുക്കുന്നപ്രവർത്തനമാണ് സമാന്തരപ്രസാധകർ നടത്തുന്നത്. കലയെ കമ്പോളാധിഷ്ഠിതമല്ലാതെ കാണുന്ന സാമൂഹ്യബോധവും ചരിത്രബോധവും സൗന്ദര്യബോധവും സമാന്തരപ്രസാധകർക്കാവശ്യമാണ്. ആവിഷ്കാരരൂപങ്ങളിലൂടെ ആഖ്യാനങ്ങളിലൂടെ എങ്ങനെയാണ് മനുഷ്യൻ സ്വാതന്ത്ര്യം നേടുന്നത് എന്ന അറിവ്

പ്രധാനമാണ്. ലാഭാധിഷ്ഠിതമായി നോക്കുമ്പോൾ അപ്രസക്തമെന്ന് വൻകിട പ്രസാധകർ കയ്യൊഴിയുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ സമാന്തര പ്രസാധകരാണ് തയ്യാറാകുന്നത്. മികച്ച പുസ്തകങ്ങൾ കഠിന സാഹസം ചെയ്തും അവർ വായനക്കാരിലെത്തിക്കുന്നു. സാമ്പത്തികമായി പിടിച്ചുനിൽക്കാനാവാതെ പാതിവഴിയിൽ നിർത്തേണ്ട അവസ്ഥയും ഇത്തരം പ്രസാധകർ നേരിടുന്നു

തത്വചിന്ത, മതം, ചരിത്രം, രാഷ്ട്രീയം, സാഹിത്യം എന്നീ മേഖലകളിലെ പുതിയ ജ്ഞാനോദയങ്ങൾ അവർക്കു മുന്നോട്ടുവക്കാനാകുന്നു. അവ മിക്കവാറും മുഖ്യധാരക്ക് രുചിയ്ക്കാത്തതുമായിരിക്കും. സ്വതന്ത്രചിന്തയേയും അന്വേഷണങ്ങളേയും പുറത്തെത്തിക്കാനും ചർച്ചാവിഷയമാക്കാനും ഇവർ വലിയജാഗ്രത കാണിക്കുന്നു. ദളിത്, സ്ത്രീ, പരിസ്ഥിതി, ആദിവാസി, ട്രാൻസ് ജൻഡർ വിഷയങ്ങളും ട്രാൻസിഷൻ സ്റ്റഡീസ് പോലുള്ള പഠനമേഖലകളും പൊതുസമൂഹത്തിനു ലഭ്യമാക്കുന്നതിൽ സമാന്തര പ്രസാധനരംഗം മുന്നിൽ നില്ക്കുന്നതായി കാണാം. കേരളത്തിലെ സാമൂഹ്യ നവോത്ഥാനത്തിന്റെ അവർണ/കീഴാള/ദളിത ധാരകളെയും നേതൃത്വങ്ങളേയും വീണ്ടെടുക്കുന്ന ചരിത്ര പാഠങ്ങളും ജീവചരിത്ര ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചത് സമാന്തരപ്രസാധകരാണ്. ഈ വിഷയത്തിൽ മലയാളത്തിൽ ഏറ്റവുമധികം എഴുതിയിട്ടുള്ളത് ടി.എച്ച്.പി ചെന്താരശ്ശേരിയാണ്. അയ്യങ്കാളി, പാമ്പാടി ജോൺ ജോസഫ് എന്നിവരെക്കുറിച്ചുള്ളത് അതിൽ പ്രധാനമാണ്. ഹിന്ദുത്വം, ഭഗവദ് ഗീത, ചാതുർവർണ്യം എന്നിവയുടെ വിമർശന പഠനങ്ങൾ സാംസ്കാരിക ഫാസിസത്തെ ചെറുക്കുന്നവയാണ്. ആത്മീയത, അന്ധവിശ്വാസം, ദേശീയത, ഫാസിസം, സിനിമ, സ്ത്രീയവസ്ഥ എന്നിവയോടൊപ്പം ക്വീർ വിഷയങ്ങളും കൈകാര്യം ചെയ്യപ്പെട്ടു.

കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി പരിവർത്തിപ്പിക്കുന്നതിൽ വിവരസാങ്കേതികതയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സമാന്തരപുസ്തക പ്രസാധകർ വഹിക്കുന്ന പങ്ക് വിപുലമായിത്തന്നെ പഠിക്കപ്പെടേണ്ടതാണ്.

## സഹായകഗ്രന്ഥങ്ങൾ

1. *ജോസ് കെ മാനുവൽ(എഡി). 2014: നവമാധ്യമങ്ങൾ ഭാഷ സാഹിത്യം സംസ്കാരം; എസ്.പി.സി.എസ് കോട്ടയം*
2. *ജോണി.എം.എൽ, 2022 : ദളിത് പോപ്പ്, സൈൻ ബുക്സ്, തിരുവനന്തപുരം.*
3. *മനോജ് എം.ബി ഡോ., 2016: 'മാറുന്ന രാഷ്ട്രീയം മാറുന്ന പ്രതിരോധം' സമകാലമലയാളകവിത, സമയം ക്ളാസിക്സ്, കണ്ണൂർ*
4. *ശ്രീകുമാർ എ.ജി ഡോ. 2016: പുസ്തകവും കേരളസംസ്കാരപരിണാമവും, കേരള സർവകലാശാല തിരുവനന്തപുരം.*
5. *ഹുസൈൻ കെ.എച്ച്, അശോക് കുമാർ പി.കെ: 'മലയാളപുസ്തകപ്രസാധനത്തിലെ പുതിയ സാങ്കേതികതകൾ, സാദ്ധ്യതകൾ'.ml.sayahna.org/in*
6. *വിജു വി.വി 2023: 'മലയാളസാഹിത്യം ആരുടെ നൊസ്റ്റാൾജിയയാണ്'? അപരഹിംസയുടെ ആട്ടപ്രകാരങ്ങൾ എഡി.ഡോ: കെ.പി രവിചന്ദ്രൻ, ഐ ബുക്സ് കേരള കോഴിക്കോട്.*

7. *ബോബി തോമസ്, 2022: പുസ്തകവിപണിയിലെ ഇരകൾ വേട്ടക്കാർ ട്രൂ കോപ്പി തിങ്ക്, ജനുവരി 6*
8. *വി.സി.തോമസ് 2022: പ്രസാധകരുടെ വിൽപ്പനച്ചരക്കാകുന്ന എഴുത്തുകാർ, ട്രൂ കോപ്പി തിങ്ക്, ജനുവരി 6*
9. *ജയചന്ദ്രൻ സി.ഐ.സി.സി. 2023 : മലയാളത്തിൽ പ്രസാധനം ഒരു പറ്റിയ്ക്കൽ കൂടിയാണ്. ട്രൂ കോപ്പി തിങ്ക് ഫെബ്രുവരി 27*
10. *ജോണി ഓ.കെ. 2022, പുസ്തകപ്രസാധനം ലാഭത്തിനായി മത്സരിയ്ക്കുന്ന വ്യവസായമായപ്പോൾ സംഭവിയ്ക്കുന്നത്, ട്രൂ കോപ്പി തിങ്ക്, ജനുവരി 6*
11. *രാജേഷ് കെ. എരുമേലി 2021: ദലിത് സ്ത്രീ പത്രമാസികകളും കേരളത്തിന്റെ സാംസ്കാരിക ഇടവും, ശലഭജന്മങ്ങൾ, സാക്ഷി ബുക്സ്,*

# ആണെഴുത്തിലെ സ്ത്രീപക്ഷം
## തെരഞ്ഞെടുത്ത കഥകളെ ആസ്പദമാക്കിയുള്ള പഠനം

**ഡോ. കെ.റഹിം**
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ബി.ജെ. എം, ഗവ.കോളെജ്, ചവറ, കൊല്ലം

**ഡോ. സജീവ്കുമാർ എസ്**
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, വനിതാകോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

ഉത്തരാധുനികസാഹിത്യത്തിലെ സൂക്ഷ്മരാഷ്ട്രീയ പ്രവണതകളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ത്രീസ്വത്വാവിഷ്കാരം. പാശ്ചാത്യസാഹിത്യത്തിന്റെ സ്വാധീനഫലമായി മലയാള സാഹിത്യത്തിലും ഈ പ്രവണത ശക്തമായി ട്ടുണ്ട്. സ്ത്രീപക്ഷത്തു നിന്നുകൊണ്ട് സ്ത്രീയവസ്ഥയുടെ സൂക്ഷ്മതലങ്ങൾ ആവിഷ്കരിക്കുന്ന നിരവധി കഥകൾ മലയാളത്തിലെ പുരുഷകഥാകൃത്തു ക്കൾ രചിച്ചിട്ടുണ്ട്. ആണെഴുത്തിന്റെ കർത്തൃത്വത്തിൽ നിന്നുതന്നെ സ്ത്രീ പക്ഷ നിലപാട് സ്വീകരിച്ചിട്ടുള്ള നാലു കഥകളെ വിശകലനം ചെയ്തുകൊണ്ട് സമകാലകഥയിലെ സ്ത്രീസ്വത്വാവിഷ്കാരപ്രവണതയെ ഈ പ്രബന്ധത്തിൽ വിലയിരുത്തുന്നു.

***താക്കോൽവാക്കുകൾ:*** സ്ത്രീവാദം, റാഡിക്കൽഫെമിനിസം, അധികാര വ്യവസ്ഥ, സംസ്കാര നിർമ്മിതി, ആണധികാരം, സ്ത്രീവിരുദ്ധത, ഉത്തരാധുനികത

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പാശ്ചാത്യലോകത്ത് രൂപം കൊണ്ട് മധ്യ ദശകങ്ങൾക്ക് ശേഷം വികാസം പ്രാപിച്ചതാണ് സ്ത്രീവാദപ്രസ്ഥാനം. പരമ്പരാഗതമായി നിലനിന്നിരുന്ന പുരുഷാധിപത്യ സാമൂഹികക്രമത്തിൽനിന്ന് മോചനം നേടുന്നതിന്റെ ഭാഗമായാണ് സ്ത്രീവാദചിന്തകൾ ഉടലെടുത്തത്. പുരുഷനിർമ്മിതമായ അധികാര

വ്യവസ്ഥയും പുരാണേതിഹാസങ്ങളും മതങ്ങളുമൊക്കെചേർന്ന് സ്ത്രീയെ തമസ്കരിക്കുകയായിരുന്നു. എല്ലാ സമൂഹങ്ങളിലും ജനസംഖ്യയുടെ പകുതിയിലേറെ സ്ത്രീകളാണെങ്കിലും സാമൂഹികസ്വത്വത്തിലും സംസ്കാരനിർമിതിയിലും സ്ത്രീകൾക്ക് തുല്യ പങ്കാളിത്തം ലഭിച്ചിട്ടില്ല. ഭരണകൂടം, മതം, കുടുംബം, കലാസാഹിത്യരംഗം തുടങ്ങി വിവിധ സാമൂഹികതലങ്ങളിലെ അധികാരസ്ഥാനങ്ങളിൽ നിന്ന് സ്ത്രീയെ പുരുഷൻ അകറ്റിനിർത്തിയിരിക്കുകയാണ്. ഫ്യൂഡലിസം, മുതലാളിത്തം, ജനാധിപത്യം തുടങ്ങിയ വ്യത്യസ്തങ്ങളായ സംവിധാനങ്ങളിൽ പോലും സ്ത്രീയുടെ സ്ഥാനത്തിന് വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ല. വ്യവസ്ഥിതി ഏതായാലും സ്ത്രീയോടുള്ള സമീപനം ഒന്നുതന്നെയാണെന്ന് ഇത് വ്യക്തമാക്കുന്നു.

പാശ്ചാത്യലോകത്തെ സ്ത്രീവാദചിന്തകൾക്ക് വർഷങ്ങളുടെ പഴക്കമുണ്ടെങ്കിലും കേരളീയ സമൂഹത്തിൽ അതിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ ഇടപെടൽ ഉണ്ടായത് അടുത്തകാലത്താണ്. സാമ്പത്തികമായ അസമത്വങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന അസന്തുലിതാവസ്ഥ പോലെ ലിംഗപരമായ വിവേചനവും ഒരു പ്രശ്നമാണെന്ന തിരിച്ചറിവ് ഉത്തരാധുനികഘട്ടത്തിലാണ് കേരളത്തിൽ ഉണ്ടായത്. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ ചെലുത്തിയ സ്വാധീനമാണ് നമ്മുടെ സാമൂഹിക പുരോഗതിക്കും സാംസ്കാരിക വളർച്ചക്കും കാരണമായിട്ടുള്ളത്. വർത്തമാനസമൂഹത്തിൽ സ്ത്രീയുടെ സ്വയംനിർണയാവകാശമോ പുരുഷനൊപ്പം തുല്യസ്ഥാനമോ അവൾക്ക് ലഭിക്കുകയെന്നത് അവളുടെ മാത്രം പ്രശ്നമായി ചുരുക്കാൻ കഴിയുന്ന ഒന്നല്ല. മനുഷ്യൻ എന്ന നിലയിലുള്ള എല്ലാ അവകാശങ്ങളും അവൾക്കും ലഭ്യമാകുമ്പോൾ മാത്രമേ സംസ്കാരസമ്പന്നമായ ഒരു സമൂഹമാണ് നമ്മുടേതെന്ന് അവകാശപ്പെടാൻ സാധിക്കുകയുള്ളൂ. മലയാളത്തിലെ സമകാലികരായ എഴുത്തുകാർ ഈ യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്ന വിധത്തിൽ എഴുതുന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്. ആണെഴുത്തിന്റെ പരിനിഷ്ഠിതമായ അധികാരവും സ്വാതന്ത്ര്യവും മുന്നിലുള്ളപ്പോഴും സ്ത്രീ അനുഭവത്തിന്റെ സൂക്ഷ്മതലങ്ങളെ ഉൾക്കൊള്ളാനും സ്ത്രീപക്ഷത്തോട് ചേർന്ന് നിൽക്കാനും തയ്യാറാകുന്ന വിധത്തിലുള്ള സൃഷ്ടികൾ മലയാളസാഹിത്യത്തിൽ ഉണ്ടാകുന്നുണ്ട്. ഇതിനെ ഉദാഹരിക്കുന്ന ധാരാളം കഥകൾ സമകാലകഥാകൃത്തുക്കളിൽ നിന്ന് മലയാളത്തിനു ലഭിച്ചിട്ടുണ്ട്. പുരുഷകഥാകൃത്തുക്കൾ സ്ത്രീയവസ്ഥയുടെ വർത്തമാനത്തെ സ്ത്രീപക്ഷത്തു നിന്ന് ആവിഷ്കരിക്കുന്നത് ശ്രദ്ധേയമായ കാര്യമാണ്. സന്തോഷ് ഏച്ചിക്കാനത്തിന്റെ 'കലാതിലകം' ഉണ്ണി ആറിന്റെ 'സങ്കടം' എം മുകുന്ദന്റെ 'ഓട്ടോറിക്ഷക്കാരന്റെ ഭാര്യ' പ്രമോദ് രാമന്റെ 'റെസിപ്പി' തുടങ്ങിയ കഥകൾ ഇതിന്റെ സാക്ഷ്യങ്ങളാണ്.

സന്തോഷ് ഏച്ചിക്കാനത്തിന്റെ 'കലാതിലകം' എന്ന കഥയിൽ അധികാരത്തിന്റെ പിൻബലത്തിൽ പുരുഷൻ നടത്തുന്ന വഞ്ചനയ്ക്കെതിരെ ശക്തമായി പ്രതിഷേധിക്കുകയും ഒടുവിൽ സ്വന്തം മരണം കൊണ്ട് അവനെ തോൽപ്പിക്കുകയും ചെയ്യുന്ന സ്ത്രീത്വത്തെയാണ് കാണാൻ കഴിയുന്നത്. എംഎൽഎ ആയ സദാനന്ദന്റെ ഭാര്യ ഷർമിള പഠിച്ചിരുന്ന കാലത്ത് നൃത്തത്തിൽ അതിസമർത്ഥയും കലാതിലകമായി തിളങ്ങിയവളുമാണ്. പതിനെട്ടു വർഷത്തെ ദാമ്പത്യജീവിതത്തിന്റെ അവസാനമാണ് സദാനന്ദനുമായി

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഷർമിള തെറ്റിപ്പിരിയുന്നത്. എം.എൽ.എ തന്റെ പിഎ ആയ സ്ത്രീയുടെ ചന്തിക്ക് പിടിച്ചത് പുറത്തറിയുകയും നാട്ടിൽ മുഴുവൻ ചർച്ചയാവുകയും ചെയ്തപ്പോഴാണ് ഷർമിള ഒഴിഞ്ഞു കിടന്ന തന്റെ ഫ്ളാറ്റിൽ ഒറ്റയ്ക്ക് താമസിക്കാനെത്തിയത്. അവിടുത്തെ ജോലിക്കാരിയായ സതിയേച്ചിയാണ് ഷർമിളയ്ക്ക് ആശ്വാസം നൽകുകയും ചെറുത്തുനിൽപ്പിന്റെ പാഠങ്ങൾ ഉപദേശിക്കുകയും ചെയ്തത്. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളാണ് സതിയേച്ചിയും. സദാനന്ദൻ നടത്തുന്ന വാർത്താസമ്മേളനത്തിൽ ഭാര്യയായ ഷർമിള, തന്റെ ഭർത്താവ് നിരപരാധിയാണെന്ന് പറഞ്ഞുകൊണ്ട് പിന്തുണ പ്രഖ്യാപിക്കണമത്രേ. ഭർത്താവിന്റെ നിർബന്ധം കൂടി വന്നപ്പോഴാണ് ഷർമിള ഫ്ളാറ്റിലേക്ക് ഒറ്റയ്ക്ക് താമസം മാറിയത്. ഭർത്താവിന്റെ സമ്മർദ്ദത്തിന് വഴങ്ങാതെ ചെറുത്തുനിൽക്കുന്ന ഷർമിളയ്ക്ക് സതിയേച്ചി പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. 'ഞാൻ നുജൂദ് വയസ്സ് 10 വിവാഹമോചിത' എന്ന പുസ്തകം ഷർമിള വായിച്ചു. ഭർത്താവിന്റെ പീഡനം സഹിക്കവയ്യാതെ ഖാർഡ്ജി എന്ന ഗ്രാമത്തിൽ നിന്ന് രക്ഷപ്പെട്ട് സനാനയിലെ കോടതി മുമ്പാകെ വിവാഹമോചനം വേണമെന്ന് ഉറക്കെ വിളിച്ചു പറയുകയാണ് നൂജൂദ്. സദാനന്ദന്റെ സമ്മർദ്ദം കൂടിക്കൂടി വരുന്നതിനിടയിൽ സതിയേച്ചിയും ഷർമിളയും കടൽത്തീരത്ത് കൂടി നടക്കുമ്പോൾ അയാളെ തോൽപ്പിക്കാനുള്ള വഴി സതിയേച്ചി ഉപദേശിക്കുകയും അവളെ സഹായിക്കുകയുമാണ്. സദാനന്ദന്റെ ഫോൺ കോൾ മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ ഷർമിള കടലിൽ തന്റെ സ്വാതന്ത്ര്യമാഘോഷിച്ച് ഒഴുകി നടന്നു.

ആത്മാഭിമാനത്തിന് മാരകമായ മുറിവേറ്റ്, പിടയുന്ന മനസ്സുമായി നീറി ജീവിക്കുന്ന കഥാപാത്രമാണ് ഷർമിള. അധികാരവും പ്രശസ്തിയുമുള്ള തന്റെ ഭർത്താവിലെ വിടനെതിരെ സ്വന്തം മരണം കൊണ്ട് പ്രതിഷേധിക്കുകയാണ് ഷർമിള. അയാളുടെ സ്ത്രീവിരുദ്ധമായ പ്രവൃത്തികൾക്ക് കൂട്ടുനിന്ന് അയാളെ ന്യായീകരിക്കാനും സമൂഹത്തിൽ മാന്യത നിലനിർത്താനുമുള്ള ശ്രമങ്ങൾ അവൾ അംഗീകരിക്കുന്നില്ല. ഒരു സാധാരണഭാര്യയിൽ നിന്ന് വ്യത്യസ്തമായി സ്ത്രീ എന്ന നിലയിലുള്ള തന്റെ വ്യക്തിത്വം ഉയർത്തിപ്പിടിക്കുകയാണ് അവൾ. കുടുംബഭദ്രത എന്ന ത്യാഗമനോഭാവത്തിൽ പലപ്പോഴും പുരുഷന്റെ അധികാരപ്രയോഗങ്ങളെയും സ്ത്രീവിരുദ്ധതയെയും നിശബ്ദമായി സഹിക്കേണ്ടി വരുന്നവളാണ് ഭാര്യ. സ്ത്രീയുടെ ഈ ദൗർബല്യത്തെ പുരുഷന്മാർ ചൂഷണം ചെയ്യുന്നു. ഭർത്താവിന്റെ ദുഷ്പ്രവണതകളെ ചോദ്യം ചെയ്യാത്ത കുലീനയായ ഭാര്യ എന്ന സങ്കല്പത്തിന് ഷർമിള ഒരു അപവാദവും പ്രതിരോധവുമായി മാറുകയാണ്. സ്വന്തം മരണം കൊണ്ട് കുടുംബഘടനയിലെ ആണധികാരത്തെ വെല്ലുവിളിക്കുകയാണ് അവൾ. ആ മരണം അയാളുടെ മാന്യതയ്ക്ക് ഇരട്ട പ്രഹരമാണ് ഏൽപ്പിക്കുന്നത്. 'മാനഹേതുവാലൊഴിയാത്താർത്തി'യാണ് അവളെ മരണത്തിലെത്തിക്കുന്നത്. ആത്മഹത്യ മാതൃകാപരമായ ഒരു പ്രതിരോധ പ്രവർത്തനം അല്ലെങ്കിലും ഈ കഥയുടെ സന്ദർഭത്തിൽ അതിലൊരു രാഷ്ട്രീയമുണ്ട്.

ഉണ്ണി.ആർന്റെ 'സങ്കടം' എന്ന കഥയും ഇത്തരം ഒരു വിഷയത്തിന്റെ മറ്റൊരു രീതിയിലുള്ള ആവിഷ്കാരമാണ്. നഗരത്തിലെ തുണിക്കടയിലെ സെയിൽസ്ഗേളായ രാധ ബസ്സിൽ നിന്നിറങ്ങുമ്പോൾ ആരോ അവളുടെ നിതംബത്തിൽ മുറുകെ പിടിച്ചു. അവൾ തിരിഞ്ഞു നോക്കുമ്പോഴേക്കും ഒരാൾ ആളുകളെ തട്ടിമാറ്റി പിന്നിലെ വാതിലി

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ലൂടെ പുറത്തേക്ക് കുതിച്ചു. രാധ വണ്ടിയിൽ നിന്ന് ചാടിയിറങ്ങി അയാളുടെ പിറകെ ഓടി. ആളിനെ കിട്ടിയില്ലെങ്കിലും ചന്തയിൽ പച്ചക്കറി വിൽക്കുന്ന ഒരുവനാണ് അതെന്ന് മനസ്സിലാക്കി. അപമാനിക്കപ്പെട്ടതിന്റെ ദേഷ്യവും സങ്കടവും സഹിക്കാനാവാത്ത അവസ്ഥ യിൽ അവൾക്ക് ജോലിയിൽ പോലും ശ്രദ്ധിക്കാനായില്ല. അയാളുടെ മുഖമടച്ച് രണ്ട് കൊടുത്താലേ അവൾക്ക് സമാധാനമുണ്ടാകൂ. കൂട്ടുകാരിയായ സുമതിയെയും കൂട്ടി അവൾ അയാളെ അന്വേഷിച്ച് മാർക്കറ്റിലേക്ക് പോയി. രമേശൻ എന്നാണ് അയാളുടെ പേരെന്ന് മനസ്സിലാക്കുകയും അന്വേഷണത്തിനൊടുവിൽ അയാളുടെ വീട്ടിലെത്തുകയും ചെയ്തു. അയാൾ വീട്ടിൽ ഉണ്ടായിരുന്നില്ലെങ്കിലും ഭാര്യയുമായി വഴക്കുണ്ടാക്കി. രണ്ടുമൂന്ന് ദിവസത്തെ അന്വേഷണത്തിനൊടുവിൽ അവൾ രമേശിനെ കണ്ടെത്തുമ്പോൾ ആരുടെയോ കുത്തേറ്റ് പിടയുന്ന അവസ്ഥയിലായിരുന്നു. മറ്റൊന്നുമാലോചിക്കാതെ അയാളെ ആശുപത്രിയിലെത്തിച്ച അവളുടെ പ്രവൃത്തിയെ സുമതി വിമർശിച്ചപ്പോൾ 'അവൻ ചത്താപ്പിന്നെ എനിക്ക് അവനിട്ട് തല്ലാൻ പറ്റുമോ'' എന്നാണ് ചോദിക്കുന്നത്. മൂന്നാല് ദിവസത്തിനു ശേഷം അവർ എത്തുമ്പോൾ ഹോസ്പിറ്റലിൽ നിന്ന് ഡിസ്ചാർജ് വാങ്ങിപ്പോയെന്ന് അറിഞ്ഞ് വീട്ടിൽ അന്വേഷിച്ചു ചെന്നു. അപ്പോൾ അയാളുടെ മരണാനന്തര ചടങ്ങ് നടക്കുകയാണെന്ന് അവർ മനസ്സിലാക്കി. സങ്കടത്തോടെ തിരികെ നടക്കുമ്പോൾ സുമതി രാധയോട് ചോദിച്ചത്, 'നിനക്ക് അയാളെ തല്ലാൻ പറ്റാത്തതിൽ വിഷമമുണ്ടോ' എന്നാണ്. ഇവിടെ സ്ത്രീത്വത്തിനേറ്റ അപമാനത്തിന്റെ സങ്കടം പേറുകയാണ് രാധ എന്ന പെൺകുട്ടി. അയാളുടെ മുഖം നോക്കി ഒന്ന് കൊടുത്താൽ മാത്രമേ അവളുടെ സങ്കടം മാറുകയുള്ളൂ. എന്നാൽ സംഭവങ്ങളുടെ പരിണാമം മറ്റൊരു വിധത്തിലായിപ്പോയി. സമൂഹമധ്യത്തിൽ പലവിധത്തിലുള്ള പുരുഷ പീഡനങ്ങൾ ക്കിരയാവുന്ന സ്ത്രീത്വത്തിന്റെ പ്രതീകമാണ് രാധ. രമേശനാകട്ടെ സ്ത്രീ ശരീരത്തെ തന്റെ ഇരയായി മാത്രം കാണുന്ന അക്രമകാരിയായ പുരുഷനും. മാന്യമായി തൊഴിലെടുത്ത് ജീവിക്കുന്ന തന്റെ ശരീരത്തോട് രമേശൻ കാട്ടുന്ന ഏകപക്ഷീയമായ അതിക്രമം അവൾക്ക് സഹിക്കാവുന്നതിനപ്പുറമാണ്. കുത്തേറ്റ് മരിക്കാൻ കിടക്കുന്ന അയാളെ രക്ഷപ്പെടുത്താൻ അവൾ ശ്രമിക്കുന്നത് തന്നെ സുഖമാകുമ്പോൾ അയാൾക്കിട്ട് രണ്ട് പൊട്ടിക്കാൻ വേണ്ടിയാണ്. ഇവിടെ ഭൂരിഭാഗം പെൺകുട്ടികളും ചെയ്യുന്നതുപോലെ പീഡനം സഹിച്ച് മിണ്ടാതെ പോകാനല്ല, മറിച്ച് ഇനി ഒരാളോടും അവനിൽ നിന്ന് ഇത്തരം പെരുമാറ്റമുണ്ടാകാതിരിക്കാനുള്ള ശക്തമായ താക്കീതും പ്രതിരോധവുമാണ് ലക്ഷ്യമാക്കുന്നത്. അസ്വാഭാവികമായ സംഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിച്ച് കഥയുടെ അടിസ്ഥാനഭാവം വായനക്കാരെ അനുഭവിപ്പിക്കുന്നതിൽ കഥാകൃത്ത് വിജയിച്ചിട്ടുണ്ട്. സ്ത്രീമനസിന്റെ സൂക്ഷ്മതലങ്ങളെ കൈയൊതുക്കത്തോടെ ഈ കഥയിൽ ഉണ്ണി ആർ അവതരിപ്പിക്കുന്നു.

എം മുകുന്ദന്റെ 'ഓട്ടോറിക്ഷക്കാരന്റെ ഭാര്യ' എന്ന കഥ സ്വയം പര്യാപ്തതയും പ്രായോഗിക പരിജ്ഞാനവുമാർജിച്ച് ജീവിതം കരുപ്പിടിപ്പിക്കാൻ ശ്രമിക്കുന്ന സമകാലിക സ്ത്രീസ്വത്വത്തിന്റെ പ്രകാശ പൂർണ്ണമായ ചിത്രം അവതരിപ്പിക്കുന്നു. ബാങ്കിൽ നിന്ന് ലോണെടുത്ത് വാങ്ങിയ പുതിയ ഓട്ടോ കിട്ടിയ മാസം തന്നെ മീത്തലപ്പുരയിൽ സജീവൻ

നെടുമ്പ്രയിൽ ബാലന്റെ ഇരുപത്താറു വയസ്സുള്ള മകൾ സുന്ദരിയായ രാധികയെ വിവാഹം കഴിച്ചു. സ്വന്തമായി ഓട്ടോയുള്ള ആളെന്ന നിലയിലാണ് സജീവന് രാധികയെ വിവാഹം ചെയ്തുകൊടുത്തത്. കടത്തിൽ മുങ്ങി നിൽക്കുന്നയാളാണ് സജീവൻ എന്നും അലസമായാണ് അയാൾ ജീവിതത്തെ സമീപിക്കുന്നതെന്നും വിവാഹശേഷം രാധിക മനസ്സിലാക്കി. തന്റെ കഴുത്തിൽ സജീവൻ അണിയിച്ച താലിമാല മൂന്നരയല്ല, മുക്കാൽ പവൻ മാത്രമാണുള്ളതെന്ന് താൻ തിരിച്ചറിഞ്ഞ കാര്യം അവൾ സജീവനോട് ചോദിക്കുന്നുണ്ട്. നിലവിലുള്ള അയാളുടെ ജീവിതശൈലി അനുസരിച്ച് തങ്ങളുടെ ജീവിതം സുരക്ഷിതമായി മുന്നോട്ടുപോകില്ല എന്ന തിരിച്ചറിവിൽ അവൾ എത്തിച്ചേർന്നു. തന്നെ ഓട്ടോ ഓടിക്കാൻ പഠിപ്പിക്കാം എന്ന് സമ്മതിച്ചാലേ തന്റെ ശരീരത്തിൽ തൊടാൻ സമ്മതിക്കൂ എന്ന് അവൾ പറഞ്ഞപ്പോൾ സജീവൻ അതിന് തയ്യാറായി. കുട്ടികൾ ഉടനെ വേണ്ടതില്ല എന്നും അവൾ തീരുമാനിച്ചു. ഓവർ സ്പീഡും സുരക്ഷിതത്വമില്ലാത്ത ഡ്രൈവിംഗും കാരണം സജീവന്റെ ഓട്ടോയിൽ ആരും കയറാതായി. സജീവന്റെ അലസത കാരണം കടം വർദ്ധിച്ചുവന്നപ്പോൾ ഒരു ദിവസം രാവിലെ ഓട്ടോറിക്ഷയുമായി അവൾ ഓട്ടം തുടങ്ങി. ക്രമേണ അവൾ തന്നെ ഓട്ടോ സ്ഥിരമായി ഓടിച്ചു. വീട്ടിൽത്തന്നെയിരിക്കുന്ന സജീവനെ 'അടുക്കളയിൽ കയറി ചോറും കൂട്ടാനും വെച്ചാൽ മതി. കഴിയുമെങ്കിൽ പെറുകയും ചെയ്യ്' എന്ന് അവൾ പരിഹസിച്ചു. അവളുടെ അധ്വാനത്തിന്റെ ഫലമായി കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടു. അവരുടെ വിവാഹവാർഷിക ദിനം എത്തിയപ്പോൾ മൂന്നര പവനുള്ള താലിമാലയെടുത്ത് സജീവന് നൽകിയിട്ട് തന്റെ കഴുത്തിലണിയിക്കാൻ അവൾ ആവശ്യപ്പെട്ടു. 'നമ്മുടെ അടവൊക്കെ തീർന്നു. മൂന്നരപ്പവന്റെ താലിമാല കഴുത്തിലുമായി. ഇനി നമുക്കൊരു കുഞ്ഞു വേണം' എന്ന് പറഞ്ഞുകൊണ്ട് സജീവന്റെ കൈപിടിച്ച് രാധിക കിടപ്പുമുറിയിലേക്ക് നടന്നു.

വർത്തമാനകാലസമൂഹത്തിലെ സ്ത്രീ, കുടുംബജീവിതത്തിൽ എങ്ങനെയായിരിക്കണം എന്നതിന്റെ മികച്ച മാതൃകയാണ് ഈ കഥയിലെ രാധിക. ഷൂലാമിത് ഫെയർസ്റ്റോണിന്റെ അഭിപ്രായത്തിൽ കുടുംബം എന്ന സ്ഥാപനം ഒരു സാമ്പത്തിക സംവിധാനം മാത്രമാണ്. അതിന്റെ ചിട്ടകൾക്ക് സ്ത്രീ വഴങ്ങുന്നതും പുരുഷന്റെ ശാരീരികതൃഷ്ണകളെ തൃപ്തിപ്പെടുത്തുന്നതും മക്കളെ പ്രസവിക്കുന്നതും തനിക്ക് സംരക്ഷണം നൽകുന്നതിനുള്ള പ്രത്യുപകാരം മാത്രമാണ്. കുടുംബത്തെ സാമ്പത്തികഭദ്രതയോടെ മുന്നോട്ട് കൊണ്ടുപോകാനുള്ള ഉത്തരവാദിത്വം തനിക്ക് കൂടി ഉണ്ടെന്ന തിരിച്ചറിവിലെത്തുകയാണ് കഥയിലെ നായിക. വിവാഹത്തെയും കുടുംബഘടനയേയും നിരാകരിക്കുന്ന റാഡിക്കൽ ഫെമിനിസ്റ്റ് സങ്കൽപ്പത്തിൽ നിന്ന് വ്യത്യസ്തമായി തുല്യപങ്കാളിത്തത്തോടെ കുടുംബത്തിന്റെ ഭാഗമാകുന്ന ബുദ്ധിമതിയായ സ്ത്രീയാണ് പുതിയ കാലത്തിന് ആവശ്യമെന്ന് ഈ കഥയിലൂടെ മുകുന്ദൻ വ്യക്തമാക്കുന്നു.

പ്രമോദ് രാമന്റെ 'റെസിപ്പി' എന്ന കഥ കുടുംബത്തിനുള്ളിൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് നിസ്സഹായയായിത്തീരുന്ന സ്ത്രീയവസ്ഥയെ അവതരിപ്പിക്കുന്നു. ഭർത്താവായ രാജന്റെ പീഡനങ്ങളാൽ അവശയും വിഷാദരോഗിയുമാകുന്ന സാവിത്രി, വീട്ടിനുള്ളിൽ കൈതുടയ്ക്കാൻ വച്ചിരിക്കുന്ന ഒരു സാറ്റിൻക്ലോത്തിന്റേത് പോലുള്ള ജീവിതമാണ്

സ്ത്രീയുടേതെന്ന് തിരിച്ചറിയുന്നു. റോഷൻ, രാഖി എന്നീ കുട്ടികളുമായി ജീവിക്കുന്ന അവൾ മെച്ചപ്പെട്ട സാഹചര്യത്തിൽ നിന്ന് രാജന്റെ ഭാര്യയായിത്തീരുമ്പോൾ ഇങ്ങനെ ഒരവസ്ഥയുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. രജിസ്ട്രേഷൻ ഓഫീസിലെ ജോലി കഴിഞ്ഞെത്തുന്ന അവളെ ശാരീരികപീഡനം വിഷാദരോഗിയാക്കി. സൈക്കോളജിസ്റ്റായ ഡോ. റോസാരിയോ അവളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവളെ ഉപദേശിച്ചു. ആത്മഹത്യയെക്കുറിച്ച് ചിന്തിക്കരുതെന്നും രാജനുള്ളിടത്തോളം അവകാശം ഈ ഭൂമിയിൽ സാവിത്രിക്കുമുണ്ടെന്നും അയാൾ ധൈര്യം പകർന്നു.

പ്രഭാതത്തിലെ തിരക്ക് കഴിഞ്ഞാൽ അവൾ വീട്ടിലെ അചേതനവസ്തുക്കളുമായി ചങ്ങാത്തത്തിലാകുന്നു. മേശയും കസേരയും തമ്മിൽ പ്രണയിക്കുന്നതും ബെഡ്ഡും തലയിണയും കെട്ടിപ്പിടിച്ച് കരയുന്നതും പ്ലേറ്റും തവിയും രഹസ്യം പറയുന്നതുമൊക്കെ അവൾക്കു മനസ്സിലാകുമായിരുന്നു. ദുബായിൽ കുടുംബത്തോടൊപ്പം താമസിച്ചിരുന്ന അവളുടെ ഭൂതകാലത്തെക്കുറിച്ച് ഡോക്ടറോട് പറയുന്നുണ്ട്. അപ്രതീക്ഷിതമായി അച്ഛനുണ്ടായ രോഗബാധ അവരെ നാട്ടിലെത്തിച്ചു. തുടർന്ന് അച്ഛന് സംഭവിച്ച മരണം ജീവിതത്തെയാകെ മാറ്റിമറിച്ചു. പത്താം ക്ലാസ് കഴിഞ്ഞ് മൂന്ന് വർഷത്തിനുശേഷം രാജൻ പെണ്ണുകാണാൻ എത്തിയപ്പോൾ ഉണ്ടാക്കിയ ആഹാരത്തിന്റെ രുചി പ്രത്യേകം പറഞ്ഞ് അയാൾ അവളെ പുകഴ്ത്തിയിരുന്നു.

വിവാഹശേഷമാകട്ടെ അവളുടെ കൈവിരലുകൾ പിടിച്ച് തിരിച്ചുകൊണ്ട് 'നെന്റമ്മേടെ ഒരു കൈപ്പുണ്യം, ഒക്കെ തട്ടിപ്പായിരുന്നു. ആരാണ്ട് വെപ്പുകാരിപ്പെണ്ണിനെ കൊണ്ടുണ്ടാക്കിച്ചിട്ട് കൈപ്പുണ്യം പറഞ്ഞ് എന്നെ പാട്ടിലാക്കുകയായിരുന്നില്ലേ അമ്മയും മോളും' എന്ന് ഗർജ്ജിക്കും. ഡോ. റോസാരിയോ അവളുടെ വിരലുകളെ തലോടാൻ ശ്രമിച്ചപ്പോൾ സാവിത്രി കൈപിൻവലിച്ച് തേങ്ങിക്കൊണ്ട് കാമം തന്റെ ഇഷ്ടകാര്യമല്ലാ യെന്നും രണ്ടു മക്കളെ തന്നതിനാൽ പിന്നെയുള്ള അയാളുടെ ബലാൽസംഗങ്ങളുമായി പൊരുത്തപ്പെട്ടുപോയതാണെന്നും പറഞ്ഞ് അവൾ പോകാനിറങ്ങി. ആത്മഹത്യ ചെയ്യരുതെന്ന് ഡോക്ടർ പിന്നിൽ നിന്ന് വീണ്ടും ഉപദേശിച്ചു. എന്നാൽ വീട്ടിലെത്തിയ അവൾ പാചകവിധിപ്രകാരം ആഹാരം ഉണ്ടാക്കി അതിൽ വിഷം ചേർത്ത് കുടുംബ ത്തോടെ മരണത്തിലേക്ക് പോവുകയാണ്. കൂട്ടആത്മഹത്യയുടെ കുടുംബശാസ്ത്രത്തെ യാണ് സ്ത്രീപക്ഷത്തു നിന്നുകൊണ്ട് ഈ കഥ അനാവരണം ചെയ്യുന്നത്. രോഗിയുടെ അവസ്ഥ തിരിച്ചറിഞ്ഞ് അവളെ ശരിയായ വിധത്തിൽ ചികിത്സിക്കുകയും സഹായിക്കുകയും ചെയ്യേണ്ട ഡോക്ടർ പോലും അവളുടെ നിസ്സഹായതയെ ചൂഷണം ചെയ്തു ലൈംഗിക സാഫല്യമടയാൻ ശ്രമിക്കുകയാണ്. സഹായിക്കാനോ അഭയം നൽകാനോ ആരുമില്ലെന്ന തിരിച്ചറിവിൽ കൂട്ട മരണത്തിന്റെ ആഴങ്ങളിലേക്ക് അവൾ വീഴുകയാണ്.

ഓരോ സ്ത്രീയുടെയും വ്യക്തിപരമായ സാഫല്യവും സ്വാതന്ത്ര്യവും വിലപ്പെട്ടതായി കരുതുന്ന വെർജീനിയ വുൾഫ് 'എ റൂം ഓഫ് ഒൺസ് ഔൺ' എന്ന കൃതിയിൽ സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ച് ശക്തമായി പറയുന്നുണ്ട്. വിക്ടോറിയൻ മൂല്യ വ്യവസ്ഥ സൂക്ഷിച്ചു പോന്ന 'വീട്ടിനുള്ളിലെ മാലാഖ'യുടെ ചിറകുകൾ അറുത്ത് ഭൂമിയിൽ

വിടേണ്ടതിന്റെ ആവശ്യകത വുൾഫ് ചൂണ്ടിക്കാട്ടുന്നു. മുകളിൽ വിശകലനം ചെയ്ത കഥകളുടെ സൂക്ഷ്മാനുഭവങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ കുടുംബത്തിനകത്തും പുറത്തും ഇപ്പോഴും സ്ത്രീയനുഭവിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കും. ആത്മാഭിമാനം, സ്വാതന്ത്ര്യബോധം, സ്വാശ്രയത്വം, ശാക്തീകരണം തുടങ്ങി നിരവധി വിഷയങ്ങളിൽ അവൾ നേരിടുന്ന പ്രതിസന്ധികളെ തുറന്നുകാട്ടുകയാണ് പ്രസ്തുത കഥകൾ. സിമോങ് ഡിബൂവയുടെ 'ദി സെക്കൻഡ് സെക്സ്' എന്ന കൃതിയിൽ സമൂഹത്തിലെ സ്ത്രീ ഓരോ കാലഘട്ടത്തിലും അനുഭവിച്ച അപമാനത്തിനും പീഡനത്തിനും പിന്നിൽ പ്രവർത്തിച്ച പുരുഷാധിപത്യത്തിനെതിരെ പോരാടേണ്ടതിനെക്കുറിച്ച് പറയുന്നുണ്ട്. പുരുഷന്റെ ആശ്രിതത്വത്തിൽനിന്ന് സ്വയം മോചിതരാവാനും തങ്ങളുടെ ജീവൻ ഉറപ്പാക്കാനുള്ള ശക്തി ആർജിക്കാനും അവർ ആഹ്വാനം ചെയ്യുന്നു. ചരിത്രബോധവും സാമൂഹികയഥാർഥ്യവും ഉൾക്കൊണ്ട് ആൺ നോട്ടങ്ങളിലൂടെ സ്ത്രീപക്ഷത്തിന്റെ യഥാർത്ഥപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന വിധത്തിലേക്കുള്ള മലയാളകഥാസാഹിത്യത്തിന്റെ വളർച്ച പ്രതീക്ഷാനിർഭരമായ ഒന്നാണ്. സ്ത്രീ എന്ന നിലയിൽ അവൾ നേരിടുന്ന പ്രശ്നങ്ങളുടെ കാതൽ തിരിച്ചറിഞ്ഞ് മനുഷ്യൻ എന്ന നിലയിലുള്ള അവളുടെ അവകാശങ്ങൾ അംഗീകരിക്കാൻ പുരുഷൻ തയ്യാറാകുമ്പോഴാണ് നമ്മൾ പരിഷ്കൃത സമൂഹമായി മാറുന്നതെന്ന് ഈ കഥകൾ വ്യക്തമാക്കുന്നു.

## ഗ്രന്ഥസൂചി

1. *അനിൽ കെ എം (എഡി), സംസ്കാരനിർമ്മിതി, പ്രോഗ്രസ്സ് പബ്ലിക്കേഷൻ, 2017*
2. *എൻ. ജയകൃഷ്ണൻ (എഡി), ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011*
3. *മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2017, 2019*
4. *മുകുന്ദൻ, എം., ഓട്ടോറിക്ഷക്കാരന്റെ ഭാര്യ, ഡി സി ബുക്സ്, 2017*

# കരിമീനിന്റെ ഹൃദയം തുന്നിപ്പിടിപ്പിച്ച മനുഷ്യർ: സ്വത്വസംഘർഷവും അതിജീവനവും റാം. c/o ആനന്ദിയിൽ

**ഡോ. സൂസന്ന പി.ദാസ്**
അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളെജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

പുസ്തകവായനയുടെ പൊതുമണ്ഡലത്തെ നവീകരിച്ച നോവലാണ് റാം c/o ആനന്ദി. ഈ നോവൽ ഇന്ത്യയിലെ ബെസ്റ്റ് സെല്ലറുടെ കൂട്ടത്തിൽ ഇടംപിടിക്കുകയും ചെയ്തു. പുതുതലമുറയെ സൈബറിടങ്ങളിൽനിന്നും വായനാസംസ്കാരത്തിലേക്ക് നയിച്ച ഈ നോവലിലെ കഥാപാത്രങ്ങളുടെ സ്വത്വസംഘർഷവും അതിജീവനവുമാണ് ഈ പ്രബന്ധത്തിന്റെ പഠനവിഷയം. അസ്തിത്വദുഃഖം, ലിംഗപദവി, വംശീയാധിക്ഷേപം, കുടിയേറ്റം എന്നിവയാൽ ജീവിതം നഷ്ടപ്പെട്ട മനുഷ്യരെ ചരിത്രത്തിന്റെയും സങ്കല്പത്തിന്റെയും പശ്ചാത്തലത്തിൽ വിലയിരുത്തുക എന്ന ലക്ഷ്യവും ഈ പഠനത്തിനുണ്ട്. ഉത്തരാധുനികാനന്തര നോവൽവിചാരങ്ങളിൽ നിന്നും മാറി വ്യത്യസ്തമായൊരു ചിന്താമണ്ഡലം സൃഷ്ടിക്കാൻ റാം c/o ആനന്ദി എന്ന അഖിൽ പി. ധർമ്മജന്റെ നോവലിന് ഏറെക്കുറെ സാധിച്ചിട്ടുണ്ട്. വായനയെ പുതുക്കുക എന്ന ലക്ഷ്യത്തിൽ പ്രമേയതലം, ആഖ്യാനതലം, പ്രയോഗതലം എന്നിവയെ ഏറെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാൻ എഴുത്തുകാരൻ ശ്രമിച്ചിട്ടുമുണ്ട്. ദൃശ്യവല്ക്കരണം നോവലിന്റെ മറ്റൊരു പ്രത്യേകതയാണ്. ഇത്തരം ആശയങ്ങളെ മുൻനിർത്തി റാം c/o ആനന്ദി എന്ന നോവലിനെ പഠനവിധേയമാക്കുകയാണ് പ്രബന്ധലക്ഷ്യം.

***താക്കോൽവാക്കുകൾ:*** സ്വത്വസംഘർഷം, അതിജീവനം, വംശീയാധിക്ഷേപം, ലിംഗപദവി, ഭിന്നലിംഗക്കാർ, കുടിയേറ്റം, തിരുനങ്കൈ

2024 മെയ് പകുതിയോടെ നാല്പതോളം പതിപ്പുകളിലേക്ക് എത്തിയ അഖിൽ പി ധർമ്മജന്റെ നോവലാണ് റാം c/o ആനന്ദി. സ്വത്വസംഘർഷം, അതിജീവനം എന്നീ ആശയങ്ങൾ റാം c/o ആനന്ദി എന്ന നോവലിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന അന്വേഷണമാണ് ഈ പഠനം. നോവൽസാഹിത്യമേഖലയുടെ ഭാവുകത്വത്തെ മാറ്റിമറിച്ച നോവലാണെന്നൊന്നും അവകാശപ്പെടാനാകില്ലെങ്കിലും വായനക്കാരെ സൃഷ്ടിക്കുക എന്നത് നോവൽ വായനാചരിത്രത്തിലെ വലിയൊരു അംഗീകാരമാണ്. സൈബർ സ്പേസിൽ മുഴുകുന്ന പുതിയ തലമുറയെ അതേ സ്പേസ് ഉപയോഗിച്ച് പുസ്തക വായനയുടെ ലോകത്തേക്ക് എത്തിക്കുക എന്നതിൽ അഖിൽ പി ധർമ്മജൻ എന്ന എഴുത്തുകാരൻ ഏറെ വിജയിച്ചു. ആദ്യ രണ്ട് നോവലുകൾ (ഓജോബോർഡ്, മെർക്കുറി ഐലൻഡ്) പുറത്തിറങ്ങിയപ്പോൾ കളിക്കുടുക്കസാഹിത്യം (അതൊരു അംഗീകാരം കൂടിയാണ്) എന്ന വിമർശനം ഉന്നയിച്ചവരെപ്പോലും വായനയിലേക്ക് കൊണ്ടെത്തിക്കാൻ റാം c/o ആനന്ദി എന്ന നോവലിന് കഴിഞ്ഞു. ഈ നോവലിന്റെ ഏറ്റവും വലിയ പ്രത്യേകത ജിജ്ഞാസയുണർത്തുന്ന ഒരു കഥയുണ്ടെന്നതാണ്. അതിനെ തിരക്കഥാക്കൃത്തുകൂടിയായ അഖിൽ പി. ധർമ്മജൻ ദൃശ്യവൽക്കരണത്തിന്റെ ഫോർമാറ്റിൽ അവതരിപ്പിച്ചു എന്നതാണ് മറ്റൊരു പ്രത്യേകത. ഉത്തരാധുനികാനന്തരകാലത്തെ നോവൽ വിചാരങ്ങളിൽനിന്നും ആഖ്യാനതലത്തിലും പ്രമേയതലത്തിലും വഴിമാറി നടക്കാൻ എഴുത്തുകാരൻ ശ്രമിച്ചിട്ടുണ്ട്. ഉത്തരാധുനിക നോവലുകളുടെ പ്രധാന പ്രത്യേകതയായ ഘടനാപരമായ പൊരുത്തമില്ലായ്മയെയും ഈ കൃതി മറികടന്നിരിക്കുന്നു. പ്രമേയത്തിന്റെ റിയലിസ്റ്റിക് സ്വഭാവവും ഭാഷാപരമായ ലാളിത്യവും ദേശകാലബോധവും നോവലിന്റെ ഭാവുകത്വപരിസരത്തിന് അനുയോജ്യമാംവിധം അഖിൽ പി ധർമ്മജൻ ഉപയോഗിച്ചിരിക്കുന്നു.

സ്വത്വസംഘർഷം (Identity Conflict), അതിജീവനം (survival) എന്നീ രണ്ട് ആശയ തലങ്ങളെ മുൻനിർത്തിയാണ് റാം c/o ആനന്ദിയെ പഠനവിധേയമാക്കിയിരിക്കുന്നത്. ഈ നോവലിലെ കഥാപാത്രങ്ങൾ കടന്നുപോകുന്ന സംഘർഷാത്മക ജീവിതത്തിന്റെയും വംശീയപ്രതിസന്ധിയുടെയും അവിടെനിന്നും അതിജീവനത്തിലേക്ക് സ്വയം പരിണമിക്കുന്നതിന്റെയും വ്യക്തിചിത്രങ്ങൾ സിനിമാറ്റിക് രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നു.

## സ്വത്വം വ്യത്യസ്ത നിരീക്ഷണങ്ങൾ

സ്വത്വം എന്നത് ഒരു വ്യക്തി എന്താണെന്ന് വെളിപ്പെടുകയാണ്, അത് പലവിധത്തിൽ പ്രകാശിപ്പിക്കപ്പെടും. ഒരാളുടെ മനോഘടന, ചുറ്റുപാട്, വികാരവിചാരങ്ങൾ തുടങ്ങിയവയെല്ലാം സ്വത്വപ്രകടനത്തിന്റെ ഘടകങ്ങളാണ്. സ്വത്വപ്രകടനത്തിന്റെ വേളയിൽ ചില അവസരങ്ങളിലെങ്കിലും വ്യക്തി സംഘർഷമനുഭവിക്കുന്നു. ശാരീരികം, മാനസികം, വൈകാരികം, ബൗദ്ധികമായ അനുഭവങ്ങൾ എന്നിവ ഈ സംഘർഷത്തിന്റെ പരിധിയിൽ വരുന്നു. ഇവ കൂടാതെ സാമൂഹിക കാരണങ്ങളും ഒരു വ്യക്തിയെ സ്വത്വസംഘർഷത്തിൽ കൊണ്ടെത്തിക്കാം. ജാതിവ്യവസ്ഥ, കീഴാളത്തം, ലിംഗവ്യവസ്ഥ, ഭാഷാപ്രതിസന്ധി, വർഗീയ പ്രതിബന്ധങ്ങൾ, വർണ്ണവിവേചനം, രാഷ്ട്രീയപ്രതിസന്ധികൾ ഇങ്ങനെ നീണ്ടുപോകുന്നു അവയുടെ എണ്ണം.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## സ്വത്വം നിർവചനം

സ്വത്വം എന്നാൽ ഐഡന്റിറ്റിയാണ് (identity). കൂടാതെ Self, individualtiy, Personaltiy തുടങ്ങിയ പദങ്ങളും ഉപയോഗിക്കുന്നു. ഒരു വ്യക്തി ആരായിരിക്കുന്നുവോ/ എന്തായിരിക്കുന്നുവോ അതാണ് സ്വത്വം. സാമൂഹികമായ ഉടയാടകളിൽ പ്രത്യക്ഷപ്പെടുന്ന അഹമാണ് സ്വത്വം. ചരിത്രപരവും സാമൂഹികവും സാംസ്കാരികവുമായ സ്വാധീനങ്ങൾ ഒരു വ്യക്തിയിൽ രൂപപ്പെടുന്നതും പരിണാമവിധേയവുമായ ഘടകത്തെ സ്വത്വം എന്നു പറയാം. അസ്തിത്വചിന്തയുമായി ബന്ധമുള്ള ഒരു പദം കൂടിയാണ് സ്വത്വം എന്നത്.

## അതിജീവനം

അതിജീവനം (Survival) എന്ന പദം നിർവചനങ്ങൾക്ക് ഉപരിയായി നിലനിൽക്കുന്ന ഒന്നാണ്. അതൊരു വ്യക്തി മുതൽ സമൂഹം, മനുഷ്യരാശി, എന്നിങ്ങനെ സാംസ്കാരികമായി വിശാലമായ ഒരു മേഖലയാണ്. ഈ പദം ഡാർവിന്റെ ജീവശാസ്ത്രപരമായ ആശയത്തോട് കടപ്പെട്ടിരിക്കുന്നു. അതിജീവനത്തെക്കുറിച്ച് സാഹിത്യം പലതരത്തിൽ ചർച്ച ചെയ്തിട്ടുണ്ട്; വിപുലമായ ഒരു സാഹിത്യപ്രമേയമായിത്തന്നെ. ഒരു വിഷയത്തെ/ സാഹചര്യത്തെ മറികടക്കാൻ മനുഷ്യനുപയോഗിക്കുന്ന ഏതുതരം തന്ത്രങ്ങളെയും അതിജീവനത്തിൽ ഉൾപ്പെടുത്താം. 'പ്രകൃതിദുരന്തങ്ങൾ, സാമൂഹികക്രമത്തിന് വിഘാതം സൃഷ്ടിക്കുന്ന മറ്റു ദുരന്തങ്ങൾ, സിവിൽ ഡിസോഡർ പോലുള്ള അടിയന്തിര സാഹചര്യങ്ങൾക്കായി മുൻകൈയെടുക്കുന്ന വ്യക്തികളുടെ/ഗ്രൂപ്പുകളുടെ സാമൂഹിക പ്രസ്ഥാനമാണ് സർവൈവലിസം.' മനുഷ്യൻ ഉണ്ടായതു മുതൽ അതിജീവന സാധ്യതകൾ സ്വയം കണ്ടെത്താൻ ശ്രമിച്ചിരുന്നു. സമകാലികമായി സമൂഹം നേരിട്ട ഏറ്റവും വലിയ ഒരു മഹാമാരിയായിരുന്നു കോവിഡ്. അതിജീവനസാധ്യതകൾ മനുഷ്യൻ നേരിട്ട് മനസ്സിലാക്കിയ സന്ദർഭം കൂടിയായിരുന്നു അത്. അതിജീവനം എന്ന പദം ജനകീയമായി മാറാനും ഇത് കാരണമായി.

ഗ്രീക്ക് സാഹിത്യത്തിലെ ട്രാജഡികളിൽ അതിജീവനത്തിന്റെ ആവിഷ്കാരം വളരെ കുറവാണ്. ശുഭപര്യവസാനം ആഗ്രഹിക്കുന്ന ഭാരതീയസാഹിത്യത്തിൽ അതിജീവന സാധ്യത ഏറുന്നു. ട്രാജഡികളെ അംഗീകരിക്കാനുള്ള വിമുഖതയാണ് ഇതിന് പ്രധാന കാരണം. മലയാളനോവൽ സാഹിത്യത്തിൽ ആദ്യകാല നോവലുകൾ മുതൽ അതിജീവന സാധ്യത പ്രതിഫലിക്കുന്നുണ്ട്. ഇന്ദുലേഖയ്ക്കും മരത്തനും (സരസ്വതീ വിജയം) വിദ്യാഭ്യാസത്തിലൂടെയാണ് അതിജീവനം സാധിച്ചത്. കാലഘട്ടം അടിച്ചേൽപ്പിച്ച പ്രശ്നങ്ങളെ അതിജീവിക്കാൻ വിദ്യാഭ്യാസത്തിലൂടെ അവർ പോരാടി. നവോത്ഥാനകാലഘട്ട നോവലുകളിൽ വിപ്ലവാശയങ്ങളുമായി കടന്നുവന്ന കഥാപാത്രങ്ങൾ പ്രതിഷേധസമര മാർഗ്ഗങ്ങളിലൂടെ സമൂഹത്തിന്റെ അതിജീവനത്തിനായി പൊരുതി. എം.ടിയും മാധവിക്കുട്ടിയും പുനത്തിൽ കുഞ്ഞബ്ദുള്ളയുമൊക്കെ സ്വന്തം കഥാപാത്രങ്ങളുടെ വൈകാരിക സംഘർഷങ്ങളെ അതിജീവിക്കാൻ പല മാർഗങ്ങൾ എഴുത്തിൽ സ്വീകരിച്ചു. മുകുന്ദൻ, ആനന്ദ്, സേതു തുടങ്ങിയവരുടെ എഴുത്തുകളിലും ഇതു കാണാം. പുതുകാല നോവൽ എഴുത്തുകളിലും അതിജീവന സാധ്യതയെ ചിലരെങ്കിലും പ്രമേയമാക്കി. അതിജീവനത്തെ സഹനത്തിലൂടെയും പോരാട്ടത്തിലൂടെയും പ്രതീക്ഷയിലൂടെയും അവതരിപ്പിച്ച മലയാള

നോവലാണ് 'ആടുജീവിതം'. മലയാളിയുടെ വായനാലോകത്തെ നവീകരിച്ച നോവലായിരുന്നു ബെന്യാമിന്റെ ആടുജീവിതം. മരുഭൂമിയിലെ ഏകാന്തജീവിതം നജീബിന് നൽകിയ വേദനയുടെ ലഹരി അതേ പടിയോ അതിലുപരിയായോ പകരാൻ എഴുത്തുകാരനായി എന്നു പറയാം. ഈ അടുത്ത കാലത്ത് അതിജീവനസാധ്യത പരമാവധി ഉപയോഗിച്ചുകൊണ്ട് ദൃശ്യാത്മകമായ ആഖ്യാനസവിശേഷതയോടെ അവതരിപ്പിച്ചിരിക്കുന്ന നോവലാണ് റാം c/o ആനന്ദി (2020)

ആലപ്പുഴയിൽനിന്നും സിനിമാപഠനത്തിനായി ചെന്നൈ നഗരത്തിലെത്തുന്ന ശ്രീറാം എന്ന കേന്ദ്രകഥാപാത്രത്തെ ചുറ്റിപ്പറ്റിയാണ് കഥ മുന്നോട്ടുപോകുന്നത്. റാമിന്റെ കാഴ്ചകളിലൂടെയുള്ള യാത്രയാണ് ഈ നോവൽ. ചെന്നൈ നഗരം, ചെന്നൈയിലെ തന്നെ തെരുവുകൾ, അവിടത്തെ വ്യത്യസ്തമനുഷ്യരുടെ ജീവിതം, വാത്സല്യം, സൗഹൃദം, പ്രണയം, യാത്ര, സിനിമ, ഹാസ്യം, ഭിന്നലിംഗക്കാർ, വംശീയവിദ്വേഷം, യുദ്ധം, ആക്രമണം, മനുഷ്യക്കടത്ത്, ദേശീയത തുടങ്ങിയ മനുഷ്യജീവിതത്തിലെ സാമൂഹികപ്രശ്നങ്ങൾ എല്ലാംതന്നെ ഈ നോവലിൽ കൈകാര്യം ചെയ്യുന്നുണ്ട്. ഇവയിലൂടെ ഒരു ന്യൂജെൻ വൈബ് കടന്നുവരുന്നതാണ് സമകാലിക വായനാലോകത്തെ സൃഷ്ടിക്കാൻ ഈ നോവലിനായത്.

നോവലിലേക്ക് കടക്കുമ്പോൾ ശ്രീറാം സിനിമാപഠനത്തിനും നോവലെഴുത്തിനുമായി ചെന്നൈ നഗരത്തിലെത്തുന്നതും ചെന്നൈ നഗരത്തിലെ ജീവിത വൈവിധ്യങ്ങൾക്കൊപ്പം സഞ്ചരിക്കുന്നതുമാണ് നോവലിന്റെ ഇതിവൃത്തം. റാമിന്റെ സഹപാഠികളായ രേഷ്മ, വെട്രി, റിസപ്ഷനിസ്റ്റ് ആനന്ദി അവരുടെ വീട്ടുടമയായ കൊലഞ്ചിയമ്മാൾ എന്ന പാട്ടി, തിരുനങ്കൈ എന്ന് തമിഴ്നാട്ടിൽ വിളിക്കപ്പെടുന്ന ട്രാൻസ്ജെൻഡറായ മല്ലി, റാമിന്റെ ഫ്ളാറ്റിലെ സുഹൃത്തുക്കളായ ബിനീഷ്, കിരൺ തുടങ്ങിയവരാണ് ഇതിലെ പേരെടുത്തു പറയേണ്ട കഥാപാത്രങ്ങൾ. കൂടാതെ നോവലിലെ ഉപകഥകൾക്കൊപ്പം നിൽക്കുന്ന നിരവധി കഥാപാത്രങ്ങളുമുണ്ട്. നോവലിന്റെ ശീർഷകത്തിൽ നിന്നും റാമും ആനന്ദിയുമാണിതിലെ കേന്ദ്രകഥാപാത്രങ്ങൾ എന്ന സൂചനയുണ്ട്. എന്നാൽ അവരുടെ മാത്രം ജീവിതമല്ല കാളിദാസിൽനിന്ന് തിരുനങ്കൈയിലേക്ക് എത്തിയ മല്ലിയുടെ കൂടി ജീവിത കഥയാണ് ഈ നോവൽ. പ്രധാനമായും ആനന്ദിയും മല്ലിയും അനുഭവിക്കുന്ന സ്വത്വ സംഘർഷത്തിന്റെയും അതിജീവനത്തിനായുള്ള പോരാട്ടത്തിന്റെയും ആവിഷ്കാരമാണ് റാം c/o ആനന്ദി. അതിൽ ഒരാൾ വിജയത്തിലേക്ക് അടുക്കുകയും മറ്റേയാൾ പരാജയപ്പെടുകയും ചെയ്യുന്നു. ആനന്ദിയുടെയും മല്ലിയുടെയും ജയപരാജയങ്ങളിൽ സഹയാത്രികനായി റാം എപ്പോഴും ഉണ്ടായിരുന്നു. സ്വത്വസംഘർഷത്തിന്റെ സമരമുഖങ്ങളിലൂടെയായിരുന്നു റാമും കടന്നുപോയിരുന്നത്. മറ്റു കഥാപാത്രങ്ങളും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഉത്തരവാദിത്തങ്ങളുടെയോ നിയന്ത്രണങ്ങളുടെയോ സ്വാതന്ത്ര്യത്തിന്റെയോ കർമ്മബന്ധങ്ങളുടെയോ സംഘർഷം അനുഭവിക്കുന്നുണ്ട്.

## റാം c/o മല്ലി

സ്വത്വസംഘർഷത്തിന്റെ പേരിൽ പോരാട്ടവും അതിജീവനശ്രമവും നടത്തി പരാജയപ്പെട്ടുപോയ മല്ലിയിൽ നിന്ന് വേണം ഈ നോവലിലേക്ക് കടക്കാൻ. കാളിദാസിൽനിന്ന് മല്ലിയിലേക്കുള്ള ദൂരം വേദനകളുടേതാണ്. ഇരുപത്തിമൂന്ന് വയസ്സുള്ള ട്രാൻസ്ജെൻഡർ

ആയ മല്ലി ഉൾപ്പെടുന്ന സമൂഹമനുഭവിക്കുന്ന സാമൂഹികപ്രശ്നത്തെ ഈ നോവൽ വിശകലനം ചെയ്യുന്നുണ്ട്. ഇപ്പോഴും സമൂഹം വച്ചുപുലർത്തുന്ന ചില അസ്വസ്ഥതകളെ സ്വാഭാവികതയോടെ നോവലിൽ ആവിഷ്കരിച്ചിരിക്കുന്നു. ലൈംഗികചൂഷണത്തിന് കുട്ടിക്കാലത്തേ വിധേയയായ കാളിദാസ്. കാളിദാസിൽനിന്നും മല്ലിയിലേക്കുള്ള പരിണാമ ത്തെയും പിന്നീടുള്ള ജീവിതവുമാണ് അവതരിപ്പിച്ചിരിക്കുന്നത്. സമൂഹവും കുടുംബവും ഏൽപ്പിച്ച മുറിവുകൾ മല്ലിയെ ഇല്ലാതാക്കാനോളം പര്യാപ്തമായിരുന്നു. ഭിന്നലിംഗക്കാർ ക്കു മുന്നിൽ കുടുംബം തന്നെ പലപ്പോഴും ഒരു ചോദ്യചിഹ്നമാണ്. ജന്മംകൊടുത്തവരിൽ നിന്ന് തന്നെ അന്യവൽക്കരിക്കപ്പെടുമ്പോൾ സമൂഹത്തിന്റെ അവഗണന ഒന്നുമല്ലാതാ കുന്നു. നിയമവ്യവസ്ഥ പലതും വാഗ്ദാനം ചെയ്യുമ്പോഴും ചെന്നൈ നഗരത്തിലെ മല്ലിയും തിലോത്തമയും ഉൾപ്പെടുന്ന കത്തിപ്പാറ ബ്രിഡ്ജിനടിയിലെ അറുവാണികൾ എന്ന് വിളിക്കപ്പെടുന്ന തിരുനങ്കൈകൾക്ക് (ട്രാൻസ്ജെൻഡർ) ഒരു പരിണാമവും ഉത്തരാധുനി കാനന്തരത്തിലും സംഭവിച്ചിട്ടില്ലായെന്ന് റാം c/o ആനന്ദി എന്ന നോവലിലൂടെ വ്യക്ത മാകുന്നു.

യാത്രയ്ക്കിടയിലെ വാക്കുതർക്കത്തിൽ നിന്ന് തുടങ്ങുന്ന റാമിന്റെയും മല്ലിയുടെയും ബന്ധം വിട്ടുവീഴ്ചയുടെയും സുരക്ഷിതത്വത്തിന്റെതുമായിരുന്നു. മല്ലിയെ ഉപാധികളി ല്ലാതെ കൂടെ കൂട്ടിയത് റാം മാത്രമായിരുന്നു. സൗഹൃദത്തിനപ്പുറത്ത് കരുതലിന്റെ സുഖം അറിഞ്ഞത് അവനിൽ നിന്നാണ്. മാതാപിതാക്കളിൽനിന്ന്, സഹോദരനിൽ നിന്ന്, വിശ്വസിച്ചു കൂടെ കൂട്ടിയ താടിക്കാരനിൽ നിന്നൊന്നും കിട്ടാത്ത സംരക്ഷണം റാമിൽ നിന്ന് മല്ലിക്ക് ലഭിച്ചിരുന്നു. കാളിദാസിന്റെ സ്ത്രൈണതയെ ആളുകൾ പരിഹസിക്കുന്നത് കണ്ട് ഏത് ജോലിയും ചെയ്യാൻ അവന് പരിമിതികൾ ഉണ്ടായി (പേജ് 104) എന്നാണ് തന്നെക്കുറിച്ച് മല്ലി തന്നെ പറയുന്നത്. 'ഞാൻ നിന്റെ ഒപ്പം കടയിൽ വന്ന് നിനക്കുള്ള ഷർട്ട് വാങ്ങാനോ?' (പേജ് 77) മല്ലിയുടെ റാമിനോടുള്ള ഈ ചോദ്യം മറ്റൊരാൾ തന്നെ അംഗീകരിക്കുന്നോ എന്ന അതിശയത്തിന്റേതാണ്. ചെന്നൈ നഗരത്തിലെ തന്റെ തിരക്കു കൾക്കിടയിലും റാം മല്ലിയെ കേൾക്കാനും അവളുടെ നിസ്സഹായതകളെ അടുത്തറിയാനും സമയം കണ്ടെത്തിയിരുന്നു. അത്രയൊക്കെ സാമീപ്യം മതിയായിരുന്നു മല്ലിക്ക് ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ. പ്രണയത്തിൽ അകപ്പെടാൻപോകുന്നു എന്ന് വായനക്കാരെ വിഭ്രമിപ്പിച്ചുകൊണ്ട് കടന്നുപോകുന്നു ഈ രണ്ടു കഥാപാത്രങ്ങളും. എന്നാൽ നോവലിന്റെ ഒഴുക്കുള്ള വായനയ്ക്കിടയിൽ ഒരു ദുരന്തം എഴുത്തുകാരൻ ചേർത്തുവയ്ക്കുന്നത് മല്ലിയുടെ മരണമാണ്. തന്റെ കൂടെപ്പിറപ്പിന് സമ്മാനമായി ബുള്ളറ്റും കൊണ്ട് നാട്ടിലേക്ക് എത്തിയ മല്ലിക്ക് തന്റെ പ്രതീക്ഷകളെ തകർക്കുന്ന തരത്തിലുള്ള പ്രതികരണവും പീഡനവുമാണ് കുടുംബത്തിൽനിന്ന് ലഭിച്ചത്. തുടർന്ന് ഗോഡൗണിൽ വച്ച് എസ് ഐ ഫാറൂഖും പോലീസുകാരനായ കതിർവേലും ചേർന്ന് നടത്തിയ ക്രൂരമായ ലൈംഗിക പീഡനത്തിൽ കൊല്ലപ്പെട്ട മല്ലിയെ പിന്നീട് ഗോഡൗണിലെ കുപ്പത്തൊട്ടിയിലാണ് കണ്ടത്; ഡാൻസ് പഠിക്കാൻ ആഗ്രഹിച്ചു വാങ്ങിയ ചിലങ്കയണിഞ്ഞ കാലുകളുമായി.

ഒരുപക്ഷേ ഇനി നമ്മൾ തമ്മിൽ കണ്ടില്ലെങ്കിലും എന്റെ ഓർമ്മകൾ നിന്റെ കൂടെ വേണ്ടേ? (പേജ് 198) എന്ന ചോദ്യത്തിന് ഉത്തരമായിട്ടാണ് മല്ലി റാമിന് ഡ്രസ്സ് വാങ്ങി

നൽകുന്നത്. ട്രെയിൻ യാത്രയ്ക്കായി കാത്തിരിക്കാറുള്ള സിമന്റ് ബെഞ്ചിൽ റാമിന്റെ പേരിനൊപ്പം മല്ലി സ്വന്തം പേര് എഴുതുന്നത്. ഈ പേരിനൊപ്പം ഒരു സിമന്റ് ബഞ്ചിലെങ്കിലും ഞാൻ ഒന്ന് സ്ഥാനം പിടിക്കട്ടെ. (പേജ് 198) സ്വയം ആരാണെന്നുള്ള തിരിച്ചറിവു മൂലം പറയാതെ വെച്ച ഒരു ഇഷ്ടം അവളുടെ കണ്ണുകളിൽ ഒളിഞ്ഞിരിക്കുന്നത് അവൻ തിരിച്ചറിഞ്ഞു. ഇത് മനസ്സിലാക്കിയ റാം പറയുന്നത് 'അടുത്ത ജന്മത്തിൽ എങ്കിലും എനിക്ക് നീയൊരു കുഞ്ഞായി പിറക്കാൻ വേണ്ടി ഞാൻ ദൈവത്തോട് പ്രാർത്ഥിക്കും' (പേജ് 200) എന്നാണ്. അവിടെ മാത്രമാണ് എഴുത്തുകാരൻ ഒരു വൈരുദ്ധ്യം ചേർത്തു വച്ചിരിക്കുന്നത്. സ്വത്വസംഘർഷത്തിൽ അകപ്പെട്ട മല്ലിക്ക് തന്റെ ജീവിതം കൊണ്ട് സമൂഹത്തെ അതിജീവിക്കാൻ ആയില്ലായെന്നതാണ് വായനക്കാർ അനുഭവിക്കുന്ന സംഘർഷം.

## കനലിൽനിന്ന് ഉയിർത്തെഴുന്നേറ്റവളുടെ കഥ

നോവലിന്റെ ആദ്യവസാനം നിറഞ്ഞുനിൽക്കുന്ന ഇരുപത്തിയൊന്നോ ഇരുപത്തിരണ്ടോ വയസ്സ് പ്രായം തോന്നിക്കുന്ന ആനന്ദിയെ റിസപ്ഷനിസ്റ്റ് ആയിട്ടാണ് നാം പരിചയപ്പെടുന്നത്. പാട്ടിയുടെ വാക്കുകൾ കടമെടുത്താൽ സ്വന്തമായി അധ്വാനിച്ച് ജീവിക്കുന്നവൾ (പേജ് 39) ആനന്ദിക്കു തുല്യം ആനന്ദി മാത്രം എന്നേ പറയാൻ കഴിയൂ. തന്റെ സ്വകാര്യതകളിൽ കടക്കാൻ ശ്രമിക്കുകയോ തന്നെ നോവിക്കുകയോ ചെയ്താൽ മിണ്ടാതെ തലതാഴ്ത്തി കടന്നുപോകുന്നവളല്ല ആനന്ദി. ഉള്ളിൽ കനലുമായി നടക്കുന്നവളാണവൾ. എടുത്ത തീരുമാനങ്ങളിൽ നിന്നും വ്യതിചലിക്കാൻ ഒരുക്കമല്ലാത്ത ശക്തയായ പെൺകഥാപാത്രം. മലയാളനോവൽസാഹിത്യത്തിൽ പേരെടുത്ത് പറയാൻ കഴിയുന്ന നായികമാരിൽ തികച്ചും വ്യത്യസ്തയാണ് ആനന്ദി. ഒരു സാധാരണ പെണ്ണല്ല അവൾ എന്നാണ് ആനന്ദിയെ റാം വിലയിരുത്തുന്നത്. തന്റെ അച്ഛനെ പറഞ്ഞ റാമിനു കിട്ടിയ സമ്മാനമാവാം അവനെക്കൊണ്ടിങ്ങനെ ചിന്തിപ്പിച്ചത്. 'ഇവൾക്കെന്താണ് എപ്പോഴും ഇത്ര ധൃതി, കോളേജിൽനിന്നും റോക്കറ്റ് വിക്ഷേപിച്ചത് പോലെയാണ് വണ്ടിയിൽ പോകുന്നത് കണ്ടത്' (പേജ് 40) ലൈഫിൽ കുറെയൊക്കെ രഹസ്യഭാവം സൂക്ഷിക്കുന്ന ആനന്ദി ആദ്യഭാഗത്ത് നോവലിസ്റ്റിന് പോലും പിടികൊടുക്കാതെ വഴിമാറി സഞ്ചരിക്കുന്നതു പോലെ വായനക്കാർക്ക് അനുഭവപ്പെടും. വെട്രിയും രേഷ്മയും പാട്ടിയുമായുള്ള സൗഹൃദത്തിൽനിന്നും പിന്നീടങ്ങോട്ടുള്ള ആനന്ദിയുടെ ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുമ്പോൾ അവൾക്കൊപ്പം വായനക്കാരും സംഘർഷം അനുഭവിക്കുന്നു. ഓട്ടമത്സരത്തിൽ ഫിനിഷിംഗ് പോയിന്റിലേക്ക് എത്തിക്കാൻ കയ്യടിക്കുന്നത് പോലെ ആനന്ദിയെ അവളുടെ ലക്ഷ്യത്തിലെത്തിക്കാൻ എല്ലാവരും ഒന്നായി പരിശ്രമിക്കുന്നു. നോവലിലുടനീളം ആനന്ദിയുണ്ട്, പക്ഷേ ഓരോ ഘട്ടത്തിലും ഓരോ ആനന്ദി ആണെന്നു മാത്രം. ഒരു വില്ലത്തിയായി കടന്നുവന്ന് ഓരോരുത്തരുടെയും മനസ്സ് കീഴടക്കിയാണ് അവൾ കടന്നു പോകുന്നത്. (മല്ലിയും വ്യത്യസ്തയല്ല) പ്രണയിക്കാനും ജീവിക്കാനും അത്യാഗ്രഹം ഉണ്ടെങ്കിലും ജീവിതലക്ഷ്യം മറ്റൊന്നായതിനാൽ മനസ്സിനെ അവൾ കടിഞ്ഞാണിട്ട് നിയന്ത്രിക്കുന്നു, അവൾ അനുഭവിച്ച കഠിനയാതനകളാണതിന് മറുമരുന്ന്. കനലാണ് അവൾ. അവളുടെ കണ്ണുകളിലെ കനലിനെ ഒറ്റനോട്ടത്തിൽ കണ്ടെത്തിയത്

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

റാം അല്ല, ബിനീഷ് ആണ്. 'അവളുടെ ഉള്ളിൽ ഒരു കനൽ ഉണ്ട് വൈകാതെ അത് ആളും.' (പേജ് 102) എന്നയാൾ പറയുന്നു.

ആനന്ദി എന്ന പേരിന് വിപരീതമാണ് അവളുടെ ജീവിതം. സ്വന്തം ഐഡന്റിറ്റി വെളിപ്പെടുത്താനാകാതെപോകുന്ന നായികാകഥാപാത്രമാണവൾ. പേരുപോലും വ്യക്തമാക്കാനാകാത്ത വംശീയപ്രതിസന്ധിയനുഭവിച്ച ഒരു പെൺകുട്ടി. സ്വത്വസംഘർഷത്തിന്റെ പാരമ്യമാണ് അവൾ അനുഭവിക്കുന്നത്. ആനന്ദിയെ ആനന്ദിയായി കാണാനാണ് റാമിനൊപ്പം എഴുത്തുകാരനും ഇഷ്ടം. സ്വത്വസംഘർഷം> വംശീയപ്രതിസന്ധി> അതിജീവനം=ആനന്ദി ഇത്തരമൊരു ചാക്രികവലയത്തിനുള്ളിലാണ് ആനന്ദിയുടെ ജീവിതം നോവലിസ്റ്റ് വരച്ചു ചേർത്തിരിക്കുന്നത് .

## വംശീയപ്രതിസന്ധിയിൽ കുടുങ്ങിയവർ

ശ്രീലങ്കയിലെ ജാഫ്നയിലെ ഒരു കുഗ്രാമത്തിലാണ് ആനന്ദിയുടെ ജനനം. 1983 മുതൽ അവിടെ യുദ്ധം നടന്നിരുന്നു. ഓർമ്മവച്ചനാൾ മുതൽ ചുറ്റുമുള്ള ആരെയും താൻ സന്തോഷത്തോടെ കണ്ടിട്ടില്ല എന്ന് ആനന്ദി ഓർക്കുന്നു. ഏതുസമയത്താണ് ഷെല്ലുകൾ ശരീരത്തിലേക്ക് തുളച്ചുകയറുക എന്നറിയാതെ ഭയപ്പാടോടെ നരകജീവിതം നയിച്ചിരുന്നവരാണ് ശ്രീലങ്കയിലെ തമിഴർ. 'തീരെ ചെറുപ്പത്തിലെ തന്നെ രക്തത്തിനോടും മരണത്തിനോടും ഒക്കെയുള്ള ഭയം അങ്ങനെയുള്ള കാഴ്ചകൾ കണ്ടു കണ്ടു എന്നിൽ നിന്നും ഒരു ബാധപോലെ ഒഴിഞ്ഞുപോയിരുന്നു' (പേജ് 242). ഭാഷയുടെ പേരിലുള്ള വേർതിരിവാണ് ശ്രീലങ്കയിൽ നിലവിലിരുന്നത്. സിംഹളഭാഷ സംസാരിക്കുന്നവർക്ക് എല്ലാവിധ അവകാശങ്ങളും ലഭിക്കുമ്പോൾ തമിഴ് കുടുംബത്തിൽ ജനിച്ച തമിഴ്ഭാഷ സംസാരിക്കുന്നവരെ തമിഴ് നായ്ക്കൾ എന്ന് വിളിച്ച് അധിക്ഷേപിക്കുകയും നീതി നിഷേധിക്കുകയും ചെയ്തിരുന്നു. ഒരു രാജ്യത്ത് ജീവിക്കുന്ന ജനങ്ങളെ സംസാരിക്കുന്ന ഭാഷയുടെ പേരിൽ വേർതിരിക്കുക എന്നത് വിരോധാഭാസമായി ആനന്ദിയ്ക്ക് അനുഭവപ്പെട്ടു. ന്യൂനപക്ഷക്കാരായ തമിഴർ പിന്നീട് ഒരു ചേരിയായി മാറുകയും സമരപോരാട്ടങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ആ പോരാട്ടം ചെറുത്തു നിൽപ്പിനുവേണ്ടി മാത്രമായിരുന്നു. തമിഴ് സംസാരിക്കുന്ന ആരായാലും സിംഹളർ ഉപദ്രവിക്കാൻ തുടങ്ങി. സ്ത്രീകൾ, കുട്ടികൾ എന്നിവരെ ബസ്സിനുള്ളിൽ ചുട്ടരിച്ചുകൊന്നു. അവർ പഠിക്കുന്ന സ്കൂളിന് തീയിട്ടു, കുട്ടികളെ ടാറിൽ മുക്കിക്കൊന്നു. അമ്മയെയും പെങ്ങളെയും കുടുംബത്തിലെ ആണുങ്ങൾക്ക് മുന്നിൽവച്ച് കൂട്ടബലാൽസംഗം ചെയ്തു. കീഴടങ്ങിയ തമിഴരെ വെടിവെച്ചുകൊന്നു, അല്ലാത്തവർക്ക് എല്ലാവിധ മനുഷ്യാവകാശങ്ങളും ലംഘിക്കപ്പെട്ടു. ഇത്തരം നീതി നിഷേധങ്ങൾക്കെതിരെ ആയുധമേന്തിയ വ്യക്തിയാണ് വേലുപിള്ള പ്രഭാകരൻ (LTTE നേതാവ് ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈഴം) അതോടുകൂടി തമിഴ്നായ്ക്കൾ എന്ന് വിളിച്ചവരെ തമിഴ് പുലികൾ എന്ന് സിംഹളർ വിളിക്കാൻ തുടങ്ങി. പിന്നീടങ്ങോട്ട് തമിഴ് പുലികളുടെ സംരക്ഷണത്തിലായിരുന്നു ആനന്ദിയും കുടുംബവും. താമസിച്ചിരുന്ന സ്ഥലങ്ങൾ ഉപേക്ഷിച്ച് അവർ മന്നാർ, മുല്ലത്തീവ്, വാവുനിയ, കിള്ളിനോച്ചി എന്നീ സ്ഥലങ്ങളിലേക്ക് പലായനം ചെയ്തു. അവഗണന, അധിക്ഷേപം,

വംശവെറി എന്നിവയാൽ പൊറുതി മുട്ടിയാണവർ സ്വത്തും വീടും ഉപേക്ഷിച്ചത്. തമിഴർക്ക് വേണ്ടി പോരാടിയ തമിഴ് പുലികളെ മറ്റു രാജ്യക്കാർക്ക് മുന്നിൽ തീവ്രവാദികളായി മുദ്രകുത്തി.

ആനന്ദിക്ക് എട്ടുവയസ്സുള്ളപ്പോൾ അവൾക്ക് ഒരു അനുജൻ ഉണ്ടായി. അവൾക്ക് 14 വയസ്സായപ്പോഴാണ് വീണ്ടും ശ്രീലങ്കയിൽ യുദ്ധം രൂക്ഷമായത്. ബോംബാക്രമണത്തിൽ ഭയന്ന് പലരും കൂട്ടംതെറ്റി ഓടി പലയിടങ്ങളിലായി. അക്കൂട്ടത്തിൽ അനുജൻ രാജയും കൂട്ടം തെറ്റിപ്പോയി. യുദ്ധത്തിൽ രക്ഷപ്പെടാൻ നോക്കിയ അച്ഛനെ സിംഹളചെറുപ്പക്കാർ തല്ലിച്ചതച്ചു. അച്ഛന്റെ കാലിന് പരിക്കേറ്റു. ആ അച്ഛന് പിന്നീട് കാണേണ്ടി വന്നത് സ്വന്തം ഭാര്യയെയും യൗവനത്തിൽ എത്തിനിൽക്കുന്ന മകളെയും കൺമുന്നിൽ വച്ച് ബലാൽസംഗം ചെയ്യുന്നതാണ്. 'ഇതിൽപരം എന്ത് നിസ്സഹായതയാണ് ഒരു പുരുഷന് തന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടി വരിക' (പേജ് 246). പലതവണ കുതറിയോടാൻ ശ്രമിച്ചെങ്കിലും ദാരിദ്ര്യം മൂലം മാറിടങ്ങളിൽ പോലും എല്ലുകൾ ഉന്തിത്തുടങ്ങിയ പെൺകുട്ടിക്ക് ചെറുത്തു നിൽക്കുവാൻ പരിമിതികൾ ഉണ്ടായിരുന്നു എന്നാണ് ആ നിമിഷത്തെക്കുറിച്ച് ആനന്ദി പറയുന്നത്. ഇതൊക്കെ കണ്ട് മനസ്സ് മരവിച്ച അച്ഛൻ സ്വന്തം കഴുത്തറുത്ത് മരിച്ചു. 'ഒരു തമാശപോലെ അമ്മയുടെ യോനിയിൽ തോക്ക് തിരുകി കയറ്റി വെടി വെച്ചാണ് അവരെന്റെ അമ്മയെ കൊന്നത്' (പേജ് 246) ഈയൊരു കനലിൽ ചവിട്ടി വന്ന സ്വന്തം പേര് പോലും വെളിപ്പെടുത്താനാകാതെ സംഘർഷം അനുഭവിക്കുന്ന പെണ്ണാണവൾ. ശരീരവും മനസ്സും തളർന്ന് തമിഴ്പുലികളുടെ സംരക്ഷണത്തിൽ ആയിരുന്ന അവളെ അച്ഛനെപ്പോലെ സ്നേഹത്തോടെ തലോടി ആശ്വസിപ്പിച്ചത് വേലുപിള്ള പ്രഭാകരനായി രുന്നു. അവിടെ നിന്നും തമിഴ്നാട്ടിൽ എത്തിച്ചു എന്നും അക്കാത്തങ്കച്ചി മഠത്തിലെ സുധാ ക്കയുടെയും മലയാളിയായ ഡോക്ടർ രാമചന്ദ്രന്റെയും ചികിത്സ തന്നെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു എന്നും അവൾ ഓർമ്മിക്കുന്നു.

പിന്നീടങ്ങോട്ട് ഓരോ വെല്ലുവിളികളെയും നിഷ്പ്രഭമാക്കി മുന്നോട്ടു പോകാൻ ആനന്ദിക്കായി. തന്റേതെന്ന് പറഞ്ഞ് ഈ ഭൂമിയിലെവിടെയോ ഉണ്ടെന്നവൾ വിശ്വസി ക്കുന്ന അനുജനെ കണ്ടെത്തുകയാണ് അവളുടെ ഏകലക്ഷ്യം. അതിനായി എന്തു മാർഗ്ഗം സ്വീകരിക്കാനും മടിയില്ലാത്ത ശക്തയായ പെണ്ണാണ് ആനന്ദി. അക്കാത്തങ്കച്ചി മഠത്തിലെ സുധാക്ക വെച്ചുനീട്ടിയതാണ് ആനന്ദി എന്ന ഐഡന്റിറ്റി. ബസപകടത്തിൽ മരിച്ചുപോയ ആനന്ദിയായി അവൾ പുനർജനിച്ചു. ജോലിചെയ്യാൻ മനസ്സുണ്ടെങ്കിൽ പണമുണ്ടാക്കാൻ പറ്റിയ ഇടമാണ് ചെന്നൈ എന്നവൾ മനസ്സിലാക്കി. പറഞ്ഞ കള്ളങ്ങളൊക്കെയും തന്റെ ലക്ഷ്യത്തിന്റെ ഭാഗം മാത്രമായിരുന്നു. അതുകൊണ്ടാണ് റാം പ്രണയം പറഞ്ഞപ്പോൾ ചൂടുള്ള കണ്ണുനീർത്തുള്ളിയായി മറുപടി വന്നത് 'എനിക്കിതൊന്നും പറ്റില്ല'(പേജ് 259) എന്നു പറഞ്ഞവൾ ഒഴിഞ്ഞു മാറുന്നു. കടൽത്തീരത്തു നിന്നും റാം മാറിയപ്പോൾ അവന്റെ നനഞ്ഞ കാൽപ്പാടുകളിൽ പതിയെ കാലെടുത്തു വച്ച ആനന്ദിയുടെ കാൽവെയ്പിലൂടെ അവളുടെ ഉള്ളിലെ പ്രണയചിത്രം നോവലിസ്റ്റ് വരച്ചു കാണിക്കുന്നു.

തന്റെ കഥകളറിഞ്ഞിട്ടും എന്നേന്നേക്കുമായി നിന്നെ വിട്ടു പോകുമെന്നറിഞ്ഞിട്ടും ഇപ്പോഴും നീ എന്തിനാ ഇങ്ങനെ ചേർത്തുപിടിച്ചിരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകു

ന്നില്ല എന്ന ആനന്ദിയുടെ ചോദ്യത്തിന് റാം ഇണയെ നഷ്ടപ്പെട്ടാൽ പകരം മറ്റൊന്നിനെ സ്വീകരിക്കാത്ത കരിമീനിന്റെ കഥ പറയുന്നു. 'ചെന്നൈ അതുപോലൊരു കുളമാണ് ആനന്ദി, ഞാൻ അതിലെ ഒരു കരിമീനും'. (പേജ് 301)

## ഒഴുക്കിനൊപ്പം നീന്തുന്ന ഉപകഥകൾ

ഉപകഥകൾ നോവലിന്റെ പ്രമേയത്തിന് ഭംഗം വരാത്തവിധം ചേർത്തുവയ്ക്കാൻ എഴുത്തുകാരൻ ശ്രമിച്ചിട്ടുണ്ട്. ചെന്നൈ നഗരത്തിന്റെ പശ്ചാത്തലത്തിൽ നിന്നും മല്ലിയുടെയും പാട്ടിയുടെയും ആനന്ദിയുടെയും ജീവിതപശ്ചാത്തലങ്ങളിലേക്ക് ഇടയ്ക്കിടയ്ക്ക് വായനക്കാരെ ഉപകഥകളിലൂടെ കൊണ്ടുപോകുന്നു. ചെന്നൈയിലെ അയ്യപ്പൻ താങ്കൽ, ടീ നഗർ, നുങ്കമ്പാക്കം, ഗിണ്ടി എന്നീ റെയിൽവേസ്റ്റേഷനുകളും ബസന്ത്നഗർ ബീച്ചിലേയും, മറീനബീച്ചിലേയ്ക്ക് സെമ്മൊഴി പൂങ്കാവനത്തിലേക്കും നോവലിനൊപ്പം വായനക്കാരും യാത്ര ചെയ്യേണ്ടിവരുന്നു. പാട്ടിയുടെ നാടായ തഞ്ചാവൂരിലെ അല്ലിഗ്രാമത്തിലെ തിരുവിഴ ആഘോഷം നോവലിലെ മറ്റൊരു ഉപകഥയാണ്. കേരളീയ പശ്ചാത്തലത്തിലെ തഞ്ചാവൂർ ഭവനം ചാണകം പൂശിയ തുളസിത്തറയും തറവാട്ടിലെ കൂട്ടിയിട്ട തേങ്ങയും ഒക്കെ കേരളത്തിന്റെ ഓർമ്മകളിലേക്ക് എത്തിക്കുന്നു. തഞ്ചാവൂർ യാത്രയ്ക്കിടയിലെ ധനശ്രീലോഡ്ജിനെ പറ്റിയുള്ള വിശേഷങ്ങൾ മറ്റൊരു ഉപകഥയായി നോവലിൽ പരിലസിക്കുന്നു. തമിഴ്നാട്ടിലെ തിരുട്ട് ഗ്രാമങ്ങളെ (പെരിയപുരം, ചിന്നപുരം) അവതരിപ്പിക്കാനായി വത്തിക്കുച്ചി, ശെൽവ എന്നീ രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിക്കാനും നോവലിസ്റ്റ് മറന്നില്ല. രാമേശ്വരം, തിരുപ്പൂരിലെ സുധാക്കയുടെ താവളം, വാണിയമ്പാടി, തുണിമില്ല് എന്നീ സ്ഥലങ്ങളും ആനന്ദിയുടെ ജീവിതവുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ഉപകഥകളായി നോവലിൽ ആഖ്യാനം ചെയ്തിരിക്കുന്നു. ഉപകഥകളെ നോവലിന്റെ ഉപരിഘടനയ്ക്കു യോജിച്ചവിധത്തിൽ ചേർത്തുവയ്ക്കുന്നതിൽ എഴുത്തുകാരൻ വിജയിച്ചിട്ടുണ്ടെന്നു പറയാം.

## നർമ്മത്തിന്റെ രസക്കൂട്ടുകൾ

വളരെ ഗൗരവപൂർണ്ണമായ ഒരു ഇതിവൃത്തം കൈകാര്യം ചെയ്യുമ്പോഴും സിനിമാറ്റിക് സ്റ്റൈലിൽ തമാശകൾ കോർത്ത് വയ്ക്കാൻ എഴുത്തുകാരൻ ശ്രമിച്ചിട്ടുണ്ട്. ബിനീഷിന്റെ ഫ്ളാറ്റിൽ ഒപ്പം താമസിക്കുന്ന കിരൺ എന്ന കഥാപാത്രത്തെ 'മിസ്റ്റർ സിസിടിവി' എന്നാണ് വിളിക്കുന്നത്. കിരണിന്റെ ഫ്ലാറ്റിലേക്കുള്ള വരവ് വളരെ രസകരമായാണ് വിവരിച്ചിരിക്കുന്നത്. എന്നാൽ കിരൺ ചെന്നൈയിലെ ഓരോ ഫ്ളാറ്റിലെയും വ്യത്യസ്ത ജീവിതങ്ങളെക്കുറിച്ച് തത്വചിന്താപരമായ അഭിപ്രായം പറയുന്നതും കാണാം. കിരൺ എന്ന കഥാപാത്രത്തെ വെറുമൊരു ഹാസ്യകഥാപാത്രമായി മാത്രമല്ല ജീവിതതത്ത്വങ്ങൾ തിരിച്ചറിയുന്ന തത്വചിന്തകനാക്കാനും നോവലിസ്റ്റ് മറന്നിട്ടില്ല. പാട്ടിയുടെ വീട്ടിൽവച്ച് സെന്തട്ടിച്ചെടി ഉണക്കിയ പൊടി രേഷ്മ ആനന്ദിയുടെ ദേഹത്ത് തേയ്ക്കുന്നതും അതിനു പകരം വീട്ടുന്നതും ആര്യവേപ്പിന്റെ ചില്ലയിലെ തേനീച്ചകൂട് ഇളകി ഇവരെയെല്ലാം ആക്രമിക്കുന്നതും വേദനാജനകമാണെങ്കിലും അവർക്ക് പിന്നെ ഓർത്തു ചിരിക്കാനുള്ള വഴി ഒരുക്കുകയാണ് ചെയ്തിരിക്കുന്നത്. അതുകൂടാതെ പൈപ്പിൻ ചുവട്ടിൽ പരദൂഷണം

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പറയുന്ന നാല് സ്ത്രീകളെയും തേനീച്ചകൾ ആക്രമിച്ച് ഹോസ്പിറ്റലിൽ എത്തുന്നതും ഹാസ്യത്തിന്റെ ഭാവാത്മകത ഒട്ടും ചോരാതെ തന്നെ നോവലിൽ ചേർത്തു വച്ചിട്ടുണ്ട്. ന്യൂജെൻ തലമുറയുടെ കുസൃതികളുടെ കൂട്ടത്തിൽ തഞ്ചാവൂരിലേക്കുള്ള ട്രെയിൻ കിട്ടാത്ത ആനന്ദിയ്ക്ക് കൂട്ടായി റാം ട്രെയിനിൽനിന്ന് ചാടുന്നതും പിന്നീടുള്ള അവരുടെ തഞ്ചാവൂർ യാത്രയും നർമ്മത്തിൽ ചാലിച്ച് അവതരിപ്പിച്ചിരിക്കുന്നു. അല്ലി ഗ്രാമത്തിലേക്കുള്ള റാമിന്റെയും ആനന്ദിയുടെയും സാഹസികയാത്രയും തമാശകലർത്തി അവതരിപ്പിച്ചിട്ടുണ്ട്. തഞ്ചാവൂരിലെ തിരുവിഴയ്ക്കിടയിൽ പാട്ടിയുടെ സഹോദരൻ വാങ്ങിക്കൊടുത്ത സുണ്ട ക്കഞ്ഞി കഴിച്ച് റാമും വെട്രിയും ഉണ്ടാക്കുന്ന കോലാഹലങ്ങളും വളരെ രസകരം തന്നെ. ഇത്തരത്തിൽ ഹാസ്യത്തെ കുടുംബസദസ്സുകളെ ആകർഷിക്കുന്ന ഒരു കൊമേഴ്സ്യൽ ഫിലിമിന്റെ ടെക്നിക്കുകൾ ഉപയോഗിച്ച് നോവലിന്റെ ഇതിവൃത്തത്തിന് ഉടവുതട്ടാതെ വിന്യസിപ്പിക്കാൻ അഖിൽ പി. ധർമ്മജൻ ശ്രമിച്ചിട്ടുണ്ട്.

## ഉപാധികളില്ലാത്ത സൗഹൃദം

മനുഷ്യനെ ശക്തനാക്കുന്ന, വ്യക്തിത്വത്തെ പരിപോഷിപ്പിക്കാനുതകുന്ന കരുത്താണ് സൗഹൃദം. സമകാലികജീവിതാവസ്ഥകളിലെ സംഘർഷങ്ങളിൽനിന്നും വ്യക്തിയെ മുന്നോട്ടു നയിക്കുന്ന രണ്ടു ഘടകങ്ങളാണ് സൗഹൃദവും യാത്രയും. ഇവ രണ്ടും റാം c/o ആനന്ദി എന്ന നോവലിന്റെ ജീവനാഡിയായി നിലകൊള്ളുന്നു. സ്വന്തം ഇഷ്ടങ്ങളെക്കാളുപരി എന്തു ത്യാഗം സഹിച്ചും സുഹൃത്തുക്കളുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ തയ്യാറാകുന്ന ഒരു സമൂഹം ഇന്നിന്റെ സൗഭാഗ്യമാണ്. ന്യൂജെൻ റിയാലിറ്റികളിൽ ഒന്നാണ് ഈ സൗഹൃദം, അതിനെ അതിന്റെ സത്ത ഒട്ടും ചോരാതെ തന്നെ നോവലിൽ പകർത്തിയി ട്ടുണ്ട്. റാമും മല്ലിയും തമ്മിലുള്ള സംരക്ഷണത്തിന്റെ ഉപാധികൾ ഇല്ലാത്ത സൗഹൃദം നോവലിന്റെ പ്രമേയത്തിലെ പ്രധാനാംശമാണ്. മല്ലിയുടെയും മറ്റു ട്രാൻസ്ജെൻഡർ മാരുടെയും സൗഹൃദം അവരെക്കൊണ്ട് എത്തിക്കുന്നത് തങ്ങളിലൊരാളെ നശിപ്പിച്ചവനെ ഇല്ലാതാക്കുന്നതിലേക്കാണ്. റാം, ബിനീഷ്, കിരൺ സൗഹൃദത്തിന്റെ മറ്റൊരു കണ്ണിയാണവർ. രേഷ്മ, വെട്രി, ആനന്ദി, റാം, പാട്ടി എന്നിവരുടെ സൗഹൃദവും അതിന്റെ ഭാഗമായ യാത്രയുമാണ് ഈ നോവലിലെ പ്രധാന ഘടകം. റാമിനെ സെൽഫ് റെസ്പക്ട് പഠിപ്പിക്കുന്ന വെട്രിയുടെ വാക്കുകൾ തന്റെ സുഹൃത്തിനോടുള്ള ആത്മാർത്ഥതയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഡാ റാമേ നീ ഭയങ്കര പാവമാണ് അതാണ് നീ ചിലയിടങ്ങളിൽ പകച്ചുനിൽക്കുന്നത് എന്ന് വെട്രി പറയുന്നു. 'ഡാന്ന് വിളിച്ചാൽ എന്താടാന്ന് ഉറച്ച ശബ്ദത്തിൽ തിരിച്ചു ചോദിക്കാൻ ധൈര്യമില്ലേൽ അവിടെ നമ്മൾ തോറ്റു. പിന്നെ ആരും നമുക്കോ നമ്മുടെ വാക്കുകൾക്കോ വില തരില്ല' (പേജ് 51). ചെന്നൈ നഗരത്തിൽ എങ്ങനെ ജീവിക്കണമെന്നതിന് വെട്രി റാമിന് നൽകുന്ന പ്രചോദനങ്ങളാണ് (inspiration talk) ഇവയൊക്കെ. ഷോർട്ട് ഫിലിം നിർമ്മാണം, ആനന്ദിയുടെ കാറ്ററിംഗ് സർവീസിന് എല്ലാവിധ സപ്പോർട്ടും, വയസിന് ഏറെ മുതിർന്ന പാട്ടിയെ തങ്ങളുടെ കൂട്ടത്തിൽ ചേർത്തു നിർത്തി അവരുടെ സന്തോഷത്തിൽ ഒപ്പം നിൽക്കുക ഇതൊക്കെ ഉപാധികളില്ലാത്ത സൗഹൃദത്തിന്റെ കാഴ്ചകളാണ്. വാകപ്പൂക്കൾ വീണ വഴിയിലൂടെ പാതിരാത്രി നടക്കണ മെന്ന ആനന്ദിയുടെ വാശിക്കുമുന്നിൽ റാം മുട്ടുമടക്കുന്നു. സന്തോഷനിമിഷങ്ങളിലെല്ലാം

അവർ ബസന്ത് നഗർ ബീച്ചിലേക്ക് യാത്ര ചെയ്യുന്നു. ആനന്ദിയുടെ ആരാധികയായ തൃഷയെ അവളുടെ മുന്നിലെത്തിക്കാൻ രേഷ്മ എടുത്ത പരിശ്രമം മറ്റൊരുദാഹരണം. ആരുമറിയാതെ ആനന്ദിയുടെ ജീവിതരഹസ്യങ്ങൾ കണ്ടെത്താൻ പോകുന്ന രേഷ്മയും വെട്രിയും ചെന്നുപെടുന്ന ഊരാക്കുടുക്കുകൾ, എന്നാൽ പരമാർത്ഥം അറിയുമ്പോൾ എന്ത് റിസ്കും ഏറ്റെടുത്ത് അവൾക്കൊപ്പം നിൽക്കാനും അവർ തയ്യാറാകുന്നു. അവസാനം അവളെ യാത്രയാക്കാൻ മുനമ്പം കടത്തുവരെ അവരെത്തുന്നു. സ്വാതന്ത്ര്യത്തിന്റെയും ഉത്തരവാദിത്വങ്ങളുടെയും ഭാരത്തിൽനിന്ന് ഒളിച്ചോടാതെ തനിക്കൊപ്പം മറ്റുള്ളവരെയും പരിഗണിക്കണമെന്ന ബോധം സമകാലിക സമൂഹത്തിന് പകർന്നുനൽകാൻ ഇതിലെ ഓരോ കഥാപാത്രങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്.

## ചരിത്രം ചുമടുതാങ്ങികളാകുമ്പോൾ

റാം c/o ആനന്ദിയിൽ ചരിത്രവസ്തുതകളെ നോവലിന്റെ കൽപ്പിതാംശത്തിന് ഒരു പ്രശ്നവും സൃഷ്ടിക്കാതെ വളരെ സൂക്ഷ്മമായി അവതരിപ്പിച്ചിട്ടുണ്ട്. ശ്രീലങ്കൻ യുദ്ധം, സിംഹളരും തമിഴരും തമ്മിലുള്ള പോരാട്ടം, എൽ.ടി.ടിയുടെ ഉദയം, തീവ്രവാദികൾ എന്ന മുദ്രകുത്തൽ, ഷെൽട്ടർ ഹോമുകൾ, അവിടത്തെ ഭയം നിറഞ്ഞ ജീവിതം, കുടിയേറ്റം, മനുഷ്യക്കടത്ത് തുടങ്ങിയ ചരിത്രസംഭവങ്ങൾ ആനന്ദി എന്ന പെൺകുട്ടിയുടെ ജീവിതവുമായി കെട്ടു പിണഞ്ഞു കിടക്കുന്നു. 2019 ജനുവരി 12ന് മുനമ്പം ബീച്ചിലെ മാല്യങ്കര ബോട്ട് ജെട്ടിയിൽ നിന്ന് 'ദയമാത' ബോട്ടിൽ സ്ത്രീകളും കുട്ടികളുമടക്കം വിദേശത്തേക്ക് കടന്നതോ കടത്തിയതോ ആയ കേസ് ഉത്തരമില്ലാത്ത ഒരു ചോദ്യമായി അവശേഷിക്കുന്നു. മുനമ്പം മനുഷ്യക്കച്ചവടം എന്നോ അഭയാർത്ഥി കുടിയേറ്റമെന്നോ തിരിച്ചറിയാത്ത ചരിത്രസംഭവത്തെ നോവലിലെ ക്ലൈമാക്സ് ആയി പ്രയോഗിച്ചിരിക്കുന്നു. ചരിത്രവും സങ്കല്പവും കൂട്ടിയിണക്കി റിയലിസ്റ്റിക് സംവേദനത്തിന്റെ മാതൃകയിലുള്ള അവതരണം നോവലിന് പ്രത്യേകസവിശേഷത നൽകുന്നു.

വർത്തമാനകാല നോവൽവായനാചരിത്രത്തെ പുതുക്കിയ രചന എന്ന അംഗീകാരത്തിന് അർഹമായ കൃതിയാണ് അഖിൽ പി. ധർമ്മജന്റെ റാം c/o ആനന്ദി. നിരന്തര പരിണാമത്തിന് വിധേയമാകുന്ന ഒരു വ്യക്തിയുടെ സ്വത്വഘടനയിലേക്കും ആ വ്യക്തി ഉൾപ്പെടുന്ന സമൂഹത്തിന്റെ അതിജീവനത്തിലേക്കുമുള്ള സഞ്ചാരമാണ് ഈ നോവൽ. ഭിന്നലിംഗക്കാർ, ഭാഷാപ്രതിസന്ധി, വംശീയവിദ്വേഷം, യുദ്ധം എന്നിവയാൽ അതിജീവന സാധ്യത ഒരു സമസ്യയായി ഓരോ കഥാപാത്രത്തിന്റെയും മുന്നിൽ നിൽക്കുന്നു. സൗഹൃദത്തിന്റെയോ പരിഗണനയുടെയോ ഉപാധികളില്ലാത്ത സ്നേഹത്തിന്റെയോ വിട്ടുവീഴ്ചകൾകൊണ്ട് ആരെയും രക്ഷിച്ചെടുക്കാൻ കഴിയുന്നില്ല. നിയന്ത്രണങ്ങളുടെ, ഉത്തരവാദിത്വത്തിന്റെ, കർമ്മബന്ധങ്ങളുടെ സംഘർഷത്തിൽപ്പെട്ട് ഉഴലുന്ന മനുഷ്യരുടെ റിയലിസ്റ്റിക് ചിത്രങ്ങളാണ് ഈ നോവലിലുടനീളമുള്ളത്. ഇണയെ നഷ്ടപ്പെട്ടാൽ മറ്റൊന്നിനെ സ്വീകരിക്കാത്ത കരിമീനുകൾ റാം എന്നല്ല, ഈ നോവലിലെ ഓരോ കഥാപാത്രങ്ങളും ഓരോ കരിമീനുകളാണ്. പ്രണയത്തിൽ, വിശ്വസ്തതയിൽ, രക്ഷാദൗത്യത്തിൽ, ആത്മാർത്ഥതയുടെ പര്യായമായ കരിമീനുകളായി മാറുന്നു.

## കുറിപ്പുകൾ

1. *Identity-The fact of being who or what a person or thing is the consice Oxford dictionary of current English, Oxford Universtiy Press London*
2. *ഞാനെന്ന (അ) ഭാവം മധു ടി.വി. കേരളസാഹിത്യ അക്കാദമി, തൃശൂർ, 2011*
3. *https://en.wikipedia.org*

## സഹായഗ്രന്ഥങ്ങൾ


1. *അഖിൽ പി ധർമ്മജൻ, റാം C/o ആനന്ദി, ഡി.സി ബുക്സ് കോട്ടയം, മാർച്ച് 2024 (29ാംപതിപ്പ്)*
2. *കുമാർ ജെ. ഡോ, ഷിജു കെ. ഡോ ആധുനികാനന്തര മലയാള നോവൽ, മാളുബൻ പബ്ലിക്കേഷൻസ് തിരുവനന്തപുരം ഫെബ്രുവരി 2018.*
3. *മധു ടി.വി ഞാനെന്ന (അ) ഭാവം, കേരളസാഹിത്യ അക്കാദമി തൃശൂർ 2011.*

# ശാസ്ത്രവിജ്ഞാനപ്രചരണവും ആദ്യകാലപത്രമാസികകളും

**ഡോ. സരിത കെ.ആർ**
ഗസ്റ്റ് ലക്ചറർ, മലയാളവിഭാഗം, സർക്കാർ ആർട്സ് & സയൻസ് കോളേജ്, കരുനാഗപ്പള്ളി

## പ്രബന്ധസംഗ്രഹം

16, 17 നൂറ്റാണ്ടുകളിലായി യൂറോപ്പിലുണ്ടായ ശാസ്ത്രവിപ്ലവ (Scientific Revolution) മാണ് ചരിത്രത്തെ മാറ്റിമറിച്ചത്. ഭൗതികശാസ്ത്രം, ജ്യോതി ശാസ്ത്രം, ജീവശാസ്ത്രം, മനുഷ്യശരീരഘടനശാസ്ത്രം, രസതന്ത്രം തുടങ്ങിയ ശാസ്ത്രശാഖകളുടെ മേഖലയിൽ ഉണ്ടായ പുത്തൻ ആശയങ്ങളും പരീക്ഷണങ്ങളും കാലാകാലങ്ങളായി യൂറോപ്പിൽ നിലനിന്ന പല അടിസ്ഥാന ധാരണകളെയും മാറ്റിമറിച്ച് ആധുനിക ശാസ്ത്രയുഗത്തിന് തുടക്കമിട്ടു. യൂറോപ്പിന്റെ ജ്ഞാനോദയഘട്ടം (Age of enlightenment) എന്നാണ് 18ാം നൂറ്റാണ്ട് അറിയപ്പെടുന്നത്. യുക്തിയുഗം (Age of reason) എന്നും ഈ കാലഘട്ടം അറിയപ്പെടുന്നു. ചിന്തയിലും സംസ്കാരത്തിലും ജീവിതത്തിലു മെല്ലാം യുക്തിക്ക് മേൽക്കോയ്മ ഉണ്ടായത് ആധുനിക ശാസ്ത്രജ്ഞാന ത്തിന്റെ വളർച്ചയുടെ ഫലമായാണ്. ഇത് പിന്നീട് ലോകമെങ്ങും വ്യാപിക്കുക യാണുണ്ടായത്. ബ്രിട്ടീഷ് കോളനി ഭരണകൂടം നടപ്പാക്കിയ ഇംഗ്ലീഷ് അധിഷ്ഠിത വിദ്യാഭ്യാസമാണ് പത്തൊൻപതാം നൂറ്റാണ്ടോടെ കേരളത്തിലു ണ്ടായ സാമൂഹികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ മാറ്റങ്ങൾക്കു കാരണം. ഇംഗ്ലീഷും ഭൗതികശാസ്ത്രവും ചരിത്രവും ഭൂമിശാസ്ത്രവുമടങ്ങുന്ന പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം ജനങ്ങളിൽ ശാസ്ത്രീയചിന്തയും മാനവികതയും വളർത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ ഉപരിവർഗ്ഗത്തിനുമാത്രം പ്രവേശനമുണ്ടായിരുന്ന ഔപചാരികവിദ്യാഭ്യാസം ക്രമേണ സാർവത്രികമാകുന്നതിനും ഇതു കാരണമായി. വിദ്യാലയങ്ങളും ഫാക്ടറികളും അച്ചടിയും പത്രമാസികകളും പുസ്തകപ്രസിദ്ധീകരണവും ഈ

നവോത്ഥാനത്തിന്റെ ഫലമായിരുന്നു. ജാതീയവും സാമ്പത്തികവും സാംസ്കാരികവുമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന കേരളീയ സമൂഹത്തെ യുക്തിയുടെ വെളിച്ചത്തിൽ ചിന്തിക്കുന്ന, വൈജ്ഞാനികമായി ഉയർന്ന, മാനവികബോധമുള്ള ഒരു സമൂഹമായി മാറ്റിയെടുക്കുന്നതിൽ ആദ്യകാല പത്രമാസികകൾ, പാഠപുസ്തകങ്ങൾ എന്നിവയിലെ ശാസ്ത്രലേഖനങ്ങളുടെ ആശയമണ്ഡലം എങ്ങനെയാണ് പങ്കുവഹിച്ചത് എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിൽ നിർവഹിക്കുന്നത്.

***താക്കോൽവാക്കുകൾ:*** നവോത്ഥാനം-ജ്ഞാനോദയഘട്ടം-യുക്തിചിന്ത-ശാസ്ത്രവിജ്ഞാനപ്രചരണം

## ആദ്യകാലപത്രങ്ങളും ശാസ്ത്രവിജ്ഞാനപ്രചാരണവും

ആധുനിക ശാസ്ത്രവിജ്ഞാനം കേരളത്തിൽ പ്രചരിപ്പിച്ചത് 19ാം നൂറ്റാണ്ടിൽ പിറവിയെടുത്ത ആദ്യകാലമലയാളപത്രങ്ങളായിരുന്നു. 'പശ്ചിമോദയം'(1847), 'ജ്ഞാനനിക്ഷേപം'(1848), 'വിദ്യാസംഗ്രഹം'(1864), 'വിദ്യാവിലാസിനി'(1881), 'കേരളപത്രിക' (1884) തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ വിജ്ഞാനപ്രചാരണത്തിൽ മുന്നിട്ടുനിന്നു. 1847 ഒക്ടോബറിൽ തലശ്ശേരിയിൽ നിന്ന് ബാസൽമിഷൻകാർ ആരംഭിച്ച 'പശ്ചിമോദയ'ത്തിലെ ആദ്യപ്രസ്താവന ഇപ്രകാരമായിരുന്നു. "വെളിച്ചം പൂർവദിക്കിൽനിന്നു മാത്രമല്ല, പശ്ചിമദിക്കിൽനിന്നും വരുന്നതു ആശ്ചര്യം തന്നെ. ഈ കെരളം ദൈവവശാല് ഇങ്ക്ളീഷ്ക്കാർക്ക അധീനമായി വന്നതിനാലൊ ഈ നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽ നിന്ന ഇങ്ങൊട്ട കടന്നുവരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു. ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും ഒഴികെ വിലാത്തിയിൽ നടക്കുന്ന പലതും ഉണ്ടു. രണ്ടുവകെക്കും തമ്മിൽ വളരെ ഭെദം ഉണ്ടുതാനും. കാലദെശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കുട്ടികളുടെ ഉപകാരത്തിനായി ഗദ്യമാക്കി പറയുന്നതു വിലാത്തിജ്ഞാനത്തിന്റെ ലക്ഷണമത്രേ. ഈവക വായിപ്പാൻ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തൊറും വിലാത്തിശാസ്ത്രങ്ങളിൽനിന്നു പറ്റുന്നത് ഒരൊന്നു എടുത്തു ഇതിങ്കീഴിൽ കാണിച്ചമാതിരിയായി മലയാളികൾക്കു തൊന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ളവർക്കയക്കുകയും ചെയ്യും" (സാം ഡോ. എൻ, 2003 പു. 24) 1851 ഓഗസ്റ്റ് വരെ പ്രസിദ്ധീകരിച്ച 'പശ്ചിമോദയ'ത്തിൽ ഭൂമിശാസ്ത്രം, ജ്യോതിശാസ്ത്രം, വിമാനയാത്ര, പ്രാണിശാസ്ത്രം തുടങ്ങിയവയെപ്പറ്റിയെല്ലാമുള്ള ലേഖനങ്ങൾ ഉണ്ടായിരുന്നു. 'ആധുനിക വിജ്ഞാനശാഖകൾക്കു സർവപ്രാധാന്യം കല്പിച്ചുകൊണ്ടു പ്രചരിച്ച ഒന്നാമത്തെ മാസികയെന്ന് നമ്മുടെ ദ്വിതീയപത്രഗ്രന്ഥത്തെ വിളിക്കുന്നതാണ് സർവഥാ സമുചിത' മെന്ന് പത്രപ്രവർത്തന ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. (പ്രിയദർശനൻ. ജി, 1999 പു. 25) ക്രിസ്തുമത പ്രചാരണമായിരുന്നു 'പശ്ചിമോദയത്തെ'പ്പോലെ 'ജ്ഞാനനിക്ഷേപ'ത്തിന്റെയും ലക്ഷ്യമെങ്കിലും ശാസ്ത്രവിജ്ഞാനത്തിന് അത് വമ്പിച്ച പ്രാധാന്യം നൽകി. 'പശ്ചിമോദയം' കല്ലച്ചിലാണ് മുദ്രണം ചെയ്തിരുന്നതെങ്കിൽ കോട്ടയത്തു നിന്ന് ആരംഭിച്ച 'ജ്ഞാനനിക്ഷേപം' ധാരാളം ശാസ്ത്രോപന്യാസങ്ങൾ പ്രസിദ്ധീകരിച്ചു. പക്ഷിമൃഗാദികൾ, ഗ്രഹങ്ങൾ, ചികിത്സ, രാസവസ്തുക്കൾ,

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പൊന്നുകണ്ടെത്തിയത്, വർത്തമാനസൂത്രക്കമ്പി ഇങ്ങനെ പാശ്ചാത്യരാജ്യങ്ങളിൽ അരങ്ങേറിയ ശാസ്ത്രീയനേട്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഒരു നിത്യകർമ്മമെന്നോണം ഈ പത്രിക വായനക്കാർക്കു സമർപ്പിച്ചിരുന്നു. (പ്രിയദർശനൻ. ജി, 1999 പു. 127) 'ജ്ഞാനനിക്ഷേപ'ത്തിലും 'വിദ്യാസംഗ്രഹ'ത്തിലും പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ ശീർഷകങ്ങൾ നോക്കിയാൽ അവ പ്രചരിപ്പിച്ച ശാസ്ത്രവിജ്ഞാനത്തിന്റെ ഗൗരവം വ്യക്തമാകും. 'കടൽപാമ്പ്', 'ഭൂമിയുടെ രൂപം', 'ഗ്രഹാദികൾ', 'ആഴ്ചവട്ടങ്ങൾ', 'ശാസ്ത്രത്തിലെ ദേവന്മാർ', 'ജീവജാതികളുടെ അംഗചർച്ച', 'സമുദ്രം', 'മഴ', 'വസ്തുവിന്റെ ക്ഷയമില്ലായ്മ', 'ആവി', 'തീക്കപ്പലുകൾ', 'ആവിവണ്ടികൾ', 'ഭൂമിയുടെ വലിയഭാഗങ്ങൾ', 'നടപ്പുദീനം', 'ഭൂമിയും ആദിത്യനും', 'മഷിക്കൂട്ട്', 'ഒരുമഹാവല്യസംഖ്യ', 'സമുദ്രത്തിലെ ദ്വീപുകൾ', 'ആവിക്കപ്പലുകൾ', 'അടിയളവുസൂത്രം' തുടങ്ങിയ ലേഖനങ്ങളാണ് 'ജ്ഞാനനിക്ഷേപ'ത്തിൽ പ്രസിദ്ധപ്പെടുത്തിയത്. 'വിദ്യാസംഗ്രഹ'മാകട്ടെ, 'മിന്നൽക്കമ്പി' എന്നു നടപ്പായി പറഞ്ഞുവരുന്ന 'വിദ്യുത്താരയന്ത്രപ്രമാണം', 'ഇരുമ്പുപാതയുടെയും ആവിവണ്ടിയുടെയും ആരംഭം', 'ഭൂമി ഉരുണ്ടതാകുന്നു എന്നുള്ളത്', 'അന്തരീക്ഷം', 'അത്യുത്തരപ്രദേശങ്ങൾ', 'ജ്യോതിശ്ശാസ്ത്രം', 'ആകാശത്തുള്ള ഗോളങ്ങളിൽ ഓരോന്നിന്റെ വലുപ്പത്തെയും അവ തമ്മിലുള്ള അകലത്തെയും കുറിച്ച്', 'രാസവാദം (അമ്ലങ്ങളുടെയും കാരങ്ങളുടെയും ജാതൃഗുണം), 'രാസവാദം' (അമോണിയ, യവക്ഷാരാമ്ലം), 'രാസവാദം (അന്തരീക്ഷം എന്നുപറയപ്പെടുന്ന വായുമണ്ഡലം)' തുടങ്ങിയ ലേഖനങ്ങളാണ് പ്രസിദ്ധപ്പെടുത്തിയത്. ശാസ്ത്രസാങ്കേതികരംഗങ്ങളിൽ ഉണ്ടായ പുത്തൻ ആശയങ്ങൾ കേരളത്തിൽ എത്തിക്കുന്നതിൽ ഈ ലേഖനങ്ങൾ സുപ്രധാനമായ പങ്കുവഹിച്ചു.

മലയാളത്തിലെ ഒന്നാമത്തെ സാഹിത്യമാസികയായ 'വിദ്യാവിലാസിനി'(1881, തിരുവനന്തപുരം) ശാസ്ത്രവിജ്ഞാന പ്രചാരണത്തിനു വർധിച്ച പ്രാധാന്യം നൽകിയിരുന്നു. ആദ്യലക്കത്തിലെ പ്രസ്താവനയിൽ ഇപ്രകാരം കാണാം. "ഈ പത്രികയിൽ സാധാരണയായി എഴുതപ്പെടുന്നതു ഭാഷാചരിത്രം, മൃഗചരിത്രം, പ്രകൃത്യാനുകരണങ്ങളായ ഭൂമിശാസ്ത്രം, പ്രസിദ്ധിയുള്ള ആളുകളുടെ ചരിത്രം, സാധാരണവർത്തമാനങ്ങൾ, സന്മാർഗപ്രകരണങ്ങൾ, പള്ളിക്കൂടം സംബന്ധമായ നിയമങ്ങൾ, കൃഷിശാസ്ത്രം, വാണിജ്യസംബന്ധമായ പ്രമാണങ്ങൾ, ശരീരസൗഖ്യത്തെ ഉദ്ദേശിച്ചുള്ള പ്രമേയങ്ങൾ, വൃക്ഷലതാദികളെ സംബന്ധിച്ച ശാസ്ത്രം, യന്ത്രസംബന്ധമായ ശാസ്ത്രം, ഭിന്നഗുണമായ അണുക്കൾ തമ്മിൽ ചേർന്നുണ്ടാകുന്ന ഭേദങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം ഇത്യാദി പ്രയോജനമുള്ള വിഷയങ്ങളാകുന്നു". (സാം. ഡോ. എൻ, 2003 പുറം 8586) ആധുനികശാസ്ത്രത്തിന് 'വിദ്യാവിലാസിനി നൽകിയ പ്രാധാന്യം എത്രമാത്രമാണെന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു. ഒന്നാംലക്കത്തിൽ തന്നെ ഭൂമിശാസ്ത്രവിഭാഗത്തിൽ വായു, ജലം എന്നിവയെപ്പറ്റിയുള്ള ലേഖനങ്ങൾ ചേർത്തിരുന്നു. തിരുവിതാംകൂർ മഹാരാജാവായിരുന്ന വിശാഖം തിരുനാൾ മലയാളത്തിലെ ജീവചരിത്രശാഖയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് എഴുതിയ 'മഹച്ചരിതസംഗ്രഹ'ത്തിന്റെ ഏതാനും ഭാഗങ്ങൾ 'വിദ്യാവിലാസിനി' പ്രസിദ്ധീകരിച്ചു. ആർക്കമഡീസ്, ബേക്കൺ തുടങ്ങിയ ശാസ്ത്രജ്ഞരുടെ

ജീവിതകഥകൾ മഹച്ചരിതസംഗ്രഹത്തിൽ വിശാഖം തിരുനാൾ അവതരിപ്പിച്ചു. 'ഇംഗ്ലീഷ് എൻസൈക്ലോപീഡിയയിൽ നിന്ന് ജ്യോതിശ്ശാസ്ത്രത്തെക്കുറിച്ചുണ്ടായിരുന്ന ലേഖനം സംക്ഷിപ്തമായി തർജമ ചെയ്തു 'വിദ്യാവിലാസിനിയിൽ പ്രസിദ്ധപ്പെടുത്തിയതും സ്മരണീയമാണ്. (പ്രിയദർശനൻ. ജി, 1999, പുറം41) രണ്ടുവർഷത്തോളം മാത്രമാണ് ഈ മാസിക നിലനിന്നതെങ്കിലും 19൦൦ നൂറ്റാണ്ടിൽ വികസിച്ചുവന്ന ശാസ്ത്രതത്ത്വങ്ങളും സാങ്കേതിക വിദ്യയെക്കുറിച്ചുള്ള വിവരങ്ങളും വിദ്യാസമ്പന്നർക്കും പഠിതാക്കൾക്കുമിടയിലെത്തിക്കാൻ അതിനു കഴിഞ്ഞു.

മലയാള മനോരമയുടെ സ്ഥാപക പത്രാധിപരായിരുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെയും കേരളവർമ്മ വലിയകോയിത്തമ്പുരാന്റെയും നേതൃത്വത്തിൽ ആരംഭിച്ച ഭാഷാപോഷിണിസഭയുടെ പ്രസിദ്ധീകരണമായിരുന്ന ഭാഷാപോഷിണി'യും ശാസ്ത്ര വിജ്ഞാനപോഷണത്തിൽ വലിയ പങ്കുവഹിച്ചു. 1898ൽ ആരംഭിച്ച ഭാഷാപോഷിണി ശാസ്ത്രസംബന്ധിയായ ഒട്ടേറെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. 'വാനശാസ്ത്രവിഷയകമായ ചില ലേഖനങ്ങൾ നോക്കുക. നക്ഷത്രങ്ങളുടെ എണ്ണം (റ്റി.എൽ.റ്റി), 'ഗ്രഹങ്ങൾ' (പൈലോ പോൾ), 'സൂര്യൻ' (എൻ.ആർ.കെ), ചന്ദ്രനുസലിലമയത്വമില്ലേ?' (നീലകണ്ഠപിള്ള), 'ശുകൻ' (പൈലോപോൾ), 'ചന്ദ്രനു സലിലമയത്വം സാധിക്കുന്നില്ല' (നീലകണ്ഠശർമ്മ), ചന്ദ്രനു സലിലമയത്വമില്ലെന്നു സാധിക്കുന്നില്ലെ?' (എൻ.ആർ.കെ). 'ജ്യോതിശ്ശാസ്ത്രം' (ആലങ്ങാട്ടു വിദ്വാൻ കുഞ്ഞൻ തമ്പുരാൻ), 'ചൊവ്വയിൽ മനുഷ്യരുണ്ടോ?' (ചിറയിൻകീഴ് പി.ഗോവിന്ദപ്പിള്ള) തുടങ്ങിയ ലേഖനങ്ങൾ അത്തരത്തിലുള്ളവയാണ്. ഇന്നത്തെപ്പോലെ ഗോളാന്തരയാത്രയൊന്നും ആരംഭിച്ചിരുന്നില്ല അന്ന്. ചില ആലോചനകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആധുനികശാസ്ത്രകണ്ടുപിടിത്തങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ ശാസ്ത്രവിജ്ഞാനവുമായി മലയാളികളെ പരിചയപ്പെടുത്തുന്നതിന് അവസരങ്ങളുണ്ടാക്കി. 'വൈദ്യുതി' (റ്റി.എൽ.റ്റി), 'അച്ചടിയന്ത്രം' (ശ്രീവിശാഖദാസൻ), 'കറുത്തീയപെൻസിൽ', 'ഗ്യാസ് വെളിച്ചം' (ഏ.പി. പണിക്കർ), 'ദൂരദർശിനിക്കണ്ണാടി' (പൈലോപോൾ) എന്നീ കണ്ടുപിടിത്തങ്ങളെ സംബന്ധിച്ച അറിവ് മാതൃഭാഷയിൽ നമ്മുടെ വായനക്കാർക്ക് ഇതിലൂടെ പകർന്നുകിട്ടി. ബ്രിട്ടീഷ് മലബാറിലെ റവന്യൂ ഇൻസ്പെക്ടറായിരുന്ന പൈലോപോളായിരുന്നു മിക്കവാറും ശാസ്ത്രലേഖനങ്ങൾ തയ്യാറാക്കിയിരുന്നത്. വൈദ്യം, വേദാന്തം, പ്രാണിശാസ്ത്രം, കൃഷിശാസ്ത്രം, രസതന്ത്രം, പരിസരശുചീകരണം, ആരോഗ്യശാസ്ത്രം, നരവംശശാസ്ത്രം, വിദ്യാഭ്യാസം, മനഃശാസ്ത്രം, അന്തരീക്ഷശാസ്ത്രം, ഗണിതശാസ്ത്രം, തച്ചുശാസ്ത്രം, ജ്യോതിശാസ്ത്രം, സസ്യശാസ്ത്രം, വ്യവസായം തുടങ്ങി നമ്മുടെ വിജ്ഞാനത്തെ വികസ്വരമാക്കുന്ന നിരവധി വിജ്ഞാനശാഖകളിൽപ്പെടുന്ന നൂറുകണക്കിനു പ്രബന്ധങ്ങൾ ഭാഷാപോഷിണിയുടെ പഴയ താളുകളിൽ ഇന്നും ഉറങ്ങിക്കിടക്കുന്നു. ഇവ നമ്മുടെ അറിവിനെ വളർത്തുന്നതോടൊപ്പം ഗദ്യശാഖയിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച ഗ്രന്ഥദാരിദ്ര്യം പരിഹരിക്കാനും സഹായിച്ചു. അവയിലൂടെ ഭാഷാഗദ്യത്തിനു ശക്തിയും സുഗമതയും വൈജ്ഞാനികപദവിയും ഉണ്ടായി. ആധുനികഭാഷാഗദ്യം പിറന്നതും വളർന്നതും ഗ്രന്ഥനിരൂപണങ്ങളിലൂടെയല്ല, പ്രത്യുത വൈജ്ഞാനികമായ ഇത്തരം ലേഖനപരമ്പരകളിലൂടെയാണ്. പാശ്ചാത്യനാടുകളിൽ വളർന്നുവികസിക്കാൻ തുടങ്ങിയ ശാസ്ത്രജ്ഞാനം

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

നമ്മുടെ ഭാഷയിൽക്കൂടി ഇവിടെ പ്രവഹിക്കാൻ കാരണമായതോടെയാണ് നമ്മുടെ ഗദ്യവും വികസിക്കാൻ തുടങ്ങിയത്. (പ്രിയദർശനൻ. ജി, 2010, പു 98)

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'ഉപാധ്യായൻ' (1900) മലയാളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ പ്രസിദ്ധീകരണമായിരുന്നു. പൊതുവിജ്ഞാനം, വിദ്യാർഥികൾക്കുവേണ്ടിയുള്ള വ്യാകരണപാഠങ്ങൾ, ഗണിത ശാസ്ത്രപാഠങ്ങൾ തുടങ്ങിയവ 'ഉപാധ്യായൻ' പ്രസിദ്ധപ്പെടുത്തി. കൈനിക്കര ഗോവിന്ദപ്പിള്ളയുടെ ഉടമസ്ഥതയിൽ 1902ൽ ആരംഭിച്ച് മൂന്നു വർഷത്തോളം പ്രസിദ്ധീകരിച്ച 'നായർ' മാസികയും ശാസ്ത്രവിജ്ഞാനത്തിനു മുൻതൂക്കം നൽകി. മാസികയുടെ പ്രസ്താവന അതിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളുടെ സ്വഭാവം വിശദീകരിക്കുന്നതിൽ അതു കാണാനാവും. "മാനുഷശാസ്ത്രം (Ethnology); മനുഷ്യവർഗ്ഗവിവരണം (Ethnography); മാനുഷസമുദായശാസ്ത്രം (Sociology); ഭൂപ്രകൃതിശാസ്ത്രം (Geography); പുരാണവാസ്തുശാസ്ത്രം (Archeology), കൃഷിശാസ്ത്രം (Science of Agriculture) മുതലായ അനേക ശാസ്ത്രങ്ങളെയും ചരിത്രങ്ങൾ, ഐതിഹ്യങ്ങൾ, സ്മൃതികൾ, പുരാണങ്ങൾ, നാട്ടുനടപ്പുകൾ, പഴയ ഗ്രന്ഥങ്ങൾ മുതലായ പ്രമാണങ്ങളെയും ആസ്പദമാക്കി യുക്തിയുക്തങ്ങളായി എഴുതപ്പെടുന്ന 'പ്രബന്ധങ്ങൾ' മേല്പറയപ്പെട്ട ശാസ്ത്രങ്ങളുടെയോ പ്രമാണങ്ങളുടെയോ സംക്ഷിപ്തവിവരങ്ങളോ, ഇതിൽ ഉൾപ്പെടുന്ന വിഷയങ്ങളെപ്പറ്റിയുള്ള വാദപ്രതിവാദങ്ങളോ അഭിപ്രായങ്ങളോ അതാതു പ്രദേശങ്ങളിലേക്കു പ്രത്യേകങ്ങളായ ആചാരങ്ങളുടെയോ മര്യാദകളുടെയോ വിവരങ്ങളോ ആയ ഉപന്യാസങ്ങൾ" (രാഘവൻ പുതുപ്പള്ളി, പു141) എന്നാണ് മാസിക പ്രഖ്യാപിച്ചത്. 1903ൽ മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ പത്രാധിപത്യത്തിലും അപ്പൻ തമ്പുരാന്റെ ഉടമസ്ഥതയിലും ആരംഭിച്ച 'രസികരഞ്ജിനി' സാഹിത്യപ്രധാനമായിരുന്നെങ്കിലും ശാസ്ത്രത്തിനും പ്രാധാന്യം നൽകി. മലയാളത്തിലെ ആദ്യത്തെ അപസർപ്പക നോവലായ 'ഭാസ്കരമേനോൻ' (1904) പ്രസിദ്ധീകരിച്ചത് 'രസികരഞ്ജിനി'യിലാണ്. അപ്പൻ തമ്പുരാനായിരുന്നു നോവലിസ്റ്റ്. ശാസ്ത്രീയ കുറ്റാന്വേഷണസമ്പ്രദായവും വിഷശാസ്ത്രം, രസതന്ത്രം തുടങ്ങിവയുടെ സാധ്യതയും ഉപയോഗിക്കുന്ന 'ഭാസ്കരമേനോൻ' മാസികയിൽ പ്രസിദ്ധീകരിച്ചത് 'ഒരു ദുർമരണം' എന്ന പേരിലാണ്. പുസ്തകരൂപത്തിലായപ്പോഴാണ് 'ഭാസ്കരമേനോൻ' എന്നു പേരുമാറ്റിയത്. മലയാളത്തിലെ രണ്ടാമത്തെ വനിതാപ്രസിദ്ധീകരണമായ 'ശാരദ' (1904)യിലും ശാസ്ത്രത്തിനു പ്രാമുഖ്യമുണ്ടായിരുന്നു. സ്ത്രീകൾക്കുവേണ്ടി സ്ത്രീകൾതന്നെ നടത്തിയിരുന്ന 'ശാരദ'യിൽ എം. ഉദയവർമരാജാ 'പ്രവേശിക' എന്ന ശീർഷകത്തിൽ പ്രകൃതിശാസ്ത്രത്തെപ്പറ്റി തുടർച്ചയായി ലേഖനങ്ങൾ എഴുതിയിരുന്നു.

മലയാളത്തിലെ ആദ്യത്തെ ശാസ്ത്രപ്രസിദ്ധീകരണമായിരുന്നു പി.വി.കൃഷ്ണവാരിയർ 1904ൽ കോട്ടയ്ക്കലിൽനിന്ന് ആരംഭിച്ച 'ധന്വന്തരി' 23 വർഷം പ്രസിദ്ധീകരണം തുടർന്ന 'ധന്വന്തരി' ആയുർ വേദത്തിനു സമർപ്പിക്കപ്പെട്ടതായിരുന്നു. 'മലയാളത്തിലെ ഏക വൈദ്യമാസിക' എന്ന ഉപശീർഷകത്തോടെയാണ് 'ധന്വന്തരി' പ്രസിദ്ധീകരിച്ചിരുന്നത്. 'കേവലം ആയുർവേദ വിഷയങ്ങൾ മാത്രമല്ല, ചികിത്സാരംഗത്തു പ്രത്യക്ഷപ്പെട്ടു

കൊണ്ടിരുന്ന ഗവേഷണവിവരങ്ങൾ, ആധുനിക ശാസ്ത്രകാര്യങ്ങൾ തുടങ്ങിയവയെല്ലാം കാച്ചിക്കുറുക്കിയ രീതിയിൽ 'ധന്വന്തരി'യിൽ അവതരിപ്പിച്ചു. ഇടയ്ക്കിടെ വൈദ്യ വിഷയത്തിലുള്ള കവിതകളും ചേർത്തിരുന്നു. സുശ്രുതം, ചരകം, അഷ്ടാംഗസംഗ്രഹം, അഷ്ടാംഗ ഹൃദയം, മാധവനിദാനം, ഭാവപ്രകാശം തുടങ്ങി സംസ്കൃതഭാഷയിലുള്ള ആയുർവേദത്തിലെ പ്രാമാണികഗ്രന്ഥങ്ങളിൽ പരന്നുകിടക്കുന്ന വിജ്ഞാനാംശങ്ങളെ സമാഹരിച്ചു വിഷയവിഭാഗംചെയ്ത് സരളമധുരമായ ഭാഷാഗദ്യത്തിൽ പാഠ്യഗ്രന്ഥങ്ങളും പ്രബന്ധങ്ങളും ഉണ്ടാക്കുന്നതിനു 'ധന്വന്തരി'യിലൂടെ ഗംഭീരയത്നങ്ങൾതന്നെ നടന്നു. ഒരുപിടി നല്ല ശാസ്ത്രലേഖനങ്ങൾപോലും മലയാളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത കാല ത്താണ് ഈ സംരംഭമെന്നു നാം പ്രത്യേകം ഓർക്കണം. മൺമറഞ്ഞവരും ജീവിച്ചിരിക്കുന്ന വരുമായ ഭിഷഗ്വരന്മാരെ പരിചയപ്പെടുത്തുന്ന ഉത്തമോപന്യാസങ്ങളാലും ധന്യമായിരുന്നു ധന്വന്തരീലക്കങ്ങൾ".(പ്രിയദർശനൻ.ജി, 2010 പു.98) ആയുർവേദത്തിന്റെ അഭിവൃദ്ധിക്കു വേണ്ടി 1916 മുതൽ മൂന്നുവർഷം തിരുവനന്തപുരത്തുനിന്ന് ഗോവിന്ദൻ വൈദ്യന്റെ പത്രാധിപത്യത്തിൽ 'വൈദ്യമഞ്ജരി' എന്ന മാസികയും പ്രസിദ്ധീകരിച്ചിരുന്നു.

തലശ്ശേരിയിൽ 1907ൽ മൂർക്കോത്തു കുമാരന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച 'മിതവാദി' ശാസ്ത്രത്തിനു നൽകിയ പ്രാധാന്യം മഹാകവി കുമാരനാശാൻ താൻ പത്രാധിപരായിരുന്ന 'വിവേകോദയ'ത്തിൽ എഴുതിയ മുഖപ്രസംഗം (1907 ഒക്ടോബർ) വെളിപ്പെടുത്തുന്നു. 'ആധുനികശാസ്ത്രത്തിന്റെ നേട്ടങ്ങൾ അടിയ്ക്കടി ന്യൂസായി വന്നതു കൊണ്ട് പാശ്ചാത്യശാസ്ത്രത്തിന്റെ സാമാന്യരൂപം മിതവാദിയിൽ ഗുളികരൂപത്തിൽ നൽകി. തീവണ്ടിയും കമ്പിത്തപാലും തീക്കപ്പലും ആവിയന്ത്രം കൊണ്ടുള്ള മില്ലുകളും ഓട്ടുകമ്പനികളും മറ്റും രാജ്യത്ത് പ്രചരിക്കാൻ തുടങ്ങിയകാലത്ത് അവയുടെ പ്രവർത്തനത്തിന് അടിസ്ഥാനമായ തത്ത്വങ്ങൾ സരളമായി പ്രതിപാദിച്ചു എന്നും മൂളിയിൽ കേശവന്റെയും മറ്റും വിവരണങ്ങളിൽനിന്നും ഗ്രഹിക്കാൻ കഴിയുന്നുണ്ട്. 'മിതവാദി'യുടെ ലക്കങ്ങൾ ഒന്നിച്ചു കെട്ടിയിരുന്നു എങ്കിൽ ഒരുകൊച്ചു എൻസൈക്ലോപീഡിയ ആകുമായിരുന്നു" (ബാലകൃഷ്ണൻകാവുമ്പായി, 2007, പു33) എന്നാണ് കുമാരനാശാൻ എഴുതിയത്. ആശാന്റെ 'വീണപൂവ്' ആദ്യം പ്രസിദ്ധീകരിച്ചതും 'മിതവാദി'യിലാണ്. മൂർക്കോത്തു കുമാരൻ പിന്നീട് പത്രാധിപത്യം ഒഴിഞ്ഞു. 1913ൽ 'മിതവാദി'യുടെ അവകാശം സി.കൃഷ്ണൻ വിലയ്ക്കുവാങ്ങി. അപ്പോഴും ശാസ്ത്രലേഖനങ്ങൾക്ക് മാസിക യിൽ പ്രാധാന്യമുണ്ടായിരുന്നു. 'ഭൂമിയിൽ നിന്നു ചന്ദ്രനിലേക്കുള്ള യാത്ര', 'ജെ.സി. ബോസും ചെടികളും' തുടങ്ങിയ ലേഖനങ്ങൾ 'മിതവാദി' പ്രസിദ്ധീകരിച്ചു. പത്താം നൂറ്റാണ്ടിന്റെ മധ്യം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകം വരെയുള്ള കാലത്ത് പത്രമാസികകൾ സൃഷ്ടിച്ച ശാസ്ത്രാവബോധം നോവലും ചെറുകഥയുമുൾപ്പെടെയുള്ള സാഹിത്യരൂപങ്ങളെ സ്വാധീനിച്ചതു സ്വാഭാവികമാണ്. ശാസ്ത്രഗ്രന്ഥങ്ങളും പാഠ പുസ്തകങ്ങളുമാണ് ശാസ്ത്രാവബോധം വളർത്തുന്നതിൽ പങ്കുവഹിച്ച ഇതരഘടകങ്ങൾ.

## ശാസ്ത്രപുസ്തകങ്ങൾ

കേരളത്തിന് ഗണിതം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം (ആയുർവേദം) തുടങ്ങിയ വയുടെ സുദീർഘപാരമ്പര്യമുണ്ട്. അവയെപ്പറ്റി സംസ്കൃതത്തിലും മലയാളത്തിലുമായി

ഒട്ടേറെ താളിയോല ഗ്രന്ഥങ്ങളും കേരളീയർ രചിച്ചിട്ടുണ്ട്. അച്ചടി പ്രചരിച്ചതോടെയാണ് ശാസ്ത്രഗ്രന്ഥങ്ങൾ സാമാന്യജനജീവിതത്തിന്റെ ഭാഗമായത്.

മലയാളത്തിലെ ശാസ്ത്രസാഹിത്യ പ്രസ്ഥാനത്തിന്റെ ചരിത്രമെഴുതിയ ഡോ. കാവുമ്പായി ബാലകൃഷ്ണൻ മൂന്നുഘട്ടങ്ങളായി അതിനെ വിഭജിക്കുന്നു; മധ്യകാലം മുതൽ 1847 വരെയുള്ള ഒന്നാം ഘട്ടവും 1847 മുതൽ 1957 വരെയുള്ള രണ്ടാംഘട്ടവും തുടർന്നുള്ള മൂന്നാം ഘട്ടവും (പു.33) പി.ഗോവിന്ദപിള്ള ('ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, (എഡി) ജോർജ്, കെ. എം. 1998), ഡോ. എൻ.എം.നമ്പൂതിരി ('സമ്പൂർണ മലയാള സാഹിത്യചരിത്രം', (എഡി.) രാമചന്ദ്രൻ നായർ, പൻമന, 2008), ഡോ.ഗീവർഗീസ് ജോർജ് ജോസഫ് (A Passage to Infintiy: Medieval Indian Mathematics From Kerala and Its Impact, 2009), കെ.വി ശർമ (A History of the Kerala School of Hindu Astronomy, 1972) എന്നിവരും കേരളീയ ശാസ്ത്രസാഹിത്യ പാരമ്പര്യത്തിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. താളിയോലകളിൽ ശാസ്ത്രഗ്രന്ഥങ്ങൾ എഴുതിയ ശ്രേഷ്ഠ പൈതൃകമുണ്ടെങ്കിലും പത്തൊൻപതാം നൂറ്റാണ്ടിൽ അച്ചടി വ്യാപിച്ചതോടെയാണ് ശാസ്ത്രസംബന്ധിയായ ഗ്രന്ഥങ്ങൾക്കും പ്രചാരം കിട്ടിയത്. പ്രാചീനകൃതികളുടെ മുദ്രിതപ്പതിപ്പുകൾ ഉണ്ടാകാനും ആധുനിക ശാസ്ത്രത്തെപ്പറ്റിയുള്ള കൃതികൾ ഉണ്ടാകാനും അച്ചടിയും ആധുനിക വിദ്യാഭ്യാസവും സഹായിച്ചു. ആനുകാലിക പ്രസിദ്ധീകരണങ്ങളും പാഠപുസ്തകങ്ങളും ആധുനികശാസ്ത്രജ്ഞാനം പ്രചരിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. മലയാളലിപി ആദ്യമായി അച്ചടിക്കപ്പെട്ട 'ഹോർത്തുസ് മലബാറിക്കസ്' (കേരളാരാമം) തന്നെ ഒരു സസ്യശാസ്ത്രഗ്രന്ഥമായിരുന്നു. കേരളത്തിലെ സസ്യങ്ങളെപ്പറ്റി 12 വർഷംകൊണ്ട് 1686-1703 കാലത്ത് ലത്തീൻ ഭാഷയിൽ ആംസ്റ്റർഡാമിൽ പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥത്തിൽ മലയാളം, സംസ്കൃതം, അറബി ഭാഷകളിലും സസ്യനാമങ്ങൾ മുദ്രണം ചെയ്തിരുന്നു.

1861ൽ ഉപ്പോട്ടുകണ്ണൻ പ്രസിദ്ധീകരിച്ച 'യോഗാമൃതം' എന്ന ആയുർവേദഗ്രന്ഥത്തെയാണ് മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച ശാസ്ത്രകൃതിയായി പരിഗണിക്കുന്നത്. പെരിഞ്ചെല്ലൂർ ഗ്രാമ (തളിപ്പറമ്പ്) കാരനായ ഒരു നമ്പൂതിരി എഴുതിയ ഈ കൃതി ഉണ്ടായ കാലമേതെന്നു തിട്ടമില്ല. തിരുവിതാംകൂർ കൊട്ടാരം വൈദ്യനായിരുന്ന വൈക്കം പാച്ചുമൂത്തതിന്റെ 'ബാലഭൂഷണ' (1866)മാണ് രണ്ടാമത്തെ അച്ചടിച്ച കൃതി. ആധുനികശാസ്ത്രത്തെ സരളമായി പരിചയപ്പെടുത്തുന്ന 'ബാലഭൂഷണ'ത്തിന് മലയാള ശാസ്ത്രഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ വലിയ പ്രാധാന്യമുണ്ട്. 'ആധുനിക ശാസ്ത്രം എന്നു വ്യവഹരിക്കപ്പെടുന്ന വിജ്ഞാന മേഖലയിലേക്കാണ് ഗ്രന്ഥകാരൻ കിളിവാതിൽ തുറക്കുന്നത്. ഐതിഹ്യങ്ങളെയും കേട്ടുകേൾവികളെയും ഉപജീവിച്ച് ചരിത്രം രചിക്കുന്ന പഴയ രീതി ഉപേക്ഷിച്ച് രേഖകളെയും തത്തുല്യമായ മറ്റ് ഉപാദാനങ്ങളെയും അടിസ്ഥാനപ്പെടുത്തി ചരിത്രം രചിക്കണമെന്ന സിദ്ധാന്തം പ്രഖ്യാപിച്ചുകൊണ്ടുതന്നെ തിരുവിതാംകൂർ ചരിത്രം രചിക്കാൻ യത്നിച്ച പാച്ചുമൂത്തത് പ്രകൃതിശാസ്ത്രങ്ങളുടെ കാര്യത്തിലും നിരീക്ഷണ പരീക്ഷണങ്ങൾ അടങ്ങിയ ശാസ്ത്രാന്വേഷണമുറ അനുവർത്തിക്കുന്നു. ഭൂമിശാസ്ത്രം, ഖഗോളവിജ്ഞാനം മുതലായവ കുട്ടികൾക്കായി വിവരിക്കുമ്പോൾ എങ്ങനെ ആ

കണ്ടെത്തലുകളിൽ ആധുനികർ എത്തിച്ചേർന്നു എന്നുകൂടി പാച്ചു മൂത്തത് വിവരിക്കുന്നു. കുട്ടികളെ ലക്ഷ്യമാക്കിയെഴുതിയ 'ബാലഭൂഷണ'ത്തിൽ ശാസ്ത്രത്തിനു പുറമേ സദാചാരപ്രവൃത്തികളായ ഗുരുഭക്തി. ഈശ്വരവിചാരം, സത്യം, ദയ തുടങ്ങിയവ യെപ്പറ്റിയും ഗ്രന്ഥകാരൻ വിവരിക്കുന്നു. ഗദ്യത്തോടൊപ്പം പദ്യവുമുണ്ട്. പൂർണമായും ഇതൊരു ശാസ്ത്രഗ്രന്ഥമല്ലെന്ന് ചിലർ വാദിക്കാൻ കാരണമതാണ്. (ബാലകൃഷ്ണൻ കാവുമ്പായി, പു.4.4)

തിരുവിതാംകൂർ സർക്കാർ 1867ൽ കേരളവർമ വലിയകോയിത്തമ്പുരാന്റെ നേതൃത്വ ത്തിൽ ഏർപ്പെടുത്തിയ പാഠപുസ്തകസമിതി (ബുക്ക് കമ്മിറ്റി) ശാസ്ത്രവിദ്യാഭ്യാസ രംഗത്ത് മഹത്തായ സംഭാവനയാണ് നൽകിയത്. ആധുനികവിദ്യാഭ്യാസത്തിനു ചേർന്ന പാഠപുസ്തകങ്ങൾ നിർമിക്കുകയായിരുന്നു കമ്മിറ്റിയുടെ ലക്ഷ്യം. യൂക്ലിഡിന്റെ പ്രാചീന ഗണിതശാസ്ത്രഗ്രന്ഥമായ 'എലിമെൻറ്സ്' 1872ൽ മലയാളത്തിലേക്കു വിവർത്തനം ചെയ്തത് കേരളവർമയുടെ നേതൃത്വത്തിലായിരുന്നു. 'വിജ്ഞാനമഞ്ജരി', 'ഭൂവിവരണം', 'കൃഷിശാസ്ത്രം', 'ആരോഗ്യരക്ഷോപായം' തുടങ്ങിയ കൃതികൾ ബുക്ക് കമ്മിറ്റി പുറത്തിറക്കി. 1883ൽ ജൊഹാനസ് ഫ്രോഹൻമെയർ (Johannes Frohnmryer) എന്ന ജർമൻ വൈദികൻ 'പ്രകൃതിശാസ്ത്രം' എന്നപേരിൽ രചിച്ച ഭൗതികശാസ്ത്രത്തെക്കുറിച്ചുള്ള ഗ്രന്ഥം ആ വിഷയത്തിൽ മലയാളത്തിൽ ആദ്യത്തേതായിരുന്നു. ശാസ്ത്രഗ്രന്ഥ നിർമാണത്തിന് അകമഴിഞ്ഞ പ്രോത്സാഹനം നൽകിയിരുന്ന തിരുവിതാംകൂർ മഹാരാജാവ് വിശാഖം തിരുനാളിനാണ് ഫ്രോഹൻമെയർ ഈ പുസ്തകം സമർപ്പിച്ചിട്ടുള്ളത്. 1893ൽ ഡോ. കൃഷ്ണൻ പണ്ടാലയും സാഹിത്യകുശലൻ ടി.കെ.കൃഷ്ണ മേനോനും ചേർന്ന് ആരംഭിച്ച 'മലയാള ലഘുശാസ്ത്ര പാഠാവലി'യായിരുന്നു ശാസ്ത്രഗ്രന്ഥ നിർമാണ ത്തിലെ മറ്റൊരു ചുവടുവയ്പ്. ഡോ. പണ്ടാലയുടെ 'രസതന്ത്രപ്രവേശിക' (1893)യായി രുന്നു പാഠാവലിയിലെ ആദ്യകൃതി. ടി.എച്ച്.ഹക്സ്ലിയുടെ 'ഇൻട്രൊഡക്ടറി പ്രൈമർ' എന്ന വിവിധ ശാസ്ത്രമേഖലകൾക്കുള്ള മുഖവുരയാണ് മാവേലിക്കര ഉദയവർമ വിവർത്തനം ചെയ്ത ഈ പാഠാവലിയുടെ രണ്ടാമത്തെ പുസ്തകമായി പുറത്തുവന്നത്. 1913 വരെ തുടർന്ന ഈ യത്നം രണ്ടു നൂറ്റാണ്ടുകളെ ബന്ധിപ്പിക്കുന്ന ശാസ്ത്രസാഹിത്യ കണ്ണിയായിമാറി. (ഗോവിന്ദൻപിള്ള.പി.പു789) ഡോ. കൃഷ്ണൻ പാണ്ടാലയുടെ 'രസതന്ത്രപ്രവേശിക'ക്കുവേണ്ടി സാങ്കേതികപദങ്ങൾ നിർമിച്ചത് എ.ആർ രാജരാജ വർമയായിരുന്നു. മലയാളത്തിൽ ശാസ്ത്രസാങ്കേതിക ഗ്രന്ഥങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി അനവരതം പ്രയത്നിച്ച മഹാനായിരുന്നു കവിയും വൈയാകരണനും പണ്ഡിതാഗ്രേസരനുമായ എ.ആർ രാജരാജവർമ്മ. തനിക്ക് അടുപ്പമുള്ള പലരെക്കൊണ്ടും വിവിധവിഷയങ്ങളിൽ ശാസ്ത്രഗ്രന്ഥങ്ങളെഴുതിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു അദ്ദേഹം. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'കൃഷിശാസ്ത്രം', ഒ.എം ചെറിയാന്റെ 'ഭൂവിവരണസംഗ്രഹം', 'ഇന്ത്യാവിവരണം', ടി.കെ. കൃഷ്ണമേനോന്റെ 'ഭൂപ്രകൃതിശാസ്ത്രം' തുടങ്ങിയ ഗ്രന്ഥങ്ങൾ ഉണ്ടായത് അങ്ങനെയാണ്.

അച്ചടി എന്ന സാങ്കേതികവിദ്യയുടെയും പത്രമാസികകളുടെയും വിദ്യാഭ്യാസ ത്തിന്റെയും വ്യാപനം പുതിയ ഒരു സംസ്കാരത്തെയും വായനാസമൂഹത്തെയും

നിർമ്മിച്ചെടുത്തതിന്റെ ഉദാഹരണങ്ങളാണ് മേൽസൂചിപ്പിച്ചിട്ടുള്ളതെല്ലാം. മലയാളികളുടെ മതപരവും സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തെ മാറ്റിയെടുക്കാൻ ഇവയ്ക്ക് കഴിഞ്ഞു. യുക്തി അഥവാ കാര്യകാരണബന്ധത്തിലും ശാസ്ത്രത്തിലുമുള്ള വിശ്വാസം പുരോഗമിക്കാൻ മനുഷ്യനു കഴിയുമെന്ന ആത്മവിശ്വാസം ഇവയൊക്കെ കേരളീയ സമൂഹത്തിൽ വളർത്തിയെടുക്കാൻ പത്രമാസികകളിലൂടെ ചർച്ച ചെയ്യപ്പെട്ട ശാസ്ത്രലേഖനങ്ങൾ വഹിച്ച പങ്ക് ചെറുതല്ല.

## ഗ്രന്ഥസൂചി

1. *ഗോവിന്ദപിള്ള. പി, വൈജ്ഞാനിക വിപ്ലവം: ഒരു സാംസ്കാരിക ചരിത്രം, തിരുവനന്തപുരം: കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2010.*
2. *പ്രിയദർശൻ. ജി, കേരളപത്രപ്രവർത്തനം: സുവർണാദ്ധ്യായങ്ങൾ, കോട്ടയം: കറൻറ്ബുക്സ്, 1999.*
3. *പ്രിയദർശൻ. ജി, മലയാളപത്രപ്രവർത്തനം: പ്രാരംഭസ്വരൂപം തൃശൂർ: കേരളസാഹിത്യ അക്കാദമി, 2010.*
4. *ബാലകൃഷ്ണൻ, ഡോ. കാവുമ്പായി, മലയാളശാസ്ത്രസാഹിത്യ പ്രസ്ഥാനം, തൃശൂർ: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2007.*
5. *സാം, ഡോ. എൻ, മലയാളപത്രപ്രവർത്തനം 19ാം നൂറ്റാണ്ടിൽ, കോട്ടയം: ഡിസി ബുക്സ് 2003.*

# മാപ്പിളകലകളുടെ പ്രത്യയശാസ്ത്രപരിസരം

**ഡോ. മൻസൂറലി ടി.**
അസിസ്റ്റന്റ് പ്രൊഫസർ, ഫാറൂഖ് കോളെജ്, കോഴിക്കോട്

**പ്രബന്ധസംഗ്രഹം**

അറേബ്യൻ ഇസ്ലാമിക സംസ്കാരത്തോടൊപ്പം കേരളീയ തദ്ദേശീയ സംസ്കാരത്തിന്റെയും കലർപ്പാണ് മാപ്പിളസംസ്കാരം. കേരളത്തിലെ അടിയാള/തൊഴിലാളിവിഭാഗത്തിൽ നിന്നും മതപരിവർത്തനം നടത്തി മാപ്പിളമാരായവർ തങ്ങളുടെ പഴയ ആചാരാനുഷ്ഠാനങ്ങളെയും കലാപ്രകടന ങ്ങളെയും കൂടെക്കൂട്ടി. മാപ്പിളസമൂഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത അത് സ്വീകരിച്ച സാംസ്കാരിക സ്വാംശീകരണമാണ്. വിശ്വാസ പരമായി ഇസ്ലാംമതത്തെ ചേർത്തു നിർത്തിയപ്പോൾതന്നെ പ്രാദേശിക പാരമ്പര്യങ്ങളെ നിലനിർത്താനും അവർ ശ്രമിച്ചു. അദൃശ്യനായ ദൈവത്തി ലേക്ക് എത്തിപ്പെടാനുള്ള ദൃശ്യപരമായ പ്രവർത്തനം അഥവാ ഏക ഇലാഹി ലേക്കുള്ള ഒരു ഏണിപ്പടിയായാണ് വിശ്വാസികൾ കലാപ്രവർത്തനത്തെ കണ്ടത്. അതിനാൽ മാപ്പിളകലകൾക്കെല്ലാം അനുഷ്ഠാനപരമായ ഒരുതലം കൂടി ദർശിക്കാൻ സാധിക്കും.

***താക്കോൽവാക്കുകൾ:*** മാപ്പിള, മാപ്പിളകലകൾ, ഇസ്ലാം

മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട് കലാചരിത്രത്തിനും. പ്രകൃതിരൂപങ്ങളിൽ നിന്ന് ഉദ്ഭവിച്ച കലകൾ വിവിധ ദശാപരിണാമങ്ങളിലൂടെ ആയിരിക്കാം ഇന്ന് കാണുന്ന രൂപത്തിൽ എത്തിയിട്ടുണ്ടാവുക. ആദിമകാലം മുതൽ ആരംഭിച്ച ഈ പരിണാമം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. പ്രകൃതിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ആവിഷ്കരിച്ച കലാരൂപങ്ങൾ മനുഷ്യജീവിതവുമായി ഗാഢമായി ബന്ധപ്പെട്ടുകിടക്കുന്നു. ജനനം മുതൽ മരണം വരെയുള്ള മനുഷ്യജീവിതാവസ്ഥകളെ അടയാളപ്പെടുത്തുന്നതാണ് ഒട്ടുമിക്ക കലാരൂപങ്ങളും. മനുഷ്യർതമ്മിലുള്ള അതിർവരമ്പുകൾ ഇല്ലായ്മചെയ്യാനും ഐക്യരൂപ ത്തോടെ പ്രവർത്തിക്കാനും കലാരൂപങ്ങളുടെ വളർച്ച സഹായകരമായിട്ടുണ്ട്.

മനുഷ്യമനസ്സിനെ ആനന്ദിപ്പിക്കുന്നതിനുള്ള മാർഗങ്ങളാണ് കലകൾ. ദൃശ്യകലകൾ, ശ്രാവ്യകലകൾ, ദൃശ്യശ്രാവ്യകലകൾ എന്നിങ്ങനെ കലകളെ വേർതിരിക്കാം. ദൃശ്യത്തിലൂടെ കാഴ്ചകൾ അവതരിപ്പിക്കുന്ന കലകളാണ് ദൃശ്യകലകൾ. ചിത്രരചന, ശില്പകല, വാസ്തുശിൽപങ്ങൾ തുടങ്ങിയവ ദൃശ്യകലാവിഭാഗത്തിൽപ്പെടുന്നവയാണ്. കേൾക്കുന്ന മാത്രയിൽ മനുഷ്യമനസ്സിൽ അനുഭൂതി ഉളവാക്കുന്ന കലാരൂപങ്ങളാണ് ശ്രാവ്യകലകൾ. ഉദാഹരണം സംഗീതം. ദൃശ്യകലകളുടെയും ശ്രാവ്യകലകളുടെയും സമ്മിശ്രമാണ് ദൃശ്യ ശ്രാവ്യകലകൾ. നാടകം, നൃത്തനൃത്യങ്ങൾ തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു.

ഏതൊരു സമൂഹത്തിലും കലകളേയും സംസ്കാരത്തേയും രൂപപ്പെടുത്തുന്നതിൽ ഭൂപ്രകൃതിക്ക് പ്രധാന പങ്കുണ്ട്. ദേശഭേദമനുസരിച്ച് ഓരോ സമൂഹത്തിലും തനതായ കലാസാംസ്കാരികസാഹിത്യ പാരമ്പര്യങ്ങൾ നിലനിൽക്കുന്നതായി കാണാൻ കഴിയും. ഇത്തരത്തിൽ നോക്കുമ്പോൾ സവിശേഷമായ ഭൂപ്രകൃതിയുള്ള കേരളത്തിൽ വൈവിധ്യ മാർന്ന കലാസാംസ്കാരിക ഭൂമികകൾ രൂപപ്പെട്ടതിൽ അത്ഭുതപ്പെടാനില്ല. കടൽമാർഗം ഇവിടെ വ്യാപാരത്തിനായി ആദ്യമെത്തിയ അറബികളും അവരുടെ പിൻതുടർച്ചക്കാരായി രൂപം കൊണ്ട മാപ്പിളമാരും രൂപപ്പെടുത്തിയ സവിശേഷമായ കലാസാംസ്കാരിക പരിസരം സൂക്ഷ്മതയോടെ പഠിക്കേണ്ടുന്ന ഒന്നാണ്. ഭാഷ, ഭക്ഷണം, വസ്ത്രം, ആഭരണങ്ങൾ, അലങ്കാരങ്ങൾ, ഉത്സവങ്ങൾ, സാഹിത്യം, നൃത്തം, സംഗീതം തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിൽ തനതായ സാംസ്കാരികസ്വത്വം നിർമ്മിക്കാൻ മാപ്പിളമാർക്ക് സാധിച്ചു.

ഇസ്ലാം കേരളത്തിലെത്തിയപ്പോൾ അതുൾക്കൊണ്ട മാപ്പിളസമൂഹം പുതിയ മതത്തെ കേരളീയ സംസ്കാരവുമായി സമരസപ്പെടുത്തുകയായിരുന്നു. കേരളീയകലയേയും സംസ്കാരത്തേയും ഇസ്ലാമികസംസ്കാരവുമായി താദാത്മ്യപ്പെടുത്താൻ മാപ്പിളമാർക്ക് കഴിഞ്ഞു. അതിനാൽ തന്നെ അറിഞ്ഞും അറിയാതെയും നാടൻ ആചാരമര്യാദകൾ മാപ്പിള സംസ്കാരത്തിനകത്ത് ഇടം പിടിച്ചു. മാപ്പിളകലാരൂപങ്ങളിലും ശിൽപകലയിലും കേരളീയ രീതികളുമായുള്ള സമന്വയം പ്രകടമാണ്. കേരളീയകലാരൂപങ്ങൾ ചെറുവ്യത്യാസത്തോടു കൂടി ഇവിടെയുള്ള മാപ്പിളസമൂഹം സ്വീകരിച്ചു. കേരളത്തിലെ നാടോടികലാരൂപങ്ങളെ വേർതിരിക്കാവുന്നതുപോലെ അനുഷ്ഠാനകല, വിനോദകല എന്നിങ്ങനെ മാപ്പിളകലകളേയും വേർതിരിക്കാം. മാപ്പിളകലകളിലെ അനുഷ്ഠാനവും ഭക്തിയും ഇസ്ലാമികത എന്ന മതവിശ്വാസത്തേക്കാളുപരി കേരളീയത എന്ന പാരമ്പര്യത്തോട് അടുത്ത് നിൽക്കുന്നവയാണ്. ഇത്തരത്തിൽ കേരളീയ സർഗപരിസരത്തോട് ചേർന്ന് നിൽക്കുന്ന മാപ്പിളകലാരൂപങ്ങളാണ് കോൽക്കളി, ഒപ്പന, വട്ടപ്പാട്ട്, അറബനമുട്ട്, ദഫ് മുട്ട് എന്നിവ.

കേരളീയ മുസ്ലീങ്ങൾ ചരിത്രം കൊണ്ടും സാംസ്കാരിക പൈതൃകം കൊണ്ടും വേറിട്ടു നിൽക്കുന്നു എന്ന് മാപ്പിളകലകൾ വിളിച്ചോതുന്നു. ചുരുക്കത്തിൽ, നിസ്തുലമായ ജീവിത ചിട്ടകളുടേയും അനന്യമായ സർഗ്ഗവാസനയുടേയും ഉപോൽപ്പന്നമാണ് മാപ്പിളകലകൾ. മലബാറിലെ മാപ്പിളസംസ്ക്കാരത്തിന്റെ തനി ഉണർവ്വുകളായി മാപ്പിളകലകളെ വായിക്കാവുന്നതാണ്. വിശ്വാസത്തിലും ചിന്തയിലും ഊന്നിയ ഒരുതരം സർഗവാസനയുടെയും

ഹൃദയഭാഷണത്തിന്റെയും തിരയിളക്കങ്ങളായിരുന്നു മാപ്പിളകലകൾ. അറേബ്യൻ ഇസ്ലാമിക കാവ്യസ്രോതസുകളിൽ നിന്നും പ്രചോദനമുൾക്കൊണ്ടും കേരളീയത്തനിമ യാർന്ന ശീലുകളോട് ചേർന്നു നിന്നും വളർന്നു വികാസം പ്രാപിച്ച ഒരു കലാശാഖയാണ് മാപ്പിളകലകൾ. ഇസ്ലാമിക മൂല്യങ്ങളും ചിന്തകളുമാണ് ഈ കലകളുടെ ആത്മാവ്. മാപ്പിളമാർ സ്വന്തമായി പരുവപ്പെടുത്തി വികസിപ്പിച്ചതാണെങ്കിൽക്കൂടി കേരളനാടിന്റെ പലവിധ സ്വാധീനങ്ങളും ഇതിന്റെ പ്രകടനതലങ്ങളിൽ കാണാവുന്നതാണ്.

എല്ലാ മാപ്പിള കലകളേയും സംയോജിപ്പിച്ച് ഏക വഴിത്താരയിലൂടെ നടത്തിക്കൊണ്ടു പോകുന്നത് മാപ്പിളപ്പാട്ട് എന്ന ഗാനശാഖയാണ്. ഒപ്പനയിലും കോൽക്കളിയിലും അറവനയിലും ദഫിലും എല്ലാം പ്രതിഫലിക്കുന്നത് മാപ്പിളപ്പാട്ടിന്റെ ശീലുകളാണ്. മാപ്പിളപ്പാട്ടിൽ തമിഴ് പാരമ്പര്യമാണ് മുഴച്ചുനിൽക്കുന്നത്. ആദ്യകാല മാപ്പിളപ്പാട്ട് രചനകളിലെ തമിഴ്പദ ധാരാളിത്തം ഇതിന് തെളിവാണ്. വളരെ ജനകീയമായ സാഹിത്യ വും കലയുമാണ് മാപ്പിളപ്പാട്ട്. കേരളത്തിലെ കീഴാളവർഗ്ഗത്തിന്റെ പാട്ടുകളുമായും ഈണ ങ്ങളുമായും മാപ്പിളപ്പാട്ടിനുള്ള സാമ്യം വലുതാണ്. തോറ്റം പാട്ട്, പുള്ളുവൻ പാട്ട്, വേലൻ പാട്ട്, വട്ടക്കളിപ്പാട്ട്, പൂരക്കളിപ്പാട്ട്, പാനപ്പാട്ട് തുടങ്ങിയ കീഴാളവർഗ ഗാനപാരമ്പര്യത്തിന്റെ സമുദായിക കൊള്ളക്കൊടുക്കലുകൾ മാപ്പിളപ്പാട്ട് രൂപപ്പെടുത്തുന്നതിന്റെ പശ്ചാത്തല മായിട്ടുണ്ട്.

മാപ്പിളകലകളെക്കുറിച്ചുള്ള പഠനത്തിലൂടെ നമുക്ക് മാപ്പിളസംസ്കാരത്തെ തിരിച്ചറിയു വാൻ സാധിക്കും. ആത്മപ്രകാശനത്തിന്റെ ഭാഗമായാണ് മാപ്പിളമാർ കലാരൂപങ്ങളെ സൃഷ്ടിച്ചത്. അതിനാൽ സാങ്കേതികത്വം കൊണ്ടല്ല മാപ്പിളകലകളെ അളക്കേണ്ടത്. മറിച്ച് സർഗ്ഗാത്മകത കൊണ്ടാവണം. സർഗ്ഗാത്മകകലകൾ ആസ്വദിക്കാൻ പരിശീലനം ആവശ്യ മില്ല. കലാഹൃദയമുള്ള ആർക്കും ഇവ ആസ്വദിക്കാനാവും. നിയമങ്ങളുടെ സാങ്കേതികത യിൽ തളച്ചിടാത്ത നാടൻകലകൾക്ക് സ്വാഭാവികതയും സൗന്ദര്യവുമേറും. ഈ സവിശേഷതകൊണ്ടാണ് ദേശകാലഭേദമന്യേ മാപ്പിളകലകൾ സ്വീകരിക്കപ്പെടുന്നതും ആസ്വദിക്കപ്പെടുന്നതും. മാപ്പിളകലകൾ വലിയൊരളവുവരെ പഴയ കേരളീയകലാരൂപ ങ്ങളുടെ രൂപാന്തരങ്ങളോ (മാപ്പിളകോൽക്കളി ഉദാഹരണം) അറേബ്യൻ കലാപ്രകടന ങ്ങളുടെ പ്രാദേശിക രൂപങ്ങളോ (ദഫ്മുട്ട് ഉദാഹരണം) ആണ്.

ഇസ്ലാമികവിശ്വാസവും ദൈവസ്മരണയുമാണ് മാപ്പിളകലകളുടെ ഉൾക്കരുത്ത്. പ്രാന്ത വത്ക്കരിക്കപ്പെട്ട ഒരു ജനതയുടെ സർഗ്ഗാത്മകത എന്ന നിലയിൽക്കൂടി മാപ്പിളകലകളെ അടയാളപ്പെടുത്താവുന്നതാണ്. സ്വാഭാവികമായും വരേണ്യവർഗ്ഗകലാരൂപങ്ങളിൽ നിന്ന് ഏറെ അകലം പാലിക്കുന്നവയാണിവ. ജനകീയതയും ജനപ്രിയതയുമാണ് മാപ്പിളകലക ളുടെ ഏറ്റവും പ്രധാന സവിശേഷത. ഏത് തരത്തിൽപ്പെട്ടവർക്കും ആസ്വദിക്കാവുന്നവ യാണവ. ക്ലാസിക് കലകളിൽനിന്ന് ഭിന്നമായ സ്വഭാവസവിശേഷതകളാണ് അവയ്ക്കുള്ളത്.

സമ്പന്നമായ കലാസാംസ്കാരിക പാരമ്പര്യത്തിന്റെ ഉടമകളും സംരക്ഷകരുമാണ് മാപ്പിളമാർ. ഭാഷയിലും സാഹിത്യത്തിലും കലകളിലും ശ്രദ്ധേയമായ സംഭാവനകൾ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

നൽകാൻ അവർക്ക് സാധിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് നേർച്ചകൾ പോലുള്ള മാപ്പിള ഉത്സവങ്ങൾക്ക് പഴയ പ്രതാപം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചിലത് ആചാരപരമായ ചടങ്ങുകളിലേക്ക് മാത്രം ചുരുങ്ങിയിരിക്കുന്നു. അതിന് പ്രധാനകാരണം പരിഷ്കരണ പ്രസ്ഥാനങ്ങൾ എന്ന പേരിൽ കേരളത്തിൽ രൂപപ്പെട്ട മുസ്ലിം സംഘടനകൾ മാപ്പിള സംസ്കാരത്തെയും ആചാരാനുഷ്ഠാനങ്ങളെയും മതവിരുദ്ധമെന്ന് വിധിച്ചതാണ്. കേരളത്തിൽ മാത്രമല്ല ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രാദേശിക മുസ്ലീംവിഭാഗങ്ങൾ ഇത്തരം പ്രതിസന്ധികൾക്ക് വിധേയമായിട്ടുണ്ട്. സൗദികേന്ദ്രീകൃതമായ ആഗോള ഇസ്ലാം (Pan Islamism) എന്ന സലഫീ ആശയം അവതരിപ്പിക്കുന്നതിലൂടെ പ്രാദേശിക ഇസ്ലാം വിശ്വാസങ്ങൾക്ക് മങ്ങലേറ്റു. ഇവരുടെ തുടർച്ചയായുള്ള പ്രചാരണങ്ങളെ തുടർന്ന് മാപ്പിള സമൂഹം പല നാടോടി വിശ്വാസങ്ങളെയും മാറ്റി നിർത്തി. ആധുനിക വിദ്യാഭ്യാസം വന്നതോടെ അറബിമലയാളം എന്ന ഭാഷതന്നെ അപ്രസക്തമായി. മാപ്പിളമാരുടെ പല നാടോടിക്കലകളും അതിന്റെ സ്വാഭാവിക പരിതസ്ഥിതിയിൽ നാശത്തിന്റെ വക്കിലാണ്. അതേസമയം അവ പുതിയ ഇടത്തിലേക്ക് ചേക്കേറുകയും പ്രൊഫഷണൽ കലാകാരൻമാർ അവതരിപ്പിക്കുന്ന പ്രദർശനകലകളായി മാറുകയും ചെയ്തിരിക്കുന്നു.

മാപ്പിള മുസ്ലീങ്ങൾക്കിടയിൽ രണ്ട് തരം കലാരൂപങ്ങൾ നിലനിൽക്കുന്നുണ്ട്. അനുഷ്ഠാനപരം, അനുഷ്ഠാനേതരം എന്നിങ്ങനെ അവയെ തരം തിരിക്കാം. ഒപ്പന, വട്ടപ്പാട്ട്, കോൽക്കളി തുടങ്ങിയവ അനുഷ്ഠാനേതര വിനോദകലകളാണ്. എന്നാൽ റാത്തീബ്, മൗലീദ് തുടങ്ങിയവ അനുഷ്ഠാനപരമാണ്. അനുഷ്ഠാനേതര വിനോദകലകൾ പൊതുവെ പള്ളികളുമായി ബന്ധപ്പെട്ടതല്ല. അവ പൂർണ്ണമായും മതേതര കലാരൂപങ്ങളാണ്. പൊതുമണ്ഡലം രൂപപ്പെട്ടതോടെ മാപ്പിളകളകൾ പൊതുവേദികളിൽ എത്തുകയും എല്ലാ ജാതി മതവിഭാഗത്തിൽപ്പെട്ടവരും അവതരിപ്പിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന പൊതു കലകളായി രൂപാന്തരപ്പെടുകയും ചെയ്തിട്ടുണ്ട്. മാപ്പിളപ്പാട്ട് എഴുതുന്നവരിലും പാടുന്നവരിലും ഇന്ന് എല്ലാ മതസ്ഥരുമുള്ളതുപോലെ ഒപ്പനയും കോൽക്കളിയും മറ്റും അവതരിപ്പിക്കുന്നവരിൽ മാപ്പിളമാർ അല്ലാത്തവരുമുണ്ട്.

മാപ്പിള അനുഷ്ഠാനകലകളായ റാത്തീബ്, മൗലീദ്, കുത്തുബിയ്യത്ത് തുടങ്ങിയവയ്ക്ക് കേരളത്തിന് പുറത്തും വേരുകൾ കാണാമെങ്കിലും കേരളത്തിൽ അവതരിപ്പിക്കുന്ന ഇത്തരം അനുഷ്ഠാനകലാരൂപങ്ങൾക്ക് കേരളീയമായ തനത് മുദ്രകൾ കാണാം. ഉദാഹരണമായി ഇവയിൽ ഉപയോഗിക്കുന്ന കാവ്യങ്ങൾ (ബൈത്ത്) കേരളീയരായ പണ്ഡിത കവികൾ രചിച്ചവയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ കേരളത്തിൽ ആരംഭിച്ച മുസ്ലീം നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളീയ മുസ്ലീങ്ങൾക്കിടയിൽ നിലനിന്നിരുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും എതിർത്തുകൊണ്ടാണ് രംഗപ്രവേശം ചെയ്തത്. പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നത് മാല-മൗലീദ്-റാത്തീബുകളെ മുൻനിർത്തി ആയിരുന്നു. അതിനാൽ ഇത്തരം അനുഷ്ഠാനകലകളേയും അവർക്ക്

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

എതിർക്കേണ്ടി വന്നു. ഇന്ന് ഇത്തരം അനുഷ്ഠാനകലകൾക്ക് പണ്ടേപ്പോലെ പ്രചാരമോ സ്വീകാര്യതയോ ഇല്ല. നവോത്ഥാന പ്രസ്ഥാനങ്ങൾ പൊതുവെ ശുദ്ധ ഇസ്ലാം എന്ന ആശയമാണ് പ്രചരിപ്പിച്ചിരുന്നത്. അതിനാൽ സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകളിലൂടെ (Cultural give and take) രൂപപ്പെട്ട ഇതര സമുദായ സ്വാധീനമുള്ള അനുഷ്ഠാന രൂപങ്ങൾക്ക് അവർ എതിരായിരുന്നു. ഇതും ഈ അനുഷ്ഠാനകലകൾക്ക് സ്വീകാര്യത കുറയുവാൻ കാരണമായിട്ടുണ്ട്.

അനുഷ്ഠാനകലകൾ ഏറെയും നിലനിന്നിരുന്നത് നേർച്ചകളോടും ഉറൂസുകളോടും ബന്ധപ്പെട്ടായിരുന്നു. കേരളത്തിലെ പ്രധാന ഉറൂസുകളുടെയും നേർച്ചകളുടേയും വേദികൾ അനുഷ്ഠാനവിനോദകലകളുടെ അരങ്ങേറ്റ വേദികൾ കൂടിയാണ്. ഹൈന്ദവമായ പല ചടങ്ങുകളും ഇത്തരം നേർച്ചകളുടെ ചടങ്ങുകളിൽ പ്രകടമാണ്. മതസൗഹാർദ്ദത്തിന്റെയും ആദാനപ്രദാനങ്ങളുടേയും രംഗഭൂമികയായ നേർച്ചകൾക്കും ഉറൂസുകൾക്കും 'ശുദ്ധ ഇസ്ലാം' (Islamic puritanism) വാദഗതിക്കാരുടെ സ്വാധീനഫലമായി ഇപ്പോൾ മങ്ങലേറ്റുകൊണ്ടിരിക്കുകയാണ്. ഇത് നേർച്ചകളോടും ഉറൂസുകളോടും അനുബന്ധിച്ച് അരങ്ങേറിയിരുന്ന കലാരൂപങ്ങളെയും സാരമായി ബാധിച്ചിട്ടുണ്ട്.

പൊതുവെ മാപ്പിളകലകളുടെ പ്രത്യയശാസ്ത്രം ഇസ്ലാം തന്നെയാണ്. ഇസ്ലാമിക കലാതത്വങ്ങളുടെ ചുവടുപിടിച്ചാണ് അവ നിലകൊള്ളുന്നത്. ഏകദൈവത്വം (തൗഹീദ്) ആണ് ഇസ്ലാമിന്റെ ഏറ്റവും പ്രധാനപ്പെട്ട സിദ്ധാന്തം. അതിനെതിരായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കലയും സാഹിത്യവും ഇസ്ലാമിക വിരുദ്ധമാണ്. അതിനാൽ തൗഹീദ് വിരുദ്ധമായ ഘടകങ്ങൾക്ക് മാപ്പിള കലകളിൽ ഇടം ലഭിക്കാറില്ല.

എല്ലാ കലകളും ആദിയിൽ മതാത്മകമായിരുന്നു. കാലാന്തരത്തിലാണവ മതേതരവത്ക്കരിക്കപ്പെട്ടതും ജനകീയമായതും. മാപ്പിളകലകളുടേയും ചരിത്രം അവ്വിധം തന്നെയാണ്. പുതിയ സാഹചര്യങ്ങൾക്കും സാംസ്കാരിക സന്ദർഭങ്ങൾക്കും (cultural context) അനുസൃതമായി ഏത് കലാരൂപത്തിനും സംഭവിക്കാവുന്ന മാറ്റങ്ങൾ മാപ്പിള കലകൾക്കും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ തനത് കല, പാരമ്പര്യകല തുടങ്ങിയ പരികൽപനകൾ മാപ്പിളകലകളുടെ പുതുരൂപത്തിന് അത്രമേൽ അനുയോജ്യമല്ല. മറ്റൊരർത്ഥത്തിൽ 'തനത്' സന്ദർഭത്തിൽ മാപ്പിളകലകൾ നിർവ്വഹിച്ചിരുന്ന സാംസ്കാരിക ദൗത്യമല്ല പൊതുവേദികളിൽ അവതരിപ്പിക്കുന്ന പല കലാരൂപങ്ങൾക്കുമുള്ളത്. ഉദാ: കല്യാണ ദിവസം മണവാട്ടിയെ നടുവിൽ ഇരുത്തി ചെയ്യുന്ന ഒപ്പനയുടെ ദൗത്യവും കലോത്സവവേദിയിൽ അവതരിപ്പിക്കുന്ന ഒപ്പനയുടെ ദൗത്യവും ഒന്നല്ല. കാലോചിതവും സന്ദർഭോചിതവുമായി കലാരൂപങ്ങളിൽ വരുന്ന പരിണാമം മാപ്പിളകലകളിൽ പ്രകടമാണ്.

## ഗ്രന്ഥസൂചി

1. *അഹമ്മദ് മൗലവി സി.എൻ, മുഹമ്മദ് അബ്ദുൾകരീം കെ.കെ. 1978. മഹത്തായ മാപ്പിളസാഹിത്യ പാരമ്പര്യം, കോഴിക്കോട്, ആസാദ് ബുക്സ്റ്റാൾ.*
2. *കാരശ്ശേരി, എം.എൻ, 1989, കുറിമാനം, കോഴിക്കോട്, മലയാളം പബ്ലിക്കേഷൻസ്.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

3. *കാരശ്ശേരി, എം.എൻ, 2009. മാപ്പിളക്കലകളിലെ അനുഷ്ഠാനാംശം, മാപ്പിള കലാദർശനം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.*
4. *കാതിരിക്കോയ എൻ (എഡി) 2009, മാപ്പിളകലാദർശനം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.*
5. *ജമാൽ കൊച്ചങ്ങാടി (എഡി) 2003, കേരള സംസ്കാരത്തിലെ ആദാന പ്രദാനങ്ങൾ, കോഴിക്കോട്, വചനം ബുക്സ്.*
6. *ബാലകൃഷ്ണൻ വള്ളിക്കുന്ന്, 2000. മാപ്പിള സംസ്കാരത്തിന്റെ കാണാപ്പുറങ്ങൾ, കോഴിക്കോട്, കാപ്പിറ്റൽ ഇൻറർ നാഷണൽ.*
7. *മുഹമ്മദ് അഹമ്മദ് ബി, 2006, മാപ്പിള ഫോക്ലോർ, കണ്ണൂർ, സമയം പബ്ലിക്കേഷൻസ്.*
8. *മുഹമ്മദ് കുഞ്ഞി പി.കെ., 1982, മുസ്ലീംകളും കേരള സംസ്കാരവും. തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.*
9. *മുഹമ്മദലി, വി.പി. 2007, മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ, തൃശ്ശൂർ, കറൻറ് ബുക്സ്.*
10. *രാഘവൻ പയ്യനാട്, 2009, മാപ്പിളകലകളും ഇതരകലകളും, മാപ്പിള കലാദർശനം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.*
11. *ലത്തീഫ് എൻ.കെ.എ. 1994, മാപ്പിള ശൈലി, കോട്ടയം, നാഷണൽ ബുക് സ്റ്റാൾ.*

# പ്രകൃത്യനുഭവത്തിന്റെ അറിവടയാളങ്ങൾ: ബഷീർ കൃതികൾ മുൻനിർത്തിയുള്ള പഠനം

**ഡോ. ദീപ എസ്.എസ്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, കെ.വി.എസ്.എം ഗവൺമെന്റ് കോളെജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

നവോത്ഥാനകാല സാമൂഹികജീവിതം കൃത്യതയോടെ അടയാളപ്പെടുത്തിയ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. അദ്ദേഹത്തിന്റെ എഴുത്തിൽ സൂക്ഷ്മമായ പരിസ്ഥിതി ബോധത്തിന്റെ ഇടങ്ങൾ അടയാളപ്പെട്ടു കിടക്കുന്നുണ്ട്. നവോത്ഥാന എഴുത്തുകാരൻ എന്ന നിലയിലാണ് പലപ്പോഴും ബഷീർകൃതികൾ വായിക്കപ്പെടുന്നത്. ശക്തമായ പാരിസ്ഥിതിക ജാഗ്രത അദ്ദേഹത്തിന്റെ കൃതികളിലെല്ലാം കണ്ടെത്താൻ കഴിയും. ആധുനിക പാരിസ്ഥിതിക ബോധത്തിന്റെ ആദ്യകാല മാതൃകകൾ എന്ന നിലയിൽ ബഷീർ കൃതികളിലെ പാരിസ്ഥിതികവീക്ഷണം വിശകലനം ചെയ്യുന്നതാണ് പ്രബന്ധം.

***താക്കോൽവാക്കുകൾ:*** ഹരിതസൗന്ദര്യശാസ്ത്രം,പരിസ്ഥിതി ദർശനം, ബഹുസ്വരത

## പരിസ്ഥിതിയും ഹരിതവിമർശനവും

അറിവുകളും അനുഭവങ്ങളും വർധിച്ചപ്പോൾ മനുഷ്യന്റെ ആവശ്യങ്ങളും വർദ്ധിച്ചു. അതിനായി പ്രകൃതിയെയും ജീവജാലങ്ങളെയും നശിപ്പിക്കാൻ അവന് യാതൊരു മടിയുമില്ല. അതായത് ഉൽപ്പാദനത്തിന്റെയും വളർച്ചയുടെയും മുഖ്യമായ സ്രോതസ്സ് എന്ന നിലയിൽ ഏറ്റവുമധികം മലിനീകരിക്കപ്പെടുന്നതും ചൂഷണം ചെയ്യപ്പെടുന്നതും പ്രകൃതിയാണ്. ജീവന്റെ സാംസ്കാരികവും ശാരീരികവും ചരിത്രപരവുമായ നിലനിൽപ്പിന്റെ പ്രധാന സംരക്ഷക പ്രകൃതിയാണ്. സൃഷ്ടിക്കപ്പെട്ട വസ്തുതകളെ ശേഖരിക്കുകയും

ഉപയോഗിക്കുകയും മാത്രമല്ല പ്രകൃതി ചെയ്യുന്നത്, പ്രത്യുല്പാദനത്തിനുള്ള കഠിന ശ്രമങ്ങളിലേർപ്പെടുകയും ചെയ്യുന്നുണ്ട്. പ്രകൃതിയുടെ അവകാശിയും അധീശാധി കാരിയും മനുഷ്യനാണെന്നും പ്രപഞ്ചത്തിലെ മറ്റൊന്നിനെയും പരിഗണിക്കേണ്ടതി ല്ലെന്നുമുള്ള പ്രതികൂലചിന്ത ശക്തമായി. പരിസ്ഥിതിയും മനുഷ്യനും ഏതെല്ലാം രീതിയിൽ ഐക്യത്തോടെ കഴിഞ്ഞിരുന്നുവെന്നും അതിന് വിള്ളലുകൾ ഉണ്ടായതെ പ്പോഴെന്നുമുള്ള ചിന്തയും തുടർന്നുണ്ടായി. പരിസ്ഥിതിയുടെ ഒരു ഭാഗം മാത്രമാണ് മനുഷ്യരെന്നും ജീവിതത്തിന് പ്രകൃതിയോടുള്ള പാരസ്പര്യം ആവശ്യമാണെന്നുമുള്ള വിശാലവും അത്യന്താപേക്ഷിതവുമായ ധാരണ മനുഷ്യർക്ക് കൈമോശം വന്നകാലഘട്ട ത്തിലാണ് ആധുനിക പാരിസ്ഥിതിക ബോധം ഉടലെടുക്കുന്നത്. റെയ്ച്ചൻ കാഴ്സൺന്റെ സൈലന്റ് സ്പ്രിംഗിലൂടെയാണ് ആധുനിക പരിസ്ഥിതിചിന്ത കടന്നുവന്നത് എന്ന് ഗ്രഗ്ജ റാഡ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. (Garrad Greg, P:1) പരിസ്ഥിതിയുമായി മനുഷ്യനുണ്ടായിരുന്ന പാരസ്പര്യം നഷ്ടപ്പെടുന്നതിനെ കുറിച്ചും ആഗോളവത്ക്കരണം പരിസ്ഥിതിക്കുണ്ടാക്കിയ നാശങ്ങൾ, പരിസ്ഥിതി മലിനീകരണം തുടങ്ങിയവയെക്കുറിച്ചും പാരിസ്ഥിതിക ദർശനം ഗൗരവമായി കണക്കാക്കാൻ തുടങ്ങി.

മനുഷ്യനെയും ആവാസവ്യവസ്ഥയെയും ബാധിക്കുന്ന പ്രശ്നങ്ങൾ സാഹിത്യരൂപ ങ്ങളിലേക്ക് കൂടി വ്യാപിക്കുകയും പരിസ്ഥിതിവീക്ഷണത്തിന് സാഹിത്യം സംഭാവനകൾ നൽകുകയും ചെയ്തപ്പോഴാണ് ഹരിതവിമർശനം ശ്രദ്ധേയമാകുന്നത്. 1978 ൽ വില്യം റുകേർട്ട് 'Literature and Ecology an experiment in Eco criticism' എന്ന പ്രബന്ധത്തിലാണ് ഈ സംജ്ഞ ആദ്യമായി ഉപയോഗിച്ചത്. 'ഹരിതനിരൂപണം', പ്രകൃതിയും സംസ്കാരവും തമ്മിലുള്ള ബന്ധം അന്വേഷിക്കുന്നു. ഒരു വിമർശനപദ്ധതി എന്ന നിലയിൽ അതിന്റെ ഒരു കാൽ സാഹിത്യത്തിലും മറ്റൊന്ന് ഭൂമിയിലുമാണ്. ഒരു സൈദ്ധാന്തിക വ്യവഹാരം എന്ന നിലയിൽ അത് ഒരേസമയം മനുഷ്യനും മനുഷ്യേതര സത്തകളുമായി ബന്ധപ്പെട്ട് വർത്തിക്കുന്നു' എന്ന് 1996 ൽ ഗ്ലോഫെൽറ്റിയും ഫ്രോമും കൂടി പ്രസിദ്ധീകരിച്ച 'The Eco criticism Reader' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. (സി ആർ പ്രസാദ്: പു: 280281) പരിസ്ഥിതിക്ക് ഹാനികരമോ സഹായകരമോ ആയതിന്റെ അടിസ്ഥാനത്തിൽ പാഠങ്ങൾ ഹരിതനിരൂപണത്തിൽ വിലയിരുത്തപ്പെടുന്നു. സാമൂഹികവും കലാപരവുമായ പഠനമേഖലകളെ ആഴത്തിൽ മനസ്സിലാക്കാനുള്ള ഒരു പുതുവെളിച്ചമായി ഹരിത സൗന്ദര്യശാസ്ത്രം (Eco Aesthetics) ഇന്ന് പാഠത്തിലും പഠനത്തിലും ഒരുപോലെ ഉൾച്ചേർന്നിരിക്കുന്നു. ജീവജാലങ്ങളുടെ ആത്മസത്തയെക്കുറിച്ചുള്ള അന്വേഷണം പ്രകൃതിയിലേക്ക് നയിക്കുന്നു. പ്രകൃതിയും ജീവജാലങ്ങളും ഒരുപോലെ മനുഷ്യാധി പത്യത്തിന്റെ അടിച്ചമർത്തലുകൾക്ക് വിധേയമാക്കപ്പെടുന്നു. ജീവജാലങ്ങൾക്കും പ്രകൃതിക്കും മേലുള്ള അധിനിവേശത്തെ പ്രതിരോധിക്കേണ്ടതിന്റെ അനിവാര്യമായ പാഠങ്ങളാണ് പരിസ്ഥിതി വാദത്തിന്റേത്. ഹരിതവിമർശനത്തിന്റെ ആശയങ്ങൾ സ്വീകരിച്ചുകൊണ്ടും പ്രകൃതിയെയും ജീവജാലങ്ങളെയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു കൊണ്ടുമുള്ള നിലപാടുകൾക്കാണ് പാരിസ്ഥിതികവാദം ഊന്നൽ നൽകുന്നത്. പ്രകൃതിയെ അതിന്റെ സഹജഭാവത്തിൽ ഉൾക്കൊള്ളുകയും ജീവജാലങ്ങളുടെ അവസ്ഥകളെ തിരിച്ചറിയുകയും അവയുടെ പ്രശ്നങ്ങൾക്കൊപ്പം നിൽക്കുകയും

ചെയ്യുകവഴി മാനവികതയുടെയും പ്രകൃതിയുടെയും നിലനിൽപ്പിന്റെ ഉത്തരവാദിത്തം ഹരിതവിമർശനം ഏറ്റെടുക്കുന്നു.

## പരിസ്ഥിതിബോധവും ബഷീർ സാഹിത്യവും

നവോത്ഥാനകാലത്ത് പാരിസ്ഥിതികാവബോധത്തെ അടയാളപ്പെടുത്തുന്ന രചനകൾ വിരളമായിരുന്നു. ആധുനികരിൽ ഇത്തരമൊരു അവബോധം കഥയിലേക്ക് പകർത്തിയവരിൽ പ്രമുഖൻ ഒ. വി വിജയനാണ്. ആധുനികോത്തരകാലത്ത് പാരിസ്ഥിതിക അനുഭവങ്ങളും പ്രശ്നങ്ങളും ധാരാളമായി കടന്നു വരാൻ തുടങ്ങി. അയ്മനം ജോൺ, എൻ പ്രഭാകരൻ, അംബികാസുതൻ മങ്ങാട്, വി. ആർ സുധീഷ്, പി, സുരേന്ദ്രൻ, വിനോയ് തോമസ് എന്നിവരുടെ കഥകളിൽ പ്രധാന പ്രമേയമായി പരിസ്ഥിതി പലപ്പോഴും കടന്നുവന്നു. പാരിസ്ഥിതിക അവബോധവും ദർശനങ്ങളുമൊന്നും ശക്തി പ്രാപിക്കാതിരുന്ന നവോത്ഥാന കാലഘട്ടത്തിൽ പരിസ്ഥിതി അനുഭവങ്ങളെ ആശയപരം എന്നതിനപ്പുറം അനുഭവപരമായിത്തന്നെ അവതരിപ്പിച്ച എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ബഷീർസാഹിത്യത്തിൽ ജൈവവൈവിധ്യം എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ട് എന്നും അദ്ദേഹത്തിന്റെ കാഴ്ചപ്പാട് എന്താണ് എന്നുമുള്ള അന്വേഷണമാണ് പ്രബന്ധലക്ഷ്യം.

ബഷീറിന്റെ കഥകളിലും നോവലുകളിലും പ്രധാന പ്രമേയമായി തന്നെ പരിസ്ഥിതി കടന്നുവരുന്നുണ്ട്. കഥകളുടെയും നോവലുകളുടെയും പേരുപോലും പ്രകൃതിയിലെ ജീവജാലങ്ങളുടേതാണ്. ചൊറിയമ്പുഴു യുദ്ധം, പേര, ഒരു കരിമൂർഖൻ, മാന്ത്രികപ്പൂച്ച, പാമ്പും കണ്ണാടിയും, ടൈഗർ  ഒരു നായയുടെ കഥ, തേന്മാവ്, പാത്തുമ്മയുടെ ആട്, ഭൂമിയുടെ അവകാശികൾ, കൊതുകിനെ കൊല്ലാമോ, മൂട്ട സന്ദേശം, പഴം, സഖാവ് പാമ്പ്, കുറെ പാമ്പുകളും ഒരു സുന്ദരിയും, ഒരു വലിയ കരിന്തേൾ, വൃക്ഷങ്ങൾ, ആനപ്പൂട തുടങ്ങിയവ എടുത്തു പറയാവുന്നവയാണ്. ഹരിതവിമർശനം അവകാശപ്പെടുന്നതു പോലെ മനുഷ്യർ മാത്രമല്ല മനുഷ്യേതര കഥാപാത്രങ്ങൾ കൂടി ബഷീറിന്റെ ഓരോ കൃതിയിലും കടന്നുവരുന്നുണ്ട്. ജൈവ പ്രകൃതിയുടെ അടിസ്ഥാനഘടകങ്ങളായ മണ്ണ്, ജലം, വായു, ഇല, വൃക്ഷങ്ങൾ, ജീവികൾ തുടങ്ങിയവയോടുള്ള മനുഷ്യന്റെ ബന്ധം ആവിഷ്കരിച്ച് പ്രകൃത്യധിഷ്ഠിതമായ ഒരു ജീവിതവീക്ഷണം ആവിഷ്കരിക്കുകയാണ് ബഷീർ. 'ചോര കുടിക്കുന്ന അട്ടകളും അട്ടകളെ വെട്ടിവിഴുങ്ങുന്ന വരാലുകളും ആമ, പള്ളത്തി, കരിമീൻ, തവള  എന്തെല്ലാം തരം ജീവികളാണ്'. (ന്റുപ്പു., പു: 541). 'ഭൂമിയിൽ ജീവികൾക്കായി എന്തെല്ലാം സൃഷ്ടിച്ചിരിക്കുന്നു! പഴങ്ങൾ, പുഷ്പങ്ങൾ, കിഴങ്ങുകൾ, ധാന്യങ്ങൾ, പുല്ല്, വെള്ളം, വായു പിന്നെ ചൂടും വെളിച്ചവും. ഭൂമിയിലെ ഉല്പന്നങ്ങളുടെയെല്ലാം അവകാശികളാണു ജന്തുക്കളും മൃഗങ്ങളും പക്ഷികളും കൃമികീടങ്ങളും വൃക്ഷങ്ങളും ചെടികളും മറ്റും' (ഭൂ.അ., സമ്പൂർണ കൃതികൾ: വാല്യം 2, പു: 1765). പ്രകൃതിയുടെയും ജൈവലോകത്തിന്റെയും സജീവ സാന്നിധ്യം ബഷീറിന്റെ കഥാലോകത്തെ സമ്പന്നമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ചെടികളെയും മൃഗങ്ങളെയും മനുഷ്യരെയും പ്രകൃതിയെയും ആസ്പദമാക്കിയുള്ള കഥയാണ് 'ഭൂമിയുടെ അവകാശികൾ.' 'ജീവികളായ സർവ്വജീവികളും ഭൂമിയുടെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അവകാശികളാണ്' (ഭൂ. അ., സമ്പൂർണ്ണ കൃതികൾ, വാല്യം 2, പു:17) എന്ന കാഴ്ചപ്പാടാണ് ഈ കഥ മുന്നോട്ട് വയ്ക്കുന്നത്. വർദ്ധിച്ചുവരുന്ന പ്രകൃതിചൂഷണവും തെറ്റായ വികസന ധാരണകളും സൃഷ്ടിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ ജീവന്റെ അസ്തിത്വത്തിന് ഭീഷണിയായിത്തീർന്നിരിക്കുന്നുവെന്നുകൂടി 'ഭൂമിയുടെ അവകാശികൾ' ഉദ്ഘോഷിക്കുന്നു. പ്രകൃതി മനുഷ്യജീവിതത്തിന്റെ ഭാഗമായിരുന്ന കാലം ഏറെക്കുറെ അസ്തമിച്ചിരിക്കുന്നു. ഈ ദൃശ്യപ്രപഞ്ചത്തിന്റെ അവകാശികൾ മനുഷ്യർ മാത്രമാണെന്ന സങ്കുചിത വീക്ഷണത്തിലേക്ക് വികസന ചിന്തകൾ ഒതുങ്ങിക്കൂടിയിരിക്കുന്നു. ഇങ്ങനെ ഏറ്റവും അപകടം പിടിച്ച ഒരു വികസന ചിന്തയുടെ വെളിപ്പെടുത്തലുകൾ കൂടി ഭൂമിയുടെ അവകാശികൾ എന്ന കഥയിൽ വെളിവാകുന്നുണ്ട്. ഏത് ദേശത്തിനും പൂർവ്വാർജ്ജിതമായ ഒരു പരിസ്ഥിതിദർശനം ഉണ്ട്. അത് സംരക്ഷിക്കപ്പെട്ടു പോന്നിട്ടുള്ളത് ഏറെക്കുറെ ദൈവവിശ്വാസത്തിന്മേലാണ്. 'വാവലുകൾ മനുഷ്യരുടെ പൂർവികന്മാരുടെ ആത്മാക്കളത്രേ! വെടിവയ്ക്കാൻ പാടില്ല' (ഭൂ. അ., സമ്പൂർണ്ണ കൃതികൾ, വാല്യം 2, പു: 1772) എന്ന വിലക്കുകൾ പരിസ്ഥിതി സംരക്ഷണത്തിന് മലയാളികൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വിലക്കുകൾ ലോകത്താകമാനം ഉണ്ട്. അതാണ് ഒരു പരിധിവരെ പരിസ്ഥിതിയെ നിലനിർത്തുന്നതും പുലർത്തുന്നതും. ബഷീറിയൻ കാഴ്ചപ്പാട് അനുസരിച്ച് വാവലുകൾ ഭൂമിയുടെ അവകാശികൾ മാത്രമാണ് അല്ലാതെ പൂർവ്വികരുടെ ആത്മാക്കളല്ല.

മനുഷ്യ ജീവിതം ശരിയായി മുന്നോട്ടു പോകണമെങ്കിൽ പാരിസ്ഥിതിക അവബോധം കൂടിയേ കഴിയൂ എന്ന തിരിച്ചറിവ് 'ബാല്യകാലസഖി' എന്ന നോവൽ മുന്നോട്ട് വയ്ക്കുന്നു. ജീവിതസ്നേഹത്തെ പ്രകൃതിസ്നേഹമായി വളർത്താനുള്ള ശ്രമങ്ങൾ ബാല്യകാല സഖിയുടെ ആദ്യ ഭാഗങ്ങളിൽ കാണാൻ സാധിക്കുന്നുണ്ട്. കുട്ടികളായിരുന്ന മജീദും സുഹറയും ഭാവിയിൽ കുന്നിന്റെ മുകളിൽ കൊട്ടാരം പണിയുന്നതും രാജകുമാരനും രാജകുമാരിയും ആകാനുള്ള സ്വപ്നം കാണുന്നതും വീടിന്റെ മുറ്റത്ത് പൂന്തോട്ടം നിർമ്മിക്കുന്നതും പൂന്തോട്ടത്തിന്റെ നാല് അതിരുകളിൽ ചുവന്ന ചെമ്പരത്തികൾ നട്ടു പിടിപ്പിക്കുന്നതും എല്ലാം ഇതിന്റെ മികച്ച ദൃഷ്ടാന്തങ്ങളാണ്. ബഷീറിന്റെ പാരിസ്ഥിതിക വീക്ഷണത്തിന് സ്വന്തം മണ്ണുമായുള്ള ജൈവ ബന്ധത്തിന്റെ സ്വാധീനമുള്ളതായി കാണാം. രണ്ടു നദികൾ ഒന്നായി ചേർന്ന് വലിയൊരു നദിയായി ഒഴുകി പോകുന്ന പ്രകൃതി ദൃശ്യത്തിൽ നിന്നും ഉടലെടുത്തതാണ് ബാല്യകാലസഖിയിലെ 'ഒന്നും ഒന്നും ചേർന്നാൽ ഉമ്മിണി വല്യ ഒന്ന്!' എന്ന മജീദിന്റെ കണക്കുശാസ്ത്രം. അനുഭവങ്ങളിൽ നിന്ന് നദിയുടെ തനിമയാർന്ന ഭാഷയും കണക്കും ബഷീർ മനസ്സിലാക്കിയിരുന്നു. നദിയുടെ ഭാഷ മനസ്സിലാകുന്നവന് കണക്കുകൂട്ടലുകളും വ്യാകരണവും അറിയണമെന്നില്ല. രണ്ട് ചെറിയ നദികൾ ഒന്നായി തീർന്നു വലിയ നദിയായി തീരുന്നത് പ്രകൃത്യവബോധത്തിന്റെ സൂക്ഷ്മമായ ആവിഷ്കാരമാണ്.

ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവലിൽ പെണ്ണും പ്രകൃതിയുമായി ഒരു ആത്മബന്ധം വളരുന്നതായി കാണാം. കുഞ്ഞുപാത്തുമ്മയുടെ മനസ്സിലേക്കാണ് കുരുവിയുടെ കരച്ചിൽ പെയ്തിറങ്ങുന്നത്. കൊത്തുകൂടുന്ന കുരുവികളെ അവൾ

അനുനയിപ്പിക്കാനും രക്ഷിക്കാനും ശ്രമിക്കുന്നുണ്ട്. 'പറഞ്ഞാ കേക്ക്കേലേ?ചുമ്മായിരി! ന്തിനാ അയിന കൊത്തണത്?' ആ വഴക്കിൽ ഒരണ്ണാനും ഇടപെടുന്നുണ്ടായിരുന്നു. അതാ പുളിയുടെ തടിയിൽ പറ്റിയിരുന്ന് 'ദുസ് ദുസ്' എന്നു വിലക്കുന്നുണ്ടായിരുന്നു. അണ്ണാനോടു കുഞ്ഞുപാത്തുമ്മാ പറഞ്ഞു: 'പറഞ്ഞാ കേക്ക്കേല!' പക്ഷികളുടെ കാര്യത്തിൽ പക്ഷികളല്ലാത്തവർ ഇടപെടുന്നത് ശരിയല്ല എന്നൊരു പരുഷമായ ഉപദേശമന്നോണം ഒരു മരംകൊത്തി ഒന്ന് ചിലച്ചു. എന്നിട്ടൊരു തെങ്ങിന്റെ പള്ളയ്ക്ക് ഒരു ചെമ്പട്ടുണ്ട പോലെ ഇരുന്നു ..' പരസ്പരം കൊത്തുകൂടി തോട്ടിൽ വീണു പിടയുന്ന കുരുവിയെ രക്ഷിക്കാൻ ശ്രമിക്കുമ്പോൾ തോട്ടിൽ വീണ് പരിക്കു പറ്റുന്ന അവൾക്ക് രക്ഷകനായി നിസ്സാർ അഹമ്മദ് എന്ന യുവാവ് എത്തുന്നു. തന്റെ ചോര നൽകി അവൾ കുരുവിയെ മരണത്തിൽ നിന്ന് രക്ഷിച്ചത്, സ്ത്രീത്വത്തിനും മാതൃത്വത്തിനും മികച്ച ഉദാഹരണമാണ്. പ്രകൃതിയിലെ നിസ്സാരജീവിയോട് പോലും കാരുണ്യം കാട്ടുകയും അവയെ രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സ്ത്രീത്വമായി കുഞ്ഞുപാത്തുമ്മ നിലകൊള്ളുന്നു. മുസ്ലിം സമുദായത്തിനുള്ളിലെ യാഥാസ്ഥിതിക ചിന്തകളുമായി പൊരുത്തപ്പെട്ടു പോകാൻ കഴിയാത്ത കുഞ്ഞുപാത്തുമ്മയുടെ മനസ്സിന്റെ ഭ്രമാത്മക ചിന്തകളാണ് ഈ നോവലിൽ ആവിഷ്കരിച്ചിരിക്കുന്നത്. സ്വപ്നലോകത്ത് നടക്കുന്ന കുഞ്ഞുപാത്തുമ്മ തന്നെത്തന്നെ തിരയുകയാണ്. കുഞ്ഞുപ്പാത്തുമ്മയുടെ അസ്വാസ്ഥ്യങ്ങൾ ആരും തിരിച്ചറിയുന്നില്ല. അവിടെ പ്രകൃതി അവൾക്കൊരു സാന്ത്വനമായിരുന്നു. അതിലവൾ എല്ലാം മറന്നു ലയിച്ചു. സ്ത്രീയും പ്രകൃതിയും താദാത്മ്യം പ്രാപിക്കുന്നതിലൂടെ യാഥാസ്ഥിതിക വ്യവസ്ഥിതിയെ എതിർക്കുന്നതിനുള്ള സൂചന കാണാം. സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധം, ഗാഢമായ ലയനം എന്നിവയാണ് അവിടെ സംഭവിക്കുന്നത്. പാരിസ്ഥിതിക സ്ത്രീവാദദർശനത്തിന്റെ ആദ്യാങ്കുരങ്ങൾ ഈ നോവലിൽ കണ്ടെത്താനാകും.

ശക്തമായ പാരിസ്ഥിതിക വീക്ഷണം 'പാത്തുമ്മായുടെ ആട്' എന്ന കൃതിയും പുലർത്തുന്നുണ്ട്. ആടും മനുഷ്യരും തമ്മിലുള്ള ബന്ധം/ മനുഷ്യ പ്രകൃതിബന്ധം സൂക്ഷ്മമായി ഇതിൽ ആവിഷ്കരിക്കുന്നു. ആട് മനുഷ്യരെക്കാൾ ആർദ്രമായ മനസ്സും ശരീരവും പേറുന്ന ഒന്നാണ്. എല്ലാ ദിവസവും രാവിലെ കൃത്യസമയത്ത് പാത്തുമ്മയുടെ ആട് ബഷീറിന്റെ വീട്ടിൽ എത്തിച്ചേരുന്നു. മനുഷ്യന്റെ ഓരോ പ്രഭാതത്തെയും ഓരോ കാഴ്ചകളെയും പുതുക്കുന്നതിൽ ആടിനുള്ള ഉത്സാഹം വ്യക്തമായി തന്നെ ബഷീർ പറയുന്നുണ്ട്. ആടിന്റെ എല്ലാ ഭാവചേഷ്ടങ്ങളോടൊപ്പം അത് നിലകൊള്ളുന്നു. ആടിന്റെ പാൽ വിറ്റു കിട്ടുന്ന കാശു കൊണ്ടാണ് ബഷീറിന്റെ സഹോദരി പാത്തുമ്മായുടെ കുടുംബം ജീവിക്കുന്നത്. ഇവിടെ ആടും മനുഷ്യരും ഒന്നാകുന്നു. ആട് ജീവിതമാകുന്ന മനുഷ്യന്റെ അവസ്ഥയും മനുഷ്യനെപ്പോലെയാകുന്ന ആടിന്റെ അവസ്ഥയും ഇവിടെ പരസ്പര പൂരകമാണ്. പ്രകൃതിയിലെ ഓരോ ജീവജാലങ്ങളും മനുഷ്യന്റെ സ്നേഹം ആഗ്രഹി ക്കുന്നുണ്ട്. സ്നേഹത്തിന്റെ പരസ്പരാശ്രയത്തിലൂടെ മാത്രമേ മനുഷ്യനും പ്രകൃതിക്കും നിലനിൽപ്പുള്ളുവെന്ന് ഈ കൃതി ധ്വനിപ്പിക്കുന്നു.

'തേന്മാവ്' എന്ന കഥയിൽ റോഡ് അരികിൽ തീരെ അവശനായി മരിക്കാറായ ഒരു വൃദ്ധന് റഷീദ് എന്ന യുവാവ് കുടിക്കാൻ വെള്ളം നൽകിയപ്പോൾ അദ്ദേഹം അതിന്റെ

പകുതി വെള്ളം അവിടെത്തന്നെ വാടിത്തളർന്ന് നിന്നിരുന്ന തൈമാവിന് ഒഴിച്ചു നൽകിയതിനു ശേഷം ബാക്കി വെള്ളം കുടിച്ച് മരിക്കുകയും ചെയ്തു. വെള്ളം നൽകിയ യുവാവും യുവതിയും ഈ സംഭവത്തിന് സാക്ഷ്യം വഹിക്കുകയും തുടർന്ന് അവർ തേന്മാവിന്റെ തൈ സംരക്ഷിക്കുകയും ചെയ്തു. കുറച്ച് കാലങ്ങൾക്ക് ശേഷം ആ യുവാവും യുവതിയും വിവാഹം കഴിക്കുകയും അവർ സംരക്ഷിച്ചു പോന്നിരുന്ന തേന്മാവിൻ തൈ അവിടെ നിന്നും പറിച്ച് അവരുടെ വീട്ടിൽ കൊണ്ടുവന്ന് നട്ട് വളർത്തി. ജീവജാലങ്ങൾക്കും മറ്റുള്ളവർക്കും ഉപകാരപ്രദമായ രീതിയിൽ അത് വളർന്ന് ധാരാളം മാങ്ങകളും തണലും നൽകി. പ്രകൃതിയുടെ മടിത്തട്ടിൽ ജീവിക്കാൻ അവരെ പ്രാപ്തരാക്കിയത് ഈ സംഭവമാണ്. അവർക്കായി തേന്മാവ് പൂക്കുകയും കായ്ക്കുകയും ചെയ്തു കൊണ്ടിരുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രകൃത്യവബോധത്തിന്റെയും സൂക്ഷ്മമായ ആവിഷ്കാരമാണ് തേന്മാവ് എന്ന കഥ.

കീഴാള പ്രത്യയശാസ്ത്രത്തിന്റെ വനങ്ങളിലൂടെ ബഷീറിന്റെ തൂലിക ചലിക്കുമ്പോൾ വന്യമായ മറ്റൊരു പ്രകൃതി സൃഷ്ടിക്കപ്പെടുകയായിരുന്നു. അവിടെ വിശപ്പ്, കണ്ണുനീർ, പക, പ്രേമം, സ്വപ്നം, സങ്കല്പം, പ്രതീക്ഷ അങ്ങനെ വിവിധ ഘടകങ്ങൾ കഥാപാത്രങ്ങളാകുന്നു. പേര, പൂവമ്പഴം തുടങ്ങി പാരിസ്ഥിതിക പശ്ചാത്തലമുള്ള ഒട്ടേറെ കഥകൾ ഇത്തരത്തിൽ ബഷീറിന്റെതായിട്ടുണ്ട്.

## പരിസ്ഥിതിബോധത്തിന്റെ ബഹുസ്വരത

പ്രകൃതിയെ നിഷേധിച്ചുകൊണ്ട് മനുഷ്യന് നിലനിൽക്കാനാവില്ലെന്ന തിരിച്ചറിവിൽ നിന്നാണ് ബഷീർ സാഹിത്യത്തിൽ പരിസ്ഥിതി ചിന്തകൾ വികാസം പ്രാപിച്ചത്. അടിച്ചമർത്തുകയും പാർശ്വവല്ക്കരിക്കുകയും ചെയ്യപ്പെടുന്നവരുടെ ഉയർത്തെഴുന്നേൽപ്പിനും മുന്നേറ്റത്തിനും പ്രാധാന്യം കൊടുക്കുന്ന നവോത്ഥാനകാല ചിന്താധാരകളിൽ പരിസ്ഥിതിസങ്കല്പം കടന്നുവരുന്നതിന്റെ ഉത്തമോദാഹരണമാണ് ബഷീർ കൃതികൾ. 'വൃക്ഷങ്ങൾ കടപറിഞ്ഞു വീഴുകയും പർവ്വതങ്ങൾ കുലുങ്ങി തകർന്നു പൊടിയായി........ ഭൂഗോളം ശൂന്യമാകാൻ പോവുകയാണോ?' (ന്റുപ്പുപ്പ:, വാല്യം 1 പു:589'). മനുഷ്യന്റെ ഭ്രാന്തമായ വികസനമോഹങ്ങളുടെ അധിനിവേശത്തിൽ ചവിട്ടിമെതിക്കപ്പെടുന്ന പ്രകൃതിയുടെ നിലനിൽപ്പ് അപകടകരമായ അവസ്ഥയിലാണെന്നും പ്രകൃതിനാശം സർവ്വനാശമാണെന്നും ഉള്ള തിരിച്ചറിവിൽ നിന്നാണ് ബഷീർ തന്റെ കൃതികളിൽ പരിസ്ഥിതി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിച്ചത്. പ്രാചീനകാലം മുതൽക്കു തന്നെ സാഹിത്യത്തിലും കലയിലും പ്രകൃതിയുടെ സ്വാധീനവും അതിനെക്കുറിച്ചുള്ള ചിന്തകളും നിലനിന്നിരുന്നതാണെങ്കിലും നവോത്ഥാനകാലത്ത് പരിസ്ഥിതിപ്രശ്നങ്ങൾക്കും ചിന്തകൾക്കും സവിശേഷ പ്രാധാന്യം ഉണ്ട്.

ബഷീർകൃതികളിലെ പരിസ്ഥിതിവീക്ഷണം സാഹിത്യത്തിലെ പൊതു പ്രവണതകളിൽ നിന്ന് വേറിട്ടു നിൽക്കുന്ന ഒന്നല്ല. നവോത്ഥാനകാലം സാമൂഹിക ജീവിതത്തിലും മാനവികതാസങ്കല്പത്തിലും വരുത്തിയ മാറ്റങ്ങൾ എല്ലാവിധത്തിലും സാഹിത്യത്തിലും

പ്രതിഫലിച്ചു. ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള കമ്പോള ശക്തികൾ എല്ലാം വില്പന ചരക്കാക്കി മാറ്റുന്നത് ബഷീർ തിരിച്ചറിയുകയും ഒരു പ്രതിരോധ വീക്ഷണം കൃതികളിൽ സ്വീകരിക്കുകയും ചെയ്തു. പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള പ്രതിപത്തി സഹജമായി തന്നെ ബഷീറിൽ രൂഢമാണ്. പ്രകൃതിയുടെ അമൂല്യമായ ഈടുവയ്പുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നും മറ്റു പ്രലോഭനങ്ങളിൽ വീണ് അത് അടിയറവ് വയ്ക്കരുതെന്നും ബഷീർ തന്റെ കൃതികളിലൂടെ ഉദ്ഘോഷിച്ചു. മണ്ണും മരങ്ങളും പ്രകൃതിവിഭവങ്ങളുമെല്ലാം വില്പനച്ചരക്കാക്കി വിലപേശുന്നതിനെതിരെ പാരിസ്ഥിതിക ജാഗ്രത പുലർത്താൻ ബഷീർ ശ്രദ്ധിക്കുന്നുണ്ട്.

മനുഷ്യനെയും പ്രകൃതിയെയും ജീവജാലങ്ങളെയും ഒന്നായി കണ്ടുകൊണ്ടാണ് ബഷീർസാഹിത്യത്തിലെ പരിസ്ഥിതിദർശനങ്ങൾ രൂപം കൊണ്ടിരിക്കുന്നത്. മനുഷ്യ ജീവിതത്തിന് ഹാനികരമാകുന്ന എല്ലാ പ്രവണതകളോടും പ്രതികരിക്കാനോ പ്രതിഷേധി ക്കാനോ നടത്തുന്ന ശ്രമം ബഷീർകൃതികളുടെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. പ്രകൃതിക്ക് നേരെയുണ്ടാകുന്ന പീഡനങ്ങളെല്ലാം ജീവജാലങ്ങൾക്കും മനുഷ്യർക്കു മെതിരായിട്ടുള്ള പോരാട്ടങ്ങൾ കൂടിയാണെന്ന തിരിച്ചറിവാണ് ബഷീറിനുണ്ടായിരുന്നത്. നെറികേടുകൾക്കും അനീതികൾക്കുമെതിരായുള്ള പ്രതികരണമായി മാറുന്ന ബഷീർസാഹിത്യത്തിൽ പരിസ്ഥിതിയെക്കുറിച്ചുള്ള ആശങ്കകളും സാമൂഹിക പരിത സ്ഥിതിയും കടന്നുവരുന്നത് സ്വാഭാവികമായിട്ടാണ്. പരിസ്ഥിതിയുടെ സംരക്ഷണമെന്നത് കേവലമായ പ്രകൃതിവാദമായി ചുരുക്കാൻ ബഷീർ തയ്യാറാകുന്നില്ല, മറിച്ച്, പ്രകൃതി സംരക്ഷണത്തിനുള്ള പ്രതിരോധ പദ്ധതിയായിട്ടാണ് ഇതിനെ കാണുന്നത്. പാരിസ്ഥിതികവാദത്തെ സിദ്ധാന്തമെന്ന നിലയ്ക്കല്ലാതെ പ്രശ്നാധിഷ്ഠിതമായ സമീപനമെന്ന രീതിയിലാണ് ബഷീർ കൃതികളിൽ ആവിഷ്കരിച്ചിരിക്കുന്നത്. മാറുന്ന സാഹചര്യങ്ങളിൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ അതിന്റെ വിശുദ്ധിയിൽ തിരിച്ചു പിടിക്കാനുള്ള അഭിവാഞ്ഛ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. പ്രകൃതിയെയും ജീവജാലങ്ങളെയും മറന്നു കൊണ്ട് സാമ്രാജ്യത്വശക്തികൾ നടത്തുന്ന അധിനിവേശത്തിനെതിരായ ഹരിതദർശനമായി ബഷീർകൃതികളിൽ പരിസ്ഥിതി ആവിഷ്കാരം ശക്തമാകുന്നുണ്ട്. പ്രകൃതിയെയും മനുഷ്യനെയും സംരക്ഷിക്കുന്നതിനുള്ള ഉൾപ്രേരണയിൽ നിന്നാണ് അദ്ദേഹത്തിന്റെ സാഹിത്യത്തിൽ പരിസ്ഥിതി ദർശനം ശക്തമായ ഒരു പ്രവണതയായി കടന്നു വന്നത്. പരിസര മലിനീകരണം, കീടനാശിനി പ്രയോഗം, കൃഷിനാശം, വനനാശം, ആരോഗ്യപ്രശ്നങ്ങൾ എന്നിങ്ങനെ മുതലാളിത്തം സൃഷ്ടിച്ച നിരവധി പ്രശ്നങ്ങളിലൂടെ പരിസ്ഥിതി ഭീഷണി നേരിടുകയാണ്. ഇത്തരം ദുഃസ്ഥിതികൾക്കെതിരായ പ്രതിരോധത്തിന്റെ പുത്തൻ ഉണർവും ഉയിർപ്പുമെന്ന നിലയിൽ നവോത്ഥാനകാല ബഷീർസാഹിത്യം സമൂഹത്തോട് സംവദിക്കുന്നു.

സ്വന്തം പരിസരത്തിലും വർത്തമാനത്തിലും ജീവിക്കാൻ തയ്യാറായ ബഷീറിന്റെ കൃതി കൾ കേരളത്തിന്റെ പരിസ്ഥിതിപ്രശ്നങ്ങളെ ശക്തമായി ഏറ്റെടുക്കുന്നുണ്ട്. പാരിസ്ഥിതി കാവബോധം പൊതുബോധമായി നിലനിർത്തുക, പാരിസ്ഥിതിക പ്രശ്നങ്ങളിൽ സർഗ്ഗാത്മകമായി ഇടപെടുക, ഭാഷയും വീക്ഷണവും പരിസ്ഥിതി ബോധത്തില

ധിഷ്ഠിതമാക്കുക എന്നീ പ്രവണതകളാണ് ബഷീർ കൃതികളുടെ പാരിസ്ഥിതിക സ്വഭാവത്തിൽ പ്രകടമാകുന്നത്. ഇത്തരത്തിലുള്ള ബഹുസ്വരമായ പരിസ്ഥിതി ആവിഷ്കാരത്താൽ ശക്തമാണ് ബഷീർ സാഹിത്യം.

**ഗ്രന്ഥസൂചി:**

1. *മുഹമ്മദ് ബഷീർ വൈക്കം, ബഷീർ സമ്പൂർണ്ണ കൃതികൾ, വാല്യം 1, ഡി സി ബുക്സ്, കോട്ടയം, 2001.*
2. *മുഹമ്മദ് ബഷീർ വൈക്കം, ബഷീർ സമ്പൂർണ്ണ കൃതികൾ, വാല്യം 2, ഡി സി ബുക്സ്, കോട്ടയം, 2001.*
3. *പ്രസാദ് സി ആർ, ഹരിതവിമർശനം, ഭാഷാസാഹിതി (സുവർണ്ണ ജൂബിലി പതിപ്പ്) കേരള സർവകലാശാല മലയാള വിഭാഗത്തിന്റെ ത്രൈമാസിക (97100).*
4. *Garrad Greg, Eco criticism Routledge, London, 2004.*
5. *William Rueckert, Literature and Ecology An experiment in Eco-criticism, The Eco -Criticism Reader, Cheryll Glotfetly and Harold Formm (eds), Universtiy of Georgia press, 1996.*
6. *Schumacher, E. F, Small is beautiful, London: Vintage, 1993.*
7. *Manes, Christopher, Nature and Science The Eco-criticism Reader, Universtiy of Georgia press,1996.*
8. *Carson Raechel, Silent Spring, Boston: Hougton Miffin,1962*

# ശില്പദൃഢതയുള്ള അരപ്പട്ട

**ഡോ. സേതുലക്ഷ്മി എം.എസ്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, സർക്കാർ വനിതാ കോളേജ്
തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

വർഗീയതയുടെ വിഷപ്പല്ലുകൾ സമൂഹത്തിൽ ആഴ്ന്നിറങ്ങിയ ഒരു കാലത്തിന്റെ സ്മരണ നവോത്ഥാനകാലഘട്ടത്തിൽ മലയാളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. മതബോധത്തിൽ അധിഷ്ഠിതമായ വർഗീയത, മനുഷ്യരെ ഭിന്നിപ്പിക്കുകയും സ്പർദ്ധയിലേയ്ക്ക് നയിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിനു ശേഷമാണ്, മനുഷ്യസങ്കൽപ്പത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കഥകൾ പിറന്നത്. മലയാളകഥ തൊണ്ണൂറുകളോടുകൂടി ബിംബാധിഷ്ഠിതമായ സ്വഭാവത്തിലൂടെ സമൂഹത്തിലെ തിന്മകളെ ആലേഖനംചെയ്തു. പി. പത്മരാജന്റെ രചനകൾ, രതിപുരണ്ട മനുഷ്യന്റെ കാമനകളെ ദ്യോതിപ്പിക്കുന്നവയാണ്. പത്മരാജൻ എഴുതിയ കഥയാണ് 'അരപ്പട്ട കെട്ടിയ ഗ്രാമത്തിൽ'. ഒരേസമയം യാഥാർത്ഥ്യബോധമുള്ള ഒരു പ്രദേശത്തെ അയാഥാർത്ഥ്യത്തോട് അടുപ്പിക്കുകയാണ് ഈ കഥ. സുഹൃത്തുക്കളായ മൂന്ന് ചെറുപ്പക്കാരുടെ ട്രെയിൻ യാത്രയിലൂടെ ആരംഭിക്കുന്ന കഥ. കേട്ടുകേൾവി മാത്രമുള്ള 'മാളുവമ്മ'യെ തേടിയുള്ള യാത്ര. ഒടുവിൽ അവർ ലക്ഷ്യത്തിലെത്തിച്ചേരുകയും തുടർന്ന് അവിടെ സംഭവിക്കുന്ന നാടകീയമുഹൂർത്തങ്ങളിലൂടെയുമാണ് കഥ കടന്നുപോകുന്നത്. അവിടുത്തെ ആണുങ്ങളെല്ലാം അരപ്പട്ടകെട്ടിയവരാണ്. കേട്ടറിവ് മാത്രമുള്ള ഒരു പ്രദേശത്തെ പെണ്ണിനെ തേടിയുള്ള ആണിന്റെ ലൈംഗിക തൃഷ്ണയുടെ യാത്ര. അരപ്പട്ടയുടെ സാന്നിധ്യം ബിംബവത്കൃതമായ ഈ കഥയെ ഉയരങ്ങളിൽ പ്രതിഷ്ഠിക്കുന്നു. കഥാന്ത്യത്തോളം നിലനിൽക്കുന്ന ഒരു ബിംബമായി അരപ്പട്ട മാറുന്നു.

***താക്കോൽവാക്കുകൾ:*** ശില്പദൃഢത, ബിംബാധിഷ്ഠിതം, തൃഷ്ണ, വർഗീയചിന്ത വിഗതി, നിമ്നോന്നതം, ബിംബവത്കൃതം, സ്ത്രൈണചേതന, കാമന, ലൈംഗികവാസന

വർഗീയതയുടെ വിഷപ്പല്ലുകൾ സമൂഹത്തിൽ ആഴ്ന്നിറങ്ങിയ ഒരു കാലത്തിന്റെ സ്മരണ, നവോത്ഥാനകാലഘട്ടത്തിൽ മലയാളകഥയിൽ ഏറെ ചർച്ചചെയ്യപ്പെട്ടിരുന്നു. മതബോധനത്തിൽ അധിഷ്ഠിതമായ വർഗീയത, മനുഷ്യരെ ഭിന്നിപ്പിക്കുകയും സ്പർദ്ധയിലേക്ക് നയിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിനു ശേഷമാണ്, മനുഷ്യനെന്ന സങ്കല്പത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കഥകൾ പിറന്നത്. തകഴിയുടെയും കേശവദേവിന്റെയും കഥകളിൽ വർഗബോധത്തിന്റെ ബീഭത്സമുഖങ്ങൾക്കപ്പുറം സാമ്പത്തികാസസമത്വത്തിന്റെ ചിത്രങ്ങളാണ് തെളിയുന്നത്. പൊൻകുന്നംവർക്കിയുടെ കഥകളിൽ ജാതിബോധം സമൂഹത്തെ കാർന്നുതിന്നുന്നതെങ്ങനെയെന്ന് വ്യക്തമായി ത്തന്നെ ബോധ്യപ്പെടുത്തുന്നു. എം. സുകുമാരന്റെയും പട്ടത്തുവിള കരുണാകരന്റെയും കഥകളിലെ രാഷ്ട്രീയബോധം ഒരുവളേ, വർഗീയതയുടെ പുറന്തോടു പൊട്ടിച്ചുള്ള വരവായിരുന്നു. എന്നാൽ അവരൊക്കെത്തന്നെ കഥയെ ആഖ്യാനതലത്തിൽ ഉദാത്ത വത്കരിച്ചവരാണ്. എന്നാൽ മലയാളകഥ, തൊണ്ണൂറുകളോടുകൂടി ബിംബാധിഷ്ഠിതമായ സ്വഭാവത്തിലൂടെ സമൂഹത്തിലെ തിന്മകളെ ആലേഖനം ചെയ്തു. ആധുനിക കഥാകൃത്തുക്കളിൽ ശ്രദ്ധേയനായ പി. പത്മരാജന്റെ രചനകൾ, രതിപുരണ്ട മനുഷ്യന്റെ കാമനകളെ ദ്യോതിപ്പിക്കുന്നവയാണ്. 1994ൽ പത്മരാജനെഴുതിയ ഒരു കഥയാണ് 'അരപ്പട്ടകെട്ടിയ ഗ്രാമത്തിൽ'. ഒരേസമയം യാഥാർഥ്യബോധമുള്ള ഒരു പ്രദേശത്തെ അയാഥാർഥ്യത്തോട് അടുപ്പിക്കുകയാണ് ഈ കഥ.

സുഹൃത്തുക്കളായ മൂന്ന് ചെറുപ്പക്കാരുടെ ട്രെയിൻ യാത്രയിലൂടെ ആരംഭിക്കുന്ന കഥയാണ് പത്മരാജന്റെ അരപ്പട്ടകെട്ടിയ ഗ്രാമത്തിൽ. നാട്ടിൻപുറത്തിനു തൊട്ടടുത്തുള്ള പേരറിയാത്ത ഒരു കൊച്ചു സ്റ്റേഷനിൽ തീവണ്ടി നിന്നു. കേട്ടുകേൾവി മാത്രമുള്ള ഒരുവളെ അന്വേഷിച്ചാണ് ഈ ഗ്രാമത്തിലേയ്ക്കുള്ള അവരുടെ യാത്ര. അവർക്കുവേണ്ടി മാത്രമായി ട്രെയിൻ റെയിൽവേ സ്റ്റേഷനിൽ നിർത്തുന്നുവെന്ന് തോന്നിക്കുമാറ് ട്രെയിൻ നിർത്തുകയും ആ ചെറുപ്പക്കാർ സ്റ്റേഷനിൽ ഇറങ്ങുകയും ചെയ്യുന്നു. സ്ഥലത്തെക്കുറിച്ചും അതിന്റെ ഭൂമിശാസ്ത്രത്തെക്കുറിച്ചും ഉള്ള കേട്ടറിവ് വച്ച് അവർ മുന്നോട്ടു നടക്കുന്നു. കിഴക്കുവശത്ത് പാടങ്ങളാണ്. അതിനപ്പുറമുള്ള പനങ്കൂട്ടങ്ങൾക്കുമപ്പുറത്താണ് 'മാളുവമ്മ'യുടെ വീട്. അപരിചിതരെ കണ്ട് നാട്ടുകാർ സംശയത്തോടെ നോക്കുകയും ചെയ്യുന്നു. തങ്ങളെ കടന്നു ചെറുപ്പക്കാർ പോകുമ്പോൾ 'മാളുവമ്മയ്ക്ക് കോളായല്ലോ' എന്ന് പറയാനും നാട്ടുകാർ മടിക്കുന്നില്ല. ആ സംഭാഷണങ്ങൾ ശ്രദ്ധിച്ചുകൊണ്ട് ചെറുപ്പക്കാർ മുന്നോട്ടു നടക്കുന്നു. ഒടുവിൽ അവർ മാളുവമ്മയുടെ വീട്ടിൽ എത്തുന്നു. എന്നാൽ മാളുവമ്മ അവർക്ക് വളരെ വേഗത്തിൽ പ്രാപ്യയമായ ഒരാളായിരുന്നില്ല. അവർ എത്തുന്ന സമയം മാളുവമ്മ അവിടെ ഉണ്ടായിരുന്നില്ല. ഒരു വൃദ്ധനെയും (മാളുവമ്മയുടെ ഭർത്താവ്) വൃദ്ധയെയും മൂന്നുനാലു കുട്ടികളേയുമാണ് അവർ ആദ്യം കാണുന്നത്. അകത്തേക്കു കയറുമ്പോൾ ഒരു ഭ്രാന്തിയും പെൺകുട്ടിയുമായിരുന്നു ഉണ്ടായിരുന്നത്. അകത്തേക്ക് കയറിയ ചെറുപ്പക്കാരെ ആ പെൺകുട്ടി വളരെ സൗഹൃദത്തോടെ സ്വീകരിച്ചു. കൂട്ടത്തിലൊരുവനായ സഖറിയ അവളുടെ പേര് ചോദിക്കുന്നു. ഒരു പേരിൽ എന്തിരിക്കുന്നു എന്നായിരുന്നു അവളുടെ മറുപടി. ശരിയാണ് പ്രസക്തി പേരിനല്ലല്ലോ? പേരറിയാൻ അല്ലല്ലോ അവർ വന്നത്. ശരീരസുഖത്തിനായി വരുന്നവർക്ക് പേരിന്റെ ആവശ്യമില്ലല്ലോ? അവൾ അവർക്ക് കുടിക്കാനായി വെള്ളം നൽകുന്നു. ആ സമയം

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഏറെ പരിഭ്രാന്തനായി ഒരു ചെറുപ്പക്കാരൻ വന്നിട്ട് എത്രയും വേഗം ഇവിടെ നിന്ന് ഇറങ്ങണം, ഇല്ലെങ്കിൽ നാട്ടുകൂട്ടം ഒത്തുചേർന്ന് ലഹളയാകുമെന്നും പറയുന്നു. മാളുവമ്മയുടെ മകനായിരുന്നു അത്. മുണ്ടിനുപുറത്ത് വീതിയുള്ള അരപ്പട്ട കെട്ടിയ മെലിഞ്ഞ ചെറുപ്പക്കാരൻ.

ഗത്യന്തരമില്ലാതെ മൂന്നുപേരും അവിടെനിന്ന് ഇറങ്ങുന്നു. അവരെ അതിശയിപ്പിക്കുന്ന ഒരു കാര്യം ആ ഗ്രാമത്തിലെ ആണുങ്ങൾക്കെല്ലാം ഒരു യോദ്ധാവിനെ ഓർമിപ്പിക്കുമാറ് അരപ്പട്ട ഉണ്ടായിരുന്നു എന്നതാണ്. മടക്കയാത്രയിൽ കവലയിൽവച്ച് മാളുവമ്മയെ കാണുകയും ചെറുപ്പക്കാർ അവർക്കൊപ്പം വീണ്ടും തിരികെപ്പോരുകയും ചെയ്യുന്നു. മാളുവമ്മയോടൊപ്പം ഗൗരിക്കുട്ടിയും ഉണ്ടായിരുന്നു. തങ്ങൾക്ക് ഇഷ്ടപ്പെട്ട ഓരോരുത്തരുമായി ചെറുപ്പക്കാർ മുറികളിലേക്കു പോകുന്നു. ഒരാളോടൊപ്പം ഉണ്ടായിരുന്നത് ഗൗരിക്കുട്ടി ആയിരുന്നു. എന്നാൽ കൂട്ടത്തിലൊരുവനായ ഗോപി ഭ്രാന്തിയുമായി മുറിയിലേക്കു പോയി. 'സഖറിയക്ക്' ഇക്കാര്യങ്ങളിൽ താത്പര്യമില്ലാത്തതിനാൽ അവൻ അവിടെ ചാരുകസേരയിലിരുന്നു. ആ സമയം അടഞ്ഞ വാതിലുകളിൽ തുടരെത്തുടരെ മുട്ടുകേൾക്കുന്നു. ഒപ്പം മാളുവമ്മയുടെ 'വാതിലു തൊറിക്കീൻ' എന്ന ശബ്ദവും കേട്ടു. പരിഭ്രമത്തോടെ മാളുവമ്മയുടെ മകൻ പറയുന്നു. 'നായന്മാർ ആളെക്കൂട്ടാൻ തുടങ്ങിയിരിക്കുന്നു'. മാളുവമ്മയുടെ മുഖത്തും പരിഭ്രാന്തി ഉണ്ടായിരുന്നു. എന്നാൽ ഗൗരിക്കുട്ടിയെ നോക്കിയ ചെറുപ്പക്കാരൻ കാണുന്നത് അവളിലെ നിസ്സംഗത ആയിരുന്നു. മറ്റൊന്നിനെക്കുറിച്ചും അവനും ആലോചിക്കുവാനുണ്ടായിരുന്നില്ല. അവന്റെ മനസ്സിൽ ഭംഗിയുള്ള വിവിധ നിറങ്ങളിലുള്ള അരപ്പട്ടകൾ മാത്രമായിരുന്നു. അത് അരപ്പട്ട കെട്ടിയവരുടെ ഗ്രാമമായിരുന്നു. 'അര വിറ്റു ജീവിക്കുന്ന പെണ്ണുങ്ങളുടെയും അരപ്പട്ട കെട്ടിയ ആണുങ്ങളുടെയും ഗ്രാമം.'

കേട്ടറിവുമാത്രമുള്ള ഒരു പ്രദേശത്തിലൂടെ 'പെണ്ണിനെ' അന്വേഷിച്ചുപോകുന്ന പുരുഷന്റെ തൃഷ്ണയാണ് ഈ കഥയിലെ മുഖ്യപ്രമേയം. എന്നാൽ ഗ്രാമത്തോടടുക്കുമ്പോൾ അവർക്ക് ബോധ്യമാകുന്ന 'അരപ്പട്ടയുടെ' സാന്നിധ്യം ബിംബവത്കൃതമായ ഈ കഥയെ ഉയരത്തിൽ പ്രതിഷ്ഠിക്കുന്നു. കഥാന്ത്യത്തിൽവരെ 'അരപ്പട്ട' എന്നത് വളർന്നു വികസിക്കുന്ന ഒരു ബിംബമായിത്തീരുന്നു. 'മാളുവമ്മയും' ഗൗരിക്കുട്ടിയും രണ്ടുതലമുറകളുടെ പ്രതീകങ്ങളാണ്. സ്ത്രീയെ അടക്കിവാഴുന്ന പുരുഷമേധാവിത്തത്തിന്റെ പ്രതീകമായ 'മൂപ്പൻ' ഈ കഥയിൽ മുഖ്യസ്ഥാനത്തുണ്ട്. മാളുവമ്മയുടെ മകളെ അധീനതയിൽ വയ്ക്കുന്ന മൂപ്പൻ ആ പ്രദേശത്തിലെ വർഗീയ പ്രാതിനിത്യം വഹിക്കുന്ന കഥാപാത്രംകൂടിയാണ്. കഥയ്ക്ക് അനുയോജ്യമായ പശ്ചാത്തലസൃഷ്ടിയിൽ പത്മരാജൻ വിജയിക്കുന്ന കഥകളിലൊന്നാണിത്. അതിനുകാരണം ആഖ്യാനത്തിന്റെ പ്രത്യേകതയാണ്. ഗ്രാമത്തിലേക്കു പോകുന്ന യുവാക്കളിൽ ഒരാളാണ് കഥ പറയുന്നത്. അയാളുടെ ഇംഗിതമനുസരിച്ചാണ് യാത്ര. 'സഖറിയെ'യും ഗോപിയെയും കൂട്ടുന്നത് അയാളാണ്. ഗ്രാമത്തിലെത്തുമ്പോഴാകട്ടെ അവർക്ക് ബോധ്യമാകുന്നത്, വർഗീയചിന്തകൾ പ്രസരിപ്പിക്കുന്നത്, ഒരു വിഭാഗത്തിൽ മാത്രം ഒതുക്കാതെ 'അരപ്പട്ട' എന്ന ബിംബത്തിലൂടെ ധ്വനിപ്പിക്കുന്നു എന്നതാണ്. ഹിന്ദുമുസ്ലിം ലഹളയിലേക്ക് കളമൊരുക്കുമായിരുന്ന ഒരു വിഷയത്തെ പൊതിഞ്ഞാണ് കഥാകൃത്ത് ആഖ്യാനം ചെയ്തിരിക്കുന്നത്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഗ്രാമവാസികൾക്ക് മാളുവമ്മ എതിരാണെങ്കിലും, അവരുടെ ആജ്ഞാശക്തിയിൽ ജനം അവരോടൊപ്പമാണ്. ഇതിനു തെളിവാണ് മാളുവമ്മയെ, അതുവരെ എതിരുപറഞ്ഞു കൊണ്ടിരുന്നവർ, അവർ മൂപ്പന്റെ സമീപത്ത്നിന്ന് വന്നതിനുശേഷം അവരോടൊപ്പം നിൽക്കുന്നത്. മനുഷ്യമനസ്സുകളുടെ വിഗതികൾ മനസ്സിലാക്കാൻ ഉപകരിക്കുന്ന ഒരു കഥയാണിത്. ഉയർച്ചതാഴ്ചകളുള്ള ജീവിതംപോലെ കഥാമുഹൂർത്തങ്ങളും നിമ്നോന്നതങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. മൂപ്പന്റെ അടുത്തുനിന്ന് മടങ്ങുന്ന 'മാളുവമ്മ' ഇച്ഛാശക്തിയും തന്റേടവുമുള്ള ഒരു സ്ത്രീയാണ്. 'സ്ത്രീ' എന്നത് ഒരു ഫലിതം പോലെയാണ് മാളുവമ്മയ്ക്ക്. 'പെണ്ണിന്റെ വാശി കാരണമുണ്ടായ പുകിലുകൾ' (ഗൗരിക്കുട്ടിയെക്കുറിച്ച്) ഫലിതബോധത്തോടെയാണ് മാളുവമ്മ പറയുന്നത്. പ്രായോഗിക ജീവിതത്തിന്റെ പ്രതീകമാണ് അവർ. എന്നാൽ ഗൗരിക്കുട്ടിയുടെ അവസ്ഥ, ഈ കഥയിൽ പ്രസക്തമാകുന്നില്ല. മറിച്ച് സമൂഹത്തിന്റെ കാഴ്ചപ്പാടും അടക്കംപറച്ചിലുകളുമാണ് കഥാകൃത്ത് വരച്ചിടുന്നത്.

ബാഹ്യലോകയാഥാർഥ്യങ്ങൾ തകർന്നൊരു തറവാടിന്റെ അതിജീവനത്തിനുമേൽ, പിടിമുറുക്കുകയാണ് കഥാകൃത്ത്. മരുമക്കത്തായവ്യവസ്ഥയിലുള്ള ഒരു നായർ ത്തറവാടിന്റെ ജീർണാവസ്ഥ ഇവിടെ ആഖ്യാനം ചെയ്യപ്പെടുന്നു. മാളുവമ്മയുടെ ഭർത്താവാകട്ടെ ഈ കഥയിൽ അപ്രസക്തനും അവഹേളനാപാത്രവുമാണ്. ഭാര്യയായ മാളുവമ്മയാണ് കാര്യങ്ങൾ തീരുമാനിക്കുന്നതും നിയന്ത്രിക്കുന്നതും. അയാൾ (ഭർത്താവ്) ഒരു സാക്ഷി മാത്രമായി മാറുന്നു. ബാഹ്യലോകയാഥാർഥ്യം സമൂഹക്രമത്തിന്റെ ഭാഗമായി കഥയോടൊപ്പം നിലനിൽക്കുന്നു. മാളുവമ്മയുടെ വീട്ടിലെത്തുന്ന ചെറുപ്പക്കാർ, ഗൗരി ക്കുട്ടിയിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ പുറത്തെ പടയൊരുക്കം അവർ വിഷയ മാക്കുന്നില്ല. 'നായന്മാർ ആളെക്കൂട്ടാൻ തുടങ്ങിയിരിക്കുന്നു. അവരിത് പൊറുക്കില്ലത്രേ. അവർക്കിത് അപമാനാത്രേ' (പത്മ കഥകൾ സമ്പൂ: പുറം 588) ഈ ഒരൊറ്റ വരിയിൽ ആ ഗ്രാമത്തിലെ സദാചാരസങ്കല്പം മുഴുവനുണ്ട്. സ്ത്രീശരീരം വിൽക്കുക, പരപുരുഷ ന്മാരുമായി സംസർഗത്തിലേർപ്പെടുക എന്നിവ സദാചാരമായി കണക്കാക്കുന്ന ഒരു സമൂഹത്തിലാണ് ഇത്തരം 'ആളെക്കൂട്ടൽ' നടക്കുന്നത്. വൈയക്തികമായ താത്പര്യങ്ങൾ ക്കപ്പുറത്ത് സമൂഹം ഇത്തരം കാര്യങ്ങൾ ഏറ്റെടുക്കാൻ കാണിക്കുന്ന വീറും വാശിയും ഒരു വൈരുദ്ധ്യംപോലെ കഥയിൽ നിറഞ്ഞു നിൽക്കുന്നു.

തന്നെപ്പോലൊരു പെണ്ണിനുവേണ്ടി, ആൾക്കാർ എന്തിനാണ് വെട്ടിച്ചാകുന്നതെന്ന ഗൗരിക്കുട്ടിയുടെ ദൈന്യത നിറഞ്ഞ ചോദ്യം ഏതുകാലത്തും പ്രസക്തമാണ്. സ്ത്രീ ശരീരത്തിന്മേൽ പുരുഷനുള്ള ആധിപത്യമാണ് ഇവിടെ പ്രകടമാകുന്നത്. ഏതു കാലഘട്ട ത്തിലും സ്ത്രീപുരുഷബന്ധത്തിനിടയിൽ വന്നു ഭവിക്കുന്നതാണിത്. ആധുനികമനുഷ്യന്റെ ജീവിതാവസ്ഥയിൽ സമൂഹവും വ്യക്തിയും വേറിട്ടുനിൽക്കുമ്പോൾത്തന്നെ പരസ്പരം സാമൂഹികമൂല്യങ്ങൾക്കുമേൽ കലഹിക്കുന്ന അവസ്ഥയും കാണാൻ സാധിക്കുന്നു. ഹിന്ദു മുസ്ലീം ലഹള ഒന്നൊടുങ്ങുമ്പോൾ ഹൈന്ദവതീവ്രവാദം തലപൊക്കുന്നതിന്റെ സൂചനയായിട്ടാണ് നായന്മാരുടെ സംഘടിതനീക്കം. ശാന്തമായി വർഗീയപ്രശ്നങ്ങൾ അവസാനിക്കുന്ന ഘട്ടമാണ് ഈ കഥയിലുള്ളത്. എന്നാൽ മതബോധത്തെ കുത്തിപ്പൊക്കി ലഹളയ്ക്ക് തുടക്കമിടുന്ന ഒരു സംഘത്തെ കഥയ്ക്കൊടുവിൽ കാണാം.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പത്മരാജന്റെ ഈ കഥ, ബിംബവത്കൃതമായ ഒന്നാണ്. ഒരു ഗ്രാമം മുഴുവൻ 'അരപ്പട്ടകെട്ടിയവരു'ടേതാകുമ്പോൾ, അതിൽനിന്ന് മാറിനിൽക്കുന്നവർ വിരളമാണ്. സങ്കല്പത്തിന്റെ തലത്തിലാണ് ഇത് സംഭവിക്കുന്നത്. 'അരപ്പട്ട' എന്നത് ഒരു ബിംബം മാത്രമാണ്, എന്ന സൂചനകളോടെ ഒരു സമൂഹക്രമത്തെ അടയാളപ്പെടുത്തുകയാണ്. ഫ്യൂഡൽകാലഘട്ടത്തിന്റെ അടയാളങ്ങളും പേറി, ആഢ്യജീവിതസംസ്കാരം എത്ര ത്തോളം അധഃപതിച്ചു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഗൗരിക്കുട്ടിയെയും കൂട്ടി മൂപ്പന്റെ മാളികയിൽ പോയി മടങ്ങുന്ന 'മാളുവമ്മ'. ജീവിതക്ലേശത്തിനിടയിൽ കണ്ടെത്തിയ പിടിവള്ളിയാണ് മാളുവമ്മയ്ക്ക് മകൾ. സദാചാരബോധത്തെ 'നീട്ടിത്തുപ്പി' മറികടക്കുന്ന സ്ത്രീ ഈ കഥയിലെ ഉജ്ജ്വലമായ പ്രതീകമാണ്. സദാചാരത്തോട് ഏറ്റുമുട്ടാൻ, ഫ്യൂഡൽക്കാലത്തിന്റെ അവശിഷ്ടമായ മാളുവമ്മയ്ക്ക് കഴിയുന്നു എന്നടിത്താണ് സ്ത്രീകൾ ആർജിച്ച ശക്തിയുടെ പ്രതീകതലം പ്രകടമാകുന്നത്. അമ്മയും മകളുമായ മാളുവമ്മയും ഗൗരിക്കുട്ടിയും ഏർപ്പെട്ടിരിക്കുന്ന പ്രവൃത്തി സമൂഹദൃഷ്ടിയിൽ പാപപങ്കിലമാണ്. ഇതിലെ കഥാപാത്രങ്ങൾ ഓരോന്നും ജീവിതത്തിന്റെ കാമനകളാൽ തേഞ്ഞുതീർന്നവരാണ്. ഭ്രാന്തിയും വൃദ്ധയും മാളുവമ്മയുടെ ഭർത്താവും മകനും എല്ലാം വികലബോധത്തിന്റെയും നിസ്സഹായതയുടെയും കൂടപ്പിറപ്പുകളാണ്.

പത്മരാജൻ ഉൾപ്പെടുന്ന തലമുറയുടെ കഥകളിൽ സ്ത്രീ, ഉപഭോഗവസ്തുവായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. കാക്കനാടന്റെയും മുകുന്ദന്റെയും കഥകളിൽ കാണുന്ന അനിയന്ത്രിതമായ ലൈംഗികവാസന പത്മരാജന്റെ കഥകളിലുമുണ്ട്. എന്നാൽ അത്തരം സ്ത്രീകളെ സമൂഹത്തിന്റെ അടരുകളോടൊപ്പം ആവിഷ്കരിക്കുന്ന കഥകൾ ചുരുക്കമാണ്. പരാജിതരായവരുടെ ഒരു പടതന്നെയാണ് ഈ കഥയിലും കാണുന്നത്. ഭീരുത്വം അവരെ വേട്ടയാടുന്നത് അവരിൽ സമൂഹചിന്ത ഉണരുന്നതുകൊണ്ടാണ്. യുവാക്കളോടൊപ്പമുള്ള ഗോപിയെ അലട്ടുന്നതും ഭീതിയും അരുതാത്തത് ചെയ്യുന്നു എന്ന ബോധ്യവുമാണ്. അയാൾ ആ സംഘത്തിൽനിന്ന് കുതറി തിരിച്ചുപോകാൻ ശ്രമിക്കുന്നുണ്ട്. ഒടുവിലയാൾ (ഗോപി) ഭ്രാന്തിയെയാണ് തെരഞ്ഞെടുക്കുന്നത്. ലൈംഗികതയിലുള്ള അസാധരണത്വം കൊണ്ട് സംഭവിക്കുന്നതാണിത്. പത്മരാജന്റെ പല കഥകളിലും 'പെർവർഷന്' അടിമപ്പെടുന്ന യുവാക്കളുണ്ട്. ഇത് അപൂർവമായ മാനസികാവസ്ഥയെ ധ്വനിപ്പിക്കുന്നു. ഈ കഥയിലെ മൂന്നുയുവാക്കൾ മൂന്നുധ്രുവങ്ങളിൽ സഞ്ചരിക്കുന്നവരാണ്. മനോബലം കുറഞ്ഞ 'ഗോപിയും' അമിതാർത്തിയുള്ള 'കഥാനായകനും' ഒന്നിലും താത്പര്യമില്ലാത്ത 'സഖറിയാ'യും ഇതിനു തെളിവാണ്. ഇവരൊക്കെ ആധുനികകാലഘട്ടത്തിന്റെ പ്രതി രൂപങ്ങളാണ്/ നേർപ്പതിപ്പുകൾ. ആധുനികകഥാസാഹിത്യത്തിൽ ഇത്തരം കഥാപാത്രങ്ങൾ ചിരപരിചിതരാണ്. എന്നാൽ ഇവരെ കൂട്ടിയിണക്കി കഥാഗതിയെ മുന്നോട്ടു കൊണ്ടുപോകുന്ന ആഖ്യാനതന്ത്രമാണ് പത്മരാജൻ നിർവഹിച്ചിരിക്കുന്നത്. ലോകഭ്രമവും മനുഷ്യക്രമവും തമ്മിൽ ഇഴയടുക്കത്തോടെ ഈ കഥയിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. 'അരപ്പട്ടകെട്ടിയ ഗ്രാമം' ഭാവനാസൃഷ്ടിയാണെങ്കിലും മനുഷ്യസ്പർശംകൊണ്ട് അത് ഭൂമിയിലെവിടെയോ ആണെന്ന പ്രതീതി ജനിപ്പിക്കുന്നു. മാളുവമ്മയും ഗൗരിക്കുട്ടിയും മകനുമൊക്കെ ഏതെങ്കിലും ഉൾനാടുകളിൽ ഉണ്ടെന്ന വിശ്വാസം ബലപ്പെടുകയും

ചെയ്യുന്നു. കൽപ്പിച്ചുകൂട്ടി കഥാകൃത്ത് കണ്ടെത്തുന്ന സ്ഥലകാലകല്പനകൾ സാമൂഹിക പ്രശ്നത്തിലേക്ക് വിരൽചൂണ്ടുമ്പോഴാണ് കഥയ്ക്ക് ചരിത്രപരത കൈവരുന്നത്.

ഇന്ത്യാചരിത്രത്തിലെ നിർണായകമായ ഒരു കാലഘട്ടത്തിലാണ് പത്മരാജൻ ഈ കഥ എഴുതുന്നത്. രതിയുടെയും സൂക്ഷ്മാവബോധത്തിന്റെയും പച്ചമനുഷ്യരുടെയും ഗ്രാമവിശുദ്ധിയുടെയും നാഗരികതയുടെയും അവസ്ഥ ഒപ്പിയെടുക്കുന്ന കഥാകൃത്തായി, പി പത്മരാജനെ രേഖപ്പെടുത്തുമ്പോൾതന്നെ, സാമൂഹികരാഷ്ട്രീയ പ്രശ്നങ്ങളെ കലാപരമായി ആവിഷ്കരിക്കാൻ കെൽപ്പുള്ള ഒരു കഥാകൃത്തായും അദ്ദേഹത്തെ അടയാളപ്പെടുത്തേണ്ടതാണ്.

'അരപ്പട്ട'കളിലേക്കുള്ള കഥാപാത്രങ്ങളുടെ ശ്രദ്ധ കഥാകൃത്ത് ബോധപൂർവം ആഖ്യാനം ചെയ്യുന്നു. 'എനിക്ക് ആ അവസരത്തിൽ വേറൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. അതുകൊണ്ടു ഞാൻ അരപ്പട്ടകളെക്കുറിച്ച് ആലോചിച്ചുകൊണ്ടുനിന്നു. അവയുടെ ശക്തിയെക്കുറിച്ചും ഉറപ്പിനെക്കുറിച്ചും ഓർത്തുകൊണ്ടുനിന്നു. പ്രവൃത്തിമാത്രം ആവശ്യപ്പെടുന്ന വേളയിൽ ചിന്തിക്കാൻ പറ്റിയ ഒരേയൊരു വിഷയമാണ് അരപ്പട്ടകൾ എന്നെനിക്ക് തോന്നി' (പത്മ കഥകൾ സമ്പൂ: പുറം 584) ആഖ്യാതാവായ കഥാപാത്രം നിരീക്ഷണപടുവാണ്. അയാൾ സാമൂഹികക്രമത്തെ മാറ്റാനോ, രാഷ്ട്രീയ ആദർശങ്ങൾക്കു വേണ്ടിയോ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന ആളല്ല. കൗതുകം മാത്രമാണ് അയാളുടെ വിഷയം. അതുകൊണ്ടാണ് ഇങ്ങനെ ചിന്തിക്കുന്നത്. 'എനിക്ക് വേറൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. അതുകൊണ്ട് ഞാൻ വിവിധനിറങ്ങളിലുള്ള ഭംഗിയുള്ള അരപ്പട്ടകളെക്കുറിച്ച് ഓർത്തു' (പത്മ കഥകൾ സമ്പൂ: പുറം 588). കഥയ്ക്ക് അടിവരയിടുമ്പോൾ ആഖ്യാതാവിന്റെ മാനസികാവസ്ഥ വ്യക്തമാക്കാൻ ഈ വരികൾ ഉപകരിക്കുന്നു.

രചനാശില്പത്തിൽ പത്മരാജന്റെ കഥകൾ വൈവിധ്യമുള്ളവയാണ്. ഭാഷ, പ്രയോഗം, ആഖ്യാനം എന്നിവയിലുള്ള കഥാകൃത്തിന്റെ മികവ് പൂർണമാകുന്ന കഥയാണിത്. 'അരപ്പട്ട' എന്ന ബിംബത്തിന് വൈരുദ്ധ്യപ്രതീതിയാണ് ഈ കഥയിലുള്ളത്. ഒരേസമയം അത് ഉറപ്പിന്റെയും ശക്തിയുടെയും ദൃഢതയുടെയും പ്രതീകമാകുകയും അതേസമയം സ്ത്രൈണചേതന ഉണർത്തുന്ന അരപ്പട്ടയാകുകയും ചെയ്യുന്നു.

## ഗ്രന്ഥസൂചി

1. *അച്യുതൻ. എം, ചെറുകഥ ഇന്നലെ ഇന്ന് ഡി.സി. ബുക്ക്സ്, 1976*
2. *പത്മരാജൻ. പി, പത്മരാജന്റെ കഥകൾ സമ്പൂർണ്ണം, ഡി.സി.ബുക്സ്, 2008*
3. *രാജകൃഷ്ണൻ. വി, ചെറുകഥയുടെ ഛന്ദസ്സ്, മാതൃഭൂമി ബുക്ക്സ്, 1997*
4. *രാജകൃഷ്ണൻ. വി, ചെറുകഥയുടെ രാഗതാളങ്ങൾ, മാതൃഭൂമി ബുക്ക്സ്*

# ചരിത്രവും സാമൂഹികവിമർശനവും:
## വി.ഷിനിലാലിന്റെ സമ്പർക്കക്രാന്തി മുൻനിർത്തിയുള്ള പഠനം

**ഡോ. രഞ്ജു രവി**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, പി.എം. ഗവ. കോളെജ്, ചാലക്കുടി

**പ്രബന്ധസംഗ്രഹം**

സമകാലിക മലയാള നോവൽസാഹിത്യം അനുദിനം വിവിധ പരീക്ഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. യാത്രാനുഭവങ്ങളെ മുൻനിർത്തിയുള്ള നോവലുകൾക്ക് ഇക്കാലത്ത് പ്രസക്തിയേറെയാണ്. യാത്രയിലൂടെ സാമൂഹിക രാഷ്ട്രീയ സംസ്കാരിക ഇടപെടലുകളെ തൊട്ടറിയാൻ കഴിയുന്നു എന്നതാണ് ഇതിനു കാരണം. മൂന്ന് ദിവസത്തെ ട്രെയിൻ യാത്രയിലൂടെ ഇന്ത്യാചരിത്രത്തെ അടയാളപ്പെടുത്തുന്ന നോവലാണ് വി. ഷിനിലാലിന്റെ 'സമ്പർക്കക്രാന്തി'. അടിമജീവിതം മുതൽ ഇന്നത്തെ സമൂഹ്യാവസ്ഥ വരെ നോവലിൽ ചർച്ചചെയ്യുന്നു.

***താക്കോൽവാക്കുകൾ:*** രാഷ്ട്രീയം, ചരിത്രം, ദേശീയത, അധികാരം, ജാതി, മതം, കീഴാളത, അടിമവ്യവസ്ഥ, നൈതികബോധം

സമകാലികസാഹിത്യത്തിൽ ആഖ്യാനപരമായും പ്രമേയപരമായും നവീന ഭാവുകത്വം അടയാളപ്പെടുത്തിയ എഴുത്തുകാരനാണ് വി.ഷിനിലാൽ. അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് ചരിത്രം. 'സമ്പർക്കക്രാന്തി'യിലും വർത്തമാനവും ചരിത്രവും കൂടിക്കുഴഞ്ഞ ആഖ്യാനമാണ് കാണാൻ സാധിക്കുന്നത്. യഥാർത്ഥത്തിൽ ഇന്ത്യൻ ചരിത്രത്തിലൂടെയുള്ള യാത്രയാണ് സമ്പർക്കക്രാന്തി എന്ന് പറയാം.

തീവണ്ടിയുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട മലയാളത്തിലെ ആദ്യ നോവലാണ് 'സമ്പർക്കക്രാന്തി'. കൊച്ചുവേളിയിൽ നിന്നും ചണ്ഡിഗഢ് വരെ പോകുന്ന തീവണ്ടിയാണിത്. എന്നാൽ നോവലിൽ തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച് ഡൽഹിയിൽ

യാത്രയവസാനിക്കുന്നു. വിവിധദേശത്തെ ഭാഷ, സംസ്കാരം, ചരിത്രം എന്നിവയെല്ലാം നോവലിൽ കടന്നുവരുന്നുണ്ട്. സംഘമൃഗം, വിധ്വംസകജീവി, ടെറിട്ടോറിയൽ അനിമൽ എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായാണ് അദ്ദേഹം നോവൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രധാന കഥാപാത്രമാണ് കരംചന്ദ്. തന്റെ മുത്തശ്ശന്റെ ഗാന്ധിസ്നേഹത്തിന്റെ പ്രതീകമായിരുന്നു ഈ പേര്. ചരിത്രമില്ലാത്ത കുട്ടി അദ്ദേഹത്തിന്റെ ഭാവനയാണ്. എപ്പോഴും 'ഇന്ത്യ' എന്ന പുസ്തകത്തെ നെഞ്ചോട് ചേർത്തുപിടിക്കുന്ന വൈൽഡ് ഫോട്ടോഗ്രാഫർ ആയ ജോൺ എന്ന സായിപ്പ്, കാർവാലോ, എൽവിൻദാസ്, സമീറഫാത്തിമ എന്നിവരാണ് മറ്റു കഥാപാത്രങ്ങൾ. സമ്പർക്കക്രാന്തിയുടെ അവസാനം ട്രെയിനിന്റെ ചരിത്രത്തെക്കൂടി അടയാളപ്പെടുത്തുന്ന 'വാണ്ടറർ' എന്ന ആവി എൻജിൻകൂടി ഘടിപ്പിച്ചിരുന്നു. റിപ്പബ്ലിക് ദിനത്തിൽ ഡൽഹിയിൽ നടക്കുന്ന ഹെറിറ്റേജ് എഞ്ചിനുകളുടെ പ്രദർശനത്തിനായി കൊണ്ടുപോവുകയായിരുന്നു ഇത്.

വൈദേശിക ആധിപത്യത്തെക്കുറിച്ചും ജന്മിത്വസമ്പ്രദായത്തെക്കുറിച്ചും നോവലിൽ പരാമർശിക്കുന്നുണ്ട്. കടൽതീരത്ത് അടിഞ്ഞ കരിമനെ ഒരു മുക്കുവൻ എടുത്തു വളർത്തുന്നു. ഇവൻ നല്ലൊരു ഉത്പാദനോപാധിയാണെന്ന് തിരിച്ചറിഞ്ഞ ജന്മി അവനെ വിലയ്ക്ക് വാങ്ങുന്നു. അരോഗദൃഢഗാത്രനായ കരിമന് 'ഒന്നര' എന്നാണ് ജന്മി പേരിടുന്നത്. വരത്തനായതുകൊണ്ടും നാട്ടുചോരയിൽ പിറക്കാത്തവൻ ആയതുകൊണ്ടും അവന് അയിത്തം ഇല്ലായിരുന്നു. ഒരു തുലാവർഷത്തിൽ ബണ്ട് തകരുമ്പോൾ ജന്മിയെ പല്ലക്കിനൊപ്പം ഉയർത്തിയെടുത്ത് തകർന്ന ബണ്ടിന് അസ്തിവാരമിട്ടിട്ട് കരിമൻ അവിടെനിന്നും ഓടി രക്ഷപ്പെടുന്നു. തുടർന്ന്, അവൻ എത്തപ്പെടുന്നത് അറബികളുടെ കൈകളിലാണ്. അവിടെ അവൻ ജന്മിയുടെ ഉത്പാദനോപാദി എന്ന പദവിയിൽ നിന്ന് ചുമട്ടുകാരനായി മാറി.

ട്രെയിൻ എറണാകുളത്ത് എത്തുമ്പോൾ ജോണിന് കരംചന്ദ് പറഞ്ഞ് കൊടുക്കുന്നത് സമുദ്രാധിപനായ ഫ്രാൻസിസ്കോ ഡി അൽമേഡയെക്കുറിച്ചാണ്. അറബിക്കപ്പലുകളെ പറങ്കികൾ ആക്രമിച്ച് കീഴടക്കുകയും ചരക്കുകൾക്കൊപ്പം കരിമനെ അവർ ബന്ദിയാക്കുകയും ചെയ്തു. പിന്നീട് അൽമേഡ മക്കയിൽ നിന്നും വരുന്ന മാപ്പിളക്കപ്പലിനെ ആക്രമിക്കുന്നു. തീ പിടിച്ച കപ്പലിൽ നിന്ന് ആളുകൾ നടുക്കടലിലേക്ക് ചാടി. രക്ഷപ്പെടാനായി കടലിൽ ചാടിയ ഗർഭിണിയായ സ്ത്രീയെ കരിമൻ അൽമേഡയുടെ മുന്നിൽ എത്തിക്കുന്നു. അൽമേഡ അവളെ കൊന്ന് വിവസ്ത്രയാക്കി കപ്പലിൽ അണിയിച്ചു. തുടർന്ന് തലശ്ശേരിക്കോട്ട പിടിച്ചെടുത്തതിനുശേഷം വിരലിലെണ്ണാവുന്ന നാവികരുമായി അൽമേഡ യാത്രയായി. ഒപ്പം കരിമനും കൂടി. യാത്രയിൽ കരകണ്ടിറങ്ങിയ അൽമേഡയെ നരഭോജികളായ കാപ്പിരികൾ പതുങ്ങിയിരുന്ന് ആക്രമിക്കുന്നു. 'ഒരു ക്രൂരൻ ജനിക്കുമ്പോൾ വിഷം പുരട്ടിയ ഒരമ്പും ജനിക്കുന്നു. അതെയ്യാൻ ഒരു വേടനും' (സമ്പർക്കക്രാന്തി: പുറം 161). അടിമകളായ കാപ്പിരികൾതന്നെ അൽമേഡയെ കൊല്ലുന്നു.

ഷിനിലാൽ 'ഒരു ജാതിക്കളി' എന്ന അധ്യായത്തിൽ രൂക്ഷമായി ജാതിവ്യവസ്ഥയെ വിമർശിക്കുന്നു. രാഷ്ട്രീയപാർട്ടികൾ മരങ്ങളിലും വൈദ്യുതതൂണുകളിലും അതിരടയാള

മിട്ട് സംരക്ഷിക്കുന്ന ഇന്ത്യയിലെ ഒരു സ്ഥലമാണ് കണ്ണൂർ എന്നാണ് ഷിനിലാൽ കണ്ണൂരിനെ അടയാളപ്പെടുത്തുന്നത്. ട്രെയിൻ കാസർകോഡ് എത്തുമ്പോൾ അദ്ദേഹം എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് പരാമർശിക്കാനും മറക്കുന്നില്ല. 2013ൽ കൊല്ലപ്പെട്ട അന്ധവിശ്വാസങ്ങൾക്കും ദുർമന്ത്രവാദത്തിനും എതിരെ പോരാടിയ നരേന്ദ്ര ധബോൽക്കറെയും നോവലിൽ പ്രധാന കഥാപാത്രമായി ആവിഷ്കരിക്കുന്നു. 'ജ്ഞാനവൃദ്ധൻ' എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. കരംചന്ദും ജ്ഞാന വൃദ്ധനും തമ്മിലുള്ള സംഭാഷണത്തിനിടയിൽ ജനാധിപത്യം എന്താണെന്ന് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. 'ജനാധിപത്യം എന്നാൽ മുഖം മിനുക്കിയ ഏകാധിപത്യം തന്നെ. അടിസ്ഥാനപരമായി ഏകാധിപതിയായ മനുഷ്യൻ മുഖമൂടിയിട്ട് അഭിനയിക്കുന്ന വ്യവസ്ഥയാണത്. മനുഷ്യൻ സൃഷ്ടിച്ച ആശയങ്ങളെല്ലാം മനുഷ്യന്റെ തന്നെ തലച്ചോറിന്റെ സൃഷ്ടികളായതിനാൽ അത് പരിമിതമാണ്. ഒരേ രേഖയിൽ സ്ഥിതിചെയ്യുന്ന രണ്ട് ബിന്ദുക്കളാണ് ഏകാധിപത്യവും ജനാധിപത്യവും' (സമ്പർക്കക്രാന്തി : പുറം 152). ട്രെയിനിൽ നേതാവായ ദ്വിയെ ചോദ്യം ചെയ്യുന്നതും ധബോൽക്കറാണ്. സമീറ ഫാത്തിമ മുംബൈയിൽ ഇറങ്ങുന്നതിനു മുമ്പ് തന്റെ കുഞ്ഞിന്റെ പിതാവ് ഇന്ത്യക്കാരനല്ലെന്നും തന്റെ കമ്പനിയിലെ അക്കൗണ്ടന്റായ പാകിസ്ഥാനിയാണെന്നും കരംചന്ദിനോട് വെളിപ്പെടുത്തുന്നു. അവൻ വളരുമ്പോൾ ഭൂഖണ്ഡങ്ങളുടെ അതിരുകളൊക്കെ പൊടിഞ്ഞ് പോകുമെന്നും കാവൽക്കാരില്ലാതായ അതിർത്തികളിൽ അവൻ ഓടി നടക്കുമെന്നും കരംചന്ദ് സ്വപ്നം കാണുന്നു. ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായ ജലദൗർലഭ്യത്തെക്കുറിച്ചും നോവലിൽ പ്രതിപാദിക്കുന്നു. രാത്രി ട്രെയിൻ സൂറത്കലിൽ എത്തുമ്പോൾ ഒരു പയ്യൻ തീവണ്ടിയുടെ ചങ്ങല പിടിച്ചുവലിക്കുന്നു. ട്രെയിൻ നിന്നപ്പോഴേക്കും ആ പ്രദേശത്തെ ഗ്രാമീണർ കോച്ചുകളിലേക്ക് പ്രവേശിച്ച് വെള്ളം മോഷ്ടിച്ചുകൊണ്ട് ഓടുന്ന രംഗം കാർലോസ് വിശദീകരിക്കുന്നുണ്ട്.

ഒരു വ്യക്തി പെട്ടെന്ന് ഒരു കൂട്ടം ജനങ്ങളുടെ നേതാവ് ആവുകയും പിന്നീട് ഒരു രാഷ്ട്രത്തിന്റെ തന്നെ മുഴുവൻ അധികാരവും പിടിച്ചെടുക്കുകയും ചെയ്യുന്നതിന് ഉദാഹരണ മാണ് നോവലിലെ ദ്വി എന്ന കഥാപാത്രം. അദ്ദേഹം തന്റെ പ്രവർത്തനഫലമായിട്ടാണ് തീവണ്ടിയിൽ ജലം ലഭിച്ചതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയശേഷം സ്വയം നേതാ വായി ചമയുന്നു. ഗോവയ്ക്കുമുമ്പ് വരെ തീവണ്ടിയിലെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് റെയിൽവേ ഉദ്യോഗസ്ഥർ ആയിരുന്നുവെങ്കിൽ തുടർന്ന് അവരെ ബന്ദികളാക്കിക്കൊണ്ട് ദ്വി ഭരണം ഏറ്റെടുത്തു. അദ്ദേഹം 'സമ്പർക്കക്രാന്തി' എന്ന തീവണ്ടിയുടെ നാമധേയം മാറ്റി 'മഹാഭാരതം' എന്നാക്കുന്നു. കാർവലോയുടെ കൈയിൽ ഇരുന്ന റിസർവേഷൻ ചാർട്ടും ദ്വി കൈക്കലാക്കി. പെട്ടെന്ന് തന്നെ ദ്വിയ്ക്ക് അധികാരത്തിന്റെ ചുവന്ന റിബൺ അണിഞ്ഞ കിങ്കരന്മാരെ ലഭിക്കുന്നു. കിങ്കരന്മാരെ ഇന്നത്തെ രാഷ്ട്രീയണികൾ എന്ന് പറയാം. ഇക്കാലത്തെ രാഷ്ട്രീയ നേതാക്കളെപ്പോലെ ദ്വി യാത്രക്കാരെ നേരിട്ട് കാണുകയും ഓരോരുത്തരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി എല്ലാ കോച്ചുകളിലും പര്യടനം നടത്തുകയും ചെയ്യുന്നു. ദ്വി ട്രെയിൻ വൃത്തിയാക്കാൻ തീരുമാനിക്കുന്നു. 'ഞാൻ

ഈ ട്രെയിനിനെ ഒരു സ്വച്ഛ തീവണ്ടിയാക്കിമാറ്റും' (സമ്പർക്കക്രാന്തി : പുറം 165). 2014 ഗാന്ധിജയന്തിദിനത്തിൽ 'വൃത്തിയും വെടിപ്പുമുള്ള ഇന്ത്യ' എന്ന സന്ദേശവുമായി ഭാരതസർക്കാർ ഏർപ്പെടുത്തിയ 'സ്വച്ഛ്ഭാരത്' മിഷനെ ഇത് ഓർമ്മപ്പെടുത്തുന്നു. സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നുള്ള ഭയമാണ് ജനങ്ങളെ ഓരോ വ്യവസ്ഥകളോടു ചേർത്തു നിർത്തുന്നത്. ആ വ്യവസ്ഥകളെ നിലനിർത്തുന്നത് ജയിലുകളാണെന്ന് തിരിച്ചറിഞ്ഞ ദ്വി ടട കോച്ചിന്റെ ഒരു ഭാഗം ജയിലാക്കിമാറ്റുകയും ബാക്കിഭാഗം കോടതിയും അഡ്മിനിസ്ട്രേറ്റീവ് ഹെഡ്ക്വാർട്ടേഴ്സും ആക്കുന്നു. തുടർന്ന് ദ്വിയുടെ സൈന്യം രണ്ടിൽനിന്നും പതിനെട്ടായി വർദ്ധിക്കുന്നു. അവരും അധികാരത്തിന്റെ ധാർഷ്ട്യം ജനങ്ങളോട് പ്രകടിപ്പിക്കാൻ തുടങ്ങി. കോച്ചിന്റെ രണ്ടുഭാഗത്ത് രണ്ട് ടോയിലറ്റുകളുടെ വാതിലടച്ച് അതിനടുത്ത് 'നോട്ടിഫൈഡ് ജയിൽ' എന്നെഴുതിയ ബോർഡും പതിപ്പിക്കുന്നു. അദ്ദേഹം രാജ്യത്തിന് പുതിയ നിയമങ്ങൾ എഴുതി ഉണ്ടാക്കി. അത് പാലിക്കാത്തവർ കുറ്റവാളികളുമായി. കുറ്റവാളികൾക്ക് കൊടുക്കേണ്ട ശിക്ഷകളെക്കുറിച്ചും അവർ ചർച്ചചെയ്യുന്നു.

'ശരി, അപ്പോൾ നിയമലംഘകർക്കുള്ള ശിക്ഷ എന്താണ്' മറ്റൊരു കിങ്കരൻ ചോദിച്ചു.

'സാധാരണ ഞങ്ങൾ ചെയ്യാറുള്ളത്, കൂട്ടംകൂടി നിന്ന് അടിച്ചുകൊല്ലുക എന്നുള്ളതാണ്'. ഒരാൾ അഭിപ്രായപ്പെട്ടു.

'അതിനല്ലേ ഞങ്ങൾ ജയിലുകൾ പണിതത്.' ദ്വി ചോദിച്ചു.

'ജയിൽ മാത്രം പോര. ജയിൽ നിവാസികൾ തിന്ന് കൊഴുക്കുന്നതായി ഇപ്പോൾ തന്നെ പൊതുജനത്തിന് പരാതിയുണ്ട്.'

'പിഴ ചുമത്തുകയുമാവാം'. ദ്വി നിർദ്ദേശിച്ചു.' (സമ്പർക്കക്രാന്തി : പുറം 216-217)

ഷിനിലാൽ ഇപ്പോഴത്തെ സാമൂഹ്യാവസ്ഥയെ ശക്തമായ നർമ്മത്തിൽ കലർത്തി അവതരിപ്പിക്കുന്നു. ഓരോ കോച്ചിന്റെയും ഇടനാഴിയിൽ സൈനികർ അനുശാസനം പതിപ്പിച്ചു. അവർ കാഹളബഹുമാനനിയമം നടപ്പിലാക്കുന്നു. യാത്രക്കാർ തമ്മിലുള്ള ഐക്യം ബലപ്പെടുത്തുന്നതിനും വ്യവസ്ഥിതിയോട് കൂറ് പുലർത്തുന്നിനും വേണ്ടിയാണ് ദ്വി കാഹളബഹുമാനനിയമം നടപ്പിലാക്കിയത്. ഓരോ മണിക്കൂർ കഴിയുമ്പോഴും റിബൺധാരികൾ കോച്ചുകളിൽ വിസിൽ മുഴക്കും. ഇത് 'കാഹളം' എന്ന പേരിലാണ് അറിയപ്പെട്ടത്. ശബ്ദോർജ്ജത്തിന്റെ കമ്പനം മനുഷ്യമസ്തിഷ്കങ്ങളിൽ ഉളവാക്കുന്ന തരംഗങ്ങൾ പോസിറ്റീവ് എനർജി സൃഷ്ടിക്കുമെന്ന ബോധ്യമാണ് ദ്വിയെ ഈ നിയമം നടപ്പിലാക്കാൻ പ്രേരിപ്പിക്കുന്നത്. രാജ്യത്ത് കോവിഡ് കാലത്ത് നടന്ന 'പാട്ടക്കൊട്ടലി'നെ ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്. മധ്യപ്രദേശിൽ നടന്ന കർഷകസമരത്തെക്കുറിച്ചും നോവലിൽ പരാമർശിക്കുന്നുണ്ട്. നിയമത്തിനു മുമ്പിൽ ഗർഭിണിയെന്നോ വൃദ്ധരെന്നോ വിവേചനം ഇല്ലാതെ എല്ലാവരും തുല്യരായി മാറുന്നു. ദ്വി ന്യായാധിപനായി തെരഞ്ഞെടുക്കുന്നത് പാരമ്പര്യമായി പതിച്ചുകിട്ടിയ ജാത്യാധികാരത്തിന്റെ ഗർവ്വം അടയാളപ്പെടുത്തുന്ന കുടുമ ശിരസ്സിലേന്തിയ ഒരു ബ്രാഹ്മണനെയാണ്. പണ്ടുമുതലേ,

സവർണ്ണർക്കാണ് നിയമം നടപ്പിലാക്കാനുള്ള അധികാരം. ആ പതിവ് ദ്വി തെറ്റിക്കുന്നില്ല. നിയമം നിർമ്മിച്ചുകഴിഞ്ഞാൽ അത് വിധിക്കാനും വ്യാഖ്യാനിക്കാനുമുള്ള അധികാരം പൂർണ്ണമായും തന്നിൽ നിക്ഷിപ്തമാണെന്ന് ബ്രാഹ്മണൻ തന്നെ പറയുന്നുണ്ട്. നിയമങ്ങൾ തന്റെ താൽപ്പര്യം അനുസരിച്ച് വളച്ചൊടിക്കാനുള്ള അധികാരമാണ് ദ്വിയിൽ നിന്ന് ന്യായാധിപൻ നേടുന്നത്. ഇത് ഒരേസമയം ജനങ്ങളിൽ ഭീതിയും അധികാരികളിൽ ആവേശവും കൂട്ടുന്നു. ദ്വി ട്രെയിനിന്റെ സമ്പൂർണ്ണനിയന്ത്രണം ഏറ്റെടുത്തു. അയാൾ തന്റെ ക്യാബിനിൽ ഒറ്റയ്ക്കിരുന്നു. ഏറ്റവും വിശ്വസ്തരായ രണ്ട് റിബൺധാരികൾ വാതിലിനു പുറത്ത് കാവൽ നിന്നു. പെട്ടെന്ന് കൈവന്ന അധികാരവും പരിചാരകരുടെ വിധേയത്വവും അയാളിൽ അന്തർലീനമായിക്കിടന്ന ആഢ്യഭാവത്തെ ഉണർത്തി. ട്രെയിനിന്റെ ഓരോ മൂലയും അയാളുടെ മനസ്സിൽക്കൂടി കടന്നുപോയി. 'ഞാൻ ഈ മനുഷ്യരുടെ അധിപനാണ്. അവരുടെ വിധി നിർണ്ണയിക്കുന്നത് ഞാനാണ്. അവർ എനിക്ക് പരീക്ഷണമൃഗങ്ങളാണ്. ആട്ടിൻപ്പറ്റത്തെ പുല്ലാങ്കുഴൽകൊണ്ട് നിയന്ത്രിക്കുന്ന ഇടയനെപ്പോലെ സമ്മിശ്രമായ ഒരു ജനക്കൂട്ടത്തെ ഞാൻ നയിക്കും. അവർ എന്റെ മുന്നിൽ വാലാട്ടി നിൽക്കും. അതെ, ഞാനാണ് ഈ ട്രെയിൻ. എന്റെ വിരൽഞൊടികളിൽ ഈ സാമ്രാജ്യം ചലിക്കും' (സമ്പർക്കക്രാന്തി : പുറം 250). അധികാരം ലഭിക്കുമ്പോൾ രാഷ്ട്രീയനേതാക്കൾ ഏകാധിപതികളായി മാറുമെന്നതിന് ഉദാഹരണമാണ് ദ്വി എന്ന കഥാപാത്രം.

ദ്വി വ്യത്യസ്ത മതവിശ്വാസികളെ വെവ്വേറെ കംപാർട്ടുമെൻറുകളിലേക്ക് മാറ്റുന്നുണ്ട്. ഒരു കോച്ച് മുസ്ലിങ്ങൾക്കും മറ്റൊരു കോച്ച് ബുദ്ധ, ജൈന, പാഴ്സി തുടങ്ങിയ ന്യൂനപക്ഷ മതസ്ഥർക്കും വേറെയൊരു കോച്ച് ക്രിസ്ത്യാനികൾക്കും ബാക്കി കോച്ചുകൾ ഹിന്ദു യാത്രക്കാർക്കും വേണ്ടി സംവരണം ചെയ്യുന്നു. ഓരോ വ്യത്യസ്തകോച്ചുകളും ഏകതാനമായ ഒരൊറ്റ സംസ്കാരത്തെ മാത്രം പ്രതിഫലിപ്പിച്ചു. ഇവിടെ മതേതരത്വം നഷ്ടപ്പെടുന്ന രാജ്യത്തെയാണ് ഷിനിലാൽ അവതരിപ്പിക്കുന്നത്. തുടർന്ന് സ്ത്രീകളെയും പുരുഷന്മാരെയും വേർതിരിച്ച് സ്ത്രീകൾക്ക് പ്രത്യേകമായ ഒരു കാമ്പാർട്ടുമെൻറ് കൊടുക്കുന്നു. വിദൂരമല്ലാത്ത ഭൂതകാലത്ത് കൊണ്ടും കൊടുത്തും ഒരുമിച്ച് പൊരുതിയും സഞ്ചരിച്ച ഒരു സമൂഹം ഇപ്പോൾ സ്വന്തം അറകൾക്കുള്ളിലെ കപടസ്വാസ്ഥ്യത്തിന്റെ തടവറയിലേക്ക് മാറ്റപ്പെട്ടു. വ്യത്യസ്ത ജാതിമതവർഗ്ഗക്കാരുടെ കൂട്ടായ്മ എന്ന പൊതുബോധം അവിടെ നഷ്ടപ്പെടുന്നു. രോഗം ബാധിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയെന്ന ശരീരത്തിന്റെ കുഞ്ഞുബയോപ്സി പീസായി മാറുന്നു തീവണ്ടിമുറികൾ. ആണുങ്ങളെയും പെണ്ണുങ്ങളെയും വേർതിരിച്ചപ്പോൾ ദ്വിയുടെ സൈനികർക്ക് അമാനുഷി എന്ന ട്രാൻസ്ജെന്ററെ മാത്രം മാറ്റിപാർപ്പിക്കാൻ സാധിക്കുന്നില്ല. മൂന്നാം ലിംഗക്കാർ സമൂഹത്തിൽ നിന്നും പുറത്താക്കപ്പെടുന്നതുപോലെ അമാനുഷിയും ഒറ്റപ്പെട്ടു. ഹിന്ദുവോ മുസ്ലിമോ അല്ലാത്ത ആണോ പെണ്ണോ അല്ലാത്ത, അഥവാ ഹിന്ദുവും മുസ്ലീമും ആയ ആണും പെണ്ണും ആയ അമാനുഷിയെ മാത്രം കോച്ചുകളിൽ തന്നിഷ്ടപ്രകാരം സഞ്ചരിക്കാൻ സൈനികർക്ക് അനുവദിക്കേണ്ടിവന്നു.

നിരന്തരമായി ഡിസ്കവറി ചാനലിൽ മൃഗങ്ങളുടെ ആക്രമണങ്ങൾ കണ്ടു രസിച്ച ദ്വി ഹിംസയുടെ പ്രതീകമായി മാറുന്നു. ദ്വി തന്നെ ചോദ്യം ചെയ്ത ധബോൽക്കറെ കൊല്ലാൻ

തീരുമാനിക്കുന്നു. വെള്ളം കൊടുക്കുക എന്നത് സ്റ്റേറ്റിന്റെ കടമയാണ്. അത് ചെയ്യാതെ സൗജന്യമായി കിട്ടേണ്ട വെള്ളം കുപ്പിയിലടച്ച് കമ്മോഡിറ്റിയാക്കുകയും എന്നിട്ട് ഒരു തുള്ളി വെള്ളമെടുത്തവനെ ജയിലിലാക്കുകയും ചെയ്യുന്ന രാഷ്ട്രത്തിന്റെ സമ്പ്രദായത്തെ ചോദ്യം ചെയ്തതാണ് ധബോൽക്കർക്ക് എതിരെ ചാർത്തപ്പെട്ട ഒരു കുറ്റം. മറ്റൊന്ന്, പുതിയ വ്യവസ്ഥയ്ക്കെതിരെ ശബ്ദമുയർത്താൻ വിദ്യാർത്ഥികളെ പ്രേരിപ്പിച്ചതും. ചോദ്യം ചെയ്യപ്പെടുന്നവരാണ് എപ്പോഴും ആയുധങ്ങൾക്ക് കീഴടങ്ങേണ്ടി വരുന്നത്. ധബോൽക്കൽ ദ്വിയോട് പറയുന്നുണ്ട്:

'നീ ഒരൊറ്റ മനുഷ്യൻ അല്ലെന്നതുപോലെ ഞാനും ഒരൊറ്റ മനുഷ്യനല്ല. ധബോൽക്കർ എന്നത് ഒരാശയമാണ്. ആശയങ്ങൾക്ക് മരണമില്ല നിന്റെ കൈയിലുള്ള ആയുധമോ? അത് തുരുമ്പെടുത്ത് നശിക്കുന്ന ഒന്നാണ്.''

'ആയുധവും അപ്രകാരം തന്നെ വൃദ്ധാ. ഇത് വെറുമൊരു തോക്കല്ല ഈ തോക്കാണ് ഗാന്ധിയുടെ ജീവനെടുത്തത്. ആ അർത്ഥത്തിൽ താങ്കൾ വലിയ ഭാഗ്യശാലിതന്നെ.'

'എന്നിട്ട് ഗാന്ധി മരിച്ചോ? വിഡ്ഢി, ആശയങ്ങൾ തുടർച്ചയാണ്. ഒന്നിൽനിന്നും മറ്റൊന്നായി അത് ആവർത്തിച്ച് പരിണമിച്ചു വളർന്ന് പോകും' (സമ്പർക്കക്രാന്തി :പുറം 197).

വ്യക്തികൾ മാത്രമേ മരിക്കുന്നുള്ളൂ. ആശയങ്ങൾ നിലനിൽക്കുന്നു. ദ്വി യഥാർത്ഥത്തിൽ പേടിക്കുന്നത് അക്ഷരങ്ങളെയാണ്. നോവലിന്റെ മറ്റൊരു ഭാഗത്ത് ചെറുപ്പക്കാരുടെ സംഭാഷണത്തിന് ഇടയ്ക്ക് പറയുന്നുണ്ട്: ഗാന്ധിയുടെ മരണത്തെക്കാൾ പ്രാധാന്യം ധബോൽക്കറുടെ മരണത്തിനുണ്ട്. രണ്ടുപേരും കൊല്ലപ്പെടുന്നത് ഒരേ ശക്തികളുടെ കൈകൾ കൊണ്ടാണ്. എന്നാൽ രണ്ടും നടന്നത് വ്യത്യസ്ത കാലങ്ങളിലാണ്. ഗാന്ധിയുടെ മരണത്തോടെ തത്കാലത്തേക്കെങ്കിലും ഭീകരശക്തികൾ അടങ്ങുകയാണ് ചെയ്തത്. എന്നാൽ ധബോൽക്കറുടെ വധം കൊലപാതകങ്ങളുടെ ഒരു പരമ്പരയ്ക്ക് തുടക്കം കുറിക്കുകയാണ് ചെയ്തത്. കാരണം ഏതൊരു കൊലപാതകത്തെയും ഉൾക്കൊള്ളാൻ തക്കവിധത്തിൽ രാജ്യം പരുവപ്പെട്ടുകഴിഞ്ഞു.

കക്ഷിരാഷ്ട്രീയത്തിൽ നിന്ന് ഭിന്നമായി അധികാരത്തിന്റെ രാഷ്ട്രീയത്തെയാണ് നോവലിലുടനീളം ഷിനിലാൽ വിമർശിക്കുന്നത്. 'നാനാത്വത്തിൽ ഏകത്വം' മാറി 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന നയമാണ് ദ്വി എന്ന കഥാപാത്രത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. അവിടെ ജനാധിപത്യം വഴിമാറി ഏകാധിപത്യം കടന്നുകൂടുന്നു. ട്രെയിനിൽ വ്യത്യസ്തമതസ്ഥർക്ക് വ്യത്യസ്തകോച്ചുകൾ രൂപീകരിക്കുന്നതിലൂടെ നഷ്ടപ്പെടുന്നത് മതേതരത്വമാണ്. സമകാലിക ഇന്ത്യയിൽ കാശിനാഥ് എക്സ്പ്രസിൽ നടന്നതും ഇതുതന്നെയാണ്. തീവണ്ടി ഇന്ത്യയായി പരിണമിക്കുകയാണ് ചെയ്യുന്നത്. 'പാട്ടകൊട്ടലും' 'സ്വച്ഛ്ഭാരത് മിഷനും' ഇന്ത്യയിൽ നടപ്പിലായതാണ്. സമൂഹത്തിൽ ഏതെങ്കിലും നയത്തെ ചോദ്യം ചെയ്യുന്നവരെയോ അതിന് എതിരെ പ്രവർത്തിക്കുന്നവരെയോ കൊല്ലുന്നത്

ഇന്ന് സ്ഥിരം കാഴ്ചയായി മാറുന്നു. നരേന്ദ്രധബോൽക്കർ, ഗോവിന്ദ പൻസാരെ, ഗൗരിലങ്കേഷ് എന്നിവരുടെ കൊലപാതകങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. നിലവിലുള്ള നീതിന്യായ വ്യവസ്ഥയിൽനിന്ന് മാറി ആൾക്കൂട്ടം നിയമം നടപ്പിലാക്കുന്ന അവസ്ഥ ഇന്ന് ഇന്ത്യയിലുടനീളം കാണാവുന്നതാണ്. പാലക്കാട് നടന്ന മധുവിന്റെ കൊലപാതകം ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്. രാജ്യത്തിന്റെ പുതിയ വ്യവസ്ഥകൾ പൊതുജനങ്ങളെ എത്രത്തോളം ബാധിക്കുന്നുവെന്ന് ഇന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

## ഗ്രന്ഥസൂചി

1. *ഷിനിലാൽ വി., സമ്പർക്കക്രാന്തി, ഡി.സി.ബുക്സ്, കോട്ടയം, 2019*
2. *ഷിനിലാൽ വി., 124, ഡി.സി.ബുക്സ്, കോട്ടയം, 2021*
3. *ഷിനിലാൽ വി., അടി, ഡി.സി.ബുക്സ്, കോട്ടയം, 2022*

# വിവർത്തനചരിത്രത്തിലെ പെണ്ണടയാളങ്ങൾ

**ഡോ. മേരി റീമ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, സെന്റ് മൈക്കിൾ കോളെജ്, ചേർത്തല

### പ്രബന്ധസംഗ്രഹം

വിവർത്തകരും സ്ത്രീകളായ എഴുത്തുകാരും എഴുത്തിന്റെ മേഖലയിൽ രണ്ടാം പൗരത്വത്തിന് മാത്രം അർഹത നേടിയവരാണ്. അവരിൽത്തന്നെ വിവർത്തകരായ സ്ത്രീകൾ സാഹിത്യചരിത്രങ്ങളിലോ സാഹിതീയചർച്ചകളിലോ സ്ഥാനപ്പെടുകയോ അടയാളപ്പെടുകയോ ചെയ്തിട്ടില്ല. സാഹിത്യചരിത്രങ്ങളോ സാഹിത്യപഠനങ്ങളോ വിവർത്തനങ്ങളെ ഒരു സാഹിത്യഗണമായി കണ്ട് ഉൾപ്പെടുത്താറില്ല എന്നതാണ് അടിസ്ഥാനപരമായ പ്രശ്നം. സാഹിതീയതയുടെ നിർണയം മുതൽ നിലവാരത്തിന്റെ അളവുകോൽ വരെ പുരുഷാഭിരുചികൾ മാത്രമായി ചുരുങ്ങിയപ്പോൾ എഴുത്തുകാരികളുടെ പല രചനകളും സാഹിതീയതയ്ക്കും സാഹിത്യചരിത്രത്തിനും പുറത്തായി.1 സ്ത്രീകളും വിവർത്തകരും ഒരുപോലെ സാഹിത്യചരിത്രങ്ങളിൽ തിരസ്കൃതരായി. സ്ത്രീകളായ വിവർത്തകരാകട്ടെ സാഹിതീയമണ്ഡലത്തിൽ ഇരട്ടത്തമസ്കരണമനുഭവിക്കുന്നു എന്നു പറയേണ്ടിവരും. ഈയൊരു പശ്ചാത്തലത്തിൽ വിവർത്തനചരിത്രത്തിലെ സ്ത്രീകളുടെ ആദ്യശ്രമങ്ങളെ അടയാളപ്പെടുത്തുന്നത് പ്രസക്തമാണ്. സ്വതന്ത്രതർജ്ജിമകളായും സ്ഥലവും കഥാപാത്രങ്ങളും മലയാളീകരിച്ചും കഥകളെഴുതിയ ആദ്യകാല കഥാകാരന്മാരെ വിവർത്തകരായല്ല സാഹിത്യചരിത്രങ്ങൾ കണ്ടത്. എന്നാൽ എഴുത്തുകാരികൾ അപ്പോഴും വിവർത്തക എന്ന നിലയിലും സ്ത്രീ എന്ന നിലയിലും പിന്തള്ളപ്പെട്ടു. ടാഗോർകൃതികൾ, ഇംഗ്ലീഷ് നോവലുകൾ, കവിതയുടെയും നാടകങ്ങളുടെയും ലേഖനങ്ങളുടെയും പരിഭാഷകൾ തുടങ്ങി ധാരാളം വിവർത്തനങ്ങൾ മലയാളത്തിലുണ്ടായിട്ടും ചരിത്രങ്ങളൊന്നും അവയെ അർഹിക്കുന്ന വിധം സ്ഥാനപ്പെടുത്തുകയോ അടയാളപ്പെടുത്തുകയോ ചെയ്തില്ല. ഇവയുടെ വീണ്ടെടുപ്പാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

***താക്കോൽവാക്കുകൾ:*** സാഹിത്യമണ്ഡലം, വിവർത്തനം, ലിംഗഭേദം, അധികാരബന്ധം, സ്ത്രീപ്രാതിനിധ്യം, സാഹിത്യാഭിരുചി, സ്വതന്ത്രതർജ്ജിമ, മാസിക, വീണ്ടെടുപ്പ്

## വിവർത്തനപ്രക്രിയയും സ്ത്രീയും

സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന, വായനയും എഴുത്തും പ്രാപ്യമല്ലാതിരുന്ന കേരളീയസന്ദർഭത്തിൽ ഇതരഭാഷകളിലെ അവഗാഹം കൂടി ആവശ്യപ്പെടുന്ന വിവർത്തനമേഖലയിലേക്ക് സ്ത്രീകൾക്ക് പ്രവേശിക്കാനായത് ഏറെ വൈകിയാണ്. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ആനുകാലികങ്ങളുടെ പ്രചാരത്തോടെയാണ് ഇത് സാധ്യമായത്. പത്തൊൻപതാം നൂറ്റാണ്ടിൽ ആരംഭിക്കുന്നുണ്ടെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ് മലയാളത്തിൽ വ്യത്യസ്തങ്ങളായ മാസികകൾ പ്രചാരത്തിലാകുന്നത്. സാഹിത്യമണ്ഡലത്തിലേക്കുള്ള സ്ത്രീകളുടെ രംഗപ്രവേശനം സാധ്യമാക്കിയതും ആ വരവിന് ആക്കം കൂട്ടിയതും ഇരുപതാം നൂറ്റാണ്ടിലെ സാഹിത്യാനുകാലികങ്ങൾ തന്നെയായിരുന്നു. കവിത, കഥ, നോവൽ, നാടകം, നിരൂപണം എന്നിങ്ങനെ വിവിധ സാഹിത്യജനുസ്സുകളിലും വായന, എഴുത്ത്, അച്ചടി, പ്രസാധനം, വിപണി എന്നിങ്ങനെ സാഹിത്യത്തിന്റെ സാങ്കേതിക പ്രവർത്തനങ്ങളിലും സ്ത്രീകൾ സജീവമായത് അങ്ങനെയാണ്. എഴുതുക എന്ന പ്രക്രിയ തന്നെ ഇരുപതാം നൂറ്റാണ്ടിൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വെല്ലുവിളിയായിരുന്നു. സാഹിത്യരചന, വായന, സാഹിതീയ ചർച്ചകൾ, സംഘടനകൾ, അച്ചടി, പ്രസാധനം, വിപണി, വിമർശനം എന്നിങ്ങനെ നീളുന്ന സാഹിത്യരചനയുമായി ബന്ധപ്പെട്ട എല്ലാ സാങ്കേതിക പ്രക്രിയകളും പുരുഷമേഖലകളായി തുടരുന്ന ഒരു സന്ദർഭത്തിൽ ഈ ഇടങ്ങളിലെല്ലാം സവർണവും ലിംഗപരവുമായ പുരുഷാധിപത്യത്തോട് മല്ലിടുക എന്നത് സ്ത്രീകളുടെ നിരന്തരസമരമായിരുന്നു.

വിവർത്തനം കേവലമായ എഴുത്തിൽ കവിഞ്ഞ ഒരു സാംസ്കാരികപ്രക്രിയയാണ്. സംസ്കാരങ്ങളുടെ വിനിമയങ്ങളും ഇഴ ചേർക്കലുമായി നിൽക്കുന്ന ഈ പ്രക്രിയ ഭാഷയുടെയും കർതൃത്വത്തിന്റെയും പല തരത്തിലുള്ള അധികാരശ്രേണീബന്ധങ്ങളുടെ അപഗ്രഥത്തിനുള്ള സാധ്യത തുറക്കുന്നുണ്ട്. ഭാഷാപ്രയോഗങ്ങളിലും സംസ്കാരത്തിലും സർഗാത്മകതയിലും ആശയവിശദീകരണത്തിലുമെല്ലാം ഉൾച്ചേർന്നിരിക്കുന്ന ലിംഗഭേദങ്ങളെ കണ്ടെടുക്കാവുന്നതേയുള്ളൂ. സ്ത്രീ തന്നെ വിവർത്തകയായി വരുമ്പോൾ പ്രയോഗത്തിലും ആഖ്യാനത്തിലും വരുന്ന മാറ്റങ്ങളെക്കുറിച്ചും ആലോചിക്കാവുന്നതാണ്. എന്നാൽ ഇവിടെ ആദ്യകാലവിവർത്തനങ്ങളിലെ സ്ത്രീപ്രാതിനിധ്യത്തെ അടയാളപ്പെടുക മാത്രമാണ് ചെയ്യുന്നത്.

വിവർത്തനമെന്ന പ്രക്രിയ തന്നെ അധികാരബന്ധങ്ങളാലും ലിംഗഭേദത്താലും പല മട്ടിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആദ്യകാല എഴുത്തുകാരികളിൽ വിവർത്തകരായിത്തീർന്നവരെ ലിംഗാധിപത്യത്തിന്റെയും പ്രതികൂല സാമൂഹ്യഘടകങ്ങളുടെയും അതിർത്തികളെ മറികടന്നവരായാണ് കരുതേണ്ടത്. വിവർത്തനത്തിന്റെ പൂർണ്ണതയള

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ക്കാതെ തന്നെ വിവർത്തനപ്രക്രിയയിലെ പങ്കാളികളെ സർഗാത്മകരചന നിർവ്വഹിച്ച വരേക്കാൾ പരിഗണിക്കേണ്ടതല്ലേ? എന്നാൽ അങ്ങനെയുള്ള ശ്രമങ്ങളൊന്നും ചരിത്രത്തി ലില്ല. ലോകസാഹിത്യത്തിലും ഭാരതീയ സാഹിത്യത്തിലെയും മികച്ച കൃതികളെ ഭാഷാന്തരം ചെയ്ത് പിൽക്കാല കേരളീയ സർഗരചനകളിൽ പല മട്ടിൽ സ്വാധീനം ചെലുത്തിയ, സാഹിത്യാഭിരുചികളെയും സാഹിത്യാവബോധത്തെയും പുനർനിർമ്മിച്ച ഒരു പ്രക്രിയയാണ് വിവർത്തനം. ആ നിലയ്ക്ക് നോക്കിയാൽ വിവർത്തനത്തിനു സ്വീകരിച്ചകൃതിയുടെ ഭാഷ, രചയിതാവ്, ദേശം, സംസ്കാരം, ലിംഗം എന്നിവയോടുള്ള വിവർത്തകരുടെ വിനിമയങ്ങളെ മനസ്സിലാക്കാനും അതെത്രത്തോളം കേരളീയ സാഹിത്യാഭിരുചികളെ സ്വാധീനിച്ചു എന്നു മനസ്സിലാക്കാനും കഴിയും. എന്നാൽ ആദ്യകാലത്തെ സ്ത്രീവിവർത്തകരുടെ കൃതികൾ എല്ലാം ലഭ്യമല്ല. കാലാന്തരത്തിൽ അപ്രസക്തമായിത്തീർന്ന രചനകളായി കാലഹരണപ്പെട്ടെങ്കിലും ഏതെല്ലാം തർജ്ജിമകൾ നടന്നിരുന്നു എന്ന ഏകദേശവിവരങ്ങളും ഏതാനും ചില കൃതികളും ലഭ്യമാണ്. നോവൽ, കഥാവിവർത്തനങ്ങളാണ് ആദ്യകാല സ്ത്രീവിവർത്തകരുടേതായി അധികവും കാണുന്നത്.

## ആദ്യകാല സ്ത്രീവിവർത്തകരും കൃതികളും

കഥകളുടെ തർജ്ജിമകൾ പരിശോധിച്ചാൽ പല വിദേശഭാഷകളെയും തർജ്ജിമ ചെയ്ത കേരളീയ വനിതകളെ കാണാൻ കഴിയും. 1079 (മീനം പു:2 ല: 8) ലെ രസികരഞ്ജിനിയിൽ 'ലളിത' എന്ന വിവർത്തനകഥ ബി.കല്യാണിഅമ്മയാണ് രചിച്ചത്. ഒരിംഗ്ലീഷ് മാസികയിൽ നിന്നും തർജ്ജിമ ചെയ്തത് എന്നാണ് കുറിപ്പ് നൽകിയിരിക്കുന്നത് (1079 : 515) ദക്ഷിണേന്ത്യയിലെ ഒരു ഗ്രാമാന്തരീക്ഷത്തിൽ മൂന്നു ജാതിശ്രേണികളാൽ വർഗ്ഗീകരിക്കപ്പെട്ട ജീവിതചുറ്റുപാടിന്റെ പശ്ചാത്തലം അവതരിപ്പിച്ചുകൊണ്ടാണ് കഥ തുടങ്ങുന്നത്. ശൂദ്രർ എന്ന സാമാന്യനാമത്തിനു പകരം ഏറ്റവും താഴ്ന്ന വിഭാഗത്തെ 'പറയർ' എന്നാണ് കല്യാണിഅമ്മ വിവർത്തനം ചെയ്തത്. കേരളീയാന്തരീക്ഷത്തിലെ ജാതിശ്രേണീകരണത്തെ വിവർത്തക ബോധപൂർവ്വം അവതരിപ്പിക്കുന്നതു കാണാം. പതിനാലാമത്തെ വയസ്സിൽ വിധയവായിത്തീരേണ്ടി വരുന്ന ലളിതയുടെ കഥയാണ് കല്യാണിഅമ്മ വിവർത്തനത്തിനു തിരഞ്ഞെടുത്തത്. ഭർത്താവ് മരിച്ചപ്പോൾ ഒപ്പം ആത്മഹത്യ ചെയ്യാനിറങ്ങിയ അവളെ അതിൽ നിന്നും എല്ലാവരും പിന്തിരിപ്പിക്കുന്നതും പിന്നീട് ഏകാകിയാത്തീരുന്ന അവളുടെ മനോവിഷമവും കേരളീയാന്തരീക്ഷത്തിനും പരിചിതമായതുകൊണ്ടാകാം ഈ കഥ കല്യാണിഅമ്മ തർജ്ജിമ ചെയ്തത്.

'പൂ....ഊയ്....കടകടടെ....കടകടെ....വണ്ടി പതുക്കെ നീങ്ങാൻ തുടങ്ങി' എന്നിങ്ങനെ ട്രെയിൻയാത്രയെ ഇംഗ്ലീഷിൽ നിന്നും മലയാളീകരിച്ച് 'പ്രതികാരം' എന്ന ഒരു കഥ വി.ലക്ഷ്മിക്കുട്ടിഅമ്മ ബി.എ.ബി.എൽ. എഴുതിക്കാണുന്നുണ്ട് (1945 വനിതാമിത്രം ജനുവരി 1:9) ആദ്യകാല കഥകളിൽ ബഹുഭൂരിപക്ഷവും അനുകരണകഥകളായിരുന്നല്ലോ. ഇംഗ്ലീഷ് മൂലകഥയെ അതേപടി അനുകരിക്കുന്ന ഈ കഥയെ സ്വതന്ത്രവിവർത്തനകഥയായി പരിഗണിക്കാം. വിവർത്തനത്തെ സർഗാത്മകമാക്കാനുള്ള എഴുത്തുകാരിയുടെ ശ്രമം വിജയിച്ചിട്ടുണ്ട്.

സ്വതന്ത്രതർജ്ജിമകളായും സ്ഥലവും കഥാപാത്രങ്ങളും മലയാളീകരിച്ചും കഥകളെ ഴുതിയ ആദ്യകാല കഥാകാരന്മാരെ വിവർത്തകരായല്ല സാഹിത്യചരിത്രങ്ങൾ കണ്ടത്. എന്നാൽ എഴുത്തുകാരികൾ അപ്പോഴും വിവർത്തക എന്ന നിലയിലും സ്ത്രീ എന്ന നിലയിലും പിന്തള്ളപ്പെട്ടു.

'വിപദിധൈര്യം' എന്ന കഥ തർജ്ജിമയാണെന്നു മാത്രമേ രേഖപ്പെടുത്തി ക്കാണുന്നുള്ളു. മൂലഭാഷയും എഴുത്തുകാരനും അജ്ഞാതമാണ്. വിവർത്തനം ചെയ്തത് ബി. രുഗ്മിണിഅമ്മ, തിരുവനന്തപുരമാണ്. (ഭാഷാശാരദ 1090, കർക്കിടകം 1:4). ഫലിതൻ എന്ന എലിയെയും ലോമശൻ എന്ന പൂച്ചയെയും കഥാപാത്രങ്ങളാക്കിക്കൊണ്ടുള്ള കഥയാണിത്. വിനോദത്തെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രമേയങ്ങളെ മാത്രം സ്വീകരിച്ച ആദ്യകാലകഥകളുടെ ഒരു പ്രത്യേക കാലയളവിനെ പ്രതിനിധാനം ചെയ്യുന്ന കഥയായി ഇതിനെ കണക്കാക്കാം.

പുരാണകഥയെ ആധാരമാക്കിയെഴുതിയ കൃതികളുടെ സ്വതന്ത്രതർജ്ജിമകൾ മാസികകളുടെ പ്രധാന വിഭവമായിരുന്നു. ദാനം (ഒരു പുരാണകഥ) എന്ന പേരിൽ കോന്നിയിൽ കെ.മീനാക്ഷിഅമ്മ ബി.എ. എഴുതിയ കഥ 1102 ൽ മഹിളാമന്ദിരത്തിൽ (ല:4 പു:1 ധനു) കാണുന്നുണ്ട്. ഇതു കൂടാതെ പല ഭാഷകളിൽ നിന്നും വിവർത്തനം ചെയ്ത ധാരാളം എഴുത്തുകാരികളുടെ വിവരങ്ങൾ ലഭ്യമാണ്.[3]

നോവൽ തർജ്ജിമയിൽ ഇതിനേക്കാൾ ഭാഷാവൈവിധ്യം പ്രകടമാണ്. സ്വതന്ത്ര നോവലുകളേക്കാൾ പരിഭാഷനോവലുകൾക്ക് വായനക്കാരുണ്ടായിരുന്ന ഒരു കാലമാണ് ഇത്രയേറെ വിവർത്തനങ്ങൾ മലയാളത്തിലുണ്ടാക്കിയത്. മലയാളത്തിൽ സ്വതന്ത്ര നോവലുകളേക്കാളധികം വിവർത്തനങ്ങളാണുള്ളത്. അതും പലതരത്തിൽ ചിലത് സ്വതന്ത്രതർജ്ജിമ, മറ്റ് ചിലത് പദാനുപദതർജ്ജിമ, വേറെ ചിലത് ആശയാനുവാദം, ഇനിയും ചിലത് ആർക്കും പിടികൊടുക്കാത്തവിധത്തിൽ പലതിൽ നിന്നും പല രൂപത്തിൽ അപഹരിച്ചിട്ടുള്ളവ ഇങ്ങനെ വിവിധ രൂപങ്ങളായ വിവർത്തനങ്ങൾ ഭാഷയിൽ ഉണ്ടായിട്ടുണ്ട്. (ചുമ്മാർ ടി.എം., 1964 : 131).

ബംഗാൾ നോവലുകളുടെ തർജ്ജിമകളാണ് ഏറ്റവുമധികം കാണുന്നത്. ഇതിൽ ടി.സി. കല്യാണിഅമ്മക്ക് സവിശേഷമായ സ്ഥാനമുണ്ട്. ബങ്കിം ചന്ദ്രചാറ്റർജിയുടെ വിഷവൃക്ഷം (1913) കൃഷ്ണകാന്തന്റെ മരണപത്രം എന്നിവ മികച്ച വിവർത്തന കൃതികളാണ്. കല്യാണി അമ്മയുടെ വിവർത്തനത്തെക്കുറിച്ച് പല സാക്ഷ്യപത്രങ്ങളുമുണ്ട്. കല്യാണി അമ്മയെക്കുറിച്ചുള്ള വള്ളത്തോളിന്റെ മംഗളപത്രം ചുമ്മാർ സാഹിത്യചരിത്രത്തിൽ ഉദ്ധരിക്കുന്നതിങ്ങനെയാണ്:

> 'ഇല്ലാ കർക്കശവക്രതാദി ചെറുതും;
> ഭാവത്തിനാഴം കുറ
> ച്ചല്ലാ; ജീവിതധർമ്മ ചിന്തനമസാ
> മാന്യം നിസർഗോദിതം
> എല്ലാവർക്കും സുഗമങ്ങൾ വാക്കുകൾ മധു

പ്രായങ്ങൾ; മറ്റെന്തിനി
ചൊല്ലാമികൃതി ചൊല്ലെഴും ഭവതിപോ
ലാഹന്ത, കല്യാണിതാൻ?' (1964 : 132)

കൃഷ്ണകാന്തന്റെ മരണപത്രം കല്യാണിഅമ്മക്കുശേഷം അച്ചടിച്ചുവന്നിട്ടുണ്ട്. സി.പി. ഗോവിന്ദപ്പിള്ളയും വിവർത്തനം ചെയ്തിട്ടുണ്ട്. വിഷവൃക്ഷത്തിന്റെ വിവർത്തനത്തിൽ കേരളവർമ്മയെഴുതിയ ആമുഖക്കുറിപ്പും ടി.സി. കല്യാണിഅമ്മയുടെ വിവർത്തനപാടവത്തിന്റെ സാക്ഷ്യപത്രമാണ്. 'ലളിതമധുരങ്ങളായ പദവിന്യാസങ്ങളാൽ മലയാളഗദ്യം എഴുതുന്നതിൽ ഇതിനുമുമ്പുതന്നെ വിഖ്യാതി ലഭിച്ചിട്ടുള്ള കല്യാണിഅമ്മയെ ഈ ആമുഖോപന്യാസം മുഖേന വായനക്കാർക്ക് പരിചയപ്പെടുത്തേണ്ട ആവശ്യമേ ഇല്ല... നിർവ്യാജമായ ബുദ്ധിഗുണവും നൈപുണ്യവും ഉള്ള കല്യാണിഅമ്മയുടെ നാമധേയം കേരളീയർക്കു വാസ്തവത്തിൽ അഭിമാനജനകമായിരിക്കത്തക്കതാണെന്നുള്ളത് നിർവിവാദമാണ്.... ഇനി എന്റെ താൽപര്യം ചതോപാദ്ധ്യായന്റെ 'കപാലകുണ്ഡല' എന്ന ആഖ്യായികയെ കല്യാണിഅമ്മ ഭാഷാന്തരം ചെയ്തുകണ്ടാൽ കൊള്ളാമെന്നാണ്.' (കേരളവർമ്മ, 1979 (1913) : 1718).

വിഷവൃക്ഷത്തെക്കുറിച്ച് പി.കെ. നാരായണപിള്ള ബി.ഏ.ബി.എൽ.ഒരു നിരൂപണം ഭാഷാപോഷിണിയിൽ എഴുതിയിട്ടുണ്ട്. വിവർത്തകയെന്ന നിലയിൽ കല്യാണിഅമ്മയെ അക്കാലത്തെ അനുവാചകലോകം എത്ര അംഗീകരിച്ചിരുന്നുവെന്നതിനും ഇതര വിവർത്തകരിൽ നിന്നും കല്യാണിഅമ്മ എത്ര മുന്നിലായിരുന്നുവെന്നും ഈ നിരൂപണം വ്യക്തമാക്കുന്നുണ്ട്. ഈ ഗ്രന്ഥം മലയാളത്തിലേക്ക് തർജ്ജിമ ചെയ്ത ഭാഷാന്തരീകർത്രി, സ്വമാതൃഭാഷാ സാഹിത്യത്തിനു അമൂല്യമായ ഒരു സമ്പാദ്യത്തെ സമർപ്പണം ചെയ്തിരിക്കുന്നു. ശ്രീമതി. ടി.സി.കല്യാണിയമ്മയുടെ ചില ഗദ്യകൃതികൾ ഇതിനു മുമ്പിലും കണ്ടിട്ടുണ്ടെങ്കിലും അവയിലെങ്ങും പ്രസ്തുത ഗ്രന്ഥത്തിലെന്നപോലെ അനർഗളമായ ഭാഷാപ്രയോഗവും അക്ലിഷ്ടമായ സൗഷ്ഠവവും അകൃത്രിമമായ ശബ്ദപ്രയോഗവും ലളിതമായ വാക്യഘടനയും കണ്ടിട്ടുള്ളതായി ഓർമ്മ വരുന്നില്ല. അനാവശ്യമായി അലങ്കാരങ്ങളെ ഏച്ചുകെട്ടിയും മുച്ചാൺ നീളത്തിൽ കുറയാതെ വാക്യങ്ങളെ വളച്ചുകെട്ടിയും ഇടക്കിടയ്ക്ക് ഗീർവ്വാണഭാഷാപദങ്ങളെ വെച്ചുകെട്ടിയും ഒരു തരം ഗദ്യമെഴുത്തു പരിഷ്കാരമായി ചിലർ തെറ്റിദ്ധരിച്ചു വരുന്ന ഇക്കാലത്ത് ആ വക മിഥ്യാഭ്രമത്തിന്റെ നിഴൽ പോലും തട്ടാതെ നിസ്സർഗസുന്ദരമായ ശബ്ദപ്രയോഗചാതുര്യം കൊണ്ട് പ്രസ്തുത പുസ്തകരചന ചെയ്തിരിക്കുന്നതു വിശേഷ പ്രശംസാവിഷയമാകുന്നു. ഏവം വിധമായ രീതിയിൽ ഈ ഗ്രന്ഥകർത്രി മേലിലു പരിശ്രമിക്കുന്നതു ഭാഷാസാഹിത്യത്തിനു ശ്രേയസ്കരമായിരിക്കും' (നാരായണപിള്ള പി.കെ., 1089 (1914) : 18)

ഇത്തരത്തിൽ ടാഗോറിന്റെ പല കൃതികളും ധാരാളമായി തർജ്ജിമ ചെയ്യപ്പെട്ടിട്ടുണ്ട്. 'വീട്ടിലും പുറത്തും' (1921) എന്ന പേരിൽ അദ്ദേഹത്തിന്റെ 'ഘരേ ബാഹരേ' (1916) എന്ന കൃതി വിവർത്തനം ചെയ്തത് ബി.കല്യാണിഅമ്മയാണ്. ടി.സി. കല്യാണിഅമ്മയുടെ ഈ വിവർത്തനത്തിന് ധാരാളം വായനക്കാരുണ്ടായി. പല മാസികകളിലും പുസ്തകക്കുറിപ്പുകൾ വന്നിരുന്നു. ബംഗാളി നോവലുകൾ തോട്ടക്കാട്ട് മാധവിഅമ്മയും ടി. ദാക്ഷായണിഅമ്മയും ദേവകി നേത്യാരമ്മയും വിവർത്തനം ചെയ്തിട്ടുണ്ട്.

ഇംഗ്ലീഷ് നോവലുകൾ പരിഭാഷപ്പെടുത്തിയവരിൽ പ്രധാനികളാണ് ആനി ജോസഫ്, ജി.കമലമ്മ, കെ.ഗോമതിഅമ്മ എന്നിവർ. ആനി ജോസഫ് ഫ്രഞ്ചു നോവലിസ്റ്റ് അലക്സാണ്ടർ ഡ്യൂമസിന്റെ മൂന്നു പോരാളികൾ, മോണ്ടി ക്രിസ്റ്റോ എന്നിവരും, തോമസ് ഹാർഡിയുടെ ടെസ്സ്, തോമസ് ഹെന്റി ഹോൾകെയിനിന്റെ 'നിത്യനഗരം', തോമസ് മൻന്റെ വിശുദ്ധപാപി, ടോൾസ്റ്റോയിയുടെ അന്നകരിനിനാ തുടങ്ങി ധാരാളം കൃതികൾ വിവർത്തനം ചെയ്തു. ആനി കെ.തയ്യിൽ രണ്ട് ഇംഗ്ലീഷ് നോവലുകളും ഓരോ ഫ്രഞ്ച്, റഷ്യൻ, ഇറ്റാലിയൻ നോവലുകളും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഹിന്ദി നോവലുകളെ കെ.ഗോമതി അമ്മയും ഉമ അന്തർജ്ജനവും പരിഭാഷപ്പെടുത്തി. തീരെ പരിചിതമല്ലാത്ത നോർവീജിയൻ നോവൽ പരിഭാഷപ്പെടുത്തിയത് കോന്നിയൂർ മീനാക്ഷി അമ്മയാണ്. അമ്പലപ്പുഴ പാർവ്വതിഅമ്മാൾ കെ.പാർവ്വതിഅമ്മാൾ എന്നിവർ തമിഴ്നോവലുകളും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

കവിതയുടെയും നാടകങ്ങളുടെയും ലേഖനങ്ങളുടെയും പരിഭാഷകൾ തീരെ കുറവല്ല. ഗ്രീക്ക് കവിതകൾ വരെ പരിഭാഷപ്പെടുത്തിയ എഴുത്തുകാരികൾ നമുക്കുണ്ടായിരുന്നു. അങ്ങനെയൊരാളാണ് ജി.കമലമ്മ. കോന്നിയൂർ മീനാക്ഷിഅമ്മ നോർവീജിയൻ നാടകം പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

വായിച്ച ഇംഗ്ലീഷ് മാസികകളിൽ നിന്നും പുസ്തകങ്ങളിൽ നിന്നും സാമൂഹിക സാഹിത്യ പ്രസക്തിയുള്ള ലേഖനങ്ങൾ തർജ്ജിമ ചെയ്ത ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുന്ന രീതി അന്ന് സാധാരണമായിരുന്നു.

സാഹിത്യകേരളം 1930 മാർച്ച് (പു: 1, ല:3) ൽ കൈത്തൊഴിലും മാതൃഭൂമിയും എന്ന ലേഖനം ശ്രീമതി ചെങ്കുളത്ത് മാധവിഅമ്മ തമിഴിൽ നിന്നും പരിഭാഷപ്പെടുത്തി ചേർത്തിരിക്കുന്നത് കാണാം. ശാന്ത ചാറ്റർജി ബി.എ.യുടെ ഇംഗ്ലീഷ് ലേഖനത്തെ അടിസ്ഥാനമാക്കി 'പുത്രിവേണം' എന്ന പേരിൽ മഹിളയിൽ (1922 മാർച്ച് വ:2, ല:3) മദിരാശി എൻ.ദേവകിക്കുട്ടി ലേഖനമെഴുതിയിട്ടുണ്ട്. 'ഇൻഡ്യൻ റിവ്യു'ൽ നിന്നും സംഗ്രഹിച്ച് ഭാരതമാതാവിന്റെ കഥ എഴുതിയത് പ്രസാധിക കെ.ചെല്ലമ്മയാണ്. (മഹിളാരത്നം 1916 വാല്യം 1, ലക്കം :1) സിസ്റ്റർ നിവേദിതയെക്കുറിച്ചുള്ള തർജ്ജിമ ജി.ആർ.തങ്കമ്മ ബി.എ. മഹിളാമന്ദിരത്തിൽ (1103 വാ:2 ല: 2) എഴുതിയിട്ടുണ്ട്. കെ.ചിന്നമ്മ ആരോഗ്യസംബന്ധിയായ ലേഖനം 'ജീവിതപരിപൂർണത' എന്ന പേരിൽ മഹിളാമന്ദിരത്തിൽ (1102 മേടം 1:8) പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 'വേദാന്തകേസരി' എന്ന ഇംഗ്ലീഷ് മാസികയിൽ സ്വാമി ഈശ്വരാനന്ദൻ എഴുതിയ ലേഖനം തർജ്ജിമ ചെയ്താണ് കെ.ചിന്നമ്മ മഹിളാമന്ദിരം 1103 വ: 2 ല:5,6ൽ ഹിന്ദുമതവും വിഗ്രഹാരാധനയും എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. ടാഗോറിന്റെ creative untiy എന്ന പുസ്തകത്തിൽ നിന്നും സി.നാരായണിക്കുട്ടിഅമ്മ വിവർത്തനം ചെയ്തതാണ് 'ഭവനവും ഭാമിനിയും' (മഹിള 1922, വ:11, ല:10). കെ.ചിന്നമ്മയുടെ പരാത്മപ്രേമം മഹിളാമന്ദിരത്തിൽ (1102 തുലാം 1:2) വന്ന തർജ്ജിമയാണ്. ഇംഗ്ലീഷ് മാസികയിൽ നിന്നും 'വിവാഹിതകളായ സ്ത്രീകളും ഉദ്യോഗവും' എന്ന പേരിൽ സ്ത്രീ എന്ന പേരിൽ ഒരു തർജ്ജിമ മഹിള (1934, 14:8) യിൽ കാണുന്നുണ്ട്.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഇത്തരത്തിൽ ധാരാളം വിവർത്തനങ്ങൾ മലയാളത്തിലുണ്ടായിട്ടും ചരിത്രങ്ങളൊന്നും അവയെ അർഹിക്കുന്ന വിധം സ്ഥാനപ്പെടുത്തുകയോ അടയാളപ്പെടുത്തുകയോ ചെയ്തില്ല. ഇത്തരം വീണ്ടെടുപ്പുകളിലൂടെയും അടയാളപ്പെടുത്തലുകളിലൂടെയും പെണ്ണിടങ്ങൾ ചരിത്രത്തിൽ ഇടം നേടട്ടെ.

## ഉപസംഹാരം

സ്ത്രീകളും വിവർത്തകരും ഒരുപോലെ സാഹിത്യചരിത്രങ്ങളിൽ തിരസ്കൃതരായത് സ്വാഭാവികമെന്നോണമാണ്. എന്നാൽ ആദ്യകാല സ്ത്രീവിവർത്തകരുടേതായി നോവൽ കഥാ വിവർത്തനങ്ങളും കവിതയുടെയും നാടകങ്ങളുടെയും ലേഖനങ്ങളുടെയും പരിഭാഷകളും മാസികകളിൽ അച്ചടിച്ചുവന്നിട്ടുണ്ട്. മലയാളത്തിലെ ആധുനികമായ സാഹിത്യരൂപങ്ങൾക്ക് അടിസ്ഥാനമിട്ടത് ഇത്തരം വിവർത്തനങ്ങളായിരുന്നു. എങ്കിലും ഇവയൊന്നും വിവർത്തനസാഹിത്യമെന്ന ചരിത്രഗണത്തിൽ പോലും ഉൾപ്പെടുത്ത പ്പെട്ടില്ല. സാമ്പ്രദായിക ചരിത്രം തിരസ്കരിച്ച ഇവയുടെ ചരിത്രപരമായ പ്രാധാന്യത്തെ തിരിച്ചറിയാനും ഇവയെ വീണ്ടെടുത്ത് ചരിത്രത്തിലടയാളപ്പടുത്താനും ശ്രമങ്ങളുണ്ടാ വണം.

## കുറിപ്പുകൾ

1. *പ്രസ്ഥാനങ്ങളിലൂടെയുള്ള സാഹിത്യചരിത്രങ്ങളും സമ്പൂർണ്ണതയവകാശപ്പെടുന്ന സാഹിത്യചരിത്രങ്ങളും വിവർത്തനങ്ങളെ ഒഴിവാക്കി. നോവൽ വിവർത്തനങ്ങളുടെ ബാഹുല്യം കണക്കിലെടുത്തു അതിനെക്കുറിച്ചു മാത്രം ചർച്ച ചെയ്ത ഒരു സാഹിത്യ ചരിത്രമുള്ളത് ടി.എം.ചുമ്മാറിന്റെ ഭാഷാഗദ്യസാഹിത്യചരിത്രമാണ്.*
2. *മൂലഗ്രന്ഥരചയിതാവ് ജന്മിയായും വിവർത്തകൻ കുടിയാനുമായി താരതമ്യം ചെയ്തുകൊണ്ടു പല നിർവ്വചനങ്ങളും വിവർത്തനപ്രക്രിയക്കുണ്ട്. മൂലകൃതിയെ ഉല്പാദകനായ പുരുഷനോടും വിവർത്തകരെ ഉല്പന്നമായ സ്ത്രീയോടും സാമ്യപ്പെടുത്തുന്ന നിർവ്വചനങ്ങളുമുണ്ട്. ഫ്രഞ്ചുകാരനായ menage പറഞ്ഞത് വിവർത്തനം സ്ത്രീയെപ്പോലെയാണ്. സുന്ദരിയെങ്കിൽ വിശ്വസ്തയാവില്ല. വിശ്വസ്തയെങ്കിൽ സുന്ദരിയാവില്ല എന്നാണ്.*

* *John Florio- Beacuase they are necessarily 'defective' all translations are reputed females*

* *Node ward jouve - t'raslator occupies a (culturally speaking) female position.*

3. *പ്രധാനമായും മലയാളം ഗ്രന്ഥസൂചി, മാസികാസൂചികകൾ, ഗ്രന്ഥശാല ക്യാറ്റ് ലോഗുകൾ എന്നിവയെ ആശ്രയിച്ചാണ് വിവർത്തകരുടെ പേരുകൾ കണ്ടെടുത്തത് ബംഗാളി കഥകൾ തർജ്ജിമ ചെയ്തവരിൽ പ്രമുഖർ അമ്പാടി നാരായണ പൊതു വാരസ്യാർ, തരവത്ത് ജാനകിഅമ്മ, ചേർക്കിൽ പാറുക്കുട്ടിഅമ്മ എന്നിവരാണ്. സി.എൽ.മീനാക്ഷിഅമ്മ ഒരു തമിഴ്ക്കഥ പരിഭാഷപ്പെടുത്തിയതായി കാണുന്നു. രണ്ട് കഥകളാണ് അമ്മിണിക്കുട്ടി സി.തർജ്ജിമ ചെയ്തിരിക്കുന്നത്. റഷ്യൻ കഥകൾ തർജ്ജിമ ചെയ്തവരിൽ അമ്പാടി ഇക്കാവമ്മയാണ് മുന്നിൽ.അമ്പാടി നാരായണ പൊതുവാരസ്യാർ അമ്പാടി നാരായണ പൊതുവാളാണെന്ന് സംശയിക്കാം.*

## ഗ്രന്ഥസൂചി

1. *കല്യാണി അമ്മ ടി.സി; 1979 (1913) വിഷവൃക്ഷം, സാഹിത്യ പ്രവർത്തക സഹകരണ സംഘം*
2. *കേരളവർമ്മ, 1979 (1913) വിഷവൃക്ഷം (ആമുഖം)സാഹിത്യ പ്രവർത്തക സഹകരണ സംഘം*
3. *ചുമ്മാർ ടി. എം, 1964 (1955) ഭാഷാഗദ്യസാഹിത്യചരിത്രം, ഗ്രന്ഥകർത്താവിന്റെ പ്രസിദ്ധീകരണം.*
4. *ബഷീർ എം.എം., 2002, മലയാള ചെറുകഥാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ*

## ലേഖനസൂചി

1. *കല്യാണി അമ്മ ബി; ലളിത, രസികരഞ്ജിനി, 1979 മീനം പു: 2, ല:8*
2. *ചിന്നമ്മ കെ, ജീവിതപരിപൂർണത, മഹിളാമന്ദിരം, 1102 മേടം 1:8*
3. *ചിന്നമ്മ കെ, ഹിന്ദുമതവും വിഗ്രഹാരാധനയും, മഹിളാമന്ദിരം,1103, 2:5,6*
4. *ചിന്നമ്മ കെ, പരാത്മപ്രേമം, മഹിളാമന്ദിരം,1102, തുലാം, 1:2*
5. *ചിന്നമ്മ കെ, വിവാഹിതകളായ സ്ത്രീകളും ഉദ്യോഗവും, മഹിള, 1934, 14:8*
6. *ചെല്ലമ്മ കെ, ഭാരതമാതാവിന്റെ കഥ, മഹിളാരത്നം, 1916, വാ:1, ല: 1*
7. *തങ്കമ്മ ജി. ആർ, സിസ്റ്റർ നിവേദിത, മഹിളാമന്ദിരം,1103, വാ: 2, ല: 2*
8. *ദേവകിക്കുട്ടി എൻ, പുത്രി വേണം, മഹിള 1922 മാർച്ച്, വാ: 2 ല: 3*
9. *നാരായണപിള്ള പി.കെ, വിഷവൃക്ഷം ഒരു നിരൂപണം, ഭാഷാപോഷിണി,1089 ചിങ്ങം*
10. *നാരായണിക്കുട്ടി അമ്മ, ഭവനവും ഭാമിനിയും, മഹിള, 1922, 11:10*
11. *മാധവിഅമ്മ ചെങ്കുളത്ത്, കൈത്തൊഴിലും മാതൃഭൂമിയും, സാഹിത്യകേരളം 1930 മാർച്ച്, പു: 1, ല: 3*
12. *മീനാക്ഷി അമ്മ, കോന്നിയിൽ, ദാനം, മഹിളാമന്ദിരം,1102 പു: 1 ല: 4*
13. *രുഗ്മിണി അമ്മ ബി., വിപദിധൈര്യം, ഭാഷാശാരദ, 1090 കർക്കിടകം പു: 1, ല :4*
14. *ലക്ഷ്മിക്കുട്ടി അമ്മ വി, പ്രതികാരം, വനിതാമിത്രം, 1945 ജനുവരി പു: 1, ല:9)*

# കേസരി എ.ബാലകൃഷ്ണപിള്ള-ചരിത്രത്തിന്റെ ഇന്ധനവും ജീവിതാർത്ഥങ്ങളും

**ഡോ. ലക്ഷ്മി എസ്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളെജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

വർത്തമാനകാല സാമൂഹികയാഥാർത്ഥ്യങ്ങൾ എഴുത്തുകാരൻ കലയിൽ ആവിഷ്കരിക്കേണ്ടതുണ്ടെന്നും കല സാമൂഹിക പുരോഗതിക്കുവേണ്ടിയാണെന്നുമുള്ള ചിന്ത കേസരിയുടെ നിരൂപണങ്ങളുടെ കാതലായ ബോധമാണ്. കേസരിയുടെ പാരിസ്ഥിതിക നിലപാടുകളുടെ അപഗ്രഥനമാണ് പ്രബന്ധം. സാഹിത്യകൃതികളിൽ പരിസ്ഥിതിസംബന്ധമായി ഉൾച്ചേർന്നിരിക്കുന്ന ദാർശനിക, രാഷ്ട്രീയ, സാഹിത്യ സാംസ്കാരിക ഘടകങ്ങൾ ഇഴപിരിച്ചെടുത്ത് അവ മനുഷ്യസംസ്കാരരൂപീകരണത്തെ എപ്രകാരം അടയാളപ്പെടുത്തുന്നു എന്ന ചിന്ത പാരിസ്ഥിതിക സാഹിത്യവിമർശനത്തിന്റെ ഭാഗമാണ്. പരാജയ പ്രസ്ഥാനകവികൾ, കെടാമംഗലം പപ്പുക്കുട്ടിയുടെ 'കടത്തുവഞ്ചി'ക്കെഴുതിയ അവതാരിക, വിചാരവിപ്ലവം, സാഹിത്യസങ്കേതങ്ങളും സയൻസും എന്നീ ലേഖനങ്ങളാണ് പഠനത്തിനായി ഉപയോഗിച്ചത്.

***താക്കോൽവാക്കുകൾ:*** പ്രകൃതി, പരിസ്ഥിതി, ചരിത്രം, അധികാരം, അന്യവൽക്കരണം

മൂലധനശക്തികളുടെ നിർമ്മിതേച്ഛകളാണ് ഇന്ന് പൊതുവികസനവും ജീവിത വളർച്ചയുമായി ആഘോഷിക്കപ്പെടുന്നത്. നിശ്ചലമാകുന്ന അപരജീവിതങ്ങളുടെ ലോകം ഒരു സംഘർഷരാഷ്ട്രീയമായി എഴുത്തുകാരൻ ഉയർത്തിക്കൊണ്ടുവരുന്നു. നാണയ പ്പെരുപ്പത്തിന്റെ അധികാരാഖ്യാനങ്ങൾ ലോകഭരണകൂടത്തെപ്പോലും ക്രമവത്കരിക്കുമ്പോൾ മുന്നോട്ടു വയ്ക്കുന്നത് ജീവിത സുസ്ഥിരതകളും പണ ഇച്ഛകളുടെ അധികാര താൽപര്യവുമായിരുന്നു. ഇവിടെ തീർച്ചയായും പ്രകൃതിയും അടിസ്ഥാനമനുഷ്യനും ഉപഭോഗവസ്തുവായി മാറ്റിത്തീർക്കപ്പെടുന്നു. പാരിസ്ഥിതികമായ ദർശനബോധം ലഭിച്ച

എഴുത്തുകാരൻ വർത്തമാനസംസ്കാരവുമായി ഏറ്റുമുട്ടുമ്പോഴുണ്ടാകുന്ന സൃഷ്ടികൾ പാരിസ്ഥിതികസാഹിത്യത്തിനു മുതൽക്കൂട്ടാണ്. പരിസ്ഥിതികബോധമുള്ള സാഹിത്യ സൃഷ്ടികൾ പാരമ്പര്യത്തിലേക്കും ചരിത്രത്തിലേക്കുമുള്ള പിൻമടക്കമല്ല ലക്ഷ്യമിടുന്നത്. പകരം നിലനിൽപ്പിനുവേണ്ടിയുള്ള പ്രതിരോധമാണ്. ഇന്ത്യൻ മതാചാരങ്ങളിലാകട്ടെ ഇന്ത്യയുടെ തന്നെ വിഭിന്ന പ്രാദേശിക ഭൂമിശാസ്ത്രാനുഷ്ഠാന സങ്കൽപ്പനങ്ങളിലാകട്ടെ പ്രകൃതിയുടെ വ്യക്തവും ഔചിത്യപൂർണ്ണവുമായ സ്വാധീനം അടയാളപ്പെടുത്തുന്നതു കാണാം. ഇന്ത്യൻ ജീവിതസാഹചര്യങ്ങളുടെ വ്യാഖ്യാനം എന്ന നിലയിൽ ഉൽപ്പന്ന മായിട്ടുള്ള സാഹിത്യത്തിലും ഈ സ്വാധീനം വളരെ വ്യക്തമായിട്ടുണ്ട്. എല്ലാ കാലഘട്ട ത്തിലും ഇത് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജീവിതസാഹചര്യ വ്യതിയാനത്തിൽ കൂടി പരിണാമപ്പെടുകയും ചെയ്യുന്നു. കേവല സൗന്ദര്യമോ കേവല ലോകമോ ആഗ്രഹിച്ച് ഭാവികാലജീവിതത്തെ നിഷേധിക്കുന്ന ഏതൊരെഴുത്തുകാരനും പ്രകൃതിയെ പരാമർശിക്കാതെ വൈയക്തിക ജീവിതത്തിലേക്ക് ചുരുങ്ങിപ്പോകാം. എന്നാൽ ഒരു യഥാർത്ഥ ജീവിതവിമർശകൻ ലോകക്രമങ്ങളുടെ നിയന്ത്രിതാക്കളിലേക്ക് ആഴത്തിൽ പ്രജ്ഞകൊണ്ട് പരക്കുകയും അതിന്റെ ജീവിതവിരുദ്ധതകളെ പൊളിച്ചു കാട്ടുകയും ചെയ്യുന്നു. മനുഷ്യചരിത്രവും വിജ്ഞാനസ്രോതസ്സുകളുമാണ് അതിന് ഇന്ധനം. അത്തരത്തിൽ ഭൂതകാലത്തെ മനസ്സിലാക്കി വർത്തമാനകാലത്തിൽ നിന്ന് ഭാവിയിലേയ്ക്ക് സഞ്ചരിക്കുന്ന ജീവിതാവബോധത്തിന്റെ പേരാണ് കേസരി എ. ബാലകൃഷ്ണപിള്ള.

ചരിത്രത്തെ മനുഷ്യജീവിതയഥാർത്ഥ്യമായി കാണുകയും പുരോഗമനജീവിതത്തിന്റെ ഇച്ഛയും സൗന്ദര്യശാസ്ത്രവുമായി വികസിപ്പിക്കുകയുമാണ് കേസരി ചെയ്തത്. മലയാളത്തിൽ ഇത് ആദ്യമായി ചെയ്തതും കേസരി എ. ബാലകൃഷ്ണപിള്ളയാണ്. സമദർശി, പ്രബോധകൻ, കേസരി എന്നിവയുടെ പത്രാധിപരായിരുന്നു അദ്ദേഹം. പാശ്ചാത്യസാഹിത്യത്തിലെ ഉദാത്തമായ സാഹിത്യമാതൃകകളും സാഹിത്യപ്രസ്ഥാന ങ്ങളും മലയാളസാഹിത്യത്തിന് പരിചയപ്പെടുത്തി. രാജരാജീയം, രൂപമഞ്ജരി, നോവൽപ്രസ്ഥാനങ്ങൾ, സാങ്കേതികനിരൂപണം. നവലോകം എന്നിവയാണ് കേസരിയുടെ വിമർശന ഗ്രന്ഥങ്ങൾ. കടത്തുവഞ്ചി, മണിനാദം, നിമിഷം എന്നീ കൃതികൾക്ക് കേസരി എഴുതിയ അവതാരികകൾ സാഹിത്യസംബന്ധമായ ആധികാരിക പഠനമാണ്. മന:ശാസ്ത്രം, ചരിത്രം, നിയമം ഭാഷാശാസ്ത്രം, വൈദ്യവിജ്ഞാനം സാമൂഹിക വിജ്ഞാനം, ചിത്രകലയും അതിന്റെ അപഗ്രഥനാത്മക വിശദീകരണങ്ങളും, ജ്യോതിശാസ്ത്രം രാഷ്ട്രതന്ത്രം, നരവംശശാസ്ത്രം, പുരാവസ്തുവിജ്ഞാനീയം ഇങ്ങനെ ബഹുസ്വഭാവമാർന്ന വൈജ്ഞാനിക മേഖലകളിൽ കേസരി വ്യാപിച്ചു. കേസരിയുടെ അന്തർ വൈജ്ഞാനികസ്വഭാവമുള്ള സാഹിത്യവിമർശനം അങ്ങനെ സാംസ്കാരിക വിമർശനമായി മാറുന്നു. സാമൂഹികജീവിതത്തിന്റെ പുരോഗമനാത്മകമായ പോക്കിനെ അസ്ഥിരപ്പെടുത്തുന്ന അംശങ്ങളെ കണ്ടെത്തി വിശകലനം ചെയ്യുന്ന കേസരിയുടെ നിരൂപണബോധത്തിൽ മനുഷ്യനെയും അവന്റെ സാഹചര്യങ്ങളെയും സമീകരിക്കുന്ന പാരിസ്ഥിതിക ദർശനം പ്രകടമാണ്. 'പരാജയ പ്രസ്ഥാനകവികൾ', കെടാമംഗലം പപ്പുക്കുട്ടിയുടെ 'കടത്തു വഞ്ചി'ക്കഴുതിയ അവതാരിക, 'വിചാര വിപ്ളവം', 'സാഹിത്യ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സങ്കേതങ്ങളും സയൻസും', 'കാളിദാസൻ' എന്നീ ലേഖനങ്ങൾ മുൻനിർത്തിയാണ് കേസരിയുടെ പാരിസ്ഥിതിക ദർശനം പഠനവിധേയമാക്കുന്നത്.

## പരാജയപ്രസ്ഥാന കവികൾ

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം സങ്കീർണ്ണമായ പ്രശ്നമാണെന്ന നിലപാട് കേസരിയുടെ നിരൂപണത്തിലുണ്ട്. 'പരാജയപ്രസ്ഥാനകവികൾ' എന്ന ലേഖനത്തിൽ അദ്ദേഹം ഇപ്രകാരം എഴുതുന്നു. 'മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം, പ്രകൃതിയുടെ സ്വഭാവം, വ്യക്തിയും സമുദായവും തമ്മിലുള്ള പോരാട്ടം, വ്യക്തികളുടെ ഇടയ്ക്കുള്ള ഉച്ചനീചത്വം ഇത്യാദി വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രശ്നത്തിന് അന്ത്യ പ്രശ്നം (Problem of finality) എന്ന് സാമാന്യമായി പേരിടാവുന്നതാണ്. ഈ അന്ത്യ പ്രശ്നത്തെപ്പറ്റിയുള്ള വ്യക്തികളുടെ വർദ്ധിച്ചുവരുന്ന വിശ്വാസങ്ങളുടെ സമുച്ചയമാണ് കാവ്യം എന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.' (1984:466).

ഇവിടെ പ്രകൃതി /മനുഷ്യൻ, വ്യക്തി / സമൂഹം എന്നിവ തമ്മിലുള്ള അന്തരത്തിന്റെ ഫലമായി ഉണ്ടാകുന്ന ക്രമരഹിതമായ അവസ്ഥ കൃതിയിലും എഴുത്തുകാരനും ഉണ്ടാകേണ്ടതുണ്ട്. ഇതു പോലെ തന്നെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിൽ സംഘർഷമുണ്ടാകുന്നത് ഒന്ന് മറ്റൊന്നിന്റെ വികസിതമായ അന്തരീക്ഷത്തിന് ഉപയുക്തമാക്കാതെ ഒന്നിന്റെ മാത്രം (അത് പ്രകൃതിയോ മനുഷ്യനോ ആകാം) ജൈവപരമായ വികാസത്തിന് പ്രാധാന്യം നൽകുമ്പോഴാണ്. അവിടെ ആത്യന്തികമായി ഉണ്ടാകുന്ന ഫലം മനുഷ്യനും പ്രകൃതിയും ഒരന്ത്യപ്രശ്നമായി മാറും എന്നുള്ളതാണ്. ഇത് പരാജയപ്രസ്ഥാന കവികളെക്കുറിച്ചുള്ള സത്താപരമായ വിശദീകരണം മാത്രമാകുന്നില്ല. മുൻസൂചിപ്പിച്ചതുപോലെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന്റെ അനുപേക്ഷണീയതകൂടി വിശദമാക്കുന്നുണ്ട്.

കേസരി 'അന്ത്യപ്രശ്ന'ത്തിൽ (problem of finality)പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ അപഗ്രഥനാത്മകമായ ഒരന്തരീക്ഷത്തിൽ ഉപയോഗപ്പെടുത്തുന്നു. മനുഷ്യ പ്രകൃതി പാരസ്പര്യത്തിലെ ഊഷ്മള ബന്ധമാണോ കാലികമായ സാഹചര്യത്തിലെ ശിഥില ബന്ധമാണോ കേസരി ഇവിടെ നിബന്ധിക്കുന്നത് എന്നതിന് വ്യക്തതയി ല്ലെങ്കിലും ഒരു വസ്തുത വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അത് പ്രകൃതിയും എഴുത്തുകാരനും തമ്മിലുള്ള ബന്ധത്തിലെ സങ്കീർണമായ അവസ്ഥ ആയിരിക്കും ആ കർതൃത്വനിർമ്മിതിയുടെ പ്രധാന രാസത്വരകം (catalyst) എന്നതാണ്. പരാജയപ്രസ്ഥാന കവികളെക്കുറിച്ചാണ് കേസരി അന്ത്യപ്രശ്നം അവതരിപ്പിക്കുന്നത് എന്നതുകൊണ്ട് തന്നെ പ്രകൃതിയും കവിയും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം വലുതാണ്. കാരണം 'ഒരു കാല്പനിക കവിക്ക് പ്രപഞ്ചം ഒരു പ്രശ്നമായിരിക്കുമെന്ന്' (1984:466) നിരൂപകൻ വാൾട്ടർ പേറ്ററുടെ അഭിപ്രായം അദ്ദേഹം ചൂണ്ടിക്കാട്ടുന്നുമുണ്ട്. ഇത്തരത്തിൽ 'പരിസ്ഥിതി' എന്ന താൻ ജീവിക്കുന്ന സമുദായവും അധികാര ചുറ്റുപാടുകളും പ്രകൃതിയും എല്ലാമടങ്ങുന്ന ബഹുസ്വരമാർന്ന അനുഭവസഞ്ചയത്തിൽ നിന്നുണ്ടാകുന്ന സംഘർഷവും പ്രശ്നങ്ങളു മാണ് ഒരെഴുത്തുകാരനെ സംബന്ധിച്ച് അയാളെ നിർമ്മിക്കുന്ന ഘടകം. ഈ ഘടകങ്ങളു

മായി സമരസപ്പെട്ട് പോകുന്ന എഴുത്തുകാരൻ അയാൾ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽ ആഘോഷിക്കപ്പെടുന്ന ഒരു കർതൃത്വമായി പരിഗണിക്കപ്പെടാം എന്നാൽ കേസരി സൂചിപ്പിക്കുന്ന പരാജയപ്രസ്ഥാനകവികൾ (ഇടപ്പള്ളി /ചങ്ങമ്പുഴ) വ്യക്തിപരമായി തങ്ങൾ ജീവിച്ചിരുന്ന കാലഘട്ടത്തിൽ വിജയികളാകാതിരുന്നത് മുൻപറഞ്ഞ പാരിസ്ഥിതികഘടകങ്ങളോട് സമരസപ്പെടാതെ അവയോട് ഏറ്റുമുട്ടി സ്വയം അന്യവൽക്കരിച്ചതുകൊണ്ടാണ്. ശ്രദ്ധേയമായ ഒരു കാര്യം, ഈ അവസരത്തിൽ അവർക്ക് അഭയസ്ഥാനം പ്രകൃതിയായിരുന്നു എന്നതാണ്. ഇടപ്പള്ളിയെയും ചങ്ങമ്പുഴയെയും പോലെ ജീവിച്ചിരിക്കുന്ന കാലത്ത് ഉന്നത വിജയികൾ ആകാതെ സമുദായത്തിന്റെ പൊതു സ്വീകാര്യതയിൽ നിന്ന് മാറ്റപ്പെട്ട എഴുത്തുകാർക്ക് പ്രകൃതി സംവദിക്കാനും അഭയമേകുവാനുമുള്ള ഇടമായിരുന്നു.

## ശാസ്ത്രബോധവും പ്രകൃതിയും

കെടാമംഗലം പപ്പുക്കുട്ടിയുടെ 'കടത്തുവഞ്ചി'ക്ക് എഴുതിയ അവതാരികയിലാണ് ശാസ്ത്രബോധവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചില നിലപാടുകൾ അവതരിപ്പിക്കുന്നത്. ശാസ്ത്രം വിജ്ഞാനശാഖോപസമ്പന്നമായി മാറുമ്പോൾ മനുഷ്യപ്രജ്ഞയെ മാത്രമല്ല പ്രകൃതിയുടെ പ്രജ്ഞയെപ്പോലും മുൻകൂട്ടി കണ്ടറിയുകയും പ്രകൃതിയ്ക്കുള്ളിലേയ്ക്ക് കയറി അധികാരസ്ഥാനം പ്രകൃതിക്കുമേൽ മനുഷ്യൻ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും എന്ന് കേസരി നിരീക്ഷിക്കുന്നുണ്ട്, അതിപ്രകാരമാണ്, 'ശാസ്ത്രീയ മാർഗത്തിന്റെ അന്തിമമായ ഉദ്ദേശ്യം ശാസ്ത്രീയവാദങ്ങളുടെ സൃഷ്ടിയാണ്. നമുക്കറിയാവുന്ന പ്രകൃതി സംഭവങ്ങളെ ഒരേ മുറയിലോ ഓരോ നിലയിലോ ഉള്ളവയാക്കുന്നതും ഏതൽപര്യന്തം നിരീക്ഷണത്തിന് വിധേയമാകാതെയിരിക്കുന്ന പ്രകൃതി സംഭവങ്ങളെ പ്രവചിക്കുന്നതുമാണ് ശാസ്ത്രീയവാദത്തിന്റെ ജോലി' (1984:542). ജൈവസത്താപരമായ പ്രകൃതിവാസനകളെ തിരിച്ചറിഞ്ഞ് അതിനെ ക്രിയാത്മകമായി അപഗ്രഥിച്ച് മനസ്സിലാക്കി പുതിയതായി നിഗമനങ്ങളിലെത്തുന്ന തലം ശാസ്ത്ര മാർഗ്ഗത്തിനുണ്ട്. ഇങ്ങനെ കേസരി പറയുമ്പോൾ പുരോഗമനാത്മകമായ പ്രകൃതിബോധ ത്തിന്റെ ഒരു തലം കൂടി അനാവൃതമാകുകയാണ്. പൂർവ്വനിശ്ചിതമായി ഭൂമിയെക്കുറിച്ചുള്ള സങ്കല്പം, ഭൂമിയുടെ ഉല്പത്തിയെക്കുറിച്ചുള്ള സങ്കല്പം, ജീവിവർഗത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള സങ്കല്പം മുതലായവ മത ചിന്തയിൽ അധിഷ്ഠിതമായിരുന്നു. എന്നാൽ പ്രതിരോധം എന്ന നിലയിൽ ഇവ ശാസ്ത്രീയ വിശകലനത്തിന് വിധേയമാണ്. ഇത് മതാധിഷ്ഠിത ഉല്പത്തി ചിന്തകൾക്ക് വിരുദ്ധവുമാണ്. യാഥാർത്ഥ്യനിഷ്ഠവും ശാസ്ത്രീയാധിഷ്ഠിതവുമായ മാർഗത്തിൽ ചരിത്രത്തെയും പ്രകൃതിയെയും മനുഷ്യ നെയും അപഗ്രഥിക്കുന്നതാണ് മനുഷ്യപുരോഗതിയുടെ ശേഷിയെ വർദ്ധിപ്പിക്കുക എന്ന അഭിപ്രായമാണ് കേസരിക്കുള്ളത്. ഇത് ചരിത്രത്തെ മാത്രമല്ല ഭാവിയുമായി ബന്ധപ്പെട്ടു കിടക്കുന്ന മനുഷ്യപ്രകൃതി ജീവിതത്തെക്കൂടി പുരോഗമനപരമായ തലത്തിലേയ്ക്കാണ് എത്തിക്കുക. ഈ ശാസ്ത്രീയ സംവാദങ്ങൾക്കും അപഗ്രഥനത്തിനും അത്യന്താപേക്ഷിത മായി ഉണ്ടായിരിക്കേണ്ടത് പ്രകൃതിയുടെ സാമീപ്യമാണ്. സ്വാഭാവികമായും അതിന്റെ സന്തുലിതാവസ്ഥയും സ്ഥിരസ്വഭാവവും നിലനിർത്തിയാൽ മാത്രമേ മനുഷ്യജീവിതം

സുസ്ഥിരമാകുകയുള്ളൂ. അതായത് ശാസ്ത്രീയ വാദത്തിന് കേസരി പ്രാമുഖ്യം കൊടുക്കുമ്പോൾ തന്നെ പ്രകൃതിക്കും അതിന്റേതായ പ്രാതിനിധ്യം അദ്ദേഹം നൽകുന്നുണ്ട്. ഇതിലേതെങ്കിലും ഒന്നിന്റെ വികാസം മാത്രം മനുഷ്യജീവിതത്തിന്റെ വളർച്ചയ്ക്ക് കാരണമാകുന്നില്ല, അത് പ്രതിരോധമാവുകയേയുള്ളൂ എന്ന് അദ്ദേഹത്തിന്റെ നിലപാടിൽ നിന്ന് വായിച്ചെടുക്കാം. അതായത് അനുദിനം ശിഥിലമാകുന്ന പ്രകൃതിവ്യവസ്ഥയിൽ ശാസ്ത്രസാങ്കേതികമേഖല മാത്രം വികസിതമാകുന്നതുകൊണ്ട് അർത്ഥമില്ല. അതിന് അതിന്റെ സൈദ്ധാന്തികതലം പ്രയോഗിക്കുവാനുള്ള സ്ഥലം ഇല്ലാതാവുന്ന അവസ്ഥയിൽ പ്രസക്തി നഷ്ടപ്പെടും.

ഇവിടെ ശാസ്ത്രം മനുഷ്യന്റെ ആവാസവ്യവസ്ഥയെ അധീനപ്പെടുത്തുന്ന ഒരു സങ്കേതം എന്ന നിലയിൽ മാത്രം കാണുവാൻ പാടില്ല എന്ന് അർത്ഥം സൂചിപ്പിക്കുന്നു. ഈ നിലപാട് തന്നെ മനുഷ്യവർഗ്ഗത്തെ സംബന്ധിച്ചും കേസരി മുന്നോട്ടുവയ്ക്കുന്നുണ്ട്. അനേകം ജന്തുവർഗ്ഗങ്ങളടങ്ങുന്ന ലോകത്തിലെ ഒരു ജാതി മാത്രമാണ് മനുഷ്യൻ. അവനുമാത്രം ജീവിക്കുവാനുള്ള ഇടമല്ല ലോകം. 'വിചാരവിപ്ലവം' എന്ന ലേഖനത്തിൽ കേസരി എച്ച്.ജെ മുള്ളറുടെ ആശയപ്രസ്താവത്തെ മുൻനിർത്തി ഇപ്രകാരം സമർത്ഥിക്കുന്നുണ്ട്. 'ജന്തുവർഗ്ഗത്തിന്റെ ഒരു ജാതിയെന്നനിലയ്ക്ക് മനുഷ്യൻ വിശ്വത്തിന്റെ ഇടനാഴിയിലൂടെ പ്രതിദ്ധ്വനിച്ചേക്കാവുന്ന മഹാകാവ്യസ്വരത്തോടുകൂടിയ ഒരു സാഹസികയാത്രയുടെ ആരംഭത്തിലെത്തിയിരിക്കുന്നു' എന്ന് 1939 ലെ മഹായുദ്ധത്തിന് ഏതാനും വർഷങ്ങൾക്കു മുമ്പ് വരെ വാസ്കോവിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്സ്പിരിമെന്റൽ ബയോളജിയിലെ ഒരു ഗവേഷക പ്രൊഫസറായിരുന്ന എച്ച്.ജെ മുള്ളർ തന്റെ 'ഇരുട്ടിൽ നിന്ന്' എന്ന അതിസ്മരണീയമായ ഉപന്യാസസമാഹാരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്' (1984:851).

ലോകജീവിതക്രമത്തിന് പാരിസ്ഥിതികമായ ഒരു അന്തസത്തയുണ്ട്. അവിടെ മനുഷ്യവർഗ്ഗം പ്രത്യേകമായ പരിഗണന കൊണ്ട് ശ്രേഷ്ഠമാകുന്നുണ്ട്. ആ ശ്രേഷ്ഠത മറ്റൊന്നിൽ അധിനിവേശം നടത്താനുള്ള ബോധമായി നിലനിൽക്കേണ്ട ഒന്നല്ല. ഈയൊരു ആശയം പാരിസ്ഥിതിക വിമർശനസംബന്ധമായി എഴുതപ്പെട്ട ലേഖനത്തിൽ അല്ല അവതരിപ്പിക്കുന്നതെങ്കിലും പാരിസ്ഥിതികമായ മനുഷ്യജീവിതത്തിന് വിനാശമായ ഒരു സംഭവത്തെ മുൻനിർത്തിയാണ് ഉണ്ടായത്. 1939ലെ മഹായുദ്ധത്തിന് ഏതാനും വർഷങ്ങൾക്കു മുമ്പുവരെ മോസ്കോയിലെ ഗവേഷക പ്രൊഫസറായ എച്ച്.ജെ. മുള്ളറുടെ അഭിപ്രായം സ്വീകരിക്കുമ്പോൾ അതിന് മനുഷ്യന്റെ പാരിസ്ഥിതിക ജീവിതവുമായി ബന്ധം വരുന്നു. കാരണം യുദ്ധം എന്നത് അധികാരത്തിനും ഭൗതികലാഭത്തിനും വേണ്ടി മനുഷ്യൻ നടത്തുന്ന അധിനിവേശം മാത്രമല്ല, മനുഷ്യൻ നിൽക്കുന്ന പരിസ്ഥിതിയുടെ മേലുള്ള ആക്രമണം കൂടിയാകുന്നു. സ്വാഭാവികമായും ഒരു യുദ്ധാനുഭവം നേരിൽ അനുഭവിച്ച മുള്ളറുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് മനുഷ്യൻ ഒരു 'സാഹസിക യാത്ര'യുടെ ആരംഭത്തിലാണ് എന്ന മുള്ളറുടെ പ്രസ്താവനയും സാഹസികതയ്ക്ക് മനുഷ്യന്റെ അധിനിവേശയാത്രയുടെ ആക്രമണകരമായ ഒരു തലത്തെക്കൂടി അനാവരണം ചെയ്യുന്ന അർത്ഥതലമുണ്ട് എന്ന് വ്യക്തമാക്കുന്നു. ഇത് മനുഷ്യന്റെ വിജയത്തെ മാത്രമല്ല

മനുഷ്യൻ പരിസ്ഥിതിയുടെ മേൽ നടത്തുന്ന സാഹസികയാത്രയെക്കൂടി സൂചിപ്പിക്കുന്നു. ഇവിടെ വിജയം മനുഷ്യന്റെയാണോ പരിസ്ഥിതിയുടെയാണോ എന്നതാണ് അദ്ദേഹ ത്തിന്റെ സംശയം. യുദ്ധം മനുഷ്യന്റെ മാത്രം വിനാശമല്ല പരിസ്ഥിതിയുടെകൂടി നാശമാണ് ഉണ്ടാക്കുന്നത് എന്ന ആശയം മുള്ളറുടെ ചിന്തകളെ വിലയിരുത്തിക്കൊണ്ട് കേസരി സമർത്ഥിക്കുന്നു.

## ഗഹനപാരിസ്ഥിതികതയുടെ ആശയങ്ങൾ

'സാഹിത്യസങ്കേതങ്ങളും സയൻസും' എന്ന ലേഖനത്തിലാണ് ജി. ശങ്കരക്കുറുപ്പിന്റെ കവിതകളിലെ പാരിസ്ഥിതികനിലപാടുകൾ അപഗ്രഥിക്കുന്നത്. മിസ്റ്റിസിസത്തിന്റെ ആന്തരികസത്ത തന്നെ പരിസ്ഥിതികമായ ഗഹനബോധമാണ്. പ്രപഞ്ചത്തിൽ ഏക കേന്ദ്രിതമായ ഒരു ചൈതന്യമുണ്ട്. അത് പരമാത്മാവും അതുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന ഭൗതികമായ ജീവിവർഗ്ഗവ്യവസ്ഥയെ കേന്ദ്രീകരിക്കുന്ന ജീവാത്മാവുമാണ്. ഇത് രണ്ടും കൂടി ചേരുന്ന പ്രപഞ്ചം എന്ന സങ്കല്പമാണ് അവിടെയുള്ളത്. ഇവ തമ്മിലുള്ള ബന്ധത്തിന്റെ ഊഷ്മളതയിൽ നിന്നാണ് പ്രപഞ്ചത്തിന് സ്വാസ്ഥ്യ മുണ്ടാകുന്നത് എന്ന ധാരണയിൽ നിന്നാണ് ഇതിനെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളുണ്ടാ കുന്നത്. 'മിസ്റ്റിക്' ആശയത്തെ പ്രതിനിധീകരിക്കുന്ന ജി. ശങ്കരക്കുറുപ്പിന്റെ 'ഭിന്നസംഖ്യ', 'ചക്രവാളം' എന്നീ കവിതകൾ പ്രകൃതിബോധത്തിന്റെ ഉള്ളടക്കത്തിൽ ജൈവപരമായ താളം (organic rhythm) നിലനിർത്തുന്നതായി കേസരി പറയുന്നുണ്ട്. അതിപ്രകാരമാണ് 'ഒരറ്റം പിടികൊടുക്കുമ്പോൾ മറ്റേത് വഴുതിപ്പോകുന്ന ഒരു വിചിത്രമാർഗ്ഗം പ്രകൃതി സത്യത്തെ മനുഷ്യനിൽ നിന്ന് മറയ്ക്കുന്നതിന് സ്വീകരിച്ചിരിക്കുന്നു എന്നുള്ള 'ഇൻഡിറ്റർമിനസിതത്ത്വം' ഇന്നത്തെ നാച്ചുറൽ സയന്റിസ്റ്റുകൾ കണ്ടുപിടിച്ചിട്ടുള്ളതിനെ ആസ്വദിച്ചുള്ള സിംബോളിസം ആണ് 'ചക്രവാള'ത്തിൽ കുറുപ്പ് സ്വീകരിക്കുന്നതും (1984:285) ഇവിടെ നാച്ചുറൽ സയൻസിന്റെ ശാസ്ത്രീയബോധത്തെ ഉൾക്കൊണ്ടു കൊണ്ടാണ് ജി. ശങ്കരക്കുറുപ്പിന്റെ മിസ്റ്റിക് കവിതകളെ കേസരി സമീപിക്കുന്നത്. അതിൽ നിന്നും മിസ്റ്റിക് ഭാവുകത്വം കവിതയിൽ കൊണ്ടുവരുന്നതിനായി ശാസ്ത്രീയമായി പ്രകൃതിഘടകങ്ങ ളെയും ഘടനയെയും സ്വീകരിക്കുന്ന ഒരു തലം ശങ്കരക്കുറുപ്പിനുണ്ട് എന്നും ഒപ്പം ജി. ശങ്കരക്കുറുപ്പിന്റെ മിസ്റ്റിക് ഭാവനയിൽ പരിപൂർണ്ണമായും പ്രകൃതിക്ക് ആത്മീയസ്വഭാവം മാത്രമല്ല ശാസ്ത്രീയതയുടെ പിൻബലവുമുണ്ട് എന്നും നാച്ചുറൽ സയന്റിസ്റ്റുകളുടെ 'ഇൻഡിറ്റർമിനസിതത്ത്വം' ഉപയോഗിച്ച് സമർത്ഥിക്കുകയാണ് ചെയ്യുന്നത്. പ്രകൃതി യ്ക്കുള്ളിൽ ഒരു സത്യമുണ്ട്. ആ സത്യം പ്രപഞ്ചത്തിന്റെ തന്നെ ഗതിയെ നിയന്ത്രിക്കുന്ന സത്യമാണ്. ഇതിന്റെ അന്വേഷണമാണ് ഒരു യഥാർത്ഥ മിസ്റ്റിക് കവിയിൽ ഉത്പാദിപ്പിക്ക പ്പെടുന്നത്. സ്വാഭാവികമായും മനുഷ്യനിൽ നിന്ന് അന്യമാവുകയോ പ്രകൃതിതന്നെ മറച്ചു പിടിക്കുകയോ ചെയ്യുന്ന ആ സത്യത്തെ മനുഷ്യനിൽ നിന്നും മറച്ചുപിടിക്കുന്നതിനായി പ്രകൃതി ചില മാർഗങ്ങൾ സ്വീകരിക്കുന്നുണ്ട്. അതുകൊണ്ടാണ് ഒരു മിസ്റ്റിക് കവിക്ക് പ്രകൃതി പൂജനീയമായ ഒരു സ്ഥലമായി മാറുന്നത്. ഈ രഹസ്യാത്മക അന്തരീക്ഷമാണ് പ്രകൃതിഘടകങ്ങൾ സിംബോളിക്കായി നിന്നുകൊണ്ട് ജീവിതത്തിന്റെ അപരിമേയമായ അർത്ഥതലങ്ങളെ സ്പർശിക്കാൻ ശേഷി നൽകുന്നത്. കേസരി ജി. ശങ്കരക്കുറുപ്പിനെ

ഒരു മിസ്റ്റിക് കവി എന്ന നിലയിൽ സമീപിക്കുന്നത് ഇത്തരം സിംബോളിക് ഘടകങ്ങളുടെ സ്വീകരണത്തിലെ ഔചിത്യത്തിലും പ്രകൃതിസത്താ സന്നിവേശത്തിലും അദ്ദേഹം സ്വീകരിക്കുന്ന കാവ്യാവബോധത്തിന്റെ പക്വതയിൽ നിന്നാണ്. പാരിസ്ഥിതികമായ ഒരവബോധം മനുഷ്യന് പ്രകൃത്യനുസാരിയായി ഉണ്ടാവുകയാണ് വേണ്ടത്. അതിനെ നിരസിച്ചു കൊണ്ടല്ല, പ്രകൃതിയോട് ലയിച്ചുകൊണ്ട് പുരോഗമനപരമായ ഒരവബോധ ത്തോടുകൂടി അതിനെ സമീപിക്കുന്നതാണ് അഭികാമ്യം. ശാസ്ത്രം അറിയുവാനുള്ളതാണ്, ആക്രമിക്കുവാനുള്ളതല്ല എന്ന വിചാരമാണ് കേസരി അവതരിപ്പിക്കുന്നത്.

പ്രകൃതിയോട് ചേർന്ന് അതിനെ അറിഞ്ഞും അനുഭവിച്ചും 'ഊഷ്മളമായ ഒരു ബന്ധുത്വം' സാമൂഹിക പൊതുബോധത്തിൽ ഉണ്ടാക്കുക അനിവാര്യമാണ്. അത്തരത്തിൽ ഊഷ്മളമാകുന്ന ബന്ധത്തെ അത് സാഹിത്യത്തിലായാലും ശാസ്ത്രമണ്ഡലത്തി ലായാലും കേസരി പ്രോത്സാഹിപ്പിക്കുന്നു. കാളിദാസനെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു അവസരത്തിൽ ഇത്തരം ഒരാശയം അദ്ദേഹം മുന്നോട്ടുവയ്ക്കുന്നുണ്ട്. 'പ്രകൃതിയോട് ലയിച്ച് അതിനെ അനുഭാവപൂർവ്വം വർണ്ണിക്കുന്നതിൽ കാളിദാസൻ അസാധാരണമായ സാമർത്ഥ്യം കാണിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ആദ്യത്തെ കൃതിയായ ഋതുസംഹാരം മുതൽക്ക് ഇത് കാണാവുന്നതാണ്. ഈ വർണ്ണനാപാടവത്തിൽ നിന്ന് കാളിദാസന്റെ അതിയായ സൂക്ഷ്മ നിരീക്ഷണ ശക്തിയും ഭാവനാവിലാസവും നമുക്ക് ഗ്രഹിക്കുവാൻ കഴിയും'(1984:422) കാളിദാസന്റെ പ്രകൃതി സങ്കല്പം സംബന്ധിച്ച് ഇത്തരമൊരഭിപ്രായം കേസരി പറയുമ്പോൾ പ്രകൃതിയോടും മനുഷ്യപ്രകൃതി ബന്ധസങ്കൽപ്പനങ്ങളോടും കേസരി മാനസികമായി പുലർത്തുന്ന നിലപാട് വ്യക്തമാണ്. മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ വികാസത്തിന് പ്രകൃതിസാമീപ്യം ക്രിയാത്മകമായ ഒരു അന്തരീക്ഷമാണ് പകർന്നു നൽകുക. ഗുണപരമായും പുരോഗമനാത്മകമായും ശാസ്ത്രബോധത്തോടെ അതിനെ സമീപിക്കുക എന്നതാണ് മനുഷ്യൻ ലക്ഷ്യമാക്കേണ്ടത്. ഈ ആശയം അദ്ദേഹത്തിന്റെ സാഹിത്യവിമർശനത്തിൽ കാണാം.

മനുഷ്യനും പ്രകൃതിയും വിരുദ്ധധ്രുവങ്ങളോ സങ്കേതങ്ങളോ അല്ല. പരസ്പര ബന്ധിതവും പൂരകവുമായ അനിവാര്യതയായാണ് പ്രപഞ്ചത്തിൽ നിലനിൽക്കേണ്ടത്. സാഹിത്യവും കലകളും മനുഷ്യസമുദായത്തിൽ കേവലം ആഹ്ലാദത്തിനു വേണ്ടി മാത്രം ചുരുക്കപ്പെടേണ്ട മാനുഷിക ബോധോപകരണങ്ങളല്ല. മനുഷ്യന്റെ വ്യക്തിസത്തയിലും പൊതുബോധത്തിലും സംഘർഷത്തോടെ നിലനിന്ന് മനുഷ്യജീവിതത്തെയും ചിന്തയെയും ചലനാത്മകമാക്കേണ്ടതുണ്ട്. കലകളും സാഹിത്യവും പ്രകൃതിയുടെ മാത്രമല്ല മനുഷ്യ പാരിസ്ഥിതികതയുടെയും അംശങ്ങൾ തന്നെയാണ്. അതുകൊണ്ടു തന്നെ അത്തരത്തിലുള്ള മൂല്യങ്ങളും ഉണ്ടായിരിക്കണം. ശാസ്ത്രത്തിന്റെ സാന്നിധ്യവും ശാസ്ത്രാഭിമുഖ്യമുള്ള വിദ്യാഭ്യാസ പദ്ധതികളും നിലവിലുള്ള കാലത്തിനു മാത്രമല്ല വരാനുള്ള കാലത്തിനും ഗുണപരമാകും. ശാസ്ത്രം പ്രകൃതിയെയും മനുഷ്യനെയും അറിയുവാനും അറിയിക്കുവാനുള്ള ഉപാധിയാകണം. അധിനിവേശത്തിനുള്ള ഉപകരണമല്ല ആകേണ്ടത്. ഇത്തരത്തിൽ പുരോഗമനപരവും യുക്തിബോധപരവുമായ മനുഷ്യ പ്രകൃതി പാരിസ്ഥിതിക ആശയതലങ്ങളാണ് കേസരി ചർച്ചചെയ്യുന്നത്. ഇവ

ഏതു കാലഘട്ടത്തിലും പ്രസക്തമാകുന്നതിനാൽ പരിവർത്തനാത്മക പരിസ്ഥിതിക ബോധം സാഹിത്യനിരൂപണത്തിൽ പുലർത്തിയ എഴുത്തുകാരൻ എന്ന നിലയിൽ കേസരിയെ വായിക്കാം.

## ആധാരഗ്രന്ഥങ്ങൾ


1. *ബാലകൃഷ്ണപിള്ള എ. കേസരി, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1984.*
2. *Glotfetly Cheryll and Harold Fromm(ed.), The Ecocriticism Reader, Universtiy of Georgia Press, Athens,1996.*

# മലബാറിലെ മാപ്പിളസംസ്കാര രൂപീകരണം: കോഴിക്കോടിന്റെ ചരിത്രപശ്ചാത്തലത്തിൽ

**ആരിഫ എഫ്.കെ.**
മലയാളം ഡിപ്പാർട്ട്മെന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി

**ഡോ. ഹസ്ക്കറലി ഇ.സി.**
പ്രൊഫസർ, മലയാളം വിഭാഗം, സുല്ലമുസ്സലാം സയൻസ് കോളേജ്, മലപ്പുറം

## പ്രബന്ധസംഗ്രഹം

കുരുമുളക്, കറുവപട്ട, ഇഞ്ചി, ഏലം, ഗ്രാമ്പു തുടങ്ങിയ സുഗന്ധവ്യഞ്ജന വസ്തുക്കൾ ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങളാൽ പ്രാചീനകേരളം സമ്പൽ സമൃദ്ധമായിരുന്നു. ക്രിസ്തുവിന് മുമ്പുള്ള സഹസ്രാബ്ദങ്ങളിൽ തന്നെ ചെങ്കടൽപേർസ്യൻ ഉൾക്കടൽ തുറമുഖങ്ങളിൽനിന്നും വാണിജ്യക്കപ്പലുകൾ ഇത്തരം പ്രകൃതി വിഭവങ്ങൾതേടി കേരളതീരങ്ങളിൽ എത്തിച്ചേരുക പതിവായിരുന്നു. അവരിൽ പ്രധാനികളായിരുന്നു ഈജിപ്ഷ്യർ, ഫിനീഷ്യർ, ഗ്രീക്കുറോമാക്കാർ, അറബികൾ തുടങ്ങിയവർ. എന്നാൽ ഗ്രീക്കുകാർ ഈജിപ്ത് കൈവശപ്പെടുത്തിയതോടെ മലബാറും ഈജിപ്തും തമ്മിലുള്ള വ്യാപാര ഇടപാടുകളിൽ ഗ്രീക്കുകാരും പങ്കാളികളായി. പിന്നീട് ഗ്രീക്കുകാരിൽ നിന്നും റോമാക്കാർ ഈജിപിറ്റ് കീഴടക്കിയതോടെ മലബാറിന്റെ വാണിജ്യ ഇടപാടുകളിൽ റോമാക്കാരും പങ്കാളികളായി. അക്കാലത്തെ ഇന്ത്യൻ സമുദ്ര വ്യാപാര ഇടപാടുകൾ പ്രധാനമായും ഗ്രീക്കുകാർ, റോമാകാർ ഈജിപ്തുകാർ അറബികൾ എന്നിവരുടെ കൈകളിലായിരുന്നു. അപ്രകാരം നടന്നുവന്ന ഇന്ത്യൻമഹാസമുദ്ര വാണിജ്യവ്യവഹാരങ്ങളിൽ, അറബികളുടെ പങ്ക് എന്താ യിരുന്നുവെന്നും, ഇസ്ലാംമതവും മുസ്ലീംസമൂഹവും കേരളക്കരയിൽ രൂപം കൊള്ളാനിടയാക്കിയ സാഹചര്യമെന്തായിരുന്നുവെന്നും കോഴിക്കോടിന്റെ സാമൂഹികസാംസ്കാരിക വളർച്ചയിൽ അറബികളുടെയും അവരുടെ സംസ്ക്കാരത്തിന്റെയും സ്വാധീനം എത്രമാത്രമായിരുന്നുവെന്നും അത് നമ്മുടെ

വാണിജ്യവ്യവഹാര മേഖലയ്ക്കും സമ്പദ്ഘടനയ്ക്കും രാജ്യപുരോഗതിയ്ക്കും ഗുണകരമായിരുന്നൊ? എന്നും കണ്ടെത്തി പരിശോധിക്കുകയും, അറബികൾക്കും അവരുടെ ബന്ധുമിത്രാദികളായ മുസ്ലീങ്ങൾക്കും, കോഴിക്കോട്ടെ സാമൂതിരിമാർ നൽകിയ സ്ഥാനമാനങ്ങളും പ്രോത്സാഹനങ്ങളും വിലയിരുത്തുകയുമാണ് ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിക്കുന്നത്.

***താക്കോൽവാക്കുകൾ:*** സംസ്ക്കാരം, വാണിജ്യം, വ്യവഹാരം, വിനിമയം, സാമൂഹ്യഘടന, സമ്പദ്ഘടന, മലബാർ, ഇസ്ലാം മതം, മതസമൂഹം,

പ്രാചീനകാല ലോകവിപണിയിൽ ഏറ്റവും കൂടുതൽ വ്യാപാരമൂല്യമുള്ള കുരുമുളകിന്റെയും സുഗന്ധവ്യഞ്ജനങ്ങളുടെയും നാടായിരുന്നു കേരളം. ബിലാദുൽ ഫുൽ ഫുൽ (കുരുമുളകിന്റെ നാട്) എന്നും, മഅ്ദനെ തൻബുൽ(വെറ്റിലയുടെ വിളനിലം) എന്നും, ഖൈർ ആലം (അനുഗ്രഹീതമായ നാട്) എന്നും അറബികൾ കേരളത്തെ വിശേഷിപ്പിച്ചിരുന്നു. ഏതാനും നൂറ്റാണ്ടുകളോളം കേരളത്തിലേക്കുള്ള വാണിജ്യമാർഗം അറബികൾക്കുമാത്രമേ അറിയുമായിരുന്നുള്ളൂ. അക്കാലത്ത് മദ്ധ്യധരണ്യാഴിയിലെ പ്രധാന തുറമുഖവും വാണിജ്യ കേന്ദ്രവും അലക്സാണ്ട്രിയായിരുന്നു. ഏഡനിൽ വെച്ചായിരുന്നു ഇന്ത്യൻ കച്ചവടക്കാരും അറബികളും പരസ്പരം കച്ചവടച്ചരക്കുകൾ കൈമാറിയിരുന്നത്. ഈ വാണിജ്യമാർഗത്തെപ്പറ്റി പ്ലിനി ഇപ്രകാരം പറയുന്നു; 'അലക്സാണ്ട്രിയയിൽനിന്ന് ജൂലിയൊ പോളിസിലേക്ക് രണ്ട് നാഴികദൂരമുണ്ട്. അവിടെയാണ് ഇന്ത്യയിലേക്കുകൊണ്ടുപോകാനുള്ള ചരക്കുകൾ ഇറക്കുന്നത്. പിന്നീട് അവിടെനിന്ന് 303 നാഴിക അകലെ കിടക്കുന്ന കോപ്ടൊസിലേക്ക് കടത്തുന്നു. കോപ്ടൊസിൽനിന്ന് അറേബ്യൻ ഉൾക്കടൽ തുറമുഖമായ ബർണിക്കയിലേക്ക് 12 ദിവസത്തെ യാത്രയാണുള്ളത്. കപ്പലുകൾ വെള്ളമെടുക്കുന്നതിന് ഇടക്കിടെ തങ്ങിയും അവിടെനിന്ന് 258 നാഴിക ഒട്ടകപ്പുറത്ത് സഞ്ചരിച്ചും 12ാമത്തെ ദിവസം യാത്രയുടെ രണ്ടാംഘട്ടം മുഴുമിക്കുകയും മദ്ധ്യവേനലാവുമ്പോഴേക്ക് കപ്പലുകൾ ബർണ്ണിക്കയിൽനിന്നു യാത്ര തുടരുകയും ചെയ്യുന്നു. അവിടെനിന്നും അറേബ്യൻ ഉൾക്കടലിന്റെ അഴിമുഖത്ത് കിടക്കുന്ന ഒക്കില്ലസ്സിൽ (ഗെല്ലാ)എത്താൻ 30 ദിവസം വേണം. ഫെലിക്സ് തീരത്തുള്ള കാനെ (റാസൽഫാർതക്ക്) അഴിമുഖത്ത് പ്രവേശിക്കാനും അത്രതന്നെ ദൂരമുണ്ട്'1. അങ്ങനെ അവിടെനിന്ന് 40 ദിവസത്തെ യാത്രകൊണ്ട് നേരിട്ട് ഇന്ത്യയിലെ ആദ്യത്തെ വാണിജ്യകേന്ദ്രമായ മുസിരിസ്സിൽ എത്തിച്ചേരുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള(പാശ്ചാത്യപൗരസ്ത്യ) വാണിജ്യ സംഘങ്ങൾ ഒത്തുചേരുകയും കയറ്റിറക്കുമതി ഉല്പന്നങ്ങൾ യഥേഷ്ടം കൈമാറ്റം ചെയ്യുകയും ചെയ്തിരുന്ന ഒരു വാണിജ്യവ്യാപാര തുറമുഖകേന്ദ്രമായിരുന്നു മലബാറിലെ മുസിരിസ്സ്. ആഗോള വാണിജ്യസംഘങ്ങൾക്ക് ഇന്ത്യയിലേക്കു കടന്നുവരാനും ലോകത്തിന്റെ മറ്റുഭാഗങ്ങളിലേക്കു കടന്നു ചെല്ലാനുമുള്ള പ്രധാന പ്രവേശനകവാടം കൂടിയായിരുന്നു ഈ തുറമുഖനഗരം. അതുകൊണ്ടുതന്നെ ആഗോളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ സമുദ്രന്തരീയ വാണിജ്യ വ്യവഹാരങ്ങളുടെ പ്രധാനകേന്ദ്രങ്ങളിൽ ഒന്നാവാൻ പ്രചീനകാലം മുതൽക്കേ കേരളതീരങ്ങൾക്ക് സാധിച്ചിരുന്നു. ഇത്തരം വാണിജ്യ

വ്യവഹാരങ്ങൾ മാത്രമല്ല കലാസാംസ്കാരിക തത്വചിന്തകളും ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും പുരോഗമനോന്മുഖങ്ങളായ മറ്റനേകം പ്രവർത്തനങ്ങളും മുസിരിസ് അഥവാ കൊടുങ്ങല്ലൂരിൽ വെച്ചു വിനിമയം ചെയ്യപ്പെട്ടു.

വാത്മീകി രാമായണത്തിൽ 'മുരചിപത്തന'മെന്നും, തമിഴ് കൃതികളിൽ 'മുചിറി' എന്നും വിശേഷിപ്പിക്കപ്പെട്ടിരുന്ന മുസിരിസ് കേരളചക്രവർത്തിമാരായ ചേരമാൻ പെരുമാക്കളുടെ ആസ്ഥാന നഗരിയായിരുന്നു. മകോതൈ, മഹോദയപുരം, മഹോദയപട്ടണം എന്നീ പേരുകളിലും ഈ തുറമുഖ നഗരം അറിയപ്പെട്ടിരുന്നു. ദക്ഷണേന്ത്യയിലെ മൂന്നു പ്രബല നാട്ടുരാജ്യങ്ങളിൽ ഒന്നായിരുന്ന, തമിഴകത്തിന്റെ ഏറ്റവും പടിഞ്ഞാറു ഭാഗത്ത് സ്ഥിതിചെയ്തിരുന്ന, ഈ നാടിനെ തമിഴർ ചേരളമെന്നും മലയാളികൾ കേരളമെന്നും അറബികൾ മലബാർ എന്നും വിശേഷിപ്പിച്ചുപോന്നു. 'ചേരമാൻപെരുമാക്കൾ' എന്നറിയപ്പെട്ടിരുന്ന ചേരരാജാക്കന്മാരുടെ പ്രശസ്തിയും പ്രതാപവും കന്യാകുമാരി മുതൽ കാസർക്കോടുവരെ കേരളത്തിലുടനീളം വ്യാപിച്ചിരുന്നു. അവരിൽ ഏറെ പ്രഗത്ഭനും പ്രജാക്ഷേമതല്പരനുമായിരുന്ന അവസാനത്തെ ചേരമാൻപെരുമാൾ അസാധാരണമായ ഒരു ആകാശക്കാഴ്ച്ച (ഒരു രാത്രി ചന്ദ്രൻ രണ്ടായി പിളരുന്നതും പിന്നീട് പൂർവാവസ്ഥ പ്രാപിക്കുന്നതും) കാണാനിടവരികയും അതിന്റെ വിശദീകരണത്തിനായി അദ്ദേഹം തന്റെ ജ്യോതിഷികളെ മുഴുവൻ വിളിച്ചുവരുത്തുകയും ചെയ്തു. അവർക്കൊന്നും രാജാവിന്റെ ആകാശക്കാഴ്ചയെ കൃത്യമായി വ്യഖ്യാനിക്കാൻ കഴിഞ്ഞില്ല. എന്നാൽ അന്നു രാത്രി രാജാവിനു ഒരു സ്വപ്നദർശനമുണ്ടാകുകയും താൻ ആകാശത്തുകണ്ട കാഴ്ച കടലിനക്കരെയുള്ള ഒരു നാട്ടിലെ 'മുഹമ്മദ്' എന്നയാൾ കാട്ടിയ അത്ഭുതമായിരുന്നെന്നു വെളിപ്പെടുകയും ചെയ്തു'. അതിനുശേഷം ഏതാനും വർഷങ്ങൾ കഴിഞ്ഞ് ഒരു സംഘം മുസ്ലിം തീർത്ഥാടകർ ശ്രീലങ്കയിലെ പുണ്യസ്ഥലമായ ആദംമല സന്ദർശിക്കാനുള്ള യാത്രാമധ്യേ കൊടുങ്ങല്ലൂരിൽ ഇറങ്ങുകയും രാജസന്നിധിയിൽ എത്തുകയും ചെയ്തു. രാജാവ് അവരോട് ഇസ്ലാംമതത്തെ കുറിച്ചും പ്രവാചകനെ കുറിച്ചും കൂടുതൽ കാര്യങ്ങൾ ചോദിച്ചറിയുകയും മടക്കയാത്രയിൽ കൊട്ടാരത്തിലേക്ക് വരണമെന്നു പറഞ്ഞേല്പിക്കുകയും അങ്ങനെ അവർ മടങ്ങി വന്നപ്പോൾ രാജാവ് തന്റെ രാജ്യം മന്ത്രിമാർക്കു വീതിച്ചു കൊടുത്ത് അവർക്കൊപ്പം അറേബ്യയിലേക്കു പോകുകയും ചെയ്തു.

അപ്രകാരം അവസാനത്തെ കേരളചക്രവർത്തിയായിരുന്ന ചേരമാൻപെരുമാൾ ഇസ്ലാം മതം സ്വീകരിച്ച് മക്കയിലേക്ക് തീർത്ഥാടനത്തിനു പോയതോടെ ഏറെ പ്രതാപൈശ്വര്യങ്ങളോടെ വാണിരുന്ന ചേരരാജവംശം എന്നെന്നേക്കുമായി അവസാനിക്കുകയും കേരളത്തിലുടനീളം അവരുടെ സാമന്തന്മാരുടെ കീഴിൽ പല പല നാട്ടു രാജ്യങ്ങൾ ഉദയം കൊള്ളുകയും ചെയ്തു. അങ്ങനെ സർവവിധ പ്രതാപങ്ങളോടെ ഉയർന്നു വന്ന ഒരു സ്വതന്ത്ര നാട്ടുരാജ്യമായിരുന്നു സാമൂതിരിമാരുടെ കോഴിക്കോട്. കേരളോല്പത്തിയിലും സാമൂതിരി കോവിലകം ഗ്രന്ഥവരികളിലും അതിനെക്കുറിച്ചുള്ള സൂചനകൾ കാണപ്പെടുന്നു. യഥാർത്ഥത്തിൽ പെരുമാളിന്റെ രാജ്യവിഭജനത്തിൽ അവശേഷിച്ചിരുന്ന ചെറിയൊരു (കോഴികൂവിയാൽ കേൾക്കുന്നത്ര) സ്ഥലം മാത്രമാണ് അദ്ദേഹത്തിന്റെ സാമന്തനായിരുന്ന സാമൂതിരിക്ക് ലഭിച്ചിരുന്നതെന്നും ആ കുറവു പരിഹരിക്കാൻ 'ചത്തും

കൊന്നും വാഴുക' എന്ന ഉപദേശത്തോടെ പെരുമാൾ തന്റെ കരവാൾ അവർക്കു നൽകിയതായും[3] പറയപ്പെടുന്നു.

നെടിയിരുപ്പ് സ്വരൂപം എന്നറിയപ്പെട്ടിരുന്ന ഏറനാടിന്റെ ഉടയവരായിരുന്ന സാമൂതിരി മാർ. പെരുമാക്കന്മാരുടെ അനുഗ്രഹാശിസ്സുകളും കൈവാളും കരഗതമായതോടെ തങ്ങളു ടെ രാജവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കടലുമായി ബന്ധപ്പെട്ട് വാണിജ്യാഭിവൃദ്ധി നേടുന്നതിനും വേണ്ടി അയൽരാജ്യങ്ങൾ വെട്ടിപ്പിടിക്കുവാൻ സാമൂതിരിമാർ തീരുമാനിച്ചു. പരപ്പനാടും പോളനാടുമായിരുന്നു സാമൂതിരിരാജ്യത്തെ കടലുമായി ബന്ധപ്പെടുന്നതിൽ നിന്നും തടസ്സപ്പെടുത്തികൊണ്ടിരുന്നത്. ആ തടസ്സങ്ങൾ നീക്കി രാജ്യവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കടൽവ്യാപാരം സുഗമമാക്കുന്നതിനും പോളനാടിന്റെ (കോഴി ക്കോടിന്റെ) അധിപനായിരുന്ന പോർളാതിരിയെ സാമൂതിരി ആക്രമിക്കുകയും നാല്പത്തി യെട്ടു വർഷത്തെ പോരാട്ടത്തിനൊടുവിൽ പോർളാതിരിയിൽനിന്നും (പോളനാട്) കോഴിക്കോട് പിടിച്ചെടുത്ത് അവരുടെ ആസ്ഥാനം നെടിയിരുപ്പന്നിൽനിന്നും കോഴി ക്കോട്ടേക്ക് മാറ്റുകയും ചെയ്തു. തുടർന്ന് ബേപ്പൂർ, പരപ്പനാട്, വെട്ടത്തുനാട് തുടങ്ങിയ നാട്ടുരാജ്യങ്ങൾ സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിക്കുകയും കുറുമ്പ്രനാടുരാജാവും പയ്യോർമല നായന്മാരും സമീപപ്രദേശങ്ങളിലെ മറ്റു നാടുവാഴികളും അങ്ങനെ സാമൂതിരിയുടെ സാമന്തന്മാരായിത്തീരുകയും ചെയ്തു.

എ.ഡി 1200 മുതൽ 1766 വരെ മലബാറിലെ കോഴിക്കോട്ടെ സ്വതന്ത്ര ഭരണാധിപ ന്മാരായിരുന്നു സാമൂതിരിമാർ. ഇത്തരത്തിൽ വിജയത്തിന്റെ പരമോന്നതിയിലെത്താൻ സാമൂതിരിമാർക്ക് പിന്തുണയായത് അവരുടെ സത്യസന്ധതയും സഹിഷ്ണുതാമനോ ഭാവവുമാണെന്നു രണ്ടു കഥകളിലൂടെ കേരളോല്പത്തികാരൻ ചൂണ്ടിക്കാട്ടുന്നു. മെക്കയുമായി വ്യാപാരബന്ധങ്ങളിലേർപ്പെട്ടിരുന്ന ചോഴമണ്ഡലത്തുക്കാരനായ (തമിഴ്നാട്ടുകാരൻ) ചെട്ടിയുടേതായിരുന്നു ആദ്യത്തെ കഥ. 'ഒട്ടധികം സ്വർണ്ണം കയറ്റുകയാൽ ചെട്ടിയുടെ കപ്പൽ കോഴിക്കോടിനടുത്ത് കടലിൽ മുങ്ങുമെന്നായപ്പോൾ, തുറമുഖത്തു കപ്പലടുപ്പിച്ച്, ചെട്ടി സാമൂതിരിക്ക് തിരുമുൽക്കാഴ്ച സമർപ്പിച്ചു. അധികമുണ്ടായിരുന്ന സ്വർണ്ണം കോവിലകത്ത് സൂക്ഷിക്കാൻ അനുമതി നേടി. കുറേ കാലത്തിനുശേഷം ചെട്ടി കോഴിക്കോട്ട് തിരിച്ചെത്തുകയും സൂക്ഷിക്കാനേല്പിച്ച സ്വർണ്ണം മുഴുവൻ ചെട്ടിക്ക് തിരികെ കിട്ടുകയും ചെയ്തു. സന്തുഷ്ടനായ ചെട്ടി സ്വർണ്ണം രണ്ടായി പകുത്ത്, ഒരു പകുതി സാമൂതിരിക്കു നൽകി. പക്ഷേ സാമൂതിരി, 'നിന്റെ ദ്രവ്യം നീ തന്നെ കൊണ്ടുപൊയ്ക്കോൾക' എന്നു പറഞ്ഞ് അത് നിരസിച്ചു. സാമൂതിരിയുടെ സത്യസന്ധതയിൽ മതിപ്പുതോന്നിയ ചെട്ടി കോഴിക്കോട്ട് സ്ഥിരതാമസമാക്കുകയും സാമൂതിരിയിൽനിന്നും വാണിജ്യാനുമതി നേടി അവിടെയൊരു അങ്ങാടി കെട്ടുകയും അങ്ങനെ കോഴിക്കോട് സമ്പന്നമായൊരു വാണിജ്യ നഗരമായി മാറുകയും ചെയ്തു.

അറബിക്കച്ചവടക്കാരനായ ഒരു യുവാവിന് പൈതൃകമായി ലഭിച്ച സമ്പത്തുമായി ബന്ധപ്പെട്ടതായിരുന്നു രണ്ടാമത്തെ കഥ. 'മിസ്ക്കിയത്തുകാരനായ (മസ്കറ്റ്) ഒരു അറബിക്ക് പിതൃസ്വത്തായി കപ്പൽ നിറയെ സ്വർണം ലഭിച്ചു. സത്യസന്ധനായ ഒരു രാജാവിന്റെ നാട്ടിൽ സ്ഥിരവാസമാക്കാനുറച്ച് അയാൾ പലരാജ്യങ്ങളും സന്ദർശിച്ചു.

സഞ്ചരിച്ചനാടുകളിലൊക്കെ ഭരണാധികാരിക്ക് ഒരു ഭരണിയിൽ സ്വർണം നിറച്ച് അതിനുമേൽ അച്ചാറു പുരട്ടി, അച്ചാറെന്നു പറഞ്ഞ് അയാൾ സമ്മാനിച്ചു. പക്ഷേ ആരും തന്നെ നേരും നെറിയും അനുസരിച്ച് അയാൾക്ക് സ്വർണം മടക്കി നൽകിയില്ല. ഇതേ രീതിയിൽ അയാൾ കോഴിക്കോട്ടെ പൂന്തുറക്കോനും (സാമൂതിരി) തിരുമുൽക്കാഴ്ച്ച സമർപ്പിച്ചു. ഭരണിയിൽ അച്ചാറല്ല, സ്വർണമാണെന്നു മനസ്സിലാക്കിയ പൂന്തുറക്കോൻ ആ വിവരം പറഞ്ഞ് അത് മടക്കി നൽകി. പൂന്തുറക്കോന്റെ സത്യസന്ധതയിൽ മതിപ്പുതോന്നിയ അയാൾ കോഴിക്കോട് താമസമുറപ്പിച്ചു. ഇങ്ങനെയാണ് കോഴിക്കോട്ട് കോയ വന്നതെന്നും പ്രസ്തുത കോയയാണ് പിൽക്കാലത്ത് 'ഷാബന്തർ കോയ' എന്ന തുറമുഖ പ്രമാണിയായി അറിയപ്പെട്ടതെന്നും കേരളോല്പത്തികാരൻ സൂചിപ്പിക്കുന്നു.

പ്രാചീന നാഗരികലോകത്തുനിന്നും തികച്ചും ഒറ്റപ്പെട്ടു കിടന്നിരുന്ന ഒരു മരു പ്രദേശമായിരുന്നു അറേബ്യ. ലോകനാഗരികതയിലെ അതിപ്രാചീന ജനതകളിലൊന്നായ സെമിറ്റിക് വിഭാഗക്കാരായ അറബികൾ, ഗോത്രം, വംശം, കുടുംബം എന്നിവയ്ക്ക് വളരെ യധികം പ്രാധാന്യം കല്പിച്ചിരുന്നു. അതുകൊണ്ടുതന്നെ ഒരു ഗോത്രത്തിനകത്തുള്ള എല്ലാ കുടുംബാംഗങ്ങളുടെയും ചെറുതും വലുതുമായ സുഖദുഃഖങ്ങളിൽ അവർ പങ്കുകൊള്ളു കയും ഏതൊരു ക്രൂരകൃത്യത്തിനും അതേ നാണയത്തിൽത്തന്നെ തിരിച്ചടിക്കുകയും ചെയ്തിരുന്നു. അങ്ങനെ നിസ്സാര വഴക്കുകൾക്കുപോലും അവർ നിരന്തരം കലഹിച്ചു കൊണ്ടിരുന്നു. അത് ചിലപ്പോൾ ഗോത്രക്കാർ തമ്മിലുള്ള നിരന്തരമായ സംഘട്ടനങ്ങൾ ക്കും കൊലപാതകൾക്കും വഴിയൊരുക്കി. അത്തരം ചില വഴക്കുകൾ തലമുറകളോളം നീണ്ടുനിൽക്കുക പതിവായതോടെ, അക്കൂട്ടത്തിൽ ചില കുടുംബങ്ങൾ വിദൂരദേശങ്ങ ളിലേക്ക് കുടിയേറിപാർത്തു. ഇറാക്കിലെ പ്രാചീന ജനസമുദായങ്ങളായിരുന്ന അക്കാഡിയരും ഖാൽദിയരും സുമേരിയരും അസ്സീറിയരും പാലസ്തീനിലേക്കു കടന്നുചെന്ന ഫിനീഷ്യരും അമേര്യരും എമോറികളും ഹീബ്രുക്കളും ഇത്തരത്തിൽ അറേബ്യയിൽനിന്നും കുടിയേറിപ്പാർത്ത സെമിറ്റിക്ക് വിഭാഗക്കാരായിരുന്നു.[5] അപ്രകാരം അറേബ്യയിൽനിന്നും ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് കുടിയേറിപ്പാർത്ത അറേബ്യൻ നിവാസികൾ പൊതുവെ അറബികളെന്നു വിളിക്കപ്പെട്ടു.

ബാബിലോണിയയുടെയും ഈജിപ്തിന്റെയും ഇടയിൽ സ്ഥിതിചെയ്തിരുന്ന അറേബ്യയ്ക്ക് ഈ രണ്ടു പ്രാചീനകാല സംസ്കാരങ്ങളെയും പരസ്പരം ബന്ധിപ്പിക്കാൻ സാധിച്ചിരുന്നു. ആദ്യകാലങ്ങളിൽ അറേബ്യയോട് കൂടുതൽ ബന്ധം സ്ഥാപിച്ചിരുന്നത് ഈജിപ്തായിരുന്നു. ദക്ഷിണ അറേബ്യയിലെ ചെമ്പുഖനികളും രത്നഖനികളുമാണ് ഈജിപ്തുകാരെ അങ്ങോട്ടകർഷിച്ചത്. ഈജിപ്തിന്റെ ചക്രവർത്തിമാരായിരുന്ന ഫറോവമാർ ഈ ഖനികളുടെ ഉപയോഗം കണ്ടെത്തുകയും അവയെ സ്വന്തം സാമ്രാജ്യാധി പത്യത്തിനു വേണ്ടി ഉപയുക്തമാക്കുകയും ചെയ്തു. അവിടങ്ങളിൽ സുലഭമായി കൃഷി ചെയ്തിരുന്ന സാമ്പ്രാണിച്ചെടികളായിരുന്നു ഈജിപ്തുകാരെ അങ്ങോട്ടാകർഷിച്ചിരുന്ന മറ്റൊരു ഘടകം. ദേവാലയങ്ങളിലെ പൂജയ്ക്കും മമ്മികളുടെ നിർമ്മാണത്തിനും സാമ്പ്രാണി അവർ ധാരാളമായി ഉപയോഗിച്ചിരുന്നു. അതുപോലെ അറേബ്യയിൽനിന്നും ലഭിച്ചിരുന്ന ചെമ്പ് സുമേരിയക്കാർ അവരുടെ വ്യവസായങ്ങൾക്കുപയോഗിച്ചു. മാത്രമല്ല

അവരുടെ ദേവാലയങ്ങൾ പണിയുന്നതിനാവശ്യമായ തടിയും കല്ലും അവർ അറേബ്യയിൽ നിന്നും കടത്തിക്കൊണ്ടുപോയി.

ദക്ഷിണ അറേബ്യയിൽ നിന്ന് ഇന്ത്യൻമഹാസമുദ്രത്തിലേക്ക് നീണ്ടു കിടക്കുന്ന കച്ചവടകേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു ഏഡനിലെയും യമനിലെയും തുറമുഖ പട്ടണങ്ങൾ. ഇസ്ലാമികാഗമനത്തിനു മുമ്പു തന്നെ ആഫ്രിക്കയുമായും ഇന്ത്യയടക്കമുള്ള കിഴക്കേഷ്യൻ രാജ്യങ്ങളുമായും ഈ തുറമുഖപട്ടണങ്ങൾ വാണിജ്യസാംസ്കാരിക ബന്ധങ്ങൾ സ്ഥാപിച്ചിരുന്നു. അപ്രകാരം മലബാറുമായി നേരിട്ട് വ്യാപാരവാണിജ്യ വിനിമയങ്ങൾ നടത്തിയിരുന്ന അവർ ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ കാലവർഷക്കാറ്റിന്റെ ഗതി കിഴക്കോട്ട് തിരിയുമ്പോൾ പായക്കപ്പലുകളിലും പത്തേമാരികളിലുമായി മലബാർ തീരത്തേക്ക് പുറപ്പെടുകയും പിന്നീട് തങ്ങൾക്കാവശ്യമായ സാധനങ്ങൾ സംഭരിച്ച് ഡിസംബർ ജനുവരി മാസങ്ങളിൽ തിരിച്ച് പോവുകയുമാണ് പതിവ്. ഇപ്രകാരം അറേബ്യ, ഈജിപ്ത്, ഒമാൻ, യമൻ എന്നീ രാജ്യങ്ങൾ അറേബ്യയിൽ ഇസ്ലാം മതം സ്ഥാപിതമാകുന്നതിനുമെത്രയോ മുമ്പുതന്നെ കേരളീയരുമായി സമ്പർക്കം പുലർത്തുകയും, പരസ്പരം ഇടപഴകുകയും ആദാനപ്രദാനങ്ങളിൽ ഏർപ്പെടുകയും കച്ചവടത്തിന്നാവശ്യമായ ഉല്പന്നങ്ങൾ യഥേഷ്ടം സംഭരിക്കുകയും കാലവർഷക്കാറ്റുകളുടെ അനുകൂലസാഹചര്യങ്ങളിൽ പത്തേമാരികളിലും പായക്കപ്പലുകളിലും കയറ്റിക്കൊണ്ടു പോകുകയും ചെയ്തിരുന്നു. അങ്ങനെ കേരളക്കരയുമായി നിത്യസമ്പർക്കം പുലർത്തിയിരുന്ന അറബികളിൽ ചിലർ കേരളതുറമുഖങ്ങളിൽ താമസമുറപ്പിക്കുകയും തദ്ദേശിയരുമായി വിവാഹബന്ധങ്ങളിൽ ഏർപ്പെടുകയും ചെയ്തതിന്റെ ഫലമായി രൂപം കൊണ്ട പുതിയൊരു ജനവിഭാഗമായിരുന്നു മലബാറിലെ മാപ്പിളമാർ. ഇത്തരം മാപ്പിള കുടംബങ്ങളുടെ കൂട്ടായ്മകൾ ഇസ്ലാമിക പൂർവകാലത്തുതന്നെ കേരളക്കരയിൽ നിലനിന്നിരുന്നതായി[6] ചരിത്രകാരന്മാർ വിലയിരുത്തുന്നു.

ദക്ഷിണ അറേബ്യയിലെ 'ഹിംയർ' എന്നു വിളിക്കപ്പെട്ടിരുന്ന 'യമൻ' പ്രാചീന കാലത്തുതന്നെ മഹത്തായ ഒരു സംസ്ക്കാരപാരമ്പര്യം വെച്ചുപുലർത്തിയിരുന്നു. കൃഷിയും, കന്നുകാലി വളർത്തലും, വാണിജ്യവുമായിരുന്നു അവരുടെ ഉപജീവനോപാധികൾ. ഗോതമ്പ്, ബാർലി, ചാമ എന്നിവ ധാരാളമായി കൃഷി ചെയ്തിരുന്ന കുന്നിൻ ചെരുവുകളിൽ മുന്തിരി, അത്തിപ്പഴം, ആഫ്രിക്കോട്ട്, മാതളനാരങ്ങ, എന്നിവ തഴച്ചു വളരുകയും അവരത് ലോകവിപണിയിലെത്തിക്കുകയും ചെയ്തിരുന്നു. പ്രാചീനകാലം മുതൽക്കേ യമൻ റോമാസാമ്രാജ്യവുമായി വാണിജ്യബന്ധം പുലർത്തിയിരുന്നതിനാൽ റോമാക്കാരുടെ കാപ്പിച്ചെടികൾ അവിടങ്ങളിൽ കൃഷിചെയ്യപ്പെടുകയും ലോകശ്രദ്ധ നേടുകയും ചെയ്തു. അതുപോലെ മെസൊപ്പൊട്ടേമിയയിൽനിന്നും അറേബ്യയിലേക്ക് കുടിയേറിയ ഈന്തപ്പഴവും ആഗോളവിപണിയിലെത്തിക്കൊണ്ടിരുന്നു.

യമനിന്റെ കിഴക്കുഭാഗത്ത് സ്ഥിതിചെയ്തിരുന്ന തുറമുഖപട്ടണമായിരുന്നു ഹളർമൗത്ത്. പുരാതനകാലത്ത് ലോകകമ്പോളത്തിലെ ഏറ്റവും വിലകൂടിയ സുഗന്ധദ്രവ്യങ്ങൾ ഈ പ്രദേശത്തുനിന്നായിരുന്നു ഉൽപാദിപ്പിച്ചിരുന്നത്. സുഗന്ധദ്രവ്യോൽപാദനത്തിന് ആവശ്യമായ സാമ്പ്രാണി മരം അക്കാലത്ത് ഹളർമൗത്തിൽ സുലഭമായി കാണപ്പെട്ടു.

മാത്രമല്ല അദ്ധ്വാനശീലരായ നാട്ടുകാർ, പച്ചക്കറികൾ, പഴങ്ങൾ, ചാമ, ബാർലി, പുകയില എന്നിവ കൃഷി ചെയ്യുകയും, ആട്ടിൻ പറ്റങ്ങളെ വളർത്തുകയും, തേൻ ശേഖരിക്കുകയും ചെയ്തു. പ്രാചീനകാലം മുതൽക്കേ സഞ്ചാരപ്രിയരായിരുന്ന ഇവർ പാശ്ചാത്യപൗരസ്ത്യ ദേശങ്ങളുമായി വ്യാപാര ബന്ധത്തിലേർപ്പെടുകയും ചിലർ സ്വദേശം വിട്ട് കിഴക്കൻ ആഫ്രിക്കയിലും ഇന്ത്യയുടെ പടിഞ്ഞാറൻ തീരങ്ങളിലും സുമാത്രയിലും ചൈനയിലും താമസമുറപ്പിക്കുകയും ചെയ്തു. അറേബ്യയുടെ ഏറ്റവും പ്രധാന ഭാഗമായിരുന്നു ഹിജാസ്. തീർത്ഥാടനകേന്ദ്രമായ മെക്കയും മരുപ്പച്ചകളും ഉപവനങ്ങളും തോട്ടങ്ങളും നിറഞ്ഞ മദീനയും ത്വാഇഫും ഹിജാസിലാണ് സ്ഥിതിചെയ്തിരുന്നത്. പ്രവാചകനായ മുഹമ്മദിന്റെ നേതൃത്വത്തിൽ ഇസ്ലാംമതം സ്ഥാപിതമായതും വളർന്നു വികാസം പ്രാപിച്ചതും ഹിജാസിലെ മെക്കയിലും മദീനയിലുമായിരുന്നു.

എ.ഡി ഏഴാംനൂറ്റാണ്ടിൽ അറേബ്യയിലെ 'മെക്ക'യിൽ ഇസ്ലാംമതം സ്ഥാപിതമായതോടെ ബിംബാരാധനയിലും അരാജകത്വത്തിലും മറ്റും മുഴുകി കഴിഞ്ഞിരുന്ന അറേബ്യൻ ജനത ഒരു പുത്തനുണർവ് കൈവരിക്കുകയും പ്രവാചക നിർദേശനുസരണം ഇസ്ലാംമതപ്രചരണദൗത്യം ഏറ്റെടുത്തുകൊണ്ട് ഇസ്ലാംമത പ്രബോധനപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അതിന്റെ ഭാഗമായി വ്യാപാര സംഘത്തോടൊപ്പം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും യാത്രപുറപ്പെടുകയും ചെയ്തു. അങ്ങനെ ഏതാനും പതിറ്റാണ്ടുകൾ കൊണ്ട് ഇസ്ലാംമതം ലോകം മുഴുവൻ വ്യാപിച്ചു തുടങ്ങി. പടിഞ്ഞാറ് സിറിയ, പാലസ്തീൻ, ഈജിപ്ത്, സൗത്താഫ്രിക്ക, എന്നിവിടങ്ങളിലൂടെ സ്പെയിൻ, പോർച്ചുഗൽ, സിസിലി, കിഴക്കൻ ഫ്രാൻസ്, തുടങ്ങിയ യൂറോപ്യൻ പ്രദേശങ്ങൾ വരെ ഇസ്ലാംമതം എത്തിച്ചേർന്നു. കിഴക്ക് ബൈസാന്തിയവും പോർഷ്യയും കീഴടക്കിയ അറേബ്യൻ സേന തുടർന്നു ചൈനയുടെ അതിർത്തിവരെ പടനയിച്ചു. ഏഴാം നൂറ്റാണ്ടിന്റെ അവസാനഘട്ടമാവുമ്പോഴേയ്ക്കും അവിടെങ്ങളിലെല്ലാം ഇസ്ലാം മതം വ്യാപിച്ചിരുന്നതായി ചരിത്രകാരന്മാർ അനുമാനിക്കുന്നു.

സാമൂതിരിമാർ കോഴിക്കോട്ട് പുതിയൊരു തുറമുഖ നഗരത്തിനു തുടക്കം കുറിച്ചതോടെ എ.ഡി ഏഴാം നൂറ്റാണ്ടുമുതൽ പ്രബലശക്തിയായി മാറുകയും സമുദ്രന്തരീയവാണിജ്യം കുത്തകയാക്കുകയും ചെയ്തിരുന്ന അറേബ്യൻ നാവികരും കച്ചവടക്കാരും കോഴിക്കോട്ടെ വാണിജ്യ തുറമുഖം അന്വേഷിച്ചെത്തി. സാമൂതിരി രാജാക്കന്മാർ വ്യാപാരാനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നല്കി അവരെ സന്തോഷപൂർവം സ്വീകരിച്ചു. അക്കാലത്തെ സാമൂതിരിമാരുടെ പ്രധാന വരുമാനമാർഗം വിദേശവണിക്കുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ തീരുവകളായിരുന്നു. മാത്രമല്ല അറബികളുടെയും അവരുടെ ബന്ധുമിത്രാദികളായ മുസ്ലീങ്ങളുടെയും സഹായസഹകരണങ്ങളാണ് തന്റെ സകലമാന അഭിവൃദ്ധിക്കും കാരണമെന്നും സാമൂതിരി വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ അറബികൾക്കും മുസ്ലിം വർത്തകപ്രമാണിമാർക്കും ധാരാളം വ്യാപാരാനുകൂല്യങ്ങളും ബഹുമതികളും സ്ഥാനമാനങ്ങളും നൽകി സാമൂതിരി അവരെ ആദരിച്ചു. അതിനിടയിൽ സാമൂതിരിക്ക് എതിരിടേണ്ടി വന്ന പ്രബലശക്തികളായിരുന്നു വള്ളുവകോനാതിരിമാർ.

പെരുമാക്കന്മാരുടെ ഭരണകാലത്ത് തിരുന്നാവായ വെച്ചു പന്ത്രണ്ടു വർഷത്തിലൊരിക്കൽ നടത്തപ്പെട്ടിരുന്ന മാമാങ്ക മഹോത്സവത്തിന്റെ രക്ഷാധികാരസ്ഥാനം ലഭിച്ചിരുന്നത് വള്ളുവകോനാതിരിമാർക്കായിരുന്നു. തിരുനാവായ അവരുടെ രാജ്യാതിർത്തിയിൽപ്പെട്ട പ്രദേശമായതുകൊണ്ടാവാം മാമാങ്കത്തിന്റെ രക്ഷാധികാരസ്ഥാനം അവർക്ക് ലഭിക്കാനിടയായത്. എന്നാൽ കേരളചക്രവർത്തി പദം സ്വപ്നം കണ്ടിരുന്ന സാമൂതിരിയാകട്ടെ വള്ളുവക്കോനാതിരിയിൽനിന്നും മാമാങ്കത്തിന്റെ രക്ഷാധികാരസ്ഥാനം പിടിച്ചെടുക്കാൻ നിരന്തരം ഏറ്റുമുട്ടിക്കൊണ്ടിരുന്നു. സാമൂതിരിയും വള്ളുവക്കോനാതിരിയും തമ്മിൽ തിരുനാവായ വെച്ചു നടന്ന യുദ്ധത്തിൽ അറബികളുടെയും കോഴിക്കോട്ടെ മുസ്ലീങ്ങളുടെയും സാമ്പത്തികവും സൈനികവുമായ സഹായങ്ങൾ സാമൂതിരിയ്ക്ക് വേണ്ടുവോളം ലഭിച്ചിരുന്നു. അപ്രകാരം മുസ്ലീം വ്യാപാരികൾ നൽകിയ പിൻബലമാണ് നാട്ടുരാജാക്കന്മാരെ കീഴടക്കാനും അവരുടെ പ്രദേശങ്ങൾ അധീനപ്പെടുത്താനും സാമൂതിരിയെ സഹായിച്ചതെന്നും കേരളോല്പത്തികാരൻ ചൂണ്ടിക്കാട്ടുന്നു. 'കോഴിക്കോട് കോയ ഒരിക്കൽ മാമാങ്കം കാണാൻപോയി. തിരിച്ചുവന്നു സാമൂതിരിയെ മുഖം കാണിച്ചു, രാജാവ് ആഗ്രഹിക്കുകയാണെങ്കിൽ വള്ളുവനാട് പിടിച്ചടക്കി മാമാങ്കത്തിന്റെ രക്ഷാപുരുഷനായി സാമൂതിരിയെ വാഴിക്കാൻ സഹായിക്കാമെന്ന് ഉണർത്തിച്ചു. സാമൂതിരി അതിനു സമ്മതിച്ചു.' അങ്ങനെ പിൽക്കാലത്ത് സാമൂതിരിയുടെ രക്ഷാധികാരത്തിൽ മാമാങ്കം ആഘോഷിച്ചു തുടങ്ങിയത് മുസ്ലീങ്ങൾ പടനയിക്കുകയും വള്ളുവക്കോനാതിരിയെ പരാജയപ്പെടുത്തുകയും ചെയ്തതുകൊണ്ടാണെന്നു[8] പറയപ്പെടുന്നു.

അപ്രകാരം തന്റെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച അറബികളെയും മുസ്ലീങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂതിരി തന്റെ രാജ്യത്തെ സകലമാന കയറ്റിറക്കുമതി കച്ചവടം നടത്താനുള്ള പൂർണ്ണ അവകാശവും പള്ളി പണിയാനും മതാനുഷ്ഠാനങ്ങൾക്കുമുള്ള സ്വാതന്ത്ര്യവും നാട്ടുകാരെ ഇഷ്ടമുണ്ടെങ്കിൽ മതത്തിൽ ചേർക്കാനും നാട്ടുസ്ത്രീകളെ വിവാഹം ചെയ്യാനുമുള്ള അനുവാദവും[9] അവർക്കു കല്പിച്ചുകൊടുത്തു. അന്തർദേശീയ വാണിജ്യവ്യാപാരങ്ങളുടെ നേതൃസ്ഥാനവും മുസ്ലീങ്ങൾക്കായിരുന്നു. അവരിൽ പ്രധാനികളെ തുറമുഖാധിപന്മാരായി നിയമിക്കുകയും 'ഷാബന്തർക്കോയ' എന്ന പദവിയും ഒരു നായർപ്രമാണിക്കു നല്കിയിരുന്ന എല്ലാ അധികാരാനുകൂല്യങ്ങളും നല്കി ആദരിക്കുകയും ചെയ്തു. ഇസ്ലാംമത പണ്ഡിതനും മുസ്ലിം ശരിഅത്ത് നിയമങ്ങളിൽ സാമൂതിരിയുടെ പ്രധാന ഉപദേഷ്ടാവുമായിരുന്ന 'ഖാസി'ക്കും സാമൂതിരിയോടൊപ്പം പല്ലക്കിൽ യാത്രചെയ്യാനുള്ള അവകാശം ഉണ്ടായിരുന്നു. അതുപോലെ സാമൂതിരിയ്ക്കൊപ്പം വേദി പങ്കിടാനും പല്ലക്കിൽ യാത്രചെയ്യാനും ഇടതുഭാഗത്ത് ചേർന്നു നില്ക്കാനും ഷാബന്തർകോയമാരെപ്പോലുള്ള മുസ്ലിം പ്രമാണിമാർക്കും അവസരം ലഭിച്ചിരുന്നു. സാമൂതിരിയുടെ നാവികപ്പടയിലെ പടയാളികളും കപ്പൽ പണിക്കാരും ചില തുറകളുടെ അധിപന്മാരും മുസ്ലീങ്ങളായിരുന്നു[10] മാത്രമല്ല തുറമുഖത്ത് അടുക്കുന്ന ഓരോ കപ്പലുകളുടെയും സംരക്ഷണച്ചുമതലയും മാപ്പിളമാർക്കായിരുന്നു.

സാമൂതിരി രാജാക്കന്മാർ, മുസ്ലീങ്ങളെയും ഇസ്ലാംമതത്തെയും പ്രോത്സാഹിപ്പിച്ചിരുന്നു എന്നതിനുള്ള പ്രധാനരേഖയാണ് കോഴിക്കോട്ടെ കുറ്റിച്ചിറയിലെ മുച്ചുന്തിപ്പള്ളി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ശിലാലിഖിതം. ഒരു അമുസ്ലിം രാജാവും അദ്ദേഹത്തിന്റെ മുസ്ലീം പ്രജകളും തമ്മിലുള്ള സൗഹാർദത്തിന്റെ മായാത്ത മുദ്രകളായി ഇന്നും അവശേഷിക്കുന്ന ഏകശാസനമാണ് കോഴിക്കോട്ടെ മുച്ചിന്തിപ്പള്ളിശാസനം. സാമൂതിരി കാലഘട്ടത്തിന്റെ പ്രതാപകാല ത്തെയാണ് ഈ ശാസനനം പ്രതിനിധീകരിക്കുന്നത്. മുച്ചുന്തിപള്ളിയുടെ ദൈനംദിന ചെലവുകളിലേക്ക് സാമൂതിരി നൽകിയ സംഭാവനകളാണ് അതിലെ പ്രധാന പ്രതിപാദ്യ വിഷയം. ഇപ്രകാരം കോഴിക്കോട്ടെ സാമൂതിരിമാർ ഒരു മുസ്ലിം പള്ളിക്ക് അനുവദിച്ചു നൽകിയ ഈ മഹാദാനം, തരിസാപ്പള്ളി ചെപ്പേട് പോലെയും ജൂതശാസനം പോലെയും വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു ശിലാശാസനം തന്നെയാണെന്നതിൽ തർക്കമില്ല.

പ്രാചീനകാലം മുതൽ വ്യാപാരാർത്ഥം കേരളക്കരയിൽ എത്തിച്ചേർന്ന അറബികൾ തദ്ദേശിയരായ സ്ത്രീകളെ വിവാഹം കഴിക്കുകയും അവരിലൂടെ ജന്മംകൊണ്ട മാപ്പിള പരമ്പര തീരദേശങ്ങളിലുടനീളം പാർപ്പുറപ്പിക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ അവരുടെ വിശ്വാസപ്രമാണങ്ങൾക്കും ആചാരനുഷ്ഠാനങ്ങൾക്കും മറ്റുമായി നിർമ്മിച്ച പള്ളിയുടെ നടത്തിപ്പിന്നാവശ്യമായ സഹായസഹകരണങ്ങൾ നൽകിയതിലൂടെ അറബി കളുമായും മുസ്ലീങ്ങളുമായും സുദൃഢമായ ഒരു സൗഹൃദബന്ധം സ്ഥാപിച്ചെടുക്കാൻ സാമൂതിരിമാർക്ക് സാധിച്ചു. അക്കാലത്ത് കച്ചവടക്കാരായ അറബികളുടെയും മുസ്ലീങ്ങളു ടെയും സാന്നിധ്യം നാടുവാഴികൾക്കും നാട്ടുകാർക്കും ഒരുപോലെ ആവശ്യമായിരുന്നു. അതുകൊണ്ടുതന്നെ ഇസ്ലാം മതത്തെയും മുസ്ലീങ്ങളെയും ഒരുപോലെ പ്രോത്സാഹി പ്പിക്കുവാൻ അവർ തീരുമാനിച്ചു. കേരളത്തിലെ ഇതര മതസമൂഹത്തിൽനിന്നു പ്രത്യേകിച്ച് കീഴ്ജാതിക്കാരിൽനിന്നും മുക്കുവകടുംബത്തിൽനിന്നും ഒന്നോ അതിലധികമോ പേർ ഇസ്ലാംമത വിശ്വാസിയാവണമെന്നു സാമൂതിരി കല്പന പുറപ്പെടുവിച്ചു.[11]

അറബികളെ സംബന്ധിച്ചിടത്തോളം, തങ്ങളുടെ നാടിന്നഭിമുഖമായി കിടക്കുന്ന ഒരു തീരപ്രദേശം എന്നതിലുപരി ലോകവിപണിയിൽ ഏറ്റവും കൂടുതൽ വ്യാപാരമൂല്യമുള്ള കുരുമുളകിന്റെയും സുഗന്ധവ്യഞ്ജനങ്ങളുടെയും നാടായിരുന്നു കേരളം. എ.ഡി നാലാം നൂറ്റാണ്ടിലുണ്ടായ റോമാസാമ്രാജ്യത്തിന്റെ അധഃപ്പതനത്തെത്തുടർന്നു ഇന്ത്യൻസമുദ്ര വാണിജ്യാധിപത്യം അറബികളുടെ കൈകളിൽ വന്നുചേർന്നതോടെ കേരളവും പാശ്ചാത്യ പൗരസ്ത്യ നാടുകളുമായുള്ള വാണിജ്യവ്യാപാര വിനിമയങ്ങൾ വളരെ ഊർജ്ജസ്വലത യോടെ പുരോഗമിക്കുകയും ഏകദേശം 16ാം നൂറ്റാണ്ടു വരെ ഇന്ത്യൻ സമുദ്രതീരങ്ങളിൽ അറബികൾ തങ്ങളുടെ വാണിജ്യ കുത്തക നിലനിർത്തുകയും ചെയ്തു. കേരളക്കരയുമായി അറബികൾക്കുണ്ടായിരുന്ന ഇത്തരം വ്യാപരസാംസ്കാരിക വിനിമയങ്ങൾ ഏഴാം നൂറ്റാണ്ടോടെ കൂടുതൽ ഉത്തേജിതമാവുകയും പുത്തനുണർവ് കൈവരിക്കുകയും ചെയ്തതിന്റെ ഫലമായി മലബാറിലെ വാണിജ്യമേഖലകൾ കൂടി പുരോഗമിക്കുകയും നൂറ്റാണ്ടുകളിലൂടെ അത് ഏറ്റവും പാരമ്യത്തിൽ എത്തിച്ചേരുകയും അങ്ങനെ കിഴക്ക് ചൈനവരെ അവരുടെ വാണിജ്യ ബന്ധങ്ങൾ നീളുകയും പ്രധാന സ്ഥലങ്ങളിലെല്ലാം അവർ കോളനികൾ സ്ഥാപിക്കുകയും ചെയ്തു.

അപ്രകാരം ചൈനയുമായുള്ള അറബികളുടെ വ്യാപാരവിനിമയങ്ങൾക്ക് ഇടത്താവള മായി വർത്തിച്ചിരുന്നത് കൊല്ലം, പന്തലായനി, ഏഴിമല, കോഴിക്കോട് പോലുള്ള കേരള തുറമുഖങ്ങളായിരുന്നു. ഇത്തരം തുറമുഖങ്ങളിലൂടെ കുരുമുളകും സുഗന്ധവ്യഞ്ജനങ്ങളും മാത്രമല്ല കരകൗശലവസ്തുക്കളും പരുത്തിത്തുണിത്തരങ്ങളും നാട്ടുകാർ നെയ്തുണ്ടാ ക്കുന്ന മിനുസമേറിയതും മനോഹരങ്ങളുമായ പട്ടുനൂൽ വസ്ത്രങ്ങളും വിദേശങ്ങളിലേക്ക് കയറ്റിയയ്ക്കപ്പെട്ടു. ഇത് സാധാരണക്കാരന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും മലബാറിന്റെ രാഷ്ട്രീയസാമ്പത്തിക മേഖലകളെ സമ്പന്നമാക്കുകയും ചെയ്തു. അങ്ങനെ വാണിജ്യാർത്ഥം കേരളക്കരയിൽ എത്തിച്ചേർന്ന അറേബ്യൻ വ്യാപാരികളും നാവികരും പിന്നീട് വന്ന ഇസ്ലാം മതപ്രബോധകരും അവരിലൂടെ രൂപംകൊണ്ട മാപ്പിള മുസ്ലീം സംസ്കാരവും അതുപോലെ മലബാറിലെ നാടുവാഴികളും തദ്ദേശിയരും അവരുടെ സംസ്കാരവും പരസ്പരം ഒന്നുചേർന്നു കൂടുതൽ ക്രിയാത്മകമായി പ്രവർത്തിച്ചതിന്റെ ഫലമായി സമാധാനപരവും സാംസ്കാരികവുമായ ഒരു സാമൂഹികാന്തരീക്ഷം രൂപപ്പെടു കയും അത് നമ്മുടെ നാടിനെ രാഷ്ട്രീയസാമ്പത്തിക പുരോഗതിയിലേക്കും വാണിജ്യാഭി വൃദ്ധിയിലേക്കും നയിക്കുകയും ചെയ്തു.

ഇപ്രകാരം അറബികൾ കേരളക്കരയുമായി നേരത്തെ ഉണ്ടാക്കിയെടുത്ത വാണിജ്യ സൗഹൃദ ബന്ധങ്ങൾ പിൽക്കാലത്ത് ഇസ്ലാംമത വ്യാപനത്തിനും പ്രചരണത്തിനും വളരെ ഏറെ സഹായകമായി. മാത്രമല്ല അറബികളുടെ കലാരൂപങ്ങളും ഭക്ഷണശീലങ്ങളും ആചാരനുഷ്ഠാനങ്ങളും മറ്റും വളരെ തന്മയത്വത്തോടെ മലബാറിലേക്ക് കുടിയേറുകയും ചെയ്തു. എന്നാൽ ഇസ്ലാമതാടിസ്ഥാനത്തിലുള്ള മുസ്ലിം കോളനികളും പള്ളികളും ആദ്യമായി സ്ഥാപിക്കപ്പെട്ടത് ചേരമാൻ പെരുമാളിന്റെ മക്കായാത്രയ്ക്കുശേഷം മാലിക്ക് ദിനാറും സംഘവും കേരളക്കരയിലെത്തിയതോടെയാണെന്നു പറയപ്പെടുന്നു.[12] അങ്ങനെ അവർ കേരളരാജാക്കന്മാരുടെ അനുമതിയോടെയും തദ്ദേശീയരുടെ സഹകരണത്തോ ടെയും മലബാറിലെ പ്രധാനകേന്ദ്രങ്ങളിൽ പത്ത് പള്ളികൾ സ്ഥാപിക്കുകയും മതപ്രബോധന മാരംഭിക്കുകയും ചെയ്തതോടെ സവർണ്ണാവർണ്ണവിഭാഗത്തിൽപ്പെട്ട ധാരാളം മലയാളികൾ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയും തന്മൂലം ഹിന്ദുമുസ്ലിം സംസ്കാര ങ്ങൾ പരസ്പരം കൈകോർക്കുകയും സാമൂഹികസാംസ്കാരിക ഔന്നത്യം കൈവരിക്കു കയും ചെയ്തു.

## ഉപസംഹാരം

കോഴിക്കോടിന്റെ സാമൂഹികസാംസ്കാരിക വളർച്ചയിൽ അറബികളുടെയും അവരുടെ സംസ്ക്കാരത്തിന്റെയും സ്വാധീനം കാണപ്പെടുന്നു. അവയെല്ലാംതന്നെ നമ്മുടെ വാണിജ്യ വ്യവഹാര മേഖലകളെയും സമ്പദ്ഘടനയെയും രാജ്യപുരോഗതിയെയും സഹായിക്കു കയും അത് തദ്ദേശീയർക്ക് ഗുണകരമായിത്തീരുകയും ചെയ്തു. കേരളത്തിലെ മുസ്ലീം സമൂഹരൂപീകരണത്തിനും സാംസ്കാരിക വളർച്ചയ്ക്കും ഇസ്ലാംമത വ്യാപനത്തിനും പിന്നിൽ മലബാറിലെ ഭരണാധികാരികളുടെയും ഇടപ്രഭുക്കന്മാരുടെയും നാടുവാഴി കളുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ഉണ്ടായിരുന്നു എന്നതിൽ തർക്കമില്ല. തദ്ദേശിയരാകട്ടെ വളരെ സൗഹാർദപരമായി അറബികളെ സ്വാഗതം ചെയ്തപ്പോൾ അറബികൾ തിരിച്ചും അതേ സമീപനം തന്നെ വെച്ചു പുലർത്തി.

## കുറിപ്പുകൾ:

1. *നമ്പ്യാർ. ഒ.കെ.കെ, പോർത്തുഗീസ് കടൽക്കള്ളന്മാരും ഇന്ത്യൻ നാവികരും, കോട്ടയം, 1962, പുറം 12.*
2. *സെബാസ്റ്റ്യൻ ആർ. പ്രാംഗെ, മൺസൂൺ ഇസ്ലാം മധ്യകാല മലബാർതീരത്തെ വ്യാപാരവും വിശ്വാസവും, മൊഴിമാറ്റം കാർത്തികപുരം തോമസ് പി.ടി, (2021) കോഴിക്കോട്: അദർ ബുക്സ്, പുറം. 19*
3. *ഡോ: കരീം. സി.കെ, കേരള മുസ്ലിം ചരിത്രം സ്ഥിതിവിവരകണക്ക് ഡയറക്ടറി വാല്യം ഒന്ന്, കേരളത്തിന്റെയും കേരളമുസ്ലീങ്ങളുടെയും ചരിത്രം, (1997), ചരിത്രം പബ്ലിക്കേഷൻസ് ഇടപ്പള്ളി, പുറം.124*
4. *ഹെർമൻ ഗുണ്ടർട്ട്, 'കേരളോല്പത്തി', സ്കറിയ സക്കറിയ, എഡി.,(1992), 'കേരളോൽപത്തിയും മറ്റും', പുറം.199200.*
5. *അബു ഒ. മുസ്ലിം രാജ്യ ചരിത്രം, മൂന്നാം പതിപ്പ് 2015), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, പുറം.35*
6. *ഡോ ഹുസൈൻ രണ്ടത്താണി, മാപ്പിള മലബാർ, 2015, മൂന്നാം പതിപ്പ്, കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ബ്യൂറോ, പുറം.12*
7. *വില്യം ലോഗൻ, മലബാർ മാന്വൽ, (വിവർത്തനം), കൃഷ്ണൻ ടി.വി, (2014) പത്താം പതിപ്പ് കോഴിക്കോട്: മാതൃഭൂമി ബുക്സ്, പുറം. 195*
8. *മാനവിക്രമരാജ.പി.സി, മാപ്പിള റിവ്യൂ, 1942, പുറം 1617.*
9. *മൊറെ ജെ. ബി.പി, Origin and Early History of the Keralam 700 AD 1600 AD, (മലബാറിലെ മാപ്പിളമാർ), വിവർത്തനം ഷിബു മുഹമ്മദ്, (2013), കോഴിക്കോട്, ലീഡ് ബുക്സ്, പുറം. 35*
10. *കൃഷ്ണ അയ്യർ, കെ.വി, The Zamorians of Calicut, University of Calicut, 1998, പുറം. 298*
11. *വില്യം ലോഗൻ, മലബാർ മാന്വൽ, (വിവർത്തനം), കൃഷ്ണൻ ടി.വി, (2014) പത്താം പതിപ്പ് കോഴിക്കോട്: മാതൃഭൂമി ബുക്സ്, പുറം. 153*
12. *ശൈഖ് സൈനുദ്ദീൻ മഖ്ദൂം, തുഹ്ഫത്തുൽ മുജാഹിദീൻ, പരിഭാഷയും വിശദീകരണവും ഹംസ സി, 2003 മൂന്നാം പതിപ്പ്, കോഴിക്കോട്: അൽഹുദാ ബുക്ക്സ്റ്റാൾ, പുറം. 60*

## ഗ്രന്ഥസൂചി

1. *അബു ഒ., മുസ്ലീം രാജ്യചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, മൂന്നാം പതിപ്പ്, 2015*
2. *കരീം സി . കെ. ഡോ., കേരള മുസ്ലീം ചരിത്രം സ്ഥിതിവിവരകണക്ക് ഡയറക്ടറി വാല്യം ഒന്ന്, കേരളത്തിന്റെയും കേരള മുസ്ലീംകളുടെയും ചരിത്രം, ചരിത്രം പബ്ലിക്കേഷൻസ് ഇടപ്പള്ളി, 1997*
3. *കൃഷ്ണ അയ്യർ, കെ.വി, The Zamorians of Calicut, University of Calicut, 1998*
4. *നമ്പ്യാർ. ഒ..കെ, പോർത്തുഗീസ് കടൽക്കള്ളന്മാരും ഇന്ത്യൻ നാവികരും, കോട്ടയം, 1962*

5. *മാനവിക്രമരാജ.പി.സി, മാപ്പിള റിവ്യൂ, 1942,*
6. *മൊറെ ജെ. ബി.പി, Origin and Early History of the Keralam 700 AD 1600 AD, (മലബാറിലെ മാപ്പിളമാർ), വിവർത്തനം, ഷിബു മുഹമ്മദ്, ലീഡ് ബുക്സ്, കോഴിക്കോട്, 2013*
7. *വില്യം ലോഗൻ, മലബാർ മാന്വൽ, (വിവർത്തനം), കൃഷ്ണൻ ടി.വി, മാതൃഭൂമി ബുക്സ്, കോഴിക്കോട്, പത്താം പതിപ്പ്, 2014*
8. *സെബാസ്റ്റ്യൻ ആർ. പ്രാംഗെ, മൺസൂൺ ഇസ്ലാം മധ്യകാല മലബാർ തീരത്തെ വ്യാപാരവും വിശ്വാസവും, മൊഴിമാറ്റം കാർത്തിക പുരം തോമസ് പി.ടി, അദർ ബുക്സ്, കോഴിക്കോട്, 2021*
9. *സൈനുദ്ദീൻ മഖ്ദൂം ശൈഖ്., തുഹ്ഫത്തുൽ മുജാഹിദീൻ, പരിഭാഷയും വിശദീകരണവും ഹംസ. സി, അൽഹുദാ ബുക്ക്സ്റ്റാൾ, കോഴിക്കോട്, 2003*
10. *ഹുസൈൻ രണ്ടത്താണി. ഡോ., മാപ്പിള മലബാർ, ഇസ്ലാമിക് പബ്ലീഷിംഗ് ബ്യൂറോ, കോഴിക്കോട്, മൂന്നാം പതിപ്പ്, 2015*
11. *ഹെർമൻ ഗുണ്ടർട്ട്, കേരളോല്പത്തി, സ്കറിയ സക്കറിയ, എഡി., കേരളോൽപത്തിയും മറ്റും, ഡിസി ബുക്സ്, കോട്ടയം, 1992*

# ദുരന്തനായകത്വം: സി.ജെ യുടെ ദാവീദിലും സി എന്നിന്റെ രാവണനിലും

**ഡോ. ബിന്ദു എ.എം**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളം, സർക്കാർ വനിതാ കോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

ദുരന്താഭിമുഖ്യം പുലർത്തുന്ന പാശ്ചാത്യനാടകങ്ങളുടെ ജീവനാണ് ദുരന്ത നായക കഥാപാത്രം. നിർവചിക്കപ്പെട്ട സ്വഭാവഘടകങ്ങൾ ദുരന്തനായക നിർമ്മിതിയിൽ പ്രാധാന്യം വഹിക്കുന്നു. ദുരന്തനായകസങ്കല്പം ഭാരതീയ നാടകവേദിയിൽ അപൂർവ്വമായി മാത്രം കാണപ്പെടുന്ന ഒന്നാണ്. മലയാള നാടകസാഹിത്യത്തിലെ പ്രതിഭാശാലികളായ സി. ജെ. തോമസും സി. എൻ. ശ്രീകണ്ഠൻ നായരും തങ്ങളുടെ മാസ്റ്റർപീസുകളായ 'ആ മനുഷ്യൻ നീ തന്നെ', 'ലങ്കാലക്ഷ്മി' എന്നീ നാടകങ്ങളിൽ ദുരന്തനായകസങ്കല്പത്തെ അനുവർത്തിച്ച് സൃഷ്ടിച്ച നായകന്മാരാണ് ദാവീദും രാവണനും. ഈ കഥാ പാത്രങ്ങളുടെ സൃഷ്ടിയിൽ ഉൾച്ചേർന്നിരിക്കുന്ന ദുരന്തനായക സ്വഭാവ ഘടകങ്ങൾ, പൊതു സാമ്യങ്ങൾ, കഥാപാത്ര സൃഷ്ടിയിൽ ഇതര രചനകളുടെ സ്വാധീനം എന്നിവ പരിശോധിക്കുകയാണ് പ്രബന്ധ ലക്ഷ്യം.

***താക്കോൽവാക്കുകൾ:*** കഥാർസിസ്, ഹാമർഷ്യ, ഐക്യത്രയം, ഹുബ്രിസ്, ട്രാജഡി, ഷഡ്ഘടകം, ഇതിവൃത്തം.

## ആമുഖം

സംഘർഷഭരിതമായ ജീവിതത്തിന്റെ ക്രിയാത്മകമായ ആവിഷ്കാരമാണ് നാടകം. പാശ്ചാത്യവും പൗരസ്ത്യവുമായ ഭിന്നവേദികളിലൂടെ പടർന്നു പന്തലിച്ച ഈ രംഗകല മനുഷ്യന്റെ ആന്തരിക ഭാവങ്ങളെയും ജീവിതദർശനങ്ങളെയും തന്മയത്വത്തോടെ അവതരിപ്പിക്കുന്നതിൽ മറ്റു കലകളെ ബഹുദൂരം പിന്നിലാക്കി. ശുഭാന്തമോ ശോകാന്ത മോ ആകട്ടെ മനുഷ്യജീവിതത്തിന്റെ വൈവിധ്യത്തേയും മനുഷ്യപ്രകൃതിയുടെ നിഗൂഢതകളെയും അനാവരണം ചെയ്ത് സന്ദർഭങ്ങളെ പൊലിപ്പിച്ചെടുക്കുന്നതിൽ

നാടകം പുലർത്തുന്ന മികവ് എന്നും അതിനെ സജീവ കലയാക്കി മാറ്റുന്നു. അരങ്ങിൽ സജീവമാകാത്ത നാടകങ്ങളും അന്തഃരംഗങ്ങളിൽ സജീവത നിലനിർത്തുന്നത്, ജീവിതമാണ് അതിന്റെ ഇതിവൃത്തം എന്നതിനാലാണ്. ശുഭാന്തവും ശോകാന്തവുമായ നാടകങ്ങളിൽ പ്രായേണ ദുരന്തനാടകങ്ങൾ ചിരഃസ്ഥായിയായി നില്ക്കുന്നത് മനുഷ്യന് അവന്റെ ജീവിതം ഉത്തരം കിട്ടാത്ത പ്രഹേളികയായി നിലകൊള്ളുന്നതിനാലാണ്. ഉത്തരം കിട്ടുന്ന ശുഭാന്തനാടകങ്ങളിൽ തൃപ്തനായിരിക്കെ ഉത്തരം കിട്ടാത്ത ദുരന്തത്തിന്റെ കാരണമന്വേഷിക്കുന്ന ജിജ്ഞാസുവായി അവൻ നിലകൊണ്ടു. ജീവിതവും വിധിയും തങ്ങളുടെ നിശ്ചയങ്ങളിൽ പെടാത്തവയായതിനാൽ മനുഷ്യൻ ജീവിതാനുകരണമായ നാടകത്തിൽ ദുരന്തത്തിനു വിശേഷ മൂല്യം കല്പിക്കുന്നു. ഇക്കാരണങ്ങളാൽ പാശ്ചാത്യർ തങ്ങളുടെ നാടക ദർശനങ്ങളിൽ ദുരന്തനാടകങ്ങൾക്കു പ്രാധാന്യം കൊടുക്കുകയും, അവയുടെ രചനാഘടകങ്ങളെ അപഗ്രഥിച്ച് സിദ്ധാന്ത രൂപീകരണം നടത്തുകയും ചെയ്തു. മത സാമൂഹ്യപരമായ കാരണങ്ങളാലും രസസിദ്ധാന്താഭിമുഖ്യത്താലും ദുരന്തനാടകങ്ങളെ ഒഴിവാക്കി ഭാരതീയർ ശുഭപര്യവസായിയായ നാടകങ്ങൾക്ക് ലക്ഷണ നിർവചനം നടത്തുകയും അത്തരം നാടകങ്ങൾ കൂടുതലായി രചിക്കുകയും ചെയ്തു. കുറച്ചുമാത്രം നാടകങ്ങൾ വിഭിന്നമായി ഭാരതീയ നാടകവേദിയിലും പിന്നീട് മലയാള നാടകവേദിയിലും ഉണ്ടായി. അവ വ്യത്യസ്തമായ പ്രമേയംകൊണ്ട് അപൂർവ്വതാരകങ്ങളായി ശ്രദ്ധിക്കപ്പെട്ടു. പാശ്ചാത്യനാടകവേദിയുടെ സ്വാധീനത്താൽ പുഷ്കലമായ മലയാളനാടക സാഹിത്യ ത്തിലെ ശ്രദ്ധേയമായ രണ്ടു നാടകങ്ങളിലെ കഥാപാത്രങ്ങളെ ദുരന്തനായകപശ്ചാ ത്തലത്തിൽ വിലയിരുത്തുകയാണിവിടെ.

## ദുരന്തനാടകവും ദുരന്തനായകനും

സ്വയം പൂർണ്ണവും ഗൗരവാവഹവും നിശ്ചിത ദൈർഘ്യവുമുള്ളതുമായ ഒരു ക്രിയയുടെ അനുകരണമാണ് ദുരന്ത നാടകമെന്നു അരിസ്റ്റോട്ടിൽ നിർവചിക്കുന്നു. (വിശ്വസാഹിത്യ ദർശനങ്ങൾ മുരളീധരൻ, നെല്ലിക്കൽ, പുറം33 ഡിസിബുക്സ് 2005). അലങ്കാരങ്ങളാൽ ചമത്കരിക്കപ്പെട്ട ഭാഷയാൽ രചിക്കപ്പെടുന്ന, കരുണഭയ വികാരങ്ങളുടെ കഥാർസിസ്. സാധ്യമാക്കുന്ന ഈ ക്രിയാരൂപത്തിൽ ഐക്യത്രയവും, ഇതിവൃത്തം, സ്വഭാവ ചിത്രീകരണം, ചിന്ത, പദവിന്യാസം, ഗാന മാധുരി, ദൃശ്യം തുടങ്ങിയ ഷഡ്ഘടകങ്ങളും ഉണ്ടായിരിക്കണമെന്നാണ് നിഷ്കർഷ. ഷഡ്ഘടകങ്ങളിൽ ഇതിവൃത്തത്തിനു ശേഷം പ്രാധാന്യമർഹിക്കുന്നത് കഥാപാത്ര ചിത്രീകരണം / സ്വഭാവചിത്രീകരണമാണ്. കാലപൗർവ്വാപൗര്യമനുസരിച്ച് അനുക്രമമായി നടക്കുന്ന കുറേ സംഭവങ്ങളുടെ നേർക്ക് ഒരാളുടെ പ്രതികരണങ്ങളിലെല്ലാം സ്ഥിരമായി ഒരൊറ്റ സ്വഭാവം വ്യഞ്ജിച്ചു നില്ക്കുന്നതാണ് ആ പ്രത്യേക വ്യക്തിയുടെ സ്വഭാവചിത്രീകരണം (സാനു, എം കെ, പ്രൊഫ., നാടകം ഒരു പഠനം, സി ജെ സ്മാരക പ്രസംഗ സമിതി മാളുബെൻ 2010, പേജ് 29).

ട്രാജഡിയുടെ സ്വഭാവമനുസരിച്ച് കഥാപാത്രങ്ങൾ ഗൗരവമായ പ്രതിസന്ധികൾ ദുരന്ത ങ്ങൾ എന്നിവയിലുൾപ്പെട്ട് കഠിനമായ നഷ്ടത്തിലോ, പീഡനത്തിലോ എത്തിച്ചേരുന്നു. യഥാർത്ഥ മനുഷ്യനിലും കവിഞ്ഞ ദുരന്ത നാടക കഥാപാത്രം (നായകൻ) തന്റെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അപചയത്തിനു സ്വയം കാരണമാകുന്നു. കണക്കുകൂട്ടലുകളിൽ വരുന്ന പിഴയോ ഭാഗ്യ വിപര്യയമോ അയാളുടെതന്നെ തെറ്റോ നായകന്റെ നാശത്തിനു കാരണമാകുന്നതിനെ ഹാമർഷ്യ (Hamartia) എന്ന സംജ്ഞ ഉപയോഗിച്ചാണ് അരിസ്റ്റോട്ടിൽ വിശദീകരിക്കു ന്നത്. കഥാപാത്രങ്ങൾ നല്ലവരായിരിക്കണമെന്നു നിർദ്ദേശിക്കുമ്പോഴും കഥാപാത്രങ്ങൾ എല്ലാം തികഞ്ഞവരായിരിക്കരുതെന്നും പറയുന്നു. ഹാമർഷ്യയ്ക്കു പുറമെ തന്റെ അഭിമാനം, അഹങ്കാരം, ധാർഷ്ട്യം എന്നിവ (Hubris) മൂലവും ദുരന്തനായകൻ പരാജയ മേറ്റുവാങ്ങാം. സോഫോക്ലീസിന്റെ ഈഡിപ്പസ് രാജാവാണ് എക്കാലത്തേയും മികച്ച ദുരന്തനായക മാതൃക.

ഇത്തരത്തിൽ പരാജയമേറ്റുവാങ്ങിയ ദുരന്തനായകന്മാരിൽ മലയാളനാടക സാഹിത്യത്തിലെ പ്രശസ്തരായ കഥാപാത്രങ്ങൾ സി ജെയുടെ ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിലെ ദാവീദ് രാജാവും സി എൻ ശ്രീകണ്ഠൻ നായരുടെ ലങ്കാലക്ഷ്മിയിലെ രാവണനുമാണ്. കേരളത്തിലെ നാടകം അന്യനാടുകളിൽ നിന്നു പറിച്ചുനട്ട കലയാണെ ന്നു പറഞ്ഞ സി ജെയുടെ (ഉയരുന്ന യവനിക, തോമസ്, സി ജെ. എസ് പി സി എസ് 1950) ഈ നാടകത്തിൽ യവന നാടകകൃത്തായ സോഫോക്ലീസിന്റെ സ്വാധീനം കാണാൻ കഴിയും. 'ദാവീദ് ഈഡിപ്പസിനെ പ്രതിബിംബിപ്പിക്കുന്നു; ഇതിവൃത്ത സംവിധാനം സോഫോക്ലീസിന്റെ യവനനാടകമായ ഈഡിപ്പസ് എന്ന രാജാവിനെ അനുസ്മരിപ്പി ക്കുന്നു' എന്നു പറഞ്ഞത് അയ്യപ്പപ്പണിക്കരാണ് (അവതാരിക, അയ്യപ്പപ്പണിക്കർ, ആ മനുഷ്യൻ നീ തന്നെ, പുറം8, ഡിസി ബുക്സ് 2011) പാശ്ചാത്യ നാടകവേദിയുടെ ദുരന്തനായകസങ്കല്പത്തെ പിന്തുടർന്ന സി ജെ യുടെ പ്രതിഭയെയാണു അയ്യപ്പപ്പണിക്കർ സൂചിപ്പിക്കുന്നത്.

## സി ജെയുടെ ദാവീദ് രാജാവ്

1955 ൽ പ്രസിദ്ധീകരിച്ച നാടകമാണ് ആ മനുഷ്യൻ നീ തന്നെ. യഹോവ അഭിഷിക്ത നാക്കിയ ദാവീദ് രാജാവിന്റെ വ്യക്തി ദുരന്തമാണ് നാടകത്തിന്റെ പ്രമേയം. അതി ബലവാനും യഹോവയുടെ ആലയം തീർക്കാൻ കടപ്പെട്ടവനും ഇസ്രയേലിൻ സിംഹാസനം ഉറപ്പിച്ചവനുമായ ദാവീദ് ആത്മാവുകൊണ്ടു ദരിദ്രനാണെന്നു തെളിയിക്കുന്ന നാടകത്തിൽ യഹോവയുടെ ഒൻപതാം പ്രമാണം ലംഘിച്ച് തന്റെ വിശ്വസ്തനെ ഗൂഢപദ്ധതിയിലൂടെ വധിച്ച് അവന്റെ ഭാര്യയെ സ്വന്തമാക്കി, സമൂഹത്തിന്റെ മുൻപിൽ ആക്ഷേപങ്ങൾ മറന്ന് ചക്രവർത്തിയായി വിരാജിച്ചവനാണ്. എന്നാൽ ചെയ്ത പാപത്തിന്റെ രൂക്ഷത അദ്ദേഹ ത്തെ പ്രവാചകനായ നാഥാൻ ബോധ്യപ്പെടുത്തുന്നു. പശ്ചാത്താപവും പാപപരിഹാരവും മനുഷ്യനും ദൈവവും ചേർന്ന് നിർവഹിക്കുകയും അധികാര പ്രതിസന്ധിയെ അതിജീവിച്ച് ദാവീദ് പുതിയ മനുഷ്യനായി, രാജാവായി യഹോവയുടെ സങ്കീർത്തനം മുഴക്കുന്നതുമാണ് ഇതിവൃത്തം. മനുഷ്യനിലെ നന്മ തിന്മകളുടെ സ്വഭാവങ്ങളെ നിർണ്ണയിച്ച് മഹത്താകിലും തിന്മയുള്ളതുകൂടിയാണു മനുഷ്യ വ്യക്തിത്വം എന്നു സ്ഥാപിക്കുകയാണ് ഈ നാടകത്തി ലൂടെ. ഗുണപൂർണ്ണനായ നിന്നിലെ തിന്മയുള്ള മനുഷ്യനും നീ തന്നെയാണ് എന്നാണ് നാഥാന്റെ വെളിപ്പെടുത്തലിന്റെ സാരം. ദുരന്തനാടകത്തിലെ നായകനു തിരിച്ചറിവു ണ്ടാകുന്ന ഈ സന്ദർഭം ഈഡിപ്പസ് നാടകത്തിലേതുപോലെയാണ്. തൈറീസ്യൂസ് എന്ന

അന്ധനായ പ്രവാചകൻ ഈഡിപ്പസിനു തന്റെ ദുരന്തത്തെ വെളിപ്പെടുത്തുന്നു. സി ജെ യുടെ നാടകത്തിൽ അതു നിർവഹിക്കുന്നത് നാഥാൻ പ്രവാചകനാണെന്നു മാത്രം.

ദാവീദിന്റെ വ്യക്തി ദുരന്തം അദ്ദേഹത്തെ തകർക്കുന്നതായി നാടകത്തിൽക്കാണാം. അതിൽ നിന്നദ്ദേഹം കരകയറുന്നതും നാടകത്തിൽ സുവ്യക്തമാണ് പ്രലോഭിപ്പിച്ചും അധികാര ഗർവിനാൽ ഭീഷണിപ്പെടുത്തിയും ദാവീദ് തനിക്കു വശംവദയാക്കിയ ബത്ഷേബയുടെ ദുരന്തവും അതിഭയങ്കരമാണ്. മരണമടഞ്ഞ വിശ്വസ്തനും സ്നേഹ നിധിയുമായിരുന്ന ഭർത്താവിന്റെ തലപ്പാവ് ഭാരംകൊണ്ട് കൈയിൽനിന്നൂർന്നുവീണ, ഇസ്രയേലിന്റെ കനമില്ലാത്ത കിരീടം കൈയിലേന്തിയ, ബത്ശേബയുടെ ദുരന്തത്തിനെ നാടകകൃത്ത് നാടകാവസാനം വിട്ടുകളയുന്നു. നായകനെക്കാൾ നൂറിരട്ടി സംഘർഷം അനുഭവിക്കുന്ന നായികയുള്ള ദുരന്ത നാടകത്തിൽ നായകന്റെ ദുരന്തത്തിനു മാത്രം പ്രാധാന്യം ലഭിക്കുന്നുവെന്നതാണു പ്രത്യേകത. അപൂർവ്വമായി മാത്രം ചില ദുരന്ത നാടകങ്ങളിൽ സ്ത്രീ കഥാപാത്രങ്ങളുടെ ദുരന്തം ശ്രദ്ധേയമായിട്ടുണ്ട്. ലേഡീമാക്ബത്ത് ഉൾപ്പെടെയുള്ള കഥാപാത്രങ്ങൾക്കു കിട്ടിയ പ്രാധാന്യം അവരിലുള്ള സ്ത്രൈണ ഭാവങ്ങളേക്കാൾ പൗരുഷഭാവത്തിനു പ്രാധാന്യവും പ്രസക്തിയും കാണുന്നതിനാലാ ണെന്ന് പ്രൊ. എം.കെ. സാനു നിരീക്ഷിക്കുന്നു. (നാടകം ഒരുപഠനം സാനു. എം. കെ., പ്രൊഫ. പുറം 34.) ട്രാജഡികളിൽ നായികാദുരന്തത്തിനു പ്രാധാന്യം കല്പിക്കാറി ല്ലെങ്കിലും ബത്ശേബയുടെ ദുരന്തം കൂടിയാണ് ദാവീദിന്റെ ദുരന്തത്തിന് ആക്കം കൂട്ടുന്നത് എന്നു സൂക്ഷ്മ നിരീക്ഷണത്തിൽ കാണാം. 'ഞാനദ്ദേഹത്തെ സ്നേഹിച്ചിരുന്നു തിരുമേനി' എന്ന ഊറിയായുമായുള്ള ഹൃദയബന്ധത്തെപ്പറ്റിയുള്ള ബത്ശേബയുടെ വെളിപ്പെടുത്ത ലിൽ സ്നേഹംകൊണ്ടല്ല ഭയഭക്തികൊണ്ട് ബത്ശേബ വിധേയപ്പെട്ടുവെന്ന ചിന്തയിലാണ് ദാവീദിന്റെ തകർച്ചയുടെ പൂർണ്ണത. ചെയ്തതെല്ലാം വിഫലമായപ്പോൾ അതിനെ സഫലമാകാനുള്ള ശ്രമമാണ് ദാവീദിന്റെ ചെയ്തികൾ എന്നു കാണാം. ആരാധകരുടെ മുൻപിൽ അപമാനിതനും ചോദ്യം ചെയ്യപ്പെട്ടവനുമായി നില്ക്കുന്ന ദാവീദ് ഉത്തുംഗ ശൃംഗത്തിൽനിന്ന് നിലംപതിച്ച വെന്നിക്കൊടിയാണ്. ജനമനസുകളിൽനിന്നു നിലംപതിച്ച അയാൾക്ക് സമസ്താപരാധങ്ങളെ പശ്ചാത്താപത്താൽ ഉരുക്കിക്കളഞ്ഞതിനുശേഷമാണ് ജനനായകനാകാൻ വീണ്ടും ശേഷിയുണ്ടാകുന്നത്. യഹോവയുടെ സങ്കീർത്തനം ദാവീദിനു വീണ്ടും വഴങ്ങുന്നു.

ഇസ്രയേൽ ചക്രവർത്തിയായ ദാവീദിന്റെ 'കണ്ണുള്ളത് തുറക്കാൻ മാത്രമല്ല അടയ്ക്കാൻ കൂടിയാണ്' എന്ന, ശരിതെറ്റുകൾ ഉറപ്പിക്കാനാകാത്ത വാചകത്തിലൂടെയാണ് ആ മനുഷ്യൻ നീ തന്നെ എന്ന നാടകം ആരംഭിക്കുന്നത്. യാതൊരു യുദ്ധവും ധർമ്മയുദ്ധമല്ല എന്നറിയാവുന്ന ദാവീദ് താനിതുവരെ ഉയർത്തിക്കൊണ്ടുവന്ന ജനനായക പരിവേഷത്തി നുള്ളിൽ ദൗർബല്ല്യവും തെറ്റുകുറ്റങ്ങളും ഉള്ള ഒരു വ്യക്തിത്വത്തെ ഒളിപ്പിച്ചുവച്ച് യഹോവയുടെ പ്രിയൻ എന്ന വിശേഷണത്തെ വഹിക്കുന്നവനാണ്. ഉള്ളിലുള്ള ആഗ്രഹങ്ങളെ അടക്കാൻ സാധിക്കാത്ത ആ മനുഷ്യനുമായുള്ള സംഘർഷമാണ് നാടകത്തിലെ ദാവീദ് നേരിടുന്ന യഥാർത്ഥയുദ്ധം. യുദ്ധപശ്ചാത്തലത്തിൽ നടക്കുന്ന നാടകത്തിൽ നന്മ തിന്മകളുമായി ദാവീദ് പടവെട്ടുന്നു. മനുഷ്യന്റെ സ്വത്വഗുണമാണ്

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അവനെ വിജയപരാജയങ്ങളിലേക്കു നയിക്കുന്നത്. ദാവീദ് തന്റെ വംശത്തിനുവേണ്ടി ഗോലിയാത്തിനെ കൊന്ന് യഹോവയുടെ കിരീടം ചൂടിയവനാണ്. യഹോവയ്ക്കും ജനതയ്ക്കും വേണ്ടി അനേക പോരാട്ടങ്ങൾ നടത്തി ഹൃദയങ്ങളെ കവർന്നവനാണ്. മുന്നൂറു ഭാര്യമാരുണ്ടായിട്ടും ആത്മസഖിയായി ഒരുവളെ കിട്ടാത്ത ഏകാകിയാണ്. സ്നേഹത്തിനും ദയയ്ക്കും പരിചരണങ്ങൾക്കും മോഹിക്കുന്ന അതിനുവേണ്ടി സ്വാർത്ഥത പുലർത്തുന്ന ദാവീദിലെ പച്ച മനുഷ്യനാണ് അയാളുടെ ശത്രുവായ മനുഷ്യൻ. താൻ ചെയ്യുന്നതിലെ ശരികേടുകൾ യഹോവയ്ക്ക് അപ്രിയമാണെന്നറിഞ്ഞിട്ടും തന്റെയുള്ളിലെ ആ മനുഷ്യനെ കീഴടക്കാൻ സാധിക്കാത്ത ദാവീദിനു വ്യക്തിദുരന്തം ഉണ്ടാകുന്നു. നൂറുകണക്കിനു  തോഴിമാരിലൂടെ സ്നേഹം തേടി തീർത്ഥയാത്ര നടത്തിയ ദാവീദിനു ബത്ശേബയെക്കാണുമ്പോൾ ശൂന്യമായ തന്റെ ഹൃദയത്തിനു നാഥയുണ്ടായതായി തോന്നുന്നു. സമ്പ്രദായങ്ങളെല്ലാം തെറ്റായിട്ടും, യഹോവയുടെ അപ്രീതിവഴി തന്റെ ദുരന്തം സംഭവിക്കുമെന്നറിഞ്ഞിട്ടും, ബത്ശേബയ്ക്കുവേണ്ടി അവളുടെ ഭർത്താവിനെക്കൊന്ന് സൽപ്പേരു കളങ്കപ്പെടുത്തി ദാവീദ് വ്യക്തി ദുരന്തത്തിനു ഇരയാകുന്നു. അതുവരെയുണ്ടായിരുന്ന പരിവേഷം തകർന്ന് ദുരന്തം ഏറ്റുവാങ്ങുന്ന ദാവീദ് വീണ്ടും ജനക്കൂട്ടത്തിന്റെ മധ്യത്തിലെ ഏകാകിയായിത്തീരുന്നു. മനോവികാരമായ ഒഴുക്കിനെതിരെ നീന്താൻ ശക്തിയില്ലാത്തതിനാൽ കണ്ണടച്ച് അതിനു കീഴടങ്ങേണ്ടിവന്ന ദാവീദ് ശരിതെറ്റുകൾ നിശ്ചയിക്കാൻ ശേഷി നഷ്ടപ്പെട്ടവനാണ്. പാപത്തിന്റെ ശമ്പളം മരണമാണെന്ന പ്രഖ്യാപനം ദാവീദിനെ  ബോധരഹിതനാക്കുന്നുണ്ട്. ബത്ശേബയുടെ പ്രണയ നഷ്ടവും പൊതു സമൂഹത്തിൽനിന്നുള്ള വിമർശനവും യഹോവയുടെ അപ്രീതിയും ദാവീദിനു മരണതുല്യമാണ്. പ്രണയനഷ്ടമെന്ന മരണത്തെ അതിജീവിച്ച ദാവീദ് പക്ഷെ ഇസ്രയേലിന്റെ പ്രവാചകന്റെ വിമർശനവും യഹോവയുടെ അപ്രീതിയുമായ മരണമുഖത്തെത്തുന്നു. അവ ഏറ്റുവാങ്ങുന്ന ദാവീദിനുണ്ടാകുന്ന പശ്ചാത്താപം യഥാർത്ഥത്തിൽ മരിച്ചു ജനിക്കലാണ്. മനുഷ്യദുരന്തം ആത്മനാശത്തിലൂടെയാണ് സംഭവിക്കുന്നത് എന്നതിനു ഉത്തമ ഉദാഹരണമാണ് ദാവീദ്.

## ലങ്കാലക്ഷ്മിയും രാവണനും

1974 ൽ രചിക്കപ്പെട്ട ലങ്കാലക്ഷ്മിയിൽ രാമായണകഥാപാത്രമായ രാവണനാണ് നായകൻ. ആദികാവ്യത്തിലെ പ്രതിനായകനായ നായകൻ ഭാരതീയനാടകത്തിലെ നായക സങ്കല്പത്തിനു യോജിക്കാത്തവനാണ്. ഊരുഭംഗം രചിച്ച ഭാസന്റെ ധൈര്യവും പാശ്ചാത്യനാടകവേദിയിലെ ദുരന്തനായകസങ്കല്പത്തോടുള്ള ആഭിമുഖ്യവുമാണ് സി എന്നിനെ ഇത്തരത്തിലൊരു നായക കഥാപാത്രസൃഷ്ടിക്കു പ്രേരിപ്പിച്ചത്. തന്റെ മുൻഗാമിയായ സി.ജെയുടെ 'ആ മനുഷ്യൻ നീ തന്നെ' എന്ന ദുരന്ത നാടകവും സി എന്നിനെ സ്വാധീനിച്ചിരിക്കാം. ഭാരതീയ നാടക സങ്കല്പങ്ങളിൽ നിന്നു വ്യതിചലിച്ചുകൊണ്ടാണ് ശ്രീകണ്ഠൻ  നായർ ലങ്കാലക്ഷ്മി രചിച്ചിരിക്കുന്നത് എന്ന് ഡോ. സുധീഷ് സാം പറയുന്നതും ഇത്തരം സഹചര്യങ്ങളെ കണക്കിലെടുത്താവണം. (സുധീഷ് സാം എസ് വി, ഡോ. തിരനോട്ടം, നാടകപഠനങ്ങൾ, പേജ് 99, കേ. ഭാ. ഇ. 2020) തന്റെ നാടകത്രയത്തിൽ അവസാനത്തേത് വൈജാത്യമുള്ള ഒരു പ്രമേയത്താലും ഇതിവൃത്തത്താലും

ശ്രദ്ധേയമാകണമെന്ന് സി എൻ ആഗ്രഹിച്ചു. സാകേതത്തിലും കാഞ്ചനസീതയിലുമുള്ള ദുരന്ത നായകരിൽ നിന്നുവ്യതിരിക്തമായി താൻ നെഞ്ചകത്തു സൂക്ഷിച്ച ആ കനൽക്കട്ടയെ ഊതിപ്പൊലിപ്പിച്ച് അഗ്നിയാക്കിയത് ദുരന്തനായക മാതൃകയായ ഈഡിപ്പസിനെയും ദാവീദിനെയും മനസിൽ കണ്ടാവണം. ജൈനരാമായണ കഥകളിലെ വ്യത്യസ്ത രാവണകഥകളും കുട്ടികൃഷ്ണമാരാരുടെ വാത്മീകിയുടെ രാമനിലെ രാവണ സങ്കല്പവും കമ്പരാമായണവും നാടോടി തമിഴ്ക്കഥകളും ആസ്പദമാക്കി രചിച്ച വയലാറിന്റെ രാവണപുത്രിയിലെ രാവണനുമെല്ലാം ലങ്കാലക്ഷ്മിയിലെ രാവണനെന്ന കഥാപാത്ര ത്തിന്റെ അസാമാന്യ സൃഷ്ടിക്ക് സി എന്നിനെ സഹായിച്ചിട്ടുണ്ടാവാം.

വംശോദ്ധാരകനും വംശനാശകനുമായി മാറി തീവ്രവേദനയുടെ ക്രൂരശരങ്ങളേറ്റ് സ്വന്തം ജീവിതം പാഴ്ചെലവായിരുന്നുവോ എന്നു ചിന്തിക്കുന്ന രാവണൻ സി. എന്നിന്റെ രചനയിലെ ഏറ്റവും മികച്ച ദുരന്തനായക കഥാപാത്രമാണ്. ആർക്കുവേണ്ടിയാണോ താൻ ഐശ്വര്യങ്ങളെ സമാഹരിച്ചത് അവരുടെ വിമർശനവും സഹോദരന്റെ വഞ്ചനയും പുത്രനാശദുഃഖവും പ്രിയപത്നിയുടെ അഭിമാനനാശവും സ്വയം കൃതാനർത്ഥം മരണഫലവും ഏറ്റു വാങ്ങിയ രാവണൻ ഈഡിപ്പസിനു തുല്യനായ കഥാപാത്രമാണ്. പിൽക്കാലത്ത് രാവണൻ ഇൻഡ്യൻ ഈഡിപ്പസ്സാണെന്ന് എ. കെ. രാമനുജൻ തന്റെ മുന്നൂറു രാമായണങ്ങൾ എന്ന കൃതിയിൽ നിരീക്ഷിച്ചിട്ടുണ്ട്. രാവണൻ ആധുനികർക്ക് ദുരന്തനായകനാണെന്നും രാമാനുജൻ പറയുന്നു. ദാവീദിനെപ്പോലെ പ്രതിനായകന്റെ ദുരന്തം കാണികളിൽ ഭയകരുണങ്ങളെ ഉത്തേജിപ്പിക്കുന്നത് നമുക്കു കാണാൻ കഴിയുന്നു. കാണികൾക്ക് രാവണപ്രവൃത്തികളിൽ ന്യായീകരണവും സഹതാപവും ജനിക്കുന്നത് അനിവാര്യമായ സാഹചര്യങ്ങളിൽ മുളച്ചുയർന്ന വംശവൃക്ഷമാണെന്നതിനാലാണ്. അവഗണനയും അപമാനവും വേദനയും പരിഹാസവും ആർപ്പുവിളിച്ച പാതകളിലൂടെ ശൂന്യമായകൈകളോടെ വളർന്നുവന്ന ഒരുവൻ ആത്മബലം കൊണ്ടും കൈയൂക്കു കൊണ്ടും ത്രിലോകങ്ങളെ കീഴടക്കിയ പശ്ചാത്തലം രാവണനുള്ളതിനാലാണ്. ദുരന്ത നായകൻ എല്ലാം തികഞ്ഞവനാകണമെന്നില്ല എന്ന നിയമത്തെ അംഗീകരിച്ച് രാവണന്റെ തിന്മകൾ  രാജധർമ്മത്തിനും വംശോദ്ധാരണ കടമയ്ക്കും അനിവാര്യമായിരുന്നു എന്ന് കാണികൾക്ക് ഉൾക്കൊള്ളേണ്ടിവരുന്നു. ദുരന്തനായകൻ അതിമാനുഷികനാകണമെന്ന ദുരന്തനാടകസങ്കല്പത്തിന് രാവണൻ യോജിക്കുന്നു. രാക്ഷസകുലത്തിൽ ജനിച്ച് രക്ഷോവംശനായകനായിത്തീർന്ന രാവണൻ തന്റെ ജൈത്രയാത്രയിൽ തനിക്കു ചേരുന്നതെന്തായാലും അതിനെ കൈയൂക്കും ആത്മബലവുംകൊണ്ട് നേടിയെടുക്കുന്നു. രാവണന്റെ ഐശ്വര്യങ്ങളുടെ കാവലാളായിരുന്ന ലങ്കാലക്ഷ്മിയുടെ പിൻവാങ്ങലോടെ യാണ് ദുരന്തം ആരംഭിക്കുന്നത്. അക്ഷകുമാരന്റെ മരണവും ലങ്കാദഹനവും അതിനു ആക്കം കൂട്ടുന്നു. അന്നേവരെയുള്ള ലങ്കയുടെ യുദ്ധ തന്ത്രങ്ങൾ മാറ്റണമെന്നും വീരകഥ കൾ പഴങ്കഥകളായെന്നും ചന്ദ്രഹാസം തുരുമ്പിച്ചിരിക്കുന്നുവെന്നും പറഞ്ഞു തുടങ്ങുന്ന ഇന്ദ്രജിത്തുൾപ്പടെയുള്ളവർ ലങ്കയുടെ പ്രതാപവീര്യങ്ങളിൽ സംശയിക്കുന്നിടത്ത് രാവണ മഹിമയ്ക്ക് മങ്ങലേറ്റുതുടങ്ങുന്നു. ലങ്കയുടെമേൽ അശുഭത്തിന്റെ നിഴൽ വീശുന്നുവെന്നും പരദാരങ്ങൾക്കുവേണ്ടിയുള്ള യുദ്ധം ശുഭമായിരിക്കുകയില്ല എന്നുമുള്ള നിഗമനങ്ങൾ ആർക്കുവേണ്ടി നിലനിന്നുവോ അവർക്ക് രാവണവീര്യത്തിലുള്ള വിശ്വാസനഷ്ടത്തെയാണു

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കാട്ടുന്നത്. ത്രിലോകങ്ങൾക്കും നാഥനായ രാവണന്റെ ദുരന്തമാണ് ആ വിശ്വാസ നഷ്ടം. നായകന്റെ ദുരഭിമാനവും അഹംബോധവും സൃഷ്ടിക്കുന്ന നാശത്തിനു രാവണനും വിധേയനാകുന്നുണ്ട്. സീതയെ മടക്കി ഏല്പ്പിക്കണമെന്ന യുദ്ധതന്ത്രത്തിന് രാവണൻ വഴങ്ങാത്തത് രക്ഷോനായകനായിത്തീരാൻ താൻ അനുഭവിച്ച കഷ്ടതകൾ നല്കിയ അഹംബോധത്താലാണ്. ആ പദവിക്കു നിരക്കാത്തതാണ് സന്ധിയെന്ന വാക്കെന്നു രാവണൻ കരുതുന്നു. വംശോദ്ധാരകന് അതു ഭൂഷണമല്ല. താൻ ഐശ്വര്യങ്ങളെ സ്വന്തമാക്കുന്ന കരുത്തുറ്റ പുരുഷജന്മമാണെന്നു കരുതുന്ന രാവണനേ വേദവതിയെ മോഹിക്കാത്തവൻ പുരുഷനല്ല എന്നു പറയാൻ കഴിയൂ. ശ്രീജിതനായ രാവണനായതുകൊണ്ടുതന്നെ സീതയും ആ വീരനു അപ്രാപ്യയല്ല. ലങ്കയ്ക്കും രാക്ഷസ വംശത്തിനും ഈടുവയ്പാകുന്നതെന്തും സ്വന്തമാക്കുന്ന  രാവണന്റെ ഈ അഹംബോധം ലങ്കയുടെയും രാവണന്റെയും ദുരന്തത്തിനു കാരണമാകുന്നു. വ്യക്തിദുഃഖങ്ങളിൽ ഉഴറുന്ന രാവണനെ കാണുന്നത് സഹോദരൻ വിഭീഷണന്റെയും പ്രിയ തോഴി മണ്ഡോദരിയുടെയും മുൻപിലാണ്. തന്റെ ബാല്യകാല ദുരിതങ്ങളെക്കുറിച്ച് ഏതൊരാളിലും അനുകമ്പയും ആദരവും ഉണ്ടാക്കുന്ന രീതിയിൽ രാവണൻ പറയുന്നു. മുനികവാടത്തിൽ തള്ളപ്പെട്ട രാക്ഷസക്കിടാത്തിയുടെ കണ്ടാലറപ്പുണ്ടാക്കുന്ന കറുത്ത കുട്ടിയെന്നാണ് രാവണൻ സ്വയം സംബോധന ചെയ്യുന്നത്. കാട്ടുമുരിക്കിന്റെ മാലപോലും കൈവിടാനുണ്ടാകാതിരുന്ന അവൻ മാനത്തു പറക്കുന്ന കൃഷ്ണപ്പരുന്തിനെ കല്ലെറിഞ്ഞിട്ടു ഭക്ഷിച്ചും കാട്ടരുവിയിലെ വെള്ളം കുടിച്ചും വളർന്നു. വിദ്യ അഭ്യസിക്കാനോ ദിവ്യചാപവും പെണ്ണിനെയും തന്നനുഗ്രഹിക്കാനോ മുനിമാരോ രാജാക്കന്മാരോ ഇല്ലായിരുന്നു. അത്യുയരത്തിൽ പറക്കുന്ന പരുന്തിനെ കല്ലെറിഞ്ഞിട്ട രാവണൻ അധികാരത്തെ പിടിച്ചെടുത്ത അഗ്രഗണ്യന്റെ പ്രതീകമാണ്. ചന്ദ്രഹാസവും ത്രിഭുവനപ്പട്ടവും മണ്ഡോദരിയുമെല്ലാം രാവണൻ സ്വയം നേടിയതാണ്. ബാല്യകൗമാരയൗവനാനുഭവങ്ങളെ വേദനയും പകവീട്ടലും ധ്വനിപ്പിക്കുന്ന ഭാഷയിലാണ് രാവണൻ ഓർമ്മിക്കുന്നത്. തന്നെപ്പിരിഞ്ഞ് ശത്രുപക്ഷത്തിലേക്കുപോകുന്ന കൂടപ്പിറപ്പിനെ വധതുല്യമായ ദാക്ഷിണ്യത്തിനിരയാക്കിയാണ് രാവണൻ വിട്ടയയ്ക്കുന്നത്. കൂടെപ്പിറപ്പിന്റെ പിന്മാറ്റം  ദുഃഖിതനാക്കുന്ന രാവണൻ അസാമാന്യ ശേഷിയോടെ മനോബലം തിരിച്ചെടുത്ത് യുദ്ധതന്ത്രം ആവിഷ്കരിക്കുന്നു. ജയിച്ചു വാ മകനെ എന്ന കൈകസിയുടെ വാക്യം ഏതു പ്രതിസന്ധിയെയും കടന്നുപോകാൻ രാവണനെ പ്രേരിപ്പിക്കുന്നു. ദുരന്തത്തിൽ ആടിയുലയുന്ന രാവണനെ വീഴാതെ പിടിച്ചു നിർത്തുന്ന വാക്കുകളാണത്.

തന്റെ നേരെ പട്ടസമെറിഞ്ഞ വിഭീഷണനെയോർത്തു വിഷാദിക്കുന്ന, കുംഭകർണ്ണന്റെ മരണത്തിൽ തളർന്നിരിക്കുന്ന രാവണൻ സഹോദരസ്നേഹത്തിന്റെയും പ്രതിരൂപമാണ്. തനിക്കുനേരെ ആയുധമെടുത്ത വിഭീഷണൻ രാവണമനസിൽ മരിച്ചു. രാമനോടു പടവെട്ടി കുംഭകർണ്ണനും മരിച്ചു. രണ്ടു സഹോദരങ്ങളുടെ മരണം താണ്ടിയ രാവണനെത്തേടി പ്രിയപുത്രൻ ഇന്ദ്രജിത്തിന്റെ മരണവും മണ്ഡോദരിയുടെ ദുരന്തവും വരുന്നു. വിജയത്തിലും പരാജയത്തിലും കൊണ്ടാടിയതു മരണമാണെന്നു തിരിച്ചറിയുന്ന രാവണൻ ജീവിതത്തിന്റെ നശ്വരതയെ മനസിലാക്കിയ ജ്ഞാനിയാണ്. ജീവിതത്തിനു മരണമാണു ഫലമെന്നറിഞ്ഞ് വിധിയെ സ്വീകരിക്കാൻ തയ്യാറാകുന്ന രാവണൻ ദാർശനികമായ സമസ്യയ്ക്ക് ഉത്തരം കണ്ടെത്തുന്നു. ആരംഭിച്ച യുദ്ധത്തിൽനിന്ന് ഒഴിയാനാവില്ലെന്നു

കരുതുന്ന രാവണൻ എന്നും ജീവിതയുദ്ധങ്ങളിൽത്തന്നെയായിരുന്നു. വിജയങ്ങളെല്ലാം മരണത്തെ നേടാനായിരുന്നു എന്ന തിരിച്ചറിവിൽ പകച്ചു നില്ക്കാതെ വിധിയെ സ്വീകരിക്കുന്ന രാവണൻ അസാമാന്യനായ ദുരന്തനായകനാണ്. തന്റെയും വംശത്തിന്റെയും മരണമാണു സീത എന്നറിഞ്ഞിട്ടും ആ മരണത്തെ അനുനയിപ്പിച്ച് ആയുസ് നിലനിർത്തി ജീവിതം ആസ്വദിക്കാനാണു രാവണൻ ശ്രമിച്ചത്. സീതയോടുള്ള മോഹവും അനുകൂലമല്ലാത്തവളെ സ്പർശിച്ചാൽ തലതെറിക്കുമെന്ന ശാപഭീതിയും രാവണനെ മഥിച്ചുവെന്ന് മണ്ഡോദരിപറയുന്നു. (ലങ്കാലക്ഷ്മി, പുറം 58) ജീവിതരതിയും മരണഭീതിയുമാണ് അതിൽ നിന്ന് വ്യക്തമാകുന്നത്. രാമനു സ്വന്തം അഭിമാനം കാക്കുവാനുള്ള വസ്തുവാണു സീതയെങ്കിൽ രാവണനു സീത അഭിനിവേശമാണ്. പരമസത്യമായ മൃത്യുവിനോടുള്ള ഭീതികലർന്ന അഭിനിവേശം. മരണത്തെ/സീതയെ അനുനയിപ്പിക്കാനുള്ള വിഫലശ്രമമായിരുന്നു രാവണന്റേത്. അറിഞ്ഞുകൊണ്ടാണു രാവണൻ അതു തുടരുന്നത്. സഹോദരങ്ങളുടെ, ലങ്കയുടെ, ഐശ്വര്യത്തിന്റെ, പ്രിയപത്നിയുടെ, മക്കളുടെയെല്ലാം നാശം കാണുമ്പോഴും രാക്ഷസധർമ്മത്തിൽ നിന്ന് വ്യതിചലിക്കാത്ത രാവണൻ ഉജ്ജ്വല ദുരന്തകഥാപാത്രമാണ്.

രാവണന്റെ വിധിയിൽ സീതയ്ക്ക് രാവണവധാനന്തരം അനുകമ്പ തോന്നുന്നുണ്ട് എന്നു ലങ്കാലക്ഷ്മിയിൽ സൂചനയുണ്ട് (ലങ്കാലക്ഷ്മി പുറം 64) താൻ ലങ്കയുടേതാണെന്നും ലങ്ക എന്റേതുമാണെന്നും, ലങ്കയുടെ താഴികക്കുടത്തിന്റെ ഭംഗി മുൻപുതാൻ ശ്രദ്ധിച്ചിട്ടില്ലെന്നും പറയുന്ന സീതക്ക് തനിക്കുവേണ്ടി മരണത്തിനു കീഴടങ്ങിയ രാക്ഷസേശ്വരന്റെ മനസിനെ സമചിത്തതയോടെ കാണാനാവുന്നുണ്ട്. താൻ ശ്രദ്ധിക്കാത്തതിൽ സീതയിൽ ഇച്ഛാഭംഗം ഉണ്ടാക്കുന്ന ആ താഴികക്കുടം രാവണനല്ലാതെ മറ്റൊന്നുമല്ല. അത്രമേൽ പ്രണയിയായിരുന്നവനെ വധിച്ച രാമൻ തനിക്ക് അഗ്നിപരീക്ഷയാണു നല്കുന്നത് എന്നറിഞ്ഞുകൊണ്ടാണ് എല്ലാം ചുട്ടുകരിച്ചാണു അഗ്നിശുദ്ധിവരുത്തുന്നതെന്നു സീത ദീർഘവീക്ഷണം ചെയ്യുന്നത്. 1970 കളിൽ രചിക്കപ്പെട്ട 'സീത' എന്ന് സ്നേഹലതാ റെഡ്ഡിയുടെ നാടകത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള യഥാർത്ഥത്തിലുള്ള ബന്ധം എനിക്കു കാണിച്ചു തന്നതു രാവണനാണെന്ന് സീത രാവണനോടു പറയുന്നുണ്ട്. തനിക്കു തിരിച്ച് അതുപോലെ രാവണനെ സ്നേഹിക്കാൻ കഴിയാത്തതോർത്ത് സീത കരയുന്നുണ്ട് (സ്നേഹലതാ റെഡ്ഡി, സീത, പുറം 47) ശ്രീകണ്ഠൻനായരിൽ ഈ നാടകം സ്വാധീനം ചെലുത്തിയിരിക്കാം.

ഇതിവൃത്ത ഘടനയിലും കഥാപാത്രനിർമ്മിതികളിലും ദുരന്ത നായക പരിവേഷത്തിലും ഇരുനാടകങ്ങളും തമ്മിൽ സാജാത്യങ്ങളേറെയാണ്.

## പശ്ചാത്തലം

നാടകരചനയിൽ കഥ നടക്കുന്ന പശ്ചാത്തലത്തിനു ഏറെ പ്രാധാന്യമുണ്ട്. യുദ്ധമാണു ഇരുനാടകങ്ങളുടെയും പശ്ചാത്തലം. പ്രണയവും മരണവും വഞ്ചനയും ചതിയുമെല്ലാം ഇതിൽ അടങ്ങിയിട്ടുണ്ട്. ഇസ്രയേലിന്റെ അഭിമാനത്തിനു ക്ഷതം വരുത്തിയ രബ്ബയോടുള്ള പകയും യുദ്ധരീതികളുമാണ് 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിനു

പശ്ചാത്തലമായി വരുന്നത്. സീതാമോചനത്തിനായി ഇരമ്പിയെത്തുന്ന വാനരപ്പടയോടുള്ള പ്രതിരോധമാണ് ലങ്കാലക്ഷ്മിയുടെ പശ്ചാത്തലം. യുദ്ധം ആർത്തിരമ്പുമ്പോൾ യുദ്ധ തന്ത്രങ്ങളും മരണവും ഇരു നാടകങ്ങളിലും കടന്നുവരുന്നു. രബ്ബയെ ആക്രമിക്കേണ്ട തന്ത്രങ്ങളും ആക്രമണകേന്ദ്രങ്ങളും മുട്ടുകാൽ നിലത്തുകുത്തി വാൾ കൊണ്ട് ഉള്ളം കൈയ്യിലെന്നപോലെ വരച്ചുകാണിക്കുന്ന ദാവീദും, തന്റെ സൈന്യത്തിന് ആവശ്യമായ യുദ്ധതന്ത്രങ്ങളും സൈന്യങ്ങളുടെ എണ്ണവും നാടകീയമായി അവതരിപ്പിക്കുന്ന രാവണനും യുദ്ധാന്തരീക്ഷത്തിന്റെ പിരിമുറുക്കത്തെ ആദ്യന്തം നിലനിർത്തുന്നു. ഘടകമായി വർത്തിക്കുന്നു. മരണഗന്ധം വഹിക്കുന്ന ലങ്കയും ദുരിതംകൊണ്ടു വലയുന്ന രബ്ബയും അതിലുപരി ആന്തരികസംഘർഷത്തിന്റെ കേദാരമാകുന്ന രാവണസഭാമണ്ഡപവും ദാവീദിന്റെ സിംഹാസനമണ്ഡപവും നാടകങ്ങളിലെ സമാനപശ്ചാത്തലമാണ്. ഇസ്രയേലിൽ നാശത്തിനൊടുവിൽ പശ്ചാത്താപത്തിലൂടെയുള്ള ശുദ്ധിയാണു നടക്കുന്നതെങ്കിൽ ലങ്കയിൽ യുദ്ധാനന്തരം ചോരപ്പുഴയൊഴുക്കിയുള്ള പാപം കഴുകൽ നടക്കുന്നു. മുറുകുന്ന യുദ്ധഭീതി, ശ്വാസംമുട്ടിക്കുന്ന നാടകീയ സന്ദർഭങ്ങൾ എന്നിവ ഇരു കൃതികളിലും കാണാം. സ്വരക്തവഞ്ചന സി ജെ യുടെ നാടകത്തിൽ അബ്ശാലോമിലൂടെയെങ്കിൽ ലങ്കാലക്ഷ്മിയിൽ വിഭീഷണനിലൂടെയാണ് അതു സംഭവിക്കുന്നത്. സഹോദരനും മകനും നായകനോട് എതിർക്കുമ്പോൾ രക്തവും രക്തവും തമ്മിൽ പോർവിളി നടക്കുന്നു. യഹോവ അഭിഷിക്തനാക്കിയവന്റെ നേരെയുള്ള വാളെടുക്കലും സംഘംചേരലും ഇസ്രയേൽ വംശത്തിനു നേരെയുള്ള വഞ്ചനയാണ്. രാമന്റെ പാളയത്തിത്തുന്ന വിഭീഷണൻ ചെയ്യുന്നതും അതുതന്നെ. സ്വരക്തവഞ്ചന/വംശവഞ്ചന ഇരുനാടകങ്ങളിലും വ്യക്തമാണ്.

## ദുരന്തനായകന്മാരും സ്വഭാവഘടനയും

ദാവീദും രാവണനും സമാനതകളേറെയുള്ള ദുരന്തനായകന്മാരാണ്. ഇരുവരും വംശോദ്ധാരകരും സ്വപ്രയത്നത്താൽ സിംഹാസനം ഏറിയവരുമാണ്. രാവണൻ പ്രതിനായകകഥാപാത്രമാണെങ്കിലും നന്മകളുള്ള വ്യക്തിയാണ്. നന്മയുള്ളവ്യക്തിയായിരിക്കെ തിന്മ പ്രകടിപ്പിക്കുന്ന കഥാപാത്രമാണ് ദാവീദ്. കുബേരനെ പുറംതള്ളി ലങ്കയുടെ സിംഹാസനം ഏറുന്നു രാവണൻ. ദാവീദാകട്ടെ, ഗൊലിയാത്തിനെ വധിച്ച് അഭിഷിക്തനാകുന്നു. ഒന്നുമില്ലായ്മയിൽനിന്നും ചക്രവർത്തി പദം ഏറിയവരാണു ഇരുവരും. അനാഥത്വം ഏറ്റുവാങ്ങിയ ദാവീദിനെപ്പോലെ സംരക്ഷകരില്ലാതെ മുന്നേറിയ രാവണനും പ്രത്യക്ഷത്തിലല്ലെങ്കിലും അനാഥനാണ്. ദുരന്തനായക മാതൃകയായ ഈഡിപ്പസിനോട് ഇരു കഥാപാത്രങ്ങൾക്കുമുള്ള സാമ്യം ശ്രദ്ധിക്കേണ്ടതാണ്. സ്പിങ്ങ്സിനെ വധിക്കുന്ന ഈഡിപ്പസ് ഗോലിയാത്തിനെ വധിക്കുന്ന ദാവീദ്, കുബേരനെ പരാജയപ്പെടുത്തുന്ന രാവണൻ എന്നിങ്ങനെ കാണാം. മൂന്നു കഥാപാത്രങ്ങളും ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അനാഥത്വം പേറിയവരാണു. പരദാരചോരണം/സ്വന്തമാക്കൽ എന്ന തെറ്റ് മൂന്നു നായകരും ഒരുപോലെ അനുവർത്തിക്കുകയും നാശത്തിലേക്കു പതിക്കുകയും ചെയ്യുന്നു. സന്നിഗ്ധഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രവാചകന്മാരെ ഈ നാടകങ്ങളിൽ കാണാൻ കഴിയുന്നു. നാഥാനും മാല്യവാനും തൈറീസ്യൂസിന്റെ പ്രതിബിംബങ്ങളാണ്

## അധികാരവാഞ്ഛ

അധികാരമോഹം രാവണനിലും ദാവീദിലും വ്യത്യസ്തമായ രീതികളിൽ പ്രത്യക്ഷപ്പെടുന്നു. മൂവുലകങ്ങൾക്കും നാഥനായി പ്രഘോഷിക്കപ്പെടുന്ന രാവണൻ തന്റെ ചക്രവർത്തീപദത്തിൽ പ്രമത്തനാണ്. പിടിച്ചെടുത്ത പദവികൾ അയാൾക്കു ലഹരിയാണ്. തന്റെ കിരീടവും ലങ്കയുടെ താഴികക്കുടവും എന്നും ഉയർന്നുനില്ക്കണമെന്ന് രാവണനാഗ്രഹിക്കുന്നു. അധികാരമില്ലാത്ത ലങ്കയെ രാവണനു സങ്കല്പിക്കാനാവില്ല. തന്റെ നേട്ടങ്ങളെ, അധികാരത്തെ മടുപ്പിക്കുന്ന ഒന്നായി രാവണന് ഒരിക്കലേ തോന്നിയിട്ടുള്ളു. എന്നാൽ ദാവീദിനു കിരീടം ഭാരമാണ്. എങ്കിലും അതിനെ വലിച്ചെറിയാൻ അയാൾ അശക്തനാണ്. ഇസ്രയേലിന്റെ ന്യായപ്രമാണം മാറ്റിയെഴുതാൻ കഴിയില്ലെങ്കിലും തന്റെ കൈ ദുർബലമല്ലെന്നു ദാവീദ് പറയുന്നത് അധികാരം കൈവശമുള്ളതിനാലാണ്. അധികാരമുപയോഗിച്ച് ബത്ശേബയെ വശപ്പെടുത്തിയ ദാവീദ് ഊറിയാവിനെ അധികാരമുപയോഗിച്ചു വധിക്കുന്നു. ഒരു പുത്രൻ നഷ്ടപ്പെട്ടിട്ടും മറ്റൊരുപുത്രനായ അബ്ശലോമിനെതിരെ വാളെടുക്കുന്നത് ഇസ്രയേലിന്റെ നായകനെന്ന അധികാര പദവി നിലനിർത്താനാണ്.

## ഹാമർഷ്യ, ഹുബ്രിസ്

ദാവീദിനും രാവണനും ദുരന്തം വരുന്നത് ഇരുവരുടെയും പ്രവൃത്തികളാലാണെന്നുകാണാം. സീതയോടുള്ള മോഹം രാവണനെ വംശദ്രോഹിയാക്കിമാറ്റുന്നു. രാക്ഷസവംശത്തിനു ദുരിതം നേരിട്ടതും രാവണനു മരണം സംഭവിച്ചതും സീതയെ തടവിലാക്കിയതു കാരണമാണ്. രാക്ഷസധർമ്മപ്രകാരം പ്രണയം തെറ്റല്ലാതിരിക്കെ രാക്ഷസധർമ്മം നിർവഹിച്ച രാവണനു അതു വിനയായി മാറുന്നു. ശൂർപ്പണഖയോട് രാമലക്ഷ്മണന്മാർ നീതി പുലർത്താത്തതിൽ രാവണൻ കോപിഷ്ഠനാകുന്നത് മൂക്കും മുലയും മുറിച്ചതുകൊണ്ടു മാത്രമല്ല, സ്വധർമ്മം പ്രവർത്തിച്ചത് അധർമ്മമായിക്കണ്ടവരോടുള്ള വിരോധം കൊണ്ടു കൂടിയാണ്. സീത നാശമാണെന്ന തിരിച്ചറിവു കിട്ടുമ്പോഴേക്കും രാവണനു മരണം അല്ലാതെ മറ്റു മാർഗ്ഗമില്ലാതാകുന്നു. ശൂർപ്പണഖയുടെ മുറിച്ച മുലയിൽനിന്നു വാർന്നുവീണ ചോര വംശസംഘർഷമായി മാറുന്നതും സീതയെ വിട്ടുകൊടുത്തുള്ള സന്ധി ഒഴിവാക്കി കുലനാശം ഏറ്റുവാങ്ങുന്നതും രാവണന്റെ ദുരഭിമാനവും ധാർഷ്ട്യവും കൊണ്ടുകൂടിയാണ്.

പരദാര ചോരണം തന്നെയാണ് ദാവീദിന്റെയും നാശകാരണം. താൻ കണ്ടെത്തിയ പ്രണയിനി കല്ലെറിയപ്പെടുമെന്നുറപ്പായപ്പോൾ കൈവിടാതെ ദുരന്തമേറ്റുവാങ്ങാൻ ദാവീദ് തയ്യാറാകുന്നു. തന്റെ സൽപേരും യഹോവയുടെ പ്രീതിയും നശിക്കുമെന്നുറപ്പായിട്ടും സ്വയംകൃതാനർത്ഥം ദുരന്തത്തിലേക്കു ദാവീദ് നടന്നു കയറുന്നതായിക്കാണാം. രാവണനു വംശനാശവും ജീവനാശവുമാണു ഫലമായി കിട്ടിയതെങ്കിൽ ദാവീദിനു പുത്രമരണവും ആത്മനാശവുമാണു ഫലം. നായകനെ ദുരന്തത്തിലേക്കു നയിക്കുന്ന ദുരഭിമാനം ഈ നാടകത്തിലും കാണാം. രാജാവിനൊന്നും അപ്രാപ്യമല്ലെന്ന ബോധംകൂടിയാണ് ദാവീദിനെ കടുംകൈകൾക്കു പ്രേരിപ്പിക്കുന്നത്. രബ്ബയെ തുടച്ചുനീക്കൽ, സ്വന്തം വംശത്തെക്കുറിച്ചുള്ള ദുരഭിമാനം ഇവയെല്ലാം തകർച്ചയിലേക്കു നയിക്കുന്നു.

## സംഗീതജ്ഞരും സർവ്വജ്ഞരും

രാവണൻ സർവ്വജ്ഞനും സംഗീതാദികലകളിൽ അഗ്രഗണ്യനുമാണ്. രാവണവീണയും ശിവസ്തോത്രവും ലങ്കാലക്ഷ്മിയെ സംഗീതാർദ്രമാക്കുന്നു. വീണമീട്ടിപ്പാടുന്ന രാവണൻ മണ്ഡോദരിക്കു പ്രിയങ്കരനാണ്. ഉള്ളുപൊട്ടി സ്തുതിച്ച് ചന്ദ്രഹാസം നേടിയ രാവണന്റെ സ്തോത്രാലാപനത്താൽ നികുംഭില നിറയുന്നത് ലങ്കാലക്ഷ്മിയിൽ കാണാം. ദുരന്ത മുഖത്തിരുന്ന് ആത്മസമർപ്പണത്തോടെ ആരാധനാഗീതമാലപിക്കുന്ന ദുരന്തനായകനെ സി എന്നിനു മാത്രമേ ചിത്രീകരിക്കാനാവൂ. രാവണനറിയാത്ത ചികിൽസകളില്ലെന്നു കൂടി ലങ്കാലക്ഷ്മിയിൽ നിന്നു വ്യക്തമാവുന്നു.

ദാവീദ് ഗായകനാണ്. ഒരു ജനതയ്ക്കുവേണ്ടി സങ്കീർത്തനങ്ങൾ രചിച്ചവൻ. തന്റെ പുല്ലാങ്കുഴലിനെയോർത്തു സങ്കടപ്പെടുന്ന ആ സംഗീതജ്ഞൻ ദുരന്തങ്ങളെ മറക്കാനായി യഹോവയ്ക്കു സങ്കീർത്തനം പാടി നാടകത്തിനൊടുവിൽ ഗാംഭീര്യത്തോടെ നില്ക്കുന്നു.

## പ്രണയസങ്കല്പം

യുദ്ധവും പ്രേമവുമാണു ഇരുനാടകങ്ങളിലെയും മറ്റൊരു സമാനഘടകം. ദുരന്തത്തെ അഭിമുഖീകരിക്കുന്ന പ്രണയം നാടകകൃത്തുക്കൾ രാവണനിലൂടെയും ദാവീദിലൂടെയും വെളിപ്പെടുത്തുന്നു. ഇരുവരും അനേകരിൽ തങ്ങളുടെ പ്രണയത്തെ തേടിയവരാണ്. കാമത്തിലധിഷ്ഠിതമായിരുന്നു മിക്കപ്പോഴും രാവണപ്രണയമെന്നുകാണാം. വേദവതി യെയും രംഭയെയും സംബന്ധിച്ചുണ്ടായ ശാപങ്ങൾപോലും രാവണനെ പിന്തിരിപ്പിക്കു ന്നില്ല. രാവണൻ തന്റെ ആത്മസഖിയെ കണ്ടെത്തുന്നത് മണ്ഡോദരിയിലാണ്. മണ്ഡോദരി യുടെ പ്രണയകാവലാണ് രാവണന്റെ മനോബലം. സീതയെ സ്വന്തമാക്കാൻ രാവണനെ പ്രേരിപ്പിക്കുന്ന ഘടകങ്ങളിലൊന്ന് സീതയ്ക്ക് മണ്ഡോദരിയുടെ ഛായയുണ്ടെന്നതാണ്. രാവണൻ തന്റെ ആദരവും ബഹുമാനവും അമ്മയ്ക്കൊപ്പം നല്കുന്ന വ്യക്തിയാണു മണ്ഡോദരി. ആത്മസഖിയെന്ന പ്രണയ സങ്കല്പമാണ് രാവണനിലുള്ളത്. മണ്ഡോദരി യുടെ പാതിവ്രത്യനാശം രാവണന്റെ ദുരന്തത്തിനു ഒരു കാരണമാണ്.

ഏകാകിയായ ദാവീദ് മുന്നൂറു ഭാര്യമാരിലും തന്റെ പ്രണയത്തെ തിരഞ്ഞു നിരാശനായ വനാണ് കലഹിക്കുകയും സ്വസ്ഥത കെടുത്തുകയും ദാസി ചമയുകയും ചെയ്യുന്നവരിൽ നിന്നു വ്യത്യസ്തയായി നല്ലൊരു സഖിയെ ദാവീദ് തേടുന്നു. ഹൃദയം തുറന്നു സംസാരി ക്കാവുന്ന തനിക്കു തുല്യയായ ഒരു സഖിയെയാണു ബത്ശേബയിൽ ദാവീദ് കണ്ടെത്തിയത്. വിശിഷ്ടമായി ലഭിച്ചതിനെ വിട്ടുകളയാതിരിക്കാനുള്ള പ്രവൃത്തികളാണ് ദാവീദിനെ ദുരന്തത്തിലേക്കു നയിക്കുന്നത്.

## ഉപസംഹാരം

മലയാള നാടകസാഹിത്യത്തിലെ ദീപസ്തംഭങ്ങളാണ് സി.ജെ തോമസിന്റെ 'ആ മനുഷ്യൻ നീ തന്നെ', സി എൻ ശ്രീകണ്ഠൻ നായരുടെ 'ലങ്കാലക്ഷ്മി' എന്നീ കൃതികൾ. ക്ലാസ്സിക് രചനകളായ ഇവ പാശ്ചാത്യ ദുരന്തനാടക സമ്പ്രദായത്തെ മാതൃകയാക്കി

ദുരന്തനായകരെ സൃഷ്ടിച്ച ആധുനിക നാടകങ്ങളാണ്. നാടോടിയും ക്ലാസ്സിക്കുമായ പാരമ്പര്യങ്ങൾ ഇതിഹാസ കഥാപാത്രമായ രാവണന്റെ പുനർനിർമ്മിതിയിൽ സി എന്നിനെ സ്വാധീനിച്ചതായി കണക്കാക്കാം. സി. ജെ. യും സി. എന്നും തങ്ങളുടെ ദുരന്ത നായകന്മാർക്കു മാതൃകയാക്കിയത് സോഫോക്ലീസിന്റെ ഈഡിപ്പസ് രാജാവിനെ ആകണം. പാശ്ചാത്യനാടക ദുരന്തനായക സ്വഭാവങ്ങൾ ഇരുകഥാപാത്രങ്ങളിലും കാണാൻ കഴിയുന്നുണ്ട്. കഥാപാത്രസ്വഭാവത്തിൽ ദാവീദും രാവണനും ഏറെ സാമ്യതകൾ പുലർത്തുന്നതായി കാണുന്നു. ആത്മനാശത്തിലൂടെ വംശനാശത്തിനും വ്യക്തിദുരന്ത ത്തിനും ഇരയാകുന്ന കഥാപാത്രങ്ങളായാണ് ഈ നായകന്മാർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഏകാകികളും ആത്മദുഃഖമനുഭവിക്കുന്നവരും മരണഭയം നേരിടുന്നവരും വിധിയിൽ നിന്നു രക്ഷപെടാൻ ഉഴറുന്നവരുമായി ഇവരെ കാണാം. വ്യക്തിദുരന്തം തന്നെയാണ് ഇരു നാടകങ്ങളുടെയും ജീവതന്തു. ജീവിതത്തിന്റെ പ്രധാനഘട്ടത്തിൽ പ്രതിസന്ധിയിൽ അകപ്പെടുന്ന ഇവർ തങ്ങളുടെ കർമ്മഫലത്തിനും വിധിയ്ക്കും കീഴടങ്ങുന്നവരാണ്. സ്വന്തംപിഴയ്ക്കു ശിക്ഷ മൂളേണ്ടിവരുന്ന രാവണനും ദാവീദും മലയാളനാടകസാഹിത്യ ത്തിലെ എക്കാലത്തേയും മികച്ച ദുരന്തനായകന്മാരാണ്.

## ഗ്രന്ഥസൂചി


1. *കുട്ടികൃഷ്ണമാരാർ, വാല്മീകിയുടെ രാമൻ, മാരാർ സാഹിത്യപ്രകാശനം, 1947*
2. *ചന്ദ്രശേഖരൻ നായർ, വൈക്കം പ്രാചീന നാടകത്തിലൂടെ ഒരു പര്യടനം, ഡി സി ബുക്സ് 1992*
3. *തോമസ്, സി. ജെ. ഉയരുന്ന യവനിക, സാഹിത്യപ്രവർത്തക സഹകരണസംഘം, 1950*
4. *തോമസ്, സി. ജെ., ആ മനുഷ്യൻ നീ തന്നെ, ഡി സി ബുക്സ്, 2005*
5. *നിത്യ ചൈതന്യയതി, സീത നൂറ്റാണ്ടുകളിലൂടെ, നാരായണ ഗുരുകുലം, തിരുവനന്തപുരം,2000*
6. *മുരളീധരൻ, നെല്ലിക്കൽ, ഡോ., വിശ്വസാഹിത്യദർശനങ്ങൾ, ഡി സി ബുക്സ് 1999*
7. *രാമാനുജൻ, എ കെ. മുന്നൂറു രാമായണങ്ങൾ, ഇൻസൈറ്റ്പബ്ലിക്ക, 2015*
8. *ശ്രീകണ്ഠൻ നായർ സി എൻ., ലങ്കാലക്ഷ്മി, ഡി.സി. ബുക്സ്, 2005*
9. *സാനു എംകെ, പ്രൊഫ. നാടകം ഒരു പഠനം സമ്പാ: സി ജെ സ്മാരക പ്രസംഗസമിതി, മാളുബെൻ പബ്ലിക്കേഷൻസ് 2010*
10. *സുധീഷ് സാം, എസ്. വി, ഡോ., തിരനോട്ടം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2020*
11. *സ്നേഹലത റെഡ്ഡി, സീത, മാതൃഭൂമി ബുക്സ്, 2009*

# സൗന്ദര്യാത്മകവിവർത്തനം- പ്രസക്തിയും പ്രയോഗവും

**ഡോ. ഷൈനി തോമസ്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, മാർത്തോമാ കോളേജ്, തിരുവല്ല

**പ്രബന്ധസംഗ്രഹം**

ഭാഷാപരവും സാംസ്കാരികവുമായ വിനിമയധർമ്മമാണ് വിവർത്തനം അനുഷ്ഠിക്കുന്നത്. ഭാഷാപ്രാവീണ്യവും വിനിമയശേഷിയും കലാമർമ്മജ്ഞതയും കൈമുതലായുള്ള വിവർത്തകന്റെ വിവർത്തനങ്ങൾ സൗന്ദര്യാത്മകമായ സാഹിത്യസൃഷ്ടികളായി പരിണമിക്കുന്നു. വിവർത്തനത്തിൽ വിവർത്തകൻ നേരിടുന്ന പ്രതിസന്ധികൾ നിരവധിയാണ്. അവയിൽ ഭാഷാപരമായവയും സാംസ്കാരികമായവയും ഉൾപ്പെടുന്നു. കവിതാവിവർത്തനചരിത്രത്തിൽ മഹാകവി തുഞ്ചത്തു രാമാനുജനെഴുത്തച്ഛന്റെ വിവർത്തനകൃതികൾ മലയാള കാവ്യങ്ങളിൽ വ്യത്യസ്തവും സവിശേഷവുമാണ്. മൂലകൃതിയുടെ കാവ്യാത്മകതയും ഭാഷയും വിവർത്തനത്തിൽ നഷ്ടമാകുന്നില്ല. കവിപ്രതിഭയുടെ ഉത്തമോദാഹരണങ്ങളാണ് എഴുത്തച്ഛന്റെ വിവർത്തനങ്ങൾ. സൗന്ദര്യാത്മകമായ സമീപനമാണ് വിവർത്തനത്തിൽ എഴുത്തച്ഛൻ സ്വീകരിച്ചിട്ടുള്ളത്. പരിഭാഷയെന്ന പ്രതീതി ജനിപ്പിക്കാതെ, സ്വതന്ത്രകൃതിയെന്നമട്ടിൽ വായിച്ചാസ്വദിക്കത്തക്കവിധം രചിക്കപ്പെടുന്നവയാണ് ഉത്തമവിവർത്തനകൃതികൾ. രൂപപരമായ സവിശേഷതകൾക്കൊപ്പം ഭാവപരതകൂടി കണക്കിലെടുക്കുന്ന വിവർത്തകന് ഇത്തരം പരിഭാഷ നിർവഹിക്കാനാകും. സാംസ്കാരികമായ അന്തരം പുലർത്തുന്ന ഭാഷകളാണ് വിവർത്തനത്തിനു വിധേയമാകുന്നതെങ്കിൽ വിവർത്തകന് നിരവധി പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു. സ്രോതഭാഷയിലും ലക്ഷ്യഭാഷയിലുമുള്ള അവഗാഹം ഉത്തമവിവർത്തകന് അത്യന്താപേക്ഷിതമാണ്.

***താക്കോൽവാക്കുകൾ:*** സാംസ്കാരിക പരിസരം, സൗന്ദര്യാത്മകസമീപനം, കവിതാവിവർത്തനം, ഗദ്യവിവർത്തനം

വിവർത്തനത്തിൽ കവിത നഷ്ടപ്പെടുന്നുവെന്ന് ആംഗലകവി റോബർട്ട് ഫ്രോസ്റ്റും (Potery is lost in translation), വിവർത്തനം വഞ്ചനയാണെന്ന് (Translator is Traitor) ബെനഡിറ്റോ ക്രോച്ചേയും, വിവർത്തനം കരവിരുതാണന്ന് (Translation is craft)എറിക് ജ'ക്കോബ്സനും, വിവർത്തനം ശാസ്ത്രമാണെന്ന് (Translation is science) യൂജിൻ നിസയും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഹോഴ്സ്റ്റ് ഫ്രെൻസാകട്ടെ വിവർത്തനത്തെ സർഗ്ഗാത്മ കലയുടേയും (creative art) അനുകരണകലയുടെയും (imitative art) ഇടയിലെവിടെയോ നിൽക്കുന്ന കലയായാണ് വിവർത്തനത്തെ വിലയിരുത്തുന്നത്.

കലയായും ശാസ്ത്രമായും കരവിരുതായും നിലനിൽക്കുമ്പോഴും വിവർത്തനത്തിന്റെ ധർമ്മം ഒന്നു തന്നെ. ഭാഷാപരവും സാംസ്ക്കാരികവുമായ വിനിമയധർമ്മമാണ് വിവർത്തനം അനുഷ്ഠിക്കുന്നത്. അത് സൗന്ദര്യാത്മകമാണെങ്കിൽ ഏറെ നന്ന്. ഇരു ഭാഷകളിലുമുള്ള ഗഹനമായ അറിവും പ്രാവീണ്യവും വിവർത്തനത്തിൽ സൗന്ദര്യാത്മകത സൃഷ്ടിക്കുന്നു. 'മൂലഭാഷയിലെ പാഠവസ്തുവിനെ ഭാവം, രസാനുഭൂതി, വ്യംഗ്യാർത്ഥങ്ങൾ, താളം, ലയം, തുടങ്ങിയ സവിശേഷതകൾ നിലനിർത്തി ലക്ഷ്യഭാഷയിലേക്ക് പരിഭാഷ പ്പെടുത്തുന്നതാണ് സൗന്ദര്യാത്മക കാവ്യാത്മക പരിഭാഷ. (Aesthetic- poetic translation)[1] എന്ന് എം.എം. ബഷീർ പറുയുന്നു. കവിതാപരിഭാഷയിൽ ഈ രീതിയാണു സ്വീകരിക്കുക. ലോകഭാഷകളിൽ നിന്നു കവിതകൾ സ്വതന്ത്രമായ രീതിയിൽ പരിഭാഷപ്പെടുത്തിയ ചങ്ങമ്പുഴ കൃഷ്ണപിള്ളയ്ക്ക് വിവർത്തനകൃതി ലക്ഷ്യഭാഷയിലെ വായനക്കാരന് പരിഭാഷയെന്ന തോന്നലുണ്ടാക്കാതെ വായിക്കാവുന്നതാകണം എന്ന് നിർബന്ധം ഉണ്ടായിരുന്നു. അതുതന്നെയായിരുന്നു പാശ്ചാത്യകവി മാത്യു ആർണോൾഡിന്റെ അഭിപ്രായവും. On Translating Homer(1861)ൽ അദ്ദേഹം പറയുന്നത്. കാവ്യത്തിന്റെ രൂപപരമായ പ്രത്യേകതകളെ നിലനിർത്തുകയല്ല, ഭാവപരമായ സൗന്ദര്യഘടകങ്ങളെ ആവാഹിക്കലാണ് പരിഭാഷകന്റെ ലക്ഷ്യം എന്നാണ്. യഥാർത്ഥത്തിൽ രൂപപരതയ്ക്കും ഭാവപരയ്ക്കുമിടയിൽ നിൽക്കുന്ന പരിഭാഷയാണ് ഏറ്റവും അഭികാമ്യം. എൻ.കെ ദാമോദരനിലൂടെ ഡെസ്റ്റേവ്സ്കിയേയും നാലപ്പാട്ട് നാരായണമേനോനിലൂടെ വിക്ടർ യൂഗോയേയും മലയാളികൾ തിരിച്ചറിഞ്ഞു. വിവർത്തനത്തിന്റെ സൗന്ദര്യസാക്ഷ്യങ്ങളായ ആ ഭാഷാകൃതികൾ നോവൽവായനയുടെ ജാലകങ്ങളെ മലർക്കെതുറന്നിട്ടു. 'സാഹിത്യം മനുഷ്യജീവസ്പർശിയായേ മതിയാകൂ എന്ന വീക്ഷണം നമ്മുടെ ആദ്യകാല എഴുത്തുകാരിൽ ഉണർത്തിവിട്ടത് 'പാവങ്ങളാ'ണെന്നു പറഞ്ഞാൽ നിഷേധിക്കാനാവില്ല.[2] വിനോദോപാധി എന്ന നിലയിൽ നിന്നും കർമ്മോന്മുഖതയുടെ വിളക്കേന്തുന്നവയായി മലയാളനോവലുകൾ പരിവർത്തനം ചെയ്യപ്പെട്ടു.

കവിതയിലാകട്ടെ എഴുത്തച്ഛനാണ് വായനക്കാരനെ ആസ്വാദനത്തിന്റെ ഉയർന്നതല ങ്ങളിലേക്ക് ആനയിച്ച വിവർത്തകൻ. പദാനുപദതർജുമയും സംക്ഷേപണവും വിപുലനവു മെല്ലാം ഔചിത്യത്തോടെ കിളിപ്പാട്ടിൽ മേളിച്ചതിന് എത്രയോ ഉദാഹരണങ്ങളുണ്ട്.

1.*മൂലകൃതിയിലെ*
*ആ വില്ലൊടിച്ചാൻ നടുവേ*
*ചൊല്ലേറിയ നരോത്തമൻ*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*അപ്പോഴുണ്ടായ് മഹാശബ്ദ*
*മിടിവെട്ടൊലിപോലവേ*
*കുലുങ്ങി ഭൂമിയും പാരം*
*മല വിള്ളുംപോലാവിധം*
*അശ്ശബ്ദം കേട്ടു മോഹിച്ചു*
*വീണാരാളുകളൊക്കെയും*
*എന്ന വരികൾ കിളിപ്പാട്ടിലെത്തുമ്പോൾ*
*ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു*
*നടുങ്ങീരാജാക്കന്മാരുരഗങ്ങളെപ്പോലെ*
*മൈഥിലി മയിൽപേട പോലെ സന്തോഷം പൂണ്ടാൾ*
*കൗതുകമുണ്ടായ് വന്നു ചേതസി കൗശികനും*

വിവർത്തനത്തിൽ കൈവന്നിട്ടുള്ള സൗന്ദര്യം വർണ്ണനാതീതം തന്നെ.

2.സീത വലംകൈയ്യിൽ സ്വർണ്ണമാലയുമായി വന്ന് രാമന്റെ കഴുത്തിലണിയിച്ച് പുഞ്ചിരിയോടെ സന്തോഷം പ്രാപിച്ച സന്ദർഭത്തെ കിളിപ്പാട്ടിൽ ഹൃദയാവർജ്ജകമായി ഇങ്ങനെ അവതരിപ്പിക്കുന്നു.

*അർണോജനേത്രൻമുമ്പിൽ സത്രപം വിനീതയായ്*
*വന്നുടൻ നേത്രോല്പല മാലയുമിട്ടാൾ മുന്നേ*
*പിന്നാലെ വരണാർത്ഥമാലയുമിട്ടീടിനാൾ*

എഴുത്തച്ഛന്റെ മനോധർമ്മം മാത്രമല്ല മലയാളമർമ്മങ്ങളും കാവ്യസന്ദർഭത്തെ ശ്രദ്ധേയമാക്കുന്നുവെന്ന് കെ.പി. ശങ്കരൻ അഭിപ്രായപ്പെടുന്നുണ്ട്. നിരണം രാമനും രാമാനുജനും എന്ന ലേഖനത്തിൽ പ്രൊഫ. ബി ബാലാനന്ദൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'മൂലകൃതി യാന്ത്രികമായ വിവർത്തനം ചെയ്യാതെ കവിപ്രതിഭയ്ക്കു വ്യാപരിക്കാൻ അവസരം ലഭിക്കുമ്പോഴെല്ലാം അപ്രകാരം ചെയ്തും ഉചിതമെന്നു തോന്നുന്നിടത്തെല്ലാം മൂലകൃതിയെ വിട്ട് പരിചിതമായ ഇതരകൃതികളിലെ ആശയങ്ങളും ഇതിവൃത്ത വൈജാത്യങ്ങളും സ്വീകരിച്ചും സ്വകീയമായ ദർശനപഥം ഇഴുകിച്ചേർത്തുമാണ് കണ്ണശ്ശനും എഴുത്തച്ഛനും വിവർത്തനകർമ്മം അനുഷ്ഠിച്ചത്'[3]

വിവർത്തനത്തിൽ കവിത നഷ്ടപ്പെടുന്നുവെന്ന നിഗമനം എഴുത്തച്ഛന്റെ വിവർത്തനത്തിനു യോജിക്കുന്നില്ല. കവിപ്രതിഭയുടെ പാരമ്യത്തിൽ നിന്നുകൊണ്ട് വിവർത്തനമനുഷ്ഠിക്കുമ്പോൾ അത് ഉത്തമകൃതിയായി പരിണമിക്കുന്നു.

സാംസ്കാരികവും പ്രാദേശികവുമായി വലിയ അന്തരം പുലർത്തുന്ന ഭാഷകളാണ് സ്രോതൃഭാഷയും ലക്ഷ്യഭാഷയുമെങ്കിൽ കവിതാവിവർത്തനത്തിൽ ബുദ്ധിമുട്ടുണ്ടാകുക സ്വാഭാവികമാണ്. ആംഗലേയകാവ്യം എന്ന പുസ്തകത്തിന്റെ രചയിതാവും വിവർത്തകനുമായ പി.കെ.ആർ.നായർ ആമുഖത്തിൽ ഇപ്രകാരം സമ്മതിക്കുന്നുണ്ട്. ആംഗലേയ കവിതകൾ പരിഭാഷയ്ക്കു തെരഞ്ഞെടുത്തപ്പോൾ പല മനോഹരകവിതകളേയും ഒഴിവാക്കിയത്, നമ്മുടെ നാട്ടിൽ നിന്നു ഭിന്നമായി, ഇംഗ്ലണ്ടിലെ പരിതസ്ഥിതിയിൽ

കാണപ്പെടുന്ന സസ്യപുഷ്പാദികളുടെയും പക്ഷിമൃഗാദികളുടെയും പരിഭാഷയിൽ വിഷമം നേരിട്ടതുകൊണ്ടാണ്. സംസ്കാരങ്ങൾ തമ്മിലുള്ള അന്തരം തർജുമയുടെ സൗന്ദര്യത്തെ ഏതു പരിധിവരെ ബാധിക്കുന്നുവെന്ന് ആ പുസ്തകത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള ഉദാഹരണങ്ങൾ തെളിയിക്കുന്നു.

1.ആംഗലേയകവിപ്രതിഭയായ വില്യം വേർഡ്സവർത്തിന്റെ, Daffodils എന്ന പ്രശസ്തമായ കവിത മഞ്ഞപ്പൂക്കൾ എന്നപേരിൽ തർജുമ ചെയ്തിരിക്കുന്നു. കവിതയുടെ അവസാനഭാഗത്ത്

For oft, when on my couch I lie
In vacant, or in pensive mood,
They flash upon that inward eye
Which is the bliss of solitude
And then my heart with pleasure fills
And dances with the daffodils

*എന്തെന്നാൽ മാലാർന്നോ നിശ്ചിന്തനായോ ഞാൻ*
*മഞ്ചത്തിൽ തഞ്ചുമ്പോൾ, കൂടെക്കൂടെ*
*ഏകാന്തം നിന്നുടെ നിർവൃതിയാകുമുൾ*
*നേത്രത്തിലീപ്പൂക്കൾ മിന്നൽചിന്നും;*
*ആനന്ദപൂർണ്ണനാമെന്നുള്ളമന്നേര*
*മാട്ടുമേ നൃത്തമീപ്പൂക്കളൊപ്പം.*

2.റോബർട്ട് ബേൺസിന്റെ Red, red rose എന്ന കവിതയിലെ ആദ്യത്തെ നാലുവരികൾ

Oh, my love's like a red red rose
That's newly sprung in June,
Oh, my love is like the melody
That's sweetly played in tune

*ഇടവത്തിൽ നവമായിക്കിളർന്നതാം ചുവന്നൊരു*
*ചുവന്നൊരു പനിനീർ പോലെയെന്നോമലാൾ ഹാ!*
*അതിഹൃദയംഗമമാം രാഗത്തിങ്കലാലപിച്ച*
*ശ്രുതിമധുരഗീതം പോലെന്നോമലാൾ, ഹാ!*

Daffodils, Rose എന്നീ പുഷ്പങ്ങൾക്കു തുല്യമായി ഇവിടെ മഞ്ഞപ്പൂക്കളും പനിനീർ മലരുമാണുള്ളത്. യഥാർത്ഥത്തിൽ മഞ്ഞപ്പൂവിനും പനിനീരിനും മലയാള കാവ്യ ഭൂമികയിൽ വലിയ സ്ഥാനമോ ഹൃദയസ്പർശകത്വമോ ഇല്ല എന്നതാണ് വാസ്തവം.

അലസമായി ചാരുകസേരയിൽ കിടക്കുമ്പോളാണ് ഡാഫഡൽസിനെ കവി ഓർത്തു പോവുക. മഞ്ചത്തിലാകുമ്പോൾ ആ അലസതയ്ക്ക് അല്പം ഹാനി തട്ടുന്നില്ലേ എന്നു സംശയിക്കണം. Red red rose എന്ന പദപ്രയോഗം നൽകുന്ന പ്രണയതീവ്രത 'ചുവന്നൊരു ചുവന്നൊരു' എന്ന് ആവർത്തിക്കുന്നതിലൂടെ ലഭിക്കുന്നതുമില്ല.

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'പരിഭാഷയും അതിന്റെ അസന്തുഷ്ടികളും ഒരു ഓർമ്മക്കുറിപ്പ്' (It this be Treason Translation and its discontents- a memoir) എന്ന ഗ്രന്ഥത്തിൽ ലാറ്റിനമേരിക്കൻ എഴുത്തുകാരൻ എന്നു മാർകേസ് വിശേഷിപ്പിച്ച വിവർത്തകനായ ഗ്രെഗറി റെബെസ്സ, പരിഭാഷകൻ വാക്കുകൾ ഉപയോഗിക്കേണ്ടതിൽ നിലനിർത്തേണ്ടതിൽ ജാഗ്രതയെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്. 'ശരിക്കും ഉപയോഗിക്കേണ്ട ഒരു വാക്ക്, കുറച്ചുകൂടി മികച്ചതല്ലാത്ത നിലവാരമുള്ള ഒരു വാക്കിനെക്കാൾ സ്വീകാര്യമാണ്'[4]

അയ്യപ്പപ്പണിക്കരുടെ 'കാടെവിടെ മക്കളെ' എന്ന കവിതയിലെ

*കുട്ടിക്കരിങ്കുയിൽ കൂവിത്തിമിർക്കുന്ന*
*കുട്ടനാടൻ പുഞ്ചയെവിടെന്റെ മക്കളേ*

എന്ന വരികൾക്ക് പ്രൊഫ.സി.എ.വർഗ്ഗീസ് 'Where are the woods children'എന്ന പരിഭാഷാകവിതയിൽ 'Where are the Punja rice fields of Kuttanad where the black koels riotously sing?' എന്നു പരിഭാഷ നൽകുന്നു. Punja rice fields, black koels എന്നീ പദങ്ങൾ ഇവയിലും നിലവാരമുള്ള പദങ്ങൾ കണ്ടെത്താതെ നിലനിർത്തിയിരിക്കുന്നത് നാടിന്റെ പ്രത്യേകതകൾ ഇതരഭാഷാവായനക്കാരനും കൂടി ആസ്വദിക്കാൻ തന്നെയാണ്.

*യന്ത്രം കറങ്ങുന്ന തന്ത്രം ചവയ്ക്കുന്ന*
*മന്ത്രം ജപിക്കുന്ന മന്ത്രിമാരുരുളാത്ത*
*കുടിലും കുലങ്ങളും ചുടുചാമ്പലാകാത്ത*
*കുടിലിന്റെ പൂക്കളുടെ മാനം കെടുത്താത്ത?*

എന്ന വരികൾക്ക്

"Where is the land of mine children
Where ministers do not roll to rule
Turing the mantra
Chewing the tantra
Chanting the mantra
Where tenements are not set free to
Where slum- blossoms are not deflowered' എന്നാണ് തർജുമ.

Mantra, tantra, yantra എന്നീ വാക്കുകൾ തത്തുല്യമായ മികച്ച വാക്കുകളെ പിന്തള്ളി പരിഭാഷയിൽ സ്ഥാനം പിടിച്ചത് മേല്പറഞ്ഞ കലാമർമ്മജ്ഞത പരിഭാഷകന് ഉള്ളതു കൊണ്ടാണ്.

ആശയം പകരുക മാത്രമല്ല സമൂഹങ്ങളുടെ സാംസ്ക്കാരിക സമന്വയം സാദ്ധ്യമാക്കി ത്തീർക്കുന്നുമുണ്ട് പരിഭാഷകൻ.

*'പത്തിരിക്കറികൂട്ടി മണവാട്ടി നുണയുന്നൊ*
*രൊപ്പനകൾ പാടുന്ന നാടെവിടെ മക്കളേ'* എന്നതിന്

*Where is the land of mine children*
*Where the bride feeds on pattiri*
*Tickled by the Oppana songs*

എന്ന വായന നൽകുമ്പോൾ പത്തിരിയും ഒപ്പനയുമൊക്കെ മറ്റൊരു നാട്ടിൽ മറ്റൊരു ഭാഷയിലും വന്നു നിറയുന്നതായി നാം അറിയുന്നു. അവയെക്കുറിച്ചറിയാതെ ആ പരിഭാഷാകവിതയുടെ ആസ്വാദനം സാധ്യമാകാതെ വരുന്നു. ഇത്തരം പരിഭാഷാരീതി സംസ്ക്കാരത്തിന്റെ കൊള്ളലിനും കൊടുക്കലിനും ഇടയാക്കുന്നു.

'പരിഭാഷയും താരതമ്യപഠനവും' എന്ന ലേഖനത്തിൽ ഡോ. എം. എം. ബഷീർ പരിഭാഷ സർഗ്ഗാത്മകപ്രവൃത്തിയാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്. ഭാഷ മാത്രമേ രചനയിൽ മാറ്റപ്പെടുന്നുള്ളുവെന്നും അർത്ഥം. ആശയം, ഭാവം, ധ്വന്യാത്മകമായ സൗന്ദര്യം ഇവ മൂലകൃതിക്കു സമാനമായി ആവഹിക്കേണ്ട കർത്തവ്യം പരിഭാഷകന് ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. അർത്ഥവും ആശയവും ആവഹിക്കുന്നതിൽ എല്ലാവരും ഏറെക്കുറെ വിജയിച്ചേക്കാം. എന്നാൽ ഭാവവും ധ്വന്യാത്മകസൗന്ദര്യവും ആവാഹിക്കുക അത്ര എളുപ്പമല്ല. കുമാരനാശാന്റെ വീണപൂവ് ഉദാഹരിക്കാം.

ഇംഗ്ലീഷിലേക്ക് പ്രൊഫ. ജി. കുമാരപിള്ളയും സംസ്കൃതത്തിലേക്ക് കൈപ്പിള്ളി കേശവൻ നമ്പൂതിരിയും ഈ കൃതി വിവർത്തനം ചെയ്തിട്ടുണ്ട്. ആദ്യശ്ലോകത്തിന്റെ പരിഭാഷകൾ തുലനം ചെയ്യുമ്പോൾ ലക്ഷ്യഭാഷയുടെ സവിശേഷതകൾ എങ്ങനെ വിവർത്തനത്തെ സ്വാധീനിക്കുന്നു എന്നു കണ്ടെത്താം.

*ഹാ! പുഷ്പമേ അധികതുംഗപദത്തിലെത്ര*
*ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ*
*ശ്രീ ഭൂവിലസ്ഥിര-അസംശയമിന്നു നിന്റെ*
*യാഭൂതിയെങ്ങു, പുനരെങ്ങു, കിടപ്പിതോർത്താൽ*

അവ flower, how exalted was your state when once you shone in splendour like a queen!

Inconstant are the fortunes of the earth what a glorious past and now how low you lie!

*ഹാ! പുഷ്പികേ, മഹിത്തുംഗപദത്ഥയാ സ*
*മ്രാജ്ഞ്യ യഥാസുഖ/ മശോഭപുരാ ഭവത്യാ*
*ശ്രീരസ്ഥിരാ ഭുവി ന ശയിതാ ത്വമിതിസ്മൃതം ചേത്.*

അവസാന ശ്ലോകമാകട്ടെ

*കണ്ണേ മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു*
*മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ*
*എണ്ണീടുമാർക്കുമിതു താൻ ഗതി, സാധ്യമെന്തു*
*കണ്ണീരിനാൽ? അവനിവാഴ്വു കിനാവു, കഷ്ടം!*

Turn back, my eyes, this flower will wither fast
And mingle soon with dry forgotten dust
Beware! This is the lot of all; how can tears help?
This earthly life, alas, is but a dream.

*നേത്ര, സ്വയം വിരമ സൂനമിദം ഹി ശുഷ്കം*
*ലീനം ഭവേൻമൃദി ച വിസ്മൃതിമാശു ഗച്ഛേത്*
*ഏഷാ ഗതിൽ ജനിഭൃതാമവദഗച്ഛ, തപ്ത*
*ബാഷ്പേന കിം? സ്വപ്നമേവ ഹി ജന്മകഷ്ടം!* എന്നിങ്ങനെയാണ്

ഇംഗ്ലീഷ് തർജുമയിൽ ആശയവും അർത്ഥവും ചോർന്നുപോയിട്ടില്ലെങ്കിലും 'അസംശയം' എന്ന പ്രയോഗത്തിനും 'കണ്ണേ' എന്ന സംബോധനയ്ക്കും 'സാധ്യമെന്തു കണ്ണീരിനാൽ' എന്ന നിസ്സഹായത തുടിക്കുന്ന ചോദ്യത്തിനും തത്തുല്യമായഭാവം കൈവരിക്കാൻ കഴിയുന്നില്ല.

എന്നാൽ സംസ്കൃതം തർജുമയിലാകട്ടെ, ഭാവവും ധ്വന്യാത്മകസൗന്ദര്യവും അതേപടി നിലനിർത്തിയിട്ടുണ്ട്. ഒരു പക്ഷേ ഒരു പടി മുന്നിലാണ്.

സാംസ്കാരികാന്തരമുള്ള രണ്ടു ഭാഷകൾ പരിഭാഷയ്ക്കു വിധേയമാകുമ്പോൾ വിവർത്തകന് പല പ്രതിബന്ധങ്ങൾ നേരിടേണ്ടിവരും. കവിതാപരിഭാഷയിലെ പദങ്ങളുടെയും ധ്വനിയുടെയും താളത്തിന്റെയും ഭാവത്തിന്റെയും പ്രശ്നമല്ല സാംസ്കാരിക പ്രശ്നങ്ങളാണ് നോവൽ, ചെറുകഥ തുടങ്ങിയ ഗദ്യകൃതികളിൽ നേരിടേണ്ടിവരിക. പ്രതിഭാധനനായ ആർ.ഈ.ആഷർ 'ൻറുപ്പാപ്പാക്കൊരാനേണ്ടാർന്നു' എന്ന ബഷീർ കൃതി My granddad had an elephant എന്ന പേരിൽ തർജുമ ചെയ്തപ്പോൾ സാംസ്കാരികമായ പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. കേരളത്തിലെ മുസ്ലീങ്ങളുടെ ജീവിതം ചിത്രീകരിക്കുന്ന ബഷീർകൃതികളിൽ മറ്റു ജനവിഭാഗങ്ങളിൽ നിന്നു വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളുടെ ആവിഷ്ക്കാരമുണ്ട്. കാച്ചിമുണ്ട്, കുപ്പായം, അലുക്കത്ത്, ഇബിലീസ്, താലി, സുന്ദരി, ഉമ്മാമ്മ, ഉപ്പാപ്പ, ബീബി, നിക്കാഹ്, സാരി, സന്യാസി തുടങ്ങിയ പദങ്ങൾക്ക് ഇംഗ്ലീഷിൽ തുല്യപദങ്ങൾ കണ്ടെത്താനാകാത്ത പശ്ചാത്തലത്തിൽ ആ വാക്കുകൾ അതേപടി സ്വീകരിച്ച്, അടിക്കുറിപ്പുകളിൽ വിശദീകരണം നൽകുകയായിരുന്നു ആഷർ.

എഴുത്തുകാരൻ തന്നെ പരിഭാഷകനായ നോവൽതർജുമയാണ് 'ഖസാക്കിന്റെ ഇതിഹാസം' 'The Legends of Khasak'എന്ന വിവർത്തനത്തിനിടയിൽ ഒ.വി.വിജയൻ തനിക്കു നേരിട്ട ബുദ്ധിമുട്ടിനെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. പ്രകൃതിയുടെ നിബിഡമായ ബിംബകല്പനകളും ദേശ്യഭാഷാസവിശേഷതകളും നാടൻ ആചാരങ്ങളും മതവിശ്വാസങ്ങളും പരിഭാഷയ്ക്ക് ഏറെയൊന്നും വഴങ്ങിയില്ല. അവയെ നിലനിർത്തിക്കൊണ്ടുള്ള പരിഭാഷ ബുദ്ധിമുട്ടായിരുന്നു താനും. മൂലകൃതിയുടെ ഊർജ്ജവും താളവും നിലനിർത്താൻ കഴിയുന്നത്ര പരിശ്രമിച്ചുവെന്നും വിവർത്തകൻ കൂട്ടിച്ചേർക്കുന്നു.

The Diary of a young girl, 'ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ' എന്ന പേരിൽ മലയാളത്തിലേക്ക് (പ്രമീളാദേവി) തർജ്ജുമ ചെയ്തത് പരിശോധിക്കുമ്പോൾ താഴെ ക്കൊടുത്തിട്ടുള്ള പ്രശ്നങ്ങൾ നേരിട്ടിരിക്കുന്നതു കാണാം.

1. സാംസ്കാരികസവിശേഷതകൾ സംവേദിക്കാൻ സാധിച്ചിട്ടില്ല.
2. ഇംഗ്ലീഷിലെ പ്രയോഗങ്ങൾക്കു തുല്യമായവ കണ്ടെത്തിയിട്ടില്ല.
3. മലയാളികളെ സംബന്ധിച്ചിടത്തോളം ഭാവനാവിരചിതമായിട്ടേ അതിലെ സംഭവങ്ങൾ അനുഭവപ്പെടുന്നുള്ളു.
4. ഭൂതകാലസംഭവങ്ങളെ വർത്തമാനകാലാവിഷ്ക്കാരമാക്കിയതോടെ മൂലകൃതിയുടെ ഋജുത്വം നഷ്ടമായി.

എന്നാൽ ഈ പരിമിതികളെ ഉൾക്കൊണ്ടുകൊണ്ട്, സഹൃദയന്റെ അതേ അനുഭൂതി സൃഷ്ടിക്കുന്നതിൽ എല്ലാ പരിഭാഷകളും വിജയിക്കുന്നില്ല.

അർത്ഥം എന്നു പറയുമ്പോൾ വിവർത്തകനെ സംബന്ധിച്ചിടത്തോളം നിഘണ്ടുവിലെ അർത്ഥം മാത്രമല്ല. ഓരോ വാക്കിലും ഓർമ്മകളും, ആ വാക്കിനോട് ബന്ധപ്പെട്ടുകിടക്കുന്ന തലങ്ങളും, ധ്വനിയും സംസ്കാരസവിശേഷതകളുമുണ്ട്. ഇവയെല്ലാം ഉൾക്കൊള്ളുന്ന വാക്കാണ് വിവർത്തകനെ സംബന്ധിച്ചിടത്തോളം മാറ്റേണ്ടുന്ന മൊഴി. ഭാഷാപ്രവർത്തന മെന്നതുപോലെ വിവർത്തനം സാംസ്ക്കാരികപ്രവർത്തനം കൂടിയാകുന്നത് അതു കൊണ്ടാണ്.

സാംസ്കാരികപദങ്ങളും സംബോധനകളും ഉത്സവഘോഷങ്ങളുമായി ബന്ധമുള്ള വാക്കുകളും പഴഞ്ചൊല്ലുകളും ശൈലികളും ചേർന്നതാണല്ലോ ഭാഷ. സംസ്കാരസമന്വയം സാധ്യമാക്കുന്ന എഴുത്തുകാരൻ എന്ന ബഹുമതി സമൂഹം വിവർത്തകനു നൽകേണ്ടതാ ണെന്ന് ഗ്രെഗറി റെബസ്സ സൂചിപ്പിക്കുന്നുണ്ട്.

W.B.യേറ്റ്സിന്റെ അവതാരികയോടെ 'ഗീതാഞ്ജലി'യുടെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീ കരിച്ചപ്പോഴാണ് രബീന്ദ്രനാഥടാഗോർ വിശ്വമഹാകവികളുടെ നിരയിലേക്കുയർന്നത്. ഇതുപോലെ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാം. 'വിവർത്തകന്റെ വ്യക്തിത്വ ത്തെപ്പറ്റി നമ്മുടെ നിരൂപകർ അധികമൊന്നും പറഞ്ഞിട്ടില്ല. അയാൾ വെറും പകർത്തെഴു ത്തുകാരനാണ് എന്നായിരിക്കാം നിരൂപകമതം. ആ മതം മാറ്റേണ്ടകാലമായി'.[5]

മറ്റൊരു ഭാഷയിലുള്ള കൃതിയെ നമ്മുടെ ഭാഷയിൽ വായിച്ചെടുക്കുന്നുവെന്നതാണ് പരിഭാഷയിൽ പ്രധാനമായും സംഭവിക്കുന്നതെന്നും നമ്മുടേതുമാത്രമായ വാക്കുകളിലൂടെ മൂലകൃതിയുടെ പുനസ്സൃഷ്ടി അരങ്ങേറുന്ന മന്ത്രവിദ്യയാണ് പരിഭാഷയെന്നുമാണ് ഗ്രെഗറി റെബസ്സ പറയുന്നത്. ഗബ്രിയേൽ മാർക്കേസിന്റെ 'ഏകാന്തതയുടെ നൂറു വർഷങ്ങളും' 'കുലപതിയുടെ ശരത്കാലവും' 'ലീഫ്സ്റ്റോമും മറ്റു കഥകളും' 'ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർടോൾഡും' 'നിഷ്കളങ്കയായ ഹാൻറിറ'യും പരിഭാഷപ്പെടുത്തിയത് റെബസ്സയാണ്. മികച്ച പരിഭാഷയിലൂടെയാണ് താൻ ലോകപ്രശസ്തനായതെന്ന് മാർകേസും സമ്മതിക്കുന്നുണ്ട്. മാത്രമല്ല റെബസ്സയെ അദ്ദേഹം വിശേഷിപ്പിക്കുന്നത് 'ഇംഗ്ലീഷ് ഭാഷയിലെ ഏറ്റവും നല്ല എഴുത്തുകാരൻ' എന്നാണ്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സർഗ്ഗാത്മകതയുണ്ടായിരിക്കുകയും രണ്ടു ഭാഷകളെ തന്റെ വരുതിയിൽ നിർത്തുകയും സന്ദർഭോചിതമായും സാംസ്കാരികസമന്വയത്തിനുതകും വിധത്തിലും വാക്കുകൾ സൂക്ഷ്മതയോടെ തെരഞ്ഞെടുക്കുകയും ചെയ്യുന്ന വിവർത്തകൻ തന്റെ വിവർത്തനങ്ങളെ സൗന്ദര്യസാക്ഷ്യങ്ങളാക്കുന്നു. ആ വിവർത്തനങ്ങൾ അർത്ഥത്തെയും ആശയത്തെയും മാത്രമല്ല ഭാവത്തേയും ലീനസൗന്ദര്യത്തെയും രസധ്വനികളെയും വായനാനുഭൂതിയെയും വായനക്കാരിനിലേക്ക് സംക്രമിപ്പിക്കും. പുതിയ കൃതി, തന്റെ ഭാഷയിലും സാംസ്കാരിക പരിസരത്തിലും രചിക്കപ്പെട്ട ഒരു കൃതിയെപ്പോലെ തന്നെ വായിച്ചാസ്വദിക്കാൻ വായനക്കാരനു കഴിയും. വിവർത്തകനെന്ന എഴുത്തുകാരനെ തിരിച്ചറിഞ്ഞുകൊണ്ടും വിവർത്തക വ്യക്തിത്വത്തെ അംഗീകരിച്ചുകൊണ്ടുമുള്ള വായന ആസ്വാദനത്തിന് പുതിയ മാനങ്ങൾ നൽകുകയും ചെയ്യും.

## അടിക്കുറിപ്പുകൾ

1. *ഡോ.എം.എം.ബഷീർ, പരിഭാഷയും താരതമ്യപഠനവും, താരതമ്യസാഹിത്യപരിചയം, ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം,2014, പു.164.*
2. *ഡോ.ബി ബാലാനന്ദൻ തേക്കുംമൂട്, പാവങ്ങളുടെ സ്വാധീനം മലയാളസാഹിത്യത്തിൽ, സാഹിത്യപഠനങ്ങളും വിചിന്തനങ്ങളും, സെഡ് ലൈബ്രറി, തിരുവനന്തപുരം, 2005 ഡിസംബർ.*
3. *ഡോ.ബി ബാലാനന്ദൻ, നിരണം രാമനും രാമാനുജനും, പു.25*
4. *വൈക്കം മുരളി,പരിഭാഷയും അതിന്റെ അസംതൃപ്തികളും, ഭാഷാപോഷിണി പുസ്തകം 38 ലക്കം 1 ജനുവരി 2014*
5. *ഡോ.കെ അയ്യപ്പപ്പണിക്കർ, വിവർത്തനത്തിന്റെ മനശ്ശാസ്ത്രം, അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ (1980-1990), ഡി.സി.ബുക്ക്സ്, കോട്ടയം 1990. പു.164*

## ഗ്രന്ഥസൂചി


1. *അച്യുതനുണ്ണി ചാത്തനാത്ത്, ഡോ., താരതമ്യസാഹിത്യപരിചയം, (സമ്പാദനം) സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 2014.*
2. *അയ്യപ്പപ്പണിക്കർ.കെ.,ഡോ.,അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ (19801990), ഡി.സി. ബുക്ക്സ്, കോട്ടയം, 1990*
3. *ജയകൃഷ്ണൻ.എൻ., വീണപൂവ്: വീഴാത്തപൂവിന്റെ സമരോത്സുകസഞ്ചാരം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008.*
4. *പ്രമീളാദേവി (വിവർത്തനം), ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ, ഡി.സി.ബുക്സ്, കോട്ടയം, 2002.*
5. *ബാലാനന്ദൻ തേക്കുംമൂട്, ഡോ., സാഹിത്യപഠനങ്ങളും വിചിന്തനങ്ങളും, സെഡ് ലൈബ്രറി, 2005.*
6. *നായർ. പി.കെ.ആർ, ആംഗലേയ കാവ്യലോകം: സമാഹരണം വിവർത്തനം, മാതൃഭൂമി ബുക്ക്സ്, തൃശൂർ, 2006*

7. *രാമകൃഷ്ണൻ ദേശമംഗലം, ഡോ., (സമ്പാദനം), കാവ്യഭാഷയിലെ പ്രശ്നങ്ങൾ, മൂന്നാം പതിപ്പ്, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2004.*

**ആനുകാലികം**

1. *വൈക്കം മുരളി, *ഭാഷാപോഷിണി*, ജനുവരി , 2014 പുസ്തകം38,ലക്കം1*

English Books:

1. *Byju Kumar Das, The Horizon of Translation Studies, Atlantic Publishers and Distributors, New Delhi, 1998.*
2. *Varughese C. A, Spring Rhythms, 2nd Edition, D.C Books, Kottayam, 2012.*
3. *Vijayan O.V., Legends of Khasak, D C Books, Kottayam, 2008.*

# ടി.വി. കൊച്ചുബാവ കഥകളിലെ കമ്പോള രാഷ്ട്രീയവും ദർശനവും

**ഡോ. ഹരിഷ്മ ഹരി**
ഗവേഷക, കേരളപഠനവിഭാഗം, കേരളസർവ്വകലാശാല, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

വാണിജ്യസംസ്കാരം പ്രകടിതമായ മാറ്റങ്ങളോടുകൂടി പൊതുസമൂഹത്തിൽ പ്രത്യക്ഷപ്പെട്ട് തുടങ്ങിയത് ആഗോളവൽക്കരണത്തിലൂടെയാണ്. 1940കളുടെ പ്രാരംഭത്തിൽ കച്ചവടത്തെ ജീവിത ഉപാദാനമായി കണ്ടിരുന്ന ജനത സ്വയം ഒരു വില്പനവസ്തുവായി മാറുന്ന കാഴ്ചയാണ് സമകാലികലോകത്ത് ദർശിക്കാൻ സാധിക്കുന്നത്. കമ്പോള കാലത്തിന്റെ സവിശേഷതയെ നിർണയിക്കുന്നത് നാണയാധിഷ്ഠിത ബന്ധങ്ങളാണ്. പണം കൊടുത്താൽ എന്തും വാങ്ങാനും വിൽക്കാനും പറ്റുന്ന ഇടമായി ഇന്ന് ലോകം മാറിയിരിക്കുന്നു. ഇത്തരത്തിൽ മനുഷ്യജീവിതത്തെ യാന്ത്രികമാക്കിക്കൊണ്ടിരിക്കുന്ന ഉപഭോഗസംസ്കാരത്തെ വളരെ ശക്തമായഭാഷയിൽ ആവിഷ്കരിച്ച എഴുത്തുകാരനായിരുന്നു ടി വി കൊച്ചുബാവ. ഉപഭോഗസംസ്കാരം മുന്നോട്ടുവയ്ക്കുന്ന മാനവികദർശനങ്ങളെയും രാഷ്ട്രീയബോധത്തെയും യഥാതഥമായി അവതരിപ്പിക്കുന്നിടത്താണ് ടി വി കൊച്ചുബാവ കഥകൾ ശ്രദ്ധേയമാകുന്നത്. കമ്പോള സംസ്കാരം സമൂഹത്തിൽ രൂപപ്പെടുത്തി എടുക്കുന്ന രാഷ്ട്രീയദർശനങ്ങളെയും പൊള്ളയായതും അതിഭാവുകത്വം നിറഞ്ഞതുമായ ജീവിതരീതികളെയും പരസ്യങ്ങളിലും മാധ്യമങ്ങളിലും അധിഷ്ഠിതമായ വിപണിവത്കൃത ലോകത്തെയും ലളിതവും ഋജുവുമായ ആഖ്യാനശൈലിയിലൂടെ കൊച്ചുബാവ കഥകളിൽ ദർശിക്കാം.

***താക്കോൽവാക്കുകൾ:*** ഉപഭോഗസംസ്കാരം, പൊതുസമൂഹത്തിന്റെ കമ്പോളതാല്പര്യം, അപമാനവികമാകുന്ന മനുഷ്യബന്ധങ്ങൾ, അജൈവികവും യാന്ത്രികവുമാകുന്ന സ്ത്രീപുരുഷബന്ധം

രാഷ്ട്രത്തെ വലിയൊരു കമ്പോളമായി ദർശിക്കുകയും മാനവികബന്ധങ്ങളെ കച്ചവടബന്ധങ്ങളായി പരിവർത്തിപ്പിക്കുകയും ചെയ്യുന്ന ആഗോളവൽക്കരണത്തിന്റെ സമീപനരീതികളെയാണ് ടി. വി. കൊച്ചുബാവ തന്റെ എഴുത്തിലൂടെ വിമർശിക്കുന്നത്. ആഗോളവൽക്കരണകാലത്തെ സാമ്പത്തിക സമീപനങ്ങൾ മനുഷ്യജീവിതത്തിൽ ഏൽപ്പിക്കുന്ന ആഘാതങ്ങളെ സർഗ്ഗാത്മകമായി വിചാരണ ചെയ്ത എഴുത്തുകാരൻ കൂടിയായിരുന്നു അദ്ദേഹം. നാഗരികതയുടെയും ഉൽപാദന വിതരണ ശൃംഖലയുടെയും ഇടയിൽ പെട്ട് ഉഴലുന്ന മനുഷ്യൻ തികച്ചും നിസ്സഹായനും നിർവികാരനുമായി തീരുന്ന പരിണാമചക്രം കൊച്ചുബാവകഥകളിൽ ദർശിക്കാം. ഇറച്ചി, ഐതിഹ്യമാല, ബംഗ്ലാവ്, വൃദ്ധമാതാവ്, അലമാരയിൽ ജാരൻ, എപ്പോഴെത്തുമോ എന്തോ തുടങ്ങിയ കഥകൾ ആധുനികതയുടെ ധാർമികസ്വത്വപ്രതിസന്ധിയെയും ഉത്തരാധുനികതയിൽ വിപണിവത്കൃത ലോകം സൃഷ്ടിക്കുന്ന ജീവിതപ്രതിസന്ധികളെയും വിമർശനാത്മകമായി ചർച്ച ചെയ്യുന്നു.

ഉൽപന്നവസ്തുവിന്റെ ഉപയോഗക്ഷമത അതിന്റെ മൂല്യത്തെ നിർണയിക്കുന്നതു പോലെ കമ്പോളവൽകൃത ലോകത്ത് മനുഷ്യന്റെ മൂല്യവും ഉപയോഗശേഷിയുടെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെടുന്നു. ഉപഭോഗശേഷി നഷ്ടപ്പെട്ട മനുഷ്യനെ പാഴ്വസ്തുവായി വലിച്ചെറിയുന്നത് ഇന്ന് സ്വാഭാവിക പ്രവണത മാത്രമാണ്. ലോകം മൊത്തത്തിൽ ഒരു കമ്പോളമായി മാറുകയും വിലയുള്ളതെല്ലാം ഉത്പാദകവിതരണത്തിന്റെ ഘടകങ്ങൾ മാത്രമായി തീരുകയും മനുഷ്യൻ കൊഴുപ്പ് നിറഞ്ഞ മാംസത്തിന് തുല്യമായി പരിചരിക്കപ്പെടുകയും ചെയ്യുന്നതിന്റെ നേർക്കാഴ്ചയാണ് ഇറച്ചി എന്ന കഥ. അബു, ബാലൻ, ഇട്ടീര എന്നിവർ ഉപഭോഗസംസ്കാരത്തിന്റെ ആസക്തിയുടെ ഫലങ്ങൾ അനുഭവിക്കേണ്ടിവരുന്ന ഇരകൾ മാത്രമാണ്.

ഉത്പന്നധാരാളിത്തത്തിൽ ആനന്ദം കണ്ടെത്തുന്ന ഉപരിവർഗ്ഗജനതയെയും ഉപരിവർഗ്ഗത്തിലേക്ക് പരിണമിക്കുവാൻ ആഗ്രഹിക്കുന്ന മധ്യവർഗ്ഗത്തെയും ആസക്തിയുടെയും പരിണാമത്തിന്റെയും കുതിപ്പ് ഇറച്ചിയേറായി മാറുമ്പോൾ വ്യക്തിത്വത്തെയും സ്വത്വബോധത്തെയും ബലികഴിച്ച് ഇറച്ചിയായിത്തീരുവാൻ വിധിക്കപ്പെടുന്ന ന്യൂനപക്ഷത്തെയും പ്രസ്തുതകഥയിൽ യഥാതഥമായി കഥാകാരൻ ആവിഷ്കരിച്ചിരിക്കുന്നു. കമ്പോളസംസ്കൃതിയിൽ നിർമ്മിതമാകുന്ന എല്ലാ മനുഷ്യബന്ധങ്ങളും നിർവികാരവും നിർജീവവുമായ അവസ്ഥയിൽ പ്രദർശനവസ്തുക്കൾ മാത്രമായി ആദർശവത്കരിക്കപ്പെടുന്നു. രതി ആക്രമിക്കുകയും ഭുജിക്കുകയും ചെയ്യുന്ന മൃഗജീവിത സമാനമായി മനുഷ്യജീവിതം മാറുന്നു. ഉപഭോഗസംസ്കാരത്തിന്റെ സുഖലോലുപതയിൽ അഭിരമിച്ചു മാംസമായി തീരുന്ന മനുഷ്യവർഗ്ഗത്തെയാണ് ഇറച്ചി എന്ന പ്രയോഗത്തിലൂടെ കഥാകൃത്ത് നിർദ്ധാരണം ചെയ്തിരിക്കുന്നത്. ഭക്ഷ്യവസ്തു എന്നതിൽ നിന്ന് മാറി അനേകം അർത്ഥങ്ങൾ സൃഷ്ടിക്കുവാൻ ഇറച്ചിക്ക് സാധിക്കുന്നു.

ഏറു കൊള്ളാനും വേദന അനുഭവിക്കാനും പ്രാപ്തരായിട്ടുള്ളവരെ മാത്രം നിലനിർത്തുകയും പരാജയപ്പെട്ട് പിൻവാങ്ങുന്നവരെ നിഷ്കരുണം തള്ളിക്കളയുകയും ചെയ്യുന്ന സമൂഹം എന്നത് കമ്പോളസംസ്കാരം മുന്നോട്ടുവയ്ക്കുന്ന താല്പര്യങ്ങൾക്കും

പ്രവണതകൾക്കും അധിഷ്ഠിതമാണ്. 'യന്ത്രവത്കൃത ലോകത്തിൽ വർണ്ണക്കടലാസുകളിലും ടിൻഫുഡുകളിലും ലഭിക്കുന്ന ഉൽപ്പന്നങ്ങൾ വിലപ്പെട്ട രോഗങ്ങൾക്കും വിഷത്തിനും സമാനമാണ്'[1] എന്ന് കഥയുടെ ആരംഭത്തിൽ കഥാകാരൻ നടത്തുന്ന പ്രസ്താവന, കഥാന്ത്യത്തിൽ ഇട്ടീരയുടെ മരണത്തോടെ സ്ഥാപിക്കുകയും ചെയ്യുന്നു. പണം കൊടുത്ത് ആവശ്യമുള്ളതും ഇല്ലാത്തതുമായ സാധനങ്ങൾ വാങ്ങിച്ചു ഉപഭോക്താക്കൾ ജീവിതം ആർഭാടമാക്കുന്നത് പോലെ ലാഭത്തെ മാത്രം മുന്നിൽകണ്ട് എന്തിനെയും ഉൽപ്പന്നക്ഷമതയുള്ളതാക്കി തീർക്കുവാൻ ഉത്പാദകനും കഴിയും.

കമ്പോളവസ്തുക്കളാൽ തിങ്ങി നിറയുന്ന നഗരം ജീവിതത്തെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന കച്ചവടത്തെരുവ് മാത്രമാണ്. ഉപഭോഗശേഷിയുള്ള ഏതൊരു മനുഷ്യനും വസ്തുവൽക്കരിക്കപ്പെടുകയും ഉത്പാദകന്റെ നിർമ്മാണത്തിനും ഉപഭോക്താവിന്റെ ഉപയോഗത്തിനുമായുള്ള ഉപകരണമായി പരിവർത്തനപ്പെടുകയും ചെയ്യുന്നു. ഉൽപന്ന ധാരാളിത്തത്തിൽ മുങ്ങിപ്പോകുമ്പോൾ തനിക്ക് ആവശ്യമുള്ളത് എന്തെന്ന ബോധം പോലും ഇല്ലാതാകുംവിധം ഉപഭോക്താവിന്റെ മാനസികാവസ്ഥയെ പിരിമുറുക്കത്തിലേക്ക് തള്ളിവിടുന്ന കമ്പോളം, ലാഭത്തിനു വേണ്ടിയുള്ള മറ്റൊരു വിപണനവസ്തുവായി മാത്രം ഉപഭോക്താവിനെ പരിഗണിക്കുന്നു. ഒരു വസ്തുവിന്റെ ഉപയോഗശേഷി നശിച്ചാൽ പകരം അതിനെക്കാൾ ക്ഷമതയുള്ള മറ്റൊന്ന് നമുക്ക് ലഭിക്കും. അപ്രകാരം തന്നെ അബു പരാജിതനാകുമ്പോൾ മറ്റൊരു അബു, പുതിയ ഇട്ടീരമാർ പകരക്കാരനാകും. ഉപഭോഗ വസ്തുവിനോടുള്ള ഉപഭോക്താവിന്റെ താൽപര്യം അനുനിമിഷം വർദ്ധിക്കുകയും വ്യത്യസ്തപ്പെടുകയും ചെയ്യുമ്പോൾ അത്തരം കാമനകളെ പൊതിഞ്ഞു സംരക്ഷിച്ചു കൊണ്ട് വിവിധ വർണ്ണകടലാസ്സുകളിൽ വിറ്റഴിക്കുന്ന കമ്പോളതന്ത്രം എന്നത് ഒരു സാംസ്കാരിക പ്രവണതയായി വിശ്വസിക്കുകയും നിലനിന്നു പോരുകയും ചെയ്യുന്നതിന്റെ ദൃഷ്ടാന്തമാണ് ഇറച്ചി. എന്തിനെയും ആഘോഷമാക്കാനും എന്തിലും ആനന്ദം കണ്ടെത്താനുമുള്ള പ്രവണതകളിൽ മനുഷ്യൻ ഏറ് കൊള്ളാനും വലിച്ചെറിയപ്പെടാനും വിധിക്കപ്പെട്ട ഇറച്ചി സമാനനായി ചവച്ചരയ്ക്കപ്പെടുന്നു.

ആരോഗ്യകരമായ യുവത്വത്തെയാണ് കമ്പോളം ആഘോഷിക്കുന്നത്. അത് ശരീര കേന്ദ്രീകൃതവുമാണ്. ജൈവികവും നിസ്വാർത്ഥവുമായ വൈകാരിക ബന്ധങ്ങൾ യാന്ത്രികതയിലേക്കും സ്വാർത്ഥതയിലേക്കും ആഴ്ന്നിറങ്ങുന്നതിന്റെ ദൃഷ്ടാന്തങ്ങളായി ബംഗ്ലാവ്, ഐതിഹ്യമാല, അലമാരയിൽ ജാരൻ എന്നീ കഥകളെ വായിക്കാം. പ്രണയ രഹിതമായ ഇണമാറ്റൽ കച്ചവടം എന്ന് തന്നെ ബംഗ്ലാവിലെയും ഐതിഹ്യ മാലയിലെയും പ്രമേയങ്ങളെ വിലയിരുത്താനും കഴിയും.

മാനസിക വികാരങ്ങളെക്കാൾ ശാരീരിക താൽപര്യങ്ങൾക്ക് വശംവദരായി വികല രതിയിൽ ആനന്ദം കണ്ടെത്തുന്ന കഥാപാത്രങ്ങളിലൂടെയാണ് ബംഗ്ലാവ്, ഐതിഹ്യമാല എന്നീ കഥകൾ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നത്. എന്തിനെയും പണത്തിലൂടെ നേടിയെടുക്കാൻ കഴിയും എന്ന അവസ്ഥയിലാണ് നാം ഇന്ന് ജീവിച്ചു പോരുന്നത്. സ്വന്തം പങ്കാളിയെ മറ്റൊരാൾക്ക് കച്ചവടം ചെയ്യുന്നതിനുള്ള തനിക്ക് കിട്ടുന്ന ലാഭത്തെയും ഭാര്യയുടെയും ഭർത്താവിന്റെയും വൈശിഷ്ട്യങ്ങൾ മറ്റൊരാൾ അനുഭവിച്ചു പറയുന്നതിലെ അഭിമാന

ബോധത്തെയും ഉപഭോക്തൃസംസ്കാരത്തിന്റെ നിർജീവമായ ഇച്ഛകളായി മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. പുരുഷാധിപത്യലോകത്ത് ഏതൊരു സ്ത്രീയും സ്വന്തം താല്പര്യങ്ങളെയും ആഗ്രഹങ്ങളെയും ആത്മാഭിമാനബോധത്തെയും ഉപേക്ഷിച്ച് നിലവിലെ വ്യവസ്ഥിതിയോട് പൊരുത്തപ്പെട്ട് ജീവിക്കാനാണ് ശ്രമിക്കുന്നത്.

'ഒരു സമ്പന്നന്റെ വിരുന്നു മേശയിലേക്ക് ആനയിക്കപ്പെട്ട യാചകയുടെ മുഖഭാവത്തിൽ ആയിരുന്നു അവൾ'[2] ഐതിഹ്യമാല എന്ന കഥയിലെ നന്ദന്റെ ഭാര്യയായ ജയശ്രീയുടെ ജീവിതത്തെയും അവളിൽ നിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വ്യക്തി ബോധത്തെയും വളരെ സൂക്ഷ്മമായി ചൂണ്ടിക്കാണിക്കുന്ന വാക്കുകളാണിത്. ബംഗ്ലാവ് എന്ന കഥയിലെ സോമി, വിജയകുമാരി എന്നീ കഥാപാത്രങ്ങളും ഇത്തരത്തിൽ പുരുഷാധികാരത്തിന്റെ ദണ്ഡനകൾ മാനസികവും ശാരീരികവുമായ സംഘർഷങ്ങൾക്ക് വിധേയരാകേണ്ടി വന്നവരായിരുന്നു . 'പകരം വയ്ക്കാൻ രണ്ടുപേർക്കും ഉപാധികൾ ഇല്ലായിരുന്നു. അതൊരു പൊതു പ്രേരണയുടെ ചടങ്ങും ഹരവുമായി മാറിക്കഴിഞ്ഞിരിക്കുന്നു'.[3] ചെമ്മീൻ എക്സ് പോർട്ടർ ആയ ഡിസിൽവയുടെ ആക്രമണത്തിൽ ചുണ്ട് പൊട്ടി ചോരയൊലിക്കുന്ന വിജയകുമാരി തന്റെ എതിർപ്പും വേദനയും പ്രകടിപ്പിക്കുമ്പോൾ അവളുടെ കൂടി ആവേശ ത്തിന്റെ പ്രതിഫലനം എന്ന നിലയിൽ പൊട്ടിയ ചുണ്ടിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് നിരുത്തരവാദപരമായ സമീപനമാണ് സോമരാജ് നടത്തുന്നത്. ആണധികാരത്തിന്റെ ദുരന്തവലയത്തിൽ അകപ്പെടുന്ന സ്ത്രീകളെ, നിർബന്ധിതമായി പല ദുരന്തത്തിലേക്കും പുരുഷൻ തള്ളിവിടുന്നതിന്റെ ആവിഷ്കാരമായി ഈ കഥാസന്ദർഭത്തെ വായിക്കാൻ കഴിയുന്നു

യാതൊരുവിധ ഉത്തരവാദിത്വങ്ങളും ആർക്കും ആരോടും ഒരുതരത്തിലുള്ള പ്രതി ബദ്ധതയും ഇല്ലാത്ത ജീവിതത്തിൽ യാതൊന്നിനും പ്രാധാന്യം നൽകുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നില്ല. ഒരു രാത്രിയിലെ കച്ചവടത്തിന് മാത്രമായി തയ്യാറാകുന്ന സ്ത്രീ പുരുഷന്മാർ, ആ ബന്ധത്തെ എന്നെന്നേക്കുമായി ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്നത് കൊടും പാപമായും വിശ്വാസവഞ്ചനയായും നിയമലംഘനമായും കഥാപാത്രങ്ങൾ പ്രഖ്യാപി ക്കുന്നു. തനിക്ക് ആവശ്യമുള്ള വസ്തു വിലപേശി വാങ്ങി, അതിന്റെ ഉപയോഗശേഷം അതിനെപ്പറ്റി ചിന്തിക്കാതിരിക്കുന്നതിന് സമാനമായാണ് വാണിജ്യവത്കരിക്കപ്പെടുന്ന സ്ത്രീപുരുഷ ബന്ധത്തെ പ്രസ്തുത കഥകളിൽ വിശകലനം ചെയ്തിരിക്കുന്നത്.

അഞ്ച് കുടുംബങ്ങളിൽ നിന്ന് തുടങ്ങി നാല്പത്തി എട്ട് കുടുംബങ്ങളിൽ എത്തി നിൽക്കുന്ന സ്ത്രീ പുരുഷ കച്ചവടം എന്നത് മാംസനിബദ്ധവും സാമ്പത്തിക ലാഭത്തെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ളതുമാണ്. ഏതൊരു പെണ്ണിനേയും സ്ത്രീശരീരം മാത്രമായി കാണുന്ന പുരുഷനിലെ അധമമായ താൽപര്യമാണ് ഐതിഹ്യമാല എന്ന കഥയിലെ നായർ, ജോസഫ് എന്നീ കഥാപാത്രങ്ങളിലൂടെ വെളിപ്പെടുന്നത്. ഇത്തരത്തിൽ കമ്പോളവത്കൃതമാകുന്ന വർത്തമാനകാല സമൂഹം ആനന്ദത്തിന്റെയും ആഘോഷത്തി ന്റെയും ഉപാധികളായി മാത്രം എന്തിനെയും വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കമ്പോള രാഷ്ട്രീയമാണ് ആഗോളീകരണ കാലഘട്ടത്തിലെ ജാരബന്ധങ്ങളെ പോലും നിർണയിക്കുന്നതെന്ന് തെളിയിക്കുന്ന മറ്റൊരു കഥയാണ് 'അലമാരയിൽ ജാരൻ'. കഥ പറച്ചിലിന്റെ ആഖ്യാനരീതിയെ സവിശേഷമാക്കുന്ന വിധത്തിലുള്ള പ്രമേയരൂപഘടന ഈ കഥയിൽ കാണാം. ഭൂതകാലത്തിലെ തന്റെ അമ്മയുടെ ജാരബന്ധത്തിന്റെ കഥ പറയുന്ന മകൾ വർത്തമാനകാലത്തിൽ അമ്മയ്ക്ക് സമാനയായി മാറുന്നിടത്താണ് കഥയുടെ അവസാനം എന്ന് പറയാമെങ്കിലും ആഗ്രഹങ്ങൾക്കുമേൽ അഴുക്കുപിടിച്ച നനഞ്ഞ തുണി വിരിച്ചിടേണ്ടി വരുന്ന സ്ത്രീകൾ ഉണ്ടാവുന്നിടത്തോളം ഇത്തരത്തിലുള്ള ജാരബന്ധങ്ങളും തുടരുമെന്ന് പ്രസ്തുത കഥ നമ്മെ ഓർമപ്പെടുത്തുന്നു. വായുസഞ്ചാര മില്ലാത്ത അലമാരയായിരുന്നു അമ്മയുടെ ജാരന്റെ മരണത്തിന് കാരണമെന്ന് വിലയിരു ത്തുന്ന മകൾ തന്റെ ജാരനു വേണ്ടി നല്ല വായു സഞ്ചാരമുള്ള അലമാര പണിത് കാത്തിരിക്കുകയാണ്.

ഇവിടെ അലമാര എന്ന വസ്തു കേവലം ഒരു രൂപകം മാത്രമല്ല. കമ്പോളവ്യവസ്ഥ സൃഷ്ടിക്കുന്ന രാഷ്ട്രീയത്തെയും മാനവികബന്ധങ്ങളെയും വിശദീകരിക്കാൻ ഉതകുന്ന അലിഗറിക്കൽ രൂപകം എന്ന നിലയിലാണ് അലമാര ഇവിടെ പ്രസക്തമാകുന്നത്. സമകാലികലോകത്ത് കമ്പോളം ഏതൊരു ബന്ധത്തെയും അതിന്റെ പരിപൂർണ്ണ രഹസ്യാത്മകതയോടെ സംരക്ഷിക്കുന്നു. കമ്പോള വസ്തുക്കൾ നൽകുന്ന വിശ്വാസം എന്നത് മനുഷ്യന് അവനവനിൽ ഉള്ള വിശ്വാസത്തേക്കാൾ വലുതുമാണ്. ഇത്തരത്തിൽ കമ്പോള വസ്തുക്കളോടുള്ള പൊതുസമൂഹത്തിന്റെ താല്പര്യങ്ങളും വിശ്വാസവും ഉൽപന്ന വിതരണ ശൃംഖലയുടെ പ്രധാന കണ്ണികളായി വർത്തിക്കുന്നു.

അതിഭാവുകത്വം നിറഞ്ഞതും ആഘോഷങ്ങളുമായി തീരുന്ന ഉപരിവർഗ്ഗജനതയുടെ കമ്പോളജീവിതത്തിന്റെ മറുപുറമാണ് വൃദ്ധമാതാവ്, എപ്പോഴെത്തുമോ എന്തോ എന്നീ കഥകൾ വെളിപ്പെടുത്തുന്നത്. ക്രിയാശേഷി നഷ്ടപ്പെട്ട വൃദ്ധജനങ്ങളെ പാഴ് വസ്തുക്കൾക്ക് സമാനമായി പരിചരിക്കുന്ന സമൂഹം, വാർദ്ധക്യത്തിന്റെ ദുരിതങ്ങൾ, വൃദ്ധജനതയ്ക്ക് സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും നേരിടേണ്ടിവരുന്ന ഒറ്റപ്പെടലുകൾ, മാധ്യമങ്ങൾക്ക് ആഘോഷമാകുന്ന വൃദ്ധരുടെ ദയാവധങ്ങൾ ഇവയെല്ലാം പ്രസ്തുത കഥകളിൽ പ്രമേയവത്ക്കരിക്കപ്പെടുന്നു.

സമ്പത്തിലും അധികാരത്തിലും അധിഷ്ഠിതമായിരിക്കുന്ന സാമൂഹിക പദവിക്ക് പ്രാധാന്യം നൽകുന്ന ജനസമൂഹം ജന്മം നൽകിയ മാതാപിതാക്കൾക്ക് നൽകുന്ന വിലയെന്തെന്ന് പുനർവിചിന്തനം നടത്തേണ്ടതിന്റെ ആവശ്യകതയെയാണ് ഈ കഥകൾ ചർച്ച ചെയ്യുന്നത്. കൊച്ചുമകളുടെ വിവാഹവുമായി ബന്ധപ്പെട്ട് നടക്കുന്ന ആഘോഷങ്ങൾ അടച്ചിട്ട മുറിയിലെ ജനാലകളിലൂടെ കാണുന്ന വൃദ്ധമാതാവ് ജീവിക്കാനുള്ള സ്വാതന്ത്ര്യം പോലും ഇല്ലാതാക്കപ്പെട്ട അനേകം വൃദ്ധമാതാക്കളെയും പിതാക്കളെയും പ്രതിനിധീ കരിക്കുന്നു. കുടിക്കുന്ന മദ്യത്തിന്റെ അളവിലൂടെ പ്രതിശ്രുത വരന്റെ കഴിവിനെ വിലയിരു ത്തുന്ന കൊച്ചുമകളും സമ്പന്ന കുടുംബവും എല്ലാം ആർഭാടങ്ങളുടെയും ആഘോഷങ്ങ ളുടെയും ഇടയിൽ പൊള്ളയായതും മിഥ്യയായതുമായ വ്യക്തിത്വങ്ങളെ പ്രദർശന വസ്തുക്കൾക്ക് സമാനമായി കെട്ടിപ്പടുക്കാനാണ് ശ്രമിക്കുന്നത്. കയ്പ് നിറഞ്ഞ മദ്യത്തെ

മാധുര്യമുള്ളതാക്കിയും പുരുഷത്വത്തിന്റെ പ്രതീകമാക്കിയും വിറ്റഴിക്കുന്ന കമ്പോള രാഷ്ട്രീയത്തെ ഇവിടെ നമുക്ക് ദർശിക്കാം.

യാന്ത്രികത നിറഞ്ഞ ലോകത്ത് പരിപാവനവും ശുദ്ധവുമായ പ്രണയം വെറും പ്രഹസനം മാത്രമാണ്. ബിയാൻസിക്ക് തന്നോട് പ്രണയം ഉണ്ടായിരുന്നു എന്നതിന്റെ പേരിൽ കുഴിച്ചുമൂടപ്പെട്ട വറീത് കുട്ടി സ്വാർത്ഥതയുടെയും നിർവികാരപ്രണയത്തിന്റെയും രക്തസാക്ഷി കൂടിയാണ്. എല്ലാത്തിനും സാക്ഷിയാകുന്ന വൃദ്ധമാതാവ് ആകട്ടെ കണ്ണുനീരിന്റെയും സഹനത്തിന്റെയും ചവർപ്പിൽ നിന്നുള്ള മോചനം എന്ന നിലയ്ക്ക് ഹൽവയുടെ മാധുര്യം നുണയുകയും അതിൽ ആശ്വാസം കണ്ടെത്തുകയും ചെയ്യുന്നു.

തങ്ങൾക്ക് യാതൊരുവിധ ലാഭത്തിനും ഉതകാത്ത മാതാപിതാക്കളെ നിഷ്ക്കരുണം വിഷം കൊടുത്തു കൊല്ലുന്ന മക്കളെയാണ് ‘എപ്പോഴെത്തുമോ എന്തോ’ എന്ന കഥയിൽ കാണാൻ സാധിക്കുന്നത്. മാതാപിതാക്കളുടെ മരണത്തെ മാധ്യമങ്ങളുടെയും ജനപെരുപ്പത്തിന്റെയും സാന്നിധ്യത്തിൽ ആഘോഷമാക്കാൻ ശ്രമിക്കുമ്പോൾ യാന്ത്രികതയുടെ പരിവേഷമണിയുന്ന ദുഃഖം എന്നത് തികച്ചും സ്വാഭാവികമായി ഈ കഥയിൽ സന്നിവേശം ചെയ്തിരിക്കുന്നു എന്നതാണ് വസ്തുത. വാർദ്ധക്യത്തെ ശാപമായി കാണുന്ന യുവതലമുറയാണ് സമകാലിക സമൂഹത്തിൽ ഉള്ളത് എന്ന കാരണത്താൽ തന്നെ ഇന്ന് വൃദ്ധസദനങ്ങളുടെ എണ്ണവും കുറവല്ല. എന്നാൽ നാണയത്തിന്റെ അടിസ്ഥാനമാണ് മനുഷ്യന്റെ ഏതൊരു പ്രവർത്തിയും നിർണയിക്കുന്നത്. വൃദ്ധസദനങ്ങളിൽ എത്തിപ്പെടുന്ന വൃദ്ധജനങ്ങളുടെ സാമ്പത്തികസ്ഥിതി അനുസരിച്ച് അവർക്ക് ലഭിക്കുന്ന പരിചരണവും വ്യത്യസ്തമാണെന്ന് ബോധ്യപ്പെടുത്തുന്ന ടി.വി. കൊച്ചുബാവയുടെ വൃദ്ധസദനം നോവൽ ഇത്തരത്തിൽ ശ്രദ്ധേയമാണ്. കമ്പോളങ്ങളുടെ സ്വാധീനങ്ങളാലും ഉൽപ്പന്നങ്ങളുടെ ആധിക്യത്താലും യാന്ത്രികമായി തീരുന്ന നഗരവൽകൃത ജീവിതത്തിൽ നഷ്ടപ്പെട്ടുപോകുന്ന സാംസ്കാരികമൂല്യങ്ങളെ സംബന്ധിച്ച അവബോധം നൽകുവാൻ ടി.വി. കൊച്ചുബാവകൃതികൾക്ക് സാധിക്കുന്നുണ്ട്.

## ഉപദർശനങ്ങൾ

കമ്പോളാധിഷ്ഠിതമായ രാഷ്ട്രീയമെന്നത് അധികാര സമ്പദ് വ്യവസ്ഥയിലെ നിർണ്ണായക ഘടകമാകുകയും ഉൽപന്ന ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്തൃജനത വാണിജ്യാധിഷ്ഠിത സംസ്കാരത്തിന് വിധേയരാകുകയും ചെയ്യുന്നു. ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണമേന്മയെക്കാൾ വിലയെ ആധാരമാക്കിയാണ് ഇന്ന് ഒരുവന്റെ സാമൂഹികപദവി നിർണയിക്കപ്പെടുന്നത്. ഉയർന്ന തരം ബ്രാൻഡ് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുമ്പോൾ താനും ഉയർന്ന വ്യക്തിയാണെന്ന ആത്മവിശ്വാസവും മിഥ്യാധാരണയും സൃഷ്ടിക്കുവാൻ കമ്പോളം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയദർശനങ്ങൾക്ക് സാധിക്കുന്നു. വർത്തമാനകാല സമൂഹത്തിൽ മാധ്യമങ്ങളും പരസ്യങ്ങളും മനുഷ്യനിലെ കമ്പോളതാൽപര്യങ്ങളെ ഉത്തേജിപ്പിക്കുന്ന ഘടകങ്ങൾ ആയാണ് വർത്തിക്കുന്നത്. കമ്പോളദർശനങ്ങളെ സംരക്ഷിച്ചുകൊണ്ട് നിലനിർത്തുക എന്നത് നിലവിലെ അധികാരവ്യവസ്ഥിതിയുടെ നിലനിൽപ്പിനും ആധാരമാണ്. വർദ്ധിച്ചുവരുന്ന സൂപ്പർമാർക്കറ്റുകളും

മാളുകളും എല്ലാം ഒന്നുമില്ലാത്തവനെ പോലും എന്ത് വില കൊടുത്തും ആവശ്യമില്ലാത്തതായ ഉത്പന്നങ്ങൾ കൂടി വാങ്ങുവാനും ഉപയോഗിക്കുവാനും പ്രേരിപ്പിക്കുന്നു. കമ്പോളം മുന്നോട്ടുവയ്ക്കുന്ന ഇത്തരം പ്രവണതകളാൽ നാം ഇന്ന് നമ്മുടെ ഇച്ഛകളെ തന്നെ ഇല്ലായ്മയിലേക്ക് തള്ളി വിടുകയും യാന്ത്രികവും നിർവികാരവുമായ ജീവിതത്തിലൂടെ സ്വയം ഒരു വില്പനവസ്തുവായി തീർന്നുകൊണ്ട് ഉത്പാദകന്റെ ലക്ഷ്യപ്രാപ്തിക്ക് ഹേതുവായി മാറുകയും ചെയ്യുന്നു എന്നതാണ് സമകാലിക യാഥാർത്ഥ്യം. 'മറ്റുള്ളവരോടൊപ്പം ആയിത്തീരാനുള്ള തിടുക്കങ്ങൾക്കിടയിൽ നഷ്ടപ്പെടുന്നതെന്തോ അതാണിന്നത്തെ ജീവിതം'[4] എന്ന ടി.വി. കൊച്ചുബാവ കഥയിലെ വാക്കുകൾ ഇവിടെ പ്രസക്തമാണ്.

അധികാര വ്യവസ്ഥ, സമൂഹം, മതം, കുടുംബം, വിശ്വാസങ്ങൾ ഇവയെല്ലാം കമ്പോള സംസ്കാരം വീക്ഷിക്കുന്നതും പരിചരിക്കുന്നതും വ്യത്യസ്തമാർഗ്ഗങ്ങളിലൂടെയാണ്. നിലവിലിരിക്കുന്ന വ്യവസ്ഥിതികളുടെയും മൂല്യബോധങ്ങളുടെയും വ്യക്തിചിന്തകളുടെയും പൊളിച്ചടുക്കലുകൾക്ക് കൂടി ഉപഭോഗസംസ്കാരം കാരണമാകുന്നു. വർദ്ധിച്ചുവരുന്ന കമ്പോളങ്ങളും വിവിധ ഉൽപ്പന്നങ്ങളും എല്ലാം മനുഷ്യന്റെ ഉപഭോഗസംസ്കാരത്തിനോടുള്ള താല്പര്യത്തെ വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

ഉപഭോഗസംസ്കാരത്തിന് വിധേയരായി ജീവിക്കുക എന്നതല്ല മറിച്ച്, സാമൂഹിക ഉന്നമനത്തിന് വഴിയൊരുക്കുകയും എല്ലാ മനുഷ്യരെയും തുല്യരായി പരിഗണിക്കുകയും എല്ലാവർക്കും ഒരുപോലെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിലുള്ള ഒരു കമ്പോള സംസ്കാരം രൂപപ്പെടുത്തിയെടുക്കാനും സാധിക്കുന്നിടത്താണ് ഉൽപാദകനും ഉപഭോക്താവും ഒരേ ശൃംഖലയിലെ കണ്ണികളാകുന്നത്. അപ്പോൾ മാത്രമേ കമ്പോളരാഷ്ട്രീയമെന്നത് ഒരു ദാർശനികവും മാനവികവുമായ തലത്തിലേക്ക് ഉയർത്തപ്പെടുകയുള്ളൂ.

## കുറിപ്പുകൾ

*1.ഇറച്ചി, കൊച്ചുബാവയുടെ കഥകൾ, ഡി സി ബുക്സ് കോട്ടയം, പുറം 554*
*2.ഐതിഹ്യമാല, പ്രസ്തുത ഗ്രന്ഥം, പുറം 20*
*3.ബംഗ്ലാവ്, പ്രസ്തുത ഗ്രന്ഥം പുറം 519*
*4.സ്നാനം, പ്രസ്തുത ഗ്രന്ഥം പുറം 552*

## ഗ്രന്ഥസൂചി

1. *ആഷാമേനോൻ, ബോധി വൃക്ഷങ്ങൾ പൂക്കുന്ന കാലം പഠനം, 1992*
2. *കൊച്ചുബാവ ടി വി, കൊച്ചുബാവയുടെ കഥകൾ ഡി സി ബുക്സ് കോട്ടയം, 2013.*
3. *പ്രസാദ് സി ആർ, എഴുത്ത് ഒരു ജനാധിപത്യ രാഷ്ട്രമാണ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 2021.*
4. *ശ്രീജൻ വി സി, അവതാരിക ഭൂപടങ്ങൾക്ക് പഠനം, 1997*

# കഥാപാത്ര വിശകലനം പത്മരാജൻ സിനിമകളിൽ

**രേഖ എസ്.**
അസിസ്റ്റന്റ് പ്രൊഫസർ, ശ്രീനാരായണ വനിതാ കോളേജ്, കൊല്ലം

**പ്രബന്ധസംഗ്രഹം**

സിനിമയിലും സാഹിത്യത്തിലും ഒരുപോലെ സങ്കീർണവും ബഹുമുഖവും ആഴത്തിൽ മനുഷ്യത്വവുമുള്ള നിരവധി നായകകഥാപാത്രങ്ങളെ സൃഷ്ടിക്കുവാൻ പി. പത്മരാജന് സാധിച്ചിട്ടുണ്ട്. ഗ്രാമീണകർഷകർ മുതൽ നഗരബന്ധങ്ങളുടെ സങ്കീർണവ്യക്തിത്വങ്ങൾ വരെ, ദൈനംദിന ജീവിതത്തിൽ നേരിട്ടു കണ്ടുമുട്ടാറുള്ള നിരവധി ആളുകൾ പത്മരാജന്റെ സാഹിത്യസിനിമാ പ്രപഞ്ചത്തിൽ കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്നു. ഈ കഥാപാത്രങ്ങളെല്ലാം സമൂഹത്തിൽ നിന്നും പലതരത്തിലും ഒറ്റപ്പെട്ടവരും വേട്ടയാടപ്പെട്ടവരുമാണ്. പ്രണയവും രതിയും പകയും വിരസതയും ഒരുപോലെ അനുഭവിക്കുന്നവരാണ് പത്മരാജന്റെ പുരുഷ സ്ത്രീ കഥാപാത്രങ്ങൾ. പരുഷവും തീവ്രവുമായ വികാരങ്ങൾക്ക് അടിമപ്പെട്ടവർ കൂടിയാണിവർ. ഒരോ കഥാപാത്രവും മറ്റൊരു കഥാപാത്രത്തിൽനിന്നും തീർത്തും വ്യത്യസ്തപ്പെട്ടിരിക്കുന്നു. വിധി ഒരുക്കിയ നിസ്സഹായതയിൽ പെരുവഴിയമ്പലം സൃഷ്ടിച്ച രാമൻ, വേശ്യാവൃത്തിയുടെയും ഏകാന്തതയുടേയും ഹീനമായ തടവിൽപ്പെട്ടു കഴിയുന്ന അരപ്പട്ടകെട്ടിയ ഗ്രാമത്തിലെത്തിച്ചേർന്ന സക്കറിയയും കൂട്ടുകാരും, കാഫ്കയുടെ കഥകളിലെന്നപോലെ ജീവിതത്തെ നിസ്സഹായതോടെ നോക്കിക്കാണുന്ന സീസണിലെ ജീവൻ, കാപട്യജാലങ്ങളുടെ വിഷവിത്തായ കള്ളൻ പവിത്രൻ എന്നിങ്ങനെ സ്വാഭാവികവും വൈവിധ്യവുമാർന്ന പത്മരാജന്റെ നിരവധി പുരുഷകഥാപാത്രങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

***താക്കോൽവാക്കുകൾ:*** സെൻസിറ്റിവിറ്റി, ജന്മകാമനകൾ, ആണധികാരം, അന്യതാബോധം, ദ്വന്ദ്വവ്യക്തിത്വം, നെഗറ്റീവ് ആണത്തം.

## ആമുഖം

ഒരു കാർമേഘക്കാറായി വന്നു മഴയായ് പെയ്തിറങ്ങിയ ശേഷം കാലചക്രങ്ങൾക്കുള്ളിൽ മറഞ്ഞ പ്രതിഭയാണ് പത്മരാജൻ. നിരവധി മറക്കാനാവാത്ത കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും കൈരളിയ്ക്കു സമ്മാനിച്ച മലയാളത്തിലെ മികച്ച കഥാകാരനും നോവലിസ്റ്റും തിരക്കഥാകൃത്തും സംവിധായകനുമാണദ്ദേഹം. ഒട്ടനവധി ചെറുകഥകൾ, മുപ്പതിലേറെ നോവലുകൾ, സ്വന്തം തിരക്കഥയിലുള്ള പതിനെട്ടു സിനിമകൾ, മറ്റു സംവിധായകർക്കുവേണ്ടി എഴുതിയ ഇരുപതോളം തിരക്കഥകൾ എന്നിവയാൽ മലയാളിമനസ്സിൽ തിളങ്ങി നിന്ന ഗന്ധവർവ്വനായിരുന്നു പത്മരാജൻ. 'കാലത്തിനു മുമ്പേ സഞ്ചരിച്ച കഥാകാരൻ' എന്ന വിശേഷണം അദ്ദേഹത്തിന് നൽകാവുന്നതാണ്. കാരണം, ഏതു കാലഘട്ടത്തിലും അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ പുതുമയുള്ളതായി നിലനിൽക്കുന്നു. വളരെയധികം സെൻസിറ്റിവിറ്റിയോടും തീവ്രതയോടും കൂടിയാണ് ഈ കഥാപാത്രങ്ങൾ എല്ലാം അവതരിപ്പിക്കപ്പെടുന്നത്. ദ്വന്ദ്വവ്യക്തിത്വമുള്ള 'തൂവാനത്തുമ്പികളി'ലെ ജയകൃഷ്ണനനും, ഉപാധികളില്ലാത്ത സ്നേഹം മനസ്സിൽ സൂക്ഷിക്കുന്ന സോളമനും, പ്രണയം ത്യാഗത്തിന്റെയും വിട്ടുകൊടുക്കലിന്റെയുമാണെന്നു തെളിയിച്ച നരേന്ദ്രനും, ആർത്തലയ്ക്കുന്ന തിരമാലകൾക്കും ഓർമ്മയുടെ വേലിയേറ്റങ്ങൾക്കുമിടയിൽ മൂന്നാംപക്കവും കാത്തിരിക്കുന്ന മുത്തച്ഛനും, പുഴ നീന്തി പുതിയ നാട്ടിലേക്കെത്തിയ ഫയൽമാനും എക്കാലവും മലയാളികളുടെ മനസ്സിൽ മായാതെ നിൽക്കുന്നവയാണ്. ജീവിതത്തിന്റെ തിരക്കുകളിൽനിന്നും വെള്ളിത്തിരയിലേയ്ക്കു ചേക്കേറിയവരാണ് പത്മരാജന്റെ മിക്ക കഥാപാത്രങ്ങളും. തങ്ങൾക്ക് പറയാനുള്ളത് പറഞ്ഞ് അവരവരുടെ ജീവിതത്തിലേയ്ക്ക് മടങ്ങിപ്പോകുന്നവർ. ജീവിതത്തെ ആഴത്തിൽ സ്നേഹിച്ച ഇവരെല്ലാം പത്മരാജനെപ്പോലെ സ്നേഹിച്ചു തീരുംമുമ്പേ ഇവിടം വിട്ട് പോയവരാണ്.

## വിഷയാവതരണം

പി. പത്മരാജൻ രചനയും സംവിധാനവും നിർവഹിച്ച് 1979ൽ പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് 'പെരുവഴിയമ്പലം'. പത്മരാജൻ സംവിധായകനായി അരങ്ങേറ്റം കുറിച്ച സിനിമകൂടിയാണിത്. ഗ്രാമത്തിൽ ജീവിക്കുന്ന രാമൻ എന്ന സാധാരണ പയ്യനാണ് ഇതിലെ നായകൻ. തന്റെ സഹോദരിമാരായ ഭാഗ്യത്തിന്റെയും ലക്ഷ്മിയുടെയും കൂടെയാണ് അവൻ ജീവിക്കുന്നത്. ഒരു ദിവസം പ്രഭാകരൻപിള്ള എന്ന റൗഡി അവന്റെ സഹോദരിയെ ആക്രമിക്കുകയും രാമനെ ക്രൂരമായി മർദ്ദിക്കുകയും ചെയ്യുന്നു. രാമൻ ഇതിന് പകരം ചോദിക്കുകയും സംഘട്ടനത്തിനൊടുവിൽ പ്രഭാകരൻപിള്ള മരിക്കുകയും ചെയ്യുന്നു. പോലീസിന്റെ കണ്ണിൽപ്പെടാതെ ഒളിച്ചു താമസിക്കാൻ രാമനെ സഹായിക്കുന്നത് ഒരു ചായക്കടക്കാരനും ദേവയാനി എന്ന വേശ്യയുമാണ്. രാമൻ ചെയ്ത കൊലപാതകത്തിന്റെ അടിസ്ഥാനത്തിൽ അയാളാകുന്നു പിന്നീടങ്ങോട്ട് ആ നാട്ടിലെ പുരുഷത്വത്തിന്റെ പ്രതീകം. ഒരാളുടെ കൊലപാതകത്തിലൂടെ ദാനം കിട്ടിയ സ്വാതന്ത്ര്യം രാമനെ എപ്പോഴും അസ്വസ്ഥതപ്പെടുത്തിയിരുന്നു. തുടർന്ന് കഥാന്ത്യത്തിൽ പശ്ചാത്താപത്താൽ പോലീസിന് കീഴടങ്ങി ആത്മശാന്തിയടയുന്ന നായകനെ നമുക്ക് കാണാം.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

രാമൻ എന്ന കഥാപാത്രത്തിലൂടെ മനുഷ്യന്റെ അസ്വസ്ഥതയുടെയും അപരിചിതത്വത്തിന്റെയും അനാഥത്വത്തിന്റെയും തലങ്ങളാണ് ചർച്ചചെയ്യാൻ ശ്രമിക്കുന്നത്. 'മനുഷ്യന് എന്നെങ്കിലും സാമൂഹിക കെട്ടുപാടുകളിൽനിന്ന് മോചനം നേടാൻ സാധിക്കുമോ?', 'ഒരു വ്യക്തിയുടെ ശക്തിയും തെറ്റും നിർണയിക്കുന്നത് സമൂഹമാണോ?', 'വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം ഏതുതരത്തിലുള്ളതാണ്?' എന്നിങ്ങനെ നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ 'രാമൻ' എന്ന കഥാപാത്രത്തിലൂടെ ശ്രമിക്കുന്നു. 'ആണുങ്ങളെ അധിക്ഷേപിക്കാൻ നടക്കുന്ന അലവലാതി' എന്നാണ് പ്രഭാകരൻപിള്ള ആണത്തം കാട്ടാനറിയാത്ത രാമനെ പരിഹസിക്കുന്നത്. അന്നുമുതൽക്ക് അവന്റെ ശ്രമം മുഴുവനും എങ്ങനെ തന്റെ സഹോദരിമാരുടെ രക്ഷകനാവുക, നാട്ടുകാരുടേയും പ്രഭാകരൻപിള്ളയുടെയും മുന്നിൽ ആണത്തം കാട്ടുക എന്നതാണ്. പ്രഭാകരൻപിള്ളയെ കൊന്ന് അവൻ അത് സാധിക്കുകയും ചെയ്യുന്നു.

ഉള്ളിന്റെ ഉള്ളിൽ കള്ളം പറഞ്ഞ് ഒരു വേശ്യയുടെ സംരക്ഷണത്തിൽ കഴിയുന്ന രാമൻ തന്റെ യഥാർത്ഥ അസ്തിത്വം കണ്ടെത്താനാവാതെ കുഴങ്ങുന്നു. അവസാനം നാട്ടുകാർ ദാനം നല്കിയ സ്വാതന്ത്ര്യം ഉപേക്ഷിച്ച് സ്വന്തം ജീവിതത്തിന്റെ അസ്തിത്വം കണ്ടെത്താൻ അവൻ തീരുമാനിക്കുന്നു. ഒളിവിൽനിന്നും പൊതുമദ്ധ്യത്തിലേയ്ക്കു വരുന്നതും ഈ തീരുമാനത്തോടെയാണ്. ഭയഭക്തി ബഹുമാനങ്ങളോടെ അവനെ സ്വീകരിക്കുന്ന നാട്ടുകാരെക്കാൾ ജീവിതത്തിന്റെ വില മനസ്സിലാക്കാൻ അവനെ സഹായിക്കുന്നത് പ്രഭാകരൻപിള്ളയുടെ മക്കളാണ്. ആ പതിനേഴുകാരൻ തന്റെ സ്വാതന്ത്ര്യവും സ്വത്വവും തിരിച്ചറിയുന്നത് താൻ ചെയ്ത കുറ്റകൃത്യത്തിന്റെ ഉത്തരവാദിത്വം പൂർണമായി ഏറ്റെടുക്കുമ്പോഴാണ്. ഈ ദുരന്തഭൂമിയായ പെരുവഴിയമ്പലത്തിൽ കൊലപാതകമെന്നത് ക്രൂരമായ പ്രവർത്തിയാണെന്ന ധാർമ്മിക പ്രസ്താവന രാമനിലൂടെ പറയാൻ സംവിധായകൻ ശ്രമിക്കുന്നു. കൊലപാതകം, വിരക്തി നിറഞ്ഞ പ്രവൃത്തിയാണെന്നും ആൾക്കൂട്ടം കൊലപാതകിയെ ഹീറോയാക്കുന്നത് ശരിയല്ലെന്നും ഈ കഥാപാത്രത്തിലൂടെ ഓർമ്മപ്പെടുത്തുന്നു.

അച്ഛന്റെ സ്ഥാനത്തുനിന്ന് സഹോദരിമാരെ സംരക്ഷിക്കാൻ ശ്രമിക്കുന്ന രാമന്റെ ജീവിതത്തിൽ നടക്കുന്ന സംഭവങ്ങൾ തികച്ചും അപ്രതീക്ഷിതങ്ങളാണ്. പെങ്ങളെ പെഴപ്പിച്ച പ്രഭാകരൻപിള്ളയോടുള്ള പകയുടെ നെരിപ്പോടാണ് അവനെ കൊലപാതകിയാക്കുന്നതും നാട്ടിലെ പല ആണുങ്ങൾ തേടിവരുന്ന ഒരു സ്ത്രീയ്ക്കു കൂട്ടുകിടപ്പുകാരൻ ആക്കുന്നതും. കൊലപാതകി എന്ന വിശേഷണത്തെക്കാളും രാമനെ അസ്വസ്ഥതപ്പെടുത്തുന്നത് പ്രണയിച്ച പെണ്ണിനെ ചതിച്ചിട്ട് പോന്നവനെന്ന വിശേഷണമാണ്. ഈ ദുഷ്പേര് അവനിൽ ഉണ്ടാക്കുന്ന ദുഃഖവും പ്രതിസന്ധിയുമാണ് പെരുവഴിയമ്പലത്തിന്റെ കാതൽ.

പത്മരാജന്റെ ചെറുകഥയാണ് 'കള്ളൻ പവിത്രൻ' (1981) എന്ന സിനിമയായത്. ഈ വേഷം കൈകാര്യം ചെയ്തത് നെടുമുടി വേണുവാണ്. പച്ചയായ ഒരു കള്ളന്റെ ജീവിതമാണ് ഈ സിനിമയിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത്. ഇത് യഥാർത്ഥത്തിൽ നടന്ന ഒരു സംഭവം കൂടിയാണ്. ലക്ഷംവീടു കോളനിയിലെ ഒരു കള്ളനായിരുന്നു പവിത്രൻ.

കുടുംബം പുലർത്താൻ നന്നേ കഷ്ടപ്പെട്ടിരുന്നു. കണ്ണിൽക്കണ്ട കിണ്ടിയും മൊന്തയും ഉരുളിയും മോഷ്ടിക്കുകയല്ലാതെ കാര്യമായിട്ടൊന്നും സമ്പാദിച്ചു വയ്ക്കാൻ അയാൾക്ക് സാധിച്ചിരുന്നില്ല. രണ്ടു ഭാര്യമാരും മൂന്നു മക്കളുമായി കടുത്ത പ്രതിസന്ധി നിറഞ്ഞതാണ് അയാളുടെ ജീവിതം. ഈ സിനിമ ആരംഭിക്കുന്നത് തന്നെ കള്ളൻ പവിത്രൻ എങ്ങനെ യുള്ള ഒരു മോഷ്ടാവാണെന്നു കാണിച്ചുകൊണ്ടാണ്. മലയാള സിനിമയിൽ മുമ്പും കള്ളൻ കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും ലക്ഷണമൊത്ത കള്ളനെന്ന വിശേഷണം കള്ളൻ പവിത്രന് നൽകാം.

തനി മനുഷ്യനായി നിലകൊണ്ട കള്ളനായിരുന്നു പവിത്രൻ. നന്മനിറഞ്ഞവനെന്നോ ക്രൂരനെന്നോ അയാളെ വിശേഷിപ്പിക്കാൻ സാധിക്കില്ല. താഴ്ന്ന ജാതിക്കാരനായ തമാശക്കാരനായ പവിത്രന് ഇവിടെ നായകത്വമില്ല. യഥാർത്ഥകള്ളനെപ്പോലെ കൃത്യമായ ഐഡൻറിറ്റിയും കാണുന്നില്ല. മനുഷ്യസഹജമായ എല്ലാ വാസനകളും അയാളിലുണ്ട്. തന്മൂലം പവിത്രന്റെ ജീവിതം ഹാസ്യം ജനിപ്പിക്കുന്ന ദുരന്തപര്യവസായിയായിത്തീർന്നു. രണ്ടാം ഭാര്യയുടെ സഹോദരിയായ ഭാമയോട് ഇയാൾ സത്യസന്ധത കാണിക്കുന്നു വെങ്കിലും നന്മനിറഞ്ഞവനായി പ്രേക്ഷകന് തോന്നുന്നില്ല. ഈ നായകത്വമാണ് ഒരു യഥാർത്ഥ കള്ളന്റെ ചിത്രീകരണത്തിനും അത്യാവശ്യമായത്. സാഹചര്യങ്ങൾ കൊണ്ടാണ് പവിത്രൻ കള്ളനായിത്തീർന്നത്. പെരുംകളവൊന്നും നടത്താനുള്ള ധൈര്യം അയാൾക്കില്ല. കിണ്ടിയോ മൊന്തയോ കുഴിയൻ ചരുവമോ ഒക്കെ മോഷ്ടിച്ചു വിൽക്കുന്ന പൈസകൊണ്ടു അന്നത്തെ കാര്യങ്ങൾ നടത്തുന്നു. കളവുകൊണ്ടു ജീവിതത്തിൽ അയാൾ രക്ഷപ്പെടുന്നതുമില്ല.

വിശപ്പാണ് പവിത്രനെ കള്ളനാക്കിത്തീർക്കുന്നത്. പവിത്രന്റെ എല്ലാ ഭാവങ്ങളിലും അന്നത്തിനായുള്ള നിസ്സഹായത പ്രകടമാകുന്നുണ്ട്. മോഷ്ടിച്ച കിണ്ടിയുടെ കൂലി വ്യാപാരി ചോദിച്ചപ്പോൾ 'ഇവിടുത്തേക്കറിയാമല്ലോ, എന്തെങ്കിലും തോന്നുന്നത് എനിക്ക് തന്നാൽ മതി, എന്തായാലും എനിക്ക് തന്നാൽ മതി' എന്ന മറുപടിയിൽ ആ നിസ്സഹായത വ്യക്തമാകുന്നുണ്ട്. ചെയ്ത തെറ്റിൽ കുമ്പസരിക്കാൻ ഒരിക്കലും ഈ കഥാപാത്രം മിനക്കെടുന്നില്ല. അവസാനം വരെ പിടിച്ചു നിൽക്കുകയാണ് അവന്റെ മുദ്രാവാക്യം. എങ്ങനെ കള്ളനായി എന്നതിനെ ന്യായീകരിക്കാനും അയാൾ തയ്യാറാകുന്നില്ല. ഭീരുവും ദുർബലനുമായിട്ടാണ് എപ്പോഴും പ്രത്യക്ഷപ്പെടുക. മൊന്തയ്ക്കോ കിണ്ടിക്കോ അപ്പുറത്തേയ്ക്കു മോഷ്ടിക്കാൻ ശ്രമിക്കാത്തതിന്റെ കാരണവും അതുതന്നെയാകുന്നു. അവസരങ്ങൾ മുതലെടുക്കാനോ ചതികൾ മനസ്സിലാക്കാനോ അയാൾക്കു സാധിക്കുന്നില്ല. തന്റെ വികാരങ്ങളിൽ അയാൾ എപ്പോഴും അലസനുമാണ്. അതുകൊണ്ടാണ് ജീവിത ത്തിൽ വീണുകിട്ടിയ നല്ലൊരു അവസരത്തിൽപോലും അയാൾ പരാജിതനാകുന്നത്.

ഒരു സ്ത്രീയുടെ ജീവിതത്തെ മുൻനിർത്തിയുള്ള ചില പുരുഷജീവിതങ്ങളാണ് 'ഒരിടത്തൊരു ഫയൽവാൻ' (1981) എന്ന സിനിമയിൽ വിശകലനം ചെയ്യുന്നത്. ചക്കര എന്ന സ്ത്രീയുടെ ജീവിതത്തിലേയ്ക്ക് കടന്നുവരുന്ന ഫയൽവാന്റെയും (റഷീദ്) ജോസിന്റെയും (ജയദേവൻ) കണ്ണന്റെയും (അശോകൻ) ജീവിതങ്ങളാണ് ഈ സിനിമയിലെ മുഖ്യവിഷയം. ശക്തിയുള്ളവൻ എന്ന് നാട്ടുകാർ മുഴുവൻ വിളിക്കുന്ന

ഇതിലെ നായകനായ ഫയൽവാൻ ശരിക്കും ദുർബലനായിരുന്നു. എന്നാൽ സിനിമയിലെ മറ്റൊരു കഥാപാത്രമായ കണ്ണൻ ദുർബലനാണെങ്കിലും അയാൾ പ്രകടിപ്പിക്കുന്ന ആണത്തം ഒരു പെണ്ണിന്റെ ജീവിതത്തിനു കിട്ടുന്ന സംരക്ഷണമായിരുന്നു. സിനിമയിൽ ഒരേ ടൈപ്പ് മോഡലിൽ ആണത്തത്തിന്റെ അതിർത്തികൾ നിർമ്മിച്ച കാലത്താണ് പത്മരാജൻ തന്റെ സിനിമയിലൂടെ ഒരു പുതിയ ആണത്തത്തെ കണ്ണനിലൂടെ കാണിച്ചു തരുന്നത്.

'ദൈവം തന്ന ശരീരം പൊന്നുപോലെ സൂക്ഷിക്കുന്നവരാ ഫയൽമാൻമാർ. ദൈവികത്വ മുള്ളവരാ അവര്' എന്ന മേസ്തിരി (നെടുമുടിവേണു)യുടെ വാക്കുകൾ ഇതിലെ ഫയൽവാനെ സംബന്ധിച്ചിടത്തോളം സത്യമായിരുന്നു. കാരണം അയാൾ എപ്പോഴും പ്രാധാന്യം കൊടുത്തത് തന്റെ ശരീരത്തിനായിരുന്നു. പലപ്പോഴും അയാളെ പരാജിത നാക്കിയതും ആ ശരീരം തന്നെയായിരുന്നു. ചക്കരയെ വിവാഹം കഴിച്ചതിനുശേഷം 'സെക്സില്ല, സ്റ്റണ്ടില്ല ഫയൽവാന് ഏതാണ്ടൊക്കെയോ ഇല്ല' എന്നിങ്ങനെ പല അപവാദ ങ്ങളും നാട്ടിൽ പ്രചരിക്കുകയും അയാൾ അപമാനിതനാവുകയും ചെയ്യുന്നു. ബിപാത്തു എന്ന ആദ്യഭാര്യയെത്തിരക്കി അയാൾ പോകുമ്പോൾ ആ അവസരം മുതലെടുത്ത് ചക്കരയുടെ ജീവിതത്തിൽ പ്രവേശിക്കുന്ന മറ്റൊരു വ്യക്തിയാണ് ജോബ്. നാട്ടിപ്പെട്ട നല്ലൊരു പെണ്ണിനെ ഫയൽവാന് കല്യാണം കഴിച്ചുകൊടുത്ത് പാഴാക്കിക്കളഞ്ഞെന്നു ആവലാതിപ്പെടുന്ന അയാളുടെ പരിഭവം തീരുന്നത് ചക്കരയുമായുള്ള ശാരീരിക ബന്ധത്തിനുശേഷം അവളെ ഗർഭിണിയാക്കി കടന്നു കളയുമ്പോഴാണ്. സ്ത്രീശരീരത്തെ മാത്രം ലക്ഷ്യമിടുന്ന ജോബ് സമൂഹത്തിന്റെ ധാരണകളെ പേറി നടക്കുന്ന സാധാരണ ആണുതന്നെയാണ്. 'ചക്കരയെ സൈക്കിളിൽ ഇരുത്തി നാടുമുഴുവൻ ചുറ്റുന്നതായി ഞാൻ സ്വപ്നം കാണാറുണ്ട്' എന്നു പറയുന്ന കണ്ണൻ അവസാനം ജോബിൽ നിന്നും ഗർഭിണി യായ ചക്കരയെ ഏറ്റെടുക്കാൻ തയ്യാറാകുന്നു. തിരികെ വന്ന ഫയൽവാൻ ഇതിനെതിരെ ചോദ്യമുന്നയിക്കുമ്പോഴും ഞാൻ മാറുകയില്ലെന്നു വാശിപിടിക്കുന്നതും ഊഷ്മളമായ സ്നേഹം കൊണ്ടാണ്. ഇങ്ങനെയാണ് ജോബും ഫയൽവാനും പരാജയപ്പെടുന്ന ചക്കരയുടെ മുന്നിൽ കണ്ണൻ ജയിച്ചു കയറുന്നത്. സാമൂഹികമായ കെട്ടുപാടുകളിൽപ്പെട്ട് പരാജയപ്പെടുന്ന ഫയൽവാൻമാരും ഊഷ്മളമായ സ്നേഹം പങ്കുവയ്ക്കുന്ന കണ്ണനെ പ്പോലെയുള്ളവരും ഇവിടെയുണ്ടെന്ന് ബോധ്യപ്പെടുത്തുന്നതാണ് പത്മരാജന്റെ ഈ സിനിമ.

പത്മരാജന്റെ 1986ൽ പുറത്തിറങ്ങിയ ചിത്രമാണ് 'അരപ്പട്ട കെട്ടിയ ഗ്രാമത്തിൽ'. പുരുഷ കേന്ദ്രീകൃതമായ ഒരു ലോകത്തെ ചിത്രീകരിക്കുന്നതിനോടൊപ്പം തന്നെ സ്ത്രീയുടെ അഭിമാനബോധത്തിനും ഇതിൽ പ്രാധാന്യം കൊടുക്കുന്നു. ആണുങ്ങൾ അരപ്പട്ട കെട്ടിയ ഗ്രാമത്തിൽ എത്തിച്ചേർന്ന സക്കറിയ (മമ്മൂട്ടി), വക്കീൽ ഗോപി (നെടുമുടിവേണു), ഹിലാൽ (അശോകൻ) എന്നിവരാണ് ഇതിലെ നായക കഥാപാത്രങ്ങൾ. കുടിലതയും ആസക്തിയും തിന്മയും ആക്രമണ മനോഭാവവും ചതിയും അരപ്പട്ടകെട്ടിയ ഒരു ഗ്രാമം ഇവർക്ക് മുന്നിൽ തുറന്നിടുന്നത് വിശാലമായ അനുഭവങ്ങളാണ്. വിദൂരവും ദുരൂഹവു മായൊരു ഗ്രാമവും അവിടെ ചാലക്കുഴി തറവാട്ടിലെ മാളുവമ്മയുടെ വേശ്യാലയമായ

വീടും സംഘർഷപൂരിതമാണ്. ഈ അന്തരീക്ഷത്തിലേക്കാണ് സക്കറിയയും വക്കീൽ ഗോപിയും ഹിലാലും എത്തിച്ചേരുന്നത്. തികച്ചും അശ്ലീലതയോ ആഭാസമോ കൂടാതെയാണ് സ്ത്രീപുരുഷ ബന്ധങ്ങളെ സംവിധായകൻ ചിത്രീകരിച്ചിരിക്കുന്നത്.

വ്യത്യസ്ത സ്വഭാവക്കാരായ മൂന്നുപേരെയാണ് പത്മരാജൻ ഈ സിനിമയിൽ അവതരിപ്പിക്കുന്നത്. മദ്യപാനത്തോട് ആസക്തിയുള്ള സക്കറിയയ്ക്ക് പെണ്ണുങ്ങളോട് അത്രയ്ക്ക് താത്പര്യമില്ല. 'കള്ളിനെ മാത്രമെ ഇഷ്ടമുള്ളൂ, ഞാൻ പിള്ളാരെ കൊണ്ടു വന്നതല്ലേ" എന്നിങ്ങനെ ദേവകിയോട് ഈക്കാര്യം അയാൾ വ്യക്തമാക്കുന്നുണ്ട്. തന്റെ കൂട്ടുകാർക്ക് വേണ്ടിയാണ് കഥാഘടനയിൽ അയാളുടെ ശ്രമങ്ങളും സാഹസികതകളും. വക്കീൽ ഗോപിയാകട്ടെ പെണ്ണുങ്ങളോട് കൂടുതൽ ആസക്തൻ. ഹിലാൽ പെണ്ണുടലിനെ ക്കുറിച്ച് അജ്ഞനാണ്. വേശ്യാലയത്തിൽ സ്വന്തം താത്പര്യത്തോടെയല്ലാതെ എത്തിച്ചേർന്നവളും തന്റെ കന്യകാത്വത്തിനുവേണ്ടി പോരാടുന്നവളുമായ ഗൗരി എന്ന പെൺകുട്ടിയോട് ഹിലാലിന് ആകർഷണം തോന്നുകയും അവളെ വിവാഹം കഴിക്കാമെന്ന് തീരുമാനിക്കുകയും ചെയ്യുന്നു. സക്കറിയയും ഗോപിയും അവളുടെ അഭിമാനബോധ ത്തിൽ ആദരവ് തോന്നി അവളെ രക്ഷിക്കാൻ ശ്രമിക്കുന്നു.

മനുഷ്യർക്ക് സന്ദർഭോചിതമായി ജനിക്കുന്ന സ്വാഭാവിക നീതിബോധമാണ് സംവിധായകൻ ഇവിടെ വിഷയമാക്കുന്നത്. നഗരത്തിൽ നിന്നും സുഖം അനുഭവിക്കാൻ എത്തിച്ചേർന്നവർക്കുള്ള നീതിബോധമോ അന്യതാബോധമോ ഗ്രാമീണർക്കില്ല. മതസംഘർഷവും നാട്ടുരാഷ്ട്രീയ സംഘങ്ങളും ചേർന്നുണ്ടാകുന്ന സംഘർഷത്തിന് സക്കറിയയ്ക്ക് ജീവൻ നഷ്ടപ്പെടുന്നു. സക്കറിയയുടെ നീതിബോധത്തിന്റെ കരുത്തും ദൃഢതയുമാണ് ഗൗരിയെ രക്ഷിക്കാൻ ഇവിടെ സഹായകരമാകുന്നത്. ഇത്തരത്തിൽ നോക്കുമ്പോൾ അയാളുടെ മരണം രക്തസാക്ഷിത്വമാണെന്ന് പറയാം. മനുഷ്യന്റെ വൈയുക്തികവും മനഃശാസ്ത്രപരവുമായ പ്രശ്നങ്ങളാണ് ഈ മൂന്നുകഥാപാത്രങ്ങളി ലൂടെ കൈകാര്യം ചെയ്തത്. ജന്മകാമനകളുടെ സൂക്ഷ്മഘടകങ്ങൾ ഇവരിലൂടെ വരച്ചുകാട്ടാൻ പത്മരാജൻ ശ്രമിക്കുന്നു.

സോളമന്റെയും സോഫിയയുടെയും പ്രണയലോകമായ മുന്തിരിത്തോപ്പിലേയ്ക്കുള്ള യാത്രയാണ് 'നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ' (1986) എന്ന സിനിമ. സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ മുന്തിരിത്തോപ്പുകളിൽ ജീവിക്കുന്ന ഒരു കർഷകനാണ് സോളമൻ. അവന്റെ കാഴ്ചപ്പാടുകളും ചിന്താഗതികളും അന്നത്തെ യുവാക്കളുടെ സ്വഭാവത്തിൽ നിന്നും വേറിട്ട് നിൽക്കുന്നു. രണ്ടാനച്ഛനാൽ റേപ്പ് ചെയ്യപ്പെടുന്ന നായികയെ സ്വീകരിക്കാൻ അമ്മ സമ്മതിക്കുന്നില്ലെങ്കിലും സോളമൻ അവളെ ഏറ്റെടുക്കാൻ തീരുമാനിക്കുന്നു. എൺപതുകളിലെ സിനിമകളിൽ കാണാൻ സാധിക്കാത്ത പക്വതയാണ് ഇവിടെ സോളമൻ പ്രദർശിപ്പിക്കുന്നത്. അമ്മയുടെ വിവാഹപൂർവബന്ധത്തിന്റെ ഫലമായി ഉണ്ടായത്, പത്തിൽ വച്ച് പഠനം നിർത്തേണ്ടി വന്നത്, വൃത്തികെട്ട രണ്ടാനച്ഛനെ കിട്ടിയത് ഇതെല്ലാം അവളുടെ തെറ്റല്ലെന്ന് മനസ്സിലാക്കിയ നായക കഥാപാത്രത്തെ പത്മരാജൻ മാത്രമെ അക്കാലത്തു സൃഷ്ടിച്ചിരുന്നുള്ളൂ. സോഫിയയുടെ വീട്ടിൽനിന്ന് അവളെ വിളിച്ചിറക്കി അവളോട് വാക്ക് പറഞ്ഞതുപോലെ മുന്തിരിത്തോപ്പുകളിൽ രാപാർക്കാനായി

പോകുന്നിടത്ത് സിനിമ അവസാനിക്കുന്നു. അവിടെ വച്ച് അവൻ അവൾക്ക് അവന്റെ പ്രണയം നല്കിയിട്ടുണ്ടാവാം.

നായികയ്ക്കും നായകനും തുല്യപ്രാധാന്യം നൽകുന്ന സിനിമയാണിത്. പെണ്ണിന്റെ പരിശുദ്ധിക്കു സമൂഹം കല്പിക്കുന്ന അളവുകോലുകൾ തച്ചുടയ്ക്കാൻ ഇതിലെ നായകൻ സോളമൻ ശ്രമിക്കുന്നു. രണ്ടാനച്ഛന്റെ പീഡനത്തിൽ കഷ്ടപ്പെടുന്ന തന്റെ ജീവിതം സോഫിയ സോളമന്റെ മുന്നിൽ തുറന്നിടുമ്പോൾ അവന് അവളോട് ബഹുമാനമാണ് തോന്നുന്നത്. യാതൊരു നിബന്ധനകളുമില്ലാതെയാണ് ഇതിലെ നായകൻ സോഫിയയെ സ്നേഹിക്കുന്നത്. ഇത്തരത്തിൽ വ്യത്യസ്തമായ ഒരു പ്രണയലോകം പത്മരാജൻ സൃഷ്ടിച്ചിരിക്കുന്നു.

മോഹൻലാൽ എന്ന നടന്റെ ജീവിതത്തിലെ ഏറ്റവും അനശ്വരമായ കഥാപാത്രമാണ് തൂവാനത്തുമ്പികൾ (1987) എന്ന സിനിമയിലെ ജയകൃഷ്ണൻ. നാട്ടിൻപുറത്തുകാരനായും പട്ടണത്തിൽ ജീവിതം ആസ്വദിക്കുന്ന ഒരു യുവാവായും ദ്വന്ദവ്യക്തിത്വത്തിൽ അയാൾ പ്രത്യക്ഷപ്പെടുന്നു. അയാളുടെ ജീവിതത്തിലേയ്ക്കു കടന്നുവരുന്ന ക്ലാര (സുമലത) രാധ (പാർവതി) എന്ന രണ്ടു സ്ത്രീകഥാപാത്രങ്ങളിലൂടെയാണ് കഥ മുന്നോട്ട് പോകുന്നത്. നാട്ടിൻപുറത്തുകാരിയായ രാധയെ ജയകൃഷ്ണൻ സ്നേഹിക്കുകയും വിവാഹമുറപ്പിക്കുകയും ചെയ്യുന്നുവെങ്കിലും ക്ലാരയുമായുള്ള ബന്ധം അയാൾക്ക് ഉപേക്ഷിക്കാൻ സാധിക്കുന്നില്ല. ചില പ്രത്യേക സാഹചര്യത്തിൽ മനുഷ്യമനസ്സിന് ഒന്നിൽക്കൂടുതൽ വ്യക്തികളോട് തോന്നുന്ന പ്രണയമാണ് ഈ കഥാപാത്രത്തിലൂടെ വിശകലനം ചെയ്യുന്നത്. താൻ ഇങ്ങനെയാണെന്ന് 'കുറെ കൊച്ചു വാശികളും അന്ധവിശ്വാസങ്ങളും കൊച്ച് ദുശ്ശീലങ്ങളും. അതാണ് ഞാൻ' എന്നിങ്ങനെ അയാൾ തന്നെ തന്റെ സ്വഭാവം വിലയിരുത്തുന്നുണ്ട്. തെറ്റുകളും ശരികളും ഇടകലർത്തി മുന്നോട്ട് പോകുന്ന ഈ കഥാപാത്രം പ്രേക്ഷകശ്രദ്ധ ആകർഷിക്കുന്നതാണ്.

ആണധികാരത്തിന്റെ ലക്ഷണമൊത്ത നായകനാണ് ജയകൃഷ്ണൻ. എന്നാൽ അമിത സ്വാതന്ത്ര്യം കാട്ടുമ്പോൾ അതിനെതിരെ പ്രതികരിക്കുന്ന രാധയെ അയാൾ ജീവിത പങ്കാളിയാക്കാൻ തീരുമാനിക്കുന്നത് അയാളുടെ സ്വഭാവത്തിന്റെ നിഗൂഢത വ്യക്തമാക്കുന്നു. സാമർത്ഥ്യവും ധൈര്യവുമുള്ള പെൺകുട്ടികളെ അയാൾ ഇഷ്ടപ്പെട്ടിരുന്നു എന്നതിന് തെളിവാണ്. പ്രണയം രാധയോടാണെങ്കിലും ക്ലാരയോട് നിർവചിക്കാനാവാത്ത ബന്ധമാണ് ജയകൃഷ്ണൻ പുലർത്തുന്നത്. നഷ്ടപ്പെടും എന്ന് ഉറപ്പായിട്ടും ഭാര്യയോടും കാമുകിയോടും സത്യം മാത്രം പറയാനാണ് അയാൾ ഇഷ്ടപ്പെടുന്നത്. തന്റേതായ ശരികളും നിലപാടുകളും ആർക്കുവേണ്ടിയും മാറ്റാൻ അയാൾ തയ്യാറാകുന്നില്ല. രാധ വിലക്കിയിട്ടും ക്ലാരയെ കാണാൻ പോകുന്നത് അതുകൊണ്ടാണ്. തരളനും ദുർബലനുമായ ഒരു കാമുകഹൃദയത്തെ നമുക്ക് ജയകൃഷ്ണനിൽ കാണാം. ആദ്യം ക്ലാരയെ പരിചയപ്പെട്ടപ്പോൾ പ്രകടിപ്പിക്കുന്ന പക്വത പിന്നീട് രാധയോടു അടുത്തതിനു ശേഷം അയാൾ പുലർത്തുന്നില്ല എന്നത് അതിനു ഉദാഹരണമാണ്. ക്ലാരയുടെയും രാധയുടെയും ജീവിതത്തിലൂടെയാണ് ജയകൃഷ്ണന്റെ ജീവിതം മുന്നോട്ട് പോകുന്നത്. ഏതാണ്ട് കാല്പനികതയ്ക്കും യഥാതഥ ബോധത്തിനുമിടയിൽ സഞ്ചരിക്കുന്നതാണ് ഇതിലെ നായക കഥാപാത്രം.

ജയറാം നായകനായി അഭിനയിച്ച ശ്രദ്ധേയമായ മറ്റൊരു ചലച്ചിത്രമാണ് 'അപരൻ' (1988). തെറ്റിദ്ധാരണമൂലം നിഷ്കളങ്കനായ ഒരു യുവാവിന്റെ ജീവിതത്തിൽ വന്നുഭവിക്കുന്ന പ്രശ്നങ്ങളാണ് ചിത്രത്തിന്റെ കഥാതന്തു. അപരൻ എന്ന സിനിമയിലെ നായകനും പ്രതിനായകനും മുഖസാദൃശ്യമുള്ളവരാണ്. കുറച്ച് തന്റേടിയായ പ്രതിനായകൻ ചെയ്യുന്ന കൃത്യങ്ങളെല്ലാം നായകന്റെ ജീവിതത്തിന് അപ്രതീക്ഷമായ പല സംഭവങ്ങളും വന്നുഭവിക്കാൻ കാരണമാകുന്നു. വിദ്യാഭ്യാസത്തിനുശേഷം വിശ്വനാഥൻ എന്ന കഥാപാത്രം ജോലി അന്വേഷിച്ചു പലയിടത്തും നടക്കുന്നു. രൂപസാദൃശ്യത്താൽ ഉത്തമൻ എന്ന വ്യക്തിയാണെന്നു കരുതി പലയിടത്തും ആക്രമിക്കപ്പെടുന്നു. ആ നാട്ടിൽ ഉത്തമൻ എന്ന പേരിൽ തനിക്കൊരു അപരൻ ഉണ്ടെന്നു മനസ്സിലാക്കിയ വിശ്വനാഥൻ തകരുന്നു. 'എപ്പോൾ വേണമെങ്കിലും ആർക്കും കൊത്തിപ്പറിക്കാവുന്ന ഐഡന്റിറ്റി' എന്നാണ് സ്വന്തം വ്യക്തിത്വത്തെ അയാൾ അഭിസംബോധന ചെയ്യുന്നത്. കുടുംബത്തിൽപ്പോലും പലതരത്തിൽ അപഹസിക്കപ്പെടുന്നു. കിട്ടിയ ജോലിയും ഇതുമൂലം നഷ്ടപ്പെടുന്നു. അവസാനം ഗതികെട്ട് വിശ്വനാഥൻ ഉത്തമനെപ്പോലെ അഭിനയിച്ച് അയാൾ സഞ്ചരിച്ച വഴിയിലൂടെ അയാളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുന്നു. ഇവിടെ 'അപരൻ' എന്ന വ്യക്തിയുടെ അസാന്നിദ്ധ്യത്തിൽ തന്നെ അങ്ങനെ ഒരു കഥാപാത്രത്തെ പ്രേക്ഷകർക്ക് മുമ്പിൽ എത്തിക്കാൻ പത്മരാജന് സാധിച്ചു. ഇവരെക്കൂടാതെ അനേകം മികവുറ്റ കഥപാത്രങ്ങൾ കൈകാര്യം ചെയ്യാൻ പത്മരാജന് സാധിച്ചിട്ടുണ്ട്. നെഗറ്റീവ് ആണത്തത്തിൽ പ്രത്യക്ഷപ്പെടുന്ന 'കൂടെവിടെ' (1983) എന്ന സിനിമയിലെ ക്യാപ്റ്റൻ തോമസും (മമ്മൂട്ടി) ശ്രദ്ധേയമാണ്. പരുഷസ്വഭാവമുള്ളവനും വർഗ്ഗീയവാദിയും വിയോജിപ്പുള്ളവനുമായി സിനിമയിലുടനീളം പ്രേക്ഷകനിൽ അയാൾ വെറുപ്പുളവാക്കുന്നു. കരിമൂർഖനെ ഉപയോഗിച്ച് ജ്യേഷ്ഠന്റെ മരണത്തിന് പ്രതികാരം വീട്ടുന്ന 'കരിമ്പിൻ പൂവിനക്കരെ' (1985) എന്ന സിനിമയിലെ ഭദ്രൻ (മോഹൻലാൽ) എന്ന കഥാപാത്രവും മികച്ചതാണ്. താൻ സ്നേഹിച്ച സ്ത്രീയെ വിട്ടുകൊടുത്തുകൊണ്ട് വേദനയോടെ മടങ്ങിപ്പോകുന്ന 'ഇന്നലെ'(1990)യിലെ നരേന്ദ്രൻ (സുരേഷ്ഗോപി) എന്ന കഥാപാത്രം പ്രേക്ഷകരെ വളരെയധികം വേട്ടയാടിയ കഥാപാത്രമാണ്. ഓർമ്മയുടെ പുതിയലോകത്ത് തന്റെ പ്രിയപ്പെട്ടവൾ സന്തോഷവതിയാണെന്നു മനസ്സിലാക്കിയ അയാൾ അവരെ ഇപ്പോൾ അപരിചിതമായ ലോകത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോകാൻ മടിക്കുന്നു. ആണധികാരത്തിൽ അഹങ്കരിച്ച് ജീവിച്ച് ജീവിതത്തിന്റെ അവസാനയാമങ്ങളിൽ ഏകനായി ഒറ്റപ്പെട്ട് കഴിയുന്ന 'കരിമ്പിൻ പൂവിനക്കരെ' (1986) എന്ന സിനിമയിലെ ഹരികൃഷ്ണൻ (മമ്മൂട്ടി), കടൽകൊണ്ടുപോകുന്ന കൊച്ചു മകനുവേണ്ടി തർപ്പണം ചെയ്യുന്ന മൂന്നാംപക്കം (1988) സിനിമയിലെ മുത്തച്ഛൻ, അടിച്ചമർത്തപ്പെട്ട രതികാമനയുടെ സൃഷ്ടിയായ 'ഞാൻ ഗന്ധർവ്വൻ' (1991) സിനിമയിലെ ഗന്ധർവ്വൻ (നിതീഷ് ഭരദ്വാജ്) തുടങ്ങിയ കഥാപാത്രങ്ങളെല്ലാം വ്യത്യസ്തമായ അനുഭവലോകങ്ങൾ മലയാളിക്ക് സമ്മാനിച്ചവരാണ്.

മലയാളികളെ എക്കാലവും കൊതിപ്പിക്കുന്നതും ഭ്രമിപ്പിക്കുന്നതുമാണ് പത്മരാജന്റെ സിനിമകളും കഥാപാത്രങ്ങളും. ഇന്നും മലയാളസിനിമ പരീക്ഷിക്കാൻ മടിക്കുന്ന ആശയങ്ങളും കഥാപരിസരങ്ങളും എൺപതുകളുടെ അവസാന പകുതിയിൽ സൃഷ്ടിക്കാനും അവയിലൂടെ അന്നത്തെ പല വിശ്വാസങ്ങളെയും പൊളിച്ചെഴുതാനും പത്മരാജന്

സാധിച്ചു. നടൻ മോഹൻലാൽ പറഞ്ഞതുപോലെ പത്മരാജൻ ഒരു വൈറസാണ്. തലമുറകളിലേയ്ക്ക്, അവരുടെ സിനിമാസങ്കല്പങ്ങളിലേയ്ക്ക്, പ്രണയത്തിലേയ്ക്ക് നിശബ്ദം പടർന്നു കയറിയ വൈറസ്.

## കുറിപ്പുകൾ

1. *പത്മനാഭൻപിള്ള, പെരുവഴിയമ്പലം, പത്മരാജൻ, 6-8-1979, 0:29:50*
2. *പവിത്രൻ, കള്ളൻ പവിത്രൻ, പത്മരാജൻ, 26-5-1981, 0:13:01*
3. *മേസ്തിരി, ഒരിടത്തൊരു ഫയൽവാൻ, പത്മരാജൻ, 23-5-1981, 1:18:25.*
4. *കണ്ണൻ, ഒരിടത്തൊരു ഫയൽവാൻ, പത്മരാജൻ, 23-5-1981, 1:47:60*
5. *സക്കറിയ,അരപ്പട്ടകെട്ടിയ ഗ്രാമത്തിൽ, പത്മരാജൻ, 1-5-1986, 1:23:00*
6. *ജയകൃഷ്ണൻ, തൂവാനത്തുമ്പികൾ, പത്മരാജൻ, 31-7-1987, 1:08:22.*

## സഹായകഗ്രന്ഥങ്ങൾ

1. *അഭിജിത്ത് പി.എം., 'പത്മരാജൻ ഏറ്റവും മികച്ച പത്തു സിനിമകൾ', സമയം ന്യൂസ്, 24-1-2017*
2. *ആതിര സരാഗ്, 'കഥയുടെ ഗന്ധർവൻ', മനോരമ ഓൺലൈൻ, 23-5-2023*
3. *കരോൾ ത്രേസ്യാമ്മ അബ്രഹാം, 'നിർത്താതെ പെയ്തുകൊണ്ടിരിക്കുന്ന പത്മരാജൻ', ദ ക്യൂ, 23-5-2019.*
4. *സുബിൻ, കെ.സി. 'പത്മരാജനെ ഓർക്കുമ്പോൾ', പുഴ.കോം, 18, 2011.*
5. *സ്വന്തം ലേഖകൻ, 'പത്മരാജൻ പ്രതിഭ പതിഞ്ഞ വാടകയ്ക്ക് ഒരു ഹൃദയം' മടുക്കാത്ത വായനയുടെ അൻപത് വർഷം, വനിത, 27-12-2023.*
6. *റോജിൻ കെ. റോയ്, 'പത്മരാജൻ മലയാള സിനിമയുടെ കാവൽ നക്ഷത്രം, അഴിമുഖം, 24-1-2019.*

# ഗുരുവിന്റെ മന:ശാസ്ത്രവീക്ഷണം അനുകമ്പാദശകത്തിൽ

**ഡോ. സിനി വി**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, ശ്രീനാരായണകോളേജ്, ശിവഗിരി, വർക്കല

**പ്രബന്ധസംഗ്രഹം**

സാമൂഹികനന്മയെയും മാനവപുരോഗതിയെയും ലക്ഷ്യമാക്കി ജീവിതം നയിച്ച മഹാനുഭാവനാണ് ശ്രീനാരായണഗുരു. ആധുനിക മനഃശാസ്ത്രത്തിന്റെ സൈദ്ധാന്തിക സങ്കല്പങ്ങൾ അദ്ദേഹത്തിന്റെ പല കൃതികളിലും വായിച്ചെടുക്കാൻ കഴിയും. മനസിന്റെ ഉപരിഘടനയിലെ ബോധജ്ഞാനാവസ്ഥ എന്ന ആധുനിക സങ്കല്പം അനുകമ്പാദശകം എന്ന കൃതിയിലെ ആദ്യ അഞ്ച് പദ്യങ്ങളിൽ അടയാളപ്പെടുത്തിയിരിക്കുന്നതെങ്ങനെ എന്ന് പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ.

***താക്കോൽവാക്കുകൾ:*** ശുദ്ധബോധം, അതീന്ദ്രീയജ്ഞാനം, മനോവ്യാപാരം, ആത്മസങ്കല്പം.

## ആമുഖം

മലയാളിയുടെ സ്വത്വബോധത്തിന്റെ അതിരുകൾ വിപുലീകരിച്ച ദാർശനികനാണ് ശ്രീനാരായണഗുരു. ക്രിസ്തുവിന്റെ സ്നേഹസ്ഥാപനവും നബിയുടെ സഹോദര്യസ്ഥാപനവും ബുദ്ധന്റെ അഹിംസാസ്ഥാപനവും അതത് കാലഘട്ടങ്ങളുടെ ആവശ്യമായിരുന്നുവെന്നാണ് ഗുരുദേവന്റെ മതം. ഓരോ കാലത്തും സമൂഹത്തിൽ ധർമ്മസ്ഥാപനസംരക്ഷണം സാധ്യമായിരുന്നു. ജാതിയുടെ ഇടുങ്ങിയ ഇടങ്ങളിൽ തളച്ചിടപ്പെട്ട മലയാളിയുടെ സ്വത്വത്തിന് പ്രാദേശികവും ദേശീയവും സാർവദേശീയവുമായ വികാസത്തിന്റെ വിപുലമായ ഇടം ചൂണ്ടിക്കാട്ടി ധർമ്മസ്ഥാപനം നടത്തുകയായിരുന്നു ഗുരുദേവൻ ചെയ്തത്.

സ്വപ്നങ്ങളുടെയോ സങ്കല്പങ്ങളുടെയോ പിന്നാലെ പോകാതെ യാഥാർത്ഥ്യബോധത്തോടെ സമൂഹത്തെ തിരിച്ചറിഞ്ഞ ദാർശനികനാണ് ശ്രീനാരായണഗുരു. ആധ്യാത്മിക ഭൗതികതകളിലെ അമാനവികതയ്ക്കെതിരെ ശക്തമായ നിലപാടുകളും സൗമ്യമായ പ്രതികരണങ്ങളും ആയിരുന്നു ശ്രീനാരായണ ഗുരുവിനെ നയിച്ചത്. സുദൃഢമായ ചിന്താപദ്ധതിയും ദാർശനികമായ മൗലികതയും മഹത്വപൂർണ്ണമായ ജീവിതവും നയിച്ച ഗുരുദേവന് മുന്നിൽ ജാതീയമായ അസമത്വം ഇല്ലാതാക്കുക എന്ന ചിന്ത മാത്രമല്ലായിരുന്നു, മറിച്ച് മൂല്യവും നന്മയും സാധാരണ ജനങ്ങളിലേക്ക് എത്തിക്കുക എന്നതും ആ ജീവിതത്തിന്റെ ലക്ഷ്യമായിരുന്നു.

സുതാര്യവും സ്നേഹത്താൽ പരിലാളിതവും ആയിരുന്നു ശ്രീനാരായണ ഗുരുവിന്റെ ധാർമിക സങ്കല്പങ്ങൾ. കൃത്യമായ ധാർമികതയിലൂടെയും വ്യക്തമായ മൂല്യങ്ങളിലൂടെയും സാമൂഹികപരിഷ്കരണം നടത്തുകയായിരുന്നു ഗുരുദേവൻ ചെയ്തത്. ആധ്യാത്മികതയെയും ഭൗതികതയെയും കൂട്ടിയോജിപ്പിച്ച് ഭൗതികസാഹചര്യങ്ങളിലെ പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരം കാണാൻ ശ്രമിക്കുകയായിരുന്നു ശ്രീനാരായണഗുരു. ഒരേസമയം വിപ്ലവശക്തിയും ധ്യാനശക്തിയും ഗുരുവിന്റെ മുഖമുദ്രകളായിരുന്നു. ഗുരുവിന്റെ ധർമ്മശാസനകൾ സമൂഹത്തിന്റെ ഇരുട്ടകറ്റിയ വെളിച്ചമായിരുന്നു തന്നെയുമല്ല ജനങ്ങൾക്ക് സത്യത്തിന്റെ തിരിച്ചറിവ് പകർന്നു നൽകുന്നതിനുള്ള മാർഗ്ഗവുമായിരുന്നു. ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും സ്പർശിക്കുന്ന സമഗ്രമായ ഗുരുദർശനം ഒരേസമയം ആധ്യാത്മികവും ഭൗതികവുമായിരുന്നു. മതമേതുതന്നെയായാലും മനുഷ്യൻ നന്നാവുക എന്നതായിരുന്നു ഈ ദർശനത്തിന്റെ അടിത്തറ.

ഗുരുവിന്റെ കവിതകൾ മനസ്സിന്റെ നേരെഴുത്തായിരുന്നു. നൈസർഗികമായി സ്വാഭാവികമായി താത്വികവിചാരങ്ങളെ അവതരിപ്പിക്കുക ഏറെ പ്രയാസകരമായ കാവ്യരചനാതന്ത്രമാണ്. ഗുരുദേവന്റെ കൃതികളിൽ ഈ സ്വാഭാവികത ദർശിക്കാനാകും. ദാർശനികകൃതികൾ, പ്രബോധനാത്മകകൃതികൾ, സ്തോത്രകൃതികൾ, പ്രാർത്ഥനാഗീതങ്ങൾ ഇങ്ങനെ സാമൂഹികനന്മയെ ലക്ഷ്യം വച്ച് ധാരാളം കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. പ്രസന്നവും സംസ്കാരസമ്പന്നവുമായ ആധ്യാത്മിക ഭൗതിക ജീവിതത്തിലേക്കുള്ള വഴികാട്ടികളാണ് ഗുരുവിന്റെ കവിതകൾ. ആത്മവിശ്വാസവും സ്വാതന്ത്ര്യബോധവും കാരുണ്യവും സ്നേഹവും പ്രബോധനങ്ങളും ആത്മീയതയും ഒക്കെ നിറഞ്ഞകവിത മാനവികതയുടെ സമ്പൂർണ്ണഭാവം ഉൾക്കൊള്ളുന്നു. ഉത്തമ മൂല്യങ്ങളെയും സദ്ഗുണങ്ങളെയും പ്രാപിക്കാൻ ഉചിതമായ രീതിയിലുള്ള സ്തോത്രകൃതികളുടെ രചനയിലൂടെയാണ് ഗുരു ഒരു കവിയായി മാറുന്നത്. സാമൂഹിക സാമുദായിക വ്യവസ്ഥിതിയിൽ നിലനിന്നിരുന്ന ഈശ്വരസങ്കല്പത്തെപ്പോലും മാറ്റിമറിക്കാൻ പോകുന്നതായിരുന്നു അദ്ദേഹത്തിന്റെ സ്തോത്ര കൃതികൾ. സനാതന സങ്കൽപ്പങ്ങളുടെ ആഴമേറിയ മഹത്ചിന്ത ഈ കവിതകൾ ഉൾക്കൊള്ളുന്നു. ഭൗതികജീവിതത്തെ ധന്യമാക്കാൻ പോകുന്ന ഈശ്വരീയതയാണ് ഗുരു പ്രചരിപ്പിച്ചത് വാക്കിനും മനസ്സിനും ബുദ്ധിക്കും ചൈതന്യം പകരുന്ന ചിന്താഗർഭമായ ആശയങ്ങൾ ഇത്തരം കൃതികളിലൂടെ അദ്ദേഹം അവതരിപ്പിച്ചു. സ്തോത്രകൃതികളിൽ നിന്ന് സാമൂഹിക പ്രതിബദ്ധതയിലേക്കും പുതിയ

പ്രത്യയശാസ്ത്ര സൃഷ്ടിയിലേക്കും തിരിയുന്നത് 1888 ലാണ് എന്ന് പറയാം. കവിയുടെ പുതിയ വഴി ധാർമികതയുടേതായിരുന്നു പാരമ്പര്യത്തെ ആകെ നിഷേധിച്ചു കൊണ്ട് നടത്തിയ പ്രതിഷ്ഠയും തുടർന്ന്

*'ജാതിഭേദം മതദ്വേഷം*
*ഏതുമില്ലാതെ സർവ്വരും*
*സോദരത്വേനവാഴുന്ന*
*മാതൃകാസ്ഥാനമാണിത്'*

എന്ന വരികൾ കേരളത്തിന്റെ അക്കാലത്തെ സാമൂഹികതയെ ആഴത്തിൽ സ്പർശിച്ച ഇടിയൊച്ചയായിരുന്നു. മാനവികതയുടെ സാക്ഷാത്കാരത്തിനായുള്ള ശബ്ദം. സൃഷ്ടിയുടെ നിഗൂഢതയിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഗുരുവിന്റെ കൃതികൾ സമകാലീന വൈകൃതങ്ങളെ നിരാകരിക്കുകയും പുതിയൊരു സാമൂഹികക്രമത്തിന്റെ സൃഷ്ടിക്ക് ആഹ്വാനം നൽകുകയും ചെയ്യുന്നു.

ശ്രീനാരായണ ഗുരുവിന്റെ പ്രബോധനാത്മക കൃതികളുടെ കൂട്ടത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന കൃതിയാണ് അനുകമ്പാദശകം. സാമൂഹികമൂല്യങ്ങളും ധാർമികതയും നിലനിൽക്കുന്ന ഒരു സമൂഹമാണ് ആവശ്യമെന്നും അതിന് അനുകമ്പ, കാരുണ്യം തുടങ്ങിയവ ആചരിക്കണമെന്നും ഉദ്ബോധിപ്പിക്കുകയാണ് ഗുരു. അനിഷ്ടം ചെയ്യുന്നവനെപ്പോലും രൂക്ഷമായ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ നേരിടാത്ത പരമകാരുണികനായിരുന്നു ശ്രീനാരായണഗുരു. ഉപദേശനിർദ്ദേശങ്ങളിലൂടെ മനസ്സുമാറ്റി ശരിയായ പാതയിലൂടെ ആളുകളെ നയിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു

അനുകമ്പാദശകത്തിൽ പത്ത് ശ്ലോകങ്ങളിലായി ഗുരുദേവൻ പറഞ്ഞിരിക്കുന്ന എല്ലാ സദ്ഗുണങ്ങളും മൂല്യങ്ങളും സമകാലിക സാമൂഹിക വ്യവസ്ഥിതിയിൽ ആവശ്യമാണ്. ശരിയായി അറിയാനും അനുവർത്തിക്കാനും ഉചിതമായ മൂല്യങ്ങളാണ് ഉദ്ബോധനാത്മകമായ ഈ കൃതിയിൽ പറഞ്ഞിട്ടുള്ളത്. അനുകമ്പാദശകത്തിന്റെ രചനാവർഷമോ രചനാസാഹചര്യമോ വ്യക്തമായി അറിവായിട്ടില്ല. എന്നാൽ ഏതൊരു കാലത്തും നിലനിൽക്കേണ്ടതും ഏതു മനുഷ്യനും പാലിക്കേണ്ടതുമായ സദ്ഗുണങ്ങളുടെ കലവറയാണ് ഈ ചെറിയ കവിത. പത്തു പദ്യങ്ങളിലൂടെ ലോകത്തിലുള്ള എല്ലാ നന്മയെയും സംഗ്രഹിച്ചു എന്ന് പറയാം. ഗുരുദേവന്റെ മതസമന്വയ സിദ്ധാന്തം ദിവ്യരൂപം പൂണ്ടു നിൽക്കുന്ന ഒരു മനോഹരകൃതിയാണ് അനുകമ്പാദശകം. സർവ്വമതസമ്മേളനമെന്ന ആശയത്തിന് രൂപം കൊടുത്തുകൊണ്ടിരുന്ന കാലത്തോടടുപ്പിച്ച് ആലുവ അദ്വൈതാശ്രമത്തിൽ വച്ച് രചിച്ചതാണെന്ന് ഊഹിക്കുന്നു. അറിവില്ലായ്മ കാരണമാണ് മതഭേദചിന്ത മനുഷ്യനെ വലയ്ക്കുന്നതെന്ന് മനസ്സിലാക്കിയാണ് ഗുരുദേവൻ അനുകമ്പാദശകം രചിച്ചത്.

പദ്യം 1

*'ഒരു പീഡയെറുമ്പിനും വരു*
*ത്തരുതെന്നുള്ളനുകമ്പയും സദാ*
*കരുണാകര ! നൽകുകുള്ളിൽ നിൻ*
*തിരുമെയ് വിട്ടകലാതെ ചിന്തയും.'*

---

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഒരു പീഡയെറുമ്പിനും വരുത്തരുത് എന്ന പ്രാർത്ഥനയോടെ തുടങ്ങുന്ന ഒന്നാം പദ്യത്തിൽ ഭൗതികമായ കെട്ടുപാടുകളിൽ മനസ്സിനെ ബന്ധിച്ച് അന്യദ്രോഹം പരിശീലിച്ചാൽ അത് ആത്മാവാകുന്ന ശുദ്ധബോധത്തെ നശിപ്പിക്കുന്നതിന് കാരണമാകും എന്ന് സൂചിപ്പിക്കുന്നു. മറ്റുള്ളവരിൽ പ്രകടമാകുന്ന കാരുണ്യം തന്നിൽതന്നെ പ്രകടമാകുന്ന കാരുണ്യമാണ്. അതിനാൽ തന്നെ അന്യനെ ദ്രോഹിക്കുന്നത് സ്വന്തം ആത്മാവിനെ ദ്രോഹിക്കുന്നതിന് സമമാണ്. അതിനാൽ പ്രാപഞ്ചികസങ്കല്പങ്ങളെ ക്രമേണ അകറ്റി താൻ ജഡശരീരമല്ലെന്നും ശുദ്ധബോധമായ ആത്മാവ് അനുകമ്പാഭരിതമാകണമെന്നും ഗുരു പ്രാർത്ഥിക്കുന്നു.

പദ്യം 2

*'അരുളാൽ വരുമിമ്പമൻപക*
*ന്നൊരു നെഞ്ചാൽ വരുമല്ലലൊക്കെയും*
*ഇരുളൻപിനെ മാറ്റുമല്ലലിൻ*
*കരുവാകും കുരുവാമിതേതിനും'*

ജ്ഞാനം സുഖത്തെയും അജ്ഞാനം ദുഃഖത്തെയും പ്രദാനം ചെയ്യുന്നു. ശുദ്ധബോധമായ ആത്മാവാണ് സത്യം എന്ന് തിരിച്ചറിയാതിരിക്കുന്നവരിൽ അജ്ഞാനം മാത്രമേ ഉണ്ടാവുകയുള്ളൂ. സമഭാവനയും സൗഹൃദവുമുള്ള ഹൃദയത്തിൽ ശാന്തിയും സമാധാനവും ജ്ഞാനവും ഉണ്ടാകുമെന്ന് ഗുരു പറയുന്നു. സമഭാവനയും സൗഹൃദവുമില്ലാത്ത ഹൃദയം എല്ലാത്തരം ദുഃഖങ്ങളും വിളിച്ചുവരുത്തും. അജ്ഞത മനുഷ്യമനസ്സിനെ കലുഷിതമാക്കുകയും വിദ്വേഷം നിറഞ്ഞതാക്കുകയും ചെയ്യും. അതിനാൽ സ്വാർത്ഥവിചാരമില്ലാതെ ജ്ഞാനികളായിത്തീരാൻ ഗുരു ഉപദേശിക്കുന്നു. അറിവുള്ളവൻ തെറ്റുകളിലേക്ക് നീങ്ങുകയില്ല. അജ്ഞാനിയാകുന്ന മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുന്ന ഭൗതികമായ ജയപരാജയങ്ങൾ അയാൾക്ക് ആപത്തായിതീരും. ജയിക്കുന്നവൻ അഹങ്കാരിയും പരാജിതൻ പ്രതികാരബുദ്ധിയുമായിത്തീരുന്നു. മനസ്സിന്റെ ഈ അവസ്ഥ ഏത് സമയവും ആപത്തായിത്തീരാം. സത്യമറിയുന്ന ജ്ഞാനിയാകട്ടെ തന്നെ ദ്രോഹിക്കുന്നവരിൽപോലും കാരുണ്യവും സ്നേഹവും ചൊരിയുന്നു അതു കൊണ്ട് ജ്ഞാനി തനിക്കോ ലോകത്തിനോ ഒരിക്കലും ആപത്തുണ്ടാക്കുന്നില്ല. പരമമായസത്യം ഉൾക്കൊണ്ട ജ്ഞാനിക്ക് ഈ ലോകം ആനന്ദാത്മകമാണ് അജ്ഞാനിയ്ക്കാകട്ടെ ദു:ഖമയവും. പ്രാപഞ്ചികബോധത്തിനപ്പുറവും ശുദ്ധബോധം കൈവരിക്കുന്ന ഒരാളിനു മാത്രമേ കാരുണ്യവാനാകാൻ കഴിയുകയുള്ളൂ.

പദ്യം 3

*'അരുളൻപനുകമ്പ മൂന്നിനും*
*പൊരുളൊന്നാണിതു ജീവതാരകം*
*'അരുളുള്ളവനാണു ജീവി' യെ*
*ന്നുരുവിട്ടീടുകയീനവാക്ഷരി'*

ജ്ഞാനം, സ്നേഹം, അനുകമ്പ എന്നിവ മൂന്നിനും ആശ്രയമായ വസ്തു ഒന്നുതന്നെയാണ്. അതിനെ കണ്ടെത്താനായാൽ ഈ ലോകത്ത് അനുഭവിക്കേണ്ടതായി വരുന്ന എല്ലാ ദുഃഖങ്ങളും ഇല്ലാതാകുമെന്ന് ഗുരു പറയുന്നു. ഏതൊരുവനിലെയും ജഡത്വം ഇല്ലാതായി അവൻ ജീവിയായി മാറുന്നത് ജ്ഞാനിയാകുമ്പോൾ മാത്രമാണ്. ശരിയായ സത്യം ജ്ഞാനം ശുദ്ധബോധത്തിലൂടെ ആർജിക്കുമ്പോൾ മാത്രമാണ് അവൻ ജീവിക്കുന്നത്. സത്യം അറിയാതിരിക്കുന്നതാണ് യഥാർത്ഥ മരണം എന്ന് ഗുരു പറയുന്നു. ശരിയായ ബോധസത്യത്തെ അറിയുന്നതിലൂടെ അതാണ് ജ്ഞാനമെന്ന തിരിച്ചറിവുണ്ടാവുകയും ചെയ്യുമ്പോൾ മാത്രമാണ് ഒരുവൻ അരുളുള്ളവനായി മാറുന്നത്. ഒരുവനിലുള്ള ഈശ്വരാംശം തന്നെയാണ് അരുളിനും അനുകമ്പയ്ക്കും അൻപിനും കാരണമാകുന്നതെന്ന് ഗുരുദേവൻ പറയുന്നു .

പദ്യം 4

*'അരുളില്ലയതെങ്കിലസ്ഥി തോൽ*
*സിര നാറുന്നൊരുടമ്പു താനവൻ*
*മരുവിൽ പ്രവഹിക്കുമംബുവാ*
*പ്പുരുഷൻ നിഷ്ഫല ഗന്ധപുഷ്പമാം'*

ഒരുവൻ താനും ഈ ലോകവും വേർതിരിച്ചു നിർത്താൻ കഴിയാത്ത അദ്വൈതഭാവമാണെന്ന് അദ്വൈതസത്യമാണെന്ന് അറിയാത്തപക്ഷം അയാളുടെ ജീവിതം തികച്ചും നിഷ്ഫലമായി തീരും. അതായത് ഒരാൾ തന്റെ ശുദ്ധബോധത്തെ തിരിച്ചറിയാതിരുന്നാൽ അവന് കാരുണ്യവാനോ അനുകമ്പാശീലനോ ആകാൻ കഴിയുന്നില്ല. കരുണയും അനുകമ്പയും ഇല്ലാത്ത മനുഷ്യൻ തൊലി, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ഏഴ് മലങ്ങളെക്കൊണ്ട് നിർമ്മിച്ച ദുർഗന്ധം വമിക്കുന്ന ദേഹം മാത്രമായി കരുതപ്പെടും. അവന്റെ ജീവിതം മരുഭൂമിയിലെ ജലം പോലെയും ഫലമോ ഗന്ധമോ ഇല്ലാത്ത പൂവ് പോലെയും നിഷ്പ്രയോജനമാണ്.

പദ്യം 5

*'വരുമാറുവിധം വികാരവും*
*വരുമാറില്ലറിവിന്നിതിന്നുനേർ;*
*ഉരുവാമുടൽ വിട്ടു കീർത്തിയാ*
*മുരുവാർന്നിങ്ങനുകമ്പ നിന്നിടും'*

ബുദ്ധിയുള്ള മനുഷ്യൻ ആദ്യമേ ജഡബോധങ്ങളെ വേർതിരിച്ച് വിശകലനം ചെയ്ത് അറിയേണ്ടതാണ്. അങ്ങനെ ചെയ്യുന്ന ഒരാൾക്ക് ബോധസത്യം തെളിയുകയും ദേഹപാതത്തിന് ശേഷവും ആ ജീവിതം ധന്യതയോടെ വിളങ്ങുകയും ചെയ്യും. ജനിക്കുക, ഉണ്ടായിരിക്കുക, വർദ്ധിക്കുക, പരിണമിക്കുക, ക്ഷയിക്കുക, നശിക്കുക എന്നിങ്ങനെ ജഡത്തിനു സംഭവിക്കുന്ന ആറുതരം മാറ്റങ്ങളും സത്യസ്വരൂപമായ ബോധത്തിന് ഒരിക്കലും സംഭവിക്കുന്നില്ല. ഈ ലോകത്ത് മാറ്റമില്ലാതെ നിലനിൽക്കുന്നത് പരമമായ സത്യം മാത്രമാണെന്നും മാറ്റത്തിനു വിധേയമാകുന്നത് അസത്യമാണെന്നും ഗുരു സ്ഥാപിക്കുന്നു.

## മനഃശാസ്ത്രവീക്ഷണം

നവോത്ഥാനത്തിന്റെ ഉജ്ജ്വലമായ പാരമ്പര്യത്തെ തുടർന്ന് കേരളം കൈവരിച്ച സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിയിൽ ഇന്ന് വിള്ളൽ വീണിരിക്കുന്നു. ഒരുകാലത്ത് സാമൂഹിക പരിഷ്കരണ മുന്നേറ്റങ്ങളിലൂടെയും സാമ്രാജ്യത്വവിരുദ്ധ സമരങ്ങളിലൂടെയും കേരളീയജനത കൈവരിച്ച ഐക്യവും ദേശീയബോധവും ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നു. മനുഷ്യപുരോഗതിക്കും മുന്നേറ്റത്തിനും തടസ്സമായിരുന്ന ജീർണ്ണതകളെ വലിച്ചെറിയാൻ മുമ്പ് കേരളീയർക്ക് കഴിഞ്ഞിരുന്നു. എന്നാൽ അത്തരം ജീർണ്ണവിശ്വാസങ്ങൾ ഇന്ന് ഏറെ കരുത്തോടെ നമ്മുടെ സമൂഹത്തിൽ ആധിപത്യം ചെലുത്തുന്നു. ജനങ്ങൾക്കിടയിൽ സുതാര്യതയ്ക്ക് പകരം അതാര്യമായ അവസ്ഥ സംജാതമായിരിക്കുന്നു. ഇത്തരം സാഹചര്യത്തിലാണ് ഗുരുദേവകൃതികൾ പ്രസക്ത മാകുന്നത്. ഗുരുദേവൻ തന്നെ സൂചിപ്പിക്കുന്നത് പോലെ താനൊരു മഹാൻ ആയതു കൊണ്ടല്ല കാലഘട്ടത്തിന്റെ ആവശ്യം നിറവേറ്റാൻ തന്നാലാകുന്നതു പോലെ ശ്രമിക്കുന്നു വെന്ന് മാത്രം. ഓരോ കാലത്തും ഇത്തരം സാമൂഹിക സാഹചര്യങ്ങളെ നേരിടാൻ പരമ കാരുണികർ ജന്മം കൊള്ളാറുണ്ട്. അതില്ലാത്തപക്ഷം അവർ ഇവിടെ നൽകിയിട്ടുപോയ ആശയാദർശങ്ങളെ നാം പുനർചിന്തനം ചെയ്യേണ്ടതുണ്ട്.

അനുകമ്പാദശകത്തിലെ ഓരോ പദ്യത്തിലും ഒരു മനഃശാസ്ത്രജ്ഞന്റെ വീക്ഷണവും ചലനവും നമുക്ക് കാണാനാകും. പ്രത്യേകിച്ചും ആദ്യത്തെ അഞ്ച് പദ്യങ്ങളിൽ വ്യക്തമായ മനഃശാസ്ത്ര വിശകലനമാണ് സംഭവിക്കുന്നത്. മാനസിക വ്യാപാരങ്ങളെയും ആ മാനസിക വ്യാപാരം സൃഷ്ടിക്കുന്ന പുതിയ തലങ്ങളെയും കണ്ടെത്തുമ്പോൾ മാത്രമാണ് മനുഷ്യന് സത്യത്തിൽ എത്താൻ കഴിയുക എന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.

"Psychology is the study of behaviour' എന്ന ഏറ്റവും ലളിതമായ നിർവചനം ഈ കൃതിയിലെ ഓരോ പദ്യത്തിന്റെയും അപഗ്രഥനത്തിൽ വ്യക്തമാകും. മനുഷ്യന് ശരിയായ ജ്ഞാനം ലഭിക്കുന്നത് ശുദ്ധ ബോധപ്രാപ്തി ഉണ്ടാകുമ്പോൾ മാത്രമാണ് എന്ന് ഗുരുദേവൻ പറയുന്നു. ഇവിടെയാണ് ആധുനിക മനഃശാസ്ത്ര സമീപനങ്ങളിലേക്ക് ശ്രദ്ധ വയ്ക്കേണ്ടത്. ആധുനിക മനഃശാസ്ത്രജ്ഞൻ പറയുന്ന super consciousness തന്നെയാണ് അതീന്ദ്രിയജ്ഞാനം (ശുദ്ധബോധം).

'Soul is the superconsciousness' എന്ന് വാദിക്കുന്ന ആധുനിക മനഃശാസ്ത്രജ്ഞരുടെ വീക്ഷണം തന്നെയാണ് ഒരു നൂറ്റാണ്ട് മുൻപ് ഗുരുദേവൻ പ്രസ്താവിച്ചത്.

'Human beings are developed as spiritual causes through super consciousness'. എന്നുള്ള മനഃശാസ്ത്ര സമീപനം തന്നെയാണ് ഗുരുദേവൻ നിർദ്ദേശിച്ച ശുദ്ധബോധ സമീപനം. ഭൗതികമായ പ്രപഞ്ചാനുഭവത്തിൽ നിന്ന് മുക്തനായി ശരിയായ ജ്ഞാനം സിദ്ധിക്കുന്നവൻ പരമമായ ശുദ്ധബോധത്തിൽ എത്തുന്നു. ഈ ശുദ്ധബോധം തന്നെയാണ് ആത്മാവ്. ആ ആത്മാവിനെ അറിയുന്നവൻ ജ്ഞാനി ആവുകയും ആത്മാവിനെ തിരിച്ചറിയുകയും ചെയ്യുന്നു. ഈ പരസ്പര ബോധം കൃത്യമായ അന്വേഷണത്തിനും മൂല്യബോധത്തിനും കാരണമാവുകയും സ്വാർത്ഥത വെടിഞ്ഞ് ലോകനന്മയായി മാറാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഇപ്രകാരം ചിന്തിക്കുമ്പോൾ കൃത്യമായ മനോവ്യാപാര വിശകലനം തന്നെയാണ് അനുകമ്പാദശകത്തിലുടനീളം കാണാനാകുന്നത്. ലോകത്ത് ഏറ്റവും ജാഗ്രത്തായിരിക്കുന്നവൻ തന്റെ മാനസികവൃത്തികളിൽ ശ്രദ്ധാലുമായിരിക്കും. അപ്രകാരം മനോവ്യാപാരം അതീന്ദ്രീയമായ ഒരു വിചാരധാരയിൽ എത്തിക്കുന്നവൻ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും എന്ന സങ്കല്പം തന്നെയാണ് ഈ കൃതിയിൽ നമുക്ക് കാണാനാകുന്നത്.

മനോവ്യാപാരത്തിൽ നിന്ന് രൂപപ്പെടുത്തുന്ന സങ്കല്പങ്ങളാണ് ഒരാളെ നയിക്കുന്നത് ഇത്തരം മനോവ്യാപാരങ്ങളാണ് ഓരോ പദ്യത്തിലും ശ്രീനാരായണഗുരു അവതരിപ്പിക്കുന്നത്. മനോവ്യാപാരങ്ങളിലൂടെ രൂപപ്പെടുത്തിയെടുക്കുന്ന ജ്ഞാനവും ആത്മസങ്കല്പവും ആണ് ഒരുവനിൽ ശ്രേഷ്ഠമായ സങ്കല്പങ്ങൾ വളർത്തുന്നത്. ആദ്യത്തെ അഞ്ച് പദ്യങ്ങളിലും ഇത്തരത്തിൽ മനഃശാസ്ത്രവിശകലനം സാധ്യമാണ്. മാനസിക വ്യാപാരവും മാനസികവൃത്തികളും കൃത്യമായി അപഗ്രഥിക്കുന്ന പദ്യങ്ങളാണ് ഈ കൃതിയിലുള്ളത്. ഇപ്രകാരം അപഗ്രഥിച്ച് മനസിന്റെ ഏറ്റവും ഉന്നതവ്യാപാരത്തിലൂടെ പരമമായ ജ്ഞാനത്തിലെത്തുന്നു. ഈ ജ്ഞാനമാണ് യഥാർത്ഥ ശുദ്ധബോധം പ്രദാനം ചെയ്യുന്നത്. അപ്പോൾ ഏതു രീതിയിലും മൂല്യവാനായി മാറാൻ സഹായിക്കുന്നത് ഇത്തരം മനോവൃത്തികളാണ്. ആധുനിക മനഃശാസ്ത്ര ചിന്തകന്മാർ super consciousness എന്ന് വിളിക്കുന്ന ഉപരിമേഖലയിലെ മനോവൃത്തിയാണ് ഗുരുദേവനും അവതരിപ്പിക്കുന്നത്. മനഃശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലൂടെ വായിക്കാവുന്ന ഒരു കൃതിയാണ് അനുകമ്പാദശകം എന്ന കാര്യത്തിൽ സംശയമില്ല. ആധുനിക സങ്കല്പമനുസരിച്ച് മനശാസ്ത്രം എപ്രകാരം ഒരു വ്യക്തിയെ നിർണ്ണയിക്കുന്നുവോ അപ്രകാരം തന്നെയുള്ള വ്യക്തിനിർണയമാണ് ഗുരുദേവനും നടത്തിയിരിക്കുന്നത്. ആരിലാണോ പെരുമാറ്റനവീകരണം ആവശ്യമായി വരുന്നത് അവനിൽ മാനസികവ്യാപാരവും അപഗ്രഥനവും ശക്തമായിരിക്കണം. അത്തരത്തിൽ ആർക്കാണോ മാനസികപരിവർത്തനം ആവശ്യമായിട്ടുള്ളത് അവരെ തന്നെയാണ് ഗുരുദേവനും അനുകമ്പാദശകത്തിലൂടെ സമീപിച്ചത്.

## ഗ്രന്ഥസൂചി

1. *എഡ്വേർഡ് സനഗിൽ, മോഡേൺ ഫിലോസോഫിക്കൽ തിയറീസ്, മാക്മില്ലൻ.*
2. *ചന്ദ്രബാബു, എം. പ്രൊഫ., ഗുരു, ഗുരുകുലം പബ്ലിഷേഴ്സ്, 2010*
3. *ബാലകൃഷ്ണൻ നായർ, ജി, ശ്രീനാരായണഗുരുദേവ കൃതികൾ വ്യാഖ്യാനം കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1995.*
4. *നിത്യചൈതന്യയതി, ഭാരതീയ മനഃശാസ്ത്രത്തിന് ഒരു ആമുഖം, കറന്റ് ബുക്സ്, 2000.*
5. *ശ്രീനാരായണഗുരു, തത്വാവബോധം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈന്റിഫിക് ഹെറിറ്റേജ്.*

# മലയാള ചെറുകഥയിലെ പോസ്റ്റ്ഹ്യൂമനിസ്റ്റ് പ്രവണതകൾ

**നൂറ വി.**
അസിസ്റ്റന്റ് പ്രൊഫസർ, ഫറൂഖ് കോളെജ്, കോഴിക്കോട്

## പ്രബന്ധസംഗ്രഹം

മനുഷ്യനെപ്പറ്റിയും അവനുൾക്കൊള്ളുന്ന പ്രപഞ്ചാസ്തിത്വത്തെപ്പറ്റിയുമുള്ള ഏറ്റവും പുതിയ ആലോചനാവഴിയാണ് പോസ്റ്റ്ഹ്യൂമനിസം. ഹ്യൂമനിസത്തിന്റെ മനുഷ്യകേന്ദ്രിതയുക്തിയെ ചോദ്യംചെയ്യുകയും അപനിർമിക്കുകയുമാണ് പോസ്റ്റ്ഹ്യൂമനിസം. മനുഷ്യനും പ്രകൃതിയും ചേർന്ന് നിർമിച്ചെടുക്കുന്ന, നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു ജൈവികസംയുക്തമാണ് മനുഷ്യൻ എന്ന തിരിച്ചറിവാണ് അതിന്റെ കാതൽ. അതേസമയംതന്നെ, നിയന്ത്രണാതീതമായി അതിവേഗം പരിണമിക്കുന്ന പുതിയ ലോകത്തെ ച്ചൊല്ലിയുള്ള ആശങ്കകളും, സാങ്കേതികവിദ്യ സൃഷ്ടിക്കുന്ന നവീനപ്രതിസന്ധികളും ഈ ദാർശനികപ്രതലത്തിൽ ഉൾച്ചേരുന്നു. പോസ്റ്റ്ഹ്യൂമനിസം എന്ന ചിന്താപദ്ധതി മലയാളസാഹിത്യത്തിലും പ്രതിഫലിക്കുന്നുണ്ട്. മാറുന്നലോകത്തിന്റെ പ്രതിനിധാനങ്ങൾ എന്ന നിലക്ക് സാഹിത്യത്തിന് അതിൽനിന്നും മാറിനിൽക്കാൻ ആവില്ല എന്നും വേണമെങ്കിൽ പറയാം. മലയാളകഥകളുടെ വൈവിധ്യപൂർണമായ ലോകത്തെ പോസ്റ്റ്ഹ്യൂമനിസം എങ്ങനെ സ്വാധീനിക്കുന്നു എന്നാണ് 'മലയാള ചെറുകഥയിലെ പോസ്റ്റ്ഹ്യൂമനിസ്റ്റ് പ്രവണതകൾ' എന്ന ഈ പ്രബന്ധം അന്വേഷിക്കുന്നത്. പോസ്റ്റ്ഹ്യൂമനിസത്തിന്റെ എല്ലാ അന്വേഷണമേഖലകളും ഒരൊറ്റ പ്രബന്ധത്തിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുകയില്ല എന്നതിനാൽ പ്രാഥമികമായ ഒരു വിശകലനമാണ് ഈ പ്രബന്ധത്തിലൂടെ സാധ്യമാക്കുന്നത്.

***താക്കോൽവാക്കുകൾ:*** പോസ്റ്റ്ഹ്യൂമനിസം, ആന്ത്രോപോസീൻ, മലയാളചെറുകഥ

പോസ്റ്റ്ഹ്യൂമനിസം നവകാലത്തിന്റെ ചിന്താപദ്ധതിയെന്ന നിലയിൽ ലോകമാകെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ശാസ്ത്രം, സാങ്കേതികവിദ്യ, ദേശരാഷ്ട്രങ്ങൾ, അധികാരം, വിപണി, നൈതികത തുടങ്ങി മനുഷ്യനെ സംബന്ധിച്ചുള്ള ആലോചനകളുടെ ദാർശനിക പ്രതലമായി പോസ്റ്റ് ഹ്യൂമനിസം മാറുന്നു. ആന്ത്രോപൊസീൻ യുഗത്തിന്റെ പരിണിതികളിലാണ് പോസ്റ്റ് ഹ്യൂമനിസത്തിന്റെ തുടക്കമെന്ന് കാണാം. പോസ്റ്റ് ആന്ത്രോ പൊസീൻ ചിന്തകളോട് ഇഴചേർന്ന് തന്നെയാണ് പോസ്റ്റ് ഹ്യൂമനിസത്തിന്റെ നിൽപ്പും. മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിന് അനുചിതമായ പ്രകൃതി പശ്ചാത്തലമുണ്ടായിരുന്ന ഹോളോസീൻ എന്ന ഭൗമകാലഘട്ടം അവസാനിച്ചുവെന്നും നാമിപ്പോൾ തന്നെ ആന്ത്രോപൊസീൻ യുഗത്തിലെത്തിച്ചേർന്നിട്ടുണ്ടെന്നും ശാസ്ത്രജ്ഞൻമാരായ യൂജിൻ സ്ട്രോമറും പോൾ ക്രൂറ്റ്സണും ഒരുമിച്ച് പ്രഖ്യാപിക്കുന്നു (യൂജിൻ സ്ട്രോമർ പോൾ ക്രൂറ്റ്സണ്, 'ദി ആന്ത്രോപോസീൻ') ഭൂമിയിലെ എന്തിനേയും തകിടംമറിക്കാൻ പ്രാപ്തിയുള്ള ഭൗമശക്തിയായി മനുഷ്യവംശം മാറിയിരിക്കുന്നു എന്ന് 'ദ ആന്ത്രോപൊസീൻ' എന്ന ലേഖനത്തിൽ അവർ നിരീക്ഷിക്കുന്നുണ്ട്. ഇവരുടെ എന്തിനേയും എന്ന പ്രയോഗത്തിൽ തീർച്ചയായും തങ്ങളെത്തന്നെയും എന്ന അർത്ഥം ഉൾച്ചേർന്നിട്ടുണ്ട്. മനുഷ്യൻ എന്ന പദത്തിന്റെ സമൂലാർത്ഥത്തെ തന്നെ തകിടംമറിക്കുന്ന യന്ത്രമനുഷ്യസംയുക്തത്തിലേക്കാണ് മനുഷ്യവംശത്തിന്റെ കുതിപ്പ്. കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, മഹാവ്യാധികൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിലാണ് ഈ കുതിപ്പെന്ന് മാത്രം. ആന്ത്രോപൊസീൻ അതിന്റെ തന്നെ അന്ത്യത്തെ അതിദ്രുതം നിർമിച്ചെടുക്കയാണെന്നമട്ടിൽ കോവിഡ് സർവനാശം വിതച്ച് കടന്നുപോവുകയും വരാനിരിക്കുന്ന ജൈവാണുരോഗങ്ങളെക്കുറിച്ചുള്ള ഭീതി സ്ഥായിയായി നിൽക്കുകയും ചെയ്യുന്നു. ഈ അവസ്ഥയാണ് നമ്മളിപ്പോൾ പോസ്റ്റ് ആന്ത്രോപൊസീൻ യുഗത്തിലാണെന്ന സംശയമുണ്ടാക്കുന്നത്. ഈ സവിശേഷ ഭൗമസന്ദർഭത്തിനോടുള്ള മനുഷ്യന്റെ ദാർശനികസംവാദങ്ങളാണ് പോസ്റ്റ്ഹ്യൂമനിസം. അതൊരു umbrella term ആണ്. ഒരു വിശാലസംജ്ഞ. വളർന്നുകൊണ്ടിരിക്കുന്ന, ഇനിയും അതിരുകൾ ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്ത ആലോചനാസമ്പ്രദായം.

'ചുറ്റുപാടുകളോട് വച്ചു പുലർത്തുന്ന വൈരുദ്ധ്യാത്മക ബന്ധത്തിൽ ഹ്യൂമനിസ്റ്റുകൾ തങ്ങളെ സവിശേഷ ജീവിവർഗ്ഗമായി കാണുന്നു. എന്നാൽ മാനവാനന്തരവാദമാകട്ടെ തങ്ങളെ വിശാല സാങ്കേതികലോകത്തെ ഒരസ്ഥിത്വമായി പരിഗണിക്കുന്നു' എന്ന് ദ പോസ്റ്റ് ഹ്യൂമൻ മാനിഫെസ്റ്റോയിൽ റോബർട്ട് പെപ്പറെൽ പറയുന്നു. പ്രപഞ്ചകേന്ദ്രത്തിൽ തന്നെത്തന്നെ പ്രതിഷ്ഠിച്ചിരുന്ന ആധുനികതയുടെ മനുഷ്യൻ പരിണാമത്തിനു വിധേയമാവുകയാണ്. മനുഷ്യനെന്ന സങ്കല്പത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളെ പുനർനിർണയിക്കാൻ നിർബ്ബന്ധിതരാകുന്ന വിധം കോവിഡ് പോലെയുള്ള ജീവാണു നിർമിത രോഗങ്ങളുടെ വ്യാപനം, അവ വിപണിയിലും സാമൂഹ്യജീവിതത്തിലും സൃഷ്ടിച്ച അരക്ഷിതാവസ്ഥയും ഭീതിയും മനുഷ്യനെ തന്നെത്തന്നെ പുനർസങ്കല്പിക്കാൻ പ്രേരിപ്പിക്കുകയാണ്. സചേതനവും അചേതനവുമായ വസ്തുപ്രപഞ്ചത്തിൽ വളർച്ച പൂർണ്ണമാകാത്ത, പരിണമിച്ചുകൊണ്ടിരിക്കുന്ന, ബലദൗർബല്യങ്ങളുള്ള ഒരു ജീവി മാത്രമാണ് താനെന്ന തിരിച്ചറിവ് പോസ്റ്റ് ഹ്യൂമനിസ്റ്റ് ചിന്തകർക്കുണ്ട്. ആ ബോധം

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

തങ്ങളുടെ മേൽപ്പരിമിതിയെ ദാർശനികമായും ജീവശാസ്ത്രപരമായും സാങ്കേതികമായും അതിലംഘിക്കാൻ മാനവാനന്തരകാല മനുഷ്യനെ പ്രേരിപ്പിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യകാലമായേപ്പോഴേക്കും സ്വാതന്ത്ര്യം ലഭിച്ച രാഷ്ട്രങ്ങളുടെ സുസ്ഥിരജീവിതത്തെ കുറിച്ചുണ്ടായിരുന്ന പ്രതീക്ഷകളുടെ തകർച്ച, വിവരസാങ്കേതികവിദ്യാകാലത്തെ ഡിജിറ്റൽ വിടവ്, സാങ്കേതികവിദ്യ മർദ്ദനോപാധിയായും സർവയലൻസ് ഉപാധിയായും മാറുന്ന കാഴ്ച, അനിയന്ത്രിതമായ പ്രകൃതിദുരന്തങ്ങളുടെയും പകർച്ചവ്യാധികളുടെയും ആവർത്തനം, മനുഷ്യ ലോകത്തിന്റെയും വസ്തുലോകത്തിന്റെയും ഇടയിലെ മാറുന്ന അടിമ ഉടമ ബന്ധങ്ങൾ, യന്ത്രസംയുക്തമായി മാറുന്ന മനുഷ്യനെ ചൊല്ലിയുള്ള ഭയവും പ്രതീക്ഷകളും, കൃത്രിമ ബുദ്ധിയുടെ കുതിപ്പ്, പിറകെ വരുന്ന ആശങ്കകൾ, വിവര സാങ്കേതികവിദ്യ നിർമിച്ചെടുത്ത നവഅധികാര വ്യവസ്ഥിതി തുടങ്ങിയവയെല്ലാം പോസ്റ്റ് ഹ്യൂമനിസത്തിന്റെ ദാർശനിക സമസ്യക്ക് കീഴിൽ വരുന്നു. ഉല്പാദനം, വിപണി, അധികാരം, ബന്ധങ്ങൾ തുടങ്ങിയവയെല്ലാം പോസ്റ്റ് ഹ്യൂമനിസ്റ്റ് ഭാവനയെ സ്വാധീനി ക്കുന്നു.

പോസ്റ്റുഹ്യൂമനിസത്തിന്റെ അടിസ്ഥാന സന്ദേഹങ്ങളും അന്വേഷണങ്ങളുമെല്ലാം സാഹിത്യത്തിലും കലയിലും പ്രത്യക്ഷമാകുന്നു. ഒരു സാഹിത്യസിദ്ധാന്തം എന്ന നിലയിൽ പൂർണമായും രൂപപ്പെട്ടു വന്നിട്ടില്ല എന്ന പരിമിതി ഇതിനുണ്ടെങ്കിലും പുതുകാല സാഹിത്യത്തെ പഠനവിധേയമാക്കാൻ ഏറ്റവും പുതിയ ആലോചനാവഴി എന്ന നിലക്ക് പോസ്റ്റ് ഹ്യൂമനിസത്തെ ഉപയോഗപ്പെടുത്താം.

കഥ മനുഷ്യജീവിതത്തിന്റെ സൂക്ഷ്മാംശങ്ങൾ ഒപ്പിയെടുക്കുന്ന സാഹിത്യരൂപമാണ്. കഥപറയലിന്റെയും എഴുത്തിന്റെയും സുദീർഘമായ ചരിത്രമുണ്ട് മനുഷ്യന്. അവൻ കടന്നുവരുന്ന ആന്തരികവും ബാഹ്യവുമായ പരിണാമങ്ങളും പരിതഃസ്ഥിതികളുമെല്ലാം കഥയിൽ പ്രതിഫലിക്കുന്നു. രൂപത്തിലും ഉള്ളടക്കത്തിലും ഭാവനയുടെ പ്രയോഗത്തി ലുമെല്ലാം കാലം, ദേശം, ഭാവി, ചരിത്രം തുടങ്ങിയവ സ്വാധീനം ചെലുത്തുന്നു. അതിനാൽ പോസ്റ്റ്ഹ്യൂമൻ കാലത്തെ കഥകൾ പോസ്റ്റ്ഹ്യൂമൻ മനുഷ്യനെ പ്രതിനിധീകരിക്കുന്നു. എന്നാൽ മനപ്പൂർവ്വമായ സിദ്ധാന്തപ്രയോഗത്തിന്റെ സ്വാധീനതകളിലൂടെയല്ല സ്വാഭാവിക മായ ഒഴുക്കായിട്ടാണ് പോസ്റ്റ്ഹ്യൂമനിസം മലയാളകഥയിൽ കടന്നുവരുന്നത് എന്ന് പ്രാഥമികമായി നിരീക്ഷിക്കാനാവും.

വിവരസാങ്കേതികവിദ്യ മനുഷ്യജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്നത് പോസ്റ്റ്ഹ്യൂമനിസത്തിന്റെ പ്രധാനചിന്താമണ്ഡലമാണ്. മലയാളസാഹിത്യത്തിന്റെ ആദ്യ കാല സാഹിത്യാന്വേഷണങ്ങളിൽ പ്രകൃതി, യന്ത്രം എന്നീ ദ്വന്ദ്വങ്ങളിൽ നിന്നുകൊണ്ടാണ തിനെ വീക്ഷിച്ചിരുന്നത്. പ്രകൃതിയുടെയും യന്ത്രത്തിന്റെയും അതിരുകൾ കൃത്യമായി നിർണയിക്കപ്പെട്ടിരുന്നു. പരസ്പരം ബന്ധപ്പെടാൻ സാധിക്കാത്ത, പരസ്പരം പോരടി ക്കുന്ന സമാന്തരവരകളായിരുന്നു അവ രണ്ടും. ഒരു പക്ഷെ ഹ്യൂമനിസത്തിന്റെ മനുഷ്യ കേന്ദ്രിതസ്വഭാവത്തിനുണ്ടാകുന്ന തകർച്ചയുടെ പ്രതിഫലനമായിരിക്കണം ഇത്തരം ചിന്തകൾ. പി. സുരേന്ദ്രൻ 1994 ൽ എഴുതിയ 'ബർമുഡ' എന്ന കഥ ഉദാഹരണമായെടുക്കാം. ബർമുഡ ഒരു സാങ്കല്പികസ്ഥലിയാണ്. ഭൂമിയുടേതിന് നേർവിപരീതമെന്നു പറയാവുന്ന

ഒന്ന്. പ്രകൃതിമനോഹരമായ ഭൂമിയിൽനിന്നു കഥയിലെ നായകനും നായികയും ബർമുഡയിലേക്കെത്തുകയാണ്. വേഗതയാണ് അവിടുത്തെ മതം. ആ പുതുലോകത്തിന്റെ അന്യതാബോധവും ദയയും അനാഥത്വവുമൊക്കെ നായികയെ പിടികൂടുന്നു. അവൾ പായൽമൂടിയ കുളക്കരയിലെ നാട്ടുമാവിൽ നിന്ന് പഴുത്ത മാങ്ങ വെള്ളത്തിൽ കുതിർന്നു വീഴുന്ന ശബ്ദം കേൾക്കുന്നു. 'അതുവരെ അള്ളിപ്പിടിച്ചുനിന്ന പച്ചപ്പിൽ നിന്നും വേർപ്പെട്ട ദാരുണമായ പതനത്തിൽ എത്തിയതിന്റെ പകപ്പ്' അവൾക്കുണ്ടെന്ന് കഥാകൃത്ത് പറയുന്നു. ആ പകപ്പാണ് ഈ കഥയുടെ കാതൽ. പോസ്റ്റ് ഹ്യൂമനിസത്തിന്റെ സാഹിത്യ നോട്ടങ്ങളുടെ ഗംഭീരമായ തുടക്കം തന്നെയാണ് ഈ കഥ. മനുഷ്യജീവിതത്തിന്റെ പരിചിത പശ്ചാത്തലത്തെ അപ്പാടെ വിറപ്പിച്ചുകളയുന്ന അപരിചിത ലോകത്തെപ്പറ്റിയുള്ള വിഹ്വലതകൾ ആദ്യകാല പോസ്റ്റ്ഹ്യൂമൻ കഥകളിലൊന്നായ ബർമുഡയിൽ കാണാൻ സാധിക്കുന്നു. മനുഷ്യൻ അപ്പാടെ മാറി റോബോട്ടുകളുടെ യുഗം വരുമെന്നും അവ മനുഷ്യരെ ഭരിക്കുമെന്നുമുള്ള സന്ദേഹങ്ങളോടുകൂടിയതായിരുന്നു ഈ കഥാകാലം. എന്നാൽ തീർത്തും അപരിചിതമായ സൈബർ ലോകത്തിലേക്കുള്ള വീഴ്ചയല്ല ഉണ്ടായത്, സാങ്കേതികവിദ്യയുടെ വളർച്ചയിലൂടെ സാംസ്കാരികമായും സാമൂഹികമായും ജൈവികമായുമൊക്കെ പരിചിതനായ ഒരു പുതിയ സങ്കരമനുഷ്യൻ പിറവികൊള്ളുകയാണ് ചെയ്തത് എന്ന് പിൽക്കാല കഥകൾ തിരിച്ചറിയുന്നുണ്ട്. ഈ മാനവാനന്തരകാല മുണ്ടാക്കുന്ന പുതിയ സംഘർഷങ്ങൾ, ഭയങ്ങൾ, വൈചിത്ര്യങ്ങൾ, ആകുലതകൾ, പ്രതീക്ഷകൾ, ബന്ധങ്ങളിലും ബന്ധനങ്ങളിലും ഉണ്ടാകുന്ന പുതിയ പാറ്റേണുകൾ ഇവയെല്ലാം കഥയുടെ ഏകാഗ്രതക്കകത്തും പ്രത്യക്ഷപ്പെടുന്നു. കെ വി പ്രവീണിന്റെ 'ഓർമ്മച്ചിപ്പ്', വി. ജെ ജെയിംസിന്റെ 'ഉയിരെഴുത്ത്' അനന്തപദ്മനാഭന്റെ 'ബാക്കി ആകുന്നത്', അമിത് കുമാറിന്റെ 'മഹാമായ', പി എഫ് മാത്യൂസിന്റെ 'തുരങ്കം' തുടങ്ങിയ കഥകൾ ഉദാഹരണമാണ്.

ഡാറ്റയുടെ രാഷ്ട്രീയം പോസ്റ്റ് ഹ്യൂമനിസത്തിന്റെ വിചാരധാരയിൽപ്പെടുന്ന ഒന്നാണ്. ഇന്ന് ലോകത്തുള്ള ഏറ്റവും വിലയേറിയ വസ്തു ഡാറ്റയാണ്. യുദ്ധങ്ങൾക്ക് അധികാര ങ്ങൾ കൈയാളാനും സ്ഥാനഭ്രംശങ്ങൾ ഉണ്ടാക്കാനും കഴിയും. രാഷ്ട്രത്തലവന്മാരെ സൃഷ്ടിക്കാനും സംഹരിക്കാനും രാജ്യങ്ങളുടെ സാമ്പത്തിക നയത്തെ സ്വാധീനിക്കാനും യുദ്ധങ്ങൾ ഉണ്ടാക്കാനും ഡാറ്റയുടെ സമർത്ഥമായ സംഘടനത്തിലൂടെയും സമാഹരണ ത്തിലൂടെയും താരതമ്യത്തിലൂടെയും കഴിയും. അത് ഡാറ്റയുടെ വിശാലമായ സ്വാധീന മാണ് (ജയൻ പി എസ്. 'തലതെറിച്ച ആശയങ്ങൾ'). നമ്മളെ കുറിച്ചുള്ള സ്വകാര്യ വിവരങ്ങൾ ഡാറ്റാചന്തയിൽ ചൂടപ്പം പോലെ വിറ്റു പോകുന്നു. വില്പനച്ചരക്കിന്റെ ധാരാളിത്തത്തിനായി കൂടുതൽ ഡാറ്റാ ചോരണമാർഗ്ഗങ്ങൾ അനുവർത്തിക്കുന്നു. ഇത്തരം സൈബർകാല സന്ദിഗ്ധതകളെ ഉൾക്കൊണ്ട് കഥ എഴുതുന്ന എഴുത്തുകാരനാണ് കെ വി പ്രവീൺ. വിപണിയുടെ അതിരുകളില്ലാത്ത അധികാരവും ചൂഷണങ്ങളും വ്യക്തിയുടെ സ്വകാര്യതകളെ ഒറ്റു കൊടുക്കുന്നതിന്റെ ആകുലതകളാണ് കെ വി പ്രവീണിന്റെ ഓർമച്ചിപ്പ് എന്ന കഥ. ഓർമ്മകൾ നഷ്ടപ്പെട്ടു തുടങ്ങിയ അമ്മയും അമ്മയുടെ ഓർമ്മകൾ വീണ്ടെടുക്കാൻ ശ്രമിക്കുന്ന ഹാക്കർ ആയ മകൻ ഹരിയുമാണ് കഥയിലെ പ്രധാന കഥാപാത്രങ്ങൾ. ഹാക്കിങ്ങിൽ അതിവിദഗ്ധനായ അവൻ അമ്മയുടെ തലച്ചോറിൽ

സിലിക്കൺ കോശങ്ങൾ ഇമ്പ്ലാൻറ് ചെയ്യുന്നു. ഒരു സ്ത്രീയുടെ ആഴവും പരപ്പും നിഗൂഢതകളും ഭാവനകളും വന്യതകളും ഒളിപ്പിച്ചുവെച്ച ഓർമ്മകളിലേക്ക് മകൻ നിഷ്പ്രയാസം കടന്നു ചെല്ലുന്നു. ഒരു ജീവിതത്തിന്റെ ഡാറ്റ മറകളില്ലാതെ അപരകര ങ്ങളിൽ പ്രത്യക്ഷമാകുന്ന ഭീതിതമായ അവസ്ഥ കഥയിൽ തെളിയുന്നു. പോസ്റ്റു ഹ്യൂമൻ കാലത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധിയായ നൈതികത ഈ കഥയിൽ പ്രശ്നവൽ ക്കരിക്കുന്നു. ജീവൻ ജോബ് തോമസിന്റെ നിദ്രാമോഷണം എന്ന നോവൽ ഇതേ ആകുലതകൾ പങ്കുവെക്കുന്നുണ്ട്.

വി. ജെ ജെയിംസിന്റെ 'ഉയിരെഴുത്തും' അനന്തപത്മനാഭന്റെ 'ബാക്കി ആകുന്നതും' വിവരസാങ്കേതികവിദ്യയുടെ വലകൾക്കിടയിൽ കുടുങ്ങിപ്പോകുന്ന മനുഷ്യരുടെയും ബന്ധങ്ങളുടെയും കഥ പറയുന്നു. ചുറ്റുമുള്ള യഥാർത്ഥ ലോകത്തിന്റെ സങ്കീർണതകളിൽ നിന്ന് രക്ഷപ്പെടാനെന്നോണം ഇൻറർനെറ്റിന്റെയും സമൂഹമാധ്യമങ്ങളുടെയും യഥാർത്ഥമായ അല്ലെങ്കിൽ ഇതരയാഥാർത്ഥ്യമായ ഒരു ലോകത്തിനകത്ത് സ്വയം അടഞ്ഞിരിക്കുന്നു ഉയിരെഴുത്തിലെ ചിരഞ്ജീവി. ബാക്കി ആകുന്നതിലെ സുധിയാകട്ടെ ഒരു മൊബൈൽ ഫോണിന്റെ മാന്ത്രിക പ്രതലത്തിലൂടെ കാമുകിയെ കണ്ടെത്തുകയും പ്രണയിക്കുകയും ചെയ്യുന്നു. മറ്റൊരാളുടെ സ്വത്വത്തിലേക്ക് ഞൊടിയിടയിൽ പരകായ പ്രവേശം നടത്തുന്ന സുധിയെയും നമ്മളീ കഥയിൽ കാണുന്നു. യഥാർത്ഥ ലോകത്തിൽ നിന്നും സ്വയം വിമോചിപ്പിക്കുക എന്ന വെർച്ചൽ ലോകത്തിന്റെ ജീവിതാസക്തിയും മരണഭയവും ഒരുപോലെ സ്വീകരിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ചിരഞ്ജീവി മാരും സുധിമാരും നമ്മുടെ പരിചിതലോകത്തിൽ നിന്നുള്ളവരാണ്.

കൃത്രിമബുദ്ധിയുടെയും സാങ്കേതികവിദ്യയുടെയും വളർച്ചയോടുകൂടി സാമൂഹിക അസമത്വങ്ങൾക്ക് തടയിടാൻ കഴിഞ്ഞേക്കും എന്ന ചിന്ത തുടക്കത്തിൽ നമുക്കുണ്ടാ യിരുന്നു. എന്നാൽ അധികാരരൂപങ്ങൾ ഇല്ലാത്ത സമൂഹം സാധ്യമാണോ എന്ന് ഫൂക്കോ ചോദിച്ചത് പോലെ ഏത് വിവരസാങ്കേതികവിദ്യയ്ക്കും തടഞ്ഞുനിർത്താൻ കഴിയാത്ത അസമത്വങ്ങളും ചൂഷണങ്ങളും പുതിയ രൂപത്തിൽ സമൂഹത്തിൽ ഉണ്ട്. രൂക്ഷമായ ഡിജിറ്റൽ വിടവുകൾ ഉണ്ടാക്കുന്ന ശ്രേണീകരണം ആണൊന്ന്. മറ്റൊന്ന് സാങ്കേതികവിദ്യ തന്നെ കൂടുതൽ മൂർച്ചയുള്ള ചൂഷണോപാധിയായി മാറുന്ന അവസ്ഥയും. 'മഹാമായ' എന്ന കഥയിൽ അമിത് കുമാർ കൈകാര്യം ചെയ്യുന്നത് യന്ത്രത്തി നും മോചനം ഇല്ലാത്ത ഇതരജീവിത പ്രതിസന്ധിയാണ്. ഉണ്ണിമായ എന്നു പേരുള്ള ഒരു റോബോട്ട് യുവതിയാണ് ഈ കഥയിലെ കഥാപാത്രം. അവളൊരു പതിവ് റോബോട്ടിക് ശരീരമല്ല. മനുഷ്യനുസമാനമായ ശരീരവും രീതികളും ഒപ്പം മനുഷ്യനെക്കാൾ നല്ല മനുഷ്യനാകുന്ന തരത്തിലുള്ള കൂർമ്മബുദ്ധിയും സവർണ്ണ ബോധത്തെ തൃപ്തിപ്പെടു ത്തുന്ന ശരീരഭംഗിയും അവൾക്കുണ്ട്. യന്ത്രം എന്ന മനുഷ്യവിരുദ്ധമായ സ്വത്വം ഉൾവഹിച്ചിട്ടും മനുഷ്യന്റെ സാമൂഹികാസമത്വങ്ങളിൽ നിന്ന് അവൾക്ക് മോചനം ഇല്ല. അവളുടെ പെൺശരീരം പുരുഷകാമനകളുടെ ഇരയായി മാറേണ്ടിവരുന്നു. പുരുഷാധിപത്യ ലോകത്തിന്റെ ഏകാഗ്രമായ മൈക്രോസ്കോപ്പ് കാഴ്ച ഈ കഥയിലൂടെ സാധ്യമാകുന്നു.

കഥകളുടെ ഉള്ളടക്കങ്ങളിലും ഫിലോസഫിയിലുമല്ലാതെ ബാഹ്യഘടനയിൽത്തന്നെ പോസ്റ്റ് ഹ്യൂമൻ സ്വഭാവങ്ങൾ പിന്തുടരുന്ന കഥകളും ഉണ്ടായിട്ടുണ്ട്. സുദീപ് ടി ജോർജിന്റെ 'ആനിമൽ പ്ലാനറ്റ്', മണികണ്ഠന്റെ 'തത്വമസി', യെസ് ജയേഷിന്റെ 'ആദിമധ്യാന്തം' തുടങ്ങിയ കഥകളെല്ലാം ഈ ഗണത്തിൽ പെടുന്നു. കഥയെപ്പറ്റിയുള്ള എഴുത്തുകാരന്റെ തീർപ്പിനെത്തന്നെ വിഛേദിച്ചുകൊണ്ടാണ് 'ആദിമധ്യാന്തം' രൂപപ്പെടുത്തിയിട്ടുള്ളത്. ഹൈപ്പർലിങ്ക് സാധ്യത പ്രയോജനപ്പെടുത്തി തയ്യാറാക്കിയ കഥയ്ക്ക്, ആറ് വ്യത്യസ്ത അവസാനങ്ങളാണുള്ളത്. കഥയുടെ ആറാമത്തെ വഴിയാകട്ടെ കഥാകൃത്ത് വായനക്കാർക്ക് വേണ്ടി ഒഴിച്ചിട്ടിരിക്കുകയാണ്.

പോസ്റ്റ്ഹ്യൂമൻ കഥാപരിസരത്തെ ലഘുവായൊന്ന് പരിചയപ്പെടുത്തുക മാത്രമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. പോസ്റ്റ്ഹ്യൂമൻ ഭാവനയുടെ നീതിസങ്കല്പങ്ങൾ, പ്രകൃതിയോടുള്ള അതിന്റെ സംവാദം, യന്ത്രമനുഷ്യ സംയുക്തത്തിന്റെ സ്വത്വപ്രതിസന്ധി, അധികാരകേന്ദ്രങ്ങളും സൈബർ പോലീസിങ്ങും തുടങ്ങി പല വിഷയങ്ങളും ഈ പ്രബന്ധ ചർച്ചയുടെ പുറത്തുനിൽക്കുകയാണ്. പോസ്റ്റ്ഹ്യൂമൻ ബൗദ്ധികലോകവും ഭാവനാലോകവും പരസ്പരം ഇഴചേർന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിദ്രുതം മാറിക്കൊണ്ടിരിക്കുന്ന ഒരു അയഞ്ഞ അർത്ഥമായി മനുഷ്യനെ മനസ്സിലാക്കാൻ നമുക്ക് സാധിക്കുന്നു എന്നതുകൊണ്ടാണ് പോസ്റ്റ്ഹ്യൂമൻ വിചാരങ്ങൾ സാധ്യമാകുന്നത്. സാഹിത്യം എല്ലാകാലത്തും കാലത്തിന്റെ കണ്ണാടിയായിട്ടുണ്ട്. ഏതു ചരിത്രഭൂമികയോട് സംവദിക്കുന്നതാണെങ്കിലും കഥയെന്ന ആഖ്യാനത്തിനെ വർത്തമാനത്തിന്റെ വെളിച്ചത്തിലാണ് നാം വായിക്കുന്നത്. ആയിടത്തേക്ക് ഭാവിയുടെ സന്ദേഹങ്ങൾ കൂടി കടന്നുവരുന്നത് ഈ കഥകളിലെല്ലാം കാണുവാൻ കഴിയും. ആ അർത്ഥത്തിൽ ഭാവിയിലേക്കുള്ള മനുഷ്യന്റെ ഭീതിനിറഞ്ഞ നോട്ടങ്ങളായിക്കൂടി ഈ കഥകൾ പരിണമിക്കുന്നു.

## ഗ്രന്ഥസൂചി

1. *ജയൻ പി എസ്, തലതെറിച്ച ആശയങ്ങൾ, ഡിസി ബുക്സ്, കോട്ടയം, 2019.*
2. *ജീവൻ ജോബ് തോമസ്, നിദ്രാമോഷണം, ഡിസി ബുക്സ്, കോട്ടയം, 2015*
3. *പ്രസാദ് പന്ന്യൻ. ഡോ (എഡി), പോസ്റ്റ്ഹ്യൂമൻ ചിന്തയ്ക്കൊരാമുഖം, ഡി സി ബുക്സ്, കോഴിക്കോട്, 2021.*
4. *പ്രവീൺ, കെ. വി. ഓർമ്മചിപ്പ്. ഡി സി ബുക്സ്, 2017.*
5. *സുരേന്ദ്രൻ, പി. ബർമുഡ. ലോഗോസ് ബുക്ക്സ്, 2017.*
6. *ശ്രീകുമാർ ടി.ടി. ഡോ, പോസ്റ്റ്ഹ്യൂമൻ വിചാരലോകങ്ങൾ ശാസ്ത്രം, സൗന്ദര്യം, മൃത്യുരാഷ്ട്രീയം, പുസ്തക പ്രസാധക സംഘം, 2021.*
7. *Haraway,D.(1985). 'Manifesto for Cyborgs: Science, Technology, and Socialist Feminism in the 1980s, Socialist review*
8. *Pepperell, Robert. The Posthuman Condition: Consciousness Beyond the Brain. Intellect Books, 2003.*
9. *Zizek, S. ( 2020 b), Pandemic! COVID-19 shakes the we orld.Newyork;London*

Web articles:

*https://literariness.org/2018/07/25/posthumanist-criticism/*
*https://www.researchgate.net/publication/279847627_Posthumanist_Literature*
*https://ardaarikan.weebly.com/uploads/1/0/2/9/10295113/posthuman_lit_ theory.pdf*
*Crutzen, Paul J. and Stoermer, Eugene F.. "The 'Anthropocene'' (2000)". The Future of Nature: Documents of Global Change, edited by Libby Robin, Sverker S rlin and Paul Warde, New Haven: Yale Universtiy Press, 2013, pp. 479-490. https://doi.org/10.12987/9780300188479-041*

# ധ്വനിസിദ്ധാന്തം പുതുകവിതകളിൽ

**ഡോ. ധന്യ എസ്. പണിക്കർ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, മഹാരാജാസ് കോളെജ്, എറണാകുളം

**പ്രബന്ധസംഗ്രഹം**

കാവ്യത്തിന്റെ സാരഭൂതമായ തത്ത്വമായിട്ടാണ് ധ്വനിയെ പൗരസ്ത്യ കാവ്യമീമാംസകർ പരിഗണിക്കുന്നത്. കവിതയുടെ അന്ത:സത്തയിലേക്ക് ചുഴിഞ്ഞിറങ്ങുന്ന ധ്വനിസിദ്ധാന്തം അർത്ഥത്തിന്റെയും പ്രകാശകമായ ശബ്ദത്തിന്റെയും തത്ത്വമാരായുന്നു. ധ്വനിയിൽ ശബ്ദാർത്ഥങ്ങളുടെ സൂക്ഷ്മവും അനന്തവുമായ സാധ്യതകളെയാണ് പ്രയോജനപ്പെടുത്തുന്നത്. പുതുകവിത ഭാവബിംബധ്വനിമുക്തമാണ് എന്ന് പറയുമ്പോഴും ധ്വനിനിയമങ്ങളുടെ ലാവണ്യ ഭംഗി ആവാഹിക്കുന്നതായി കാണാം. പുതുകവിതയിൽ ധ്വനിസിദ്ധാന്തത്തിന്റെ പ്രായോഗികതലത്തെ കുറിച്ചുള്ള ഒരന്വേഷണമാണ് ഈ പ്രബന്ധം.

***താക്കോൽവാക്കുകൾ:*** ധ്വനി, വാച്യാർത്ഥം, വ്യംഗ്യാർത്ഥം, വിവക്ഷിത വാച്യം, അവിവക്ഷിതവാച്യം, അർഥാന്തരസംക്രമിത ധ്വനി, അത്യന്ത തിരസ്കൃതവാച്യം.

ഭാരതീയ ആലങ്കാരികന്മാരുടെ കാവ്യത്തെ സംബന്ധിച്ചുള്ള അന്വേഷണം ചെന്നെത്തുന്നത് അവാച്യമായ അനുഭൂതി സൃഷ്ടിക്കുന്ന കാവ്യാത്മാവിലേക്കാണ്. കവിതയെ കേവലം ശബ്ദം മാത്രമായും ശബ്ദവും അർത്ഥവും ചേർന്ന ഒന്നായും കാണാറുണ്ട്. (ശബ്ദാർത്ഥൗ സഹിതൗ കാവ്യം-വാമനൻ). അലങ്കാരം, രീതി, ഗുണം ഇവയും കാവ്യത്തിന്റെ സവിശേഷതകളായി പൗരസ്ത്യകാവ്യമീമാംസ പരിഗണിക്കുന്നു. എന്നാൽ ധ്വനിസിദ്ധാന്തം കാവ്യത്തിന്റെ ശബ്ദതലത്തിൽ തുടങ്ങി അർത്ഥതലത്തിലേക്ക് ആഴ്ന്നിറങ്ങി ധ്വനിതലത്തിലേക്ക് അനുവാചകനെ ആനയിക്കുന്നു.

*കാവ്യസ്വാത്മാ ധ്വനിരിതിബുധൈര്യ*
*സ്സമാമ്നാത പൂർവ*
*സ്തസ്യാഭാവം ജഗദുരപരേ*

---

*ഭാക്തമാഹുസ്തദന്യേ*
*കേചിത് വാചാം സ്ഥിതമവിഷയേ*
*തത്ത്വമൂചസ്തദീയം*
*തേന ബ്രൂമ: സഹൃദയമന: പ്രീതയേ*
*തത്സ്വരൂപം*

എന്നിങ്ങനെ ആനന്ദവർദ്ധനൻ ധ്വനിയെ സംവിധാനം ചെയ്തിരിക്കുന്നു.

'പ്രതീയമാനം പുനരന്യദേവ വസ്ത്വ സ്തീ വാണീഷു മഹാ കവീനാം' മഹാകവികളുടെ വാക്കുകളിൽ പ്രതീയമാനമായ മറ്റൊന്നുണ്ടാകും എന്ന പ്രസ്താവനയിൽ ധ്വനി സിദ്ധാന്തത്തെ ആചാര്യൻ ഉറപ്പിക്കുന്നു.

പ്രതീയമാനമായ ഒരർത്ഥം ഉത്തമകാവ്യങ്ങൾക്കുണ്ട്. അത് പ്രതീയമാനമാണെങ്കിലും മഹാകവികളുടെ വാണികളിലാണ് നിലയുറപ്പിക്കുന്നത്. അനുവാചകസങ്കല്പങ്ങളിലല്ല ധ്വനി സൂചിതമാകുന്നത്. വാക്കുകളുടെയും അർത്ഥങ്ങളുടെയും പ്രയോഗത്തിൽനിന്ന് സ്പഷ്ടമാക്കപ്പെടുന്ന ഒന്നാണ് ധ്വനി. വാക്കുകളുടെയും അർത്ഥങ്ങളുടെയും ഉചിതമായ വിന്യാസത്തിൽ നിന്ന് ഉൽപ്പന്നമാകുന്ന ഒരനുഭവസ്ഥിതിവിശേഷമാണ് അല്ലെങ്കിൽ അനുഭൂതിയാണ് ധ്വനി. അത് അനുവാചക സൃഷ്ടമല്ല. പ്രസിദ്ധമായ അവയവങ്ങൾ ഇല്ലാതെ പ്രസിദ്ധ അവയവാതിരിക്തമായ ലാവണ്യം അംഗനകൾക്ക് ഉണ്ടാകയില്ലല്ലോ എന്ന നിരീക്ഷണവും ആചാര്യൻ നിർവഹിക്കുന്നു.

*ആനന്ദവർദ്ധനൻ ധ്വനിയെ ഇങ്ങനെ നിർവചിക്കുന്നു.*
*യത്രാർത്ഥ: ശബ്ദോവാ തമർത്ഥമുപസർജ്ജനീകൃത സ്വാർത്ഥൗ*
*വ്യങ്ക്ത: കാവ്യവിശേഷ: സ ധ്വനിരിതി സൂരിഭി: കഥിത:*

അർത്ഥം അതിന്റെ സ്വത്വത്തെയും ശബ്ദം അതിന്റെ അർത്ഥത്തെയും സ്വയം അപ്രധാനീകരിച്ച് കാവ്യാത്മാവായ അർത്ഥത്തെ ധ്വനിപ്പിക്കുന്ന തരം കാവ്യവിശേഷമാണ് ധ്വനി.

ശബ്ദവും അർത്ഥവും ഇവിടെ വ്യഞ്ജകങ്ങളാണ്. ശബ്ദം വാചകവിശേഷമായി അർത്ഥത്തെ സൃഷ്ടിക്കുന്നു. അർത്ഥം വാച്യവിശേഷവമാണ്. അർത്ഥത്തിന്റെ അർത്ഥത്തിനാണ് ധ്വനിയിൽ പ്രാധാന്യം. വാചകവിശേഷമായ ശബ്ദവും വാച്യവിശേഷമായ അർത്ഥവും അപ്രധാനമാകുന്നിടത്ത് മാത്രമേ വ്യംഗമായ അർത്ഥം ധ്വനിക്കുകയുള്ളൂ. ശബ്ദത്തിന്റെ വ്യഞ്ജനാവ്യാപാരമാണ് ധ്വനിയുടെ സ്വരൂപം സാധ്യമാക്കുന്നത്. വൈകാരികമായ ഒരർത്ഥതലമാണ് ഏതു കാവ്യത്തിന്റെയും കാതലായ അംശം എന്നുറപ്പിക്കുന്നത് ധ്വനിയിലൂടെയാണ്. അനുവാചകനെ/ സഹൃദയനെ മനസ്സിൽ കണ്ടുകൊണ്ടാണ് കാവ്യത്തിന്റെ ആത്മാവിനെ അന്വേഷിക്കുന്നത്.

കാവ്യത്തിൽ പരിഗണിക്കപ്പെടുന്നത് വസ്തു അലങ്കാരം രസം ഭാവം ഇവയാണ്. വസ്തുവും അലങ്കാരവും ശബ്ദവ്യാപാരങ്ങളായ അഭിധയിലും ലക്ഷണയിലൂടെയുമാണ് പ്രകടമാകുന്നത് രസഭാവങ്ങൾ ശബ്ദത്തിന്റെ വ്യഞ്ജനാവ്യാപാരത്തിലൂടെയാണ്

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പ്രകടമാകുന്നത്. (രസഭാവങ്ങൾ വ്യഞ്ജിക്കുന്നത് വിഭാവ അനുഭാവാദികളിൽ കൂടിയാണ്.) ധ്വനി വ്യംഗ്യമായ അർഥത്തെ തരുന്ന ഒന്നാണ്. ശബ്ദവും അതിന്റെ സാധാരണ അർത്ഥവുമാണ് വ്യംഗ്യമായ അർത്ഥത്തെ സൂചിപ്പിക്കുന്നത്. ധ്വനി വ്യഞ്ജനാവ്യാപാരത്തിലൂടെ വ്യംഗ്യാർത്ഥത്തെ പ്രകാശിപ്പിക്കുന്നു. ധ്വനതി': ഇതി ധ്വനി എന്നത് വ്യഞ്ജനാ വ്യാപാരത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. വ്യംഗ്യാർത്ഥത്തിന്റെ പ്രാധാന്യത്തെ നിശ്ചയിക്കുന്നത് സഹൃദയനാണ്.

ഭാഷയുടെ വൈകാരികവിനിമയം സാധ്യമാകുന്നത് വ്യംഗ്യാർത്ഥം ഉപയോഗിക്കുമ്പോഴാണ്. കിഴക്കു നിന്നൊരു പെണ്ണു വന്നു എന്ന വാക്യം ലക്ഷണമൊത്ത ഒരു പ്രസ്താവനയാണ്. ഇവിടെ രസമില്ല എന്നാൽ കിനാവു പോലൊരു പെണ്ണു വന്നു, കയറു പിരിക്കണു, കതിരിഴ നൂൽക്കണ് എന്ന് കൂടി പറയുമ്പോൾ അവിടെ രസഭാവങ്ങൾ കൂടി വ്യഞ്ജിതമാകുന്നു. ആ രസഭാവങ്ങൾ വ്യഞ്ജിതമാകുന്നത് വിഭാവാനുഭാവാദികളിൽ കൂടിയാണ്.

വാച്യാർത്ഥ ലക്ഷ്യാർത്ഥങ്ങളെ അപേക്ഷിച്ചു വ്യംഗ്യാർത്ഥപ്രധാനമാണ് ധ്വനി. മുഖ്യമായ വ്യംഗ്യാർത്ഥത്തെ വ്യഞ്ജിപ്പിക്കുന്ന കാവ്യത്തെയും വ്യഞ്ജനാവ്യാപാരത്തെയും കൂടി ധ്വനി എന്നു പറയുന്നു. ധ്വനി കാവ്യത്തിൽ ശബ്ദം സ്വന്തം അർഥത്തെ അപ്രധാനീകരിക്കും. അർഥം സ്വയം അപ്രധാനമായി കൊള്ളുകയും ചെയ്യും. ഇങ്ങനെ അപ്രധാനമായിത്തീർന്ന ശബ്ദാർത്ഥങ്ങളിലൊന്നോ രണ്ടും കൂടിയോ വ്യംഗ്യമായ അർഥത്തെ പരമപ്രധാനമായി വ്യഞ്ജിപ്പിക്കുമ്പോൾ അവിടെ ധ്വനി രൂപപ്പെടുന്നു.

വാച്യവ്യംഗ്യങ്ങളെ അടിസ്ഥാനമാക്കിയാണ് ധ്വനികാരൻ ധ്വനിയെ വിഭജിച്ചിരിക്കുന്നത്. വാച്യാർഥവ്യംഗ്യാർഥങ്ങൾ പരസ്പരം ബന്ധിച്ചിരിക്കുന്നു. ഈ ബന്ധത്തിലെ ചേരുവ പലവിധത്തിലാണ്. ചിലയിടത്ത് വാച്യാർത്ഥം വിവക്ഷിതമായിരിക്കും. അതേ സമയം അത് മറ്റൊരർത്ഥത്തെ വ്യഞ്ജിപ്പിക്കുകയുള്ളൂ.

വാക്ക്, അർത്ഥം, പ്രതിനിധാനം എന്നിവയെ അടിസ്ഥാനമാക്കിയാണ് കവിത നില കൊള്ളുന്നത്. വാക്ക് ശബ്ദവും അർത്ഥവും മാത്രമല്ല ഒരു പ്രതിനിധാനം കൂടിയാണെന്ന് പുതുകവിത പറയുന്നു. വാക്കുകൾ സവിശേഷ സന്ദർഭങ്ങളിലേക്കും പരിസരങ്ങളിലേക്കും നയിക്കുന്നു. പുതുകവിതയിലെ കാവ്യഭാഷ ഭാവ ബിംബ ധ്വനി മുക്തമാണ് എന്ന് പറയുമ്പോഴും ധ്വനിനിയമങ്ങളുടെ ലാവണ്യഭംഗിയുൾക്കൊള്ളുന്ന ഒരു പുതുലോകത്തെ ആവാഹിക്കുന്നുമുണ്ട്. എസ് ജോസഫിന്റെ ധ്വനി എന്നു തന്നെ പേരുള്ള ഒരു കവിത ഉദാഹരണമായി എടുത്താൽ,

*പലപ്പോഴും*
*വഴക്കുമൂലം ശരണക്കേടു തോന്നി*
*നോക്കിക്കോ ഞാനെന്റെ വീട്ടിലേക്ക് ഒറ്റ നട*
*വെച്ചു കൊടുക്കും*
*എന്ന് തലേന്നു രാത്രി പറഞ്ഞപ്രകാരം*
*അമ്മ ചട്ടയും മുണ്ടുമുടുത്ത് വീടിറങ്ങി.*

*എന്നാൽ ചായത്തെങ്ങിനു താഴെയുള്ള കുത്തുകല്ലിൽ*
*അവർ ഇരുന്നു പോകും.*
*കുറേനേരം അങ്ങനെയിരുന്നിട്ട് തിരിച്ചു പോരാറുള്ള അമ്മയോട്*
*പോക്കെടമില്ല അല്ലേ? ഞങ്ങൾ ആൺമക്കൾ*
*കളിയാക്കി ചോദിക്കും*
*കൂകിച്ചിരിക്കും*
*ഇന്ന് കവിയായിപ്പോയ ഞാനാണ് ആദ്യം കളിയാക്കിയത്.*
*പരസ്യമായ വഴക്കുകൾ ഇപ്പോൾ വീട്ടിലില്ല.*
*എല്ലാം സൂചിപ്പിച്ച് നിർത്തുകയേ ഉള്ളൂ.*
*അമ്മ നടുക്കത്തെ ചാണകം മെഴുകിയ മുറിയിലും തിണ്ണയിലും*
*പുറകു വശത്ത് വിറകുവയ്ക്കുന്നിടത്തെ*
*സിമന്റ് കെട്ടിലുമൊക്കെ*
*ഇരുന്നും കിടന്നും നേരം കളയും*
*വൈകാതെയവർ ഒരുങ്ങിയിറങ്ങി*
*ഈ വീടും ലോകവും വിട്ടുപോകുമെന്ന്*
*ചില നേരങ്ങളിൽ ഞാൻ സങ്കടപ്പെടാറുണ്ട്.*
*അപ്പന്റെ ഭാഗത്തു നിന്നു കൊണ്ട്*
*അന്ന് അമ്മയെ കളിയാക്കാൻ പറഞ്ഞ*
*പോക്കെടമില്ല അല്ലേ എന്ന വാക്യമാണ്*
*ഞാൻ പ്രയോഗിച്ചിട്ടുള്ള ഏറ്റവും വലിയ*
*ധ്വനി എന്നു തോന്നുന്നു.*
*കവിതയിലായാലും ജീവിതത്തിലായാലും.*

*പോക്കെടമില്ല അല്ലേ?* എന്ന് കവിയും സഹോദരന്മാരും അമ്മയ്ക്കു നേരെ പ്രയോഗിച്ചിട്ടില്ല എന്ന് കവി തന്നെ സൂചിപ്പിക്കുന്നു. പോകാൻ ഇടമില്ലാത്തവരായ സ്ത്രീകളുടെ പ്രത്യേകിച്ച് വിവാഹിതരായ സ്ത്രീകളുടെ അവർ ഏത് ജാതിയിലും മതത്തിലും വംശത്തിലും പെട്ടവരായായിരുന്നാലും അനുഭവിക്കേണ്ടി വരുന്ന ജീവിതാവസ്ഥയാണ് ഇവിടെ ധ്വനിപ്പിക്കപ്പെടുന്നത്. വിവാഹത്തോടുകൂടി സ്വകുടുംബങ്ങളിൽ നിന്ന് ബഹിഷ്കൃതരായിത്തീരുന്ന സ്ത്രീയവസ്ഥകൾ ഇവിടെ സൂചിതമാകുന്നു. കവിതയിലെ ആ വരികൾ വാച്യാർഥത്തെക്കാൾ വ്യംഗ്യാർഥത്തിനാണ് പ്രാധാന്യം നല്കുന്നത്. അല്ലെങ്കിൽ ധ്വനിയാണ് ഇവിടെ മികച്ചു നിൽക്കുന്നത്.

വൈകാതെയവർ ഒരുങ്ങിയിറങ്ങി ഈ വീടും ലോകവും വിട്ടുപോകുമെന്ന് എന്ന വരിയും ധ്വനിക്ക് മികച്ച ഉദാഹരണമാണ്. അവിടെയും വാച്യാർഥത്തെക്കാൾ വ്യംഗ്യാർഥത്തിനാണ് പ്രാധാന്യം കൈവരുന്നത്. മരണം എന്ന യാഥാർത്ഥ്യമാണ് അവിടെ ധ്വനിക്കപ്പെടുന്നത്. ഒരുങ്ങിയിറങ്ങിപ്പുറപ്പെടുക, വീടും ലോകവും വിട്ടു പോകുക എന്നിവയുടെ വാച്യാർത്ഥത്തിനപ്പുറം മരണമെന്ന വ്യംഗ്യാർത്ഥമാണ് ധ്വനിക്കപ്പെടുന്നത്.

വാച്യവ്യംഗ്യങ്ങളെ അടിസ്ഥാനമാക്കിയാണ് ധ്വനികാരൻ ധ്വനിയെ വിഭജിച്ചിരിക്കുന്നത്. വാച്യാർഥവ്യംഗ്യാർഥങ്ങൾ പരസ്പരം ബന്ധിച്ചിരിക്കുന്നു. ഈ ബന്ധത്തിലെ ചേരുവ

പല വിധത്തിലാണ്. ചിലയിടത്ത് വാച്യാർഥം വിവക്ഷിതമായിരിക്കും. അതേ സമയം അത് മറ്റൊരർത്ഥത്തെ വ്യഞ്ജിപ്പിക്കുകയും ചെയ്യും. ഇത്തരം ധ്വനിക്കു വിവിക്ഷിതാന്യ പരവാച്യം എന്നാണ് പേര്. പുതുകവിതയിലേക്ക് വരുമ്പോൾ എസ്. ജോസഫിന്റെ ഐഡന്റിറ്റി കാർഡ് എന്ന കവിതയിൽ,

*ഇക്കാലത്ത് ഒരാൺകുട്ടിയും പെൺകുട്ടിയുമിരുന്ന്*
*മറക്കുന്നത് നോക്കാറേയില്ല*
*അല്പം കഴിഞ്ഞവർ പിരിഞ്ഞു പൊയ്ക്കൊള്ളും*
*ഇനി അവർ ഒരുമിച്ചാലും അത്ഭുതമില്ല*
*അവരുടെ ഐഡന്റിറ്റി കാർഡിൽ ചുവന്ന കുറിക്കലുകൾ ഉണ്ടാവില്ല.*

അവരുടെ ഐഡന്റിറ്റി കാർഡിലെ ചുവന്ന കുറിക്കലുകൾക്ക് വാച്യാർത്ഥപരമായ പ്രസക്തിയുണ്ട്. അതേ സമയം തന്നെ അത് കീഴാള ജീവിതപ്രതിനിധാനത്തിന്റെ രേഖപ്പെടുത്തലുകൾ കൂടിയായി നിലകൊള്ളുന്നു. ഇവിടെ ധ്വനിയാണ് പ്രകടമാകുന്നത്.

ഗ്രൂപ്പ് ഫോട്ടോ എന്ന കവിതയിലും എസ്. ജോസഫ് ഇത്തരമൊരു ധ്വനിപ്രയോഗം നടത്തുന്നതിന്റെ ഉദാഹരണങ്ങൾ ദൃശ്യമാണ്.

*ഏതോ തരത്തിൽ എല്ലാവരിൽ നിന്നും*
*ഒറ്റപ്പെട്ടു പോകുന്ന ജീവിതമുള്ളതിനാൽ*
*മുങ്ങിക്കളഞ്ഞു*
*പരിമിതമായ ഒളിവിടങ്ങളിൽ?*

എന്നും

*ചില മലയാളികൾ*
*ഒറ്റയ്ക്ക് അനുഭവിക്കുന്ന ഒരു നശിച്ച ജീവിതമുണ്ട്.*

എന്ന് കവി പ്രയോഗിക്കുന്നു. ഇവിടെയും വാച്യമായ അർഥത്തെക്കാൾ ആ വരികളിൽ ഒളിഞ്ഞിരിക്കുന്ന വ്യംഗ്യാർത്ഥം കേവലം കീഴാള രാഷ്ട്രീയത്തിന്റെ അടരുകളിലേക്ക് മാത്രം ഒതുങ്ങുന്ന ഒന്നല്ല. മറിച്ച് ജാതീയമായ അപകർഷത്തിന്റെ ആത്മസംഘർഷങ്ങളിൽ നിന്ന് മോചനം പ്രാപിക്കാനാഗ്രഹിക്കുന്ന ദലിത് വിഭാഗങ്ങളുടെ ഒട്ടാകെയുള്ള ജീവിതം കൂടി ധ്വനിക്കപ്പെടുന്നു. പരിമിതമായ ഒളിവിടങ്ങളിലേക്ക് കൂടുതൽ കൂടുതൽ ഓരങ്ങളിലേക്ക് ചുരുങ്ങേണ്ടുന്നവരായിചുരുക്കപ്പെടുന്നവരായി ദലിതർ മാറുന്നതായും വ്യംഗാർത്ഥ ബോധകമായി കവി സൂചിതമാക്കുന്നു.

*പുഴ എന്ന കവിതയിലേക്ക് വരുമ്പോൾ കവി ചോദിക്കുന്നു:*
*ഏറെ പരന്നൊഴുകിയതിനാലാണോ*
*ഏതാനും വരികളിലേക്ക് വെട്ടിക്കുറയ്ക്കപ്പെട്ടത്?*
*നീന്താനറിയാത്തവർക്കും ഇപ്പോഴൊന്ന് നീന്താൻ തോന്നും*
*വരികൾ ഉള്ളിലൂടാണ് ഒഴുകുന്നതെന്നും*
*പൊന്തുന്ന ചെടികൾ പരിഹസിക്കുന്നെന്നോ?*

*ഏയ്,അവ കാറ്റിലാടിപ്പോകുന്നതല്ലേ?*
*വെള്ളം മാറി മണലുതെളിഞ്ഞതിനാൽ*
*ഒളിച്ചുവെച്ചതെല്ലാം നേരിട്ടു കാണിച്ചു തന്നു എന്നോ*
*പുഴയെ തിരിച്ചിട്ടു എന്നോ പറയാം.*

ഈ കവിതയുടെ വാച്യാർത്ഥം വരണ്ടുണങ്ങുന്ന നേർരേഖ പോലെ വറ്റി ശുഷ്കമായി ത്തീർന്ന പുഴയെക്കുറിച്ചാണ് എന്നത് പ്രകടമാണ്. പക്ഷേ വാച്യാർത്ഥത്തിന് ഇവിടെ വിവക്ഷയില്ല. വ്യംഗ്യാർഥത്തിനാണ് ഇവിടെ പ്രസക്തി. പുഴ എന്നത് വറ്റിവരളുന്ന പുഴയെ ക്കാളുപരി കവിതയിലെ പുതുബോധ്യങ്ങളെക്കുറിച്ചാണ് ധ്വനിപ്പിക്കുന്നത്. പാരമ്പര്യ ത്തിന്റെയും പൊതുജീവിതത്തിന്റെയും നിറനദികൾ മാറി ഏതാനും ചാലുകളും മണൽ പ്പരപ്പുകളും മാത്രമായി കവിത മാറുന്നതിലെ ഉത്കണ്ഠ കവി വ്യംഗ്യമായി ധ്വനിപ്പിക്കുന്നു. വാച്യാർഥത്തിനു വിവക്ഷ ഇല്ലാതെയിരിക്കുകയും വ്യംഗ്യാർഥത്തിനു വിവക്ഷ കൈ വരുകയും ചെയ്താൽ അത് അവിവക്ഷിതവാച്യം എന്ന ധ്വനി വിഭാഗം.

'അമ്മ' എന്ന കവിതയിൽ എസ്. ജോസഫ് ഇങ്ങനെ കുറിക്കുന്നു:

*അമ്മയുടെ ലോകം തീരെച്ചെറുതായിരുന്നു.*
*അല്ലെങ്കിൽ താലൂക്കിന്റെത്രയും വലുത്*

ഇവിടെ കവി വാച്യാർത്ഥത്തിലുപരിയായി വ്യഞ്ജിപ്പിക്കുന്നത് സ്ത്രീയുടെ പരിമിത മായ ഇടങ്ങളെക്കുറിച്ചാണ്. അമ്മയുൾപ്പെടെയുള്ള സ്ത്രീവർഗ്ഗത്തിന്റെ സഹനങ്ങളെ ക്കുറിച്ചും അവരുടെ പരിമിതപ്പെട്ടു പോകുന്ന ജീവിതത്തെക്കുറിച്ചുമുള്ള വ്യംഗ്യാർത്ഥങ്ങ ളിലേക്കാണ് ഈ വരികൾ നയിക്കുന്നത്. വിവക്ഷിതാർത്ഥത്തിന് ഇവിടെ പ്രസക്തിയും പ്രാധാന്യവുമുണ്ട്. അതേ സമയം അത് സമൂഹത്തിലെ ബഹുഭൂരിപക്ഷമായ മുഴുവൻ സ്ത്രീ ജീവിതങ്ങളുടെ വ്യംഗ്യമായ ചിത്രത്തെ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ പ്രകടമാകുന്ന ധ്വനി വിവക്ഷിതാന്യപരവാച്യമാണ്.

മലയാള കവിതയ്ക്ക് ഒരു കത്ത് എന്ന കവിതയിൽ,

*'നിന്റെ ആളുകളെ എനിക്കറിയാം*
*വലിയ കെട്ടിടങ്ങൾ പോലെയുള്ളവർ*
*അവർ നിന്നെ ചതുരങ്ങളിലും വൃത്തങ്ങളിലും പൂട്ടിയിട്ടു'.*

എന്നിടത്ത് കവി മലയാളകവിതയുടെ പാരമ്പര്യത്തെ നിഷേധിക്കുന്നതാണ് നാം കാണുന്നത്. ഇവിടെ വാച്യാർഥത്തെക്കാൾ വ്യംഗ്യാർഥത്തിനാണ് പ്രാധാന്യം. നിന്റെ ആളുകൾ എന്നതിലൂടെ മലയാളകവിത പ്രതിനിധാനം ചെയ്തിരുന്ന വരേണ്യ ബോധ ത്തെയാണ് ധ്വനിപ്പിക്കുന്നത്. മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും കിളിപ്പാട്ടും ഉൾപ്പെടുന്ന സർഗ്ഗബന്ധിതവും വൃത്തബന്ധിതവുമായ കാവ്യപാരമ്പര്യങ്ങളെയാണ് കവി വലിയ കെട്ടിടങ്ങളായും ചതുരങ്ങളായും വൃത്തങ്ങളായും കാണുന്നത്. ഇതിനെയൊക്കെ നിഷേധിക്കുന്നതാണ് പുതുകവിതകളുടെ ഭാവുകത്വം എന്ന യാഥാർത്ഥ്യമാണ് കവി ആവിഷ്കരിക്കുന്നത്. ഇവിടെ വാച്യാർഥം തന്നെ മാഞ്ഞ് പോയി മറ്റൊരർഥം

ഉത്ഭൂതമാകുന്നു. പുതുകവിതയുടെ ഭാവുകത്വത്തിന്റെ സവിശേഷതകളിലേക്ക് അർഥം സംക്രമിക്കുന്നു. അതിനാൽ അത് അർഥാന്തരസംക്രമിതധ്വനി എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു.

കവിതയുടെ വഴി എന്ന കവിതയിൽ

*കവിതയുടെ വഴി നടന്നു തീർക്കാൻ ആർക്കുമാകില്ല*
*അതാ ഒരു പന്ത് ഉരുണ്ടു പോകുന്നു*
*ഞാനതിന്റെ പുറകേ നടക്കുന്നു*
*മലയാള ഭാഷയും കവിതയും*
*എത്രനാൾ ഉണ്ടാകുമെന്ന് ആർക്കറിയാം?*

ഭാഷ മാത്രമല്ല കവിയും കവിതയും ഇല്ലാതാവുന്ന ഒരു കാലത്തിനെയും ലോകത്തിനെയും കുറിച്ചുള്ള ആകുലത കവിയിലുണ്ടാവുന്നു. മനുഷ്യരും ലോകവും എക്കാലവും നിലനില്ക്കുമെന്ന വാച്യാർഥം ഇവിടെ തിരസ്കരിക്കപ്പെടുന്നു. അതിനാൽ ഇവിടെ പ്രവർത്തിക്കുന്ന ധ്വനി അത്യന്ത തിരസ്കൃതവാച്യം.

പെങ്ങളുടെ ബൈബിൾ എന്ന കവിതയിൽ,

*പെങ്ങളുടെ ബൈബിളിലില്ലാത്തവ*
*ആമുഖം*
*പഴയനിയമം, പുതിയനിയമം*
*ഭൂപടങ്ങൾ*
*ചുവന്ന പുറംചട്ട.*

ഇവിടെയും ധ്വനിയുടെ സൂക്ഷ്മമായ വിന്യാസമാണ് കവി നടത്തുന്നത്. ബൈബിൾ ആത്മീയബോധ്യങ്ങളുടെ ഉറവിടങ്ങളാണ്. എന്നാൽ കടുത്ത ജീവിത യാഥാർത്ഥ്യങ്ങൾക്കു മുന്നിൽ ബൈബിൾ അപ്രസക്തമാകയും അവിടെ ജീവിതായോധനത്തിനുള്ള സാമഗ്രികൾ പ്രസക്തമാവുകയും ചെയ്യുന്നു. കുത്തുവിട്ട റേഷൻ കാർഡ്, കടം വായ്പയ്ക്കുള്ള അപേക്ഷാ ഫോം, ബ്ലേഡുകാരുടെ കാർഡ്, ആറാട്ടിന്റെയും പെരുന്നാളിന്റെയും നോട്ടീസുകൾ, ആങ്ങളയുടെ കുട്ടികളുടെ ഫോട്ടോ, കുട്ടിത്തൊപ്പി തയ്ക്കുന്ന വിധം കുറിച്ച കടലാസ്, ഒരു നൂറു രൂപാ നോട്ട്, എസ് എസ് എൽ സി ബുക്ക് എന്നിങ്ങനെ ബൈബിളിൽ വച്ചിരിക്കുന്ന നിത്യജീവിതവ്യവഹാരത്തിനുള്ള സാമഗ്രികൾ വാച്യാർഥത്തെ വിവക്ഷിതമാക്കുന്നു.

റഫീക്ക് അഹമ്മദിന്റെ ഗ്രാമവൃക്ഷത്തിലെ വവ്വാൽ എന്ന കവിതയിൽ

*നിറഞ്ഞ വാക്കിന്റെ വയർ പിളർത്തുന്ന*
*പ്രിയരേ, ഇന്നു വാക്കൊരു നന്നങ്ങാടി.*
*മൃതലോകങ്ങളെ അടക്കം ചെയ്തവ*
*പുതുനിറങ്ങളിലെഴുന്ന്, അങ്ങാടി*
*ത്തിളക്കത്തിൽ നന്നായിണങ്ങിച്ചേർന്നവ*

എന്നിങ്ങനെ ആഖ്യാനം ചെയ്യുന്നു. ഇവിടെ വാക്കുകൾ മൃതലോകങ്ങളെ അടക്കം ചെയ്ത നന്നങ്ങാടികളാണെന്നും നിറഞ്ഞ വാക്കുകളുടെ വയർ പിളർത്തിയാണ് പുതിയവ രൂപപ്പെടുന്നതെന്നും കവി സൂചിപ്പിക്കുന്നു. വാക്കുകൾ വെറും വാക്കുകൾ മാത്രമല്ലെന്നും വ്യക്തമായ അർത്ഥബോധം സൃഷ്ടിക്കുന്നവയാണെന്നുമുള്ള വ്യംഗ്യാർത്ഥമാണ് ഇവിടെ മുഖ്യമായിത്തീരുന്നത്. നന്നങ്ങാടി എന്ന പദത്തെ 'നന്നായി''അങ്ങാടി' എന്നിങ്ങനെ രണ്ടായി പിരിച്ച് പുതുനിറങ്ങളും അങ്ങാടിത്തിളക്കവും നല്കി മൃതലോകങ്ങളെ മറച്ചു വയ്ക്കാൻ ഉപയോഗിക്കുന്നു. വാക്കിന്റെ പ്രയോജനത്തെ ധ്വനിപ്പിക്കുകയാണ് നന്നങ്ങാടി എന്ന പദത്തിലൂടെ എന്നതിനാൽ അവിടെ ലക്ഷണാമൂലധ്വനി.

അമ്മത്തൊട്ടിൽ എന്ന കവിതയിൽ

*ഇപ്പോൾ വിജനമായീ തെരുവീഥികൾ*
*ആകാശഗോപുരങ്ങൾക്കു താഴത്തവ*
*നാളേക്കു വേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു*
*ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)*
*തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു.*
*പെറ്റു കിടക്കും തെരുവു പട്ടിയ്ക്കെന്തൊ*
*രൂറ്റം കുരച്ചത് ചാടിക്കുതിയ്ക്കുന്നു.*

നഗരമധ്യത്തിലെ വലിയ മാളിനു മുന്നിലുള്ള ആളൊഴിഞ്ഞ പ്രദേശത്ത് അമ്മയെ ഇറക്കി വിടാൻ നോക്കിയപ്പോൾ പ്രതിഷേധവുമായി കടന്നു വരുന്നത് തെരുവുപട്ടികളാണ്. അവർ ഊറ്റത്തോടെ കുരച്ചു ചാടുമ്പോൾ അത് നിരാലംബരായ അമ്മമാർക്കു വേണ്ടിയുള്ള പ്രതിഷേധമായി മാറുന്നു. തെരുവുപട്ടികൾ അലോസരം സൃഷ്ടിക്കുമ്പോൾ നഗരത്തിലെ 'പെരുംമാൾ' പ്രലോഭനമായിത്തീരുന്നു. ഇവിടെ വാച്യമായ അർത്ഥതലത്തിനൊപ്പം തന്നെ വ്യംഗ്യമായ അർത്ഥത്തിനും സ്ഥാനമുള്ളതായി കാണാം. വമ്പൻ മാളുകൾ കച്ചവട സംസ്കാരത്തിൽ പുതിയ അദ്ധ്യായങ്ങൾ സൃഷ്ടിച്ചവയാണ്. ഇത്തരം കച്ചവടസമുച്ചയ ങ്ങളാണ് വർത്തമാനകാലത്തിന്റെ ആരാധനാമൂർത്തികൾ. മാളുകൾ പെരുമാക്കന്മാരായി ത്തീരുന്ന സാഹചര്യത്തിൽ ഉപയോഗിച്ചു പഴകിയ വസ്തുക്കൾ പാഴ്വസ്തുക്കളാവുകയും മൂല്യമില്ലാതായിത്തീരുകയും ചെയ്യുന്നു. അവയെ ഉപേക്ഷിക്കുമ്പോഴാണ് മാളുകളിലെ പുതുമയുള്ളതും ആകർഷണീയവും മനോഹരവുമായ വസ്തുക്കൾ കൊണ്ട് മനസ്സും വീടും നിറയ്ക്കാൻ സാധിക്കൂ. അങ്ങനെയാണ് 'പെരുംമാൾ' പെരുമാളായിത്തീരുന്നതെന്ന് കാണാം. ഇത്തരം ധ്വനിപ്രയോഗങ്ങൾ പുതുകവിതകളിൽ ധാരാളമുണ്ട്.

ഗിരിജ പി പാതേക്കരയുടെ ടച്ച് മീ നോട്ട് എന്ന കവിതയിൽ

*അതൊരാജ്ഞയാണ്*
*'തൊടരുതെന്നെ'യെന്ന*
*ആയിരം മുള്ളുകളുള്ള*
*ഒരാജ്ഞ!*

എന്നിങ്ങനെ കവയിത്രി രേഖപ്പെടുത്തുമ്പോൾ അത് വാച്യാർഥത്തിനൊപ്പം തന്നെ വിവക്ഷിതമായ മറ്റൊരർത്ഥത്തിലേക്കു കൂടി വ്യംഗ്യാർഥത്തിലേക്കു കൂടി നയിക്കുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അത്രയും കാലം സ്ത്രീയനുഭവിച്ച യാതനകളുടെയും വേദനകളുടെയും സഹനത്തിന്റെയും ഭൂമികയിൽ നിന്ന് അവൾക്ക് പ്രതിരോധത്തിന്റെ കടുത്ത ഭാഷ്യങ്ങൾ സൃഷ്ടിക്കേണ്ടി വരുന്നു എന്ന ധ്വനിയിലേക്കാണ് തൊടരുതെന്നെയെന്ന ആയിരം മുള്ളുകളുള്ള ആ ആജ്ഞ നയിക്കുന്നത്. ആ വ്യംഗ്യാർത്ഥം ഒരാളു മാത്രമല്ല മുഴുവൻ സ്ത്രീവർഗ്ഗത്തിന്റെയും പ്രതികരണമാണെന്ന് കവി ധ്വനിപ്പിക്കുന്നു.

പാരഡി എന്ന കവിതയിൽ ഗിരിജ പി പാതേക്കര രേഖപ്പെടുത്തുന്നത് നോക്കുക

*സ്നേഹമാണഖില*
*ഭാരമൂഴിയിൽ*
*ഈ ഭാരമാണഖില*
*സാരമൂഴിയിൽ.*

ആശാന്റെ വരികളുടെ പാരഡിയാണെങ്കിലും സ്നേഹം ഭാരമാകുന്നതിന്റെയും ആ ഭാരം ജീവിതം മുഴുവൻ ചുമക്കേണ്ടി വരുകയും ചെയ്യുന്ന സ്ത്രീജീവിതം എന്ന വ്യംഗ്യാർത്ഥത്തിലേക്ക് കവിത നയിക്കുന്നു. വാച്യാർത്ഥത്തിനൊപ്പം തന്നെ വ്യംഗ്യാർത്ഥത്തിനും ഇവിടെ പ്രാധാന്യം കൈവരുന്നു.

പെൺപിറവി എന്ന കവിതയിലേക്ക് വരുമ്പോൾ

*ഞാനിപ്പോൾ പിറന്നതേയുള്ളൂ*
*പറഞ്ഞു തുടങ്ങുന്നതേയുള്ളൂ*
*നടന്നു പഠിക്കുന്നതേയുള്ളൂ*
*ഇനി ഊഴം എന്റെതാണ്.*

ഈ വരികളിൽ പുതു പെൺജീവിതങ്ങളുടെ ഉറച്ച അടയാളപ്പെടുത്തലുകളായി മാറുന്നു. സ്ത്രീയുടെ ഉയിർത്തെഴുന്നേല്പിന്റെ ഉറച്ച സ്വരം എന്ന വാച്യാർത്ഥത്തെക്കാൾ ആൺകോയ്മകളോടുള്ള വെല്ലുവിളിയും അവൾക്ക് തന്റെ സ്വത്വബോധത്തിലുള്ള ഉറച്ച വിശ്വാസം ഉൾച്ചേർന്ന വ്യംഗ്യാർത്ഥം ഇവിടെ ധ്വനിക്കുന്നുണ്ട്.

ഗിരിജ പി പാതേക്കരയുടെ കൊണ്ടാട്ടം എന്ന മറ്റൊരു കവിതയിൽ

*ബാക്കി വന്ന*
*ചോരയും നീരും*
*കത്തുന്ന വെയിലും*
*ഊറ്റിയെടുത്തു*
*അങ്ങനെ ഞാൻ*
*കറുത്തുണങ്ങി*
*കൊണ്ടാട്ടമായി മാറി.*

എന്ന വരികൾ വാച്യാർത്ഥത്തിനപ്പുറം ധ്വനിപ്പിക്കുന്നത് വീട്ടിനുള്ളിലും സമൂഹത്തിലും ചോരയും നീരും വറ്റി തന്റെ അദ്ധ്വാനവും ജീവിതവും സമർപ്പിക്കുന്ന സ്ത്രീയുടെ

അവസ്ഥയെയാണ്. കറുത്തുണങ്ങി കൊണ്ടാട്ടമായി മാറി എന്നത് ശാരീരികക്ഷീണം എന്ന വാച്യാർത്ഥത്തിനപ്പുറം മാനസികോർജ്ജവും കരുത്തും പ്രസരിപ്പും നഷ്ടപ്പെട്ട് എല്ലാവരാലും ഉപയോഗിക്കപ്പെട്ടവളായി തീരുന്നവളാണ് സ്ത്രീ എന്ന വ്യംഗ്യാർത്ഥം കൂടി ഉൾക്കൊള്ളുന്നു.

കാവ്യത്തിന്റെ ആത്മാവ് ധ്വനിയാണ് എന്നാണ് ആചാര്യമതം. ധ്വനി എന്നത് പിശുക്കന്റെ സമ്പാദ്യം പോലെ ക്രമമായി വളരുന്ന ഒന്നാണ്. പദശക്തികളുടെയും അർഥ കല്പനകളുടെയും വലിയ ലോകമാണ് ധ്വനിസിദ്ധാന്തം തുറന്നിടുന്നത്. കാവ്യാനുഭവത്തെ സംബന്ധിച്ച് പുതിയ പരിപ്രേക്ഷ്യങ്ങളെ സൃഷ്ടിച്ച പുതുകവിതകളിലും ധ്വനിസിദ്ധാന്തത്തിന്റെ അനുരണനങ്ങൾ കാണാൻ കഴിയും. പുതുകവിതയെ സംബന്ധിച്ച് ധ്വനിസിദ്ധാന്തത്തിന്റെ പ്രായോഗികതലത്തെ കുറിച്ചുള്ള അന്വേഷണം ആസ്വാദകനെ വാച്യത്തിനു വ്യംഗ്യത്തോടുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതിന് സഹായകരമായി തീർന്നു. കാവ്യാസ്വാദകന്റെ മനോഘടനയിൽ രസജ്ഞതയെ കുറിച്ചുള്ള അന്വേഷണങ്ങൾക്ക് വഴി തെളിക്കുകയും സഹൃദയത്വത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്തു.

## സഹായക ഗ്രന്ഥങ്ങൾ

1. *ഡോ ചാത്തനാത്ത് അച്ചുതനുണ്ണി, ധ്വന്യാലോകം പഠനം, പരിഭാഷ, വള്ളത്തോൾ വിദ്യാപീഠം, 2019*
2. *ജോസഫ്, എസ്, ഐഡന്റിറ്റി കാർഡ്, ഡി. സി ബുക്സ്, കോട്ടയം, 2005*
3. *ജോസഫ്, എസ്, ഉപ്പന്റെ കൂവൽ വരയ്ക്കുന്നു, ഡി സി ബുക്സ്, 2009*
4. *ജോസഫ്, എസ്, മീൻകാരൻ, ഡി സി ബുക്സ്, കോട്ടയം, 2003*
5. *റഫീക്ക് അഹമ്മദ്, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, ഡി സി ബുക്സ്, 2009*
6. *ഗിരിജ പി പാതേക്കര, പെൺ പിറവി, ഡി സി ബുക്സ്, കോട്ടയം, 2012.*

# അഞ്ചുതമ്പുരാൻപാട്ട്: വേണാടിന്റെ വേറിട്ട ചരിത്രകാഴ്ചകൾ

**ഡോ. ബി.എസ്. ബിനു**
മലയാളവിഭാഗം, മഹാത്മാഗാന്ധികോളേജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

തെക്കൻകഥാഗാനങ്ങളിൽ ചരിത്രമൂല്യം പേറുന്ന പാട്ടുകാവ്യങ്ങളിൽ പ്രധാന പ്പെട്ടതാണ് അഞ്ചുതമ്പുരാൻപാട്ട്. വേണാടിന്റെ വിവിധ ശാഖകളിൽപ്പെട്ട രാജാക്കന്മാരുടെ വൈരമാത്സര്യങ്ങളും അധികാരത്തർക്കങ്ങളും ഇതിൽ ആഖ്യാനം ചെയ്തിട്ടുണ്ട്. എഴുതപ്പെട്ട ചരിത്രത്തിന്റെ നിശ്ശബ്ദതകളെ പൂരിപ്പി ക്കാനും മങ്ങലുകളെ പ്രകാശപൂരിതമാക്കാനും ഇത്തരം ചരിത്രഗാഥകൾക്കു കഴിയുന്നു.

***താക്കോൽവാക്കുകൾ:*** വേണാട്, രവിവർമ്മസംഗ്രാമധീരൻ, വേണാടിന്റെ ശാഖകൾ, അഞ്ചുതമ്പുരാൻപാട്ട്, ചീരാട്ടുപോര്, മാടമ്പുകഥ, ഏർവാടിപ്പോര്, പെരുങ്കുളത്തുപോര്, തൃപ്പാപ്പൂർ, ദേശിംഗനാട്, കളൈക്കാട്, കഴക്കൂട്ടത്തുപിള്ള, ഇരുപ്പുക്കൊടിമാടൻ.

വേണാടിന്റെ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന ഒരു പ്രധാന തെക്കൻകഥാ ഗാനമാണ് അഞ്ചുതമ്പുരാൻപാട്ട്. മാതൃഭൂമിയുടെ പേരും പെരുമയും പരദേശങ്ങളിൽ പ്പോലും പരത്തിയ വേണാട്ടുരാജാവാണ് രവിവർമ്മ കുലശേഖരൻ. ദക്ഷിണഭാരത ചക്രവർത്തിപദം അദ്ദേഹം അലങ്കരിച്ചു. രവിവർമ്മ സംഗ്രാമധീരനുശേഷം വേണാടിന്റെ പ്രതാപം മങ്ങിത്തുടങ്ങി. ഉദയമാർത്താണ്ഡവർമ്മ, ഇരവി ആദിത്യവർമ്മ, ഇരവി രവിവർമ്മ എന്നിവർ കൊല്ലം കേന്ദ്രമാക്കി വേണാടു ഭരിച്ചെങ്കിലും അവർക്കാർക്കും രവിവർമ്മകുല ശേഖരന്റെ ശക്തിപ്രഭാവങ്ങളുടെ അടുത്തെത്താൻ കഴിഞ്ഞില്ല. ഇവരിൽ ഇരവിരവിവർമ്മ 1375 വരെ ഭരണം നടത്തി. അതിനുശേഷം ആരും വേണാട്ടുരാജാവെന്ന പേരിൽ അറിയ പ്പെട്ടില്ല. കീഴ്പേരൂർ രാജകുടുംബം കൊല്ലം എന്നും തൃപ്പാപ്പൂർ എന്നും രണ്ടു താവഴികളായിപ്പിരിഞ്ഞതാണ് അതിനുകാരണം. തൃപ്പാപ്പൂരിന്റെ ആസ്ഥാനം ആറ്റിങ്ങലും

ഭരണതലസ്ഥാനം തിരുവിതാങ്കോടും (പിൽക്കാലത്ത് കൽക്കുളം/ ഇന്നത്തെ പദ്മനാഭ പുരം) ആയിരുന്നു. വേണാടിന്റെ തലസ്ഥാനമായിരുന്ന കൊല്ലം ആസ്ഥാനമാക്കി മറ്റേ ശാഖ ഭരണം തുടർന്നു. തന്മൂലം അതു കൊല്ലം ശാഖ എന്ന പേരിലറിയപ്പെട്ടു. കൊല്ലം ശാഖ പിന്നീടു ദേശിംഗ(ജയസിംഹ/ചേതുങ്ക)നാടു താവഴിയെന്നാണ് അറിയപ്പെട്ടത്. രവിവർമ്മകുലശേഖര ചക്രവർത്തിക്ക് പാണ്ഡ്യരാജകുമാരിയിൽപ്പിറന്ന പുത്രപൗത്രന്മാർ ജയസിംഹന്മാർ എന്ന പേരിലറിയപ്പെട്ടിരുന്നു. സഹ്യപർവതത്തിനു കിഴക്കുള്ള മുള്ളിനാടിന്റെ ഭരണാധികാരികളായി അവർ ഭരണം നടത്തി. ജയസിംഹന്മാർ മുള്ളിനാടു ഭരിച്ചതിലൂടെ ആ പ്രദേശം ജയസിംഹനാട് (ചേതുങ്കനാട്) എന്ന പേരിൽ അറിയപ്പെട്ടു. ഇന്നത്തെ തിരുനെൽവേലി ജില്ലയിൽപ്പെട്ട കളെക്കാടാണ് ജയസിംഹനാടിന്റെ ആസ്ഥാനം. കളെക്കാട്ടു രാജാക്കന്മാരായ ജയസിംഹന്മാർ കീഴ്പ്പേരൂരിന്റെ കൊല്ലം താവഴിയിൽനിന്നും, കൊല്ലത്തെ രാജാക്കന്മാർ കളെക്കാട്ടു ശാഖയിൽനിന്നും വിവാഹം കഴിക്കുക പതിവായിരുന്നു. ക്രമേണ ഇരു രാജവംശങ്ങളും തമ്മിൽ കൂടുതൽ അടുക്കുകയും, കൊല്ലം താവഴിക്ക് ദേശിംഗനാട്ടുസ്വരൂപമെന്നു പേർ ലഭിക്കുകയും ചെയ്തു. അങ്ങനെ, കൊല്ലം താവഴിയുടെ മുഖ്യതലസ്ഥാനം കൊല്ലവും ഉപതലസ്ഥാനം കളെക്കാടുമായി. കൊല്ലം താവഴിയുടെ കീഴിലുള്ള കളെക്കാട്ടു സ്വരൂപത്തിന് പശ്ചിമഘട്ടത്തിനു കിഴക്കും പടിഞ്ഞാറുമുള്ള രണ്ടുഭാഗമുണ്ടായിരുന്നു. കിഴക്കുള്ള പ്രദേശങ്ങൾ മുള്ളിനാടെന്നും പടിഞ്ഞാറുള്ള പ്രദേശങ്ങൾ നാഞ്ചിനാടെന്നും അറിയപ്പെട്ടു. തൃപ്പാപ്പൂർ ശാഖയുടെ കീഴിലുള്ള ചിറവാസ്വരൂപം ആദ്യകാലത്ത് തിരുവിതാങ്കോട് (കേരളപുരം) ആസ്ഥാനമാക്കി ഭരണം നടത്തിയതിനാൽ അതിന് തിരുവിതാങ്കോട്ടു സ്വരൂപമെന്നും പേരുണ്ടായി. പിന്നീട് തലസ്ഥാനം അവിടെനിന്നു കൽക്കുളത്തേക്കു മാറ്റിസ്ഥാപിച്ചു. ദേശിംഗനാട്ടുസ്വരൂപ ത്തിന്റെ അധീനതയിലായിരുന്ന നാഞ്ചിനാട് പിൽക്കാലത്ത് തൃപ്പാപ്പൂർ ശാഖയ്ക്കു ലഭിച്ചു വെന്ന് ചരിത്രം.

കൊല്ലവർഷം എട്ടാം ശതകത്തിൽ വേണാടിന്റെ വിവിധശാഖകളിൽപ്പെട്ട രാജ കുടുംബാംഗങ്ങൾ തമ്മിലുള്ള അന്തഃഛിദ്രങ്ങൾ പ്രതിപാദിക്കുന്നതാണ് അഞ്ചുതമ്പുരാൻ പാട്ട്. പാണ്ഡ്യരാജചരിത്രത്തിൽ അഞ്ചുരാജാക്കന്മാർക്ക് പ്രാധാന്യമുണ്ട്. ഉലകുടയ പെരുമാൾക്കഥയും കുലശേഖരപാണ്ഡ്യന്റെ പാട്ടും മറ്റും അതിനു പ്രകടമായ ഉദാഹരണ ങ്ങളാണ്. തമിഴിൽ 'ഐവർരാചാക്കൾക്കതൈ' എന്ന പാട്ടുകഥയ്ക്ക് നല്ല പ്രസിദ്ധിയുണ്ട്. ഗവേഷകവര്യനായ മഹാകവി ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ പരാമർശിക്കുന്ന അഞ്ചുതമ്പുരാൻപാട്ട് തമിഴിലെ ഐവർ രാചാക്കൾക്കഥയിൽനിന്നു തീർത്തും വ്യത്യസ്തമാണ്. തമിഴിൽ ഐവർരാചാക്കൾക്കതൈ 1974ൽ വാനമാമലൈ പ്രസിദ്ധപ്പെടു ത്തിയിട്ടുണ്ട്. മധുര ആസ്ഥാനമാക്കി പാണ്ഡ്യസാമ്രാജ്യം സ്ഥാപിച്ച കുലശേഖരപാണ്ഡ്യന്റെ ചരിത്രം വിവരിച്ചുകൊണ്ടാണ് ഇതിന്റെ ആരംഭം. പാടുംപരചി എന്ന സുന്ദരിയും കലാകാരിയുമായ യുവതിയിൽ അനുരക്തനായ അദ്ദേഹം അവളെ വിവാഹം കഴിക്കു കയും വള്ളിയൂരിൽ ഒരു കോട്ടകെട്ടി തന്റെ പ്രിയതമയ്ക്കു സമ്മാനിക്കുകയും ചെയ്ത ശേഷം, കുലശേഖരൻ മധുരയിലേക്കു തിരിച്ചുപോയി. അദ്ദേഹത്തിന്റെ പിൻതലമുറയിൽ പൊന്നുംപാണ്ഡ്യകുലശേഖരൻ ഉൾപ്പെടെ അഞ്ചു സഹോദരന്മാർ പിറക്കുന്നു. ഇവരാണ് കഥയിലെ ഐവർ രാജാക്കന്മാർ. മധുരയുടെ ചരിതം, പാടുംപരചിക്കഥ, വീണാതി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

വീണൻകഥ, കന്നടിയനും പൊന്നുംപാണ്ഡ്യകുലശേഖരനും തമ്മിലുള്ള യുദ്ധം എന്നിവയാണ് ഐവർരാചാക്കൾക്കഥയിൽ പ്രതിപാദിക്കുന്നത്. ഇതിനു വേണാടിന്റെ ചരിത്രവുമായി നേരിട്ടു ബന്ധമില്ല.

അഞ്ചുതമ്പുരാൻപാട്ടിൽ നാലുഭാഗങ്ങളുണ്ട്. (1) ചീരാട്ടുപോര്, (2) മാടമ്പുകഥ, (3) ഏർവാടിപ്പോര്, (4) പെരുങ്കുളത്തുപോര്. പരരാമവർമ്മ എന്ന തിരുവിതാങ്കോട്ടുരാജാവ് ഓടനാട് (കായങ്കുളം) ശാഖയിൽപ്പെട്ട ആദിത്യവർമ്മനെയും ഉണ്ണിക്കേരളവർമ്മനെയും തൃപ്പാപ്പൂരിലേക്കു ദത്തെടുത്തു. അവർക്കു പറയത്തക്ക യുദ്ധവൈദഗ്ധ്യമോ കായികബലമോ ഉണ്ടായിരുന്നില്ല. ഇതിനിടയിൽ പരരാമവർമ്മൻ യുദ്ധത്തിൽ മരണപ്പെട്ടു. അടുത്ത അവകാശി പരരാമ ആദിത്യവർമ്മനായിരുന്നു. എന്നാൽ ദത്തുവന്നവരിൽ മൂത്തയാളായ ആദിത്യവർമ്മൻ (ഇദ്ദേഹത്തെ വഞ്ചി ആദിത്യവർമ്മൻ എന്നാണു വിളിച്ചിരുന്നത്) തനിക്കു പകുതിരാജ്യം വേണമെന്നു ശഠിച്ചു. പരരാമ ആദിത്യവർമ്മ അതിനു വഴങ്ങിയില്ല. അപ്പോൾ, നാടുനീങ്ങിയ പരരാമവർമ്മരാജാവിന്റെ തിരുമാസംപോലും നടത്താൻ സമ്മതിക്കുകയില്ലെന്ന് വഞ്ചി ആദിത്യവർമ്മനും ഉണ്ണിക്കേരളവർമ്മനും പ്രഖ്യാപിച്ചു. അതോടെ നാടുവാഴുന്ന പരരാമ ആദിത്യവർമ്മ വിഷമാവസ്ഥയിലുമായി. ഉടൻതന്നെ മന്ത്രിയായ കഴക്കൂട്ടത്തുപിള്ളയെ അദ്ദേഹം ആളയച്ചുവരുത്തി. ഇരുപ്പുക്കൊടി തെങ്കൈലപ്പെരുമാൾപ്പിള്ള എന്നാണ് വിശ്വസ്തനായ അന്നത്തെ കഴക്കൂട്ടത്തുപിള്ളയുടെ പേർ. രാജാജ്ഞപ്രകാരം വലിയ സേനയോടെ കേരളപുരത്തെത്തിയ പിള്ള താമസംവിനാ പരരാമ ആദിത്യവർമ്മരാജാവിനെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്നു. ഇക്കാര്യങ്ങൾ ചീരാട്ടുപോരിൽ പ്രതിപാദിക്കുന്നത്.

കൊല്ലവർഷം 700മാണ്ടിടയ്ക്ക് തിരുവിതാങ്കോടു വാണിരുന്ന രാജാവാണ് സകലകലാമാർത്താണ്ഡവർമ്മ. അദ്ദേഹത്തിന് ആദിത്യവർമ്മൻ എന്ന പേരിൽ ഒരു മരുമകൻ പിറന്നു പലകലാ ആദിത്യവർമ്മൻ എന്നാണ് അദ്ദേഹം അറിയപ്പെട്ടത്. ആദിത്യവർമ്മന്റെ തിരുമാടമ്പിനുള്ള കാലം സമാഗതമാവുകയാൽ അതു നടത്തിച്ച് തിരുവിതാങ്കോട്ടു രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുവരാൻ രാജപ്രതിനിധിയായി കഴക്കൂട്ടത്തുപിള്ളയെ ആറ്റിങ്ങലേക്ക് അയച്ചു. ആറ്റിങ്ങൽ അമ്മത്തമ്പുരാൻ ആദ്യം പല ഒഴിവുകഴിവുകൾ പറഞ്ഞെങ്കിലും, മന്ത്രിയായ മാമ്പള്ളിപ്പണ്ടാരത്തിന്റെ ഉപദേശപ്രകാരം തിരുമാടമ്പു നടത്തിക്കുകയും ചെയ്യുന്നു. ഇതാണ് മാടമ്പുകഥയിലെ പ്രതിപാദ്യം.

കൊല്ലം താവഴിയുടെ കളൈക്കാട്ടുസ്വരൂപത്തിൽപ്പെട്ട ഭൂതലവീരരവിവർമ്മാവിന്റെ ചില പ്രദേശങ്ങൾ ചങ്കിലി മാർത്താണ്ഡവർമ്മൻ പിടിച്ചെടുത്ത് അദ്ദേഹത്തെ പലവിധത്തിൽ കഷ്ടപ്പെടുത്തി. കളൈക്കാട്ടുരാജാവായ രവിവർമ്മ തന്റെ ബന്ധുവായ തിരുവിതാങ്കോട്ടെ സകലകലാമാർത്താണ്ഡവർമ്മ രാജാവിനെ ശരണം പ്രാപിച്ചു. ബന്ധുവിന്റെ വൈഷമ്യം മനസ്സിലാക്കിയ സകലകല, ഭാഗിനേയനായ പലകലാ ആദിത്യവർമ്മനെ അദ്ദേഹത്തിനു സഹായിയായി അയച്ചു. പെരുങ്കുളത്തും ഏർവാടിയിലും വച്ചുനടന്ന യുദ്ധങ്ങളിൽ കഴക്കൂട്ടത്തു കലയപ്പെരുമാളിന്റെ സഹായത്തോടെ പലകല തന്റെ ദൗത്യം നിറവേറ്റി. ചങ്കിലി മാർത്താണ്ഡൻ യുദ്ധത്തിൽ തോറ്റു. അതോടെ രവിവർമ്മയുടെ വൈഷമ്യം ഇല്ലാതായി. തന്റെ ദൗത്യം നിറവേറ്റി തിരുവിതാങ്കോട്ടു തിരിച്ചെത്തിയ പലകലയ്ക്ക്

അധികം താമസിയാതെ അധികാരമോഹമുദിച്ചു. അദ്ദേഹത്തിനു തിരുവിതാങ്കോട്ടു രാജ സിംഹാസനം അലങ്കരിക്കണമെന്ന ദുരാഗ്രഹം കലശലായി. നാടുവാഴുന്ന അമ്മാവനെ തിരെ മരുമകൻ തന്റെ സഹായികളോടൊപ്പം പല പദ്ധതികളും ആസൂത്രണം ചെയ്തു. അവസാനം, ആഭിചാരപ്രയോഗത്തിലൂടെ സകലകലാമാർത്താണ്ഡവർമ്മയെ ഇളയരാജാവ് കൊല്ലിക്കുകയാണുണ്ടായത്. നാടുവാണ മഹാരാജന്റെ ആകസ്മികമരണം രാജ്യഭക്ത ന്മാരെ ഞെട്ടിച്ചു. ഇതിനു പകരം ചോദിക്കാനെത്തിയ കഴക്കൂട്ടത്തുപിള്ളയെയും കന്നൻ പുലിക്കൊടി ഇരവിപ്പിള്ള എന്ന മന്ത്രിയുടെ ഏഷണിക്കു വശപ്പെട്ടു കൊല്ലിക്കുക യാണുണ്ടായത്. എന്നാൽ ഇത്തരം ദുഷ്കർമ്മങ്ങളുടെ ഫലം പലകലാ ആദിത്യവർമ്മനു ലഭിച്ചുവെന്നാണ് പാട്ടിൽ കാണുന്നത്. പളുകൽ പെരുമണ്ണാൻ എന്ന മാന്ത്രികന്റെ

*മാമനുക്കു വിട്ടൊരു പേയ്*
*മരുമകനിടത്തിലും ചെല്ലുവാരം.*

ഈ ബാധയെ പിടിച്ചുകെട്ടാൻ പരശുവയ്ക്കൽ പറമണ്ണാനെ രാജാവ് ആളയച്ചുവരുത്തി. ആ മന്ത്രവാദി ബാധയെ പിടിച്ചുകെട്ടിക്കൊണ്ടുപോയെങ്കിലും, ബാധ തിരികെവന്ന് പല കലയെ വധിക്കുന്നു. അതിനുശേഷം അവരെല്ലാം ദേവതമാരായി തിരിച്ചുവന്ന് ഇരവിപ്പിള്ള യെയും കുടുംബത്തെയും കൊല്ലുകയും, ഒടുവിൽ ജനങ്ങൾ നൽകിയ ഊട്ടും പാട്ടും പറ്റി ഓരോരോ സ്ഥാനങ്ങളിൽ ആരാധ്യരാകുകയും ചെയ്യുന്നു. തിരുനെൽവേലി ജില്ല യിലെ ഏർവാടിയിലും പെരുങ്കുളത്തും വച്ച് പലകലാആദിത്യവർമ്മയും ചങ്കിലി മാർത്താണ്ഡവർമ്മയും തമ്മിൽ നടക്കുന്ന യുദ്ധങ്ങളും അനന്തരസംഭവങ്ങളും വിവരിക്കുന്നതിനാലാണ് ഈ ഭാഗങ്ങൾക്ക് ഏർവാടിപ്പോര്, പെരുങ്കുളത്തുപോര് എന്നീ പേരുകൾ നൽകിയിരിക്കുന്നത്.

അഞ്ചുതമ്പുരാൻപാട്ടിലെ നാലുഭാഗങ്ങളിലായി സകലകലാ മാർത്താണ്ഡവർമ്മ, പലകലാ ആദിത്യവർമ്മ, പരരാമവർമ്മ, പരരാമ ആദിത്യവർമ്മ, വഞ്ചി ആദിത്യവർമ്മ, ഉണ്ണിക്കേരളവർമ്മ, ഭൂതലവീരരവിവർമ്മ, ചങ്കിലി മാർത്താണ്ഡവർമ്മ എന്നീ രാജാക്കന്മാരെ കണ്ടുമുട്ടുന്നു. ഇവരിൽ സകലകല, പലകല, പരരാമവർമ്മ, പരരാമ ആദിത്യവർമ്മ, രവിവർമ്മ എന്നീ അഞ്ചുതമ്പുരാന്മാർക്കാണ് പ്രാധാന്യം. ഈ അഞ്ചുതമ്പുരാന്മാരുടെ ചരിത്രമായതിനാലായിരിക്കണം അഞ്ചുതമ്പുരാൻപാട്ട് എന്ന പേര് കൈവന്നത്. ചരിത്രസംഭവങ്ങളെ പാട്ടുകഥകളാക്കുമ്പോൾ സംഭവിക്കാവുന്ന ചില അതിഭാവുകത്വങ്ങൾ അഞ്ചുതമ്പുരാൻപാട്ടിലും കണ്ടേക്കാം. എങ്കിലും, വേണാടിന്റെ ചരിത്രം സംബന്ധിച്ച് ഒരനർഘമായ നിധികുംഭം തന്നെയാണ് അത്. വേണാടിന്റെ താവഴികളുടെ അക്കാലത്തെ ചരിത്രവുമായി ബന്ധപ്പെടുത്തി അഞ്ചുതമ്പുരാൻപാട്ടിനെ കൂടുതൽ പഠിക്കേണ്ടതുണ്ട്.

പാട്ടിൽ പരാമർശിക്കപ്പെട്ട സകലകലാ മാർത്താണ്ഡവർമ്മ, പലകലാ ആദിത്യവർമ്മ എന്നിവരെക്കുറിച്ച് ചരിത്രഗ്രന്ഥങ്ങളിൽ വിവരണങ്ങളുണ്ട്. ഇതിൽ ആദിത്യവർമ്മൻ 1532 മുതൽ 1544 വരെ തിരുവിതാങ്കോട്ടുരാജാവായിരുന്നു. ആദിത്യവർമ്മയുടെ അമ്മാവനാണ് മാർത്താണ്ഡവർമ്മയെന്നു പാട്ടിൽ കാണുന്നതിനാൽ 1532നു മുമ്പ് അദ്ദേഹം രാജ്യം ഭരിച്ചുവെന്നു നിശ്ചയിക്കാം. തൃപ്പാപ്പൂർ സ്വരൂപത്തിലെ സകലകലാമാർത്താണ്ഡ വർമ്മയെക്കുറിച്ച് നാഗമയ്യ (Travancore State Manual) യും പാച്ചുമൂത്തതും (തിരുവിതാം

കൂർ ചരിത്രം) പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹം കൊല്ലം താവഴിയിൽപ്പെട്ട ജയസിംഹ കേരളവർമ്മയ്ക്കും ഭൂതലവീര ഉദയമാർത്താണ്ഡവർമ്മയ്ക്കുമിടയിലായി തൃപ്പാപ്പൂർ മൂപ്പും വഹിച്ചിരിക്കാം. സകലകലയെ വധിച്ചശേഷം പലകല ചിറവാ മൂപ്പേറ്റു. 1544മാണ്ടിടയ്ക്കു വിജയനഗരസേനയെ നേരിട്ട അഞ്ചു തിരുവടിമാരിലൊരാൾ പലകലയാണ്. ഈ യുദ്ധ ത്തിലാകാം അദ്ദേഹം മരിച്ചത്. പാട്ടുകാരന്റെ ഭാവനയിൽ അമ്മാവനെ വധിച്ചതിനു കിട്ടിയ തിക്തഫലമായി അതു മാറുന്നുവെന്നു മാത്രം. പലകലാ ആദിത്യവർമ്മയ്ക്കുശേഷം തിരുവിതാങ്കോട്ട് ചിറവാമൂപ്പു വഹിച്ചത് മാർത്താണ്ഡവർമ്മ (1544-1554) എന്ന രാജാവാണ്. തുടർന്ന് രാജ്യം ഭരിക്കുന്നത് പാട്ടിലെ ചീരാട്ടുപോരിൽ പരാമർശിക്കപ്പെടുന്ന വഞ്ചി ആദിത്യവർമ്മനാണെന്നു ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നു. അദ്ദേഹം 1554 മുതൽ 1575 വരെ ചിറവാമൂപ്പു വഹിച്ചു. അഞ്ചുതമ്പുരാൻപാട്ടിന്റെ അടിസ്ഥാനത്തിൽ മാർത്താണ്ഡ വർമ്മയ്ക്കും വഞ്ചി ആദിത്യവർമ്മയ്ക്കും ഇടയിലായി പരരാമവർമ്മയും അദ്ദേഹത്തിന്റെ ഭാഗിനേയൻ ആദിത്യവർമ്മയും ഹ്രസ്വകാലത്തേക്കു രാജ്യം ഭരിച്ചിരിക്കാം.

ഏർവാടിപ്പോരിലും പെരുങ്കുളത്തുപോരിലും പരാമർശിക്കപ്പെടുന്ന കളൈക്കാട്ടു ശാഖയിലെ വീരരവിവർമ്മയെയും ചങ്കിലി മാർത്താണ്ഡവർമ്മയെയും ചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ദേശിംഗനാട്ടുതാവഴിയിൽപ്പെട്ട ജയസിംഹകേരളവർമ്മയെയും ഭൂതലവീര ഉദയമാർത്താണ്ഡവർമ്മയെയും പറ്റി നേരത്തേ സൂചിപ്പിച്ചുവല്ലോ. ദേശിംഗനാട്ടു രാജാക്കന്മാരിൽ തലമൂത്തയാൾ കൊല്ലം ആസ്ഥാനമാക്കി രാജ്യം ഭരിക്കുമ്പോൾ ഇളയരാജാക്കന്മാർ കളൈക്കാട്ടു സ്വരൂപത്തിൽ ചിറവാമൂപ്പു വഹിക്കും. ജയസിംഹകേരള വർമ്മന്റെ അനന്തരഗാമിയാണ് ഭൂതലവീര ഉദയമാർത്താണ്ഡവർമ്മൻ. ജയസിംഹകേരള വർമ്മ കളൈക്കാട്ടുനിന്ന് കൊല്ലത്തേക്കു പോയപ്പോൾ ഉദയമാർത്താണ്ഡവർമ്മ കളൈ ക്കാട്ടു സ്വരൂപത്തിലെ ചിറവാമൂപ്പേറ്റു. 'ശങ്കരനാരായണ വെൻറുമൺകൊണ്ട ഭൂതലവീര ഉദയമാർത്താണ്ഡവർമ്മ' എന്നാണ് അദ്ദേഹത്തിന്റെ പൂർണമായ നാമം. ശങ്കരനാരായണൻ ദേശിംഗനാട്ടുരാജാക്കന്മാരുടെ കുലദൈവമാണ്. 'വെൻറുമൺകൊണ്ട' എന്നതിനർഥം 'നാടുപിടിച്ചടക്കിയ' എന്നാണ്. 'ഭൂതലവീരൻ' എന്നതും ദേശിംഗനാട്ടുരാജാക്കന്മാർ സാധാരണ ഉപയോഗിച്ചുപോന്ന മറ്റൊരു വിശേഷണമാണ്. ദേശിംഗനാട്ടുരാജാക്കന്മാർ ഒരേസമയം മക്കത്തായികളും മരുമക്കത്തായികളുമായിരുന്നു. ബാഹ്യവും ആഭ്യന്തരവു മായ പല പ്രശ്നങ്ങൾക്കും ഇതു വഴിവച്ചിട്ടുണ്ട്. ചോളപാണ്ഡ്യവംശങ്ങളിൽനിന്ന് അവർ വിവാഹബന്ധത്തിലേർപ്പെടുകയും അപ്രകാരം ജനിക്കുന്ന പുത്രന്മാർക്ക് നാടിന്റെ ചില ഭാഗങ്ങളിൽ ചിറ്ററചന്മാരായി വാഴാൻ അനുവാദം നൽകുകയും ചെയ്തിരുന്നു. ഉദയമാർത്താണ്ഡവർമ്മയും ഒരു ചോളരാജകുമാരിയെ വിവാഹം കഴിച്ചിരുന്നു. ആ ബന്ധ ത്തിൽ ജനിച്ച പുത്രനാണ് ചങ്കിലി വീരമാർത്താണ്ഡവർമ്മൻ. 1526ൽ ഉദയമാർത്താണ്ഡ വർമ്മ പുത്രൻ വീരമാർത്താണ്ഡവർമ്മയുമായി ആലോചിച്ച് രാജ്യകാര്യങ്ങൾ നിർവഹിക്കു ന്നതായി തെങ്കാശി വിശ്വനാഥക്ഷേത്രത്തിൽ ലിഖിതമുണ്ട്. ചങ്കിലിവീരനുമായി യുദ്ധം ചെയ്ത ഭൂതലവീരരവിവർമ്മന്റെ രണ്ടു ശാസനങ്ങൾ 1537ൽ ശുചീന്ദ്രം ക്ഷേത്രത്തിലും കോട്ടാർ വടിവീശ്വരക്ഷേത്രത്തിലും കാണാം. 'ചേതുങ്കനാടു വെൻറുമൺകൊണ്ട ഭൂതല വീര ശ്രീവീരരവിവർമ്മാ' എന്നാണ് അവയിൽ അദ്ദേഹത്തിന്റെ നാമം രേഖപ്പെടുത്തി യിരിക്കുന്നത്. ഏർവാടിയിലും പെരുങ്കുളത്തും വച്ചുനടന്ന യുദ്ധങ്ങളിൽ ചങ്കിലിവീരനെ

പരാജിതനാക്കിയെന്നും, രവിവർമ്മന്റെ അവകാശം പലകലാ ആദിത്യവർമ്മൻ പുനഃസ്ഥാപിച്ചുവെന്നുമാണല്ലോ അഞ്ചുതമ്പുരാൻപാട്ടിൽ കാണുന്നത്. ഈ സംഭവം നടന്നത് 1542 ാമാണ്ടിടയ്ക്കാണ്. എന്നാൽ മേല്പറഞ്ഞ യുദ്ധങ്ങൾ മൂലം ചങ്കിലിയുടെ അധികാരം പൂർണമായും നഷ്ടപ്പെട്ടിട്ടില്ല. വിജയനഗരത്തിന്റെ സഹായത്തോടെ അദ്ദേഹം രാജ്യാവകാശം വീണ്ടെടുത്തിരിക്കാനിടയുണ്ട്. നാഞ്ചിനാടും മുള്ളിനാടിന്റെ ചില ഭാഗങ്ങളും ദേശിംഗനാട്ടിനു തിരിച്ചുകിട്ടി. 1546ൽ തിരുനെൽവേലി നെല്ലിയപ്പർക്ഷേത്ര ത്തിൽ ചങ്കിലിവീരന്റെ ഒരു ശാസനം കാണാം അതിൽ 'ചേതുങ്ക നാടു ശങ്കരനാരായണ വെൻറുമൺകൊണ്ട ഭൂതലവീര ശ്രീ ചങ്കിലിവീരമാർത്താണ്ഡവർമ്മ ചിറവാമൂത്തതിരുവടി' എന്നാണ് അദ്ദേഹത്തിന്റെ പേർ രേഖപ്പെടുത്തിയിട്ടുള്ളത്.

അഞ്ചുതമ്പുരാൻപാട്ട് പേരു സൂചിപ്പിക്കുന്നതുപോലെ തമ്പുരാന്മാരുടെ കഥകളാണെ ങ്കിലും, നായകന്മാരെക്കാൾ ജ്വലിച്ചു നിൽക്കുന്നത് രാജസേവകനും ദേശഭക്തനും വിശ്വസ്തനും ധീരനുമായ കഴക്കൂട്ടത്തുപിള്ളയാണ്. പാട്ടിലെ നാലുഭാഗത്തും അദ്ദേഹ ത്തിനു നിർണായകമായ സ്ഥാനമുണ്ട്. ഇരപ്പുക്കൊടി തെങ്കൈലപ്പെരുമാൾ എന്നായിരുന്നു ആ മന്ത്രിസത്തമന്റെ ഔദ്യോഗികനാമം. ഇരുമ്പുകൊടി അടയാളമാക്കിയതുകൊണ്ടാണ് പിള്ളയ്ക്ക് ഈ പേർ ലഭിച്ചത്. രാജശക്തിക്ക് എവിടെ ദൗർബല്യവും കോട്ടവും സംഭവി ക്കുന്നുവോ അവിടെയെല്ലാം കരുത്തുറ്റ ശക്തിയായി മാറുകയാണ് ഈ ദേശഭക്തൻ. പിള്ള യുടെ ബുദ്ധിയും കായികശക്തിയും വിശ്വസ്തയും നയതന്ത്രജ്ഞതയും പാട്ടിലുടനീളം കാണാം. അതുകൊണ്ടാണ് മരണശേഷവും അദ്ദേഹം ആരാധ്യനായിമാറിയത്. തന്നോ ടൊപ്പം മൃത്യുവരിച്ച രാജാക്കന്മാരെല്ലാം തമ്പുരാക്കന്മാരായി ആരാധിക്കപ്പെട്ടപ്പോൾ രാജകുടുംബത്തിൽ പിറന്നവനല്ലാത്തതിനാൽ തെങ്കൈലപ്പെരുമാൾപിള്ള മാടൻ സ്വരൂപ ത്തിൽ ദേശത്തിനും ദേശാധിപന്മാർക്കും കാവലാളായി സ്ഥാനം നേടി. ഇരുപ്പുക്കൊടി മാടൻ എന്ന പേരിലാണ് അദ്ദേഹം ആരാധ്യനായത്.

രാജകുടുംബാംഗങ്ങൾ തമ്മിലുള്ള അധികാരവടംവലിയും വഞ്ചനയും ആഭ്യന്തര കലഹങ്ങളും, രാജഭരണത്തെ താങ്ങിനിർത്തുന്ന മാടമ്പിമാരുടെ കൂറും വീര്യബലങ്ങളും വെളിപ്പെടുന്ന ഒരമൂല്യ ചരിത്രരേഖയാണ് അഞ്ചുതമ്പുരാൻപാട്ട്. രാജകുടുംബങ്ങളുടെ ഉത്കൃഷ്ടതയും ഫ്യൂഡൽപ്രഭുക്കന്മാരുടെ വഞ്ചനയും പറഞ്ഞു പഠിപ്പിച്ചവരാണ് കൊട്ടാരം സേവകന്മാരായ പല ചരിത്രകാരന്മാരും. അതു കേട്ടുപഠിച്ച ചരിത്രവിദ്യാർത്ഥികൾക്ക് സത്യം മറിച്ചാണെന്ന് വ്യക്തമാക്കിത്തരുന്ന ഒരുത്തമ ചരിത്ര ഏടാണ് അഞ്ചുതമ്പുരാൻ പാട്ട്.

## ഗ്രന്ഥസൂചി

1. *ഗോവിന്ദപ്പിള്ള സി.പി, മലയാളത്തിലെ പഴയപാട്ടുകൾ, കേരള സാംസ്കാരികവകുപ്പ്, തിരുവനന്തപുരം, 2004.*
2. *പരമേശ്വരയ്യർ ഉള്ളൂർ, കേരളസാഹിത്യചരിത്രം, കേരളസർവകലാശാലാ പ്രസിദ്ധീകരണ വിഭാഗം, തിരുവനന്തപുരം, 1990*
3. *ശിവശങ്കരൻ നായർ കെ, വേണാടും തിരുവിതാംകൂറും, ചിന്താ പബ്ളിക്കേഷൻസ്, തിരുവനന്തപുരം, 2017*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# നാടോടിബിംബങ്ങളുടെ സ്വാധീനം ഇടശ്ശേരിക്കവിതയിൽ

**ഡോ. കെ.മിനി**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളം വിഭാഗം, എൻ.എസ്.എസ് കോളേജ്, പന്തളം

**പ്രബന്ധസംഗ്രഹം**

കവിതയുടെ സൗന്ദര്യത്തിലേക്കും കവിമനസ്സിലേക്കും ഒരേസമയം ഇറങ്ങിച്ചെല്ലാൻ സഹായിക്കുന്നതാണ് കാവ്യബിംബങ്ങൾ. കവിതയിലെ ബിംബകൽപനയെപ്പറ്റിയുള്ള പഠനം സാഹിത്യവിമർശനത്തിൽ അന്തർഭവിക്കുന്നു. ഭാരതീയകാവ്യ സിദ്ധാന്തങ്ങളുമായി ബിംബകല്പനയ്ക്ക് ബന്ധമുണ്ട്. പാശ്ചാത്യർ സാഹിത്യത്തിന്റെ ആന്തരതലത്തിൽ നിന്ന് അന്വേഷണം ആരംഭിക്കുമ്പോൾ പൗരസ്ത്യർ ബാഹ്യതലത്തിൽ നിന്നും അന്വേഷണം ആരംഭിക്കുന്നു. ആവിഷ്ക്കാരത്തിന്റെ പ്രത്യേകതകളിൽ ഭാഷയും അലങ്കാരങ്ങളും ഇമേജുകളും ഉക്തി വൈചിത്ര്യങ്ങളും എല്ലാം ഉൾപ്പെടുന്നു. ഇവയിൽ ഇമേജുകളായി മാറുന്ന അലങ്കാരങ്ങളും അലങ്കാരങ്ങളെന്നു വ്യവഹരിക്കാൻ പറ്റാത്ത ഇമേജുകളുമാണ് പഠനത്തിൽ പ്രാധാന്യം അർഹിക്കുന്നത്. അവയെ കാവ്യബിംബാവലി എന്നോ ഇമേജറി എന്നോ വ്യവഹരിക്കാം. കാവ്യബിംബങ്ങളുടെ പ്രത്യേകതകളും ആവർത്തനവും കവിയുടെ മാനസികവ്യവഹാരങ്ങളേയും കാവ്യരീതിയേയും ഒരേ സമയം കണ്ടെത്താൻ സഹായിക്കുന്നു.

***താക്കോൽവാക്കുകൾ:*** കാവ്യബിംബം, നാടോടിബിംബം, കാർഷിക ബിംബം, ഉത്സവബിംബം, മാതൃബിംബം, മാനുഷികബിംബം, അമ്മദൈവ സങ്കല്പം.

നാടോടി സംസ്കാരവും ജീവിതവുമാണ് ഇടശ്ശേരിക്കവിതയുടെ അടിസ്ഥാനഭൂമിക. വേരാഴ്ത്തിയിറക്കി വൃക്ഷം പടർന്നുപന്തലിക്കുന്നതുപോലെ തന്റെ വീടും നാടും ജോലിയും പ്രകൃതിയും നാട്ടിൻപുറവും പകർന്നുനൽകിയ അനുഭവങ്ങളെയും അനുഭൂതികളെയും സ്വാംശീകരിച്ച് ഇടശ്ശേരി കവിതകളെഴുതി. നാടോടിത്തം നിറഞ്ഞ

പരുക്കൻ ഭാവനയിലൂടെ പരിഷ്കൃതമായ പലതിനെയും പരിക്കേൽപ്പിക്കുന്നതായിരുന്നു ആ കാവ്യപ്രപഞ്ചം. ഗ്രാമീണജീവിതത്തിന്റെ കാഴ്ചകൾ ജീവിതവീക്ഷണത്തിലും കാവ്യജീവിതത്തിലും ഏറെ സ്വാധീനിച്ചിരുന്നു. ജീവിതത്തിന്റെ വൈവിധ്യം, നൈരന്തര്യം എന്നിവയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാനും ദുരന്തത്തെപ്പോലും ഊർജ്ജമാക്കി മാറ്റാനുമുള്ള വൈഭവം സമ്മാനിച്ചത് ഗ്രാമീണജീവിതത്തിന്റെ നാടോടി വാങ്മയങ്ങളും അനുഭവസമ്പത്തും തന്നെയാണ്. നാടോടി ബിംബങ്ങൾ ഇടശ്ശേരിക്കവിതയിൽ എന്ന ഈ പഠനത്തിലൂടെ അദ്ദേഹത്തിന്റെ പല കവിതകളിലും അന്തർലീനമായി കിടക്കുന്ന നാടോടിസംസ്കാരത്തെയും കാവ്യബിംബങ്ങളെയുമാണ് അപഗ്രഥനവിധേയമാക്കുന്നത്.

അനാദികാലം മുതൽക്കേ മനുഷ്യമനസ്സിൽ രൂഢമൂലമായിക്കിടക്കുന്ന ഒന്നാണ് അമ്മ ദൈവ സങ്കല്പം. സംരക്ഷണത്തിന്റെ പ്രതീകമായ അമ്മ തന്നെ സംഹാരകാരിണിയായി മാറുന്നു. അമ്മയുടെ അഥവാ വിശ്വപ്രകൃതിയുടെ ഈ ദ്വന്ദ്വാത്മകഭാവത്തെ സൂചിപ്പിക്കുന്ന എത്രയോ നാടൻ പുരാവൃത്തങ്ങളും ഇതിഹാസപുരാവൃത്തങ്ങളും നമുക്കുണ്ട്. ഭദ്രകാളി, ചാമുണ്ഡി, ശ്രീകുരുംബ എന്നിങ്ങനെ വിവിധങ്ങളായ പേരുകളിൽ പ്രശസ്തങ്ങളായ ഇത്തരം അമ്മദൈവങ്ങളെ കാവുകളിൽ കുടിവെച്ച് നാം ആരാധിക്കുന്നു. ഇടശ്ശേരിയുടെ പൂതപ്പാട്ട്, കാവിലെപാട്ട് എന്നീ കവിതകളിൽ അമ്മയുടെ ദ്വന്ദ്വാത്മക ഭാവം കാണാം. മകരക്കൊയ്ത്ത് കഴിഞ്ഞാൽ വീടുകൾ തോറും കയറിച്ചെന്ന് തുടിയുടെ താളത്തിലും ചിലമ്പിന്റെ കലമ്പലിനുമൊപ്പം നൃത്തം വയ്ക്കുന്ന പൂതപ്പാട്ടിലെ പൂതം സംഹാര ഭാവത്തിൽ നിന്ന് കാരുണ്യത്തിന്റെ മസൃണഭാവത്തിലേക്ക് പരിണമിച്ച മാതൃത്വത്തിന്റെ പ്രതീകമാണ്.

കേരളത്തിലെ ഭഗവതിക്കാവുകളിൽ കളംപാട്ടിന്റെയും വേലയുടെയും താലപ്പൊലി യുടെയും മറ്റ് അനുഷ്ഠാനങ്ങളുടെയും അനുഭവം പകർന്നുതരുന്ന കവിതയാണ് കാവിലെ പ്പാട്ട്. മൺകുടത്തിൽ തുളമ്പിനിൽക്കുന്ന മധു, വിരിഞ്ഞ പൂക്കുല, പഞ്ചവർണ്ണപ്പൊടികൾ കൊണ്ട് തീർത്ത വർണ്ണോജ്ജ്വലമായ കളം, നിറപറ, നിരന്നു കത്തുന്ന നിലവിളക്കിന്റെ വെളിച്ചം, ചെകിടടയുന്ന വെടികളോടൊപ്പം ഉയർന്നുപൊങ്ങുന്ന ചെണ്ടമേളം, നെയ്ത്തിരി കൾ പ്രകാശിക്കുന്ന താലവും ഉള്ളം കയ്യിൽ വച്ചുകൊണ്ട് മന്ദംമന്ദം നീങ്ങുന്ന പെൺകിടാ ങ്ങൾ ഇതെല്ലാം ഗ്രാമീണ സംസ്കാരത്തിന്റെ ഒളിമിന്നുന്ന ബിംബങ്ങളത്രേ.

*സമയമായീസമയമായീ*
*തേരിറങ്ങുകംബേ*
*സകലലോക പാലനൈക*
*സമയമതാലംബേ*

എന്നിങ്ങനെ അമ്മയെ തേരിറങ്ങുവാൻ വേണ്ടി ക്ഷണിക്കുന്ന പാട്ടുകൾ ഇന്നും മലബാറിലെ ശ്രീകുരുംബക്കാവുകളിൽ മുഴങ്ങിക്കേൾക്കാറുണ്ട്. അവിടെ താലപ്പൊലിയോ ടനുബന്ധിച്ച് നടത്താറുള്ള കളംപാട്ടിന്റെ ഹൃദയസ്പർശിയായ അനുഭവം നാടോടി ബിംബങ്ങൾ പകർന്നു തരുന്നു. വാഴത്തടയും കുരുത്തോലയും കൊണ്ടലങ്കരിച്ച ബലി ത്തട്ടിന്റെ മുമ്പിൽ വാളുമായി ഉറഞ്ഞുതുള്ളി നൃത്തം ചവിട്ടുന്ന വെളിച്ചപ്പാട്, അതിനു

പശ്ചാത്തലമായി ശ്രീകുരുംബയുടെ അപദാനങ്ങൾ വാഴ്ത്തുന്ന പാട്ടുമെല്ലാം കേരളീയ ഗ്രാമജീവിതത്തിന്റെ അവിഭാജ്യ സമ്പത്തുകളാണ്. സമൂഹാവബോധത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ഇത്തരം ആദിരൂപങ്ങൾ ഫലപ്രദമായി നാടോടി ബിംബങ്ങളിലൂടെ കവിതയിൽ ആവിഷ്കരിക്കാൻ ഇടശ്ശേരിയെപ്പോലെ നാടോടിസംസ്കാരം ഉൾക്കൊണ്ട ഒരു കവിക്കേ കഴിയൂ.

കരുത്തിന്റെ കവി എഴുതിയതെല്ലാം കണ്ണീരിന്റെ കാവ്യങ്ങളായിരുന്നു എന്നു ചിലപ്പോൾ സംശയം തോന്നാം. എന്നാൽ ആ കണ്ണുനീർ കർമ്മപരാങ്മുഖമായ വിഷാദത്തിന്റേതല്ല, മറിച്ച് കർമ്മോന്മുഖമായ ശക്തിയുടേതാണ്. ഇടശ്ശേരിക്കവിതകൾ സൂക്ഷ്മമായി പരിശോധിച്ചാൽ ജീവിതദു:ഖങ്ങളുടെ മുമ്പിൽ പതറിനിൽക്കുന്ന ഒരു കഥാപാത്രത്തെയും ആ കാവ്യലോകത്ത് കാണാൻ കഴിയില്ല. ചങ്ങമ്പുഴയുടെ 'വാഴക്കുല'യിൽ പ്രതികാരം ചെയ്യാനുള്ള ചുമതല പിൻമുറക്കാർക്ക് വിട്ടുകൊടുക്കുമ്പോൾ 'പുത്തൻകലവും അരിവാളും' എന്ന ഇടശ്ശേരിക്കവിതയിലെ കോമൻ, പൊന്നാര്യൻ കൊയ്യും മുമ്പ് അധികാരം കൊയ്യാൻ ഒരുങ്ങിനിൽക്കുന്നു.

*'ഉണ്ണാനുള്ളൊരു ചോറ്റിൽ പട്ടികൾ*
*നിന്നുചിലപ്പതു കണ്ടാലോ.'*

കോമന്റെ എന്നല്ല ഒരു കർഷകന്റെയും ജീവരക്തം അത് പൊറുക്കുകയില്ല. കർഷകരുടെ പ്രതിഷേധവും സങ്കടങ്ങളും നിസ്സഹായതയും ഇവിടെ ആവിഷ്ക്കരിക്കുന്നു. ഉൾപ്പക, പത്തിയെടുക്കുക, തൊഴിക്കുക, മപ്പുതാക്കുക, തീപ്പുലി, ചീറ്റിയടുക്കുക, കലികൊള്ളുക, കുറ്റിക്കിട്ടഗജം, തീക്കരു, വിദ്വേഷാഗ്നി, കല്പന സന്ദർഭയോഗ്യമായ ഈ പദകല്പനകൾ രംഗസംഘർഷവും കർഷകമനസ്സിലെ സ്തോഭങ്ങളും ആവാഹിക്കുന്നു.

അമൂർത്തതയെ മൂർത്തമാക്കാൻ ബിംബകൽപനയിലൂടെ കവി സഞ്ചരിക്കുന്നു. കവി ആവാഹിച്ചെടുക്കുന്ന വാങ്മയചിത്രങ്ങൾ ഭാവത്തെ ശക്തമാക്കുമ്പോൾ ബിംബങ്ങൾ അതിനുമപ്പുറം അനുഭവതീവ്രത കൂടിപ്പകരുന്നു. അനുഭവങ്ങളെ അതിന്റെ ആഴത്തിൽ ആവിഷ്കരിക്കാനാഗ്രഹിക്കുന്ന കവി ബിംബകല്പനയെ കൂടുതലായി ആശ്രയിക്കുകയും ചെയ്യുന്നു. ഇന്ദ്രിയാതീതമായ ചില അമൂർത്തതകളെ ഇന്ദ്രിയക്ഷമമായ കല്പനകൾ വഴി പ്രതീകങ്ങളാക്കുന്നത് കവിയുടെ അപൂർവ്വ വസ്തുനിർമ്മാണക്ഷമതയെയാണ് കാണിക്കുന്നത്. കോമന്റെ കഠിനാദ്ധ്വാനം വ്യഞ്ജിപ്പിക്കുന്ന ചില കല്പനകൾ ഇതിനുദാഹരണമാണ്.

*'മേലെ തീമഴ താഴെ ചെങ്കനൽ, മീന*
*ക്കൊടും വെയിൽ കത്തുമ്പോൾ'*

മീനമാസത്തിലെ കൊടും ചൂട് സ്പർശ്യമാണല്ലോ. സൂര്യൻ തീമഴ ചൊരിയുന്നു. താഴെ ഭൂമിയിൽ ചെങ്കനലും, മഴ കുളിർമയമാണെങ്കിൽ സൂര്യൻ ചൊരിയുന്ന തീമഴ നേരെ വിരുദ്ധാനുഭവം നൽകുന്നു. മഴ പെയ്യുംപോലെ വെയിലും പെയ്യുകയാണ്. തീമഴയും ചെങ്കനലും കൊടും ചൂടിന്റെ നെടുംചൂടിനെ പൊള്ളുന്ന അനുഭവമാക്കി മാറ്റുന്നു. വെയിൽ

കത്തുമ്പോൾ എന്നു പറയുമ്പോൾ ചൂടിന്റെ തീക്ഷ്ണതയാണ് വ്യക്തമാക്കുന്നത്. വിത്ത് മുളച്ച് നെൽച്ചെടിയായി വളർന്നു വരുമ്പോൾ അതിനെ പരിചരിക്കുന്നതിൽ കോമനുള്ള ഉത്സാഹമാണ് കവി വ്യക്തമാക്കുന്നത്, 'കോമരം തുള്ളി വരുംപോല' എന്ന ബിംബപ്രയോഗത്തിലൂടെയാണ്. തന്റെ പാടത്തെ വരമ്പിലൂടെ ഓടിത്തുള്ളി നടന്ന് വിളവ് പരിചരിക്കുന്നവനാണ് കോമൻ. ചുണ്ടുചുകന്ന കതിർ മറ്റൊരു ബിംബമാണ്. കോമന്റെ പ്രതീക്ഷകളുടെ സാഫല്യമാണ് കതിർക്കുലകൾ. പാടത്തെ സമൃദ്ധി കോമന്റെ സ്വപ്നങ്ങളേയും സമൃദ്ധമാക്കുന്നു. കർക്കിടകദുരിതങ്ങൾക്കു ശേഷം വരുന്ന ഓണക്കാലം. പുതുക്കേണ്ടുന്ന പൊന്നോണമാണ്, സ്വപ്നങ്ങൾ വിടരുന്ന പൂക്കാലമാണ് കോമന് ഓണം. പുത്തനുടുപ്പും പൂത്താലിയും പുത്തൻ കലവും ഓരോരുത്തരുടേയും സ്വപ്നങ്ങളാണ്.

*'ഓണത്തുമ്പിക്കണക്കക്കുടുംബ*
*പ്രാണൻ പാറും പൊൻവെയിൽ*
*പൂത്തിരി കത്തിച്ച പോലെ നൽവിള*
*വൊത്തു കതിർക്കു കനം വീണു'.*

എന്നീ വരികൾ ബിംബകല്പനകളാൽ സമ്പന്നമാണ്. കേരളീയമായ ആഹ്ലാദാന്തരീക്ഷത്തിന്റെ നിറവു പകരാൻ പര്യാപ്തമാണ്. ഓണത്തുമ്പിയും പൊൻവെയിലും, പൂത്തിരിയും കതിർക്കുലയും മറ്റും പാടത്തെ വിളവെടുപ്പിന്റെ അന്തരീക്ഷം കോമന്റെ മനസ്സിൽ നിറയ്ക്കുന്നു.

പദസന്നിവേശത്തിലും ബിംബകല്പനയിലുമുള്ള ഗ്രാമീണത്തനിമ ഇടശ്ശേരിക്കവിതയുടെ അന്തസത്താണ്. മാനവികതയിലുള്ള വിശ്വാസവും സ്നേഹവുമാണ് അധികാരം കൊയ്യണം എന്ന ആഹ്വാനത്തിലുള്ളത്. മനുഷ്യനെ മനസ്സിലാക്കാത്ത അധികാരവും നീതിയും മനുഷ്യന് ആവശ്യമില്ല. കവിതയുടെ കാലഘടനയിൽ കടന്നുവരുന്ന കേരളത്തിന്റെ കാലാവസ്ഥാഭേദങ്ങളും ശ്രദ്ധേയമാണ്. മേലെ തീമഴയും താഴെ ചെങ്കനലും ആയുള്ള മീനമാസം, വിഷുക്കൊന്നയിൽ പൂക്കണിവയ്ക്കുന്ന മേടം, കുളിരുകോരുന്ന ഇടവപ്പാതി, കരിമഴ പെയ്യുന്ന കർക്കിടകം, പുത്തരിയുടെ ചിങ്ങം എന്നിങ്ങനെ കാലഭേദങ്ങൾ, കർഷകജീവിതത്തിൽ പൊറുതികേടും ദുരിതവും സന്തോഷവും സ്വപ്നങ്ങളും നൽകുന്നതിന്റെ കേരളീയ അനുഭവം 'പുത്തൻ കലവും അരിവാളും' എന്ന കവിതയിലുണ്ട്.

ക്ഷേത്രത്തിലെ മൃഗബലി പോലെ ക്രൂരമായ വിളജപ്തി വക്കീൽ ഗുമസ്തനായിരുന്ന ഇടശ്ശേരിക്ക് നേരിട്ട് അറിയാവുന്നതാണ്. ആ പരിചയത്തിൽ നിന്നാണ് ജന്മിയും കർഷകനും നിയമവും കഥാപാത്രങ്ങളാകുന്ന 'പുത്തൻ കലവും അരിവാളും' എന്ന കവിത ഉണ്ടായിട്ടുള്ളത്.

മകനെ തട്ടിയെടുത്ത പൊട്ടപ്പൂതം കാട്ടുതീയായി വന്നു ഭയപ്പെടുത്തുമ്പോൾ നങ്ങേലി കണ്ണീരിലതൊക്കെ കെടുത്തിക്കളയുന്നു. ദു:ഖങ്ങളോട് പടവെട്ടി ജയിക്കാനുള്ള ഉത്സാഹത്തിൽനിന്ന് ഉടലെടുത്തതാകാം ഇടശ്ശേരിയുടെ ദു:ഖവാസന. 'അമ്പാടിയിലേക്ക് വീണ്ടും' എന്ന കവിതയിൽ അത് ഒരു ഫിലോസഫിയായി വീണ്ടും ഉയരുന്നുണ്ട്. ദരിദ്രവും ഹൃദയാലുവുമായ ദാരുകൻ ചോദിക്കുന്നു:

*'ഇടയ്ക്ക് കണ്ണീരുപ്പു പുരട്ടാ*
*തെന്തിനു ജീവിത പലഹാരം'*

ഈ ബിംബപ്രയോഗത്തിലൂടെ ലോകത്തിന്റെ ക്രൗര്യം എന്ന അനിവാര്യതയോട് പൊരുത്തപ്പെടുകയും ക്രൗര്യത്തിൽനിന്ന് കാരുണ്യത്തിലേക്ക് എന്ന സംസ്കാരപരിണാമ ഗതി ഉൾക്കൊള്ളുകയും ചെയ്തുകൊണ്ട് ദു:ഖോപാസന ശക്തമായി നിലനിൽക്കുന്നു. നാടനായ കരുത്തിന്റെയും നാട്ടുവഴക്കങ്ങളുടെയും പിൻബലത്തിൽ കവി നേടിയെടുത്ത വിശ്വാസദാർഢ്യം ഭാവചാപല്യങ്ങൾക്ക് കയറിക്കൂടാൻ പഴുത് നൽകുന്നില്ല. ഇടശ്ശേരിയുടെ കാവ്യലോകത്ത് നായികമാർക്കാണ് പ്രാധാന്യം എന്നുചിലപ്പോൾ തോന്നാം. പെങ്ങൾ, കല്യാണപ്പുടവ, നെല്ലുകുത്തുകാരി പാറുവിന്റെ കഥ. പൂതപ്പാട്ട്, കാവിലെപാട്ട് എന്നിവ ഉദാഹരണങ്ങളാണ്. നാടൻ പാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും വിശ്വാസതീവ്രതയും നൽകുന്ന കരുത്ത് പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണേറെ എന്ന് ഇടശ്ശേരി കരുതുന്നുണ്ടാവണം.

പൂതപ്പാട്ട്, കാവിലെപാട്ട് എന്നീ കവിതകളിൽ അമ്മ ക്രൗര്യത്തെ കാരുണ്യത്തിലേക്ക് നയിക്കുന്ന ശക്തിദേവതയും ദു:ഖദേവതയുമാണ്. ഭാരതീയർക്ക് പ്രകൃതിശക്തിയുടെ പര്യായമാണ് അമ്മ. നിഗ്രഹാനുഗ്രഹ ശക്തിയുള്ള പതിവ്രതകളായ സ്ത്രീകഥാപാത്രങ്ങൾ എത്രയോ പുരാണങ്ങളിലുണ്ട്. പൂതപ്പാട്ടിൽ ഒരു നാടൻപെണ്ണായി നങ്ങേലി അത്ഭുതകരമായി ശക്തിയോടു തന്നെ എതിർക്കുന്ന പൂതത്തെ തോൽപിക്കുന്നു. അവൾ പൂതത്തെ ശപിക്കുവാൻ കൈ ഉയർത്തിയപ്പോൾ പൂതം ഞെട്ടിവിറച്ചുപോയി. പൂതത്തിന്റെ ആസുരശക്തിയെ അമ്മയുടെ സ്നേഹശക്തി ജയിക്കുകയാണ്. മാതൃത്വത്തിന്റെ പ്രഭാവം തന്നെയാണ് കാവിലെപാട്ട് എന്ന കവിതയിലും കാണുന്നത്. സുംഭനിസുംഭാദികളെ കൊന്നൊടുക്കിയ ക്രോധമൂർത്തിയായ ഭദ്രകാളി സുരഭില പൂവല്ലി പോലെ കുളിർത്തണലായി മാറുന്നു. നാലുകെട്ടിന്റെ സുകൃതപൂരമായിരുന്ന ഓമനക്കുമാരന്റെ രുധിരമുണ്ട ചാമുണ്ഡിയുടെ ഉഗ്രക്രൗര്യവും ഉണ്ണിയെ തേടി വന്ന അമ്മയുടെ മുന്നിൽ നിഷ്പ്രഭമായി. ആ ദേവി അന്യരുടെ പാപങ്ങൾ ഹനിക്കാനായി സ്വന്തം നെറുകയിൽ വെട്ടി ചോരയൊലിപ്പിക്കുന്ന വ്യംഗ്യദേവതയായി. അവരുടെ ക്രൗര്യം കാരുണ്യമായി.

കാവിലെപ്പാട്ട് ബിംബങ്ങൾ കൊണ്ട് സമൃദ്ധമാണ്. പഞ്ചേന്ദ്രിയങ്ങളിലധിഷ്ഠിതമായ ബിംബങ്ങൾക്കു പുറമെ വൈകാരികവും അതിലേറെ ധൈഷണികവുമായ ബിംബങ്ങൾ ഈ കവിതയിൽ ധാരാളമുണ്ട്. സമാനാശയങ്ങൾ പ്രതിപാദിക്കുന്ന പൂതപ്പാട്ടും കാവിലെപാട്ടും തമ്മിലുള്ള പ്രധാന വ്യത്യാസം കാവിലെപ്പാട്ടിലെ ധൈഷണിക വൈകാരികബിംബങ്ങളുടെ ആധിക്യമാണ്. അന്യർക്കുവേണ്ടി സ്വയം ക്രൂശിക്കപ്പെടുക എന്ന ആശയം ധൈഷണികവൈകാരിക ബിംബങ്ങൾക്ക് ആധാരമായി നിൽക്കുന്നു. താലപ്പൊലി എന്ന ഉത്സവത്തിന്റെ മനോഹാരിതയാകട്ടെ പഞ്ചേന്ദ്രിയങ്ങളിൽ അധിഷ്ഠിതമായ ബിംബാവലിയുടെ പ്രഭവസ്ഥാനമായി വർത്തിക്കുന്നു.

പൂതപ്പാട്ടിൽ നിന്ന് കാവിലെ പാട്ടിലെത്തുമ്പോഴേക്കും പഞ്ചേന്ദ്രിയാധിഷ്ഠിതമായ ബിംബങ്ങളുടെ സ്വഭാവത്തിൽ ഗുണപരമായ മാറ്റം സംഭവിക്കുന്നതായി കാണാം. അവയ്ക്ക്

ശക്തിയും ചൈതന്യവും കൂടുകയും ബിംബങ്ങളിലൂടെ തന്നെ കവിതായാകമാനം അനുവാചക ഹൃദയത്തിലേക്ക് സംക്രമിപ്പിക്കുകയെന്ന പ്രക്രിയ സംഭവിക്കുകയും ചെയ്യുന്നു. കൂടുതൽ തെളിമയാർന്ന വൈകാരികബിംബങ്ങൾ അവതരിപ്പിക്കുന്നതിനൊപ്പം ധൈഷണികബിംബങ്ങളുടെ എണ്ണം കൂടുകയും അതുവഴി കൂടുതൽ അമൂർത്തസങ്കൽപ്പങ്ങൾ അവതരിപ്പിക്കാൻ കവി ശക്തി നേടുകയും ചെയ്യുന്നു.

*'പൊൻകുടത്തിൽ പൂക്കുലകൾ പൊട്ടിവിരിയുന്നു*
*ചേലിയയും പെൺകൊടിമാർ താലവു നിരത്തി*
*കാഞ്ചന പ്രതിമയെത്താരോമനക്കുമാരൻ*
*പാലൊളിയായ് മാറിയില്ലേ നിന്റെ തെയ്യിമാല്യം.'*
*'സൂര്യനെച്ചിൽക്കിണ്ണമെന്ന*
*പോലൊളികെട്ട ഭൂ*
*ച്ചേറിലയ്യോ മുങ്ങിമുങ്ങീ*
*ലെന്ന പോലെ നിൽക്കെ'*

ഇവയെല്ലാം നാടോടിയായ ദൃശ്യബിംബങ്ങൾക്ക് ഉദാഹരമാണ്.

കവിതയിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന പദങ്ങളിലൂടെയാണ് ബിംബാവലിയുടെ യുക്തിപരത വികാസം പ്രാപിച്ചുവരുന്നത്. പദങ്ങളുടെ തെരഞ്ഞെടുപ്പിലും അവയുടെ സന്നിവേശത്തിലും കവി വളരെ ശ്രദ്ധിച്ചിട്ടുണ്ട്. ചെണ്ടമേളം, ചോറ്, ഉരുകിയ നെയ്യ്, അലറി, തെച്ചിമലർ, പൂക്കുലകൾ, സുരഭില, പൂവല്ലി തുടങ്ങിയ പദപ്രയോഗങ്ങളിലൂടെയും ബിംബങ്ങളിലൂടെയും ദേവിയുടെ വിഭിന്നമുഖങ്ങളെ പ്രതിഫലിപ്പിച്ച് കാണിക്കത്തക്ക വിധത്തിൽ കവിതയിലെ ബിംബങ്ങൾ ശക്തങ്ങളാണ്.

ബിംബിസാരന്റെ ഇടയൻ എന്ന കവിതയിലും മാതൃദർശനം കാണാം. മകനെ അരചനു വിറ്റപ്പോൾ കിട്ടിയ നിസ്സാരതുകയും അവന്റെ തന്നെ മുണ്ടിന്റെ കോന്തലയ്ക്കൽ കെട്ടിക്കൊടുത്ത അമ്മ അവൻ കൊണ്ടുവന്ന കമ്പിളി പുതയ്ക്കാൻ കാത്തുനിൽക്കാതെ യാത്രയായി. ഇങ്ങനെ സ്നേഹംകൊണ്ടും അവയുടെ സംഭൃതശക്തി കൊണ്ടും ദേവതയായി ഉയർന്ന മാതൃത്വം നാടോടിത്തം നിറഞ്ഞ ബിംബപ്രയോഗത്തിലൂടെ ശക്തമായിത്തീർന്നു. ബിംബസാരന്റെ ഇടയൻ എന്ന കവിത വ്യത്യസ്തമായ ഭാവനയുടെ പ്രതീകമാണ്. യാഗത്തിന്റെ ധർമ്മാധർമ്മങ്ങളെക്കുറിച്ച് ചോദ്യം ചെയ്യാനറിയാത്ത ഇടയൻ തന്റെ ധർമ്മമായി കാണുന്നത് അജങ്ങളെ യാഗശാലയിലേക്ക് നയിക്കുക എന്നതു മാത്രമാണ്. രാജാവ് സമ്പന്നവർഗ്ഗത്തെയും ഋത്വിക്കുകൾ അവരുടെ വൈതാളികരെയും ആടുകൾ നിസ്വരെയും പ്രതിനിധീകരിക്കുന്നു. ഈ കഥയിലെ ഇടയൻ ക്രൂരത, കാരുണ്യം, നർമ്മം, പരിഹാസം എന്നിവയുടെ ഇരിപ്പിടമായ വ്യത്യസ്തഭാവങ്ങളെ സമന്വയിപ്പിക്കുന്ന സമൂഹമാണ്. ഇടശ്ശേരിയുടെ സ്വത്വത്തിന്റെ പലതലങ്ങളും ഇടയനിൽ കാണാം.

മാർക്കണ്ഡേയൻ എന്ന കവിത കാലത്തെ അതിജീവിക്കാനുള്ള ശാശ്വതത്വരയെ വ്യക്തമാക്കുന്ന ഒരു ബിംബമാണ്. ഈ ത്വരയെ വെളിച്ചത്തേക്കാൾ കൂടുതൽ വേഗത്തിൽ കുതിച്ചോടി പോകുന്ന മർക്കണ്ഡേയനിലൂടെ മൂർത്തിമത്താക്കിയിരിക്കുന്നു. ഇച്ഛാശക്തി

കൊണ്ട് പ്രതിബിംബങ്ങളെ തരണം ചെയ്യാൻ കഴിയുമെന്നുള്ള പ്രതീകാത്മകമായ സൗന്ദര്യം ഈ കൃതിക്ക് അർത്ഥവും ഔന്നത്യം നൽകുന്നു.

കേരളീയ സംസ്കാരജീവിതത്തിന്റെ നിഗൂഢതലങ്ങളിലെ മിത്തുകളും സങ്കല്പങ്ങളും സാമൂഹ്യവാസനകളും ഭാവസ്ഥിതങ്ങളായ അനുഭൂതികളും ബിംബകല്പനയിലൂടെ ഇടശ്ശേരി വ്യക്തമാക്കുന്നുണ്ട്. ഉദാ: 'പൊട്ടിപുറത്ത് ശീവോതി അകത്ത്' എന്ന കവിത. പൊട്ടി അനൈശ്വര്യത്തിന്റെയും കർക്കിടകം മംഗളദേവതാപൂജയുടെയും മാസമാണ്.

മിഥുനം കഴിഞ്ഞ് കർക്കിടകം പിറക്കുന്ന സംക്രമദിനത്തിൽ പഴമുറത്തിൽ കുറ്റിച്ചൂലും പൊട്ടക്കലവും നിരത്തി ചേട്ടയെ പുറത്തിറക്കി ശ്രീ ഭഗവതിയെ അകത്തേക്ക് എഴുന്നള്ളിക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്യാറുണ്ട്. അത്തരം ഒരു ചടങ്ങ് കണ്ടപ്പോൾ കവിക്ക് അത് തന്റെ മനസ്സിന്റെ പ്രതീകമാണെന്ന് തോന്നി. കവി പല ആശയങ്ങളെയും മനസ്സിൽ കുടിയിരുത്താറുണ്ട്. ഏതാശയവും പുജനീയമായിട്ടിരിക്കുന്നത് അത് വെളിച്ചം തൂകിടുന്നോളം മാത്രമാണ്. ഇരുട്ട് പകരുന്നതാണെന്ന് കണ്ടാൽ കുടിവച്ച ആശയം മനസ്സിൽ നിന്നിറക്കലായി. 'പൊട്ടിപുറത്ത് ശിവോതി അകത്ത്' എന്ന കവിതയിലെ നാടോടിത്തം നിറഞ്ഞ ബിംബപ്രയോഗത്തിലൂടെ കവി പുത്തനാശയങ്ങളെ ദൃശ്യബിംബമാക്കി മാറ്റുന്നു.

പള്ളിക്കൂടത്തിലേക്ക് വീണ്ടും, വയലിന്റെ ചിത്രകാരൻ, നീർപ്പോളകൾ, പുളിമാവു വെട്ടി, പുരപ്പണി, മലയാളി, മിണ്ടാപ്രാണികൾ, ചകിരികുഴികൾ, പെങ്ങൾ, വിവാഹസമ്മാനം എന്നീ കവിതകളിലെല്ലാം നാടോടിത്തം നിറഞ്ഞ തനിമയും വിശുദ്ധിയും ബിംബങ്ങളിലൂടെ അനാവരണം ചെയ്തിരിക്കുന്നത് കാണാം. സാംസ്കാരികത്തനിമയും വിശുദ്ധിയുമെല്ലാം ഗ്രാമീണ ജീവിതത്തിന്റെ സന്തതികളാണല്ലോ. സ്കൂളിൽപോയി വ്യാകരണം പഠിച്ചു വരുമ്പോഴേക്കും അവയെല്ലാം അപ്രത്യക്ഷമാകുമെന്ന് കവി പറയുന്നു. പുരപ്പണി എന്ന കവിതയിൽ പുരയായി രൂപണം ചെയ്തിരിക്കുന്നത് ഇടശ്ശേരിയുടെ കവിതയെ തന്നെയാണ്. അദ്ദേഹം നൂറ്റാണ്ടുകളിലൂടെ ആർജ്ജിച്ചെടുത്ത കാവ്യശില്പമാണ് പുരപ്പണി എന്ന ബിംബത്തിലൂടെ പ്രത്യക്ഷീകരിക്കുന്നത്. തന്റെ ആശയങ്ങളും കാവ്യരൂപങ്ങളും പഴയതാണെങ്കിലും ഗ്രാമീണജീവിതത്തിന്റെ അകൃത്രിമ രൂപഭാവങ്ങൾക്കനുസരിച്ച് വൈചിത്ര്യത്തോടെ ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗ്രാമീണകർഷകന്റെ അഭിമാനബോധവും അതിനേൽക്കുന്ന മുറിവുകളും ഇടശ്ശേരിക്കവിതയിൽ ഉയർന്ന് നിൽക്കുന്ന പ്രമേയമാണ് ഒരു ധനികന് മകളെ വിവാഹം കഴിച്ചുകൊടുത്ത അച്ഛൻ വിലക്ക് മുറിച്ച് അഭിമാനബോധത്തിന് കടിഞ്ഞാണിട്ട് മകളെ കാണാൻ പോകുന്നു. മാന്യതയ്ക്ക് ക്ഷതമേറ്റ മരുമകൻ തന്നെ യാചകനാക്കുമ്പോൾ വഴിതെറ്റിക്കയറിയതാണെന്ന് പറഞ്ഞ് അവിടെ നിന്ന് ഇറങ്ങിപ്പോകുന്ന രംഗം ധനികരിലുള്ള കവിയുടെ അവിശ്വാസവും കർഷകന്റെ മനസ്സാന്നിദ്ധ്യവും പുത്രീവാത്സല്യവും വ്യക്തമാക്കുന്നവയാണ്.

നാടോടിത്തം നിറഞ്ഞ ജീവിതത്തെ കാവ്യവിഷയമാക്കുമ്പോഴും അതിന്റെ ശാലീനതകൾക്കും നന്മകൾക്കും ശീലാചാരവിശുദ്ധികൾക്കുമപ്പുറം മറഞ്ഞിരിക്കുന്ന

പൊരുത്തക്കേടുകളിലും സത്യത്തിന്റെ ക്രൂരമുഖങ്ങളിലുമാണ് ഇടശ്ശേരിയുടെ ശ്രദ്ധ ചെന്ന് പതിക്കുന്നത്. ഈ അന്വേഷണങ്ങളിൽ നിന്നാണ് വിവാഹസമ്മാനം എന്ന കവിത പിറവികൊള്ളുന്നത്. വ്യക്തിദു:ഖത്തിന്റെ നിസ്സഹായതലത്തിലാണ് നൊമ്പരങ്ങളുടെ മേഘച്ചാർത്ത് സൃഷ്ടിക്കുന്നത്. ചേച്ചി എന്ന കഥാപാത്രത്തിലൂടെയാണ് ഈ കവിത വളരുന്നത്. തന്റെ കാമുകനെ അനുജത്തി വിവാഹം കഴിക്കുന്നതോടെ അവൾ ആത്മഹത്യക്ക് ശ്രമിക്കുന്നു. ഈ കഥയ്ക്ക് പിന്നിൽ മനുഷ്യമനസ്സിന്റെ ഭിന്ന വിചാരങ്ങളിലേക്കും സ്വകാര്യതകളിലേക്കുമുള്ള വിശദമായ ഒരന്വേഷണം നാടൻ പദപ്രയോഗങ്ങൾ കൊണ്ട് ഇടശ്ശേരി സാധിക്കുന്നു.

*'കാലേ കുളിച്ചാലോ വേശിയാട്ടം*
*കാലത്തെണിക്കാഞ്ഞാൽക്കള്ളനാട്യം*
*പോവാതിരുന്നാലുമമ്പലത്തിൽ*
*പ്പോയാലുമെപ്പോഴും മറ്റൊരർത്ഥം'*

ഇതിലെ നായിക മരണം എന്ന് പറയുന്നതിന് പകരം പൂപറിക്കാൻ പോകുന്നു എന്ന് പറയുന്ന നാടോടിത്തം നിറഞ്ഞ ബിംബപ്രയോഗം ദുരന്തങ്ങൾക്ക് മുന്നിലും ഇടശ്ശേരിയുടെ കഥാപാത്രങ്ങൾ തളരുന്നില്ല എന്നതിന് തെളിവാണ്.

ഭാവസൗന്ദര്യംപോലെ തന്നെ ഇടശ്ശേരിയുടെ കവിത രൂപസൗന്ദര്യത്തിലും തനതായ വ്യക്തിത്വം പുലർത്തുന്നു. ഗ്രാമജീവിതത്തിന്റെ നന്മതിന്മകളെ കവിതയിൽ ആവിഷ്കരിക്കുന്ന കവി പുഴയും വയലും ആഘോഷങ്ങളും ആചാരങ്ങളുമെല്ലാം ഗ്രാമജീവിതത്തിൽ നിന്ന് അപ്രത്യക്ഷമാകുന്നത് തിരിച്ചറിയുന്നു. ജീവിതത്തെ ഗ്രാമീണകർഷകന്റെ മനസ്സോടുകൂടിയാണ് കവി കണ്ടത്. കാർഷികജീവിതത്തിൽ നിന്ന് തെരഞ്ഞെടുത്ത നാടോടിത്തം നിറഞ്ഞ പദപ്രയോഗങ്ങളും ബിംബങ്ങളും കവിതയിൽ ധാരാളമായി ഉപയോഗിച്ചു. പദസന്നിവേശം, നാടോടി ബിംബങ്ങൾ, ഭാവാനുരോധമായ താളം, നാടൻ ശൈലികളുടെ വൈചിത്ര്യം, അനാർഭാടവും ചടുലവുമായ ശിൽപസന്നിവേശം തുടങ്ങി കവിതയുടെ സൗന്ദര്യാത്മക തലങ്ങളിലെല്ലാം ഇടശ്ശേരിക്കവിത തികഞ്ഞ മൗലികത പുലർത്തുന്നു.

ആധുനിക കവിതകളിലെല്ലാം ബിംബകല്പനകളുണ്ട്. ഇടശ്ശേരിക്കവിതയിൽ നാടോടി ബിംബങ്ങൾക്കാണ് പ്രാധാന്യം. ദ്രാവിഡമെന്ന് പറയാവുന്ന പ്രകൃത്യാരാധനയോട് ബന്ധപ്പെട്ട കാവും തെയ്യവും സർപ്പാരാധനയുമെല്ലാം ഇടശ്ശേരിക്കവിതയിലെ നിത്യ ബിംബങ്ങളാണ്. മാതൃബിംബത്തെ ഒരേ സമയം വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ട് ആവിഷ്കരിക്കുന്നു ഇടശ്ശേരി. പൂതപ്പാട്ട്, കാവിലെപാട്ട്, ബിംബിസാരന്റെ ഇടയൻ എന്നിവ ഉദാഹരണങ്ങൾ. ശക്തിയുടെ ഉപാസകരായ ഗ്രാമീണരെ ഇടശ്ശേരിക്കവിതയിൽ കാണാം. ഹനുമൽസേവ തുഞ്ചൻപറമ്പിൽ, കാവിലെപാട്ട് എന്നീ കവിതകളിൽ ശാക്തേയബിംബത്തിന്റെ ആവിഷ്കാരം കാണാം. ശാക്തേയബിംബത്തിന്റെ ആരാധകരാണ് ഗ്രാമീണർ.

കാവിലെപാട്ട്, ബിംബിസാരന്റെ ഇടയൻ എന്നിവയിൽ ധൈഷണികമായ ബിംബങ്ങളും വൈകാരികബിംബങ്ങളുമുണ്ട്. ഗ്രാമീണമായ കൃഷിസ്ഥലം, അധ്വാനിക്കുന്ന മനുഷ്യൻ

എന്നീ ബിംബങ്ങൾ ഇടശ്ശേരി തന്റെ കവിതയിൽ ആവിഷ്കരിച്ചത് നാടൻപാട്ടിന്റെ സൗന്ദര്യത്തോടുകൂടിയാണ്. മാർക്കണ്ഡേയൻ, അമ്പാടിയിലേക്കു വീണ്ടും, വരദാനം, ഹനുമൽസേവ, തുഞ്ചൻപറമ്പിൽ എന്നീ കവിതകളിൽ ആദിരൂപങ്ങളും മിത്തുകളും കാണപ്പെടുന്നു. ഈ കവിതകൾ അതിഭൗതികമാനമുള്ള ബിംബകല്പനകളാൽ സമ്പന്നമാണ് കർതൃനിഷ്ഠമായ കവിതകളിൽ സാധാരണ കാണാത്തതും കൂട്ടായ്മയുടെ സ്വത്തായി പ്രത്യക്ഷപ്പെടുന്ന നാടൻപാട്ടുകളിൽ കാണുന്നതുമായ ആദിപ്രരൂപങ്ങളുടെ ചെത്തിമിനുക്കാത്ത ആവിഷ്കാരം ഇടശ്ശേരിയുടെ കാവിലെപാട്ടിലും, പൂതപ്പാട്ടിലും തെളിയുന്നു. നാടൻ മനസ്സുകളുടെ സന്നിവേശം കൊണ്ട് ഈ കവിതകൾ വേറിട്ടുനിൽക്കുന്നു.

വിശ്വാസങ്ങൾകൊണ്ട് ബന്ധിതരാണ് ഗ്രാമീണസമൂഹം. ആചാരങ്ങൾക്കും ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കുമെല്ലാം ഗ്രാമീണമനസ്സിൽ എന്നും സ്ഥാനമുണ്ടാകും. നമ്മുടെ എല്ലാ ആചാരങ്ങൾക്കും ആഘോഷങ്ങൾക്കും പിന്നിൽ വിശ്വാസങ്ങളുടേതായ ഒരു തലം കാണാം. 'പൊട്ടി പുറത്ത് ശീവോതി അകത്ത്' എന്ന കവിതയിൽ ദാരിദ്ര്യമൂർത്തിയെ പുറത്താക്കുന്ന നാട്ടാചാരമാണല്ലോ നടക്കുന്നത്. നാടോടി ബിംബങ്ങൾ ഇത്തരം ആവിഷ്ക്കാരങ്ങൾക്ക് അനിവാര്യമാണ്.

കേരളഗ്രാമത്തിന്റെ തനിമയാർന്ന ചിത്രങ്ങൾ നാടോടിബിംബകല്പനയിലൂടെ കാണാൻ കഴിയും. ഇവയെത്തന്നെ കാർഷികബിംബം, ഉത്സവബിംബം, മാതൃബിംബം, മാനുഷികബിംബം എന്നിങ്ങനെ വേർതിരിക്കാം. വയൽ, കുളം, പൂവ്, പുത്രൻ, പൂമരച്ചോട്, തെച്ചിക്കോല്, പിച്ചളത്തോടെ, മേൽമുടിപ്പാറ തുടങ്ങി ഗ്രാമീണത്വം നിറഞ്ഞ പദങ്ങളും ബിംബപ്രയോഗങ്ങളും കൊണ്ട് സമ്പന്നമാണ് ഇടശ്ശേരിക്കവിത.

## ഗ്രന്ഥസൂചി


1. *ഗോപാലകൃഷ്ണൻ കെ. (പ്രൊഫ.), 1988, ഇടശ്ശേരിക്കവിതകൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.*
2. *കാർത്തികേയൻ ഷൊർണ്ണൂർ, (പ്രൊഫ), 1981, അനുശീലനം, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം.*
3. *ഗോവിന്ദൻനായർ ഇടശ്ശേരി, 1987, കറുത്ത ചെട്ടിച്ചികൾ, പൂർണ്ണ പബ്ലിക്കേഷൻസ് കോഴിക്കോട്.*
4. *ശരത്ചന്ദ്രൻ കെ.പി. 1988, ഇടശ്ശേരിയുടെ കാവ്യലോകം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.*
5. *ശങ്കുണ്ണിനായർ.എം.പി., 1986, കാവ്യോത്പത്തി, മാതൃഭൂമി, പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്മിറ്റി ലിമിറ്റഡ്, കോഴിക്കോട്*


ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# പൊതുബോധം: സങ്കല്പനവും നിർവചനവും

**ഹരികൃഷ്ണൻ**
എം.എ. വിദ്യാർത്ഥി, കേരളസർവ്വകലാശാല, കാര്യവട്ടം, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

സമൂഹം നിയന്ത്രിക്കപ്പെടേണ്ടത് യുക്തിഭദ്രമായ ശാസ്ത്രബോധത്തിലൂടെയാണ്. എന്നാൽ ശാസ്ത്രബോധത്തിനപ്പുറം സമൂഹത്തെ സ്വാധീനിക്കുന്നത് പൊതുബോധമാണ്. വികസനം, അക്രമം, രാഷ്ട്രീയം, ഗുണങ്ങൾ, സദാചാരം, പെരുമാറ്റശീലങ്ങൾ ഇവയെക്കുറിച്ചെല്ലാം ഇത്തരത്തിൽ പൊതുബോധമുണ്ട്. നമ്മൾ പോലും അറിയാതെ നമ്മുടെ ജീവിതശൈലിയിൽ കടന്നു കൂടിയിട്ടുള്ള ഇത്തരം പൊതുബോധങ്ങൾ അപഗ്രഥിക്കുകയാണ് ഇവിടെ. പൊതുബോധ നിർമ്മിതിയും അതുവഴിയുള്ള അധികാര അധീശത്വവും ചർച്ചചെയ്യുന്നു. ഗ്രാംഷിയൻ തത്വചിന്തയുടെ അടിസ്ഥാനത്തിൽ പൊതുബോധത്തെ സങ്കൽപ്പിക്കുകയും നിർവചിക്കുകയുമാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം.

***താക്കോൽവാക്കുകൾ:*** പൊതുബോധം, പാർശ്വവൽക്കരണം, ഡോക്സ, ഹാബിറ്റസ്, അധീശത്വം, ഫോക്‌ലോർ, പൊതുസമ്മതി, ക്ലാസിക്കൽ മാർക്സിസം, അടിത്തറ-മേൽപ്പുര

പൊതുബോധങ്ങൾ നിർമ്മിക്കപ്പെടുന്നത് മതവും പൗരോഹിത്യവും മുന്നോട്ടു വയ്ക്കുന്ന സദാചാരസങ്കല്പങ്ങളിലും ജീവിതശൈലിയിലും ഒക്കെയാണ്. പക്ഷേ ഇവ ആരു നിർമ്മിക്കുന്നു? എന്തിനു നിർമ്മിക്കപ്പെടുന്നു? എന്നുള്ള ചോദ്യങ്ങൾ വളരെ പ്രസക്തമാണ്. പൊതുബോധങ്ങൾ പൊതുവേ ഉപരിവർഗ്ഗതാല്പര്യത്തിനുവേണ്ടി നിർമ്മിക്കപ്പെടുന്നവയാണ്. ഓരോ കാലഘട്ടത്തിലും ഇത്തരത്തിൽ ഉപരിവർഗ്ഗ താൽപര്യത്തിന്റെ ഉപോൽപ്പന്നങ്ങളായി പൊതുബോധങ്ങൾ സമൂഹത്തിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഇവ സാഹിത്യം, കല, മറ്റ് സർഗാത്മകസൃഷ്ടികൾ, അമ്മൂമ്മക്കഥകൾ എന്നിവയിലൊക്കെ രൂപപ്പെടാറുമുണ്ട്. പൊതുബോധം നിർമ്മിക്കപ്പെടുകയും അത് വരും തലമുറകളിലേക്ക് കൈമാറപ്പെടുകയും ചെയ്യുന്നു. പഴഞ്ചൊല്ലുകൾ, ശൈലികൾ, ഉത്സവങ്ങൾ, ഐതിഹ്യങ്ങൾ, മിത്തുകൾ, ഭാഷ എന്നിവയൊക്കെ പൊതുബോധനിർമ്മിതിയുടെ

അസംസ്കൃത വസ്തുക്കളാണ്. എന്നാൽ ഇവ മാത്രമെന്ന് കരുതിക്കൂടാ. ജനങ്ങളുടെ അനുഭവത്തിൽ നിന്നും പൊതുബോധം ഉണ്ടാകാം.

ദീർഘകാല അടിസ്ഥാനത്തിൽ നിലനിൽക്കുന്ന പൊതുബോധത്തെക്കൂടാതെ സവിശേഷകാലങ്ങളിൽ സംഘടിതമാധ്യമങ്ങൾ പോലെയുള്ള സ്ഥാപനങ്ങളും പൊതുബോധം നിർമ്മിച്ചെടുക്കാറുണ്ട്. മാധ്യമങ്ങൾ ഇങ്ങനെ പൊതുബോധം നിർമ്മിച്ചെടുക്കുന്നതിന് സമീപകേരളത്തിൽ ഒരുപാട് ഉദാഹരണങ്ങൾ കാണിക്കാം. വിമോചന സമരം, ജനകീയ ആസൂത്രണ വിവാദം തുടങ്ങിയ ഘട്ടങ്ങളിലൊക്കെ ഇത് പ്രകടമാണ്. ചോംസ്കീയും എഡ്വേർഡ് ഹെർമനും ചേർന്ന് എഴുതിയ മാനുഫാക്ചറിങ് കൺസന്റ്; പൊളിറ്റിക്കൽ എക്കണോമി ഓഫ് ദ മാസ്സ് മീഡിയ എന്ന ഗ്രന്ഥത്തിൽ മാധ്യമങ്ങൾ ജനങ്ങളുടെ സമ്മതം എങ്ങനെ നിർമ്മിച്ചെടുക്കുന്നുവെന്ന് വിശദീകരിക്കുന്നുണ്ട്. വ്യക്തിപരവും സാമൂഹികവുമായ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിലും നിഗമനത്തിൽ എത്തുന്നതിലും ഈ പൊതുബോധം കാര്യമായ സ്വാധീനം ചെലുത്തുന്നു. ഇത്തരം പൊതുബോധങ്ങൾ ശാസ്ത്രീയവും യുക്തവുമാകണമെന്നില്ല. ഇത് മിക്കവാറും നിലനിൽക്കുന്നത് ഉപരിവർഗ്ഗ താൽപര്യങ്ങൾക്ക് അനുഗുണമായിരിക്കുകയും ചെയ്യും.

പരസ്യപ്രളയത്തിന്റെ കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ദിവസേന കാണുന്ന പരസ്യങ്ങൾ വിശകലനവിധേയമാക്കേണ്ടതുണ്ട്. ഉദാഹരണമായി പരസ്യങ്ങളിൽ കാണുന്ന കുട്ടികളുടെ നിറം എന്താണ്? അതൊരിക്കലും കറുപ്പ് ആകാൻ വഴിയില്ല. (സമീപകാലത്തും കറുപ്പിനെതിരെയുള്ള വിദ്വേഷം നാം കണ്ടതാണ്.) ആൺകുട്ടികൾക്ക് കാറും തോക്കും പെൺകുട്ടികൾക്ക് ബാർബി ഡോളും കിച്ചൻ സെറ്റും സമ്മാനമായി നൽകുന്നത് അവരുടെ താൽപര്യത്തിന് അനുസരിച്ചാണോ? (കിൻഡർ ജോയ് പോലുള്ള കമ്പനികൾ ലിംഗഭേദത്തിനനുസരിച്ച് ചോക്ലേറ്റ് പാക്കറ്റുകൾ ഇറക്കിയിരുന്നു). ഇതിനെല്ലാം കാരണം സമൂഹത്തിൽ രൂപപ്പെട്ടിട്ടുള്ള പൊതുബോധമാണ്. അതുകൊണ്ടുതന്നെ പൊതുബോധം ഒരു യാഥാർത്ഥ്യമാണ്. അവയെ ഇല്ലാതാക്കാൻ കഴിയില്ല. പൊതുബോധം എന്നത് അനേകകാലം കൊണ്ട് ഉറഞ്ഞുകൂടിയ സാമൂഹ്യ ശീലങ്ങളാണ്. വ്യക്തികൾ എന്ന പോലെ സമൂഹത്തിനും ശീലങ്ങളിൽ നിന്ന് മോചനം നേടാൻ ആവില്ല. 'ഹന്ത! പഴകിയ ശീലം പോലൊരു ബന്ധനമുണ്ടോ ലോകത്തിൽ' എന്ന് വൈലോപ്പിള്ളി ചോദിച്ചത് ഈ അർത്ഥത്തിൽ കൂടിയാണ്.

പൊതുബോധം മനുഷ്യരുടെ സാധാരണജീവിതത്തിൽ നിന്ന് പരുവപ്പെടുത്തുന്നവയാണ്. അത് ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ മനുഷ്യർ വളർന്നു വരുന്ന സാമൂഹിക സാംസ്കാരിക അന്തരീക്ഷത്തിൽ അവരുടെ അനുഭവമണ്ഡലം ചരിത്രപരവും സാമൂഹികമായി നിർമ്മിക്കപ്പെടുന്നു. ഇങ്ങനെ നിർമ്മിക്കപ്പെടുന്ന സാമൂഹികസാംസ്കാരിക മണ്ഡലത്തിൽ വ്യക്തികളായും സമൂഹങ്ങളായും പരുവപ്പെടുന്നതിന്റെ ഫലമായി ഒട്ടനവധി ബോധവിചാരങ്ങൾ രൂപപ്പെടാറുണ്ട്. നന്മ, തിന്മ, ഗുണം, ദോഷം മുതലായവ നിർമ്മിക്കപ്പെടുന്നു. ഇത്തരത്തിൽ ഇവർ പാലിക്കപ്പെടേണ്ടതും പാലിക്കപ്പെടേണ്ടാത്തതുമായുള്ള സങ്കല്പങ്ങൾ നിലനിർത്തി കൊണ്ടാണ് ജീവിക്കുന്നത്. ഇത് അവരുടെ കാഴ്ച ബോധങ്ങളെ, അവരുടെ പെരുമാറ്റ ശീലങ്ങളെ സ്വാധീനിക്കുന്നു.

ഇത്തരത്തിൽ പൊതുബോധങ്ങൾ സാധാരണവും സ്വാഭാവികവുമായവർ കാണുന്നു. ഉദാഹരണമായി ഒരു കാലഘട്ടത്തിൽ പ്രായമുള്ള പാർശ്വവത്കരിക്കപ്പെട്ട മനുഷ്യനെ, ഉയർന്നജാതിയായി കരുതപ്പെട്ട വിഭാഗത്തിലെ എല്ലാ പ്രായക്കാരും പേരെടുത്ത് അഭിസംബോധന ചെയ്യുന്നു. എന്നാൽ ഉയർന്നജാതിയായി കരുതപ്പെട്ട വിഭാഗത്തിലെ ആൾക്കാരെ ഇപ്രകാരം സംബോധന ചെയ്യുന്നില്ല. ഇങ്ങനെ വിളിക്കുന്നത് കൊണ്ട് തെറ്റൊന്നുമില്ലയെന്നും അത് ശരിയും സ്വാഭാവികവുമാണ് എന്നുമുള്ള ബോധം അവിടെയുള്ള സാമൂഹിക അന്തരീക്ഷത്തിൽ നിലനിൽക്കുന്നത് കൊണ്ടാണ് ഇപ്രകാരം വിളിക്കപ്പെടുന്നത്.

ഇങ്ങനെയുള്ള ഒട്ടനവധി ധാരണകൾ ദൈനംദിന പെരുമാറ്റരൂപങ്ങളും ബോധവിചാര രൂപങ്ങളും ഇടപെടൽ മാതൃകകളുമായി തെറ്റാണെന്ന് തോന്നാത്ത വിധം സ്വാഭാവികമായി നിലനിൽക്കുകയും പിന്തുടരുകയും ചെയ്യുന്നു. വിമർശനാത്മകമായി പരിശോധിക്ക പ്പെടാതെ ദൈനംദിന ബോധമായി മാറുകയും നിലനിൽക്കുകയും ചെയ്യുന്നു. ഇതിനെ ഒരു ഡോക്സയായി പിയർ ബോർദ്യു പറയുന്നു[1]. ഇതിനെ ഗ്രാംഷിയെ പോലുള്ളവർ കോമൺസെൻസ് എന്ന് വിഭാവനം ചെയ്യുന്നു. മറ്റൊരു ഉദാഹരണമായി, ആർത്തവമുള്ള സ്ത്രീകൾ ശബരിമലയിൽ കയറരുത് എന്ന് പറയുന്നത്, ഇതിൽ എന്തോ കുഴപ്പമുണ്ടെന്ന് തോന്നാത്ത വിധം വിശ്വാസികൾ അവരുടെ വിശ്വാസത്തിലും ബോധ്യത്തിലും നിലനിർത്തുന്നു. ഈ ബോധത്തെയാണ് യഥാർത്ഥത്തിൽ ഹാബിറ്റസ് എന്നു പറയുന്നത്. പ്രതിചിന്ത സാധ്യമാകാത്ത വിധം സാമാന്യവൽക്കരിക്കപ്പെടുന്ന ബോധത്തെ ഡോക്സ യെന്നും, ആ ബോധം സൃഷ്ടിക്കുന്ന പെരുമാറ്റ രൂപത്തെ ഹാബിറ്റസ് എന്നും പറയുന്നു. ഈ ഹാബിറ്റസിന്റെ പ്രവർത്തനം മനുഷ്യന്റെ ചിന്തയിലും ബോധത്തിലും വിചാരങ്ങളിലും ആന്തരിക മനോഭാവമായി നിലനിൽക്കുന്നു.

നിരവധിയായ അർത്ഥധാരകളാലും പ്രത്യയശാസ്ത്രങ്ങൾ, സാംസ്കാരികരൂപങ്ങൾ എന്നിവയാൽ വ്യാപരിക്കപ്പെട്ടുമാണ് സംസ്കാരം നിർമ്മിതമായിരിക്കുന്നത്. ഈ അർത്ഥധാരകളിൽ ചിലത് പ്രബലസ്വഭാവമുള്ളവയായിരിക്കും. ഇത്തരം പ്രബലമായ അർത്ഥധാരകളെയോ വഴക്കങ്ങളെയോ നിർമ്മിക്കുകയും പരിപാലിക്കുകയും പുനരുൽ പ്പാദിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ഗ്രാംഷി മുന്നോട്ടുവച്ച അധീശത്വം (Hegemony). അധീശത്വം പ്രവർത്തിക്കുന്നത് ബലപ്രയോഗത്തിലൂടെയും ജനസമ്മതിയുടെ രൂപീകരണ ത്തിലൂടെയുമാണ് (Consent making). ബലപ്രയോഗത്തിലുപരിയായി അധികാരം ശ്രദ്ധകേന്ദ്രീകരിക്കുന്നത് പ്രത്യയശാസ്ത്രപരമായി ജനസമ്മതി രൂപീകരിക്കുന്നതിലാണ്. പ്രത്യയശാസ്ത്രത്തിന് ആശയങ്ങളുടെ ഉചിതമായ ആവിഷ്കരണമായി പരുവപ്പെടാനാ കുമെങ്കിലും അത് വ്യത്യസ്തങ്ങളായ പ്രതിനിധീകരണങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്ന പൊതുബോധത്തിന്റെ (common sense) ചെറിയ അർത്ഥഭാഗങ്ങളായാണ് കാണപ്പെടു ന്നത്. അതുകൊണ്ടാണ് പൊതുബോധം എന്നത് പ്രത്യയശാസ്ത്രസമരങ്ങളുടെ മുഖ്യ ഇടമായി മാറുന്നത്. വ്യക്തികളുടെ ദൈനംദിനജീവിതത്തിലെ തിരഞ്ഞെടുപ്പുകളെ സ്വാധീനിക്കുകയും അവയുടെ സാമൂഹികാംഗീകാരം നിർണ്ണയിക്കുകയും ചെയ്യുന്നത് പൊതുബോധം / സാമാന്യബോധം / Common sense ആണ്. 'A relatively rigid phase

of widespread knowledge at a given place and time എന്നാണ് ഗ്രാംഷി അഭിപ്രായപ്പെടുന്നത്[2]. Common sense ഒരു folklore കൂടിയാണെന്ന് പറയുമ്പോൾ, അത് കൂട്ടനുഭവങ്ങളിലൂടെ ആർജ്ജിക്കപ്പെട്ടതാണെന്ന് മനസ്സിലാക്കാം. വ്യക്തി വൈവിധ്യത്തിനുള്ള സാധ്യത നിലനിർത്തുമ്പോഴും ഈ പൊതുബോധം അധികാരപ്രയോഗത്തിലൂടെ ജനതയിൽ ആരോപിക്കപ്പെടുന്നതുമാണ്. അതുകൊണ്ടുതന്നെ, സത്യവും വിവേകവും കാപട്യവും അസംബന്ധവും പൊതുബോധത്തിന്റെ സ്വഭാവമായെന്ന് പറയാം.

ഗ്രാംഷിയുടെ അഭിപ്രായപ്രകാരം എല്ലാ സമൂഹത്തിനും അവരുടെതായ പൊതുബോധങ്ങൾ നിലനിൽക്കുന്നു. ജീവിതസാഹചര്യങ്ങളിൽ നിന്നും മൂല്യങ്ങളിൽ നിന്നും അവ നിർമ്മിക്കപ്പെടുകയും വ്യാപകമായി പ്രചാരം ലഭിക്കുകയും ചെയ്യുന്നു. എല്ലാ സമൂഹത്തിലും പൊതുബോധം നിലനിൽക്കുന്നു എന്ന് പറയുമ്പോഴും അവിടെ ഒന്നിലധികം പൊതുബോധങ്ങൾ ഉണ്ടാവാനുള്ള സാധ്യതയുമുണ്ട് . അവരുടെ പൂർവ്വകാല ജീവിതത്തിൽ നിന്നും അവയിൽ നിന്നുണ്ടായ ബോധ്യത്തിൽ നിന്നും ഇവ രൂപപ്പെടാം. എന്നിരുന്നാലും പൊതുബോധം സ്ഥായിയായ ഒന്നല്ല അവ നവീകരണത്തിന് വിധേയമാകുന്നുണ്ട്. ഇവിടെ ഗ്രാംഷി പരിചയപ്പെടുത്തുന്ന മറ്റൊരു സംജ്ഞ കൂടിയുണ്ട് അധീശത്വം എന്നത്. മേൽ വിവരിച്ചതിൽ നിന്ന് കൂടുതലായി ഇപ്രകാരം പറയാം. അധീശത്വം എന്ന ഗ്രാംഷിയൻ സങ്കല്പം പ്രത്യക്ഷമായ ബലപ്രയോഗത്തിലൂടെയും (Force) പരോക്ഷമായ പൊതുസമ്മതിയിലൂടെയും (Consensus) പ്രവർത്തിക്കുന്ന മുതലാളിത്ത രാഷ്ട്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു. രാഷ്ട്രം എന്ന പരികല്പനയെ ഗ്രാംഷി മനസ്സിലാക്കുന്നത് രാഷ്ട്രസമൂഹത്തിന്റെയും (Political socitey) പൗരസമൂഹത്തിന്റെയും (Civil socitey) സാകല്യമായാണ്.

രാഷ്ട്രസമൂഹം ബലപ്രയോഗത്തിലൂടെയും പൗരസമൂഹം അധീശത്വത്തിലൂടെയും അധികാരം നിലനിർത്തുന്നു. ഈ വ്യത്യസ്ത മണ്ഡലങ്ങൾ തമ്മിൽ വിശകലനാത്മകമായ വിഭജനം സാധ്യമാണെങ്കിലും ഇവ പരസ്പരപൂരകമായി നിലകൊള്ളുന്നുവെന്ന് ഗ്രാംഷി വാദിക്കുന്നു. വിപ്ലവം ഇരുപതാംനൂറ്റാണ്ടിൽ യൂറോപ്പിൽ നടക്കാതിരിക്കുന്നതിനെ അപഗ്രഥിക്കുന്ന വേളയിൽ അദ്ദേഹം ഇങ്ങനെ കുറിക്കുകയുണ്ടായി. മുതലാളിത്തം സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരത്തിലൂടെ മാത്രമല്ല, പ്രത്യയശാസ്ത്രപരമായും സമൂഹികനിയന്ത്രണം സാധ്യമാക്കുന്നു. പ്രത്യയശാസ്ത്രപരമായ അധീശത്വത്തിലൂടെയാണ് ബൂർഷ്വാസി തങ്ങളുടെ മൂല്യവ്യവസ്ഥയെ സാർവലൗകികമായ 'പൊതുബോധ' മായി (common sense) പരിവർത്തിപ്പിക്കുന്നത്. ഇത്തരത്തിൽ സാമൂഹിക യാഥാസ്ഥിതികത്വം നിലനിർത്തുന്നതിലൂടെ ബൂർഷ്വാസിയുടെ താല്പര്യങ്ങൾ തൊഴിലാളിവർഗം തങ്ങളുടെ തന്നെ താല്പര്യങ്ങളായി മനസ്സിലാക്കുന്നു. ക്ലാസിക്കൽ മാർക്സിസത്തിലെ അടിത്തറമേൽപ്പുര (base-superstructure) ബന്ധത്തിൽ, മേൽപ്പുരയെ രണ്ടായി വിഭജിച്ച് (രാഷ്ട്രീയ സമൂഹം, പൗരസമൂഹം) പ്രത്യയശാസ്ത്ര മേൽക്കോയ്മ അഥവാ ഹെജിമണി എന്ന സങ്കല്പം ഗ്രാംഷി ആവിഷ്ക്കരിക്കുമ്പോൾ ഭരണവർഗം എങ്ങനെ പൗരസമൂഹത്തിനുമേൽ ഹെജിമോണിക് ആയി പ്രവർത്തിക്കുന്നു എന്നതിനെ പരിശോധിക്കുന്നു. അത് അധികാരവർഗ്ഗത്തിന്റെ സാമ്പത്തിക മേൽക്കോയ്മയിലൂടെ മാത്രമല്ല.

തങ്ങൾക്കനുസൃതമായ പ്രത്യയശാസ്ത്ര മേൽക്കോയ്മയിലൂടെ സാംസ്കാരികമായി സാമാന്യജനത്തിനുമേൽ വിജയം നേടാൻ ഭരണവർഗത്തിന് സാധിക്കുന്നു. ആചാരങ്ങളും വിശ്വാസങ്ങളും ഭരണവർഗ്ഗത്തിന് ഹിതകരമാക്കിത്തീർക്കുകയാണ് പ്രത്യയശാസ്ത്രമേൽക്കോയ്മ ചെയ്യുന്നത്. അതിനാൽ ഈ പ്രബലവർഗ്ഗം അവരുടെ ഇംഗിതത്തിനു വേണ്ടി പൊതുബോധങ്ങൾ നിർമ്മിക്കുകയും ഇതരവർഗ്ഗങ്ങളിലേക്ക് അവ വ്യാപിപ്പിക്കുകയും ചെയ്യുന്നു. ഇതുവഴി തങ്ങളുടെ അധികാര സുരക്ഷ ഉറപ്പുവരുത്താൻ ഇവർക്ക് ആകുന്നു.

ഗ്രാംഷിയെ സംബന്ധിച്ചിടത്തോളം, പൊതുബോധം എന്നത് 'ഒരു പ്രത്യേക കാലഘട്ടത്തിനും ഒരു പ്രത്യേക ജനകീയ പരിതസ്ഥിതിക്കും പൊതുവായുള്ള ചിന്തയാണ്' (ഗ്രാംഷി 1971:330n). പൊതുബോധം അബോധാവസ്ഥയിലുള്ള കീഴ്വഴക്കത്തെ സൂചിപ്പിക്കുന്നു. ആധിപത്യപ്രക്രിയയിൽ പൊതുബോധം ഒരു പ്രധാന പങ്ക് വഹിക്കുന്നു. പൊതുബോധം എന്നത് 'വിമർശനരഹിതവും വലിയതോതിൽ അബോധാവസ്ഥയിലുള്ളതുമായ ഒരു വ്യക്തി ഒരു ലോകത്തെ മനസ്സിലാക്കിയ രീതിയാണ്' (സൈമൺ 1991, പേജ് 25). പൊതുബോധത്തിൽ പ്രത്യയശാസ്ത്രങ്ങൾ, മതങ്ങൾ, കെട്ടുകഥകൾ, വിശ്വാസങ്ങൾ എന്നിവ ഉൾപ്പെടുന്നു. പൊതുബോധത്തിന്റെ വീക്ഷണകോണിൽ ലോകത്തെക്കുറിച്ചുള്ള വ്യക്തിഗത ധാരണ നിർണ്ണയിക്കുന്നത് ഒരു വ്യക്തി ജീവിക്കുന്ന സമൂഹവും രാഷ്ട്രവുമാണ്. ഗ്രാംഷിയുടെ അഭിപ്രായത്തിൽ പൊതുബോധം ദേശീയ നാടോടിക്കഥകളും ഭാഷയും ഇത് നിർണ്ണയിച്ച സങ്കൽപ്പങ്ങളുടെയും ആകെത്തുകയാണ് (മാർട്ടിൻ 2002, പേജ് 253).

ഗ്രാംഷി തന്റെ കൃതികളിൽ പൊതുബോധത്തിന്റെ വൈരുദ്ധ്യാത്മക സ്വഭാവം വിവരിക്കുന്നു. ഒരു വ്യക്തിക്ക് രണ്ട് വൈരുദ്ധ്യാത്മക ബോധങ്ങളുണ്ടെന്ന് അദ്ദേഹം പറയുന്നു ആദ്യത്തേത് അവന്റെ പ്രവർത്തനത്തിൽ അന്തർലീനമാണ്, അത് യഥാർത്ഥലോകത്തിന്റെ പ്രായോഗിക പരിവർത്തനത്തിൽ അവനെ എല്ലാ സഹപ്രവർത്തകരുമായും ഒന്നിപ്പിക്കുന്നു, രണ്ടാമത്തേത് ഉപരിപ്ലവമായി നിൽക്കുന്നതാണ്. അല്ലെങ്കിൽ വാക്കാലുള്ളത്തും, അവൻ ഭൂതകാലത്തിൽ നിന്ന് പാരമ്പര്യമായി സ്വീകരിച്ചതും വിമർശനാത്മകമായി ഉൾക്കൊള്ളുന്നതും ആകുന്നു' (ഗ്രാംഷി 1971, പേജ് 333). ഇപ്രകാരമാണെങ്കിലും വ്യത്യസ്തങ്ങളും വ്യക്തിഗത ആവിഷ്കാരങ്ങളും ഉൾക്കൊള്ളുന്നുണ്ടെങ്കിലും പ്രത്യേകവർഗത്തിന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ പൊതുബോധം അതിൽത്തന്നെ ഒരു ഏകത്വത്തെയും സമഗ്രതയെയും പ്രതിനിധീകരിക്കുന്നുണ്ട്. (പട്നായിക് 1988, പേജ് 4) ചരിത്രപരവും പ്രത്യയശാസ്ത്രപരവുമായ പൈതൃകത്താൽ ഏകീകരിക്കപ്പെടുകയും അതിന്റെ സമഗ്രതയിൽ പൊതുബോധം രൂപപ്പെടുകയും ചെയ്യുന്നു.

ഗ്രാംഷിയെ സംബന്ധിച്ചിടത്തോളം പൊതുബോധത്തിൽ ദൈനംദിന തത്വശാസ്ത്രവും ധാരണകളും ഉൾപ്പെടുന്നു. പൊതുബോധം ശരാശരിയാണ്. ചരിത്രത്തിലുടനീളമുള്ള ദാർശനിക, ശാസ്ത്രീയ, രാഷ്ട്രീയ ആശയങ്ങളുടെ വിഘടനവും സംതൃപ്തിയും പൊതുബോധവുമായി അടുത്ത ബന്ധമുള്ളതാണ്. ഇത് ആധിപത്യക്രമങ്ങളുടെ പരിപാലനത്തിന് സംഭാവന നൽകുന്നു. ഈ രീതിയിൽ, ചരിത്രപരമായി സ്ഥാപിതമായ സാമൂഹികക്രമത്തോട് അവിചാരിതമായി സമ്മതം നൽകിക്കൊണ്ട് കീഴാളവിഭാഗങ്ങൾ സമൂഹത്തിൽ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അവരുടെ കീഴാള പങ്ക് നിറവേറ്റുന്നു. അതിനാൽ പൊതുബോധത്തിന് വിശാലമായ രാഷ്ട്രീയ അർത്ഥമുണ്ട്.

'എല്ലാ സാമൂഹിക വർഗ്ഗവും മറ്റ് വർഗ്ഗങ്ങളുമായുള്ള മത്സരത്തിലും വർഗ്ഗശ്രേണിയെ നിർണ്ണയിക്കുന്ന ആധിപത്യ വ്യവസ്ഥയെക്കുറിച്ചും അതിന്റേതായ പൊതുബോധത്തെ വഹിക്കുന്നു' (ജെൻകരെല്ല 2010, പേജ് 231). പൊതുബോധങ്ങൾ താരതമ്യേന വിമർശനങ്ങൾക്ക് വിധേയപ്പെടാതെ വ്യാപിക്കുന്നുണ്ട്. നിരവധി ആശയങ്ങളും സങ്കൽപ്പങ്ങളും ജീവിതരീതികളും ഭാഷകളും നിലനിൽക്കുമ്പോഴും ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ആശയങ്ങൾക്കും സങ്കൽപ്പങ്ങൾക്കും ജീവിതരീതിക്കും ഭാഷയ്ക്കും മൂല്യബോധത്തിനും സമൂഹത്തിലെ പൊതുബോധത്തിൽ നിർണായകമായ സ്ഥാനവും അധീശത്വവും കാണാം. ഇത്തരത്തിൽ മറ്റ് ആശയങ്ങളെയും സംസ്കാരങ്ങളെയും നിഷ്പ്രഭമാക്കിക്കൊണ്ട് അധമസ്ഥാനത്തേക്ക് മാറ്റിവയ്ക്കുകയും സ്വന്തം ആശയമായും സംസ്കാരമായും കരുതുന്നതിലൂടെ അത് എല്ലാവരുടേതുമായി ചിത്രീകരിക്കാനും സാധിക്കുന്നത് ഒരു വിഭാഗത്തിന് പ്രത്യയശാസ്ത്രനായകത്വം നിലനിൽക്കുന്നതുകൊണ്ടാണ്. ഭൂപ്രഭുവർഗം രാജ്യങ്ങൾ ഭരിച്ചിരുന്ന കാലംമുതൽ ഇത്തരത്തിലുള്ള പ്രത്യയശാസ്ത്രനായകത്വം സമൂഹത്തിൽ നിലനിന്നിട്ടുണ്ട്. ഭൂവുടമകളോ ജന്മികളോ അവരുടെ വർഗപരമായ താൽപര്യം സംരക്ഷിക്കാൻ മറ്റുള്ളവർക്കുമേൽ അടിച്ചേൽപ്പിച്ച ആശയപരിസരം തന്നെയാണ് ഭരണവർഗത്തിന് ജനങ്ങളുടെ പിന്തുണ നേടിക്കൊടുത്തത്. ഇന്ത്യയിൽ ഭൂവുടമവർഗം അധികാരം നിലനിർത്തിയത് ജാതിവ്യവസ്ഥയെ പ്രത്യയശാസ്ത്രനായകത്വത്തിനുള്ള ഉപകരണമാക്കിയാണ്. അതുകൊണ്ടാണ് ഇന്ത്യയിൽ ഭരണവർഗമായിരുന്ന ഭൂപ്രഭുവർഗത്തിന്റെ ഭാഷയ്ക്കും ജീവിതരീതിക്കും സംസ്കാരത്തിനും ഉയർന്ന സ്ഥാനവും മാന്യതയും ലഭിച്ചപ്പോൾ ഇതര ജനവിഭാഗങ്ങളുടേതിന് അധമസ്ഥാനം മാത്രം ലഭിച്ചത്. ഓരോ കാലഘട്ടത്തിലും നിലനിൽക്കുന്ന ഉപരിവർഗ്ഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ആവശ്യമായ പൊതുബോധങ്ങളെ ഈ വർഗ്ഗം നിർമ്മിക്കുന്നുണ്ട്. ഇവയ്ക്ക് സമൂഹത്തിലാഴത്തിൽ ഒരു സ്വാധീനം ഉണ്ടാക്കുന്നതിന് വേണ്ടി മതം, സാഹിത്യം, കല മുതലായ, ജനങ്ങളുമായി ഏറ്റവും അടുത്തു നിൽക്കുന്ന എന്തിനെയും ഉപയോഗിക്കുന്നു. അധികാരവും ശക്തിയും ഉള്ളവർ നിയന്ത്രിക്കുന്ന ലോകത്ത് സാധാരണജനങ്ങളുടെ ജീവിതത്തിലേക്ക് ഇത്തരം ബോധങ്ങളെ ഇക്കൂട്ടർ കുത്തിനിറയ്ക്കുന്നു. താല്പര്യമില്ലെങ്കിൽ പോലും അധികാര സ്രോതസ്സുകളുടെ ഈ ബോധങ്ങളെ തങ്ങളുടേതാണ് എന്ന് ഇവർ വിശ്വസിക്കേണ്ടിവരുന്നു. അതിനുവേണ്ടി ഈ വരേണ്യവർഗ്ഗം മർദ്ദിതോപകരണങ്ങളെ ഉപയോഗപ്പെടുത്തുന്നു. പൊതുബോധം എന്നത് മനുഷ്യൻ വളർന്നുവരുന്ന സാമൂഹിക സാംസ്കാരിക അന്തരീക്ഷത്തിൽ അവരുടെ അനുഭവമണ്ഡലത്തിന്റെയും മറ്റും പരിണിതഫലമായി നിർമ്മിക്കപ്പെടുന്നവയാണ്. പല കാലഘട്ടങ്ങളിൽ ഉണ്ടായ സംഭവവികാസങ്ങളും വിദ്യാഭ്യാസപുരോഗതിയും പ്രസ്ഥാനങ്ങളുടെ കടന്നുവരവും ഇത്തരം പൊതുബോധനിർമ്മിതിയിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആശ്വാസകരമായ ചില മാറ്റങ്ങൾ സമീപകാലത്തായി നടന്നുവരുന്നുണ്ട്. കേരള സർക്കാരിന്റെ പുതിയ പാഠപുസ്തകങ്ങളിൽ അമ്മയോടൊപ്പം അച്ഛനും മക്കളും അടുക്കളപ്പണിയിൽ പങ്കുചേരുന്ന ദൃശ്യങ്ങൾ പ്രകടമാണ്. അത് ലളിതമായ ഒരു മാറ്റമാണെന്ന്

തോന്നിയേക്കാം. എന്നാൽ ആ ചിത്രം തകർക്കുന്നത് കാലങ്ങളായി നിലനിന്നു പോരുന്ന 'അടുക്കളപ്പണി സ്ത്രീകൾക്ക്' എന്ന പൊതുബോധത്തെയാണ്.

## കുറിപ്പുകൾ

1. *Doxa is another term which can be encountered in Bourdieu's work and refers to a set of unquestioned beliefs by which aspects of the world and its constituents (people, things, one's own social situation and practices) are grasped as "natural", taken for granted. (A theory of practice,1972)*
2. *Gramsci's common sense, Kate crehan, 2017, page 45*

## സഹായകസ്രോതസ്സുകൾ

1. *ഗ്രാംഷി, അന്റോണിയോ, ഭരണകൂടവും പൗരസമൂഹവും, ഷിജു ഏലിയാസ് (വിവ), പ്രോഗ്രസ് പബ്ലിക്കേഷൻസ്, 2006*
2. *പ്രഭാഷ് ജെ,ഡോ, 'ഭാവിയുടെ സുവിശേഷകൻ, കറുത്തപക്ഷ സിദ്ധാന്തവും ഫ്രാൻസ് ഫാനനും', മാതൃഭൂമി ആഴ്ചപ്പതിപ്പ്,നവംബർ 21,2021*
3. *രാഘവൻ പയ്യനാട്, ഡോ, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019*
4. *രാജശേഖരൻ, എസ്, അന്റോണിയോ ഗ്രാംഷിയും സാംസ്കാരികപഠനവും, ചിന്ത പബ്ലിക്കേഷൻസ്,2008*
5. *രാജശേഖരൻ, പി. കെ., ഏകാന്ത നഗരങ്ങൾ, ഡിസി ബുക്സ്, 2016*
6. *ഷിജു ഏലിയാസ്, ഗ്രാംഷി ദർശനത്തിന്റെ പൊരുൾ, ചിന്ത, 2013*
7. *ഹോബ്സ്, എറിക്, ലോകത്തെ മാറ്റുന്നത്(വിവ : ശിവദാസ് പി.കെ.),ചിന്ത, 2011*
8. *റൊളാങ് ബാർത്ത്, മിത്തോളജിസ്, ജോനാഥൻ, കേപ്പ് ലിമിറ്റഡ്,1972*
9. *Kate crehan,Gramsci's common sense, 2017*
10. *Raymond Williams, television technology and cultural form, Rutledge, London, 2004*

# മഞ്ഞ്: കാഴ്ചയുടെ അപനിർമ്മിത പാഠങ്ങൾ

**ജിൽഷ പി**
ഗവേഷക, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, തിരൂർ

**പ്രബന്ധസംഗ്രഹം**

കാഴ്ചയെയും അതിന്റെ അനുബന്ധങ്ങളെയും കേന്ദ്രസ്ഥാനത്ത് കൽപ്പിക്കുന്ന പഠനമേഖലയാണ് ദൃശ്യസംസ്കാരപഠനം. കണ്ണുകൊണ്ട് കാണുന്ന കേവലം ഭൗതികമായ പ്രക്രിയയല്ല കാഴ്ചയെന്നും, മറ്റ് ഇന്ദ്രിയാനുഭവങ്ങളും കൂടിച്ചേരുന്ന ഉൾക്കാഴ്ചക്ക് സമാനമായ വൈയക്തികവും ചരിത്രപരവുമായ അനുഭവമാണിതെന്നും ദൃശ്യസംസ്കാരപഠനം സിദ്ധാന്തിക്കുന്നു. എം.ടി.യുടെ 'മഞ്ഞ്' എന്ന നോവലിലെ കാഴ്ചയെയും കാഴ്ചയുടെ അനുബന്ധങ്ങളെയും മുൻനിർത്തിക്കൊണ്ടുള്ള പുനർവായനയാണ് പ്രബന്ധം നിർവഹിക്കുന്നത്. കാഴ്ച, നോട്ടം, ഒളിഞ്ഞുനോട്ടം, ദൃശ്യം, കാഴ്ചയിലെ വസ്തുക്കൾ, വ്യക്തികൾ, നിറങ്ങൾ എന്നിവയെ അപഗ്രഥിക്കാനും നോവലിനെ അപനിർമ്മിക്കാനുമാണ് ശ്രമിക്കുന്നത്.

***താക്കോൽവാക്കുകൾ:*** ദൃശ്യകർതൃത്വം, നിറം, കാഴ്ച, വോയറിസം, ദൃശ്യസംസ്കാരം.

രചനയിലേർപ്പെടാനുള്ള പ്രഥമസ്ഫുരണമെന്നോ 'സ്പാർക്ക്' എന്നോ പേരുവിളിക്കാവുന്ന സവിശേഷാനുഭവം നൈനിറ്റാളിലെ കുറച്ചുദിവസത്തെ താമസത്തിലാണ് എം.ടിയിലുണ്ടായതെന്ന് 'മഞ്ഞി'ന്റെ രചനാചരിത്രത്തെക്കുറിച്ച് പറയാറുണ്ട്. നൈനിറ്റാളിന്റെ ഭൂപ്രകൃതി എം.ടിയുടെ കാഴ്ചയെയും തുടർന്നുണ്ടായ ഇന്ദ്രിയ അതീന്ദ്രിയ ചലനങ്ങളെയും അവയുടെ സ്വീകരണത്തെയും മനനം ചെയ്തതിന്റെ ആകെത്തുകയാണ് 'മഞ്ഞ്' എന്ന നോവൽ. അതുകൊണ്ടുതന്നെ നോവലിന്റെ അവതരണത്തിൽ ഈ കാഴ്ചകൾ പ്രത്യക്ഷത്തിൽ പ്രവർത്തിച്ചിട്ടുണ്ടെന്നും ദൃശ്യകർതൃത്വം അന്തർഭവിച്ചിട്ടുണ്ടെന്നും പരികല്പിക്കുന്നത് യുക്തിസഹമാണ്. നൈനിറ്റാളിന്റെ ഭൂമിശാസ്ത്രത്തിൽ നിന്ന് വിടുതൽ ചെയ്തുകൊണ്ടുള്ള അസ്തിത്വം സാധ്യമല്ലെന്ന മട്ടിലാണ് നോവലിന്റെ

രചനാരീതി. കാഴ്ചയിലുണ്ടായിരുന്ന ദൃശ്യങ്ങളെ അധികരിച്ചുള്ള കർതൃത്വ ഉദ്യമമാണിത്. 'മഞ്ഞ്' ധാരാളം ദൃശ്യങ്ങളെയും ദൃശ്യബിംബങ്ങളെയും (visuals and images) ഭാഷാവൽക്കരിച്ച കൃതിയാണ്. നൈനിറ്റാൾ എന്ന സ്ഥലനാമം കണ്ണ് എന്നർത്ഥം വരുന്ന നയൻ എന്ന വാക്കിന്റെയും തടാകം എന്ന അർത്ഥത്തിലുള്ള താൽ എന്ന വാക്കിന്റെയും സംലയമാണ്. സതിയുടെ വലതുകണ്ണ് വന്നുവീണ ഇടമെന്ന മിത്തിനാൽ ദേവതാ സങ്കല്പവുമായി ബന്ധപ്പെട്ട സംസ്കാരരൂപം കൂടിയാണ് നൈനിറ്റാൾ. ഹിമാലയൻ താഴ്വരയിലെ ഈ പ്രദേശത്തെക്കുറിച്ചും അവിടത്തെ പ്രത്യേക കാലാവസ്ഥയെ കുറിച്ചു മുള്ള പൂർവധാരണ മഞ്ഞിന്റെ പാരായണത്തെയും സ്വാധീനിക്കുന്നു.

## വാങ്മയങ്ങളും വസ്തുസൂചകങ്ങളും

കഥാപാത്രത്തിന്റെ ചിന്തകളെ അഥവാ ബോധത്തെ പിന്തുടരുന്ന ബോധധാരാ സംവിധാനമാണ് നോവലിന്റേത്. കേന്ദ്രകഥാപാത്രമായ വിമലയുടെ ചിന്താധാരയാണ് മഞ്ഞിന്റെ ആഖ്യാനമണ്ഡലം. വിമലയുടെ കാഴ്ചകളും നോട്ടങ്ങളും ഒളിഞ്ഞുനോട്ടങ്ങളും കാണാക്കാഴ്ചകളും സ്വപ്നങ്ങളും മേൽപ്പറഞ്ഞവയുടെയൊക്കെ വ്യക്തവും അവ്യക്തവു മായ പതിപ്പുകളും നോവലിലുണ്ട്. വിമല എന്ന കഥാപാത്രത്തിന്റെ അടിസ്ഥാന സ്വഭാവം ആദ്യഅദ്ധ്യായത്തിന്റെ വിവരണത്തിൽ അനാവരണം ചെയ്യപ്പെടുന്നുണ്ട്. 'വായിക്കാൻ ഒന്നുമില്ല' എന്ന പരാതിയിലാരംഭിക്കുന്ന അധ്യായത്തിൽ മുറിയുടെ വിവരണമാണ്. അടുക്കില്ലാതെ കൂടിക്കിടക്കുന്ന വായന പൂർത്തിയാക്കിയ പുസ്തകങ്ങൾ. കൈയിരിപ്പുള്ള പുസ്തകങ്ങൾ വായിച്ചുതീർത്തിട്ടും പുതിയ പുസ്തകങ്ങൾ വാങ്ങിക്കാനുള്ള താല്പര്യ മോ ശ്രമമോ വിമലയുടെ ഭാഗത്തുനിന്നില്ല. പെട്ടിപ്പുറത്തും സ്റ്റാൻഡിലും കൂടിക്കിടക്കുന്ന (മടക്കിവെക്കണമെന്ന് കരുതിയ) സാരികൾ, ഉറകുത്തിയ തട്ടിൽനിന്നും മേശപ്പുറത്തും നിലത്തുമായി പരന്നുകിടക്കുന്ന വെള്ളത്തരികൾ, നിറംമങ്ങി വികൃതമായ കടലാസു പൂക്കൾ, മൂന്നു മാസങ്ങൾക്കിപ്പുറവും താളുകൾ മറിക്കാതെയുള്ള കലണ്ടർ. അത്യന്തം വിരസവും വിരക്തവുമായ വിമലയുടെ ജീവിതത്തിന്റെ പകർപ്പാണ് മുറിയുടെ ഈ കാഴ്ച.

ഒൻപത് വർഷമായി നൈനിറ്റാളിലെ അധ്യാപികയാണ് വിമല. അതായത് അത്രയും വർഷങ്ങളുടെ പരിചയമുള്ള ഭൗതികപരിസരത്തെയാണ് വിമല നോക്കുന്നത്. എന്നാൽ പലപ്പോഴും ഈ കാഴ്ച 9 വർഷങ്ങൾക്കു മുൻപുള്ള സുധീർമിശ്രയുടെ സമാഗമത്തിലെ ഭൂതകാലത്തിലും വർത്തമാനനിമിഷത്തിലും മാത്രം നിലനിൽക്കുന്നതായി തോന്നുന്നു. ഉദാഹരണത്തിന് കത്തിലൂടെ രശ്മിയെ കുറിച്ചുള്ള ഓർമ്മകളിൽ നഷ്ടപ്പെടുന്ന വിമല പിന്നീട് കണ്ടെടുക്കുന്നത് തന്നെത്തന്നെയാണ്. സാധാരണ നടക്കുന്ന വഴിയിൽ നിന്നും മാറി 9 വർഷങ്ങൾക്കു മുൻപ് സുധീർമിശ്ര താമസിച്ച ഹോട്ടൽകവാടത്തെ തേടിച്ചെല്ലുക യാണ് വിമല. അവിടെയിരുന്നുകൊണ്ട് ഹോട്ടലിനെ നോക്കുന്നു. രശ്മിയുമായുള്ള ഇടപെടൽ ഈ കാഴ്ചയിലേക്കാണ് വിമലയെ നയിക്കുന്നത്.

'ബോട്ടു ക്ലബ്ബിനപ്പുറത്തെ ഹോട്ടലിന്റെ പിരിയൻ കോണി കാണാം... ഉരുളൻതൂണുകളും ചായം തേച്ച ഇരുമ്പുകമ്പികൾ കൊണ്ടു നെയ്ത ബാസ്ക്കറ്റ് കസേരകളും മാറിയിരി ക്കുകയില്ല.' (വിമലയുടെ നോട്ടം)

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'വർഷങ്ങൾക്കു ശേഷം രശ്മി ഭാര്യയായി, അമ്മയായി, ഹൽദാനിയിലെ മുസാവരി ബംഗ്ലാവിന്റെ മുന്നിലൂടെ കടന്നുപോകുമ്പോൾ നിഗൂഢമായ ആനന്ദത്തോടെ ജാലകങ്ങളിലൊന്നിലേക്കു നോക്കുമായിരിക്കും.' (രശ്മിയെ കുറിച്ചുള്ള വിമലയുടെ വിഭാവനം)

'മൂന്നാംനിലയുടെ വലത്തെ അറ്റത്തു വെണ്മാടത്തിലേക്കെത്തുന്ന പിരിയൻകോണിയുടെ സമീപം അടഞ്ഞുകിടക്കുന്ന ആ ജാലകം കാണുന്നുണ്ടോ?' (ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മ.) (എം, ടി.2015:45)

ഈ പിരിയൻകോണിയുടെ സമീപത്തെ ജാലകം സുധീർമിശ്രയുടെതാണെന്ന് തിരിച്ചറിയാൻ എം.ടി തരുന്ന സൂചന 'ചായം തേച്ച ഇരുമ്പുകമ്പികൾ കൊണ്ട് നെയ്ത ബാസ്ക്കറ്റ് കസേരകൾ' എന്ന വസ്തുവാണ്. അടുത്ത അധ്യായത്തിലെ സുധീർകുമാർ മിശ്രയുടെ മുറിവർണ്ണനയിൽ ഈ ബാസ്ക്കറ്റ് കസേര ഒരിക്കൽ കൂടി കാണുന്നു. 'ചൂരൽക്കൊട്ടയുടെ മാതൃകയിൽ വൃത്താകൃതിയിൽ പണിത ഇരുമ്പുകസേര നീക്കിയിട്ടു ക്ഷണിക്കുന്നു.' (Ibid:46) ഇരുമ്പ് കമ്പികൾ കൊണ്ട് നെയ്ത ബാസ്ക്കറ്റ് കസേര എന്നതിനെ ചൂരക്കൊട്ടയുടെ മാതൃകയിൽ വൃത്താകൃതിയിൽ പണിത ഇരുമ്പുകസേര എന്നാക്കി മാറ്റിക്കൊണ്ടുള്ള ഭാഷാകേളിയാണിത്. വർത്തമാനത്തിൽനിന്ന് 9 വർഷം മുൻപുള്ള ഭൂതകാലത്തിലേക്കുള്ള വിമലയുടെ സഞ്ചാരമാണ് ഈ വസ്തുവിൽ തെളിയുന്നത്.

വിമലയെയും ബുദ്ദുവിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകം രണ്ടുപേരും അനുധ്യാനം ചെയ്യുന്ന കാത്തിരിപ്പാണെന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ വിമല ബുദ്ദുവിനെ ശ്രദ്ധിക്കാനുള്ള പ്രധാനകാരണം മേഫ്ലവർ എന്ന ബോട്ടാണ്. വിമലയ്ക്ക് മേഫ്ലവറിനെ മുൻപരിചയമുണ്ട്..

'കൂട്ടത്തിൽ നിന്നകന്നുകിടക്കുകയാണ് സുപരിചിതമായ മേഫ്ലവർ. മേഫ്ലവർ! എന്തുഭംഗിയുള്ള പേർ വർഷങ്ങളുടെ പരിക്കുകൾ മേഫ്ലവറിനുണ്ട്.' (Ibid:29)

ഈ മേഫ്ലവർ 9 വർഷങ്ങൾക്കു മുൻപുള്ള വിമലയുടെ പ്രണയനിമിഷങ്ങളുടെ സ്മാരകമാണെന്ന് വാദിക്കാവുന്ന സൂചനകൾ നോവലിലുണ്ട്. മേഫ്ലവറിന്റെ തോണിക്കാരനായ പ്രതാപ് നാലുവർഷം മുൻപ് മരിച്ചത് വിമലയറിഞ്ഞിട്ടില്ല. അതായത് നാലു വർഷങ്ങൾക്കു മുൻപാണ് വിമലയുടെ തോണിയാത്ര. കൂടാതെ വിമല കാണുന്ന സ്വപ്നത്തിൽ സുധീർമിശ്രയും വിമലയും കൂടി യാത്രചെയ്യുന്നത് മേഫ്ലവറിലാണ്. നോവലിൽ വിമലയുടെ നല്ല സ്മൃതികളെല്ലാം തന്നെ സുധീർമിശ്രയുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടുതന്നെ മേഫ്ലവറിനോട് തോന്നുന്ന 'സുപരിചിതത്വത്തെ'നോവലിന്റെ ആഖ്യാനത്തിലെ അന്തർമുഖത്വം കൂടി കണക്കിലെടുത്ത് കൊണ്ട് സുധീർമിശ്രയുമായി നടത്തിയ തോണിയാത്രയുടെ ഓർമ്മയായി കണക്കാക്കാം.

## വിമലയുടെ കാഴ്ചകൾ

നോവലിൽ രണ്ട് തവണയാണ് വിമലയെ കാണുന്നത്. അതിൽ ആദ്യത്തേത് വിമല സ്വയം കണ്ണാടിയിൽ നോക്കുന്നതും രണ്ടാമത്തേത് സുധീർകുമാർ മിശ്രയുടെ വിമലാവർണ്ണനയും ആണ്. 'കണ്ണാടിയുടെ മുമ്പിൽ നിന്നപ്പോൾ പതിവുപോലെ സ്വയം ആശ്വസിക്കാൻ ശ്രമിച്ചു. ക്ഷീണത്തിന് ഭേദമുണ്ട്. മുഖത്തെ വിളർച്ച കുറഞ്ഞിരിക്കുന്നു.'

(ibid: 24). എന്നാൽ വേണ്ടത്ര വെളിച്ചം വീഴാത്ത കോണിൽ കണ്ണാടി ഉറപ്പിച്ചതോടെ കാഴ്ചയുടെ തെളിച്ചം കുറയുന്നു/ക്കുന്നു. 'മുടിക്കെട്ടിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന നരച്ചഇഴകൾ അതിൽ തെളിഞ്ഞുകാണുന്നില്ല. പകൽവെളിച്ചം തെളിച്ചുവീഴുന്നിടത്ത് കണ്ണാടിയിൽ നോക്കുന്നത് നെഞ്ചിടിപ്പോടെയാണ്'. (ibid:24) തന്നിലേക്കുള്ള നോട്ടം ബോധപൂർവം അവ്യക്തമാക്കാൻ വിമല ശ്രമിക്കുന്നുണ്ട്. സ്വയം തോന്നുന്ന അരക്ഷിതാ വസ്ഥയുടെയും ഭാഗമാണിത്. എന്നാൽ ഈ അവ്യക്തമാക്കൽ ഭൗതികം മാത്രമല്ല, ചിലപ്പോൾ മാനസികം കൂടിയാണ്.

'താഴ്വരകൾ എങ്ങുനിന്നോ വരുന്ന സഞ്ചാരികൾക്ക് വേണ്ടി ഒരുങ്ങാൻ ആരംഭിക്കു മ്പോൾ അകത്ത് അടക്കി ഒളിപ്പിച്ച ഒരു കോണിൽ നിന്ന് മർമ്മരമുയരുന്നു. ഞാൻ ആരെയും കാത്തിരിക്കുന്നില്ല സ്വയം വിശ്വസിപ്പിക്കാൻ ശ്രമിച്ചു നോക്കി. ആർ ആരെയാണ് വഞ്ചിക്കുന്നത്.' (ibid:34)എന്ന മട്ടിലുള്ള ആത്മവഞ്ചനയ്ക്ക് കൂടി വിമല മുതിരുന്നുണ്ട്. കൃത്യമായ ആശയവിനിമയം നടത്താതെയും വികാരം പ്രകടിപ്പിക്കാതെയും നിശബ്ദത യിൽ ഒതുങ്ങുന്ന വിമല കൂടിയുണ്ട്.

'വേദന കൊണ്ട് പുളഞ്ഞപ്പോൾ ഉയരുകയും താഴുകയും ചെയ്യുന്ന കഴുത്തിൽ കൈകൾ ചുറ്റി ചുണ്ടുകൾ കടിച്ചമർത്തി കിടന്നു. കരയരുത് എന്റെ എല്ലാം നൽകുന്ന ഈ നിമിഷത്തിൽ കരഞ്ഞു പോകരുത്'.(ibid: 47)

സുധീർകുമാർ മിശ്ര തന്റെ പൂർവ്വ പ്രണയങ്ങളെകുറിച്ച് പറയുന്ന സന്ദർഭങ്ങളിൽ വിമല നിശബ്ദത പാലിക്കുന്നുണ്ട്. ഈ നിശബ്ദതയിൽ വിമലയ്ക്കുള്ള വികാരം- അത് സങ്കടമോ വിദ്വേഷമോ അസൂയയോ എന്തുമാകാം- ദമിതമാകുന്നു. 'ഷിക്കാരയിൽ വാൾനട്ട് രൂപങ്ങളിൽ വിൽക്കാൻ വന്ന പെൺകുട്ടിയുമായും അയൽപക്കത്തെ സുന്ദരിയുമായും തനിക്കുണ്ടായിരുന്ന ബന്ധത്തെപ്പറ്റി വിമലയോട് സുധീർമിശ്ര പറയുന്ന ഘട്ടങ്ങളിലും അവൾക്ക് അസൂയയോ വിദ്വേഷമോ ഉണ്ടോ എന്ന കാര്യം ദമിതമാണ്' (വി. സി. ശ്രീജൻ, 2020:46).

വിമലയിലെ പൊള്ളയായ വൈകാരികതയാണ് എഴുതുന്ന കത്തുകളിൽ തെളിയുന്നത്. 'വിശ്വാസ്യമായ ഒരു സുഹൃത്ത് ബന്ധവും അവൾ വികസിപ്പിക്കുന്നില്ല ഒക്കെ ഒരുതരം ഉപചാരത്തിൽ ഒതുങ്ങുന്നു. ഒറ്റ വീർപ്പിൽ വിമല മൂന്ന് കത്ത് എഴുതുന്നതായി ഇവിടെ ഒരു ഘടനയുണ്ട്. ആ ഉപചാരത്തിന്റെ നിസ്സംഗത നമ്മെ ഞെട്ടിക്കുന്നു' (കെ.പി.ശങ്കരന്റെ അവതാരിക). വിവാഹം ക്ഷണിച്ചുകൊണ്ട് സഹപ്രവർത്തക എഴുതിയ കത്തിനോടുള്ള വിമലയുടെ പ്രതികരണം ഇങ്ങനെയാണ്. 'തീയതി ഓർമ്മിക്കണം ഒരു കമ്പി അടിക്കാം കോഡ് നമ്പർ 8,14,17. അഭിനന്ദനങ്ങൾ ജീവനില്ലാത്ത വാചകങ്ങൾ തപാൽ വകുപ്പുകാർ പലപാകത്തിൽ ഒരുക്കി വച്ചിരിക്കുന്നു.' (എം.ടി, 2015:42)

'ആകപ്പാടെ നിയമം നിറവേറ്റലും നയവും അഭിനയവുമായി വേണം ജീവിതം എന്ന ചടങ്ങ് നീട്ടിക്കൊണ്ടുപോയിക്കോളാൻ എന്നല്ലേ മഞ്ഞിൽ നിന്ന് നിർധരിക്കാവുന്ന മനോഭാവം' എന്ന കെ.പി. ശങ്കരന്റെ അഭിപ്രായം വിമലയുടെ പാത്രചിത്രണവുമായി ചേർന്നു പോകുന്നതാണ്.

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഭൗതികമായും മാനസികമായും തന്നിലേക്കുള്ള നോട്ടത്തിന് വിമല തെളിമ കുറയ്ക്കുകയോ അതൊരു വ്യാജക്കാഴ്ചയാക്കി മാറ്റുകയോ ചെയ്യുന്നുണ്ട്. അതേസമയം മറ്റുള്ളവരിലേക്കുള്ള കാഴ്ച കൂടുതൽ സൂക്ഷ്മമാക്കുന്നു. ഈ നോട്ടത്തിന് പലപ്പോഴും വോയെറിസത്തിന്റെ സ്വഭാവമുണ്ട്. ബോർഡിങ്ഹൗസിന് എതിർവശത്തായുള്ള ഗോൾഡൻ നൂക്കിലെ കോട്ടേജുകളിൽ താമസിക്കാൻ എത്തുന്നവരുടെ സ്വകാര്യതയിലേക്ക് വർഷങ്ങളായി വിമല ഒളിഞ്ഞുനോക്കുന്നു. ഓരോ വർഷവും താമസക്കാരായി എത്തുന്നവരെ വിമല നിരീക്ഷിക്കുകയും കൃത്യമായി ഓർത്തുവയ്ക്കുകയും ചെയ്യുന്നുണ്ട്. ഗോൾഡൻ നൂക്കിൽ സീസണിൽ എത്തുന്ന സഞ്ചാരികൾ തന്റെ ജീവിതത്തെ ബാധിക്കുന്നുണ്ട് എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നുണ്ട്. 'ഗോൾഡൻ നൂക്കിൽ സീസണിൽ എത്തുന്ന സഞ്ചാരികൾ പലതരത്തിൽ ഈ മുറിയിലെ ജീവിതത്തെ ബാധിക്കാറുണ്ട്.' (ibid:52) എന്നാൽ ഇവരുമായുള്ള നേരിട്ടുള്ള ഇടപെടലിൽ വിമലയ്ക്ക് താല്പര്യമില്ല. അതുകൊണ്ടാണ് സർദാർജിയുമായി സംസാരിക്കുന്ന അമർ സിങ്ങിനെ വിമല രൂക്ഷമായി നോക്കുന്നത്. 'വിമല അമർ സിങ്ങിനെ അല്പം രൂക്ഷമായ ഒന്നു നോക്കി. ഇയാൾ രാവിലെ വരാന്തകൾ അടിച്ചുവാരുന്നതിനു പകരം എവിടെനിന്നോ വന്ന ഈ മനുഷ്യനോട് തന്നെപ്പറ്റി പ്രസംഗിച്ചു നിൽക്കുകയായിരുന്നോ' (ibid:55). എന്നാൽ വിമല ജനാലയിലൂടെ ഗോൾഡൻ നൂക്കിലേക്ക് നോക്കുന്നത് തുടരുകയും പാട്ടുകൾ ആസ്വദിക്കുകയും ചെയ്യുന്നുണ്ട്. സ്വയം കൊട്ടിയടയ്ക്കുകയും എന്നാൽ മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞുനോക്കാൻ കാംക്ഷിക്കുകയും ചെയ്യുന്ന വിമലയെയാണ് ഈ കാഴ്ചകളും നോട്ടങ്ങളും വെളിപ്പെടുത്തുന്നത്.

## നിറങ്ങളും ശരീരവും

'ഭാഷ നമുക്ക് സംസാരം സാധ്യമാക്കുന്നതുപോലെ നിറം നമുക്ക് വർണ്ണാഘാതം സാധ്യമാക്കുന്നു.' (കവിത ബാലകൃഷ്ണൻ 2022:39). ആവർത്തനം കൊണ്ടും നിറ സംവിധാനത്തിന്റെ രീതി കൊണ്ടും ആശയപരവും പ്രത്യാഘാതപരവും പാഠപരവുമായി ഒരേസമയം പ്രവർത്തിക്കുന്ന ഒരു മേഖലയെ സൃഷ്ടിക്കാം. നോവലിൽ പ്രധാനമായും ആവർത്തിച്ച് ഉപയോഗിക്കുന്നത് വെള്ള, പച്ച, നീല എന്നീ നിറങ്ങളാണ്. നോവലിന്റെ അന്തരീക്ഷത്തിലാകമാനം 'നോക്കെത്തുന്നേടം മുഴുവൻ കുഴമഞ്ഞു മൂടി കിടക്കുന്ന' വെൺമ അനുഭവപ്പെടാം. സൂര്യപ്രകാശത്തിന്റെ തെളിമയുള്ള ദിവസങ്ങളിൽ മഞ്ഞിന്റെ വെൺപാളിയിൽനിന്ന് പച്ച തെളിയുന്നു. 'ദിവസങ്ങൾ പച്ചയുടെയും വെളുപ്പിന്റെയും ലോകത്തിൽ നിത്യവും മാറ്റങ്ങൾ വരുത്തുന്നു. അവസാനം അങ്ങിങ്ങായി വെണ്മയുടെ വീണുകിടക്കുന്ന മേഘക്കീറുകൾ, ഉരുകിത്തീരാത്ത ശിശിരത്തിന്റെ ഓർമ്മക്കുറിപ്പുകൾ, ബാക്കിനിൽക്കുന്നു'(എം.ടി, 2015:22). മഞ്ഞിലെ വെളുപ്പുകൾ പലതരത്തിലുണ്ട്. ആകാശത്തിന്റെ നരച്ചു വിളറിയ വെളുപ്പ്, ഘനീഭവിച്ച മഞ്ഞിന്റെ വെളുപ്പ്, വെയിൽ തെളിയുമ്പോൾ കുന്നിൻ ചെരുവുകളിൽ മഞ്ഞുരുകിയ വെള്ളിയൊഴുക്കുകൾ, മഞ്ഞും മേഘവും കലർന്ന കൊടുമുടികളുടെ നരച്ച ശിരസ്സുകൾ, വിമലയുടെ മുടിക്കെട്ടിനിടയിലെ നരച്ചയിഴകൾ, വാർദ്ധക്യത്തിന്റെ വെള്ളിരേഖകൾ, തടാകതീരത്തെ വെൺമണൽ, കൊടുമുടികളുടെ വെള്ളി തലപ്പുകൾ, ചുഴലിക്കാറ്റിലെ വെള്ള തൂവാല ...... എന്നിങ്ങനെ.

ഭാരതത്തിന്റെ സാംസ്കാരികതയിൽ വെളുപ്പ് വിശുദ്ധിയെയും ദുഃഖാചരണത്തെയും കുറിക്കുന്നു. തടവുകാരെ ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന സൂചിതം കൂടിയാണ് വെളുത്തവസ്ത്രം. ഒരിക്കലും തിരിച്ചുവരാൻ സാധ്യതയില്ലാത്ത മരണസമാനനായ സുധീർമിശ്രയെ കാത്തിരിക്കുന്ന വിമലയ്ക്ക് വിധവയുടെ പരിവേഷമുണ്ട്. അതേസമയം 'മലകളുടെ കുഴിമാടത്തിലെ ഒരു തടവുകാരി'(ibid:72) കൂടിയാണ് വിമല. ഈ വിശേഷണം വിമല സ്വയംനൽകുന്നതാണ്. നൈനറ്റാളിലെ ജോലിയും ജീവിതവും വിമലയുടെ തെരഞ്ഞെടുപ്പാണ്. ഇവ സ്വേച്ഛാപരമെങ്കിൽ വിമല എങ്ങനെയാണ് തടവുകാരിയാകുന്നത്? ഈ സ്വേച്ഛാപരതയെ സുധീർമിശ്രയോടുള്ള പ്രണയം ഇല്ലാതാക്കുന്നു എന്നതാണ് ഇതിന്റെ ഉത്തരം. വിമലയുടെ ജീവിതം പൂർണ്ണമായും സ്വേച്ഛാപരമോ ആസ്വാദ്യകരമോ അല്ല. ഉപേക്ഷിച്ചു പോകണമെന്ന ആഗ്രഹവും വിമലയ്ക്കുണ്ട്. വിവാഹിതയാവാൻ വേണ്ടി ജോലി രാജിവയ്ക്കുന്ന സഹപ്രവർത്തകയെക്കുറിച്ച് വിമല ചിന്തിക്കുന്നത് ഇങ്ങനെയാണ്.

'ബോർഡിങ് ഹൗസിന്റെ മുകളിൽ നിന്ന് ഓരോരുത്തരായി രക്ഷപ്പെടുന്നു. കടന്നു പോകുന്നവരെ നിങ്ങൾക്ക് എന്റെ അഭിവാദ്യങ്ങൾ.' (ibid:42)

ഈ രക്ഷപ്പെടലിന്റെ സാധ്യത വിമലയ്ക്ക് പ്രാപ്യമല്ല. സുധീർമിശ്ര ഭൂതകാലത്ത് ഉണ്ടായിരുന്നതും ഏതെങ്കിലും കാലത്ത് തിരിച്ചുവരുമെന്ന് വിമല പ്രതീക്ഷിക്കുന്നതുമായ ഇടമാണിത്. ഇവിടം വിട്ടുപോവുക എന്നാൽ വിമലയെ സംബന്ധിച്ചിടത്തോളം തന്നെ സ്വയം നിർവചിക്കുന്ന പ്രണയം ഉപേക്ഷിച്ചു പോകലാണ്. 9 വർഷം മുന്നത്തെ ഭൂത കാലത്തിന്റെ തടവുകാരിയാണ് വിമല.

പച്ച സമൃദ്ധിയുടെയും നല്ലകാലത്തിന്റെയും പ്രതീകാത്മക വർണ്ണമാണ്. സീസണുകളിലാണ് നൈനിറ്റാളിലെ പ്രകൃതി ഹരിതാഭമാവുന്നത്. വിമലയുടെയും ബുദ്ദുവിന്റെയും പ്രതീക്ഷയുടെ ഹരിതകാലം കൂടിയാണിത്. അതുകൊണ്ട് കൂടിയാണ് സീസണിനെ വരവേൽക്കാൻ വിളക്കുകാലിൽ അണിയുന്ന ചായത്തിന് പച്ചനിറമാവുന്നത്.

അനന്തതയുമായി ബന്ധപ്പെട്ട അഥവാ കാഴ്ചയുടെ അതിർത്തിയോളം നിലനിൽക്കുന്നത് എന്ന അർത്ഥത്തിൽ മലയാളത്തിൽ നീല എന്ന നിറത്തെ അടയാളപ്പെടുത്താറുണ്ട്. നീലാകാശം, നീലക്കടൽ, നീലരാത്രി എന്നീ പ്രയോഗങ്ങളിൽ ഭൗതികവർണ്ണം നീലയാണ്. എന്നാൽ അതോടൊപ്പം 'അനന്തത' എന്ന ഇവയുടെ പൊതുസ്വഭാവം നീലയുടെ സാംസ്കാരികാർത്ഥം കൂടിയാവുന്നു. നോവലിലെ നീലസാന്നിധ്യങ്ങൾ രാത്രിയുമായി ബന്ധപ്പെട്ടാണ്. 'നീലപ്പൂക പോലെയുള്ള മരക്കൂട്ടങ്ങളും', 'ഇളനീല ചായ കലർന്ന മഞ്ഞും', 'നീലപ്പരപ്പിലെ നുരക്കട്ടകൾ പോലുള്ള താറാക്കൂട്ടങ്ങളും' രാത്രിയിലെ കാഴ്ചകളാണ്. അതേസമയം ആകാശം, ജലം എന്നീ ബിംബങ്ങളും ഇവയുടെ നിറത്തെ നിർണയിക്കുന്നുണ്ട്. അതേസമയം 'ഉത്സാഹവും ഉന്മേഷവും ഇല്ലാത്ത അവസ്ഥയെ നീലനിറം കൊണ്ടാണ് ഇംഗ്ലീഷിൽ സൂചിപ്പിക്കുന്നത് (ഡോ. ആർ. ബി. ശ്രീകല, 2022). ഡിപ്രഷനുമായി ബന്ധപ്പെട്ട് 'ബ്ലൂസ്' എന്ന പ്രയോഗം നിലവിലുണ്ട്. നീലയുടെ സാന്നിദ്ധ്യം സൗന്ദര്യാനുഭൂതിയായും കഥാപാത്രത്തിന്റെ മനോനിലയുടെ പ്രഖ്യാപനമായും പ്രവർത്തിക്കുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കഥാപാത്രത്തിന്റെ ശരീരസവിശേഷതകളെ നിറംകൊണ്ട് സൂചിപ്പിക്കുന്നതും വസ്ത്രങ്ങളുടെ നിറങ്ങൾ എടുത്തുപറയുന്നതും നോവലിൽ സാമാന്യമായി കാണുന്നതാണ്. രശ്മി വാജ്പേയുടെ വ്യക്തിത്വത്തിലെ പ്രസന്നതയും കൂസലില്ലായ്മയും അവരുടെ വസ്ത്രധാരണത്തിലും ശരീരഭാഷയിലുമുണ്ട്.

'രശ്മിയുടെ കടുംപച്ച നിറത്തിലുള്ള വൂളൻകോട്ട് തുറന്നിട്ടിരിക്കുന്നു. നെറ്റിയിൽ വലിയ കറുത്ത പൊട്ടും നുണക്കുഴികളുമുള്ള രശ്മി. കണ്ണുകൾ നൃത്തം വയ്ക്കുന്നുണ്ടായിരുന്നു. കൈപ്പത്തിയുടെ വലിപ്പമുള്ള പൂക്കൾ നിറഞ്ഞ കമ്മീസ് ആണ് ഇട്ടിരിക്കുന്നത്. പ്രായത്തേക്കാൾ കവിഞ്ഞ വളർച്ചയുണ്ട്. ആ ബോധത്തോടെയാവണം, മഞ്ഞുപെയ്യുമ്പോഴും അവൾ കോട്ടു തുറന്നിട്ടിരിക്കുന്നത്' (എം. ടി,2015:20).

രശ്മിയുമായുള്ള കണ്ടുമുട്ടലും അവളിലുള്ള പ്രസന്നതയും വിമലയെ പലതരത്തിൽ സ്വാധീനിക്കുന്നുണ്ട്. അവളുടെ സാരിയുടെ തെരഞ്ഞെടുപ്പ് രശ്മിയുമായുള്ള ഇടപെടലിന്റെ സ്വാധീനത്തിലാണ്. ഇളംമഞ്ഞയിൽ തിളങ്ങുന്ന ചുവന്നഇലകൾ വിതറിയ സാരിയാണ് തിരഞ്ഞെടുക്കുന്നതെങ്കിലും അതിന്റെ കസവിന്റെ നിറം മങ്ങിയിട്ടുണ്ട്. രശ്മിയുടെ കറുത്ത ഇമകളുടെ പിടച്ചിലിൽ നിന്ന് അവളുടെ കള്ളത്തെ തിരിച്ചറിയാൻ വിമലയ്ക്ക് സാധിക്കുന്നുണ്ട്. രശ്മി പറഞ്ഞത് കള്ളമാണെന്ന് വിമല ഉറപ്പിക്കുന്നത് ഇളം മഞ്ഞ നിറവും വെള്ളാരം കണ്ണുകളുമുള്ള തവിട്ടുബൂട്ടിട്ട ചെറുപ്പക്കാരനെ കണ്ടതുകൊണ്ടാണ്. ഇയാൾ രശ്മിയുടെ ബന്ധുവല്ലെന്നും കാമുകനാണെന്നും വിമല ഊഹിക്കുന്നത് ഇയാളുടെ ശരീരത്തെ മുനിർത്തിയാണ്. ശരീരഭാഷയിലൂടെ, നോട്ടത്തിലൂടെ ആളുകളെ കുറിച്ചുള്ള മുൻവിധികൾ രൂപീകരിക്കുന്നത് കൊണ്ടാണ് പുഷ്പാസർക്കാരിനെ കുറിച്ച് 'കവിളെല്ലുകൾ ഉന്തിനിൽക്കുന്ന ഈ ശോഷിച്ച ചെറുപ്പക്കാരിയെ പറ്റിയാണോ ഇവരീ പറഞ്ഞിരുന്നത്' എന്ന് വിമലയ്ക്ക് തോന്നുന്നത്. സുധീർകുമാർ മിശ്രയുടെ വിടുവായത്തവും പൊള്ളയായ വൈകാരികതയും വിമലയ്ക്ക് തിരിച്ചറിയാൻ സാധിക്കാത്തത് 'നെറ്റിയിലേക്ക് വീണു കിടക്കുന്ന മുടിയുള്ള, നീല കണ്ണുകളുള്ള, നീല ഞരമ്പുകൾ തുടിക്കുന്ന മുഖമുള്ള, കടും ചുവപ്പു നിറത്തിലുള്ള ഇറുകിയ സ്പോർട്ട് ഷർട്ടുകൾ ഉപയോഗിക്കുന്ന' രൂപത്തിലേക്ക് കാഴ്ച പതിഞ്ഞുപോകുന്നതുകൊണ്ടാണ്. സർദാർജിയുടെ രൂപം വിമലയിൽ ഉണ്ടാക്കുന്ന ഭാവം ഇതിനോട് ചേർത്തു വയ്ക്കാവുന്നതാണ്.

'ജാലകത്തിലൂടെ കണ്ടപ്പോൾ കരുതിയത്ര വൃദ്ധൻ അല്ല. പ്രായം 40 നും 60 നും ഇടയ്ക്ക് ഏതുമാവാം. പ്രസാദമില്ലാത്ത വരണ്ട മുഖത്ത് ചുളിവുകളും വരകളും വീണിട്ടുണ്ട്. കണ്ണുകളുടെ തടങ്ങളിൽ കറുത്ത രാത്രികൾ ഉറങ്ങിക്കിടക്കുന്നു. നെറ്റിയിൽ മുക്കാൽ ഭാഗവും കറുപ്പ് നിറം വ്യാപിച്ചു കിടക്കുന്ന ഒരു കല. വികൃതമായ ആ മുഖത്ത് നോക്കുമ്പോൾ പെട്ടെന്ന് വെറുപ്പാണ് തോന്നുക' (ibid:55)

വിമല എന്ന കഥാപാത്രം യഥാർത്ഥ സ്ത്രീ അല്ലെന്നും ആൺനിർമ്മിതമായ ആദർശ വനിതയുടെ പ്രരൂപമാണെന്നും വി.സി.ശ്രീജൻ നിരീക്ഷിക്കുന്നുണ്ട്. ഈ ആദർശവനിത വിക്ടോറിയൻ സദാചാര യുക്തികളാൽ നിർമ്മിതമായ സ്ത്രീരൂപത്തോടാണ് കൂടുതൽ അടുത്തുനിൽക്കുന്നത്. വിമല അച്ഛനെക്കുറിച്ച് ഓർക്കുന്നത് ഇങ്ങനെയാണ്.

'ക്രീം നിറത്തിലുള്ള സൂട്ടും തലയിൽ ഫെൽറ്റ ഹാറ്റുമായി ചൂരൽവടി വീശികൊണ്ട് നടന്നുവരുന്ന മെലിഞ്ഞുനീണ്ട അച്ഛൻ'. ഇയാൾ വിക്ടോറിയൻ ജീവിതരീതിയുടെയും സദാചാരയുക്തികളുടെയും നിയമങ്ങൾ ഉൾക്കൊണ്ട കാർക്കശ്യക്കാരനാണ്. വ്യാകരണ പ്പിശകില്ലാതെ ഇംഗ്ലീഷ് സംസാരിക്കാനും കൃത്യനിഷ്ഠയോടെ സമയത്ത് ഭക്ഷണം വിളമ്പാനും തീൻമേശാമര്യാദകൾ പാലിക്കാനും സ്ത്രീകൾ അച്ചടക്കം പാലിക്കാനും നിഷ്കർഷിക്കുന്ന കൊളോണിയൽ പുരുഷബിംബമാണ് വിമലയുടെ അച്ഛൻ. ഈ ബിംബത്തെ വിമല ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്നുണ്ട്. ധാരാളം കൊളോണിയൽ വംശചിഹ്നങ്ങൾ ബാക്കിയായ ഇടമാണ് നൈനിറ്റാൾ. അക്ഷരാർത്ഥ ത്തിൽ നൈനിറ്റാളിലെ ബോർഡിങ് സ്കൂളുകളിൽ പലതും ഉന്നതവിദ്യാഭ്യാസത്തിനും 'ഉന്നത'സംസ്കാരാഭ്യാസത്തിനും വേണ്ടി ബ്രിട്ടീഷുകാർ പണിതതാണ്. വിമലയുടെ ശക്തമായ വിക്ടോറിയൻബോധത്തിനു കടകവിരുദ്ധമാണ് സുധീർമിശ്രയുടെ കടന്നുവരവ്. രതിയുടെ ക്ഷണം സ്വീകരിച്ചുകൊണ്ടുള്ള വിമലയുടെ മുറിയിലേക്കുള്ള വരവ് സുധീർ മിശ്രയെ ഞെട്ടിക്കുന്നു. സുധീർമിശ്രയുടെ സാന്നിധ്യത്തിൽ എന്റെ ആദർശസ്വഭാവത്തെ നിരാകരിക്കാനുള്ള വിമലയുടെ ധൈര്യം, അയാളുടെ അസാന്നിധ്യത്തിൽ കൂമ്പി പ്പോകുന്നു. അയാളെ തിരഞ്ഞ് പോവാൻ വിമലയ്ക്ക് സാധിക്കാത്തതും ആദർശത്തിന്റെ ഭാരവും പീഡയും പേറുന്നതു കൊണ്ടാണ്.

## ഉപസംഹാരം

1. *നൈനിറ്റാൾ എന്ന യഥാർത്ഥ ഭൂപ്രദേശത്തെ ആഖ്യാനം ചെയ്യുകയാണ് നോവൽ. പ്രദേശത്തെ നേരിട്ട് കണ്ട എഴുത്താളായതിനാൽ, യഥാർത്ഥ ഭൂപ്രദേശത്തിന്റെ ദൃശ്യത നോവലിന്റെ ആഖ്യാനത്തിലുമുണ്ട്. കോളനീകരണത്തിന്റെ ചിഹ്നങ്ങൾ ബാക്കിവെച്ച ഇടം എന്ന സാംസ്കാരികനിലയെയും, മഞ്ഞും ഹരിതാഭയും മാറിവരുന്ന പ്രത്യേക കാലാവസ്ഥയുള്ള ഭൗതികനിലയെയും നോവൽ പ്രതിഫലിപ്പിക്കുന്നു.*
2. *നോവലിലെ കേന്ദ്രകഥാപാത്രമായ വിമലയുടെ കാഴ്ചകളും നോട്ടങ്ങളും ദൃശ്യാ ദൃശ്യങ്ങളും പാത്രചിത്രീകരണത്തിന്റെ ഉള്ളടരുകൾ വെളിപ്പെടുത്തുന്നുണ്ട്. വിരക്തിയും വിഷാദവും നിറഞ്ഞ സ്വേച്ഛാപരമല്ലാത്ത ജീവിതമാണ് വിമലയുടെതെന്ന് സൂചിപ്പിക്കാൻ കാഴ്ചയെയും കാഴ്ച്ചാനുബന്ധങ്ങളെയും ഉപയോഗപ്പെടുത്തുന്നു.*
3. *ആഖ്യാനത്തിൽ നിറങ്ങളുടെ ആവർത്തനം കൊണ്ടും സംവിധാനംകൊണ്ടും ആശയപരവും പാഠപരവും പ്രത്യാഘാതപരവുമായ മേഖലകൾ സൃഷ്ടിക്കുന്നു.*

**ആധാരസൂചി**

## പുസ്തകങ്ങൾ


1. *എം.ടി.വാസുദേവൻ നായർ, മഞ്ഞ്, കറന്റ് ബുക്സ്, തൃശൂർ, 2015.*
2. *വി.സി. ശ്രീജൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി,തൃശൂർ, 2020.*

## ജേണലിലെ ലേഖനങ്ങൾ

1. *ഡോ.കവിത ബാലകൃഷ്ണൻ, കലയിൽ നിറത്തിന്റെ വ്യാകരണം പ്രവർത്തിക്കുന്നതെങ്ങനെ?, നിറം, ഡോ.കെ.എം.ഭരതൻ(എഡി), പൈതൃകവിമർശം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, 2022.*
2. *ഡോ. ആർ, ബി. ശ്രീകല, നിറങ്ങളുടെ മന:ശാസ്ത്രവും സാംസ്കാരികാർത്ഥ നിർമ്മിതിയും, നിറം, ഡോ.കെ.എം.ഭരതൻ(എഡി), പൈതൃകവിമർശം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, 2022.*